Dhurmsala Sanskrit College

മാക്സിംഗോർക്കി

സർവ്വകലാശാലകൾ



പ്രസാധകർ:

പ്രഭാതം പ്രിൻറിങ്ങ് & പബ്ലിഷിംഗ് കമ്പനി
(പ്രൈവറ്റ്) ലിമിറ്റഡ്

Translated from English

by K. K. Nair M. A., M. Litt., B. T., B. L.

മാക്സിംഗോർക്കി

സർവ്വകലാശാലകൾ

(ആത്മകഥ)

LS
Gb8



പ്രഭാത് ബുക്ക് ഹൗസ്, എറണാകുളം

1957

ഒന്നാം പതിപ്പു് .... ഏപ്രിൽ 1957

വില 3 ക.

അച്ചടി: പരിഷന്മുദ്രണാലയം, എറണാകുളം കോപ്പി 1500

അങ്ങിനെ ഞാൻ കാസാനിലേക്കു പുറപ്പെട്ടു, സർവ്വകലാശാലയിൽ ചേർന്നു പഠിക്കാൻ—ഒട്ടും താഴെയല്ല.

സർവ്വകലാശാലയിൽ ചേർന്നു പഠിക്കാനുള്ള ചിന്ത എന്റെ തലയിൽ കയറിയതു് എൻ. യവ്റീനോവ് എന്നുപേരായ, കായികാഭ്യാസങ്ങളും പഠിക്കുന്ന ഒരു വിദ്യാർത്ഥിയായിരുന്നു. അയാൾ സ്നേഹിക്കാൻ കൊള്ളാവുന്ന, സുന്ദരനായ, ഒരു സ്ത്രീയുടേതുപോലെ ശാന്തത സ്ഫുരിക്കുന്ന കണ്ണുകളുള്ള, ഒരു ചെറുപ്പക്കാരനായിരുന്നു. അയാൾ എന്നോടൊപ്പം ഒരേ കെട്ടിടത്തിൽ തൊട്ടുമുറിയിൽ താമസിക്കുകയായിരുന്നു. ഞാൻ എപ്പോഴും കൈയിൽ പുസ്തകവുമായി നടക്കുന്നതുകണ്ടപ്പോൾ, അയാൾക്കു ഞാനുമായി പരിചയിക്കുവാൻ തോന്നി. വളരെക്കഴിയാതെ അയാൾ എന്നെ ബോദ്ധ്യപ്പെട്ടുത്താൻ ശ്രമിച്ചു, എനിക്കു "ജ്ഞാനസമ്പാദനത്തിൽ, അസാധാരണമായ കഴിവുണ്ടെന്നു."

"നിങ്ങളെ സൃഷ്ടിച്ചതുതന്നെ, ശാസ്ത്രത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടിയാണു്." നീളമുള്ള തന്റെ തലമുടി ഭംഗിയിൽ പിറകോട്ടു തള്ളിനീക്കിയും കൊണ്ടു് അയാൾ ഉറക്കെപ്പറഞ്ഞു.

ഒരു പന്നിക്കുപോലും ശാസ്ത്രപുരോഗതിയെ തടയുവാൻ കഴിയുമെന്നു എനിക്കപ്പോഴും അറിയുമായിരുന്നില്ല. സ്കൂകലാശാലകളിൽ എന്നെപ്പോലുള്ള കുട്ടികളെ ലഭിക്കാതെ വിഷമിക്കുകയാണെന്നു, യവ്റീനോവ് എങ്ങിനെയോ എന്നെ വിശ്വസിപ്പിച്ചു. ലൊമൊനോസോവിന്റെ സ്മരണ ഒരുത്തമമാതൃകയായി എനിക്കു തോന്നുകയും ചെയ്തു. കാസാനിൽ, എനിക്കു, അയാളുടെക്കൂടെ താമസിക്കാമെന്നു, യവ്റീനോവ് വാഗ്ദത്തംചെയ്തു. ഹേമന്തകാലത്തും ശിശിരകാലത്തും എനിക്കു കായികാഭ്യാസങ്ങൾ പരിശീലിക്കാമെന്നും അയാൾ ഉറപ്പുപറഞ്ഞു. എനിക്കു "ചില പരീക്ഷകളെല്ലാം" പാസ്സാകാം. അങ്ങിനെയാണയാൾ പറഞ്ഞതു്. "ചില പരീക്ഷകൾ"—സ്കൂകലാശാലയിൽ എനിക്കു, ഒരു വിദ്യാർത്ഥിവേതനം ലഭിക്കും; ഒരഞ്ചുകൊല്ലംകൊണ്ടു ഞാൻ ഒരു വലിയ പണ്ഡിതനായിത്തീരും; എല്ലാം വളരെ എളുപ്പമായിതോന്നി. യവ്റീനോവിനു പത്തൊമ്പതു വയസ്സായിട്ടുണ്ടു്. വളരെ ദയാലുവാണു്.

അയാൾ തന്റെ പരീക്ഷ കഴിഞ്ഞു സ്ഥലം വിട്ടു. ഏകദേശം രണ്ടാഴ്ച കഴിഞ്ഞപ്പോൾ ഞാനും അയാളെ പിന്തുടർന്നു. വിട്ടുപിരിയുമ്പോൾ അമ്മമ്മ എന്നോടു പറഞ്ഞു.

"ആളുകളോടു തക്കത്തിനു പുറപ്പെടരുതു്. നീ എപ്പോഴും ലഹളക്കു പുറപ്പെട്ടും. നീ വളരെ ശാഠ്യക്കാരനായിത്തീരുകയാണു്—നിന്റെ അഭിപ്രായങ്ങൾ വിലപ്പോകണമെന്ന വാശി. അതു നിന്റെ അച്ഛാച്ചനിൽനിന്നും കിട്ടിയ സ്വഭാവമാണു്. ഉവ്വു ശരി. നിന്റെ അച്ഛാച്ചൻ ആരായിരുന്നു?— വളരെക്കൊല്ലം പാടുപെട്ടയൻവന്നു, ഒടു

ക്കം നശിച്ച ദീപാളിയായി. പാവം മനുഷ്യൻ! ഇതുമറ ക്കരുതു്. ദൈവമല്ല മനുഷ്യന്റെ പ്രവൃത്തികളെക്കുറിച്ചു വിധിക്കല്പിക്കുന്നതു്. ചെകുത്താനൊരു തമാശയാണിതു്. ശരി, നിനക്കു നന്മവരട്ടെ....."

കവിപ്പുറഞ്ഞു, ചുളിവീണ തന്റെ കവിളുകളിൽ ഉതിർന്നവീണ കണ്ണുനീർ തുടച്ചുംകൊണ്ടവർ തുടർന്നു.

"നമ്മൾ ഇനി കാണുമെന്നു തോന്നുന്നില്ല. നീ എന്നിൽനിന്നും അകന്നകന്നുപോകും. അടങ്ങി നില്ക്കാൻ വയ്യാത്തകുട്ടി! ഞാൻ ഇനി വളരെയൊന്നും ജീവിച്ചിരിക്കുകയില്ല..." ഞാൻ എന്റെ പ്രിയപ്പെട്ട അമ്മമ്മയിൽ നിന്നും അയിടെയായി വളരെ അകന്നുപോയി. അവരെ ഇടക്കുമാത്രമെ ഒന്നു കാണാറുള്ളൂ. എന്റെ ഏറ്റവും പ്രിയപ്പെട്ട ആ ചങ്ങാതിയെ ഇനി ഒരിക്കലും കാണുകയില്ലെന്നോത്തപ്പോൾ, എനിക്കെന്തെന്നില്ലാത്ത മനഃക്ലേശം തോന്നി.

ബോട്ടിന്റെ അമരത്തുനിന്നു ഞാൻ ജട്ടിയിൽ നില്ക്കുന്ന അമ്മമ്മയെ നോക്കി. അവർ കുരിശുവരച്ചു. തന്റെ പഴകിക്കീറിയ വേഷ്ടിയുടെ ഒരറ്റംകൊണ്ടു കണ്ണുനീർ തുടയ്ക്കുന്നതു ഞാൻ കണ്ടു. സ്നേഹം നിറഞ്ഞ ആ കണ്ണുകൾ അപ്പോഴും തിളങ്ങുകയായിരുന്നു.

അങ്ങിനെ ഞാൻ ഏതാണ്ടു താത്തരി സമ്പ്രദായത്തിലുള്ള ആ നഗരത്തിൽ എത്തി. ഉയരം കുറഞ്ഞ ഒരു കുന്നിൻ ചെരുവിൽ, ഇടുങ്ങിയ, ദരിദ്രർ തിങ്ങിത്താമസിക്കുന്ന, ഒരു തെരുവിന്റെ അറ്റത്തു മാറിനില്ക്കുന്ന ഒരു ഒറ്റ നിലക്കെട്ടിടത്തിൽ, ഞാൻ താമസമാക്കി. ആ വീടിന്റെ ഒരുഭാഗത്തു കുറച്ചൊഴിഞ്ഞ സ്ഥലമാണു്—കളകളും ചെടി

കളും നിറഞ്ഞ സ്ഥലം. ആ ചെടികളുടേയും വള്ളികളുടേയും ഇടയിൽ പൊളിഞ്ഞുവീണ ഒരു കെട്ടിടത്തിന്റെ അവശിഷ്ടങ്ങളും ഉണ്ട്. വീഴാതെ നില്ക്കുന്ന ഒരു ചെറിയ അറയുള്ളതിൽ, അലഞ്ഞുനടക്കുന്ന നായ്ക്കൾ അധിവസിക്കുകയാണ്. ആ ഇടുങ്ങിയ അറയെക്കുറിച്ചു എനിക്കു പല സ്മരണകളും ഉണ്ട് — എന്റെ സവ്വകലാശാലകളിൽ ഒന്ന്.

യവ്റീനോവ് കുടുംബക്കാർ — അമ്മയും രണ്ടാൺമക്കളും — ഒരു ചെറിയ പെൻഷൻ സംഖ്യയെ ആശ്രയിച്ചു കഴിയുകയായിരുന്നു. ഞാൻ ആ വീട്ടിൽ താമസമാക്കിയ ഉടനെ തന്നെ, എനിക്കവരുടെ വിഷമനില മനസ്സിലായി. ആ വൃത്തികെട്ട വിധവ അങ്ങാടിയിൽനിന്നും ദുഃഖഭാവത്തിൽ തിരിച്ചുവരും. വാങ്ങിയ സാധനങ്ങളെല്ലാം അടുക്കളയിലെ മേശമേൽ നിരത്തിവെക്കും. പിന്നെ തന്റെ വിഷമങ്ങൾക്കു പരിഹാരം കാണുന്നതെങ്ങിനെയെന്നു ചിന്തിക്കും. മൂന്നു ക്രൂരന്മാരായ മക്കൾക്കു, അത്രകുറച്ചു മാംസം കൊണ്ടു പൂർണ്ണമായ ആഹാരം ഉണ്ടാക്കുന്നതെങ്ങിനെയാണ്? അവക്കും വല്ലതും തിന്നണ്ടെ?

ആ സ്ത്രീവളരെ അപൂവ്വമായേ വല്ലതും പറയുകയുള്ളൂ. ജോലിചെയ്തു വാർദ്ധക്യം പ്രാപിച്ചു ക്ഷീണിച്ച ഒരു കുതിരയുടെ കണ്ണുകളാണവക്ക്. കുന്നിറുകളിലേക്കു വണ്ടി വലിച്ചു കയറുന്ന ആ കുതിരക്കറിയാം, തീർച്ചയായും മുകളിലെത്താൻ കഴിയുകയില്ല എന്ന്. എന്നാലും കുതിര ഭാരവും വലിച്ചു കയറും.

അവിടെച്ചെന്ന മൂന്നു നാലു ദിവസം കഴിഞ്ഞപ്പോൾ, ഒരു പ്രഭാതത്തിൽ ഞാൻ അടുക്കളയിൽ ഇരുന്നു പച്ചക്ക

റിന്നുക്കുകയായിരുന്നു. മക്കൾ രണ്ടുപേരും ഉണ്ണുകഴിഞ്ഞിട്ടില്ല. ശാന്തമായി ശങ്കിച്ചു ശങ്കിച്ചു ആ സ്ത്രീ എന്നോടു ചോദിച്ചു.

"നീ ഈ നഗരത്തിലേക്കു വന്നതെന്തിനാണു്?"

"പഠിക്കാൻ—സംസ്കൃതകലാശാലയിൽ."

അവരുടെ പുരികങ്ങൾ സാവധാനം ഉയർന്നു. വിളർത്ത നെറ്റിയിൽ ചുളിവുകൾ തെളിഞ്ഞു. കയ്യിൽനിന്നും കത്തി നിലത്തുവീണു. വിരൽ അല്പം മുറിയുകയും ചെയ്തു. മുറിവിൽ നിന്നും രക്തം ഈമ്പിയുംകൊണ്ടു, ആ സ്ത്രീ ഒരു കസാലയിൽ പോയിരുന്നു. പെട്ടെന്നവർ, ചാടിയെഴുന്നേറ്റു ശാപവാക്കുകൾ പറഞ്ഞു.

"ഹാ—ചെകുത്താൻ!"

അവർ ഉറുമാൽ എടുത്തു വിരലുകൾ കെട്ടിയശേഷം എന്നോടു പറഞ്ഞു.

"നിനക്കു ഉരുളക്കിഴങ്ങു തോൽകളയാൻ വെടിപ്പായറിയാം."

ഞാൻ വളരെ വെടിപ്പായിത്തന്നെയാണാ ജോലിചെയ്തതു്. അവരോടു ഞാൻ ബോട്ടിൽ ജോലിചെയ്തിരുന്നതിനെപ്പറ്റിപ്പറഞ്ഞു. അവർ ചോദിച്ചു:

"സംസ്കൃതകലാശാലയിൽ പ്രവേശനം ലഭിക്കാൻ മാത്രമുള്ള പരിശീലനമാണതെന്നു നീ വിചാരിക്കുന്നുണ്ടോ?"

അക്കാലത്തു എനിക്കു ഫലിതമെന്താണെന്നറിയുകയില്ല. വൃദ്ധയുടെ ചോദ്യം ഞാൻ കാര്യമായെടുത്തു. സരസ്വതീക്ഷേത്രത്തിന്റെ കവാടം തുറന്നു കിട്ടാനുള്ള വഴികളെക്കുറിച്ചു ഞാൻ അവൾക്കു വിസ്തരിച്ചുകൊടുത്തു.

അവർ ഒരു ദീർഘശ്വാസംവിട്ടു.

"അയ്യോ, നിക്കോലായി! നിക്കോലായി!"

അപ്പോൾ, നിക്കോലായി അടുക്കളയിൽ കടന്നുവന്നു, മുഖം കഴുകാൻ. ഉറക്കം തൂങ്ങിയും കൊണ്ടാണെങ്കിലും നല്ല ഉത്സാഹത്തോടെ അയാൾ പറഞ്ഞു.

"അമ്മേ മാംസംകൊണ്ടു അടയുണ്ടാക്കണം."

"ശരി, ഉണ്ടാക്കാം." അമ്മ സമ്മതിച്ചു.

പാചകശാലയിൽ എനിക്കുള്ള ചാതുര്യം പ്രകടമാക്കാനുള്ള വെമ്പലോടെ, ആ മാംസം അടയുണ്ടാക്കാൻ പറ്റുകയില്ലെന്നു ഞാൻ അഭിപ്രായപ്പെട്ടു. മാംസം അതുയെന്നും പോരെന്നും ഞാൻ പറഞ്ഞു.

ഇതു കേട്ടപ്പോൾ, വാർവാരാ യവ്റീനോവ്നയ്ക്ക് കോപം വന്നു. അവർ കാലുഷ്യം നിറഞ്ഞ വാക്കുകൾ എന്റെ നേരെ ചൊരിഞ്ഞു. എന്റെ ചെവികൾക്കു നീളം കൂടിയപോലെ തോന്നി. അവർ കാരറ്റു കിഴങ്ങു വലിച്ചെറിഞ്ഞു, അടുക്കളയിൽ നിന്നും ഇറങ്ങിപ്പോയി. നിക്കോലായി എന്റെ നേരെ നോക്കി, കണ്ണു ചിമ്മി സംഗതികൾ വ്യക്തമാക്കി.

"അവൾക്കു അല്പം ക്രോധം വന്ന സമയമാണു്" ഒരു ചെഞ്ചിമ്മൽ സാവകാശം ഇരുന്നുംകൊണ്ടയാൾ പറഞ്ഞു. "സ്ത്രീകൾ, പൊതുവിൽ പുരുഷന്മാരേക്കാൾ തുണ്ടിപിടിക്കുന്ന കൂട്ടത്തിലാണു്. സ്ത്രീകളുടെ മനഃശാസ്ത്രം അതാണെന്നാണു് — എന്റെ ഓമ്മ ശരിയാണെങ്കിൽ — സ്വിറ്റ്സർലാന്റ് കാരനായ ഒരു ശാസ്ത്രജ്ഞന്റെ കണ്ടുപിടി

ത്തം. ഈ വിഷയത്തെക്കുറിച്ചു ഇംഗ്ലീഷുകാരനായ ജോൺസ്റ്റവേർട്ട് മില്ലിനും ചിലതു പറയാനുണ്ട്."

എന്നെ പഠിപ്പിക്കുന്നതിൽ നിക്കോലായി വളരെ ഈറനംകൊണ്ടു. ഓരോ വിഷയത്തിലും വല്ലതും എന്റെ തലയിൽ അടിച്ചു കയറ്റുവാൻ അയാൾ തക്കം പാത്തിരിക്കും. ഞാൻ അയാളുടെ വാക്കുകൾ ആത്മാർത്ഥതയോടെ ശ്രദ്ധിക്കും. അയാൾ പല പണ്ഡിതന്മാരുടേയും പേരുകൾ പറയും. അയാൾക്കു എന്നെ ഒരു വലിയ ആളാക്കാൻ, ആത്മാർത്ഥമായ ആഗ്രഹമുണ്ടായിരുന്നു. വലിയ ആത്മവിശ്വാസത്തോടെ അയാൾ തന്റെ ആഗ്രഹം ഉന്നിപ്പറയുകയും ചെയ്യും. ഒരു വിഷമമേ ഉണ്ടായിരുന്നുള്ളൂ. അയാൾക്കു വേണ്ടത്ര സമയമില്ല. എന്നെ എല്ലാവിഷയങ്ങളും പഠിപ്പിക്കുവാനുള്ള സാഹചര്യങ്ങളും വിരളമാണ്. താൻപ്രമാണിത്തത്തിൽ ഒളിഞ്ഞു നിന്നതുകൊണ്ടും, യുവത്വത്തിന്റെ വിവേകശൂന്യമായ സമ്പ്രദായങ്ങൾ അംഗീകരിച്ചതുകൊണ്ടും അയാൾ അമ്മയുടെ വൈഷമ്യങ്ങൾ മനസ്സിലാക്കിയില്ല. അയാളുടെ അനുജന്റെ നിലയും ഇതു തന്നെയാണ്. അധികമായി സംസാരിക്കാത്ത ആ വിദ്യാർത്ഥിയും അലസനാണ്. എനിക്കാണെങ്കിൽ അടുക്കളയിലെ ധനശാസ്ത്രവും രസതന്ത്രവും വ്യുൽപത്തിയായിരുന്നു. ആ സ്ത്രീ പെടുന്ന പാടുകൾ എനിക്കു വേഗം മനസ്സിലായി. അവർ തന്റെ മക്കളെ തീറ്റാനും ഒരു തരത്തിലും ആകർഷകമല്ലാത്ത സ്വഭാവങ്ങളോടുകൂടിയ ഒരപരിചിതനെ പൊറുപ്പിക്കാനും പാടുപെടുകയായിരുന്നു. അവിടെ നിന്നും ഭക്ഷിച്ച ഓരോതുണ്ടും അപ്പവും എന്റെ മനസ്സാക്ഷിയെ വേദനിപ്പിച്ചു. ഞാൻ ഒരു ജോലിയന്വേഷിക്കാൻ തുടങ്ങി.

ഞാൻ നന്നേ രാവിലെ വീടുവിട്ടിറങ്ങും. ഉച്ചഭക്ഷണത്തിന്റെ സമയം കഴിഞ്ഞാൽ മാത്രമെ വീട്ടിൽ തിരിച്ചു വരികയുള്ളൂ. കാലാവസ്ഥ മോശമാണെങ്കിൽ, ഞാൻ, ആ പൊളിഞ്ഞ കെട്ടിടത്തിന്റെ അറയിൽ അധികസമയം കഴിച്ചുകൂട്ടും. അവിടെ നായയും പൂച്ചയും ചത്തുകിടക്കുന്നതിന്നടുത്തിരുന്നു, കോരിച്ചൊരിയുന്ന മഴയുടെ ഇരമ്പം ശ്രദ്ധിച്ചുകൊണ്ടിരിക്കെ, എനിക്കു ബോദ്ധ്യമായി, സർവ്വകലാശാലയെക്കുറിച്ചുള്ള എന്റെ പ്രതീക്ഷകൾ കേവലം മിഥ്യയാണെന്ന്, കഴിയുന്ന വേഗം പേഴ്സ്യയിലേക്കോ മറേറാ ഓടിപ്പോകുന്നതായിരിക്കും ബുദ്ധിപൂർവ്വകമെന്ന്. പണ്ഡിതനായ നരച്ച താടിയുള്ള ഒരു മഹാനായി, പല നേട്ടങ്ങളും അർജ്ജിക്കുവാനിടയുള്ള ഒരു ശാസ്ത്രകാരനായി, സ്വയം സങ്കല്പിച്ചു, പ്രതീക്ഷകൾ നിറഞ്ഞ കുറേ നാളുകൾ തള്ളിവിട്ട ശേഷം ക്രമേണ എനിക്കു യാഥാർത്ഥ്യം അറിയാൻ കഴിഞ്ഞു.

അസാധാരണമായ സാഹസകൃത്യങ്ങളെക്കുറിച്ചും, അത്ഭുതകരങ്ങളായ പ്രവർത്തനങ്ങളേക്കുറിച്ചും ഞാൻ ആകാശക്കോട്ടകൾ കെട്ടാറുണ്ട്. വളരെ ദുഃഖവും വിഷമവും തോന്നുന്ന അവസരങ്ങളിൽ, ഈ ശീലം എനിക്കു വളരെ ആശ്വാസപ്രദമായിതോന്നും. വിഷമം നിറഞ്ഞ അവസരങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കെ, ഞാൻ കൂടുതൽ കൂടുതൽ പകൽ സ്വപ്നം കാണുന്നതിൽ വ്യാപൃതനായി. ഞാൻ മറേറാരുടെ സംഗായത്തെ ആശ്രയിക്കുവാൻ ഒരുങ്ങിയില്ല; ഭാഗ്യത്തേയും യോഗത്തേയും കണക്കിലെടുത്തില്ല. എന്നാൽ ക്രമേണ കീഴടങ്ങാൻ കൂട്ടാക്കാത്ത ഒരു ഇച്ഛാശക്തി എന്നിൽ വളർന്നു. ജീവിതം വിഷമകരമായിത്തീരുന്നതിന്നനുസരിച്ചു, എനിക്കു കൂടുതൽ ശക്തിതോന്നി. ഞാൻ കൂടുതൽ

വിവേകം ആർജ്ജിച്ചു. പരിതസ്ഥിതികളോട് ചെയ്യുന്ന സമരങ്ങളാണ് മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്നതെന്നു ഞാൻ വളരെ പെട്ടെന്നു മുതൽക്കെ മനസ്സിലാക്കി.

പട്ടിണിയിൽനിന്നും രക്ഷനേടാൻ ഞാൻ വോൾഗയുടെ കരയിൽ ബോട്ടുജട്ടികളിൽ ജോലിചെയ്യും. അങ്ങിനെ പതിനെഞ്ചും ഇരുപതും കൊപെക്ക് സമ്പാദിക്കുന്നതു വിഷമമല്ല. ജട്ടികളിൽ തെണ്ടികളുടേയും കള്ളന്മാരുടേയും ഇടയിൽ പെട്ടുമ്പോൾ എനിക്കു തോന്നും, ഞാൻ കത്തിയെരിയുന്ന കൽക്കരിക്കിടയിൽ തിരുകിക്കയറ്റപ്പെട്ട ഒരു ഇരുമ്പുഉണ്ടാണെന്നു. ഓരോ ദിവസവും ഞാൻ പല അനുഭവങ്ങളും ആശയങ്ങളും ഉൾക്കൊണ്ടു. ചുറ്റിലുമെങ്ങുന്ന ഒരു ലോകം—ഇവിടെ ആളുകളുടെ വികാരങ്ങൾ തികച്ചും പരുക്കനാണു. അവരുടെ അത്യാർത്തിയാകട്ടെ, നഗ്നവും പ്രത്യക്ഷവും ആണ്. ആളുകൾക്കു ജീവിതത്തോടു തോന്നിയ വെറുപ്പും, ഭൂമിയിലുള്ള സകലതിനോടും അവർ പ്രദർശിപ്പിച്ച നിന്ദാഗർഭമായ എതിർപ്പും അവരെക്കുറിച്ചു അവർ പ്രകടിപ്പിച്ച അശ്രദ്ധയും എന്നെ ഇരുത്തിച്ചിന്തിപ്പിച്ചു. എനിക്കുണ്ടായ അനുഭവങ്ങൾ എന്നെ അവരിലേക്കാകർഷിച്ചു; അവരുടെ ലോകത്തിലേക്കു ഇറങ്ങിച്ചെല്ലാൻ എന്നെ പ്രേരിപ്പിച്ചു. ബ്രറ്റ്ഹാർട്ടെയുടെ കഥകളും, ഞാൻ വായിച്ചിരുന്ന താണതരം നോവലുകളും, ലോകത്തെക്കുറിച്ചു എനിക്കു തോന്നിയ മതിപ്പു വർദ്ധിപ്പിച്ചു.

കട്ടനടക്കുന്ന ഒരു വിദ്യാർത്ഥി—ബാഷ്കിൻ—പലപ്രാവശ്യമായി മർദ്ദനമേറ്റു ക്ഷയം പിടിച്ചിരുന്ന ഒരു മനുഷ്യൻ—എന്നെ ഇങ്ങിനെ ഗുണദോഷിച്ചു.

"നിനക്കെന്താണിത്രനാണം — പൂളിക്കളിക്കുന്ന ഒരു പെൺകുട്ടിയെപ്പോലെ. നിന്റെ സൽപ്പേരു പോയ്പോകുന്നതുകൊണ്ടാണോ? ഒരു പെൺകുട്ടിക്കു അവളുടെ സൽപേരാണു് ഏറ്റവും വലിയ സമ്പത്തു. നിനക്കോ, സൽപേർ വെറും ഒരു ഭാരംമാത്രമാണു്. എന്നാൽ കാളക്കു വെറും വൈക്കോൽതിന്നു വയർ നിറക്കാൻമാത്രം കഴിയും."

ബാഷ്ഫിൻ പുകയുന്ന തലയോടു ക്രുദ്ധിയ ഒരു ചെറിയ മനുഷ്യനാണു്. ഒരു നടനാണെന്നു തോന്നും. ഒതുക്കത്തിലുള്ള അയാളുടെ നടത്തം കണ്ടാൽ, ഒരു പൂച്ചക്കുട്ടിയേയാണു് ഓർമ്മവരിക. എന്നോടു അയാൾ ഒരുപദേശകന്റെ, രക്ഷിതാവിന്റെ, ഭാവത്തിലാണു് പെരുമാറുക. അയാൾ എനിക്കു ഭാഗ്യവും നന്മയും കൈവരേണമെന്നു ആത്മാർത്ഥമായാഗ്രഹിച്ചു, എന്നുണ്ടെന്റെ വിശ്വാസം. അയാൾ ബുദ്ധിമാനാണു്. അയാൾ ധാരാളം നല്ല പുസ്തകങ്ങൾ വായിച്ചിട്ടുണ്ടു്. എല്ലാറ്റിലും വെച്ചു അയാൾക്കു ഇഷ്ടമായിരുന്നതു് "മൊണ്ടിക്രിസ്റ്റോവിലെ പ്രഭു" എന്ന കഥയായിരുന്നു.

"ആ പുസ്തകത്തിൽ, വ്യക്തമായുണ്ടു്; ഒരു ലക്ഷ്യവും" അയാൾ പറഞ്ഞു.

ആദ്യേഹത്തിന്നു സ്ത്രീകളെ വലിയ ഭ്രമമാണു്. സ്ത്രീകളെക്കുറിച്ചു വലിയ ആവേശത്തോടെ സംസാരിക്കും. പുണ്ടകൊണ്ടു നൊപ്പട്ടയിട്ട ദേഹമാസകലം ഒരു വലിച്ചൽ വ്യാപിച്ചതുപോലെയും. അയാളുടെ ദേഹം കൊണ്ടുള്ള ഗോഷ്ടി കാണുമ്പോൾ അറപ്പു തോന്നും. എന്നാൽ അയാളുടെ സംഭാഷണം കേൾക്കാൻ വളരെ കൌതുകമാണു്. അയാളുടെ വാക്കുകൾക്കു അർത്ഥപുഷ്ടിക്രുടും.

"സ്ത്രീകൾ, സ്ത്രീകൾ" അയാൾ ഒരു തരം രാഗത്തോടെ പറയും. അപ്പോൾ അയാളുടെ കവിളുകളിൽ അരുണിമ വ്യാപിക്കും. കണ്ണുകൾ ആവേശംകൊണ്ടു പ്രകാശിക്കും. "സ്ത്രീക്കു വേണ്ടി ഞാൻ എന്തും ചെയ്യും. ചെകുത്താനെപ്പോലെയാണ് സ്ത്രീ. പാപമെന്താണെന്നറിയുകയില്ല. സ്നേഹത്തിൽ ജീവിക്കുക — ഇതിൽ ഉപരിയായ ഒരു സുഖം ഇനിയും കണ്ടുപിടിക്കപ്പെട്ടിട്ടില്ല."

അയാൾക്കു കഥ പറയാൻ പ്രത്യേകം സാമർത്ഥ്യമാണ്. അയാൾ വേശ്യകൾക്കു വേണ്ടി ചെറിയ തരം കവിതകൾ, നിഷ്പ്രയാസം എഴുതിയുണ്ടാക്കും. ഫലപ്രദമാകാതെപോയ അനുരാഗാനുഭവങ്ങളെക്കുറിച്ചുള്ള അയാളുടെ പാട്ടുകൾ വോൾഗയുടെ കരയിലുള്ള എല്ലാ നഗരങ്ങളിലും പാടികേൾക്കാം.

ട്രൂസോവ് — സംശയകരമായ സ്വഭാവത്തോടുകൂടിയ ട്രൂസോവ് — എന്റെ ഒരു ശ്രോതാവായിരുന്നു. ഇയാൾ സുമുഖനാണ്; അശ്രദ്ധമായ വസ്ത്രധാരണമാണ്; ഒരു സംഗീതക്കാരന്റെ അംഗുലികളുമാണ്. അയാൾക്കു ചെറിയ ഒരു ഷാപ്പുണ്ട്. അവിടെ എഴുതിവെച്ചിട്ടുള്ളത് "ക്ലോക്കു നന്നാക്കുന്ന സ്ഥലം" എന്നാണ്. എന്നാൽ അയാളുടെ വ്യാപാരം കവർന്നെടുത്ത സാധനങ്ങൾ വില്ക്കലും വാങ്ങലുമാണ്.

"കള്ളന്മാരുടെ കൂട്ടുവിദ്യകളിൽ കൂടുങ്ങിപ്പോകരുത്, മേക്സിമിക്ക്" അല്പാല്പമായി നരക്കാൻ തുടങ്ങിയ തന്റെ താടി തലോടി, കൌശലം സ്ഫുരിക്കുന്ന കണ്ണുകൾ ചിമ്മി അയാൾ എന്നോടുപദേശിച്ചു. "അതു നിന്റെ മാത്രമല്ല, എനിക്കുമിയ്യം. നീ മനസാക്ഷിയുള്ള കൂട്ടത്തിലാണ്."

"മനസ്സാക്ഷിയുള്ള" എന്നുപറയുന്നതുകൊണ്ടു നിങ്ങൾ അർത്ഥമാക്കുന്നതെന്താണു്?

"അതോ, ഒരിക്കലും അസൂയ തോന്നാത്ത അറിയാനുള്ള ആഗ്രഹം മാത്രമുള്ള, എന്നു്."

ഒരു ശരിയായ വിവരണമായിരുന്നില്ല അതു. എനിക്കു പലപ്പോഴും അസൂയ തോന്നാറുണ്ടു്. പലതിനെക്കുറിച്ചും. ബാഷ്കിന്റെ സംഭാഷണ ചാതുരിയിൽ എനിക്കു അസൂയ തോന്നി. അയാളുടെ കവിതപോലെയുള്ള ആ ശൈലി, അയാളുടെ അലങ്കാരങ്ങളും വളച്ചുകെട്ടുകളും. ലൈംഗികമായി അയാൾ കാണിച്ച ഒരു പരാക്രമത്തെക്കുറിച്ചു ഒരിക്കൽ അയാൾ പറഞ്ഞു. ആ കഥ പറഞ്ഞ സന്ദർഭമായം ഞാനിപ്പോഴും ഓർക്കുന്നു.

"ഇരുണ്ട രാത്രി ഞാനൊരു മൂങ്ങയെപ്പോലെ, ഒരു വൃക്ഷ കോടരത്തിൽ, ചടഞ്ഞുകൂടി; സ്വിയാഴ്സ്സ് നഗരത്തിലെ ഒരു ഹോട്ടലിന്റെ പറമ്പിൽ. ശരൽക്കാലം. ഒക്ടോബർ. മടിയനായ ഒരു ചെറിയ മഴച്ചാറൽ, അങ്ങിനെ ഇറങ്ങിവന്നു—ഒരു താത്തരിക്കാരൻ പാടുന്ന പാട്ടുപോലെ. കാറ്റു ചൂളം വിളിച്ചു.

"അപ്പോഴാണു് അവൾ കടന്നുവന്നതു്. പ്രഭാതത്തിലെ ഒരു മേഘശകലത്തെപ്പോലെ, ശാന്തമായി, ഒരു പനിനീർപൂവിന്റെ ആകർഷകതപത്തോടെ. അവളുടെ കണ്ണിൽ വ്യാജം തുളുമ്പുന്ന ഒരു തരം ആത്മീയ നിഷ്കളങ്കതയുണ്ടു്. "പ്രാണനാഥാ," അവൾ പറഞ്ഞു. അവളുടെ ശബ്ദം വളരെ പരമാർത്ഥമായി തോന്നി. "ഞാൻ അങ്ങയ്ക്കു തിരായി യാതൊരു പാപകർമ്മത്തിലും ഏർപ്പെട്ടിട്ടില്ല." അ

വാം കളവു പറയുകയാണെന്നെനിക്കറിയാം. എന്നാലും ഞാനവളുടെ വാക്കുകൾ വിശ്വസിച്ചു. എനിക്കു അവളെ ശരിക്കറിയാം. എന്നാലും അവൾ പരിശുദ്ധയല്ലെന്നു വിശ്വസിയ്ക്കുവാൻ എനിക്കു കഴിഞ്ഞില്ല."

സംസാരിക്കുമ്പോൾ അയാൾ പകുതി കണ്ണുകൾ അടക്കും, ദേഹം താളത്തിൽ ആട്ടും. കൈകൾ സാവധാനം ഉയർത്തി, വ്യഥയെന്നിനു മിതെ, മാറിൽ സ്പർശിക്കുവാൻ ശ്രമിക്കും.

അയാളുടെ സ്വരം ആകർഷകമല്ല. എന്നാൽ വാക്കുകൾ വ്യക്തമാണ്. ഒരു രാപ്പാടിയുടെ ചില ഗുണങ്ങൾ അയാൾക്കുണ്ട്.

ട്രസോവിനോടും എനിക്കസൂയ തോന്നി. സൈബീരിയ, കീവ്വാ, ബുക്കാറാ ഈ പ്രദേശങ്ങളെക്കുറിച്ചു അയാൾ രസകരമായ കഥകൾ പറയും. അയാൾ രസംപിടിപ്പിക്കുന്ന വിധത്തിൽ സംസാരിക്കും. എന്നാൽ പുരോഹിതന്മാരെക്കുറിച്ചു അങ്ങേയറ്റത്തെ വെറുപ്പാണദ്ദേഹത്തിനു. ഒരു ദിവസം സാർ അലക്സാണ്ടർ മൂന്നാമനെക്കുറിച്ചയാൾ ഇങ്ങിനെ പ്രസ്താവിക്കുകയുണ്ടായി.

"ഈ സാറില്ലെ—അയാൾ തന്റെ ജോലി ചെയ്യുന്നതിൽ സമർത്ഥനാണ്."

നോവലുകളിൽ, അവസാനം വായനക്കാരനെ ആശ്ചര്യപ്പെടുത്തുംവണ്ണം ശിഷ്ടത പ്രദർശിപ്പിക്കുന്ന "ദുഷ്ടന്മാ"രായ കഥാപാത്രങ്ങളിൽ ഒരാളാണ് ട്രസോവെന്നു എനിക്കു തോന്നാറുണ്ട്.

ചിലപ്പോൾ, ചൂടുള്ള രാത്രികളിൽ, ഈ ആളുകളെല്ലാം കസാങ്കാപുഴയുടെ കരയിലുള്ള മൈതാനത്തു ചെന്നി

രിക്കും. അവർ വൃക്ഷങ്ങൾക്കിടയിൽ ഇരുന്നു കുടിക്കും, തിന്നും, പല വിഷയങ്ങളെക്കുറിച്ചും സംസാരിക്കും—ജീവിതത്തിന്റെ ഗഹനതകളെക്കുറിച്ചും, മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളെക്കുറിച്ചും. അവർ എല്ലാറ്റിനും ഉപരിയായി സ്ത്രീകളെയാണു് വിഷയമാക്കുക. ഒന്നുകിൽ വെറുപ്പോടെ അല്ലെങ്കിൽ ദുഃഖഭാവത്തിൽ, ചിലപ്പോൾ ആവേശപൂർവ്വം, അവക്കു പലതും പറയാനുണ്ടാകും. അധികവും ഇരുളടഞ്ഞ സ്ഥലത്തു ഒളിഞ്ഞുനില്ക്കുന്ന എന്തിനേയോ ഭയന്നു തപ്പിത്തടയുന്നപോലെയുള്ള ഭാവമായിരിക്കും, അവക്കു്. പ്രകാശം കുറഞ്ഞ നക്ഷത്രങ്ങളോടുകൂടിയ നഭസ്സിന്നു കീഴെ, രണ്ടു മൂന്നു രാത്രികൾ ഞാൻ അവരോടൊപ്പം അവിടെ അങ്ങിനെ കഴിച്ചുകൂട്ടി. കുറിച്ചെടികൾ ഇടതൂർന്നു വളരുന്ന, ഒരു കുഴിഞ്ഞ സ്ഥലത്തു ഞങ്ങൾ ഇരിക്കും. വോൾഗാനദി വളരെ അടുത്തായതുകൊണ്ടു, അല്പം തണുപ്പു തോന്നും. ഇരുട്ടകീറിക്കൊണ്ടു, തോണികളിലെ വിളക്കുകൾ, എല്ലാ ഭാഗത്തേക്കും എട്ടുകാലികളെപോലെ ഇഴഞ്ഞു പോകുന്നതു കാണാം. പുഴയുടെ ഇരുണ്ട കരയിൽ, അങ്ങോളം അവിടവിടെ തീ കത്തുന്നതു കാണാം—സമ്പന്നമായ ഉസിലൻ ഗ്രാമത്തിൽ, വീടുകളിൽ നിന്നും ചാരായക്കടകളിൽനിന്നും ജനലുകളിൽക്കൂടി വെളിയിൽ പ്രകാശം പരക്കും. തീ ബോട്ടിന്റെ ചക്രം വെള്ളത്തിൽ അലക്കുന്ന ശബ്ദം തുടർന്നു കേൾക്കാം. വഴിക്കുവഴിയായി പോകുന്ന തോണികളിലെ ആളുകൾ അന്യോന്യം വിളിച്ചുപറയും. അവരുടെ പരുക്കൻ വിളികൾ ചെന്നായ്ക്കളുടെ ഓരിയിടൽപോലെയാണു്. എവിടെ നിന്നോ, ഇരുമ്പുകട്ടിയിൽ മുട്ടിക കൊണ്ടടിയ്ക്കുന്ന ശബ്ദം കേൾക്കാം. വെള്ളത്തിനുമീതെ വ്യസനച്ഛായയുള്ള

ഒരു രാഗം വ്യാപിക്കുകയാണ്. ആരുടേയൊ ആത്മാവു നീറിപ്പുകഞ്ഞുപോകുന്നതുപോലെ. ആ ഗാനം ഹൃദയത്തിൽ ഒരു വലിയ ഭാരം ഏറ്റിവെക്കുന്നതായനുഭവപ്പെട്ടും.

എന്റെ ചങ്ങാതികളുടെ സംഭാഷണം ശ്രദ്ധിക്കുന്നതു അതിലും ദുഃഖകരമാണ്. ജീവിതത്തെക്കുറിച്ചുള്ള വിചിന്തനമായിരുന്നതുകൊണ്ട് ഓരോ ആളും അയാളെ സാരമായി സ്പർശിക്കുന്ന സംഗതികളെക്കുറിച്ചാണ് സംസാരിക്കുക. മറവുള്ളവർക്ക് പറയുവാനുള്ള സംഗതികളെ ആരും തീരെ ഗൌനിക്കുകയില്ല. കുറിക്കാടിന്റെ നിഴലിൽ ഇരുന്നോ, കിടന്നോ പുകവലിച്ചും ഇടക്കിടെ വോഡ്കയോ, ബീരോ കുടിച്ചും അവർ മങ്ങിയ സ്മരണയുടെ പന്ഥാവിൽ അങ്ങിനെ സഞ്ചരിക്കും.

"ശരി, എന്റെ അനുഭവം ഇതാണ്"—ഒരാൾ, രാത്രിയുടെ സ്വാധീനത്തിൽ പെട്ടിങ്ങിനെ ആരംഭിക്കും.

അയാൾ തന്റെ കഥ മുഴുമിപ്പിച്ചു കഴിഞ്ഞാൽ, മറവുള്ളവർ അവരുടെ ആനുകൂല്യം രേഖപ്പെടുത്തും.

"ഉവ്വ്, അങ്ങിനെയുള്ള കാര്യങ്ങൾ സംഭവിക്കാറുണ്ട്." ഈ വാക്കുകൾ എന്റെ ചെവിയിൽ വന്നലക്കും. എനിക്കു തോന്നും, ഈ ആളുകൾ അവരുടെ ജീവിതത്തിലേ അവസാന നിമിഷങ്ങളെ സമീപിക്കുകയാണെന്ന്. എല്ലാം തന്നെ സംഭവിച്ചുകഴിഞ്ഞിരിക്കുന്നു; 'ഇനി ഒന്നും തന്നെ സംഭവിക്കാനില്ല, എന്ന്.

ഈ ചിന്തകാരണം എനിക്കു ബാഷ്കിന്റേയും ട്രൂസോവിന്റെയും പേരിൽ അല്പം നീരസം തോന്നി. എന്നാലും

അവർ എന്നെ ആകർഷിച്ചു. എന്റെ അനുഭവങ്ങളും വെച്ചു നോക്കുകയാണെങ്കിൽ, അവരുടെ ജീവിതക്രമം ഞാനും അംഗീകരിച്ചാൽ തെറ്റില്ല. ഉയരാനും വിദ്യാഭ്യാസം ചെയ്യാനും ഉള്ള എന്റെ ആഗ്രഹം തകർന്നപ്പോൾ അവരെ പിന്തുടർന്നാൽ എന്താണെന്നു എനിക്കു തോന്നി. വിശന്നും പകതോന്നിയും നിരാശപ്പെട്ടും വലയുമ്പോൾ, എന്തു കുറ്റകരമായ കർമ്മം ചെയ്യാനും എനിക്കു കഴിവുണ്ടെന്നു ഞാൻ വിശ്വസിച്ചു. ആ കുറ്റങ്ങളാകട്ടെ "പുണ്യകരമായ സ്വകാര്യസ്വത്തി"ന്നെതിരെ മാത്രമായിരുന്നില്ല. ഞാൻ അംഗീകരിക്കേണ്ടതായ പന്ഥാവിൽ നിന്നും വ്യതിചലിക്കാതെ എന്നെ രക്ഷിച്ചതു യൌവനത്തിന്റെ ആദർശങ്ങളും മാത്രമാണു്. വലിയ മനുഷ്യസ്നേഹിയായ ബ്രറ് ഹാട്ടെയുടെ പുസ്തകങ്ങളും മറ്റു താണതരം നോവലുകളും വായിച്ചിരുന്നതിനു പുറമെ, ഞാൻ നല്ല പുസ്തകങ്ങളും കുറെ എണ്ണം കണ്ടിട്ടുണ്ടായിരുന്നു. ഈ പുസ്തകങ്ങൾ എന്നിൽ ഉന്നതമായ ചിന്തകൾ ഉദ്ദീപിപ്പിച്ചു. ഈ ഉന്നതാദർശങ്ങളെക്കുറിച്ചുള്ള ബോധം അവ്യക്തമായിരുന്നു. എന്നാൽ എനിക്കു ചുറ്റും കാണാനുണ്ടായിരുന്ന സകലതിൽ നിന്നും ഭിന്നമായിരുന്നു അവയുടെ മഹത്വം.

ഞാൻ പുതിയ അനുഭവങ്ങൾ നേരിട്ടുകയായിരുന്നു; പുതിയ ആശയങ്ങൾ ഉൾക്കൊള്ളുകയായിരുന്നു. യവറീനോവ് കുട്ടംബക്കാരുടെ വീട്ടിന്നടുത്തുള്ള തുറന്ന സ്ഥലത്തു വ്യായാമം പരിശീലിക്കുന്ന വിദ്യാർത്ഥികൾ കളിക്കാൻ ഒത്തുചേരും. ആ വിദ്യാർത്ഥികളിൽ ഒരാളായ, ഗ്രിഗ്പ്പെറിന്യോവിനെ എനിക്കു വിശേഷിച്ചും പഥ്യമായി. ഇരുനിറമുള്ള ഒരു യുവാവാണയാൾ. ഒരു ജാപ്പാൻ കാരനെപ്പോ

ലെ കറുത്ത നീലിമപുരണ്ട തലമുടിയുണ്ട്. മുഖത്തു വെടി മരുന്നുരസിയതുപോലെ അവിടവിടെ കറുത്ത പുള്ളികളും. എപ്പോഴും ഉല്ലാസഭാവമാണ്. കളിയിൽ ചതുരനാണ്. നല്ല രസം പിടിച്ചുപിക്കുന്ന സംഭാഷണങ്ങളും. എന്തുകൊണ്ടും നല്ല കഴിവുകളുള്ള ഒരു ചെറുപ്പക്കാരൻ. സമർത്ഥരായ എല്ലാ റഷ്യക്കാരെയുംപോലെ, പ്രകൃതി പ്രദാനം ചെയ്ത കഴിവുകളെ ഉപയോഗിച്ചുയാം ജീവിച്ചു. ആ കഴിവുകളെ വികസിപ്പിക്കുവാൻ അയാം ശ്രമിച്ചില്ല. അയാംക്ക് സംഗീതം ഇഷ്ടമാണ്. പല ഉപകരണങ്ങളും ഉപയോഗിച്ചും അയാം ഗാനങ്ങളും ആലാപിക്കും. എന്നാൽ അദ്ദേഹം കൂടുതൽ പരിശീലനം നേടാൻ യാതൊരു പരിശ്രമവും ചെയ്തില്ല. അയാം ദരിദ്രനാണ്. വളരെ പരവശമട്ടിലാണ് വേഷം. കീറിയ ഷർട്ടും തുന്നിച്ചേർത്ത കാൽക്കുപ്പായവും പഴകിക്കീറിയ ചെരിപ്പും. അയാളുടെ, അലസമായ ആ സ്വഭാവത്തിനും, ബോജാറോടെയുള്ള നടത്തത്തിനും, സദാ കാണിക്കാറുള്ള ആംഗ്യങ്ങൾക്കും തികച്ചും അനുയോജ്യമായിരുന്ന ആ വേഷം.

വളരെ വേദനയുണ്ടാക്കുന്ന ഒരു രോഗത്തിൽകിടന്ന ദീർഘകാലം വിഷമിച്ചശേഷം, പൊട്ടുന്ന സുഖം പ്രാപിച്ച വെളിയിലിറങ്ങിയ ഒരാളാണദ്ദേഹമെന്നു തോന്നും; അല്ലെങ്കിൽ അപ്പോൾ വിട്ടയക്കപ്പെട്ട ഒരു തടവുകാരനാണെന്ന്. ജീവിതത്തിൽ അനുഭവമാകുന്ന എന്തും അദ്ദേഹത്തിനു പുത്തനാണ്, ആസ്വാദ്യവുമാണ്. എന്തും അയാളെ അങ്ങേ അറ്റം ആവേശം കൊള്ളിക്കും. അദ്ദേഹം ഒരു പമ്പരമെന്നപോലെ ഈ ലോകത്തിൽ തുള്ളിത്തിരിഞ്ഞു കളിക്കുകയായിരുന്നു.

ഞാൻ എത്ര കഷ്ടതരമായ ജീവിതമാണ് നയിക്കുന്നതെന്നറിഞ്ഞപ്പോൾ അയാൾ എന്നോട് അയാളോടൊപ്പം താമസിച്ച് ഒരു ഗ്രാമസ്കൂൾ അദ്ധ്യാപകനാകാൻ ശ്രമിക്കണമെന്നഭിപ്രായപ്പെട്ടു. അങ്ങിനെ ഞാൻ ആ സന്തോഷം നിറഞ്ഞ, ദരിദ്രർ താമസിക്കുന്ന, ആ കെട്ടിടത്തിൽ താമസമാക്കി. കാസാനിലെ പല തലമുറകളിൽ പെട്ടുന്ന വിദ്യാർത്ഥികൾക്കെല്ലാം തന്നെ "മരുസോവ്ക" എന്ന ആ കെട്ടിടം സുപരിചിതമായിരുന്നു. റിബ്നോർ യാഡ്സ്കായയിലെ, വലിയ വീണ്ടുപൊളിയാറായ ആ കെട്ടിടം അതിന്റെ ഉടമകളുടെ അധീനത്തിൽനിന്നും, ഒരുകൂട്ടം അൽപ്പട്ടിണിക്കാരായ വിദ്യാർത്ഥികളും വേശ്യകളും, പലതരക്കാരായ മറ്റനേകം ആളുകളും ചേർന്ന കരസ്ഥമാക്കിയിരിക്കയാണ്. മുകളിലെ നിലയിലേക്കു കയറുന്ന കോണിപ്പടിക്കടുത്തു ഹാളിൽ ഒരു ഭാഗത്തായിരുന്നു ഒപ്പ്ററന്യോവിന്റെ വാസസ്ഥലം. ഏണിപ്പടിയുടെ വളരെ അടുത്താണ് അയാളുടെ കട്ടിൽ. ഹാളിന്റെ അറ്റത്തു ജനലിന്നരികെ അയാളുടെ മേശയും കസാലയും വെച്ചിരിക്കും, അയാളുടെ സാധനങ്ങളായി. ഈ ഹാളിലേക്കു പ്രവേശനമുള്ള മൂന്നു മുറികളുണ്ട്. രണ്ടെണ്ണത്തിൽ വേശ്യകളാണ്. മൂന്നാമത്തെ മുറിയിൽ ക്ഷയരോഗിയായ, കണക്കിൽ നല്ല പാടവമുള്ള, മതവിഷയങ്ങളും പഠിച്ചുകൊണ്ടിരുന്ന ഒരാം താമസമാണ്. നീണ്ടുമെലിഞ്ഞു കീറിപ്പറിഞ്ഞ വസ്ത്രങ്ങളുമായി നടക്കുന്ന അയാളെ കണ്ടാൽ ഭയം തോന്നും. അയാളുടെ വസ്ത്രത്തിന്റെ ഭാരങ്ങളിൽ കൂടി അസ്ഥിമാത്രമായ, നീലിച്ചു തോന്നിക്കുന്ന ദേഹത്തിന്റെ പല ഭാഗങ്ങളും തുറിച്ചുകാണാം.

അയാൾ തന്റെ നഖങ്ങൾ കടിച്ചുതിന്നാണു് വയർ നിറക്കുന്നതെന്നു തോന്നും. രാത്രിയും പകലും അയാൾ എന്തോ കണക്കുകൾ പ്രുട്ടി നോക്കുന്നതു കാണാം—ഇടക്കിടെ ചുമച്ചും കൊണ്ടു്. വേശ്യകൾക്കു അയാളെ ഭയമാണു്—അയാൾക്കു ഭ്രാന്താണെന്ന വിശ്വാസത്തിൽ. അയാളോടൊന്നു കഴിഞ്ഞതോന്നി അവർ അയാളുടെ വാതിൽക്കൽ അപ്പക്കഷണം, ചായ, പഞ്ചസാര ഇതെല്ലാം വെച്ചുപോകും. അയാൾ വെളിയിൽവന്നു ഈ സാധനങ്ങൾ ശേഖരിക്കും. വല്ല കാരണത്താലും അവർ ഈ സംഭാവനകൾ നല്കാൻ മറന്നുപോകയോ, അതിനവർക്കു സാധിക്കാതാകയോ ചെയ്താൽ അയാൾ ഓടിത്തളർന്ന കുതിരയെപ്പോലെ ഏങ്ങിയും കൊണ്ടു വാതിൽക്കൽ വന്നുനിന്നു് വിളിച്ചു പറയും.

"ഭക്ഷണം."

കുഴിയിൽ ഞെരുങ്ങിനില്ക്കുന്ന അയാളുടെ കണ്ണുകൾ, ഒരു ഭ്രാന്തന്റെ കണ്ണുകൾപോലെ പ്രകാശിക്കും—സ്വന്തം അന്തസ്സു വിചാരിച്ചു വലിയ ഊറ്റം കൊള്ളുന്നതുപോലെ. ഇടക്കിടക്കു ക്രുദ്ധനും ഞൊണ്ടിയുമായ ചെറിയ വിരൂപിയായ ഒരു മനുഷ്യൻ അയാളെ സന്ദർശിക്കും. നരച്ച തലമുടിയുള്ള അയാൾ വളരെ തടിച്ചചില്ലുകളുള്ള കണ്ണടവെച്ചു, ഒരു കൌശലച്ചിരിയുമായി വരുന്നതുകാണാം. അവർ മുറിയിൽ വാതിലടച്ചിരുന്നു വളരെനേരം മിണ്ടാതിരിക്കും. ആ മുറിയിൽ അസാധാരണമായ ഒരു നിശ്ശബ്ദത കളിയാടും. ഒരു ദിവസം രാത്രി വളരെ വൈകിയിട്ടു, മുറിയിൽനിന്നും ആ ഗണിത ശാസ്ത്രജ്ഞന്റെ പരുക്കൻ ശബ്ദം കേട്ടു ഞാൻ ഉണർന്നു. അയാൾ ക്രോധത്തോടെ വിളിച്ചുപറഞ്ഞതു:

"ഞാൻ പറയുന്നു—അതൊരു തടവുമുറിയാണു്. ക്ഷ ത്ര ഗണിതം ഒരു ക്രൂരനാണു്. അതാണു് അതു്. അതെ, ഒരെലിക്കൂട്ടു്. ഒരു തടവുമുറി."

ക്രുദ്ധനായ ആ വിശുദ്ധൻ, എനിക്കറിയാത്ത ചില വാക്കുകൾ ആവർത്തിച്ചു. പിന്നെ പെട്ടെന്നു, ഗണിതശാസ്ത്രജ്ഞൻ ഗർജ്ജിച്ചു:

"നീ തുലഞ്ഞുപോകട്ടെ, ഫോ, പുറത്തു."

ആ സന്ദർശകൻ, ക്രോധത്തോടെ, ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചു തന്റെ മേലങ്കിയെടുത്തു പുതച്ചു വേഗം ഹാളിൽ കൂടി കടന്നുപോയി. ഗണിതശാസ്ത്രജ്ഞൻ, വാതിൽക്കൽ തെല്ലിടനിന്നു; മെലിഞ്ഞ ഭയം തോന്നിക്കുന്ന ഒരു രൂപം. അയാൾ തന്റെ മുടിയിൽപിടിച്ചുവലിച്ചു വിളിച്ചുപറഞ്ഞു.

"യൂക്ലിഡ് ഒരു വിഡ്ഢിയാണു്, പരമവിഡ്ഢി! ഗ്രീക്കുകാരനായ ആ വിഡ്ഢിയെക്കാൾ ദൈവത്തിനാണു് ബുദ്ധിശക്തിയെന്നു ഞാൻ തെളിയിക്കാം."

പിന്നെ അയാൾ തന്റെ മുറിയിലേക്കു പോയി, വാതിൽ ഉറക്കെ പിന്നാക്കം തള്ളിയടച്ചുംകൊണ്ടു്. ആ തള്ളലിന്റെ ശക്തികൊണ്ടു, മുറിയിൽ എന്തോ മറിഞ്ഞുവീണു.

ഈ മനുഷ്യൻ ഗണിതശാസ്ത്രത്തിന്റെ സഹായത്തോടെ ദൈവമുണ്ടെന്നു തെളിയിക്കുവാൻ ശ്രമിക്കുകയായിരുന്നു എന്നു പിന്നീടു ഞാൻ മനസ്സിലാക്കി. ഈ ലക്ഷ്യം കൈവരാതെ അയാൾ മരിച്ചു.

പ്പൊറന്യോവ്, ഒരച്ചുക്കൂടത്തിൽ ജോലി ചെയ്യുയായിരുന്നു. ഒരു പത്രത്തിൽ രാത്രിപ്പതിപ്പിന്റെ പ്രൂഫ് വായനക്കാരനായിരുന്നു അയാൾ. ഒരു രാത്രികൊണ്ടയാൾ പതിനൊന്നു കോപ്പെക്ക സമ്പാദിക്കും. എനിക്കു ഒന്നും സമ്പാദിക്കാൻ കഴിയാത്ത ദിവസങ്ങളിൽ ഞങ്ങൾ രണ്ടുപേരും, നാലുറാത്തൽ റൊട്ടി, രണ്ടു കോപ്പെക്കിന്നു ചായ, മൂന്നു കോപ്പെക്കിന്നു പഞ്ചസാര ഇത്രയും സാധനങ്ങൾകൊണ്ടു ദിവസം കഴിക്കും. എനിക്കു ജോലി ചെയ്യാൻ വളരെ കുറവായേ സമയം ലഭിക്കാറുള്ളൂ. കാരണം എനിക്കു ധാരാളം പഠിക്കാനുണ്ടായിരുന്നു. വിശേഷിച്ചും വ്യാകരണത്തിന്റെ കുഴഞ്ഞുമറിഞ്ഞ നിയമങ്ങൾ എന്നെ വിഷമിപ്പിച്ചു. വളരെ കഴിയാതെ ഞങ്ങൾ ഒരു കാര്യം കണ്ടുപിടിച്ചു. ഞാൻ പഠിത്തം തുടങ്ങിയതു വളരെ നേരത്തെ ആയിപ്പോയി. എനിക്കു വലിയ ആശ്വാസം തോന്നി. ഗ്രാമസ്കൂൾ അദ്ധ്യാപകന്റെ പരീക്ഷ പാസ്സായാലും, വയസ്സു മതിയാകാത്തതുകൊണ്ടു എനിക്കപ്പോൾ ജോലി കിട്ടുമായിരുന്നില്ല.

പ്പൊറന്യോവും ഞാനും ഒരേ കട്ടിലിൽതന്നെയാണു് കിടന്നുറങ്ങിയതു്. പകൽ അയാളും രാത്രി ഞാനും. അയാൾ നന്നേ രാവിലെ, രാത്രി മുഴുവൻ ജോലിചെയ്തു ക്ഷീണിച്ചു കറുത്തിരുണ്ട മുഖവുമായി, വീങ്ങിയ കൺപോളകളുമായി വീട്ടിൽ വരും. ഞാൻ ചായക്കടയിലേക്കു ചൂടുവെള്ളത്തിന്നോടും. ഞങ്ങൾക്കു സ്വന്തമായി സമാവർ ഉണ്ടായിരുന്നില്ല. ഞങ്ങൾ ജനലിന്നടുത്തുള്ള മേശക്കിരുപുറമായിരുന്നു പ്രാതൽ കഴിക്കും. റൊട്ടിയും ചായയും. രാവിലത്തെ പത്രത്തിൽ വരാൻപോകുന്ന വാർത്തകൾ ഗ്രഹിച്ചുവിടും. ഒരു ഹാസ്യലേഖകന്റെ കവിതകൾ ചൊല്ലി

ക്കുകയും ചെയ്യും. ജീവിതത്തെക്കുറിച്ചു ശ്രദ്ധിക്കുണ്ടായിരുന്ന, ശുഭപ്രതീക്ഷ എന്നെ ആശ്ചര്യപ്പെടുത്താറുണ്ട്. സ്ത്രീകൾ ഉപയോഗിക്കുന്ന പഴയ വസ്ത്രങ്ങൾ വില്ക്കുന്ന ഷാപ്പിലെ ആ തടിച്ച സ്ത്രീ ഗാൽക്കിനയോട് അയാംക്കുള്ള മനോഭാവമാണ് ജീവിതത്തെക്കുറിച്ചു അയാംക്കുണ്ടായിരുന്നതു്.

ഈ സ്ത്രീയോടാണ് അയാം തന്റെ ഈ കിടപ്പിടം വാടകക്കു വാങ്ങിയതു്. തന്റെ "മുറി"ക്കു പണമായി വാടക കൊടുക്കാൻ കഴിയാഞ്ഞതുകൊണ്ടു അയാം പാട്ടുപാടിയും ഫലിതം പറഞ്ഞും ആ സംഖ്യ നികത്താൻ ശ്രമിച്ചു. ഗാൽക്കിന എന്ന ആ സ്ത്രീ നാടകശാലയിൽ സമൂഹഗാനം പാടാറുണ്ടായിരുന്നതുകൊണ്ടു ഒരു നല്ല രാഗത്തിന്റെ വില അവക്കറിയാം. പലപ്പോഴും അവർ സംഗീതം കേട്ടു കണ്ണുനീർ പൊഴിക്കും. കണ്ണുനീർകണങ്ങൾ അവരുടെ കവിളുകളിൽക്കൂടി ഒഴുകും. അവർ തന്റെ വിരലുകൾ കൊണ്ടു കണ്ണുനീർ തുടക്കും. പിന്നെ ആ വിരലുകൾ ശ്രുതിയോടെ വൃത്തികെട്ട ഒരുമാൽകൊണ്ടു തുടക്കുകയും ചെയ്യും!

"ആ, ശ്രീ, ശ്രീ," അവർ നെടുവീർപ്പിട്ടു പറയും: "നീ ഒരു യഥാർത്ഥ കലാകാരനാണ്. ഉച്ച്, നീ അല്പം സുന്ദരനാകുകിൽ നിനക്കു ഞാൻ ഒരു നല്ല ജോലി സമ്പാദിച്ചുതരുമായിരുന്നു. ഏകാകികളായി മുഷിപ്പൻ ജീവിതം നയിച്ചിരുന്ന എത്ര ചെറുപ്പക്കാരെ, ഞാൻ സ്ത്രീകളോടൊപ്പം ജോലിക്കു ചേർത്തിട്ടുണ്ടു്!"

ഇങ്ങിനെയുള്ള യുവാക്കളിൽ ഒരാൾ ഞങ്ങളുടെ കെട്ടിടത്തിന്റെ ഏറ്റവും മുകളിലെ നിലയിൽ താമസിക്കുന്നു

ണ്ടായിരുന്നു. ഒരു വിദ്യാർത്ഥി. തോൽ വ്യാപാരിയുടെ ഷാപ്പിൽ ജോലിചെയ്തിരുന്ന ഒരാളുടെ മകൻ. മിതമായ ഉയരവും വീതിയുള്ള മാറിടവും, വളരെ നേരിയ ചുണ്ടും ഉള്ള ഒരു ചെറുപ്പക്കാരൻ. അയാളെക്കണ്ടാൽ മുന കൂർത്തനെ നില്ക്കുന്ന ഒരു ത്രികോണമാണെന്നു തോന്നും. ആ മുനയുടെ അഗ്രം വെട്ടിയെടുത്തതുപോലെയും. അയാളുടെ കാലടികൾ ഒരു സ്ത്രീയുടെ കാലടികൾപോലെ, ചെറുതാണ്. ചുമലുകൾക്കിടയിൽ അമർന്നിരിക്കുന്നതായി തോന്നുന്ന അയാളുടെ ശിരസ്സും നന്നെ ചെറുതാണ്. തലമുടി ചുകന്നുമിരുന്നും. രക്തംവാർന്നിയ മുഖത്തു തുറിച്ചുനിൽക്കുന്ന ആ പച്ചക്കണ്ണുകളും അല്പം കൂർത്തിരുന്നതോടെ മിന്നും.

അങ്ങനെ അറുത്തെ ത്യാഗങ്ങൾ സഹിച്ചും, ഉടമയില്ലാത്ത ഒരു പട്ടിയെപ്പോലെ പട്ടിണികിടന്നും, അച്ഛന്റെ ഇംഗിതത്തിനെതിരായി, അയാൾ സ്കൂളിൽ പഠിത്തം തുടർന്നു. ഒട്ടുക്കും മെട്രിക്കുലേഷൻ പരീക്ഷ പാസ്സായി. പിന്നെ, അല്പം രസംപിടിച്ചപ്പോൾ അയാൾ സംഗീതം പഠിക്കാൻ തീരുമാനിച്ചു.

ഗാൽക്കിന അയാളെ അവരുടെ ഒരടവുകാരിയുടെ കീഴിൽ ജോലിക്കു ചേർത്തു. ധനികയായ ആ സ്ത്രീ, ഒരു കച്ചവടക്കാരന്റെ കുടുംബത്തിലാണ്. നാല്പതു വയസ്സുകാണും. അവരുടെ മകൻ, സർവ്വകലാശാലയിൽ മൂന്നാമത്തെ കൊല്ലമാണ്; മകൾ ഹൈസ്കൂളിൽ ഒടുക്കത്തെ ക്ലാസ്സിലും. ആ സ്ത്രീ മെലിഞ്ഞിട്ടാണ്. പരന്ന മാറിടവുമായി ഒരു പട്ടാളക്കാരനെപ്പോലെ അങ്ങിനെ നിവർന്നു നടക്കും. ഒരു കന്യാസ്ത്രീയുടേതുപോലെ വികാരമില്ലാത്ത മുഖം. അവരുടെ വലിയ ചാരനിറത്തിലുള്ള കണ്ണുകൾ കീഴിയിൽ പോയിരി

ക്കയാണ്. കറുത്തനിറത്തിലുള്ള വസ്ത്രമേ ധരിക്കയുള്ളൂ. തലയിൽ ഒരു പട്ടുമാൽ കെട്ടിയിരിക്കും. കാതിൽ പച്ച നിറമുള്ള കല്ലുകൾ പതിച്ച കണ്ണാഭരണവും ഉണ്ട്.

ഇടക്കിടെ, നന്നെ കാലത്തോ, വൈകുന്നേരം വൈകീട്ടോ ആ സ്ത്രീ തന്റെ ശിഷ്യനേയും അന്വേഷിച്ചുവരുന്നതുകാണാം. ഞാൻ പലപ്പോഴും അവരെ കാണാറുണ്ട്, ഗോറു കടന്നു വലിയ സ്വൈര്യത്തോടെ മുറ്റത്തുകൂടി വിലങ്ങനെ നടന്നുപോകുന്നതു്. അവരുടെ മുഖത്തു അല്പം ഭയം തോന്നിക്കുന്ന എന്തോ ഒന്നുണ്ട്. ചുണ്ടുകൾ അമരെ പതിഞ്ഞുനില്ക്കുന്നതുകണ്ടാൽ അവിടെ അങ്ങിനെ വല്ലതും ഉണ്ടോ എന്നുപോലും സംശയിക്കും. കണ്ണുകൾ നിരാശയോടെ, നേരെ മുമ്പോട്ടുപായിക്കും—നല്ലപോലെ തുറന്നിരിക്കെത്തന്നെ തീരെ കാഴ്ചയില്ലാത്തതുപോലെ. അവർ വിരൂപിയാണെന്നു പറയാൻ വയ്യ. അവരുടെ വേവലാതിയാണു് അവരുടെ പ്രകൃതം അങ്ങിനെ ആകർഷകമല്ലാതാക്കുന്നതു്.

"നോക്കൂ," പ്ലൊറന്യോവ് പറയും. "അവർ ഭ്രാന്തുള്ള ഒരു സ്ത്രീയെപ്പോലെയില്ലെ."

ശിഷ്യന്നു ആ സ്ത്രീയെ ഇഷ്ടമല്ല; കഴിയുന്നതും അയാൾ അവരിൽനിന്നും ഒഴിഞ്ഞുമാറാൻ ശ്രമിക്കും. അവർ അയാളെ ഒരു ചാരന്റെ മട്ടിൽ പിന്തുടരുകയും ചെയ്യും. കടം ഈടാക്കാനുള്ള പുള്ളിയുടെ പിന്നാടെ കടക്കാരൻ നടക്കുന്നതുപോലെ.

"ഞാൻ അപമാനിതനായിപ്പോയി." അല്പം കുടിച്ചു കഴിഞ്ഞാൽ അയാൾ ആവലാതിപ്പെട്ടും. "ഞാൻ എന്തിന്നാണു് ഈ സംഗീതം പഠിക്കുന്നതു്. എന്റെ ഈ

രൂപത്തിൽ അവർ എന്നെ സ്റ്റേജിന്നുട്ടുത്തുപോകാൻപോലും അനുവദിക്കുകയില്ല. അവർ ഒരിക്കലും എന്നെ സ്പർശിക്കയില്ല."

"എന്നാൽ ഈ സംഗീതം പഠിക്കൽ അപ്പാടി നിർത്തിക്കളയൂ" പ്രൊഫസ്സോവ് ഉപദേശിച്ചു.

"എനിക്കതറിയാം. പക്ഷെ, എനിക്കാസ്ത്രീയെക്കുറിച്ചുനകമ്പ തോന്നുകയാണു്. അതെ -- എനിക്കവരുടെ സാഹചര്യം പൊരുപ്പിക്കാൻവയ്യ. എന്നാലും എനിക്കവരുടെപേരിൽ സഹതാപം ഉണ്ടു്. നിങ്ങൾ അറിഞ്ഞാൽ, അവരുടെ....."

ഞങ്ങൾക്കതറിയാമായിരുന്നു. അവർ രാത്രി, മുകളിലെ നിലയിലേക്കു കയറുന്ന കോണിപ്പടിമേൽ നിന്നു അയാളോടു കെഞ്ചുന്നതു ഞങ്ങൾ കേട്ടിട്ടുണ്ടു.

"ദൈവത്തെ ഓർത്തു.....ഓമനെ, ദൈവത്തെ ഓർത്തു..... ....."

അവർ വലിയ ഒരു തൊഴിൽശാലയുടെ ഉടമയായിരുന്നു. ധാരാളം ഭ്രസ്വത്തും ഉണ്ടു. കുറെ കുതിരകളും. പേറിച്ചികൾക്കു പരിശീലനം നല്കുന്ന ഒരു സ്കൂളിന്നു വേണ്ടി അയിരക്കണക്കായി രൂബിൾ സംഭാവന ചെയ്തിട്ടുണ്ടു. എന്നാൽ ഒരു ഇരുപ്പാളിയെപ്പോലെ അവർ പ്രേമഭിക്ഷക്കു യാചിക്കുകയായിരുന്നു.

പ്രാതൽ കഴിഞ്ഞാൽ പ്രൊഫസ്സോവു് ഉറങ്ങാൻ നോക്കും. ഞാൻ ജോലിയന്വേഷിച്ചു വെളിയിൽ ഇറങ്ങും. ഞാൻ വൈകുന്നേരം വൈകിയിട്ടു മാത്രമേ തിരിച്ചുവരികയുള്ളു. അപ്പോഴേക്കും അയൽക്കാർ അച്ചുക്കുടത്തിൽ പോ

കാൻ സമയമായിരിക്കും. ഞാൻ തിന്നാൻ വല്ലതും കൊണ്ടുവന്നിട്ടുണ്ടെങ്കിൽ അതു ഞങ്ങളും പങ്കിട്ടെടുക്കും. അയാളുടെ പങ്കു അയാൾ അച്ചുക്കുടത്തിൽവെച്ചു തിന്നാൻ പൊതിഞ്ഞെടുത്തു കൊണ്ടുപോകയും ചെയ്യും.

അയാൾ പോയ്കഴിഞ്ഞാൽ ഞാൻ ഹാളിലും "മറുസോവ്കയുടെ" പരിസരത്തിലും ചുറ്റിനടക്കും—ആ കെട്ടിടത്തിൽ പാർപ്പുറപ്പിച്ചിട്ടുള്ള (എന്നെ സംബന്ധിച്ചേടത്തോളം) അസാധാരണന്മാരായ ആളുകളുടെ ജീവിതക്രമം സൂക്ഷിച്ചുംകൊണ്ടു. അതു വളരെ ആളുകൾ തിങ്ങിപ്പാർക്കുന്ന ഒരു കെട്ടിടമാണു്. ഒരു ചിതൽപുറ്റുപോലെ. എവിടെനിന്നോ തിരിച്ചറിയാൻ പ്രയാസമായ വല്ലാത്ത മണം അവിടമെങ്ങും വ്യാപിച്ചുനില്ക്കും. ഓരോ മൂലയിലും മനുഷ്യനോടു ശത്രുതയുള്ളതായി തോന്നുന്ന നിഴലുകൾ വീണുകിടക്കും. രാവിലെ നന്നെ നേരത്തു തുടങ്ങി, രാത്രി വളരെ ചെന്നതുവരെ, അവിടെ ജീവിതത്തിന്റെ ശബ്ദായമാനമായ സ്പന്ദനങ്ങൾ തുടർന്നുകൊണ്ടിരിക്കും. തുന്നൽക്കാരികളുടെ യന്ത്രങ്ങൾ ശബ്ദിച്ചുകൊണ്ടിരിക്കും. സമോഹഗാനം പാടുന്ന പെൺകുട്ടികൾ പാടും. മുൻപറഞ്ഞ വിദ്യാർത്ഥിയുടെ രാഗാലാപങ്ങൾ മുഴങ്ങും. കുടിച്ചുമത്തനായ ആ നടന്റെ ആവലാതികളും, വേശ്യകളുടെ ജല്പനങ്ങളും. എന്റെ മനസ്സിൽ സ്വാഭാവികമായി ഉത്തരം ലഭിക്കാത്ത ഈ ചോദ്യം തേട്ടിവന്നു:

"ഇതിന്റെയെല്ലാം അർത്ഥം എന്താണു്?"

ഈ വീട്ടിൽ യാതൊരു ലക്ഷ്യവുമില്ലാതെ, പട്ടിണിക്കാരായ ചെറുപ്പക്കാരുടെ ഇടയിൽ നടക്കുന്ന ഒരു മനുഷ്യ

ണ്ടായിരുന്നു. പൂമൊട്ട കയറാൻ തുടങ്ങിയ ശിരസ്സിൽ കാരറ്റു കിഴങ്ങിന്റെ നിറമുള്ള രോമംചുറ്റിനില്ക്കുന്ന കുടവയറും, ഉയന്ന കവിളെല്ലുകളും, വലിയ വായും കുതിരയുടേതുപോലുള്ള മഞ്ഞപ്പല്ലുകളുമാണ്. ഈ പല്ലുകൾ കാരണമായി അയാൾ ഒരു വ്യവഹാരത്തിൽ കുടുങ്ങി. മൂന്നു കൊല്ലമായി തുടരുകയായിരുന്ന ആ വ്യവഹാരം. ആരോ കുഡുംബത്തിലെ അംഗങ്ങൾക്കെതിരായിട്ടാണ്. അയാൾ, ആളുകളോടെല്ലാം പറഞ്ഞുകൊണ്ടിരിക്കും.

"ഞാൻ ഇനി വളരെ ജീവിക്കുകയില്ല. എന്നാലും ഞാൻ അവരെ ദീപാളികുളിപ്പിക്കാതിരിക്കയില്ല. അവരെ ഞാൻ ഇരപ്പാളികളാക്കിമാറ്റും. അവർ ഇരന്നു നടക്കണം. അവർ അങ്ങിനെ ഒരു മൂന്നുകൊല്ലം ഇരന്നു നടന്നതിനുശേഷം, ഞാൻ കേസിൽ നേടിയതു തന്നെയും തിരികെ കൊടുക്കും. മുഴുവൻ കൊടുക്കും. ഞാൻ പറയും. "നിങ്ങൾ പോയി തൂലയൂ. ഇപ്പോൾ എന്തു പറയുന്നു." അതാണ് ഞാൻ അവരോടു പറയുക."

"ഇതാണോ നിങ്ങളുടെ ജീവിതലക്ഷ്യം." ആളുകൾ ചോദിക്കും. അയാൾ മറുപടി പറയും.

"എനിക്കതാണാഗ്രഹം. എന്റെ മുഴുവൻ ആഗ്രഹവും അതാണ്. മറ്റൊന്നിനെക്കുറിച്ചും ചിന്തിക്കാൻ എനിക്കു കഴിയുന്നില്ല."

അയാൾ ഒന്നുകിൽ കോടതിയിൽ, അല്ലെങ്കിൽ വക്കീലിന്റെ ആഫീസിൽ, മുഴുവൻ സമയവും ചിലവഴിക്കും. ഇടക്കു സായാഹ്നത്തിൽ അയാൾ ഒരു വണ്ടിയിൽ, ഭാണ്ഡവും കുപ്പികളും കയറ്റി വീട്ടിലേക്കോടിച്ചുപോകും. അയാ

ളുടെ വൃത്തികെട്ട മുറിയിൽ അയാൾ ചിലപ്പോൾ, സൽക്കാരങ്ങൾ ഏർപ്പെടുത്തും. വിദ്യാർത്ഥികളേയും, തുന്നൽക്കാരികളെയും ക്ഷണിക്കും. തിന്നാനും കുടിക്കാനും ആഗ്രഹിക്കുന്ന എല്ലാവരേയും അയാൾ ക്ഷണിക്കും. അയാൾ ദരിദ്രനാണ് ഇഷ്ടപ്പെട്ടുക. അയാളുടെ വസ്ത്രത്തിലും മേശവിരിയിലും, തറയിലും ആ മദ്യത്തിന്റെ തുള്ളികൾ വീണു പാടുണ്ടാക്കും. അല്പം കുടിച്ചു കഴിഞ്ഞാൽ അയാൾ ആവേശഭരിതനാകും.

"പക്ഷിക്കുഞ്ഞുകളെ, പ്രിയപ്പെട്ട കൊച്ചു പക്ഷികളെ, ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങൾ സത്യവാന്മാരാണ്. ഞാനോ, ഞാനൊരു തെമ്മാടിയാണ്. ഒരു നക്രം. എന്റെ ബന്ധുക്കളെത്തന്നെ നശിപ്പിക്കുവാൻ ശ്രമിക്കുകയാണ് ഞാൻ. ഞാൻ അവരെ നശിപ്പിക്കും. ദൈവത്താണെ. ഞാൻ മരിക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ....."

ക്രൂരമായ ചിന്തികൊണ്ടിരിക്കുന്ന അയാളുടെ കണ്ണുകളിൽ നിന്നും മസ്തിഷ്കം പിടിച്ചുതിന്റെ ഫലമായുണ്ടാകുന്ന കണ്ണുനീർ കണങ്ങൾ അയാളുടെ വിരൂപമായ കവിളിൽ കൂടി ഒഴുകും. അയാൾ ഉള്ളം കൈകൊണ്ട് കവിളത്തുനിന്നും കണ്ണുനീർ തുടയ്ക്കും. കൈ കാൽസ്രായിൽ ഉരസി വൃത്തിയാക്കും. അയാളുടെ കാൽക്കുപ്പായം എപ്പോഴും കറപുരണ്ടതായിട്ടേ കാണുകയുള്ളൂ.

"നിങ്ങളെന്തൊരു ജീവിതമാണ് നയിക്കുന്നത്?" അയാൾ ആക്ഷേപിക്കും. എപ്പോഴും പട്ടിണി, തണുപ്പിൽ വെറും കീറത്തുണികൾ മാത്രം ധരിച്ചു നടക്കുക. ഇതു ശരിയാണോ? ഇങ്ങിനെ കഷ്ടപ്പെട്ടുംകൊണ്ട് എന്തൊന്നാണ്

പഠിക്കാൻ കഴിയുക. സർ ചക്രവത്തി നിങ്ങളുടെ കഷ്ടപ്പാടിനെക്കുറിച്ചറിഞ്ഞെങ്കിൽ!....."

കീശയിൽ നിന്നും നല്ല തിളക്കമുള്ള കുറെ കടലാസു വലിച്ചെടുത്തു അയാൾ തുടർന്നു.

"ആർക്കാണ് പണം വേണ്ടതു്? സഹോദരന്മാരെ ഇതാ എടുത്തോളൂ"

പാട്ടുകാരികളും തുന്നൽക്കാരികളും പണം കയറി എടുക്കുവാൻ മുന്നോട്ടാഞ്ഞുവരും. അവർ നോട്ടുകൾ അയാളുടെ പിടിയിൽ നിന്നും തട്ടിയെടുക്കുവാൻ ശ്രമിക്കും. അയാൾ പ്രതിഷേധിക്കും.

"ഇതു നിങ്ങൾക്കല്ല. ഈ വിദ്യാർത്ഥികൾക്കാണ്." എന്നാൽ വിദ്യാർത്ഥികൾ ആരും അയാളുടെ പണം എടുക്കുകയില്ല.

"പണം പോയി തുലയട്ടെ" തുണികച്ചവടക്കാരന്റെ മകൻ ക്രോധത്തോടെ വിളിച്ചുപറയും.

ഒരിക്കൽ അയാൾ തന്നെ, വല്ലാതെ കുടിച്ചു മത്തനായി, കുറെ പത്തുരൂബിയ നോട്ടുകളുമായിവന്നു, പ്ലെറന്യോവിനെ നോക്കി ചുരുട്ടാക്കിയിരുന്ന നോട്ടുകൾ മേശമേൽ വലിച്ചെറിഞ്ഞു. അയാൾ പ്രസ്താവിച്ചു.

"നോക്കൂ, വേണോ, എനിക്കതുവേണ്ടാ."

അയാൾ ഞങ്ങളുടെ കട്ടിലിൽ കിടന്നു വിങ്ങിക്കരഞ്ഞു. ഞങ്ങൾ അയാളുടെ തലയിൽ ധാരാളം വെള്ളമൊഴിച്ചു. കുറെ വെള്ളം കുടിപ്പിക്കയും ചെയ്തു. അയാൾ ഉറങ്ങി. പ്ലെറന്യോവ്, ചുരുട്ടിപ്പിടിച്ചിരുന്ന നോട്ടുകൾ നിവർത്താൻ നോക്കി. എന്നാൽ അതസാദ്ധ്യമായിരുന്നു.

നോട്ടകൾ നനക്കാതെ, നിവർത്താനും വേർപെടുത്താനും സാദ്ധ്യമായില്ല.

വൃത്തികെട്ട, പുകനിറഞ്ഞ ഒരു മുറി. ജനലാണെങ്കിൽ അടുത്ത കെട്ടിടത്തിന്റെ ചുമരിന്റെ ഭാഗത്താണ് താനും. മുറിയിൽ ധാരാളം ആളുകൾ. കാറ്റ് തീരെ ഇല്ല. ശബ്ദായമാനമായ സന്ദർഭം. എല്ലാവരേക്കാൾ ഒച്ചയിൽ സംസാരിക്കുന്നതു് ആ വ്യവഹാരക്കാരനാണ്. ഞാൻ അയാളോട് ചോദിച്ചു.

"നിങ്ങൾ എന്തിനാണ് ഇവിടെ താമസിക്കുന്നതു്. എന്തുകൊണ്ടു നിങ്ങൾ ഒരു ഹോട്ടലിൽ താമസിക്കുന്നില്ല?

"ചങ്ങാതീ, എന്റെ ആത്മാവിനെ വിചാരിച്ചിട്ടാണ്. ഇവിടെ നിങ്ങളോടൊപ്പമാകുമ്പോൾ എന്റെ ആത്മാവിന്നു സുഖം തോന്നുന്നുണ്ടു്"

കച്ചവടക്കാരന്റെ മകൻ അനുകൂലിച്ചു.

"ശരിയാണ്, എനിക്കും അതാണനുഭവം. മറെറവിടെയെങ്കിലുമായിരുന്നെങ്കിൽ, ഞാൻ ഇതിനകം നശിച്ചു പോയിട്ടുണ്ടാകുമായിരുന്നു."

പ്ലെറന്യോവിനോട് വ്യവഹാരക്കാരൻ അപേക്ഷിച്ചു. "എന്തെങ്കിലും ഒരു പാട്ടുപാടൂ."

അയാൾ ഒരു രാഗം ആലപിക്കാൻ തുടങ്ങി.

അയാളുടെ സ്വരമാധുരി വൃദ്ധയുടെ ഹൃദയത്തിൽ ആഞ്ഞിറങ്ങി.

മുറിയിൽ നിശ്ശബ്ദം. എല്ലാവരും പാട്ടിന്റെ മാധുരിയിലും സംഗീതോപകരണത്തിന്റെ താളത്തിലും ലയിച്ചു പോയി.

"അതു നന്നു. മാരണം" ആ മുതലാളിസ്ത്രീയുടെ ശിഷ്യൻ, അഭിപ്രായപ്പെട്ടു.

ആ വീട്ടിലെ അസാധാരണ മട്ടുകാരായ ആളുകളുടെ കൂട്ടത്തിൽ ഗ്രറി പ്പെറന്യോവു് നല്ല വശ്യശക്തിയുള്ള വ്യക്തിയാണു്. യുവത്വം തുളുമ്പുന്ന ഭാവം. കൂടക്കൂടെ അയാം പൊട്ടിക്കാനുള്ള ഫലിതങ്ങളും, അയാളുടെ ആകർഷകമായ പാട്ടുകളും, മനുഷ്യരുടെ സ്വഭാവത്തെക്കുറിച്ചു അയാം പാസ്സാക്കാനുള്ള അഭിപ്രായങ്ങളും, ജീവിതത്തിലെ അനീതികളെക്കുറിച്ചു അയാം പുറപ്പെടുവിക്കാനുള്ള പ്രതിഷേധങ്ങളും, ഇവയെല്ലാം തന്നെ അയാളെ എല്ലാവർക്കും പ്രിയംകരനാക്കിത്തീർത്തു. അയാംക്കു കഷ്ടിച്ചു ഇരുപതു വയസ്സേ ആയിട്ടുള്ളൂ. നന്നെ ചെറുപ്പമാണെന്നേ തോന്നുകയുള്ളൂ. ജീവിതത്തിൽ വിഷമം തോന്നുമ്പോൾ സഹായത്തിനും ഉപദേശത്തിനും വേണ്ടി സമീപിക്കാൻ പറ്റിയ വ്യക്തിയാണയാം എന്നു എല്ലാവർക്കും അറിയാം. ഒരു തരത്തിലല്ലെങ്കിൽ, മറെറാരുതരത്തിൽ അയാം സഹായിക്കുകയും ചെയ്യും. നല്ല ആളുകളെല്ലാം അയാളെ സ്നേഹിച്ചു. ചീത്ത ആളുകൾക്കു അയാളെ ഭയവുമായിരുന്നു. വൃദ്ധനായ പോലീസുകാരൻ നിക്കി ഫോറിക്ക് പോലും, ഗ്രറിയെക്കാണുമ്പോൾ അയാളുടെ കള്ളച്ചിരി ചിരിച്ചു പരിചയം നടിക്കും.

"മരുസോവ്ക"യുടെ മുറ്റം മുമ്പോട്ടു ഉയർച്ച അധികമാണു്. അങ്ങേ ഭാഗത്തു രണ്ടു തെരുവുകൾ ഉണ്ടു, റിബ്നോർയാഡ്സ്കായാത്തെരുവും, കുറെ അങ്ങോട്ടു, സ്ടാറോഗോർഷെക്കായാത്തെരുവും. ഞങ്ങളുടെ ഗേറ്റിൽ നിന്നും വളരെ അകലെയല്ലാതെ, ഈ രണ്ടാമത്തെ പറഞ്ഞ

തെരുവിലാണ് പോലീസുകാരൻ നിക്കി ഫോറിക്കിന്റെ ചെറിയ കാവൽപ്പുര നിൽക്കുന്നതു്.

നിക്കിഫോറിക്ക് ഞങ്ങളുടെ പാർട്ടിടത്തിലെ മനുഷ്യജീവികളുടെ പേരിൽ പ്രത്യേകം ശ്രദ്ധ ചെലുത്താറുണ്ടു്. നിത്യം വളരെ പ്രാവശ്യം അയാളുടെ രൂപം ഞങ്ങളുടെ പടിക്കൽ പ്രത്യക്ഷപ്പെട്ടും. മുറ്റത്തുകൂടി സാവധാനം നടന്നുവന്നു അയാൾ ഓരോ മുറിയിലേക്കും ജനലിൽക്കൂടി എത്തിനോക്കും. ഒരു മൃഗശാലയിലെ കാവൽക്കാരൻ ഓരോ കൂട്ടിലും പരിശോധന നടത്തുന്നതുപോലെ. ശീതകാലത്തു ഞങ്ങളുടെ വീട്ടിൽ രണ്ടു അംഗങ്ങൾ അറസ്റ്റു ചെയ്യപ്പെട്ടു. ഒറക്കയ്നായ, പട്ടാള ഉദ്യോഗസ്ഥനായിരുന്ന സ്മിറനോവും, മുറാറോവ് എന്ന മറെറാരാളും. ഈ രണ്ടുപേരും സ്റ്റോബലേവിന്റെ കീഴിൽ യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ടു്; സെൻറ് ജോർജ്ജു് ക്രോസ് സമ്മാനം നേടുകയും ചെയ്തിട്ടുണ്ടു. ഇവരുടെ പേരിൽ, ചുമത്തപ്പെട്ട കുറ്റം, അവർ, സോബ്നിൻ, ഓവ്സ്യാങ്കിൻ, ഗ്രഗോവ്യേവ്, ക്രൈലോവ് മുതലായവരോടൊപ്പം, ഒരു രഹസ്യ അച്ചുകൂടം സ്ഥാപിക്കാൻ ശ്രമിച്ചു എന്നായിരുന്നു. ഈ പ്രസ്സിനുവേണ്ടി സ്മിറനോവും, മുറാറോവും, ഒരു ഞായറാഴ്ച ക്ലൂക്കി നിക്കോവിന്റെ പ്രസ്സിൽ നിന്നും കുറെ അച്ചുകൂടം പട്ടാപ്പകൽ തട്ടിയെടുത്തു എന്നായിരുന്നു ചാർജ്ജു്. അവിടെ ആ പ്രസ്സു നിൽക്കുന്ന തെരുവിൽവെച്ചാണ് അവരെ പിടിച്ചതു്. ഒരു ദിവസം രാത്രി പോലീസ്സുകാർ, "മരുസോവ്ക്ക"യിൽ ഒരു തിരിച്ചൽ നടത്തി, വേറൊരാളേയും പിടിച്ചുകൊണ്ടുപോയി. ഈ സംഗതിയറിഞ്ഞപ്പോൾ പിറെറ ദിവസം കാലത്തെ, ഗ്രറി എന്നോടു വളരെ പരിഭ്രമത്തോടെ പറഞ്ഞു.

"നോക്കൂ, മേക്ക് സിമിക്ക്, മുറ്റത്തേഴ ചെകുത്താന്മാർ! കഴിയുന്ന വേഗത്തിൽ ഓടണം."

ഞാൻ എവിടേക്കു ഓടിപ്പോകണമെന്നു വിശദമാക്കിയശേഷം അയാൾ തുടർന്നു.

"നല്ലപോലെ ശ്രദ്ധിക്കണം. ചുറ്റും ചാരന്മാരുണ്ട്."

ഏറ്റവും രഹസ്യമായ ഈ ദൌത്യം എന്നെ ഏല്പിച്ചതിൽ എനിക്കു വലിയ സന്തോഷം തോന്നി. ഞാൻ ശീഘ്രഗതിയിൽ നിർദ്ദിഷ്ട സ്ഥാനത്തെത്തി. അവിടെ ഒരു ചെമ്പോട്ടിയുടെ കൊട്ടിലിൽ, നല്ല നീലനിറമുള്ള കണ്ണുകളോടുകൂടിയ, ചുരുളുമുടിക്കാരനായ ഒരു ചെറുപ്പക്കാരൻ ഇരുന്നു ജോലിചെയ്യുന്നുണ്ട്. അയാൾ ഒരു ചെമ്പുകലം മുട്ടി ശരിപ്പെടുത്തുകയാണ്. അയാളെക്കണ്ടാൽ ഒരു വെറും തൊഴിലാളിയാണെന്നു തോന്നുകയില്ല. ഷാപ്പിന്റെ മൂലയിൽ, നരകയറിയ ശിരസ്സിൽ ഒരു തോൽകഷണംകൊണ്ടു തിരുകിക്കെട്ടിയ ഒരു കിഴവൻ ഒരു പാത്രത്തിന്റെ കുഴലു് നന്നാക്കുകയാണു്.

ഞാൻ ചോദിച്ചു.

"ഇവിടെ വല്ല ജോലിയും ഉണ്ടോ?"

കിഴവനായ ചെമ്പോട്ടി പരുഷഭാവത്തിൽ പറഞ്ഞു.

"ജോലി വേണ്ടത്രയുണ്ട്. പക്ഷെ നിനക്കില്ല."

ചെറുപ്പക്കാരൻ എന്നെ സൂക്ഷിച്ചുനോക്കി. വീണ്ടും ജോലിതുടരുകയും ചെയ്തു. ആരും കാണാതെ, ഞാൻ എന്റെ കാലുകൊണ്ടു് അയാളുടെ കാലടിയിൽ സ്പർശിച്ചു. അയാൾ അല്പം ക്രോധത്തോടെ, ആശ്ചര്യത്തോടെ, എന്നെ തുറിച്ചുനോക്കി. ആ ഭാവം കണ്ടാൽ ആ ചെമ്പുകലമെട്ട

ത്തെന്നെ എറിഞ്ഞേക്കുമോ എന്നു തോന്നും. ഞാൻ കണ്ണുകൊണ്ടു ആംഗ്യം കാണിച്ചപ്പോൾ അയാൾ ശാന്തമായിങ്ങിനെപറഞ്ഞു.

"പുറത്തുപോകൂ. പുറത്തുപോകൂ."

ഞാൻ വിണ്ടും കണ്ണുചിമ്മി. ഷാപ്പുവിട്ടിറങ്ങി. വാതിലിനു വെളിയിൽ ഞാൻ അയാളെ കാത്തു നിന്നു. ചൂരുളമുടിക്കാരനായ ആ ചെമ്പോട്ടി എഴുന്നേറ്റു. കാലും കൈയ്യും കുടഞ്ഞു, പുറത്തേക്കുവന്നു. ഒരു സിഗററ്റു കൊളുത്തിയും കൊണ്ടു പ്രതീക്ഷയോടെ അയാൾ എന്റെ മുഖത്തു നോക്കി.

"നിങ്ങൾ ടിക്കൻ ആണോ?"

"അതെ."

"പ്യോട്ടർ അറസ്റ്റുചെയ്യപ്പെട്ടിരിക്കുന്നു."

ക്രോധത്തോടെ അയാളുടെ പുരികം ഉയർന്നു. അയാളുടെ കണ്ണുകൾ എന്റെ കണ്ണുകളിൽ ചൂഴിഞ്ഞുനോക്കുകയായിരുന്നു.

"നീ എന്തിനെക്കുറിച്ചാണു് സംസാരിക്കുന്നതു്? ഏതു പ്യോട്ടർ."

"ഒരു മെലിഞ്ഞ മനുഷ്യൻ. ഒരു പാതിരിയാണെന്നു തോന്നും."

"എന്നിട്ടു്."

"അത്രയെയുള്ളൂ."

"പ്യോട്ടറും പാതിരിയും ഞാനും തമ്മിലെന്താണു് ബന്ധം." അയാൾ ചോദിച്ചു. ആ ചോദ്യത്തിന്റെ സ്വരൂപായം കൊണ്ടു തന്നെ, അയാൾ വെറും ഒരു തൊഴിലാളിയ

ല്ലെന്നു ഞാൻ തീരുമാനിച്ചു. ഞാൻ തിരികെപോന്നു. ഗ്രു റി എന്നെ ഏല്പിച്ച കർത്തവ്യം കാര്യക്ഷമമായി ചെയ്തതീ ർത്തതിലുള്ള ചാരിതാർത്ഥ്യത്തോടെ. അങ്ങിനെ, ഞാൻ ആദ്യമായി, "ഗ്രുഡാലോചന"യിൽ ചെടുന്ന ഒരു കാര്യവു മായി ബന്ധപ്പെട്ടു.

ഗ്രുപ്പിലെ മറ്റുള്ളവരിന്നു "ഗ്രുഡാലോചന"കളുമായി ബന്ധമുണ്ടായിരുന്നു. എന്നെ അയാളുടെ സംഘത്തിൽ ചേർക്കണമെന്നു പറഞ്ഞപ്പോൾ അയാൾ പറഞ്ഞു.

"നീ ഇപ്പോഴും ചെറുപ്പമാണു്. സഹോദരാ, നീ ഇ പ്പോൾ നിന്റെ പഠിത്തത്തിൽ ശ്രദ്ധിക്കുക."

യവ്റീനോവ്, എന്നെ ഒരു നിഗ്രുഢവ്യക്തിയുമായി പരിചയപ്പെടുത്താമെന്നു പറഞ്ഞു. അത്രയും ഗോപ്യമാ യും മൻകരുതലോടുകൂടിയുമാണു് അയാൾ എന്നെ ആ സ ന്ദർഭത്തിന്നു സജ്ജമാക്കിയതു്. ഈ പരിചയപ്പെടുത്തലി ന്നുവേണ്ടി, യവ്റീനോവ് എന്നെ നഗരത്തിന്നപ്പുറം, ദൂറ ന്ന, വലിയ ഒരു വയലിലേക്കുകൂട്ടിക്കൊണ്ടുപോയി. അ യാൾ എന്നെ ഓമ്മിപ്പിച്ചും കൊണ്ടിരുന്നു, ഞാൻ പരിച യിക്കാൻപോകുന്ന വ്യക്തിയെ സംബന്ധിച്ചേടത്തോളം ഞാൻ വളരെ ശ്രദ്ധയോടുകൂടി ഇരിക്കണമെന്നു. ഈ കൂടി ക്കാഴ്ച പരമരഹസ്യമായിരിക്കണമെന്നയാൾ എന്നെ താ ക്കീതുചെയ്തു. ഒടുവിൽ വയലിൽ ഏകാകിയായി സാവധാ നം നടന്നുപോകുന്ന ചാരനിറത്തിലുള്ള വസ്ത്രങ്ങൾ ധരിച്ച ഒരു ചെറിയ മനുഷ്യനെ അയാൾ എനിക്കു ചൂണ്ടിക്കാണി ച്ചുതന്നു. അയാൾ സൂക്ഷിച്ചു പിറകോട്ടു നോക്കിയശേഷം യവ്റീനോവ് എന്നോടു പറഞ്ഞു.

"അതാ അദ്ദേഹം. അദ്ദേഹത്തെ പിൻതുടരുക. അദ്ദേഹം നടത്തം മതിയാക്കി ഒരിടത്തുനില്ക്കുമ്പോൾ അദ്ദേഹത്തിന്റെ മുമ്പിൽ ചെന്നു നിന്നു ഇങ്ങിനെ പറയണം. ഞാൻ നഗരത്തിൽ നിന്നു വരികയാണു്."

ഗോപ്യമായ കാര്യങ്ങൾ എപ്പോഴും ആകർഷകമായിരിക്കും. എന്നാൽ അപ്പോൾ എനിക്കു സകലതും അത്ഥ ഹീനമായിത്തോന്നി.

നല്ല പ്രകാശമുള്ള ചൂടുള്ള ദിവസം. വയലിൽ ചാരനിറമുള്ള ഒരു വൈക്കോൽത്തണ്ടുപോലെ ഞൊടിക്കുഴഞ്ഞു നടക്കുന്ന ഒരു മനുഷ്യൻ. ക്ഷീണലായെന്നും ഇല്ല. ശവപ്പറമ്പിന്റെ ഗയിറ്റിന്നടുത്തുവെച്ചു ഞാൻ അദ്ദേഹത്തോടൊപ്പം എത്തി. അദ്ദേഹം ഒരു യുവാവാണു്. മെലിഞ്ഞ ദേഹം, ഗൌരവം തുളുമ്പുന്ന കണ്ണുകൾ, ഒരു പക്ഷിയുടേതുപോലെ. ഒരു വിദ്യാർത്ഥിയുടെ യൂനിഫോറമാണു് ധരിച്ചിട്ടുള്ളതു്. എന്നാൽ കുപ്പായക്കുടുക്കുകൾ ലോഹത്തിന്റേതല്ല; കൊമ്പിന്റേതാണു്. കറുത്തതു്. അദ്ദേഹത്തിന്റെ ഭംഗിതോന്നിക്കാത്ത തൊപ്പിയിന്മേലുള്ള വിദ്യാർത്ഥികളുടെ ചിഹ്നം നീക്കം ചെയ്തിട്ടുണ്ടു്. അവിടെ കറുത്ത ഒരു വട്ടമാത്രമെയുള്ളൂ. മൊത്തത്തിൽ അദ്ദേഹത്തിനു, അകാലികമായി ക്ഷീണൽ പ്രായം വന്നതായി തോന്നി. താൻ മുതിർന്ന ഒരാളാണെന്നു തോന്നിക്കണമെന്നു അദ്ദേഹത്തിനു തന്നെ നിർബ്ബന്ധമുള്ളതുപോലെ തോന്നി.

ഞങ്ങൾ ശവക്കല്ലറകൾക്കിടയിൽ ഇരുന്നു—ഇടതൂർന്നു വളരുന്ന കറുകിക്കാട്ടുകൾക്കിടയിൽ. അയാളുടെ സംഭാഷണം കാര്യമാത്ര പ്രസക്തമാണു്. എനിക്കയാളെ ഇഷ്ടമായില്ല; അയാളെ സംബന്ധിക്കുന്ന ഒന്നും ഇഷ്ടമായില്ല. ഞാൻ

എന്തെല്ലാം പുസ്തകങ്ങൾ വായിച്ചിട്ടുണ്ടെന്നു കണിശമായി ചോദിച്ചു മനസ്സിലാക്കിയ ശേഷം, അദ്ദേഹം സംഘടിപ്പിച്ചിട്ടുണ്ടായിരുന്ന ഒരു അദ്ധ്യയനസംഘത്തിൽ ചേരാൻ എന്നെ ക്ഷണിച്ചു. ഞാൻ ആ ക്ഷണം സ്വീകരിച്ചു. അങ്ങിനെ തീരുമാനിച്ചു ഞങ്ങൾ പിരിഞ്ഞു. അയാളാണു് ആദ്യം സ്ഥലംവിട്ടതു്. വിജനമായ വയലിൽ നാലുപാടും സൂക്ഷിച്ചു കണ്ണോടിച്ച ശേഷം അയാൾ നടന്നു.

ഈ സ്റ്റഡിക്ലാസിൽ ഞങ്ങൾ നാലഞ്ചു പേർ ഉണ്ടായിരുന്നു. ക്ലൂട്ടത്തിൽ ചെറുപ്പം ഞാനാണു്. ജോൺ സ്റ്റുവേർട്ടു് മില്ലിന്റെ ഗ്രന്ഥവും, ആ ഗ്രന്ഥത്തിനു ചെർനിഷേവ്സ്കി എഴുതിയ വ്യാഖ്യാനവും മനസ്സിലാൻ മാത്രമുള്ള പരിജ്ഞാനം എനിക്കില്ലായിരുന്നു. മിലൊവ്സ്കി എന്നു പേരായ ഒരാളുടെ മുറിയിലാണു് ഞങ്ങൾ ഒത്തുചേർന്നതു്. അദ്ദേഹം ഒരു വിദ്യാർത്ഥിയായിരുന്നു. പിൽക്കാലത്തു അദ്ദേഹം ഒരു ചെറുകഥാകൃത്തായിവളർന്നു—യെലിയോൻസ്കി എന്ന തൂലികാനാമത്തോടെ. ഏതാണ്ടു അഞ്ചു പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിയതിനു ശേഷം അയാൾ ആത്മഹത്യചെയ്തു. എനിക്കു പരിചയമായിരുന്ന എത്ര സുഹൃത്തുക്കളാണു് ഇങ്ങിനെ ദുർമേധയാ ജീവിതം അവസാനിപ്പിച്ചതു്!

മിലോവ്സ്കി ശാന്തശീലനാണു്, ചിന്തയിലും സംഭാഷണത്തിലും. അയാൾ ഒരു പഴയ കെട്ടിടത്തിലാണു് താമസം. ആശാരിപ്പണി പഠിക്കുകയാണു്. രസം പിടിപ്പിക്കുന്ന ഒരു ക്രട്ടുകാരനൊന്നുമല്ല. മില്ലിന്റെ പുസ്തകം എന്നെ ആകർഷിച്ചില്ല. ധനശാസ്ത്രത്തിന്റെ പ്രാഥമിക തത്വങ്ങൾ എനിക്കു വേഗം വൃദ്ധിസ്ഥമായി. സ്വന്തം അനു

ഭവങ്ങളിൽക്കൂടിയാണ് അതെല്ലാം ഞാൻ വശമാക്കിയ തു്. ആ തത്വങ്ങളം എന്റെ ദേഹത്തിൽ കൊത്തിവെച്ച തുപോലെയാണ്. അങ്ങിനെയിരിക്കെ, മറ്റുള്ളവക്ക് സു ഖം കൈവരാൻ വേണ്ടി അദ്ധ്വാനിക്കുന്ന ഏതൊരാൾക്കും വ്യക്തമായറിയുന്ന സംഗതികളം ഉപകൊള്ളിച്ചും വലിയ കടുപ്പമുള്ള വാക്കുകളം ഉപയോഗിച്ചും, വലിയ വലിയ പു സ്തകങ്ങളം എഴുതേണ്ടതിന്റെ ആവശ്യകതയെന്താണെന്നു എനിക്കു മനസ്സിലായില്ല. രണ്ടു മണിക്കൂറും മൂന്നു മണി ക്കൂറും ഒരേ ഇരിപ്പിൽ ഇരുന്നു, പശയുടെ മണം ശ്വസി ച്ചും, കുമികളം ചുമരിൽ കൂടി ഇഴഞ്ഞുപോകുന്നതു നോ ക്കിയും ആ കൂട്ടുസ്സായ മുറിയിൽ കഴിച്ചുകൂട്ടുന്നതു് എനിക്കു വളരെ വിഷമമായിത്തോന്നി.

ഒരു ദിവസം ഞങ്ങളുടെ ഗുരുനാഥൻ കൃത്യസമയ ത്തിനെത്തിയില്ല. അദ്ദേഹം അന്നു വരാൻ ഇടയില്ലെന്ന വിശ്വാസത്തിന്മേൽ, ഞങ്ങളം ഒരു ചെറിയ സദ്യക്കു വട്ടം കൂട്ടി. ഒരു കുപ്പി വോഡ്കയും കുറെ റൊട്ടിയും വെള്ളരിക്ക യും വരുത്തിച്ചു. പെട്ടെന്നു ആ ചാരനിറത്തിലുള്ള രൂപം ജ നലിന്നടുത്തുകൂടി കടന്നുവരുന്നതു കണ്ടു. മേശക്കു കീഴെ വോഡ്കക്കുപ്പി ഒളിച്ചുവെക്കുമ്പോഴേക്കും അദ്ദേഹം മുറിയിൽ പ്രവേശിച്ചുകഴിഞ്ഞു. ചെർനിഷെവിസ്കി ഉന്നയിച്ച തത്വങ്ങളെ അദ്ദേഹം വിവരിച്ചുകൊണ്ടിരിക്കെ, ഞങ്ങളം പരമവിഡ്ഢികളെപ്പോലെ അങ്ങിനെ ചരിത്രമിച്ചിരിപ്പായി. ആക്കും അനങ്ങാൻ ധൈര്യമില്ല. ആരുടെയെങ്കിലും കാലി ൽ തട്ടി മദ്യം വെളിക്കു ചാടിയാലോ എന്ന ഭയം. ഒട്ട വിൽ അദ്ദേഹം തട്ടിയിട്ടാണ് കുപ്പി മറിഞ്ഞുവീണതു്. കു പ്പി വീഴുന്ന ശബ്ദം കേട്ട അദ്ദേഹം മേശക്കു കീഴെ കുനിഞ്ഞു

നോക്കി. ഒരൊറ്റ അക്ഷരം അതിനെക്കുറിച്ചു പറഞ്ഞില്ല. ഞങ്ങളെ അദ്ദേഹം കളിക്കെ ഒന്നു ശകാരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്നു ഞങ്ങളെല്ലാം ആഗ്രഹിച്ചു. അദ്ദേഹം അതിനെക്കുറിച്ചൊന്നും പറയാതിരുന്നതു്; അദ്ദേഹത്തിന്റെ ഗൌരവഭാവം; ആ കണ്ണുകളിൽ നിഴലിച്ചു കണ്ട ഞങ്ങളെക്കുറിച്ചുള്ള നിരാശ; ഇതെല്ലാം തന്നെ എന്നെ വല്ലാതെ അസ്വസ്ഥനാക്കി. ഞാൻ എന്റെ സഖാക്കളുടെ വൈവർണ്യം പ്രാപിച്ച വദനങ്ങളിൽ സൂക്ഷിച്ചു നോക്കി. ഞങ്ങളുടെ ഗുരുനാഥനോടു വലിയ അനീതിയാണു് കാണിച്ചതെന്നു എനിക്കു ബോദ്ധ്യമായി. വോഡ്ക വാങ്ങാനുള്ള അഭിപ്രായം പുറപ്പെടുവിക്കുന്നതിൽ എനിക്കു പങ്കൊന്നും ഉണ്ടായിരുന്നില്ല. എന്നാലും, എനിക്കു വല്ലായ്മ തോന്നി.

ഈ സമ്മേളനങ്ങളിൽ എനിക്കു വല്ലാത്ത മടുപ്പുതോന്നാറുണ്ടു്. എന്നാൽ താത്തരികം താമസിക്കുന്ന തെരുവുകളിൽ ചുറ്റി നടക്കാൻ എനിക്കുത്സാഹം തോന്നും. അവിടെ, രസികന്മാരായ, സൌഹാർദ്ദഭാവമുള്ള ഒരു കൂട്ടം ആളുകൾ, അസാധാരണമെങ്കിലും, വളരെ വൃത്തിയോടുകൂടിയ ഒരു ജീവിതം നയിച്ചുപോരികയായിരുന്നു. അവരുടെ ഭാഷ തമാശ തോന്നിക്കുംവണ്ണം വികൃതമാക്കപ്പെട്ട ഒരു തരം റഷ്യനാണു്. വൈകുന്നേരമായാൽ, പ്രാർത്ഥനക്കുള്ള വിളികേട്ടു, അവർ ഒത്തുചേരും. എനിക്കു മനസ്സിലായി, എന്നെ ഒരു തരത്തിലും സന്തോഷിപ്പിക്കാൻ വയ്യാത്ത എന്റെ ജീവിതക്രമവും, താത്തരിക്കാരുടെ ജീവിതക്രമവും തമ്മിൽ, യാതൊരു സാധർമ്മ്യവും ഇല്ല.

എനിക്കു വോംഗാ നദിയിലേക്കു ഓടിപ്പോകാൻ തോന്നി. തോണികളിൽ ജോലി ചെയ്യാനുള്ള ആഗ്രഹം എന്നെ ആവേശം കൊള്ളിച്ചു. ഇപ്പോഴും ആ സംഗീതം എന്റെ ഹൃദയം നിറഞ്ഞൊഴുകുന്നുണ്ട്. അദ്ധ്വാനത്തിന്റെ സംഗീതവും കവിതയും ആസ്വദിച്ചിരുന്ന, ആ കാലം ഇപ്പോഴും എന്റെ സ്മരണയിൽ തങ്ങിനില്ക്കുന്നുണ്ട്.

പേർസ്യയിൽനിന്നു ചരക്കുകളും കയറ്റി വരുകയായിരുന്ന ഒരു വലിയ തോണി ഒരു ദിവസം, കാസാന്നട്ടുത്തുവെച്ചു ഒരു പാറയിൽ ചെന്നടിച്ചു തോണിയുടെ അടിഭാഗത്തിനു കേടുതട്ടി. എന്നെ ചരക്കിറക്കുന്ന കരാറുകാർ ജോലിക്കെട്ടത്തിരിക്കുകയായിരുന്നു. സെപ്തമ്പർ മാസമാണു്. ശക്തിയുള്ള കാറു് ഒഴുക്കിനു നേരെ വീശുകയാണു്. നല്ല മഴയും. പുഴയിലങ്ങോളം തിരമാലകൾ അടിച്ചുമറിയുകയാണു്. തിരകളുടെ മുകൾപ്പരപ്പിനെ കാറു് ശക്തിയിൽ പറിച്ചുകീറി. ഞങ്ങൾ ജോലിക്കാർ ഏകദേശം അമ്പതു പേർ ഒരൊഴിഞ്ഞ തോണിയിൽ രക്ഷപ്രാപിച്ചു. താർപായയുടേയും ചാക്കുകളുടേയും ഉള്ളിൽ ഞങ്ങൾ അന്യോന്യം കെട്ടിപ്പിടിച്ചു ചൂളിയിരുന്നു. ഞങ്ങൾ ഇരിക്കുകയായിരുന്ന തോണി, ഒരു ചെറിയ സ്റ്റീം ബോട്ടു വലിച്ചുകൊണ്ടുപോകയാണു്. ബോട്ടിന്റെ ഇഞ്ചിൻ ഇടക്കിടെ തീപ്പൊരികൾ ചിതറിക്കൊണ്ടിരുന്നു.

വൈകുന്നേരമായി. ഇരുണ്ടു, ഈറനായി, കറുത്ത ആകാശം, പുഴക്കുമീതെ കമിഴ്ന്നു താണുനിന്നു. മേസ്ത്രിമാർ, ശാപവാക്കുകൾ പറഞ്ഞു. അവർ മഴയേയും, കാറിനേയും, ജീവിതത്തെത്തന്നെയും ശപിച്ചു. ഉദാസീനമായി അവർ തണുപ്പിൽ നിന്നും, മഴയിൽനിന്നും രക്ഷ തേ

ടുവാൻ തോണിയിൽ അങ്ങോട്ടുമിങ്ങോട്ടും നീങ്ങി. ഉടൻ തന്നെ മാരായ ഇവർക്ക് അവരുടെ ജോലി ചെയ്യാൻ മാത്രമുള്ള കരുത്തില്ലെന്നു ഞാൻ തീരുമാനിച്ചു. മുങ്ങിനശിക്കാൻ പോകുന്ന ചരക്കു മുഴുവനും രക്ഷപ്പെടുത്താൻ അവരെക്കൊണ്ടാവില്ലെന്നു തോന്നി.

അർദ്ധരാത്രിയാകാറായപ്പോൾ ഞങ്ങളുടെ തോണി ഒരു ഴംകുറഞ്ഞ ഒരു സ്ഥലത്തെത്തി. ഞങ്ങൾ കേട്ടുപരിചയിച്ച തോണിയുടെ അടുത്തേക്കോടി. ഞങ്ങളുടെ മൂപ്പൻ—പരിചയനായ ഒരു വൃദ്ധൻ—മുഖം നിറയെ വസൂരിക്കലയുള്ള, സദാ ചടുല വാക്കുകൾ പറയുന്ന, പരുന്തിനേപ്പോലുള്ള കണ്ണുകളുള്ള വൃദ്ധൻ—നനഞ്ഞ തൻറെ തൊപ്പി മൊട്ടത്തലയിൽനിന്നും വലിച്ചു താഴ്ത്തി, ഒരു സ്ത്രീയുടെ സ്വരത്തിൽ ഇങ്ങിനെ വിളിച്ചുപറഞ്ഞു.

"മക്കളെ പ്രാർത്ഥിക്കൂ"

മേസ്തിരിമാരെല്ലാരും ഒപ്പം ചേർന്നു നിന്നു എന്തെല്ലാമോ പിറുപിറുത്തു. മേസ്തിരിമാരിൽ മൂപ്പൻ ആദ്യം, പ്രാർത്ഥന മതിയാക്കി വിളിച്ചുപറഞ്ഞു.

"റാന്തൽ കൊണ്ടുവരൂ! നോക്കൂ, കുട്ടികളെ നിങ്ങൾക്കു ഇപ്പോൾ എന്തു ചെയ്യാൻ കഴിയുമെന്നു ഇവിടെയാണു തെളിയിക്കേണ്ടതു്. ദൈവത്തിൻറെ സഹായത്തോടുകൂടി, ശരിക്കു, ജോലി ആരംഭിക്കുവിൻ!"

അലസരായ, ചുറുചുറുക്കില്ലാത്ത, നനഞ്ഞുവീർത്ത, ഈ ആളുകൾ, "അവർക്കു എന്തു ചെയ്യാൻ കഴിയുമെന്നു കാണിക്കാൻ" തുടങ്ങി. ഒരു യുദ്ധരംഗത്തേക്കെന്നപോലെ—ക്രുവിയും, ആത്തും, തമാശകൾ വിളിച്ചുപറഞ്ഞും; അവർ മുങ്ങാൻ ഭാവിക്കുന്ന ബോട്ടിൻറെ മേൽത്തട്ടിലേക്കു ഓടിക്കയറി. അരിച്ചാക്കുകൾ, മുന്തിരിച്ചാക്കുകൾ, തോലി

ന്റെ കെട്ടകം, തുടങ്ങിയ സാധനങ്ങൾ വേഗത്തിൽ എടുത്തെറിഞ്ഞിറക്കാൻ തുടങ്ങി. ആളുകൾ അങ്ങോട്ടുമിങ്ങോട്ടും പ്രോത്സാഹജനകമായി പലതും വിളിച്ചുകൂവി. അത്രനേരം ജീവിതത്തെക്കുറിച്ചും, മഴയെക്കുറിച്ചും, തണുപ്പിനെക്കുറിച്ചും ആക്ഷേപിച്ചു മടിയരായിക്കൂടിയിരുന്ന ആളുകൾക്കു ഇത്രയും സാമർത്ഥ്യവും ഉത്സാഹവും പ്രദർശിപ്പിക്കുവാൻ കഴിയുമെന്നു വിശ്വസിക്കാൻ പ്രയാസമാണു്. മഴക്കു ശക്തിക്കൂടി. തണുപ്പു വർദ്ധിച്ചു. കാറ്റും കൂടുതൽ ശക്തിപ്പെട്ടു. ഞങ്ങളുടെ കൂപ്പായം മേലോട്ടു പൊങ്ങി, വയറത്തു തണുപ്പു വന്നടിച്ചു. തണുപ്പിൽ, ആ ഇരുട്ടത്തു, റാന്തലുകളുടെ മങ്ങിയ വെളിച്ചത്തിൽ, ആ കറുത്ത രൂപങ്ങൾ ഒച്ചയാക്കിയും കൊണ്ടു ബോട്ടുകളുടെ മേൽത്തട്ടിൽ അങ്ങോട്ടുമിങ്ങോട്ടും കുതിച്ചു. ജോലി ചെയ്യാൻ മോഹം പൂണ്ടതുപോലെ, ഘനമേറിയ ചാക്കുകൾ എടുത്തെറിയുവാൻ കൊതിപൂണ്ട പോലെ, ചുമലിൽ വലിയ കെട്ടകം വെച്ചു നടക്കാൻ വാശിയുള്ളതുപോലെ, അവർ അത്യുത്സാഹത്തോടെ ജോലി തുടർന്നു. കുട്ടികൾ കളിക്കുമ്പോൾ കാണിക്കാറുള്ള ഉത്സാഹമാണവർ പ്രദർശിപ്പിച്ചതു്. അദ്ധ്വാനത്തിന്റെ ആവേശം അവരെ പ്രോത്സാഹിപ്പിക്കുകയായിരുന്നു, ഒരു സുമുഖിയുടെ മധുരമായ ആശ്ലേഷമെന്നപോലെ.

നനഞ്ഞ വലിയ കോട്ടു ധരിച്ച നീണ്ടതാടിയുള്ള ഒരു വലിയ മനുഷ്യൻ,—ഒരു പക്ഷെ ചരക്കിന്റെ ഉടമയാകാം, അല്ലെങ്കിൽ അയാളുടെ മല്ലാളിയാകാം, പെട്ടെന്നു മുഴുവൻ ശക്തിയുപയോഗിച്ചു വിളിച്ചുപറഞ്ഞു.

"ഹെയ്, ചങ്ങാതിമാരെ, ഓരോ ആൾക്കും ഓരോ പാത്രം മദ്യം! ഹെയ്, കൂട്ടുകാരെ, രണ്ടുപാത്രം! വേഗം മുഴുവൻ കടത്തണം."

നാലു ഭാഗത്തുനിന്നും അവർ ക്രൂട്ടായി വിളിച്ചു പറഞ്ഞു.

"മൂന്നു പാത്രം"

"ശരി, മൂന്നു പാത്രം! പണി തീർക്കുക."

അദ്ധ്വാനത്തിന്റെ ആ ആവേശം, ഒരു കൊടുങ്കാറ്റിന്റെ ശക്തിയോടെ അവിടമെങ്ങും പറന്നുകളിച്ചു.

ഞാനും, ചരക്കുകൾ പൊക്കിയെടുത്തു വലിച്ചിഴച്ചു എറിഞ്ഞുകൊടുത്തു. എനിക്കു തോന്നി ഞാനടക്കം ആ പരിസരം മുഴുവനും വല്ലാത്ത വേഗതയോടുകൂടിയ ഒരു ഭ്രാന്തവിശേഷത്തിൽ പങ്കെടുക്കുകയാണെന്നു, തുടച്ചയായി കുറെ മാസങ്ങളോളം—വർഷങ്ങളോളം ഈ ആളുകൾ, ക്ഷീണം തട്ടാതെ, ഈ വിഷമം പിടിച്ച ജോലി, അതെ ഉത്സാഹത്തോടെ തുടർന്നു പോകുമെന്നും ഗോപുരങ്ങളുടെ ഉച്ചിയിൽപിടിച്ചുംകൊണ്ടു, നഗരം മുഴുവൻതന്നെ വലിച്ചു നീക്കേണമെങ്കിൽ, അതും ഇവർക്കു പ്രയാസമായിരിക്കുകയില്ല.

അതിനു മുമ്പു അനുഭവപ്പെടാതിരുന്ന ഒരു വല്ലാത്ത ആനന്ദം ആ രാത്രി എനിക്കാസ്വദിക്കാൻ കഴിഞ്ഞു. അദ്ധ്വാനത്തിന്റെ ആ മായികാനന്ദത്തിൽ, ജീവിതം മുഴുവൻ കഴിച്ചുകൂട്ടാൻ കഴിഞ്ഞെങ്കിൽ എന്നു ഞാൻ ആശിച്ചു. താഴെ തിരമാലകളും ഭ്രാന്തം വെക്കുകയായിരുന്നു. മുഴുപ്പോഴും കോരിച്ചൊരിയുകയാണ്; കാറ്റും ചീറിയടിക്കുകയാണ്. പുലർകാലമായിട്ടും നനഞ്ഞു, അർദ്ധനഗ്നരായ, ആ ആളുകൾ, വേഗതയോടെ, അല്പവും ക്ഷീണം തട്ടാതെ, ക്രുദ്ധിയും പൊട്ടിച്ചിരിച്ചും അവരുടെ ജോലി തുടരുകയാണ്; അവരുടെ കായബലത്തിലും, അദ്ധ്വാനത്തി

ലും ആവേശം കൊള്ളുകയാണു്. അപ്പോഴതാ തിങ്ങിക്കൂടിനില്ക്കുന്ന ആ മേഘാവരണത്തെ, ശക്തനായ കാറു രണ്ടായിക്കീറുന്നു. നീലിച്ച ആകാശഭിത്തിയിൽ, പനിനീർ പൂവിന്റെ നിറമുള്ള സൂര്യരശ്മി പരന്നു കഴിഞ്ഞു. പ്രവൃത്തിചെയ്തുകൊണ്ടിരുന്ന പരുക്കൻ മട്ടുകാരായ എന്റെ ചങ്ങാതികൾ, സൂര്യപ്രകാശത്തെ, ആർത്തു വിളിച്ചു സ്വാഗതം ചെയ്തു; സ്വന്തം ജോലിയിൽ ഇരുട്ടും പ്രാഗത്ഭ്യം പ്രദർശിപ്പിക്കുന്ന ജോലിയിൽ ആ കണ്ടും മുഴുകിക്കഴിയുന്ന ഈ പരുക്കൻ മട്ടുകാരെ, കെട്ടിപ്പിടിച്ചാശ്ലേഷിക്കണമെന്നെനിക്കാഗ്രഹം ജനിച്ചു.

സന്തോഷപ്രദമായ ഈ ആവേശത്തള്ളിച്ചയെ നേരിടാൻ, ഒരു ശക്തിക്കും സാദ്ധ്യമല്ല. അദ്ധ്വാനത്തിന്റെതായ ഈ മാസ്മരശക്തിക്കു ഈ ഭൂമിയിൽ പല അത്ഭുതങ്ങളും സൃഷ്ടിക്കാൻ കഴിയും, യക്ഷികഥകളിൽ പറയുംപോലെ രാത്രിക്കു രാത്രികൊണ്ടു വലിയ കൊട്ടാരങ്ങളും നഗരങ്ങളും നിർമ്മിക്കുവാൻ കഴിയും. ഒന്നു രണ്ടു നിമിഷങ്ങൾ സൂര്യരശ്മി, മനുഷ്യന്റെ അദ്ധ്വാനം നോക്കിനിന്നു. പിന്നെ, ഇടതിങ്ങി നില്ക്കുന്ന മേഘക്കൂട്ടങ്ങളോടു തോറും, കടലിൽ വീണു കാണാതായിപ്പോയ ഒരു കുട്ടിയെപ്പോലെ, തീരെ മങ്ങിപ്പോകയും ചെയ്തു. മഴവീണ്ടും കോരിച്ചൊരിയാൻ തുടങ്ങി.

"ഉന്തിവിടൂ" ആരോ വിളിച്ചു പറഞ്ഞു. ഉടനേ അതിന്നു ഒരാൾ മറുപടി പറഞ്ഞു.

"ആരാണു് ഉന്തിവിടാൻ പറഞ്ഞതു്?"

വൈകുന്നേരം രണ്ടുമണി ആകുന്നതുവരെ അവസാനത്തെക്കെട്ടു സാമാനം ഇറക്കുന്നതുവരെ, അവർ അക്ഷീണം

ജോലിതുടങ്ങി. അദ്ദേഹമായി, കോരിച്ചൊരിയുന്ന മഴയെ ഗൌനിക്കാതെ, കടിച്ചു കീറുന്ന കാറ്റിനെക്കൂസാതെ, ജോലിചെയ്തു. ഇതുകണ്ടപ്പോൾ, മനുഷ്യന്റെ അദ്ധ്വാനശക്തിയുടെ മഹനീയതയെക്കുറിച്ചും, സമ്പന്നതയെക്കുറിച്ചും എനിക്കു വലിയ മതിപ്പുതോന്നി.

പണിതീർന്നപ്പോൾ ഞങ്ങൾ ബോട്ടിൽ കയറി. കടിച്ചു മത്തന്മാരായ ആളുകളെപ്പോലെ വീണുറങ്ങി. ഞങ്ങൾ കാസാനിൽ തിരിച്ചെത്തി കരയിൽ ഇറങ്ങി, മേൽകഴുകി, "മൂന്നു പാത്രം വോഡ്ക" കുടിക്കാൻ, മദ്യഷാപ്പിലേക്കു കുതിച്ചു.

കള്ളനായ ബൊഷ്കിൻ അവിടെ കയറിവന്നു, ഏന്നെ ആപാദചൂഡം സൂക്ഷിച്ചു നോക്കി ഇങ്ങിനെ ചോദിച്ചു.

"അവർ നിന്നെ എന്താണു് ചെയ്തതു്?"

അങ്ങേ അറ്റത്തെ സംതൃപ്തിയോടെ ഞാൻ ഞങ്ങൾ ചെയ്തതീർത്ത ജോലിയെക്കുറിച്ചു വിവരിച്ചു. അയാൾ മുഴുവൻ ശ്രദ്ധിച്ചു, നെടുവീർപ്പിട്ടു, പുച്ഛഭാവത്തിൽ അഭിപ്രായപ്പെട്ടു.

"വിഡ്ഢി! ഒരു വിഡ്ഢിയേക്കാൾ വിഡ്ഢി, മരത്തലയൻ."

ഒരു രാഗം മൂളിയുംകൊണ്ടു, അയാൾ ഷാപ്പിൽ വരിയായിട്ടിരുന്ന മേശകൾക്കിടയിൽക്കൂടി കടന്നുപോയി. അങ്ങൊരു മൂലയിൽ നിന്നും അശ്ലീലമായ ഒരു ഗാനം മുഴങ്ങി. അഞ്ചുപത്താളുകൾ ഒരേസ്വരത്തിൽ, മേശമേൽ താളംപിടിച്ചുറപാടി. രാഗാലാപവും ചൂളം വിളികളും. മുറിയിൽ മുഴുവനും ഉല്ലാസം അലയടിച്ചു.

II

ആരോ എന്നെ, ആൻഡ്രി ഡൊറെങ്കോവുമായി പരിചയപ്പെടുത്തി. ദരിദ്രർ തിങ്ങിപ്പാർക്കുന്ന ഒരു തെരുവിന്റെ അറ്റത്തു ഒരു പലചരക്കു ഷാപ്പിന്റെ ഉടമയായിരുന്ന അയാൾ. ഡൊറെങ്കോവ്, ഒരു കഴുതിന്നു സ്വാധീനമില്ലാത്ത ചെറിയ മനുഷ്യനാണ്. സ്നേഹം സ്ഫുരിക്കുന്ന മുഖം. ഭംഗിയുള്ളതാടിയും ബുദ്ധികമ്മത സൂചിപ്പിക്കുന്ന കണ്ണുകളും. അയാളുടെ അധീനത്തിൽ കാസാനിൽവെച്ചു ഏറ്റവും നല്ല ഒരു ഗ്രന്ഥശേഖരമുണ്ടു; നിരോധിക്കപ്പെട്ട പുസ്തകങ്ങളുടെ ഒരു സമാഹാരം. നഗരത്തിലെ പല വിദ്യാലയങ്ങളിലായി പഠിക്കുന്ന അനേകം വിദ്യാർത്ഥികൾ ഈ പുസ്തകങ്ങൾ വായിക്കാറുണ്ടു. വിപ്ലവപരമായ ആശയഗതിയുള്ള പലരും ഈ ഗ്രന്ഥശേഖരം ഉപയോഗിക്കാറുണ്ട്.

ഈ പലചരക്കു പീടിക, ഒരു പണമിടപാടുകാരന്റെ വകയായ ഒരു കെട്ടിടത്തിലാണ്. ഷാപ്പിൽ നിന്നും അടുത്തുള്ള ഒരു വലിയ മുറിയിലേക്കു കടക്കാം. ആ മുറിക്കു ഒരു ചെറിയ ജനലേയുള്ളൂ. ഈ മുറിയുടെ അപ്പുറം ഒരു കുട്ടങ്ങിയ അടുക്കളയാണ്. ഇടനാഴിയുടെ അറ്റത്തു ഒരു കലവറയുണ്ടു. അവിടെയാണ് പുസ്തകങ്ങൾ സൂക്ഷിച്ചിട്ടുള്ളതു്. ചില പുസ്തകങ്ങൾ കൈയ്യെഴുത്തു പകർപ്പുകളാ

ണ്. വലിയ കെട്ടിയ നോട്ടുപുസ്തകങ്ങളും ലാവ്റോവിന്റെ "ചരിത്രപരമായ എഴുത്തുകളും" ചെർനിഷെവിസ്കിയുടെ "എന്തുചെയ്യണം" പിസറേവിന്റെ "ലേഖനങ്ങളും" ഇവയെല്ലാം കയ്യെഴുത്തു പകർപ്പുകളായിരുന്നു. ഞാൻ ആദ്യമായി ഷാപ്പിൽ ചെന്നപ്പോൾ, ഡെറെങ്കോവ്, അടവുകാരൻ വിലപറഞ്ഞു സാമാനങ്ങളും കൊടുക്കുകയായിരുന്നു. അയാളം എന്നെനോക്കി തലയാട്ടി, അകത്തേക്കു പോകാൻ ആംഗ്യം കാണിച്ചു. വെളിച്ചംകുറഞ്ഞ ആ വലിയ മുറിയിൽ ഞാൻ പ്രവേശിച്ചു. അവിടെ ചെറിയ, വൃദ്ധനായ ഒരു മനുഷ്യൻ മുട്ടുകുത്തി ഇരുന്നു പ്രാർത്ഥിക്കുകയാണ്. സാറോവിലെ മഹർഷിയായ, സെറാഫിമിന്റെ ഒരു ചിത്രമാണ് അപ്പോൾ എനിക്കോർമ്മയിൽ വന്നതു്. അയാളെ നോക്കിയുംകൊണ്ടങ്ങിനെ നിൽക്കെ, എന്തോ തെറ്റുചെയ്യുന്ന ഒരു ബോധം എനിക്കുണ്ടായി. ഒരു വൈരുദ്ധ്യബോധം.

ഡെറെങ്കോവ് ഒരു "നരോഡ്നിക്ക്" ആണെന്നാണ് എന്നെ മനസ്സിലാക്കിയിരുന്നതു്. എന്റെ അഭിപ്രായത്തിൽ ഒരു "നരോഡ്നിക്ക്" ഒരു വിപ്ലവകാരിയാണ്—ഒരു വിപ്ലവകാരിയാണെങ്കിൽ, ദൈവത്തിൽ വിശ്വസിക്കാൻപാടില്ല. അതുകൊണ്ടു ഭക്തനായ ഒരു വൃദ്ധൻ അവിടെ ഉണ്ടായിരിക്കുക എന്നതു് എനിക്കു തീരെ അപ്രസക്തമായിത്തോന്നി.

പ്രാർത്ഥിച്ചു കഴിഞ്ഞശേഷം, അയാളം തന്റെ നരച്ച താടിയും മുടിയും, തടവി മിനുക്കി എന്നെ സൂക്ഷിച്ചുനോക്കി ഇങ്ങിനെ പറഞ്ഞു.

"ഞാൻ ആൻഡ്രിയുടെ അച്ഛനാണു്. നീ ആരാണു്?..... ഓ—അതാണു് കാര്യം. ഞാൻ ധരിച്ചതു് നീ വേഷപ്രഛന്നനായി വന്ന ഒരു വിദ്യാർത്ഥിയാണെന്നാണു്"

"വിദ്യാർത്ഥികൾ എന്തിനു വേഷപ്രഛന്നരായി നടക്കണം." ഞാൻ ചോദിച്ചു.

"അതങ്ങിനെയാണു്" വൃദ്ധൻ സാവധാനം മറുപടി പറഞ്ഞു. "എങ്ങിനെ വേഷം മാറിയാലും ദൈവത്തിനു മനസ്സിലാകാതിരിക്കയില്ലല്ലോ."

അദ്ദേഹം അടുക്കളയിലേക്കു കടന്നു. ഞാൻ ജനലിന്നടുത്തിരുന്നു—ചിന്താഗ്രസ്ഥനായി. അപ്പോൾ ആരോ പ്രസ്താവിക്കുന്നതുകേട്ടു.

"അങ്ങിനത്തെ ആളാണയാൾ!"

വെറും വെള്ളവസ്ത്രങ്ങൾ മാത്രം ധരിച്ചിരുന്ന ഒരു പെൺകുട്ടി, അടുക്കളയുടെ വാതിലിന്റെ കട്ടിള ചാരി നിൽക്കുന്നുണ്ടായിരുന്നു. അവളുടെ ഭംഗിയുള്ള തലമുടി വെട്ടി ഒതുക്കിവെച്ചിരിക്കുന്നു. അവളുടെ മുഖം വിളറിയിട്ടുണ്ടു്. എന്നാൽ അവളുടെ നീലക്കണ്ണുകളിൽ ഒരു നല്ല പ്രകാശമുണ്ടു്. അവൾ ഒരു ദൈവപ്രതിയെപ്പോലെ—താണതരം പുസ്തകങ്ങളിൽ വിവരിച്ചുകാണുന്ന ദൈവപ്രതിപോലെ—തോന്നി.

"നിങ്ങളെന്താണിങ്ങിനെ ഭയപ്പെട്ടതു്? ഞാനെന്താണു് അത്രക്കും ഭയങ്കരമായ ഒരു രൂപമാണോ?" അവൾ ചോദിച്ചു. ഒരു നേരിയ വിറകൊള്ളുന്ന സ്വരം. സാവധാനം സൂക്ഷിച്ചു സൂക്ഷിച്ചു അവൾ എന്റെ അടുത്തേക്കു

വന്നു. ചുമരിൽ പിടിച്ചുംകൊണ്ടു. കാലിന്നു ചുവടെ തറ യാകെത്തന്നെ, ആടിക്കളിക്കുന്ന ഒരു കയറാണെന്നപോലെ. നടക്കാൻ വയ്യായ്ക അവൾക്കു മറ്റെ ലോകവുമായി കൂടു തൽ ബന്ധമുള്ളതുപോലെ തോന്നിച്ചു. അവളുടെ കാല ടികളിൽ ആണിതറപ്പിക്കുന്നതുപോലെ അവളുടെ ദേഹം മുഴുവൻ വിറക്കുന്നുണ്ടു. ചുമരിന്മേലുള്ള ആണികൾ, അവ ളുടെ കൈകളിൽ തറച്ചേൽക്കുന്നുണ്ടെന്നു തോന്നി. അവ ളുടെ വിരലുകൾ അസാധാരണമാംവണ്ണം നിശ്ചലമായി രുന്നു.

ഞാൻ ഒന്നും മിണ്ടാതെ അങ്ങിനെ സ്തംഭിച്ചുനിന്നു. എനിക്കവളുടെ പേരിൽ വലിയ അനുകമ്പ തോന്നി. ഈ വെളിച്ചം കുറഞ്ഞ മുറിയിൽ എല്ലാം തന്നെ എത്ര അസാ ധാരണമായിരിക്കുന്നു എന്നു ഞാൻ ആലോചിച്ചു.

ആ പെൺകുട്ടി വളരെ സൂക്ഷ്മതയോടെ കസേലയിൽ ഇരുന്നു. കസേല പറന്നു പോയ്ക്കളയുമോ എന്നവൾ ഭയ പ്പെടുകയാണെന്നു തോന്നും, മറ്റാരും പറയാത്ത ഒരു മട്ടിൽ അവൾ എന്നോടു പറഞ്ഞു, കൈകാലുകളുടെ ചൈ തന്യം നശിച്ചു മൂന്നു മാസക്കാലം കിടപ്പിൽത്തന്നെ കഴിച്ചു കൂട്ടി അവൾ ആദ്യമായി നടക്കാൻ ശ്രമിക്കുകയാണെന്ന്.

"അതു ഒരു തരം വാതസംബന്ധമായ രോഗമാണു്." അവൾ ചിരിച്ചുംകൊണ്ടു പറഞ്ഞു.

അവളുടെ ആ അവശനില മറ്റേതെങ്കിലും കാരണം കൊണ്ടാണെന്നു വ്യാഖ്യാനിക്കപ്പെടേണ്ടതായിരുന്നു എന്നു ഞാൻ ആശിച്ചു. വാതസംബന്ധമായ ഒരു രോഗം—ആ വിവരണം, അങ്ങിനെയുള്ള ഒരു പെൺകുട്ടിയെക്കുറിച്ചുള്ള വിവരണം—തീരെ വിരസമാണു്.

ആ മുറിയിലുള്ള എല്ലാം തന്നെ ചുമരിനോടൊട്ടിപ്പിടിച്ചു നിൽക്കുകയാണെന്നു തോന്നി. പ്രതിമകളും വെക്കുന്ന മൂലയിലെ, വിളക്കിന്നു കൂടുതൽ പ്രകാശമുള്ളതായി തോന്നി. വിളക്കിന്റെ ചങ്ങലകളുടെ നിഴൽ, തീൻമേശക്കുമേലെ പതിഞ്ഞു കാരണമില്ലാതെ ആടിക്കളിക്കുകയായിരുന്നു.

"ഞാൻ നിങ്ങളെക്കുറിച്ചു ധാരാളം പറഞ്ഞു കേട്ടിട്ടുണ്ട്. നിങ്ങളും എന്നുമാതിരി ആളാണെന്നു കാണാൻ ഞാൻ ആഗ്രഹിച്ചു" ഒരു ചെറിയ കുട്ടിയുടേതുപോലെയുള്ള സ്വരത്തിൽ അവൾ തുടർന്നു.

എനിക്കു ഒരു വല്ലായ്മ തോന്നി. സഹിക്കാൻ കഴിയാത്ത ഒരു വല്ലായ്മ. അവളുടെ സൂക്ഷിച്ചുള്ള വീക്ഷണത്തിൽ അവളുടെ കൃഷ്ണമണികൾക്കു പിന്നിലുള്ള എന്തോ ഒരു ശക്തി, എന്നെ അകവും പുറവും നോക്കി പഠിക്കുകയായിരുന്നു എന്നു ഞാൻ ധരിച്ചു. ഇങ്ങിനെയുള്ള ഒരു പെൺകുട്ടിയുമായി സംസാരിക്കാൻ എനിക്കു സാദ്ധ്യമല്ല. എങ്ങിനെ സംസാരിക്കണമെന്നു എനിക്കു നിശ്ചയമില്ല. ചുമരിന്മേലുള്ള ചിത്രങ്ങൾ നോക്കി ഞാനങ്ങിനെ മിണ്ടാതെനിന്നു. ഫെർസന്റെയും, ഡാർവ്വിന്റെയും, ഗാരിബാൽഡിയുടേയും ചിത്രങ്ങൾ.

ഏതാണ്ടു എന്റെ പ്രായമുള്ള, ധിക്കാരം സ്ഫുരിക്കുന്ന കണ്ണുകളുള്ള, ഒരു ചെറുപ്പക്കാരൻ ഷാപ്പിൽ നിന്നും അടുക്കളയിലേക്കു ചാടിക്കയറി, വീണ്ടും അത്രതന്നെ വേഗത്തിൽ ഷാപ്പിലേക്കും തിരികെ ഓടി. കടന്നു പോകുമ്പോൾ അയാൾ, ഒരു കുട്ടിയുടെ സ്വരത്തിൽ വിളിച്ചു ചോദിച്ചു.

"നീ ഇവിടെ എന്താണ് ചെയ്യുന്നതു മാര്യാ?"

"അതു എന്റെ ഇളയ സഹോദരൻ, അലക്സേയി അ ണ്." പെൺകുട്ടി എന്നോടു പറഞ്ഞു. "ഞാൻ പഠിക്കുക യായിരുന്നു. ഒരു പേറിച്ചിയാകാൻ. എന്നാൽ ഞാൻ രോഗത്തിൽപെട്ടുപോയി. നിങ്ങൾ എന്താണ് ഒന്നും പ റയാത്തതു? ഇതുവല്ലാത്ത നാണമുണ്ടോ നിങ്ങൾക്കു?"

ആൻഡ്രി ഡെറെങ്കോവ്, തന്റെ വശമില്ലാത്ത കൈ, കുറ്റായക്കീശയിൽ തിരുകിവെച്ചുംകൊണ്ടു മുറിയിൽ ക്കടന്നുവന്നു. അദ്ദേഹം സഹോദരിയുടെ, മൂടലമായ മുടിയിൽ സ്നേഹപൂർവ്വം തലോടി, ഞാൻ എന്തുതരം ജോലിയാണ് അന്വേഷിക്കുന്നതെന്നെന്നോടു ചോദിച്ചു.

പിന്നെ, ചുകന്ന ചുരുളമുടിയുള്ള പച്ചനിറമുള്ള കണ്ണു കളോടുകൂടിയ മെലിഞ്ഞ വേറൊരു പെൺകുട്ടി, മുറിയിൽ വന്നു. ആ പെൺകുട്ടിയും എന്നെ സൂക്ഷിച്ചു നോക്കി. അവൾ ആദ്യത്തെ പെൺകുട്ടിയെ കൈപിടിച്ചു കൂട്ടി ക്കൊണ്ടുപോയി. അവൾ പറഞ്ഞു.

"ദ്രോത്രമതി, മാര്യാ."

അതു പേരും പറഞ്ഞതല്ല. അതു പരുക്കൻമട്ടിലുള്ള ഒരു പേരാണ്.

ഞാൻ സ്ഥലം വിട്ടു. വല്ലാത്ത മനോവികാരങ്ങളോടെ രണ്ടു ദിവസങ്ങൾ കഴിഞ്ഞു. വൈകുന്നേരം ഞാൻ വീണ്ടും അവിടെ ചെന്നു, അവിടെ ഉള്ള ആളുകൾ എന്തുമാതിരി ജീവിതമാണ് നയിക്കുന്നതെന്നും, അതിന്റെ അർത്ഥമെ ന്താണെന്നും മനസ്സിലാക്കാനുള്ള ഉൽക്കണ്ഠയോടെ. എ നിക്കെല്ലാം വളരെ അസാധാരണമായിത്തോന്നി.

ശാന്തശീലനായ, സ്നേഹമയനായ സ്റ്റീപ്പൻ ഐവനോവിക്ക്, തന്റെ വെള്ളത്താടിയുമായി, വിളറിയ മുഖത്തോടെ, പുഞ്ചിരിയുമായി മുറിയുടെ ഒരു മൂലയിൽ അങ്ങിനെ ഇരിക്കുന്നുണ്ടായിരുന്നു. ആ ഇരുണ്ട ചുണ്ടുകൾ അനങ്ങുന്നതുകണ്ടാൽ ഇങ്ങിനെ പറയുകയാണെന്നു തോന്നും.

"ഞാനും ജീവിക്കട്ടെ"

അയാളെ എന്തോ ഒരു ഭയം, എന്തോ ആപത്തു സംഭവിക്കാൻ പോകയാണെന്ന ഭയം അലട്ടിയിരിക്കണം. അതെനിക്കു വ്യക്തമായി മനസ്സിലായി.

തൊത്തക്കയ്യനായ ആൻഡ്രി, ചാരനിറമുള്ള കുപ്പായവുമിട്ടു, മുറിയിൽ, ഒരു ഭാഗത്തു, എന്തോ കുറ്റം ചെയ്തു മാപ്പാക്കപ്പെട്ട ഒരു കുട്ടിയെപ്പോലെ നടക്കുകയാണു്. അലക്സേയി പീടികയിൽ അയാളെ സഹായിക്കയാണു്. പരുഷനെന്മട്ടുകാരനായ ഒരു മടിയൻ ചെറുപ്പക്കാരൻ, മൂന്നാമത്തെ സഹോദരനാണവൻ, വ്യദ്യാർത്ഥി. അവൻ ഹോസ്റ്റലിലാണു് താമസം. ഒഴിവുദിവസങ്ങളിൽ മാത്രമെ വീട്ടിൽവരികയുള്ളു. ഐവൻ നല്ല വൃത്തിയിൽ വസ്ത്രം ധരിച്ചു, വൃത്തിയിൽ മുടി ചീകിവെച്ചു നടക്കും. ഒരു ഗവർമ്മെണ്ടാഫീസിലെ ഗുമസ്ഥന്റെ പ്രതീതിയുണ്ടു. രോഗിയായ മാര്യാ, മുകളിലെ നിലയിൽത്തന്നെയാണു്, കീഴെ വളരെ ചൂരുക്കമായെ ഇറങ്ങിവരികയുള്ളു. അവർം കീഴെ വരുമ്പോഴെല്ലാം എനിക്കൊരു വല്ലായ്മ തോന്നും. അളുശ്യമായ എന്തോ ചില പാശങ്ങളാൽ വരിഞ്ഞുകെട്ടപ്പെട്ടതുപോലെ.

ഡെറെങ്കോവ് കുടുംബക്കാരുടെ വീട്ടുകാര്യങ്ങളും നോക്കിയിരുന്നതു്, നീണ്ടു മെലിഞ്ഞ മരപ്പാവയുടേതുപോലുള്ള

മുഖവും, അസംതൃപ്തയായ ഒരു കന്യാസ്ത്രീയുടെ കണ്ണുകളും, ഉള്ള ഒരു സ്ത്രീയാണ്. അവൾക്ക് സഹായത്തിനു, ചെമ്പ തലമുടിയും ക്രൂരമുഖം ഉള്ള അവരുടെ മകനും നാസ്ത്യായും ഉണ്ട്. അവളുടെ നോട്ടം ഏതെങ്കിലും ഒരു പുരുഷന്റെ നേരെ തിരിക്കുമ്പോൾ അവളുടെ നാസാഭാരം വിറക്കാൻ തുടങ്ങും.

എന്നാൽ ഡെറെങ്കോവ്കാരുടെ വീട്ടിലെ യഥാർത്ഥ യജമാനന്മാർ വിദ്യാർത്ഥികളാണ്, സർവ്വകലാശാലയിൽനിന്നും, വൈദീകവിദ്യാലയത്തിൽനിന്നും മൃഗചികിത്സാസ്കൂളിൽ നിന്നും വരുന്ന വിദ്യാർത്ഥികൾ. ഈ വിദ്യാർത്ഥികൾ എല്ലാം തന്നെ, റഷ്യൻ ജനതയുടെ ഭാഗധേയത്തിൽ തല്പരരാണ്, റഷ്യൻ ജനതയുടെ ഭാവിയെക്കുറിച്ചു അങ്ങേ അറ്റത്തെ ഉൽകണ്ഠയുള്ളവരാണ്. അന്നത്തെ പത്രവാർത്തകളിൽ ഉൽക്കണ്ഠാകുലരായി, പുതുതായി വായിച്ച പുസ്തകങ്ങളിൽനിന്നും ഉൾക്കൊണ്ട ആശയങ്ങളാൽ ആവേശഭരിതരായി, കലാശാലയിലും നഗരത്തിലും ഉണ്ടാകുന്ന സംഭവങ്ങളിൽ ശ്രദ്ധപൂണ്ട, കാസാൻ നഗരത്തിന്റെ നാലു ഭാഗങ്ങളിൽനിന്നും വരുന്ന അവർ, വന്നപാടെ വലിയ ഉത്സാഹത്തോടെ വാദപ്രതിവാദത്തിൽ ഏർപ്പെട്ടും; അല്ലെങ്കിൽ ഒരു ഭാഗത്തേക്കു മാറിനിന്നു പലതും കുശുകുശുക്കും. അവർ വലിയ പുസ്തകങ്ങളും പേറിക്കൊണ്ടാണ് വരിക; പല പേജുകളിൽനിന്നും ഉദ്ധരിച്ചുംകൊണ്ടാണ് അവർ വാദിക്കുക. ആതാതാദം കണ്ടുപിടിച്ച തത്വത്തെ അംഗീകരിപ്പിക്കുവാൻ അവരിൽ ഓരോരുത്തരും വെമ്പും.

ഈ വാദകോലാഹലങ്ങളിൽനിന്നു, ഒന്നും ഗ്രഹിക്കുവാൻ എനിക്കു കഴിയാറില്ല. അവർ ചർച്ച ചെയ്യുന്ന

ആശയങ്ങളും ആ വാദമുഖങ്ങളുടെ ബാഹുല്യത്തിൽ, എനി ക്കോക്കുവാൻ വിഷമം തോന്നും. അവരിൽ ചിലരുടെ വാദ ങ്ങളും കേൾക്കുമ്പോൾ, എനിക്കു ഓമ്മവരാറുള്ളതു്, വോൾ ഗയുടെ കരയിലെ, വെള്ളത്തോടിക്കാരായ വൈദീകന്മാരെ യാണു്. എന്നാൽ ഒരു വ്യത്യാസമുണ്ടു്. ഇവിടെ സമ്മേ ളിക്കുന്നവർ നമ്മുടെ ജീവിതത്തിൽ മാറ്റംവരുത്താൻ ആ ഗ്രഹിക്കുന്നവരാണു്. ജീവിതത്തെ മാറ്റാനും പരിഷ്കരിക്കാ നും നന്നാക്കാനും ആഗ്രഹിക്കുന്നവരാണു്; അവരുടെ ആ ത്മാർത്ഥത അവരുടെ ശബ്ദകോലാഹലത്തിൽ മുങ്ങിപ്പോകു മെങ്കിലും ആ ആത്മാർത്ഥത ആക്ഷം പ്രത്യക്ഷമായിക്കാ ണാം. അവർ പരിഹാരം കാണാൻ ആഗ്രഹിക്കുന്ന പ്രശ്നം എന്താണെന്നു എനിക്കു മനസ്സിലായി. ആ പ്രശ്നത്തി ന്റെ പരിഹാരത്തിൽ തന്നെയാണു് എന്റെയും അഭിലാ ഷങ്ങളും കേന്ദ്രീകൃതമായിരുന്നതു്. എനിക്കു വ്യക്തമാക്കാ ൻ കഴിയാതിരുന്ന എന്റെ അഭിലാഷങ്ങളും തന്നെയാണു്, അവരുടെ വാദങ്ങൾക്കു വിഷയമായിരുന്നതു്. ആ പ്രശ് നത്തിന്റെ വിജയപ്രദമായ പരിഹാരത്തിൽ എനിക്കു വ്യ ക്തിഗതമായ താല്പര്യവും ഉൽകണ്ഠയും ഉണ്ടായിരുന്നു. ഞാൻ ഈ ആളുകളെ, ആരാധനാരൂപത്തിൽ കരുതുവാൻ തുടങ്ങി. സ്വാതന്ത്ര്യം വാങ്ങാനും ചെയ്യുന്ന ഒരാളോടു, ഒരടിമക്കു തോന്നുന്ന കൃതജ്ഞതയാണെനിക്കവരോടു തോ ന്നിയതു്.

അലമാരി ഉണ്ടാക്കുന്ന ഒരു പ്രവൃത്തിക്കാരൻ, ഒരു കഷണം മരത്തെ വീക്ഷിക്കുന്നതുപോലെയാണു് അവർ എന്നെ കണക്കാക്കിയതു്. ഒരു മരക്കഷണം കൊണ്ടു എ

തെങ്കിലും ഒരു സാധനം ഉണ്ടാക്കുവാൻ കഴിയുമെന്നു പ്രവൃത്തിക്കാരൻ വിചാരിച്ചു കാണുമല്ലോ.

"ഒരു നാടൻ ബുദ്ധിമാൻ". ഒരു വിദ്യാർത്ഥി മറ്റൊരുവനു എന്നെ പരിചയപ്പെടുത്തിക്കൊടുത്തു. ഇതു കേട്ടാൽ, തെരുവിൽകളിച്ചുനടക്കുന്ന ഒരു ചെറുക്കൻ, തന്റെ ചങ്ങാതിക്കുരങ്ങു നിരത്തിന്റെ പാതാറിൽ നിന്നും വീണുകിട്ടിയ ഒരു ചെമ്പുനാണയം കാണിച്ചുകൊടുക്കുമ്പോഴും, കാണിക്കുന്ന ആ സൊള്ളാണ്, ഓർമ്മയിൽ വരിക. "നാടൻ ബുദ്ധിമാൻ" "ജനങ്ങളുടെ ഒരു സന്താനം" എന്നും മറ്റും വിളിക്കപ്പെടുന്നതു് എനിക്കു സമ്മതമായിരുന്നില്ല. എനിക്കു തോന്നിയിരുന്നതു് ഞാൻ ജീവിതത്തിന്റെ ഒരു വളർത്തുപുത്രനാണു് എന്നാണു്. മാനസീകമായി എന്നെ വളർത്തുന്നതിൽ, അവർ അംഗീകരിച്ചിരുന്ന സമ്പ്രദായം എനിക്കു പൂർണ്ണമായി തോന്നിയില്ല. ഒരു ദിവസം പുസ്തകഷാപ്പിന്റെ ജനലിൽ "നീതിവാക്യങ്ങളും ആപ്തവചനങ്ങളും" എന്ന പുസ്തകംവെച്ചതു കണ്ടു. ഈ വാക്കുകളുടെ അർത്ഥം എനിക്കു വശമായിരുന്നില്ല. എന്നാലും ആ പുസ്തകം വായിക്കണമെന്നെനിക്കു തോന്നി. വൈദീകവിദ്യാലയത്തിൽ പഠിക്കുകയായിരുന്ന ഒരു കുട്ടിയോടു ആ പുസ്തകം എനിക്കു കൊണ്ടുവന്നു തരുമോ, എന്നു ഞാൻ ചോദിച്ചു.

ഭാവിയിൽ, ഒരു മൈത്രാനാകാൻപോകുന്ന, ആ ചെറുപ്പക്കാരൻ,പരിഹാസം തുളുമ്പുന്ന മട്ടിൽ എന്നോടു ചോദിച്ചു. "എന്നിട്ടോ," ഒരു കാട്ടുപിരിയുടേതുപോലുള്ള ശിരസ്സാണു് അവന്റെ. ഇടതൂർന്നുവളരുന്ന ചുരുളൻ മുടിയും തടിച്ച ചുണ്ടുകളും തിളങ്ങുന്ന വെളുത്ത പല്ലുകളും.

"അതു വിഡ്ഢിത്തമാണ്, ചങ്ങാതി. നിനക്കു വായിക്കാൻ തരുന്നതു നീ വായിച്ചാൽ മതി. നിനക്കറിയാൻ അവകാശമില്ലാത്ത വിഷയങ്ങളിൽ നീ തലയിടേണ്ടതില്ല."

എന്റെ ആ ഗുരുനാഥന്റെ വാക്കുകൾ എന്നെ വല്ലാതെ വേദനിപ്പിച്ചു. ഞാൻ പുസ്തകം പണം കൊടുത്തു വാങ്ങി. കുറച്ചു കാശു ഞാൻ, ബോട്ടജട്ടിയിൽ ജോലിചെയ്തുണ്ടാക്കി. ബാക്കി, ആൻഡ്രി ഡെറെങ്കോവിനോടു കടം വാങ്ങി. ആ പുസ്തകം ഇപ്പോഴും എന്റെ കയ്യിൽ ഉണ്ട്. ഞാൻ ഒന്നാമതായി പണം കൊടുത്തു വാങ്ങിയ കാര്യമായ ഒരു പുസ്തകമായിരുന്നു അതു.

മൊത്തത്തിൽ അവരുടെയെല്ലാം പെരുമാറ്റം വളരെ പരുഷമായിരുന്നു എന്നാണെന്റെ അഭിപ്രായം. "സാമൂഹ്യശാസ്ത്രങ്ങളിലെ ആദ്യപാഠങ്ങൾ" എന്ന പുസ്തകം വായിച്ചപ്പോൾ എനിക്കു തോന്നി, മനുഷ്യസംസ്കാരം പുരോഗമിക്കുന്നതിൽ, കന്നുകാലികളെ മേച്ചുനടന്നിരുന്ന ആദ്യത്തെ വർഗ്ഗങ്ങൾ വഹിച്ച പങ്കിനെ, ഗ്രന്ഥകർത്താവു അവശ്യത്തിലധികം വളർത്തിപ്പറഞ്ഞു എന്നു്. ആദ്യത്തെ നായാട്ടുകാരുടെ പങ്കിനെ കുറെയധികം താഴ്ത്തിപ്പറഞ്ഞു എന്നും എനിക്കു തോന്നി. ഭാഷാശാസ്ത്രം പഠിക്കുകയായിരുന്ന എന്റെ ഗുരുനാഥനായ ഒരു വിദ്യാർത്ഥിയോടു ഞാൻ എന്റെ അഭിപ്രായം പറഞ്ഞപ്പോൾ അയാൾ ഒരു മണിക്കൂർ നേരം, വളരെ ഗൌരവത്തിൽ എന്റെ "വിമർശിക്കാനുള്ള അവകാശത്തെ"ക്കുറിച്ചു പ്രസംഗിക്കുകയാണു് ചെയ്തതു്.

"വിമർശിക്കുവാനുള്ള അവകാശം ലഭിക്കണമെങ്കിൽ, ആദ്യം വ്യക്തമായ ഒരു തത്വത്തിൽ വിശ്വസിക്കണം.

നീ ഏതു തത്വത്തിലാണ് വിശ്വസിക്കുന്നതു?" അയാൾ ചോദിച്ചു.

ഈ വിദ്യാർത്ഥി എപ്പോഴും വായിച്ചും കൊണ്ടിരിക്കും. തെരുവിൽക്കൂടി നടന്നുപോകുമ്പോൾപോലും. അയാൾ പലപ്പോഴും റോഡിന്റെ പാർശ്വത്തിൽക്കൂടി ആളുകളുടെ പിരടിയിൽ ഇടക്കു തട്ടിത്തടഞ്ഞുംകൊണ്ടു വായിച്ചു നടക്കുന്നതു ഞാൻ കണ്ടിട്ടുണ്ടു. ഒരിക്കൽ വിഷജ്വരം ബാധിച്ചു, പിച്ചും പേയും പറഞ്ഞുകൊണ്ടിരിക്കെ അയാൾ ആവലാതിപ്പെട്ടു.

"സന്മാർഗ്ഗബോധം, സ്വാതന്ത്ര്യത്തിന്റെയും നിർബന്ധത്തിന്റെയും സമഞ്ജസമായസങ്കലനം ഉൾക്കൊള്ളണം. സമഞ്ജസമായി.....സമ.....ഞ്ജ.....സ....."

ദയാലുവായ ഒരു മനുഷ്യൻ, വേണ്ടതു ഭക്ഷണം കഴിക്കാനില്ലാതെ ശോഷിച്ചു വശം കെട്ട ഒരാൾ, എപ്പോഴും സത്യം അന്വേഷിച്ചു നടക്കുക; അയാൾക്കു പുസ്തകങ്ങളല്ലാതെ മറെറാന്നും ജീവിതത്തിൽ സുഖം നൽകുവാനില്ല. രണ്ടു വലിയ ചിന്തകന്മാരുടെ അഭിപ്രായങ്ങൾക്കു തമ്മിലുള്ള വൈരുദ്ധ്യം പൊരുത്തപ്പെടുത്താൻ സാദ്ധ്യമാകുമ്പോൾ, അയാളുടെ കണ്ണിൽ, ഒരു കുട്ടിയുടെ സന്തോഷം തുളുമ്പിനില്ക്കുന്നതുകാണാം. കാസാനിൽവെച്ചു അങ്ങിനെ പരിചയപ്പെട്ടതിന്നുശേഷം, പത്തു കൊല്ലം കഴിഞ്ഞു ഞങ്ങൾ വീണ്ടും, കാർക്കോവിൽ കണ്ടുമുട്ടി. കൈം എന്ന പ്രദേശത്തേക്കു അബൂകൊല്യത്തേക്കു നാടു കടത്തപ്പെട്ടതിന്നു ശേഷം വീണ്ടും അയാൾ തന്റെ സ്വകലാശാലാ വിദ്യാഭ്യാസം തുടരുകയായിരുന്നു. എനിക്കു തോന്നി, അദ്ദേഹം അന്യോന്യ

വിരുദ്ധമായ ആശയങ്ങളാകുന്ന ഒരു പുററിന്നുള്ളിൽ ജീവിക്കുകയാണെന്നു. ക്ഷയം പിടിച്ചു മരിക്കാറായ അദ്ദേഹം രക്തം തുപ്പിക്കൊണ്ടിരിക്കെ, മാക്സ്സിന്റേയും, നീഷെയുടെയും ആശയങ്ങളം തമ്മിൽ പൊരുത്തം കാണാൻ ശ്രമിക്കുകയായിരുന്നു. എന്റെ കരങ്ങളം രണ്ടു കൈകളിലുമായി ഗ്രഹിച്ചുംകൊണ്ടു, അദ്ദേഹം പ്രസ്താവിച്ചു

"സങ്കലനമില്ലാത്ത ജീവിതം—അതസാദ്ധ്യമാണു്."

സവ്കലാശാലയിലേക്കു പോകുമ്പോൾ, ഒരു വണ്ടിയിൽവെച്ചാണു്, അയാൾ മരിച്ചതു്.

യുക്തിയുടെ പിന്നാലെ, സത്യാന്വേഷണം നടത്തി, രക്തസാക്ഷികളായിത്തീർന്ന അനേകം സുഹൃത്തുക്കൾ എനിക്കുണ്ടായിരുന്നു. അവരെക്കുറിച്ചുള്ള സ്മരണകൾ ഞാൻ വളരെ പുണ്യകരമായി കരുതാറും ഉണ്ടു.

ഇങ്ങിനെയുള്ള പത്തിരുപതുപേർ, ഡെറെക്കോവിന്റെ വീട്ടിൽ ഒത്തുചേരും. അവരുടെ കൂട്ടത്തിൽ ഒരു ജാപ്പാൻകാരനും ഉണ്ടായിരുന്നു. പാൻറിലീമൻ സാറൊ—വൈദിക വിദ്യാലയത്തിലെ ഒരു വിദ്യാർത്ഥി—ഇടക്കിടെ ഈ സമ്മേളനങ്ങളിൽ, വിരിമാറുള്ള, മൊട്ടത്തലയനായ, നീണ്ട താടിക്കാരനായ ഒരാളെ കാണാറുണ്ടായിരുന്നു. അയാൾ മുറിയിൽ ഒരു മൂലക്കാറതിരിഞ്ഞിരിക്കും. മുറിയിലുള്ള ചങ്ങാതികളെ സൂക്ഷിച്ചുനോക്കും. പുകവലിച്ചുകൊണ്ടു പലപ്പോഴും എന്റെ മുഖത്തു നോക്കും. അദ്ദേഹത്തിന്റെ ഗൌരവപൂർണ്ണമായ ചിന്തയിൽ, എന്റെ തൂക്കം നിർണ്ണയിക്കപ്പെടുകയാണെന്നു തോന്നും. എന്തോ എനിക്കയാളെ അല്പം ഭയമായിരുന്നു. മറെറല്ലാവരും ഒച്ചയെടുത്തും

ഖണ്ഡിതമായും ധാരാളം സംസാരിക്കും. മൂച്ചയേറിയ വാദമു ഖങ്ങളം എനിക്ക വളരെ ഇഷ്ടമാണ്. എന്നാൽ അങ്ങിനെ ഗൌരവം നടിച്ചുംകൊണ്ടുള്ള സംഭാഷണങ്ങളിൽ നീചവും, വഞ്ചനാത്മകവുമായ ചിന്തകളാണ് തെളിഞ്ഞുനില്ക്കുന്നതെ ന്നു കാണാൻ എന്നെ സംബന്ധിച്ചേടത്തോളം പിന്നെയും കുറെക്കാലം പിടിച്ചു. തടിക്കാരനായ ആ തടിയന്റെ നി ഗ്ലൂബ്ധതക്കു പിന്നിൽ, എന്തായിരിക്കും തെളിഞ്ഞുനില്ക്കുന്ന തെന്നു ഞാൻ ആശ്ചര്യപ്പെട്ടു.

എല്ലാവരും അയാളെ 'കൊക്കോം' എന്നാണ് വിളി ക്കുക. ആൻഡ്രിക്കല്ലാതെ മറ്റാക്കും അയാളുടെ ശരിയാ യ പേര് നിശ്ചയമുണ്ടായിരുന്നില്ല. യാക്കുട്സ്ക് പ്രദേശ ത്തു പണ്ടുകൊല്ലത്തേക്കു നാടുകടത്തപ്പെട്ട നിലയിൽ കഴി ച്ചുകൂട്ടിയശേഷം ആയിടെയായി മാത്രം അയാൾ അവിടെ എത്തിയതാണെന്നു ഞാൻ മനസ്സിലാക്കി. ഈ വസ്തുത എനിക്കയാളിലുണ്ടായിരുന്ന താല്പര്യം വർദ്ധിപ്പിച്ചു. അദ്ദേ ഹവുമായി പരിചയപ്പെടുവാൻ എനിക്കു ധൈര്യം തോന്നി യില്ല. എന്നാലും അയാളുടെ മുമ്പിൽ, എനിക്കു നാണ മോ, വല്ലായ്മയോ തോന്നിയില്ല. നേരെമറിച്ചു, എല്ലാം അറിയാൻ—അതും കഴിയുന്നവേഗം അറിയാൻ ഉള്ള ആ ഗ്രഹം എന്നെ അലട്ടി. ജീവകാലം മുഴുവൻ, ഏതുവിഷ യം പഠിച്ചറിയാൻ ശ്രമിക്കുമ്പോഴും, ജിജ്ഞാസയുടേതായ ഈ ശീലം എന്നെ വിഷമിപ്പിച്ചിട്ടുണ്ട്.

അവർ ജനങ്ങളെക്കുറിച്ചു സംസാരിക്കുമ്പോഴെല്ലാം ഞാൻ ആശ്ചര്യത്തോടെ ശ്രദ്ധിക്കും, എന്റെ നിഗമന ങ്ങളിൽ വേണ്ടത്ര വിശ്വാസം തോന്നാതെ. എന്നാലും എനിക്കു തോന്നും, ഈ വിഷയത്തിൽ എനിക്കവരെപ്പോ

ലെ ചിന്തിക്കാൻ സാദ്ധ്യമല്ലെന്നു. അവരെ സംബന്ധിച്ചേട
ത്തോളം ജനങ്ങളെന്നുപറഞ്ഞാൽ, ജ്ഞാനത്തിന്റെയും ദയ
യുടേയും, ആത്മീയ സൌന്ദര്യത്തിന്റെയും മൊത്തത്തിലു
ള്ള മൂർത്തീകരണമായിരുന്നു — ദൈവീകമായ, നീതിപൂർവ്വവും,
മനോഹരവും ഉന്നതവുമായ എല്ലാറ്റിന്റെയും മൂർത്തീകര
ണം. ജനങ്ങളെ അങ്ങിനെയുള്ള അർത്ഥത്തിൽ കാണാൻ
എനിക്കു കഴിഞ്ഞില്ല. എനിക്കു ചുറ്റും ഞാൻ പരിച
യിച്ചിരുന്നതു ഭൂശാരിമാർ, കൽപ്പണിക്കാർ, കപ്പലിൽ
നിന്നു ചരക്കിറക്കുന്ന പ്രവൃത്തിക്കാർ മുതലായവരെയാണു്.
എനിക്കു യാക്കോവിനേയും, ഓസിപ്പിനേയും, ഗ്രഗറിയേ
യും അറിയാം. എന്നാൽ ഇവിടെ നടക്കുന്ന സംഭാഷണ
മാകട്ടെ, ജനങ്ങളെ ഒരു സമാഹാരമായെടുത്തും കൊണ്ടാ
ണു്. ഇവർ, ഈ ജനങ്ങളുടെ താഴെ നിൽക്കുന്നവരാണെ
ന്നു സ്വയം സങ്കല്പിക്കുന്നു; ജനങ്ങളുടെ ഇച്ഛയെ ആശ്രയി
ച്ചുനിൽക്കുന്നതായി കരുതുന്നു. ഏതായാലും, എനിക്കു
തോന്നി, ഈ അളകളിൽ സൌന്ദര്യത്തിന്റെയും, ബുദ്ധി
ശക്തിയുടേയും കഴിവുകളെല്ലാംചേർന്നു നില്ക്കുകയാണു്. ഇ
വരുടെ ഹൃദയങ്ങളിൽ, ജീവിക്കുവാനുള്ള മൂലമായ ശക്തി
യായ ആഗ്രഹം നിറഞ്ഞു നില്ക്കുകയാണു്. മനുഷ്യസ്നേഹ
ത്തിന്റെ പുതിയ തത്വങ്ങൾക്കനുസരിച്ചു ജീവിതത്തെ പു
നഃസംഘടിപ്പിക്കുവാൻ അവർ വെമ്പുകയാണു്. ഞാൻ
അതുവരെ ഒപ്പം ജീവിച്ചിരുന്ന ആരിലും തന്നെ, ഈ അ
ർത്ഥത്തിലുള്ള മനുഷ്യസ്നേഹം കുടികൊള്ളുന്നതായെനിക്കു
ഭവപ്പെട്ടിരുന്നില്ല. ഇവിടെ എല്ലാ വാക്കിലും, എല്ലാ
നോട്ടത്തിലും ആ സ്നേഹത്തിന്റെ മാറ്റൊലി കേൾക്കാമാ
യിരുന്നു; ദർശിക്കാമായിരുന്നു.

ജനങ്ങളുടെ ആരാധകന്മാരായ ഇവരുടെ സംഭാഷണം എന്റെ ഹൃദയത്തിൽ പുതുമഴയുടെ സുഖാനുഭവമാണുളവാക്കിയതു്. നാട്ടിൻപുറക്കാരുടെ ജീവിതത്തെക്കുറിച്ചുള്ള, കഷ്കന്റെ രക്തസാക്ഷിത്വത്തെക്കുറിച്ചുള്ള അവ്യക്തമായ സാഹിത്യവും എന്റെ വളച്ചുയിൽ വളരെ അധികം സഹായിച്ചു. ശക്തിയുള്ള ആവേശകരമായ, മനുഷ്യസ്നേഹത്തിനു മാത്രമെ, ജീവിതത്തിന്റെ യഥാർത്ഥത്തിലുള്ള അർത്ഥം അന്വേഷിക്കുവാനും അറിയാനും കഴിയുകയുള്ളു എന്നു എനിക്കു ബോദ്ധ്യമായി. ഞാൻ എന്നെക്കുറിച്ചു ചിന്തിക്കാനായി മറ്റുള്ളവരെക്കുറിച്ചു കൂടുതൽ ചിന്തിക്കാൻതുടങ്ങി.

വിശ്വാസപൂർവ്വം ആൻഡ്രി ഡെറെങ്കോവ് എന്നോടു പറഞ്ഞു, അയാൾക്കു കച്ചവടത്തിൽനിന്നു കിട്ടുന്ന വരുമാനം മുഴുവനും "എല്ലാറ്റിനും ഉപരിയായി ജനങ്ങളുടെ സുഖം" എന്ന മുദ്രാവാക്യത്തിൽ വിശ്വസിക്കുന്ന ആളുകൾക്കു വേണ്ടിയാണു് ചിലവഴിക്കുന്നതെന്നു. അദ്ദേഹം അവരുടെ ഇടയിലായിരിക്കുമ്പോൾ എല്ലാ അസൌകര്യങ്ങളും ത്രിഷണമാക്കും. പുസ്തകങ്ങൾ വായിച്ചുറിഞ്ഞ ആളുകളുടെ ജ്ഞാനത്തെക്കുറിച്ചു അയാൾക്കു വലിയ ബഹുമതിയായിരുന്നു. വശമില്ലാത്ത കൈ, കൂപ്പായക്കീശയിൽ തിരുകി, മുഖം ഒരു പുഞ്ചിരിയാൽ പ്രകാശമാനമാക്കി, അയാൾ തന്റെ പട്ടുപോലെ മിനുസമായ താടിരോമത്തിൽ തലോടിയും കൊണ്ടെന്നോടു ചോദിക്കും.

"വളരെ നന്നായിത്തോന്നുന്നില്ലെ, ഇല്ലെ, ഇപ്പോൾ."

മൃഗചികിത്സ പഠിക്കുന്ന,—വാത്തിന്റെ ശബ്ദം പോലെയുള്ള സ്വരത്തിൽ സംസാരിക്കുന്ന—ലാവ്റോവ്, ന

റോഡ്നിക്കുകൾക്കെതിരായി, ശക്തിയായി വാദിക്കുമ്പോൾ ഡെറെങ്കോവ്, കണ്ണുകൾ താഴ്ത്തി അല്പം ഭയത്തോടെ കൂടുകൂട്ടുക്കും.

"വല്ലാത്ത ബഹളക്കാരൻ"

"നറോഡ്നിക്കുകളെ"ക്കുറിച്ചു, ഡെറെങ്കോവിന്നും, എനിക്കുള്ള അഭിപ്രായം തന്നെയായിരുന്നു. എന്നാൽ വിദ്യാർത്ഥികൾ അയാളോട് തീരെ, പരുഷവും മര്യാദയില്ലാത്തതുമായ സമ്പ്രദായത്തിലാണ് പെരുമാറിയത്. ഒരു പ്രഭു തന്റെ ഭൃത്യനോട് കാണിക്കുന്ന പുച്ഛഭാവമായിരുന്നു അവരുടേത്. ഡെറെങ്കോവിന്നു ഇക്കാര്യം മനസ്സിലായിരുന്നില്ല. അതിഥികളെല്ലാം പോയ്ക്കഴിഞ്ഞാൽ, പലപ്പോഴും അയാൾ രാത്രി അയാളുടെകൂടെ കഴിച്ചുകൂട്ടുവാൻ എന്നെ നിർബ്ബന്ധിക്കും മുറിയിലുള്ള സാധനങ്ങൾ ശരിയായി വെച്ചശേഷം, ഞങ്ങൾ പായ നിലത്തുവിരിച്ചു കിടക്കും. വളരെ വൈകുന്നതുവരെ, പലതും സംസാരിച്ചുകൊണ്ടു കഴിച്ചുകൂട്ടും. പ്രതിമകൾ വെച്ചിട്ടുള്ള മൂലയിൽ മുനിഞ്ഞുകത്തുന്ന ചെറിയ വിളക്കിന്റെ പ്രകാശംകൊണ്ടു യാതൊരലട്ടും തോന്നുകയില്ല. യഥാർത്ഥ വിശ്വാസത്തെച്ചൊല്ലിയുള്ള ആനന്ദത്തോടെ അയാൾ എന്നോട് പറയും.

"കുറെക്കഴിയുമ്പോൾ, നൂറുകണക്കായി, ആയിരക്കണക്കായി, ഇങ്ങിനെയുള്ള ആളുകളെ ശേഖരിക്കാൻ നമുക്കു കഴിയും. അവർ റഷ്യയിൽ എല്ലാഭാഗങ്ങളിലും, എല്ലാ പ്രധാന ഉദ്യോഗങ്ങളിലും പ്രവേശിക്കും; പിന്നെ അവർ നമ്മുടെ ജീവിതത്തെ വളരെവേഗം, പരിവർത്തനം ചെയ്യും."

അയാൾക്കു എന്നെക്കാൾ പത്തുവയസ്സു അധികം കാണും. അയാൾക്കു ചെമ്പിച്ചതലമുടിയുള്ള നാസ്ത്യായെക്കുറിച്ചു

ഭ്രമമായിരുന്നു എന്നു എനിക്കു മനസ്സിലായി. അവളുടെ കുസൃതി സ്ഫുരിക്കുന്ന കണ്ണുകളിൽ നോക്കാതിരിപ്പാൻ അയാം ശ്രമിക്കും. മറ്റുള്ളവരുടെ മുമ്പിൽ, യജമാനനും ഭൃത്യയും തമ്മിലുണ്ടായിരിക്കേണ്ട, ആ ഗൌരവം അയാം കല്പിച്ചുകൂട്ടി അഭിനയിക്കും. എന്നാൽ അയാം ആ സ്ത്രീയെ കൌതുകത്തോടെ വീക്ഷിച്ചു. അവർ രണ്ടുപേരും മാതൃമായാൽ അല്പം ശങ്കയോടെ തന്റെ താടിയിൽ തലോടിയും കൊണ്ടു അല്പം ലജ്ജാഭാവിച്ചു മാതൃമെ അയാം സംസാരിക്കുകയുള്ളൂ.

അയാളുടെ ഇളയ സഹോദരിയും, മൂറിയിൽ ഒരു മൂലയിൽ സ്ഥലം പിടിച്ചു വിദ്യാർത്ഥികൾ തമ്മിൽ നടക്കുന്ന വാഗ്പ്രതിവാദങ്ങൾ ശ്രദ്ധിക്കും. ശ്രദ്ധിക്കാനുള്ള ശ്രമത്തിൽ, അവളുടെ മുഖം തമാശതോന്നും വണ്ണം ക്രുദ്ധവും. അവൾ കണ്ണുകൾ മലക്കെ തുറന്നു പിടിച്ചിരിക്കും. ക്രുദ്ധൽ വാശിയോടുകൂടിയ വാക്കുകൾ കേൾക്കുമ്പോൾ അവൾ പെട്ടെന്നു, ശക്തിയായി ശ്വസിക്കും; മഞ്ഞുകട്ടപോലെ തണുത്ത വെള്ളമെങ്ങാനും ദേഹത്തിൽ തെറിച്ചു വീണപോലെ. അവൾ ഇരിക്കുന്ന സ്ഥലത്തിന്നടുത്തുകൂടി, അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതിൽ വലിയ പിടിത്തമുള്ള ഒരു വൈദ്യവിദ്യാർത്ഥിയുണ്ടായിരുന്നു. അയാം അവളോടു സംസാരിക്കുമ്പോൾ, ശബ്ദം വല്ലാതെ താഴ്ത്തുന്നതുകാണാം. പുരികങ്ങൾ വളക്കുന്നതായും കാണാം. ഇതെല്ലാം തന്നെ വളരെ രസകരമായിത്തോന്നി.

എന്നാൽ—ഹേമന്തം അങ്ങിനെ കടന്നുപോകയാണു്. സ്ഥിരമായ ഒരു ജോലിയില്ലാതെ, ജീവിതം തള്ളിനീക്കുന്നതു വലിയ വിഷമമായി. ഈ പുതിയ കാര്യങ്ങളി

ലുള്ള ശ്രദ്ധാകാരണം, എന്റെ സമ്പാദ്യം കുറഞ്ഞു കുറഞ്ഞു വന്നു. നിത്യജീവിതത്തിനു ഞാൻ ക്രൂതൽ ക്രൂതലായി മറ്റുള്ളവരെ ആശ്രയിക്കേണ്ടിവന്നു. മറ്റുള്ളവർക്കു ഭാരമായിത്തീരുകയെന്നതു എനിക്കേറ്റവും അസഹ്യമാണു്. ശിശിരകാലത്തേക്കു വല്ല ദിക്കിലും പൊന്നു പറ്റണം. വാസിലിസെര്യനോവിന്റെ അപ്പക്രൂട്ടിൽ എനിക്കൊരുദ്യോഗസ്ഥാനം ലഭിക്കുകയും ചെയ്തു.

എന്റെ ജീവിതത്തിലെ ഈ ഘട്ടത്തെ, ഞാൻ "യജമാനൻ." "കൊനോവ് ലോവ്" "ഇരുപത്താറും ഒന്നും" എന്നീ കഥകളിൽ ചിത്രീകരിച്ചിട്ടുണ്ടു്. വളരെ നരകിച്ച ഒരു കാലം. എന്നാൽ, ഏറ്റവും അനുഭവസമ്പന്നതയുടേയും കാലം.

കായികമായ കഷ്ടതകൾ മാത്രമല്ല; സാന്മാർഗ്ഗികമായും ക്രൂതൽ കഷ്ടങ്ങൾ നിറഞ്ഞ ഒരു കാലമായിരുന്നു അതു്.

ഞാൻ അപ്പക്രൂട്ടിൽ ജോലിചെയ്യാൻ തുടങ്ങിയതോടെ, എനിക്കു ആരുടെ സാഹചര്യവും ഉപദേശങ്ങളും ഏറ്റവും ആവശ്യമായിരുന്നോ, അവർക്കും എനിക്കും തമ്മിൽ, മറവിയുടേതായ ഒരു ഭിത്തി ഉയർന്നുവന്നതായിതോന്നി. അവരിൽ ആരും തന്നെ എന്നെ കാണുവാൻ അപ്പക്രൂട്ടിലേക്കു വന്നില്ല. നിത്യം പതിനാലു മണിക്രൂർ ജോലിചെയ്യാനുണ്ടായിരുന്നതു് കൊണ്ടു, എനിക്കു പ്രവൃത്തിയുള്ള ദിവസങ്ങളിൽ ഡൊറെങ്കോവിന്റെ വീട്ടിലേക്കു പോകാൻ തരപ്പെട്ടില്ല. ഒഴിവു ദിവസങ്ങളിൽ ഞാൻ ഒന്നുകിൽ കിടന്നുറങ്ങും. അല്ലെങ്കിൽ അപ്പക്രൂട്ടിലെ ജോലിക്കാരായ എന്റെ സഖാക്കളോടൊപ്പം കഴിച്ചുക്രൂട്ടും. അവരിൽ ചിലർ

എന്നെ തമാശക്കാരനായ ഒരു വിഡ്ഢിയായികരുതി. മറ്റു ചിലർ നല്ല കഥകരം പറഞ്ഞുകൊടുക്കുന്ന ഒരാളെ പൊലെ കുട്ടികരം ഇഷ്ടപ്പെടുന്നതുപോലെ എന്നെ ഇഷ്ടപ്പെടുകയും ചെയ്തു. ഞാൻ ഇവരോടെന്തെല്ലാം പറഞ്ഞു എന്നു പൊകുത്താനമാത്രമെ അറിയുകയുള്ളു. എന്നാൽ സുഖകരമായ മറെറാരു ജീവിതം, കഷ്ടങ്ങരം നിറഞ്ഞ, അത്ഥപൂർണ്ണമായ, ഒരു നല്ല ലക്ഷ്യത്തോടുകൂടിയ ജീവിതം സാദ്ധ്യമാണെന്നു അവരെ ബോദ്ധ്യപ്പെടുത്താൻ ഞാൻ ശ്രമിച്ചു. ചിലപ്പോരം ഞാൻ ഈ പരിശ്രമത്തിൽ ജയം നേടും. അവരുടെ മുഖത്തു, മനുഷ്യസമുദായത്തിന്റെ കഷ്ടതയെക്കുറിച്ചുള്ള സഹതാപം തെളിഞ്ഞു കാണുമ്പോരം, അവരുടെ കണ്ണുകളിൽ അതിനെതിരായുള്ള ധാർമ്മികരോഷം പ്രകടമായികാണുമ്പോരം, ഞാൻ സന്തോഷിക്കും, ഞാൻ അഭിമാനിക്കും; ഞാൻ ജനങ്ങളുടെ ഇടയിൽ, അവരെ "ഉൽബുദ്ധരാക്കാൻ" പരിശ്രമിക്കുകയാണെന്നു്.

പലപ്പോഴും, എന്റെ പരിമിതികരം എനിക്കു ബോദ്ധ്യമാകും. ഞങ്ങരം ജീവിച്ചിരുന്ന പരിതസ്ഥിതികളിൽനിന്നും ഉയർന്നവരുന്ന പ്രാഥമികമായ പ്രശ്നങ്ങരംക്കുപോലും ഉത്തരം നല്കുവാൻ എനിക്കു കഴിയാതാകും. അപ്പോരം എനിക്കു തോന്നും ഞാൻ ഇരുളുറഞ്ഞ ഒരു കുഴിയിൽ തള്ളിവീഴ്ത്തപ്പെട്ടിരിക്കുകയാണെന്നു്, കുരുടൻ പാമ്പുകളെപ്പോലെ മനുഷ്യരെല്ലാം തന്നെ തപ്പിത്തടഞ്ഞു വിഷമിക്കുന്ന ഒരു ഇരുണ്ട കുഴിയിൽ—അവിടെ ജനങ്ങരം യാഥാർത്ഥ്യത്തെ വിസ്മരിക്കാൻ ശ്രമിക്കുകയാണു്—കുടിച്ചു മത്തന്മാരായും, വേശ്യകളുടെ ആശ്ലേഷത്തിൽ മയങ്ങിയും കഷ്ടതകരം വിസ്മരിക്കുവാൻ ശ്രമിക്കുകയാണു്.

എല്ലാ മാസവും ശമ്പളം കിട്ടുന്ന ദിവസം വേശ്യാലയം സന്ദർശിക്കുക എന്നതു അവർ എല്ലാവരും അലംഘ്യമായംഗീകരിച്ച ഒരു നിയമമാണു്. ആ സന്തോഷം നിറഞ്ഞ ദിവസത്തിന്റെ ഒരാഴ്ച മുമ്പുതന്നെ അളുകൾ, ആ സുഖത്തെക്കുറിച്ചു സപ്നം കാണും. ആ ദിവസം കടന്നുകഴിഞ്ഞാലോ, ഓരോ അളും അതാതാളുടെ അനുഭവങ്ങളെക്കുറിച്ചു ദീഘ്മായും ആവേശത്തോടെയും സംസാരിക്കും. അവനവന്റെ കായബലത്തിൽ ഓരോ അളും ഊറ്റംകൊള്ളും; സ്ത്രീകളെക്കുറിച്ചു പരിഹാസമായി പലതും പറഞ്ഞു കാക്കിച്ചു തുപ്പും.

എന്നാലും, ഇതസാധാരണമാണു്; ഇതിന്നെല്ലാം പിന്നിൽ, ദുഃഖവും ലജ്ജയും ഒളിഞ്ഞുകാണുന്നതായി ഞാൻ വിചാരിച്ചു. ഒരു രൂബിളിന്നു, ഒരു രാത്രി മുഴുവനും, ഒരു സ്ത്രീയെ വിലക്കുവാങ്ങാൻ കഴിയുന്ന "ആശ്വാസത്തിന്റെ വീടുകളിൽ" എന്റെ ചങ്ങാതികൾക്കു ഒരു വല്ലായ്മ അനുഭവപ്പെട്ടിരുന്നു. അതു സ്വാഭാവികമാണെന്നു ഞാൻ വിചാരിക്കുകയും ചെയ്തു. ചിലർ വലിയ മൊഞ്ചന്മാരായിവരും. ഇതും വെറും നടിപ്പാണെന്നു വ്യക്തമായിരുന്നു. സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു കൂടുതൽ അറിയാനുള്ള ആഗ്രഹത്തോടെ, ഞാൻ ഈ എല്ലാസംഗതികളും വളരെ കാര്യമായി ശ്രദ്ധിക്കുവാൻ തുടങ്ങി. ഞാൻ ഒരു സ്ത്രീയുമായും ബന്ധപ്പെട്ടുകഴിഞ്ഞിരുന്നില്ല. എന്റെ ഈ വൈരാഗ്യം എന്നെ ഒരു പരിഹാസപാത്രമാക്കിത്തീർത്തു. സ്ത്രീകളും എന്റെ ചങ്ങാതികളും എന്നെ പലതും പറഞ്ഞു പരിഹസിച്ചു. വേശ്യാലയത്തിലേക്കു അവരാരും തന്നെ എന്നെ ക്ഷണിക്കാതായി. അവർ ആവർത്തിച്ചുമുറിച്ചുപറഞ്ഞു.

"ഞങ്ങളോടൊപ്പം വരാതിരിക്കുന്നതാണ് നല്ലത്, സഹോദരാ,"

"അതെന്താ."

"അതോ, നീ അടുത്തുണ്ടായാൽ ഞങ്ങൾക്കു വല്ലാത്ത അസൌകര്യം തോന്നും"

ഈ വാക്കുകൾ എന്നെ ആശ്വസിപ്പിക്കുന്നതായി ഞാൻ നടിച്ചു. എന്റെ പേരിൽ അവർക്ക് അല്പം മതിപ്പുണ്ടായിരിക്കണമെന്നു ഞാൻ സമാധാനിച്ചു. എന്നാൽ അവരിൽനിന്നും വ്യക്തമായി ഒരു വിശദീകരണം എനിക്കു ലഭിച്ചില്ല.

"എന്തൊരാളാണ് നീ. ഞങ്ങൾ പറഞ്ഞില്ലെ, നീ അടുത്തുണ്ടായാൽ, അതിന്റെ രസം പൊയ്പോകുമെന്ന."

ആട്ടം എന്ന സ്നേഹിതൻ മാത്രം ഒരു ചെറിയ പരിഹാസച്ചിരിയോടെ വിശദമാക്കി.

"അതായതു ഒരു പാതിരി അടുത്തുള്ളപോലെ, അല്ലെങ്കിൽ സ്വന്തം അച്ഛൻ കണ്ടുപോയപോലെ"

ഞാൻ ഇങ്ങിനെ ഒഴിഞ്ഞുനിൽക്കുന്നതിൽ വേശ്യകൾ ആദ്യം എന്നെ തമാശയാക്കി. പിന്നെ അവർ പരിഭവത്തോടെ ചോദിക്കാൻ തുടങ്ങി.

"അപ്പോൾ ഞങ്ങളാരും നിന്റെ പദവിക്കു പോരെന്നാണോ ഭാവം"?

ഒരു വേശ്യാലയത്തിന്റെ ഉടമയായ, തടിച്ച സമാന്യം സുന്ദരിയായ നാല്പതു വയസ്സായ പോളീഷ് "പെൺകുട്ടി"

തെറിസ്സാ ബൊറൂട്ടാ, ബുദ്ധിക്രമ്മതയുള്ള ഒരു നായയുടെ നോട്ടത്തോടെ എന്നെ നോക്കിപ്പറഞ്ഞു:

"നമ്മടം അവനെ ബുദ്ധിമുട്ടിക്കരുത്; കുട്ടികളെ; അവന്നു ഒരു കാമുകിയുണ്ടു; തീച്ച്. അല്ലെ, മോനെ? ഇത്ര നല്ല ശക്തിയുള്ള ഒരുചെറുപ്പക്കാരൻ. ഈ കാമുകിയുടെ സ്മരണയാണു് അവനെ തടഞ്ഞുനിത്തുന്നതു്. അല്ലാതെ?"

ആ സ്ത്രീ വല്ലാതെ കുടിക്കും. കുടിച്ചുകഴിഞ്ഞാൽ അവരെ കാണുമ്പോൾ അറപ്പുതോന്നും. അല്ലാത്തപ്പോൾ അവർ മറ്റുള്ളവരെക്കുറിച്ചു ചിന്താകുലമായ ഒരു ഭാവമാണു് കൈക്കൊള്ളുക; മറ്റുള്ളവരുടെ പ്രവൃത്തികളിൽ യുക്തി കാണാൻ അവർ ശ്രമിക്കുന്നതു കാണുമ്പോൾ എനിക്കാശ്ചര്യം തോന്നും.

"മനസ്സിലാക്കാൻ ഏറ്റവും വിഷമം, ഈ വിദ്യാലയങ്ങളിലെ കുട്ടികളെയാണു്. തീച്ച്. അതെ. അതങ്ങിനെയാണു്." ആ സ്ത്രീ എന്റെ ചങ്ങാതികളോടു പറഞ്ഞുവത്രെ. "അവർ ഒരു പെൺകുട്ടിയോടെന്തെല്ലാം കാണിക്കും. തറയിൽ സോപ്പിട്ടു മെഴുകിക്കും. അവിടെ നഗ്നയായി ആ പെൺകുട്ടി മുട്ടുകുത്തി, നാലുകാലിൽ നിൽക്കണം. കാലും കയ്യും ഒരു ചീനപ്പിഞ്ഞാണത്തിൽ ഒതുക്കിവെച്ചു നില്ക്കണം. അപ്പോൾ ആരെങ്കിലും പിന്നിൽനിന്നു അവളെ ആഞ്ഞൊന്നു ചവിട്ടും. അവൾ എത്ര ദൂരം അങ്ങിനെ വഴുതിപ്പോകുമെന്നു കാണാൻ. പിന്നെ മറ്റൊരു പെൺകുട്ടി, വീണ്ടും മറ്റൊരുവൾ, ഇങ്ങിനെ തുടരും. എന്തിനാണതു?"

"നിങ്ങൾ കള്ളു പറയുകയാണു്" ഞാൻ പറഞ്ഞു.

"അല്ല. ഒരിക്കലുമല്ല." തെറിസ്സാ യാതൊരു ഭാവഭേദവും കൂടാതെ പറഞ്ഞു. അവരുടെ അക്ഷോഭ്യമായ ആ നിലപാടിൽ, സങ്കടകരമായ എന്തോ ഒരു വികാരം വ്യക്തമായിരുന്നു.

"നിങ്ങളം അതു കെട്ടിപ്പറഞ്ഞതാണ്"

"ഇങ്ങിനെയൊരു കഥ ഒരു പെൺകുട്ടി കെട്ടിച്ചമക്കുന്നതെങ്ങിനെയാണ്? എന്താ, എനിക്കു കിറുക്കാണെന്നാണോ നീ പറയുന്നതു?" അവർ കണ്ണുമിഴിച്ചു നോക്കി എന്നോട് ചോദിച്ചു.

ഞങ്ങളുടെ ഈ വാദപ്രതിവാദം അളകം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അവരുടെ അതിഥികളുടെ വിക്രിയകളെക്കുറിച്ചു തെറിസ്സാ പറഞ്ഞുകൊണ്ടേയിരുന്നു. അവരുടെ വാക്കുകളം കേട്ടാൽ, അവക്ക് ഒരാഗ്രഹം മാത്രമെ ഉള്ളൂ. ഇതെല്ലാം എന്തിനാണെന്നറിയുക.

അളകം കാക്കിച്ചുരുട്ടി, അവരുടെ പ്രതിഷേധം രേഖപ്പെടുത്തി. അവർ വിദ്യാർത്ഥികളെ ശപിച്ചു. ഞാൻ എന്റെ ശക്തി മുഴുവൻ ഉപയോഗിച്ചു സ്നേഹിക്കാൻ തുടങ്ങിയിട്ടുള്ള അളകത്തിനിടയിൽ, വെറുപ്പും വിദ്വേഷവും വളർത്താനാണ് തെറിസ്സായുടെ ശ്രമം. ഞാൻ പറഞ്ഞു, "വിദ്യാർത്ഥികളം ജനങ്ങളെ സ്നേഹിക്കുന്ന, ജനങ്ങളെ ശ്രുശ്രൂഷിക്കാൻ ആഗ്രഹിക്കുന്ന, നല്ല അളകളാണ്."

"അതു വൊസ്ക്രസെൻസ്കായാ തെരുവിൽ താമസിക്കുന്ന വിദ്യാർത്ഥികളാണ്. സർവ്വകലാശാലയിൽ വായിക്കുന്ന വിദ്യാർത്ഥികളം. ഞാൻ ഉദ്ദേശിക്കുന്നതു് ആർസ്നായെപ്പോളയിലെ വൈദീക വിദ്യാർത്ഥികളെയാണ്. അവ

രെല്ലാം അനാഥക്കുട്ടികളാണ്. അനാഥക്കുട്ടികൾ കള്ളന്മാരായും, തെമ്മാടികളായും വളരും. അച്ഛനമ്മമാരില്ലാത്ത കുട്ടികളെ നിയന്ത്രിക്കാൻ എന്താണൊരു മാർഗ്ഗമുള്ളത്?"

വേശ്യാലയത്തിന്റെ ഉടമയുടെ കഥകളും, വിദ്യാർത്ഥികൾക്കും ഗവർമ്മേണ്ടാഫീസിലെ ഉദ്യോഗസ്ഥന്മാർക്കും, മൊത്തത്തിൽ പരിഷ്കാരികളായ എല്ലാവർക്കും എതിരായി വേശ്യകളായ "പെൺകുട്ടികൾ" പുറപ്പെടുവിച്ച ആവലാതികളും ആക്ഷേപങ്ങളും, എന്റെ ചങ്ങാതികളിൽ, അറപ്പിനും വെറുപ്പിനും പുറമെ മറെറാരു വികാരം കൂടി തട്ടിയുണർത്തി. ഒരുതരത്തിലുള്ള ഒരു സന്തോഷം. അതവർ പ്രത്യക്ഷത്തിൽ പറയുകയും ചെയ്തു.

"അപ്പോൾ അഭ്യസ്തവിദ്യരായ ആളുകൾ നമ്മെക്കാൾ മോശക്കാരാണ്."

ഇങ്ങിനെയുള്ള സംഭാഷണങ്ങൾ കേൾക്കുന്നതു വളരെ വേദനാജനകമായിരുന്നു. വേശ്യകളുടെ ഈ ചെറിയ ഇരുളുറഞ്ഞ മുറികളിലേക്കു, നഗരം മുഴുവനുമുള്ള അഴുക്കുകൾ മുഴുവൻ ഒഴുകി നിറയുകയായിരുന്നു. ആ അഴുക്കുകൾ അവിടെവെച്ചു — തിളച്ചുമറിഞ്ഞു, പകയും വിദ്വേഷവും കലങ്ങിച്ചേർന്നു വീണ്ടും നഗരത്തിലേക്കു തന്നെ വഴിഞ്ഞൊഴുകുകയുംചെയ്തു. മൃഗീയ വികാരത്തിന്റെ തള്ളിച്ചകൊണ്ടും, ജീവിതത്തിലെ കഷ്ടതകളിൽനിന്നും ആശ്വാസം തേടാൻ വേണ്ടിയും, കുട്ടിസ്സായ ഈ മുറികളിലേക്കു തള്ളിക്കേറുന്ന ആളുകൾ, അനുരാഗത്തിന്റെ വേദനകളെക്കുറിച്ചും പരിശോധനകളെക്കുറിച്ചും സംസാരിക്കുകയായിരുന്നു. അവർക്കു പഠിച്ചവരെക്കുറിച്ചുള്ള പരിഹാസം വർദ്ധിച്ചു. അവർക്കു മ

നസ്സിലാകാത്ത സകലതിനെക്കുറിച്ചും എതിർപ്പും പുച്ഛവും വർദ്ധിച്ചു. വേശ്യകളുടെ "ആശ്വാസകേന്ദ്രങ്ങൾ" എന്റെ സുഹൃത്തുക്കൾ ഒരു തരം സർവ്വകലാശാലയാക്കിത്തീർത്തു; അവിടെവെച്ചു ഏറ്റവും വിഷലിപ്തമായ പരിചയമാണ് അവർ നേടിയതു്.

അഴുക്കുനിറഞ്ഞ തറയിൽക്കൂടി, "സന്തോഷത്തിന്റെ പെൺകുട്ടികൾ ഒരു പൊളിഞ്ഞ പിയാനോവിന്റെ രാഗത്തിന്നൊപ്പിച്ചു നൃത്തം വെക്കുന്നതു ഞാൻ കണ്ടു. അപ്പോൾ എന്റെ മനസ്സിൽ, അവ്യക്തമായ, വേദനാജനകമായ ചിന്തകൾ മാഞ്ഞുപോയി. എനിക്കു ചുറ്റുമുള്ള സകലതും, മുഷിപ്പൻ കാര്യങ്ങളാണു്; സകല ശൌര്യവും കെട്ടുന്നു, എങ്ങോട്ടെങ്കിലും രക്ഷപ്പെടാൻ നിർബന്ധിക്കുന്ന വിഷലിപ്തമായ കാര്യങ്ങളാണു്.

ജനങ്ങൾക്കു സ്വാതന്ത്ര്യവും ക്ഷേമവും കൈവരുത്താൻ വേണ്ടി, ആത്മാർത്ഥതയോടെ പ്രവൃത്തിക്കുന്ന ആളുകളെക്കുറിച്ചു, ബോക്കറിയിലെ ജോലിക്കാരോടു ഞാൻ പറയുമ്പോൾ, അവർ ഇങ്ങിനെ മറുപടി പറയും.

"എന്നാൽ, "പെൺകുട്ടികൾ" അവരെക്കുറിച്ചു മറ്റൊരു കഥയാണല്ലൊ പറയുന്നതു്" അവർ എന്നെ പരിഹസിച്ചു. ക്രോധത്തോടെ പരിഹസിച്ചു. എന്നാൽ ഞാൻ അത്രവേഗം കീഴടങ്ങുന്ന കൂട്ടത്തിലല്ല. എനിക്കും പരിചയമുണ്ടു, കൂടുതൽ ധൈര്യവുമുണ്ടു. എന്നെക്കാൾ പ്രായമുള്ള ഈ ആളുകളോടു് എനിക്കും ക്രോധം വരും. ജീവിതത്തിലെ വിഷമങ്ങൾപോലെ, ജീവിതത്തെക്കുറിച്ചു ചിന്തിക്കുന്നതും വളരെ വിഷമമുള്ള കാര്യമാണു്. ഞാൻ

ഒപ്പം ജോലിചെയ്തിരുന്ന ആളുകളുടെ ക്ഷമാശീലത്തെച്ചൊല്ലി, എനിക്കവരുടെ പേരിൽ വല്ലാത്ത വെറുപ്പുതോന്നി. എല്ലാ കഷ്ടതകളും ക്ഷമയോടെ സഹിക്കാനുള്ള അവരുടെ കഴിവിനെച്ചൊല്ലി, അവരുടെ കടിയനായ മുതലാളി കാണിക്കാറുള്ള എല്ലാ ധിക്കാരങ്ങളേയും, അവർ, അടിമഭാവത്തിൽ, പൊറുപ്പിക്കുന്നതിനെച്ചൊല്ലി, എനിക്കവരോട് എന്തെന്നില്ലാത്ത ക്രോധം തോന്നി.

വിഷമം പിടിച്ച ഈ അവസരത്തിലാണ്—അങ്ങിനെയാണല്ലൊ കാര്യങ്ങളം ഒപ്പം വരിക— എനിക്കു തികച്ചും പുത്തനായ, ഒരാശയം മനസ്സിൽ ഉദിച്ചതു്. ഈ ആശയം എന്റെ സ്വഭാവത്തിനു തീരെ നിരക്കാത്തതായിരുന്നു. എങ്കിലും, അതു എന്നെ വല്ലാതെ അലട്ടീ. വല്ലാതെ കൊട്ടകാറു അടിച്ചുകൊണ്ടിരുന്ന ഒരു രാത്രി ഞാൻ ഡെറെങ്കോവ് കുടുംബക്കാരുടെ വീട്ടിൽനിന്നും, അറ്റ്വക്കുട്ടിലേക്കു, എന്റെ താമസസ്ഥലത്തേക്കു വരികയായിരുന്നു. എന്തൊരു വല്ലാത്ത കൊട്ടകാറായിരുന്നു. ശക്തിയോടെ വീശിക്കൊണ്ടിരുന്ന കാറ്റിൽപ്പെട്ട, ആകാശം തന്നെയും ചിന്നിച്ചിതറിത്തെറിച്ചു, താഴെ, മഞ്ഞുമൂടിക്കിടക്കുന്ന ഭൂമിയിലേക്കു വീണുപോകയാണെന്നു തോന്നി. ഭൂമിയുടെ ജീവിതത്തിനു തന്നെ വിരാമം വന്നുകഴിഞ്ഞതായിതോന്നി. സൂര്യൻ ഇനിയൊരിക്കലും ഉദിക്കയില്ലെന്നു തോന്നി. കാറു എന്റെ മുഖത്തേക്കാഞ്ഞടിച്ചു. ആ കുഴപ്പം പിടിച്ച കൊട്ടകാറിനെതിരായി, കണ്ണടച്ചു ഞാൻ മുന്നോട്ടുനീങ്ങി. പെട്ടെന്നു എന്തിന്മേലോ കാൽ തടഞ്ഞുവീണു. ഒരാൾ മഞ്ഞിൽ മലർന്നടിച്ചുകിടക്കുകയാണു്. കാലടിപ്പാതക്കു വിലങ്ങനെ. എന്റെ കാൽ അയാളുടെ ദേഹത്തിൽ തടഞ്ഞു

താണ്. ഞാനും അയാളും അന്യോന്യം ശപിച്ചു: അയാൾ ഫ്റഞ്ചു ഭാഷയിലും ഞാൻ റഷ്യൻ ഭാഷയിലും.

അതെനിക്കു വളരെ അസാധാരണമായിത്തോന്നി. ഞാൻ അയാളെ വലിച്ചുപൊക്കി കുത്തനെനിത്തി. ഒരു ചെറിയ മനുഷ്യൻ. കൃശനായി വളരെയൊന്നും ഘനമില്ലാത്ത ദേഹം. എന്റെ കൈ തള്ളിനീക്കി ക്രോധത്തോടെ അയാൾ ഗർജ്ജിച്ചു:

"എന്റെ തൊപ്പി? നീ നശിച്ചുപോകട്ടെ! എന്റെ തൊപ്പി തിരിച്ചുതരൂ. ഞാൻ വിറങ്ങലിച്ചു ചത്തുപോകും"

അയാളുടെ തൊപ്പി മണ്ണിൽവീണു കിടന്നിടത്തുനിന്നും ഞാൻ കണ്ടെടുത്തു. തൊപ്പിമേൽ പറ്റിനിന്നിരുന്ന മഞ്ഞിൻകഷണങ്ങൾ ഞാൻ തുടച്ചുകളഞ്ഞു. ഞാൻ അതു അയാളുടെ തലയിൽ വെച്ചുകൊടുത്തു. എന്നാൽ അയാൾ തൊപ്പി വലിച്ചെടുത്തു ചുഴറിയുംകൊണ്ടു രണ്ടു ഭാഷയിലും എന്നെ ശപിക്കുകയും ശകാരിക്കുകയും ചെയ്തു. അയാൾ ഗർജ്ജിച്ചു.

"ഫോ, ദൂരെ"

പെട്ടെന്നയാൾ മുന്നോട്ടു കുതിച്ചോടി. അങ്ങു മൂടൽമഞ്ഞിൽ അയാൾ അദൃശ്യനായി. എന്നാൽ കുറെ കഴിഞ്ഞപ്പോൾ ഞാൻ അയാളെ വീണ്ടും കണ്ടു. അയാൾ വിളക്കു കെട്ടുകഴിഞ്ഞിട്ടില്ലാത്ത, ഒരു വിളക്കുകാലിന്നടുത്തു നിൽക്കുകയാണ്. മരത്തിന്റെ വിളക്കുകാലിൽ പിടിച്ചും കൊണ്ടു അയാൾ വളരെ കാര്യമായി പറഞ്ഞു.

"ലേനാ, ഞാൻ മരിക്കുകയാണ്. ഓ ലേനാ!.. ..." അയാൾ പ്രത്യക്ഷത്തിൽ കുടിച്ചു മത്തനാണ്. അയാൾ വി

റങ്ങലിച്ചു ചത്തുപോയിട്ടുണ്ടാകുമായിരുന്നു — ഞാൻ അയാളെ പിടിച്ചെഴുന്നേൽപിച്ചിട്ടില്ലായിരുന്നു എങ്കിൽ. അയാൾ പാർക്കുന്നതെവിടെയാണെന്നു ഞാൻ അയാളോടു ചോദിച്ചു.

"ഇതു ഏതു തെരുവാണു്."

അയാൾ കണ്ണുനീരൊഴുക്കി, ദയനീയമായെന്നോടുചോദിച്ചു. "ഏതു വഴിക്കാണു് പോകേണ്ടതെന്നു എനിക്കു മനസ്സിലാകുന്നില്ല."

ഞാൻ കൈകൊണ്ടു അയാളുടെ ദേഹത്തിൽ ചുറ്റിപ്പിടിച്ചു, അയാളെ മുന്നോട്ടു നടത്തിച്ചു. അയാൾ പാർക്കുന്നതെവിടെയാണെന്നു ഞാൻ വീണ്ടും തിരക്കി.

"ബുലാക്കിന്റെ കരയിൽ" ദേഹമാസകലം വിറച്ചുകൊണ്ടയാൾ പറഞ്ഞു. "അവിടെയുണ്ടു, ഒരു വീടു്."

അയാൾ ഓരോ അടിയും വെക്കുന്നതു തപ്പിത്തടഞ്ഞാണു്. എനിക്കതുകൊണ്ടു നടക്കാൻ വലിയ വിഷമമായി. അയാളുടെ പല്ലുകൾ കൂട്ടിയടിക്കുന്നതു വ്യക്തമായി കേൾക്കാം.

അയാൾ എന്റെ പിരടിയിൽ മറഞ്ഞുംകൊണ്ടു എന്തോ പറഞ്ഞു.

"എനിക്കു ഒന്നും മനസ്സിലാകുന്നില്ല." ഞാൻ പ്രതിവചിച്ചു.

അയാൾ പെട്ടെന്നു നിന്നു. കൈ ഉയർത്തി വളരെ അഭിമാനം നടിച്ചു വീണ്ടും ആ വാക്കുകൾ തന്നെ ഉച്ചരിച്ചു. എനിക്കൊന്നും മനസ്സിലായില്ല. അയാൾ തന്റെ വിരലുകൾ, വായിൽ തിരുകിക്കയറ്റി. അയാളുടെ കാലു

കാം ഇടറി. അയാം വീഴാൻ ഭാവിച്ചു. ഞാൻ അയാളെ പൊക്കിയെടുത്തു എന്റെ ചുമലിൽ കയറ്റി. ഞാൻ അങ്ങിനെ അയാളെയുമെടുത്തു നടന്നുകൊണ്ടിരിക്കെ താടി എന്റെ തലയിൽ അമത്തി അയാം എന്തോ ശബ്ദങ്ങൾ പുറപ്പെടുവിച്ചു. അയാം തുടർന്നു.

"അയ്യോ ഞാൻ വിറങ്ങലിച്ചു ചത്തുപോകും."

ബുലാക്കിൽ എത്തിയപ്പോൾ, ഞാൻ വീണ്ടും വീണ്ടും അയാം താമസിക്കുന്നതെവിടെയാണെന്നു തിരക്കിത്തിരക്കി ച്ചോദിച്ചു. ഒടുവിൽ ഒരു മുറ്റത്തിന്റെ പിൻ ഭാഗത്തു, മൂടൽമഞ്ഞിൽ മറഞ്ഞു നിൽക്കുന്ന, ഒരു ചെറിയ കെട്ടിടത്തിന്റെ പ്രവേശനദ്വാരത്തിൽ ഞങ്ങൾ ചെന്നെത്തി. അയാം അകത്തെ മുറിയുടെ വാതിൽക്കൽ തപ്പിത്തടഞ്ഞു കയറിച്ചെന്നു സാവധാനം മുട്ടി. അയാം എന്നോടോമ്മിപ്പിച്ചു.

"ശ്ശ്—അനങ്ങരുത്."

ഒരു സ്ത്രീയാണ് വാതിൽ തുറന്നത്. ചുകന്ന മേലങ്കിധരിച്ചിട്ടുണ്ട്. കയ്യിൽ കത്തുന്ന ഒരു മെഴുകുതിരി പിടിച്ചിട്ടുണ്ട്. ഞങ്ങൾക്കു കടന്നു പോകാൻവേണ്ടി അവർ ഒരു വശത്തേക്കു മാറി നിന്നു. പിന്നെ കൂപ്പായത്തിന്റെ ഏതോ കീശയിൽ നിന്നും ഒരു കുഴൽ കണ്ണാടി എടുത്തു അവർ അതുവെച്ചു എന്നെ സൂക്ഷിച്ചുനോക്കി.

അതു മനുഷ്യന്റെ കൈ വിറങ്ങലിച്ചുപോയിട്ടുണ്ടെന്നു ഞാൻ ആ സ്ത്രീയോടു പറഞ്ഞു. അയാളുടെ നനഞ്ഞ വസ്ത്രങ്ങൾ അഴിച്ചു അയാളെ ഉറങ്ങാൻ കിടത്തണമെന്നു ഞാൻ അഭിപ്രായപ്പെട്ടു.

"അതേയോ?" അവർ ചോദിച്ചു. അവരുടേതു നല്ല യുവത്വം തുളുമ്പുന്ന സ്വരമാണ്.

"അയാളുടെ കരങ്ങൾ പച്ചവെള്ളത്തിൽ കഴുകിക്കണം."

ഒന്നും പറയാതെ അവർ കണ്ണാടികൊണ്ടു ഒരു മൂലയിലേക്ക് ചൂണ്ടി. മുറിയുടെ ആ മൂലയിൽ കാര്യമായൊന്നും ഇല്ല. ചിത്രം വരക്കാൻ ഉപയോഗിക്കുന്ന ഒരു ചട്ടവും അതിന്മേൽ ഒരു ചിത്രവും ഉണ്ടു. ഒരു പുഴയുടേയും കുറെ മരങ്ങളുടേയും ഒരു ചിത്രം. ഒന്നും മനസ്സിലാകാതെ ഞാൻ ആ സ്ത്രീയുടെ മുഖത്തുതന്നെ നോക്കി. ആ മുഖം അ സാധാരണമാംവണ്ണം നിശ്ചലമായിത്തോന്നി. അവർ എന്റെ അടുത്തു നിന്നും മറെറ മൂലയിലേക്കു മാറി. അവിടെ മേശപ്പുറത്തു ഒരു ചുകന്നതട്ടുള്ള ഒരു വിളക്കു കത്തുന്നുണ്ടു. അവർ അവിടെ ഇരുന്ന മേശമേൽ നിന്നും ഒരു ശീട്ടെടുത്തു അതിൽ സൂക്ഷിച്ചു നോക്കി.

"വോഡ്കയുണ്ടോ"

ഞാൻ വളരെ ഉച്ചത്തിൽ ചോദിച്ചു. അവർ ഉത്തരമൊന്നും പറഞ്ഞില്ല. അവർ തിരക്കിട്ടു മേശമേൽ ശീട്ടുകൾ നിരത്തുകയാണു്. ആ മനുഷ്യൻ കസേല മേൽ ഇരുന്നു. ശിരസ്സു് മാറിലേക്ക് താഴ്ത്തിവെച്ചുംകൊണ്ടു. ചുകന്ന കരങ്ങൾ, ശക്തിയില്ലാതെ തൂങ്ങിനിൽക്കുകയാണു്. ഞാൻ അയാളെ കട്ടിലിന്മേൽ കിടത്തി. അയാളുടെ വസ്ത്രങ്ങൾ അഴിച്ചുമാറുവാൻ തുടങ്ങി. എന്താണു് സംഭവിക്കുവാൻ പോകുന്നതെന്നു എനിക്കു മനസ്സിലായില്ല. സപ്തലോകത്തിൽ സഞ്ചരിക്കുകയാണു് ഞാൻ എന്നെനിക്കുതോന്നി. കട്ടിലിന്നടുത്തു ചുമരിൽ അങ്ങോളമിങ്ങോളം ഫോട്ടോകൾവെച്ചിട്ടുണ്ടു. ഫോട്ടോകൾക്കിടയിൽ, മങ്ങിയ സപ്ണ്ണനിറത്തോടുകൂടിയ വെള്ളനാട ചുററിയ ഒരു മാല തൂങ്ങി

നില്ക്കുന്നുണ്ടു്. വെള്ളനാടയുടെ അറ്റത്തു സ്വർണ്ണലിപികളിൽ ഇങ്ങിനെ എഴുതിയിരുന്നു:

"അനുപമയായ ഗിൽഡയുടെ സ്മരണക്കു"

"സൂക്ഷ്മതയോടെ! നീ തുലഞ്ഞുപോകട്ടെ!" ഞാൻ അയാളുടെ കരങ്ങളിൽ തടവാൻ തുടങ്ങിയപ്പോൾ ആ മനുഷ്യൻ എന്നെ ശാസിച്ചു.

ആ സ്ത്രീ ശീട്ടുകാം വൃത്തിയായി നിരത്തി. വളരെ ശ്രദ്ധയോടെ, ഒന്നും മിണ്ടാതെ. അവരുടെ ക്രുത്തനാസിക കണ്ടാൽ ഒരു പക്ഷിയുടെ മുഖമാണതെന്നു തോന്നും. അനങ്ങാത്ത വലിയ രണ്ടു കണ്ണുകളും പ്രകാശിക്കുന്ന മുഖം. ഇടക്കു അവർ തന്റെ കരങ്ങളും ഉയത്തിത—ന്റെ ചുരുണ്ടിരുത്തിച്ചുള്ള തലമുടിയൊന്നൊതുക്കാൻ. ആ മുടി കണ്ടാൽ പൊയ്മുടി ആണെന്നെ തോന്നുകയുള്ളു. വളരെ പതിഞ്ഞ സ്വരത്തിൽ എത്രയും വ്യക്തതയോടെ അവർ ചോദിച്ചു.

"നിങ്ങളും മിഷയെ കണ്ടോ, ജിയോർജസ്സ്?"

ജിയോർജസ്സ് എന്നെ ഒരു ഭാഗത്തേക്കു തള്ളിമാറ്റികൊണ്ടു പെട്ടന്നെഴുന്നേറ്റിരുന്നു. അയാളും ബദ്ധപ്പാടോടെ മറുപടി പറഞ്ഞു.

"അതെങ്ങിനെയാണു്, അവൻ കീവിലേക്കു് പോയിരിക്കയല്ലേ?"

"അതെ, കീവിലേക്കു", ആ സ്ത്രീ ശീട്ടുകളിൽനിന്നും കണ്ണെടുക്കാതെ തുടർന്നു: അവരുടെ സ്വരത്തിന്നു യാതൊരു ചൈതന്യവും ഉള്ളതായി തോന്നിയില്ല.

"അവൻ വേഗം തിരികെവരും."

"ഉവ്വോ?"

"ഉച്ച്. വളരെവേഗം"

"ഉവ്വോ?" സ്ത്രീ വീണ്ടും ചോദിച്ചു.

അർദ്ധനഗ്നനായി കിടക്കുകയായിരുന്ന നിലയിൽ തന്നെ ജിയോർജ്ജസ്സ്, കട്ടിലിൽ നിന്നെഴുന്നേറ്റ ആ സ്ത്രീയുടെ അടുത്തേക്കു പോയി. അവരുടെ കാൽക്കൽ മുട്ടുകുത്തിയിരുന്ന അയാൾ എന്തൊ ഫ്രഞ്ചു ഭാഷയിൽ സ്ത്രീയോടു പറഞ്ഞു.

"വ്യ്നിക്കങ്ങിനെ പരിഭ്രമമൊന്നും ഇല്ല." സ്ത്രീ റഷ്യൻ ഭാഷയിൽ മറുപടി പറഞ്ഞു.

"എനിക്കു വഴിതെറ്റി. മഞ്ഞുകട്ടകൾ ചിതറുന്ന ശക്തിയേറിയ കൊടുങ്കാറ്റ്. ഞാൻ വിറങ്ങലിച്ചു മരിച്ചു പോകുമെന്നു ഭയപ്പെട്ടു." ജിയോർജ്ജസ്സ് സ്ത്രീയുടെ കയ്യിൽ തലോടിയും കൊണ്ടു പറഞ്ഞു. അവർ കരങ്ങൾ കാൽമുട്ടുകളിൽ അടങ്ങാതെ ചേർത്തുവെച്ചിരിക്കുകയായിരുന്നു. അയാൾക്കു ഏതാണ്ടു് നാല്പതുവയസ്സ് പ്രായം കാണും. അയാളുടെ മുഖത്തു പരിഭ്രമത്തിന്റെയും ഭയത്തിന്റേതുമായ ഭാവങ്ങളാണു് പ്രത്യക്ഷപ്പെട്ടതു്. അയാൾ തന്റെ ശിരസ്സിൽ തലോടി. അയാളുടെ മസ്തകം തണുത്തു.

"നമ്മൾ നാളെ കീവിലേക്കു പോകണം" ആ സ്ത്രീ പറഞ്ഞു, അതൊരു ചോദ്യമായിരുന്നോ? പ്രസ്താവനയായിരുന്നോ? പറയാൻ വയ്യ.

"അതു തരക്കേടില്ല, നാളെ! എന്നാൽ നീ ഇപ്പോൾ വിശ്രമിക്കണം. എന്തുകൊണ്ടു നീ ഉറങ്ങുന്നില്ല. എത്ര വൈകിയിരിക്കുന്നു."

"മിഷ, ഇന്നു അവൻ വരികയില്ല!"

"ഓ, ഇല്ല, ഇല്ല, എന്തൊരു കൊടുങ്കാറ്റാണുടിക്കുന്നതു്. ശരി, വരൂ, നീ കുറച്ചുറങ്ങിയെ തീരൂ."

അയാൾ മേശപ്പുറത്തുനിന്നും വിളക്കെടുത്തു ആ സ്ത്രീയെ ഒരു ചെറിയ വാതിലിൽക്കൂടി മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. കുറെനേരം ഞാൻ അവിടെ ഏകാകിയായിരുന്നു. എന്റെ മനസ്സിൽ ഒന്നും പതിയുന്നില്ല. അടുത്ത മുറിയിൽ നിന്നും അയാൾ പതുങ്ങിയ സ്വരത്തിൽ എന്തൊക്കെയോ പറയുന്നുണ്ടു. വെളിയിൽ കൊടുങ്കാറ്റു ചീറി വീശുകയാണു്. തറയിൽ മഞ്ഞുരുകി വെള്ളംവീണുകിടക്കുന്നിടത്തു മെഴുകുതിരിയുടെ പ്രതിബിംബം നിഴലിച്ചുകണ്ടു. ആ മുറിയിൽ വീട്ടുസാമാനങ്ങളും നിറച്ചിരിക്കുകയാണു്. അവിടെ എന്തൊ ഒരു മണം നിറഞ്ഞുനിൽക്കുന്നുണ്ടു. ഉറക്കം പിടിക്കാൻ സഹായിക്കുന്ന ഒരു മണം.

ഒടുവിൽ ജിയോർജസ്സ് മുറിയിൽനിന്നു വെളിയിലേക്കുവന്നു. അയാൾ പറഞ്ഞു.

"അവൾ ഉറങ്ങി"

അയാൾ വിളക്കു മേശമേൽവെച്ചു. അയാൾ ചിന്താഗ്രസ്ഥനായി കാണപ്പെട്ടു. മുറിയുടെ മദ്ധ്യഭാഗത്തു് എത്തിയപ്പോൾ അല്പം സംശയിച്ചുനിന്നു് അയാൾ പറയാൻ തുടങ്ങി. അയാൾ എന്റെ മുഖത്തു നോക്കിയില്ല.

"ശരി എന്തു പറയാനാണു്? ഞാൻ മരിച്ചുപോയിട്ടുണ്ടാകുമായിരുന്നു: നിങ്ങൾ സഹായത്തിനെത്തിയിരുന്നില്ലെങ്കിൽ. വളരെ നന്ദി. ശരി—നിങ്ങൾ ആരാണു?"

അയാൾ ശിരസ്സു് ഒരു ഭാഗത്തു ചരിച്ചു അടുത്ത മുറിയിൽനിന്നു ഉണ്ടായ ചെറിയ ഒരനക്കം പരിഭ്രമത്തോടെ ശ്രദ്ധിച്ചു.

"അതു നിങ്ങളുടെ ഭാര്യയാണോ?" ഞാൻ വളരെ സാവധാനം ചോദിച്ചു.

"അതെ, എന്റെ ഭാര്യ. എന്റെ സർവ്വസ്വം. എന്റെ ജീവിതത്തിൽ ഒരൊറ്റ ആനന്ദം." ആ മനുഷ്യൻ ശാന്തമായി, തറയിൽ ദൃഷ്ടിയുറപ്പിച്ചു പറഞ്ഞു. അയാൾ വീണ്ടും തന്റെ ശിരസ്സിൽ തലോടി.

"നാം അല്പം ചായ കഴിക്കണം. എന്താ?"

അദ്ദേഹം വാതിൽക്കലേക്കു നീങ്ങി പെട്ടെന്നു നിന്നു. പണിക്കാരെത്തി പെൺകുട്ടി സുഖമില്ലാതെ ആസ്പത്രിയിലേക്കു പോയിരിക്കയാണെന്നയാൾക്കു് ഓർമ്മവന്നു.

ഞാൻ സമാവറിൽ വെള്ളം ചൂടാക്കാമെന്നു പറഞ്ഞു. അയാൾ ശിരസ്സു് കുനിച്ചു തന്റെ ആനുകൂല്യം വ്യക്തമാക്കി. കാര്യമായി വസ്തുമൊന്നും താൻ ധരിച്ചിട്ടില്ലെന്നകാര്യം അയാൾ തീരെ വിസ്മരിച്ചു. കാലിൽ ഒന്നും ധരിക്കാതെ അയാൾ എന്നെ ആ ചെറിയ അടുക്കളയിലേക്കു ക്ഷണിക്കൊണ്ടു പോയി. അയാൾ അടുക്കളയിൽ അടുപ്പിന്നടുത്തു മാറിനിന്നു വീണ്ടും പറഞ്ഞു.

"നിങ്ങൾ അപ്പോൾ എത്തിയിരുന്നില്ലെങ്കിൽ ഞാൻ വിറങ്ങലിച്ചു മരിച്ചുപോകുമായിരുന്നു. വളരെ നന്ദി"

പെട്ടെന്നു ഞെട്ടി, വല്ലാതെ ഭയപ്പെട്ടതുപോലെ അയാൾ എന്റെ മുഖത്തു തന്നെ തുറിച്ചുനോക്കി.

"ഞാൻ മരിച്ചുപോയിരുന്നെങ്കിൽ അവൾക്കൊരുണ്ടു പിന്നെ. എന്റെ ഈശ്വരാ!"

അങ്ങിനെ ജല്പിച്ചു, അയാൾ മുറിയുടെ വാതിൽക്കലേക്കു, തന്റെ ദൃഷ്ടികൾ പായിച്ചു. അയാൾ പറഞ്ഞു.

"അവൾക്കു സുഖമില്ല. അവൾക്കു ഒരു മകനുണ്ടായിരുന്നു. ഒരു പാട്ടുകാരൻ. മോസ്കോവിൽ. അവൻ ആത്മഹത്യ ചെയ്തുകളഞ്ഞു. അവൻ വീട്ടിലേക്കു തിരികെ വരും എന്നു അവൾ ഇപ്പോഴും വിശ്വസിയ്ക്കുകയാണു്. അവൻ മരിച്ചിട്ടു ഇപ്പോൾ ഏതാണ്ടു രണ്ടു കൊല്ലമായി."

പിന്നീടു ഞങ്ങൾ ചായ കഴിച്ചുകൊണ്ടിരിക്കെ അയാൾ ധാരാളം സംസാരിച്ചു—സാധാരണ സംഭാഷണത്തിൽ കേൾക്കാനിടയില്ലാത്ത, അന്യോന്യബന്ധമില്ലാത്ത വാക്കുകൾ. ആ സ്ത്രീ നാട്ടിൻപുറത്തെ ഒരു നല്ല കുടുംബത്തിലെ അംഗമായിരുന്നു. അയാൾ ഒരു ചരിത്രാദ്ധ്യാപകനും. അയാളെ ആ സ്ത്രീയുടെ മകനെ പഠിപ്പിക്കാൻ ഏർപ്പാടു ചെയ്തു. അയാൾ ആ സ്ത്രീയിൽ അനുരക്തനാകയും ചെയ്തു. അയാളെ കൊതിച്ചു ആ സ്ത്രീ സ്വന്തം ഭർത്താവിനെ വിട്ടുപോന്നു. അദ്ദേഹം ഒരു ജർമ്മൻ പ്രഭുവായിരുന്നു. ആ സ്ത്രീ നല്ല പാട്ടുകാരിയായിരുന്നു. അവർ നാടകശാലയിൽ പാട്ടുപാടി പണം ഉണ്ടാക്കും. അവർ രണ്ടുപേരും അങ്ങിനെ സുഖമായി ജീവിതം നയിച്ചു. ആ സ്ത്രീയുടെ ജർമ്മൻ ഭർത്താവ് അവരുടെ ജീവിതസുഖം ഇല്ലാതാക്കാൻ ചെയ്ത ശ്രമങ്ങളൊന്നും ഫലിച്ചില്ല.

ഇങ്ങിനെയെല്ലാം പറഞ്ഞുംകൊണ്ടിരിക്കെ അയാം, കണ്ണു പകുതി ചിമ്മി അടുക്കളയിൽ അടുപ്പിന്നപ്പുറം തറയിൽ, കിളന്നുകിടക്കുന്ന ഒരു സ്ഥലത്തു സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു.

അയാം നല്ല ചൂടോടെയാണു് ചായ കുടിച്ചതു്. അണ്ണാക്കു പൊള്ളിപ്പോയിരിക്കണം. അയാം മുഖംകൊണ്ടു ഗോഷ്ടികൾ കാണിച്ചു. പിന്നെ കണ്ണുകൾ പരിഭ്രമത്തോടെ തുറക്കുകയും പൂട്ടുകയും ചെയ്തു.

"ശരി, നിങ്ങൾ ആരാണു്." അയാം ചോദിച്ചു. "ഓ, അതെ, അപ്പുക്കുട്ടിലെ ജോലിക്കാരൻ. അതസാധാരണമായിത്തോന്നുന്നുവല്ലോ. നിങ്ങൾ അവിടെ ജോലി ചെയ്യേണ്ടവനല്ല. അതെങ്ങിനെപറ്റി?"

അയാളുടെ സ്വരത്തിൽ അല്പം ഭയത്തിന്റെ ഛായ കലർന്നിരുന്നു. അയാളുടെ നോട്ടം കണ്ടാൽ എന്നെ തീരെ വിശ്വാസമില്ലെന്നു തോന്നും. ഏതോ ഒരു കുടുക്കിൽ പെട്ടുപോയ ഒരാളുടെ ഭാവമായിരുന്നു അയാൾക്കു.

ഞാൻ ചുരുക്കമായി എന്റെ കഥ അയാൾക്കു പറഞ്ഞുകൊടുത്തു. "അപ്പോൾ അങ്ങിനെയാണല്ലോ?" അയാം ആശ്ചര്യപ്പെട്ടു. "ഹോ, അങ്ങിനെയാണിങ്ങിനെ പറ്റിയതു?"

അയാം പെട്ടെന്നാവേശം പൂണ്ടാവശ്യപ്പെട്ടു.

"ആ യക്ഷികഥയിലെ — വിശ്വപിയായ വാത്തിൻകുട്ടിയെക്കുറിച്ചുള്ളതു. നിങ്ങൾക്കാകഥ അറിയാമെന്നു ഞാൻ വിശ്വസിക്കുന്നു."

അയാളുടെ മുഖം വല്ലാതെ ഒന്നു ചുളുങ്ങി. അയാൾ സംസാരിച്ചുകൊണ്ടിരിക്കെ അയാളുടെ വാക്കുകളിൽ ക്രോധം നിറഞ്ഞുവന്നു. അയാളുടെ പരുക്കൻ ശബ്ദം അപ്രകൃതമായ അസാധാരണമായ ഒരു സ്വഭാവം കൈക്കൊണ്ടു.

"അതു നിങ്ങളെ വല്ലാതെ ആകർഷിക്കും. അങ്ങിനെയുള്ള ഒരു കഥ. നിങ്ങളുടെ ഈ പ്രായത്തിൽ എനിക്കും ആവേശം തോന്നിയിരുന്നു. ഞാൻ ഒരു അരയന്നമായിമാറുമെന്നു ഞാൻ വിചാരിച്ചു. ശരി--ഞാൻ അപ്പോൾ ഒരു വൈദീക വിദ്യാലയത്തിൽ പഠിക്കുകയായിരുന്നു എന്നാണു് വെപ്പു്. എന്നാൽ ഞാൻ സർവ്വകലാശാലയിലാണു ചേർന്നതു്. അച്ഛൻ ഒരു പുരോഹിതനായിരുന്നു. അദ്ദേഹം എന്നെ വീട്ടിൽനിന്നും പുറത്താക്കി. ഞാനുമായുള്ള സകല ബന്ധങ്ങളും വിട്ടുകളഞ്ഞു. പിന്നെ ഞാൻ പാരീസ്സിൽ വെച്ചു, മനുഷ്യന്റെ നിഭാഗ്യത്തിന്റെ ചരിത്രം പഠിച്ചു. പുരോഗതിയുടെ ചരിത്രം കുറെയെല്ലാം ഞാനും എഴുതിക്കൂട്ടി. ഉവ്വു്. അതെല്ലാം അങ്ങിനെ—"

അയാൾ ഞെട്ടി. കുറച്ചിട ശ്രദ്ധിച്ചു: പിന്നെ പറഞ്ഞു.

"പുരോഗതി--അതുകൊണ്ടു അങ്ങിനെ കെട്ടിപ്പുറത്തതാണു്. സ്വയം വഞ്ചിക്കാൻ വേണ്ടി. ജീവിതത്തിനു യാതൊരർത്ഥവുമില്ല; അടിമത്തമില്ലാതെ പുരോഗതിയുണ്ടാക്കാൻ സാദ്ധ്യമല്ല. ഭൂരിപക്ഷത്തിന്റെമേൽ ന്യൂനപക്ഷത്തിനുള്ള ഭരണാധികാരം ഇല്ലാതാകയാണെങ്കിൽ മനുഷ്യസമുദായം നിലച്ചുപോകും. ജീവിതത്തിലെ വിഷമങ്ങളം പാടെ കുറക്കാൻ ശ്രമിക്കുമ്പോഴും, നമ്മുടെ അജ്ഞാനത്തിന്റെ ഭാരം കുറക്കാൻ ശ്രമിക്കുമ്പോഴും, നാം എല്ലാം തന്നെ

കഴിച്ചത്തിലാക്കുകയാണു്. നമ്മുടെ അദ്ധ്വാനം വർദ്ധിപ്പിക്കുകയാണു്. ക്രട്ടതൽ ക്രട്ടതൽ യന്ത്രങ്ങളും നിർമ്മിക്കാൻ, തൊഴിൽ ശാലകളും യന്ത്രങ്ങളും ഉണ്ടാക്കുക. അതെന്തൊരു വിഡ്ഢിത്തമാണു്. ലോകത്തിന്നാവശ്യം ക്രട്ടതൽ ക്രട്ടതൽ കൃഷിക്കാരാണു്. ധാന്യം കൃഷിചെയ്യുന്ന കൃഷിക്കാർ. നമ്മളും ക്രട്ടതൽ ക്രട്ടതൽ തൊഴിലാളികളെ ഉണ്ടാക്കുന്നു! മനുഷ്യൻ തന്റെ അദ്ധ്വാനംകൊണ്ടു പ്രകൃതിയിൽനിന്നും പിടിച്ചുവാങ്ങേണ്ടതു ഭക്ഷണമാണു്. ഒരു മനുഷ്യന്റെ ആവശ്യങ്ങളും കുറയുന്നതിന്നനുസരിച്ചു അയാൾ ഭാഗ്യവാനായിത്തീരുന്നു. ആഗ്രഹങ്ങളും അധികമാകുന്നതിന്നനുസരിച്ചു സ്വാതന്ത്ര്യം കുറയുന്നു."

അയാൾ പറഞ്ഞവാക്കുകളും ഒരുപക്ഷെ ഇങ്ങിനെതന്നെയായിരിക്കുകയില്ല. എന്നാൽ ഇതൊക്കെയായിരുന്നു അയാൾ പ്രകടിപ്പിച്ച അഭിപ്രായങ്ങളും. ഇത്തരം ആശയങ്ങളും ഞാൻ ആദ്യമായി കേൾക്കുകയാണു്. ഇതുയും വെട്ടിത്തുറന്നു വ്യക്തമായാരും അങ്ങിനെ പറയുന്നതു ഞാൻ അതിന്നുമുമ്പു കേട്ടിട്ടില്ല. പെട്ടെന്നു പരിഭ്രമത്തോടെ അയാൾ മറെറ മുറിയിലേക്കു വാതിലിൽക്രടി സൂക്ഷിച്ചു നോക്കി. അല്പനിമിഷങ്ങളും വളരെ നിഷ്കർഷയോടെ നിശ്ശബ്ദമായി ശ്രദ്ധിച്ചു. പിന്നെ അയാൾ അല്പം ക്രോധത്തോടെകുറെ പതിഞ്ഞ സ്വരത്തിൽ ഇങ്ങിനെ തുടർന്നു.

"ഇതു നല്ലപോലെ മനസ്സിലാക്കണം. ആഴ്ചയിൽ അധികം ആവശ്യങ്ങളും പാടില്ല. ഒരു അപ്പവും ഒരു സ്ത്രീയും".....

സ്ത്രീയെ സംബന്ധിച്ചു അയാൾ ആശ്ചര്യം തോന്നിക്കുംവിധം വളരെ പതിഞ്ഞ സ്വരത്തിൽ മാത്രമെ സംസാ

രിച്ചുള്ളൂ. എനിക്കറിയാത്ത വാക്കുകളും ഞാൻ വായിച്ചിട്ടില്ലാത്ത കവിതകളും, അവയുടെ സഹായമാണയാൾ അപ്പോൾ തേടിയതു്. അപ്പോൾ അയാളെ തസ്കരനായ ബാഷ്കിനോട്ടുപമിക്കാനാണെനിക്കു തോന്നിയതു്.

ജാമാടിസ്ഫിയാമെറാ, ലാറാ, നീനൻ ഇങ്ങിനെ എനിക്കറിയാത്ത പല പേരുകളും അയാൾ ഉരുവിട്ടു. അദ്ദേഹം കീർത്തിമാന്മാരായ രാജാക്കന്മാരെക്കുറിച്ചും കവികളെക്കുറിച്ചും പറഞ്ഞു. മെലിഞ്ഞ തന്റെ കൈകളും ഉയർത്തി, ബലഹീനമായി താളം പിടിച്ചുകൊണ്ടു് ഫ്രഞ്ചു ഭാഷയിൽ, അയാൾ കവിതകൾ ഉദ്ധരിച്ചു.

"സ്നേഹവും വിശപ്പും ലോകത്തെ ഭരിക്കുന്നു." അദ്ദേഹം പതുക്കെ ഉരുവിട്ടു. ഈ വാക്കുകൾ എനിക്കറിയാം. "വിശപ്പാകുന്ന രാജാവു്" വിപ്ലവകാരികളുടെ ഒരു ലഘുലേഖയുടെ തലവാചകമായിരുന്നു അതു്. അതുകൊണ്ടു് ആ വാക്കുകൾ കേട്ടപ്പോൾ അവക്കു കൂടുതൽ പ്രാധാന്യം ഉള്ളതായി എനിക്കു തോന്നി.

"മനുഷ്യൻ തേടി നടക്കുന്നതു വിസ്മൃതിയെയാണു്. ആഗ്രഹത്തെയല്ല, ജ്ഞാനത്തെയല്ല."

ഈ അഭിപ്രായം കേട്ടപ്പോൾ ഞാൻ അമ്പരന്നുപോയി, രാവിലെ മാത്രമെ ഞാൻ അവിടം വിട്ടുപോയുള്ളൂ. ചുമരിലുണ്ടായിരുന്ന ചെറിയ ഘടികാരത്തിൽ അപ്പോൾ ആറു മണി കഴിഞ്ഞിരുന്നു. ഞാൻ മഞ്ഞു വീണുകിടക്കുന്ന പാതയിൽക്കൂടി, ചുറ്റും വീശിയടിക്കുന്ന കൊടുങ്കാറ്റിന്റെ ഇരമ്പലിൽ കൂടി, നടക്കുമ്പോൾ, ജീവിതത്തിൽ നിരാശവന്നുകഴിഞ്ഞ ആ മനുഷ്യന്റെ വാക്കുകൾ ഓർത്തു. എനിക്കയാളുടെ വാക്കുകൾ അറ്റുപോയി വീഴുങ്ങാൻകഴിഞ്ഞില്ല. ആ

വാക്കുകൾ എന്റെ കണ്ണുത്തിൽ എവിടെയോ തടഞ്ഞുനിന്നു; എനിക്കു ശ്വാസം മുട്ടുന്നതായി തോന്നി. എനിക്കു നേരെ അപ്പുക്കുട്ടിലേക്കു, വീട്ടിൽ മറവാളുകളുടെ ഇടയിൽ ചെല്ലാൻ തോന്നിയില്ല. അതുകൊണ്ടു, ചുമലിൽ വീണു കിടക്കുന്ന മഞ്ഞിൻ ശകലങ്ങളുടെ ഭാരം വഹിച്ചുകൊണ്ടു ഞാൻ തെരുവുകളിൽ അലഞ്ഞു നടന്നു—നല്ല പ്രകാശം വരുന്നതുവരെ, ആളുകൾ തെരുവിലിറങ്ങി നിത്യകൃത്യങ്ങളിൽ ഏർപ്പെടുന്നതുവരെ.

ഞാൻ പിന്നീടൊരിക്കലും ഈ ചരിത്രാദ്ധ്യാപകനെ കണ്ടുമുട്ടുകയുണ്ടായില്ല. എനിക്കയാളെ കാണേണമെന്നാഗ്രഹം ജനിച്ചതുമില്ല. എന്നാൽ ഭാവിയിൽ വീണ്ടും വീണ്ടും ജീവിതത്തിന്റെ അർത്ഥഹീനതയെക്കുറിച്ചു, അദ്ധ്യാനത്തിന്റെ ഉപയോഗശൂന്യതയെക്കുറിച്ചു് പലരും സംസാരിക്കുന്നതു് ഞാൻ കേട്ടു. അക്ഷരാഭ്യാസമില്ലാത്ത തെണ്ടികളുടേയും സാധാരണക്കാരുടേയും മുഖത്തുനിന്നും പണ്ഡിതന്മാരും സംസ്കാരസമ്പന്നരുമായ സ്ത്രീകളുടേയും പുരുഷന്മാരുടേയും മുഖത്തുനിന്നും അതേ വാക്കുകൾ ഞാൻ പലവട്ടം കേൾക്കുകയുണ്ടായി. വലിയ ബിരുദങ്ങൾ ഉള്ള ഒരു വലിയ ആൾ അതേ വാക്കുകൾ പറയുന്നതു് ഞാൻ കേട്ടു. പൊട്ടിത്തെറിക്കുന്ന സാധനങ്ങൾ ഉണ്ടാക്കുന്ന ഒരാൾ അങ്ങിനെ പറയുന്നതു് ഞാൻ കേട്ടു. ഒരു ജീവശാസ്ത്രജ്ഞനും അതേ വാക്കുകളാണു് പറയാൻ ഉണ്ടായിരുന്നതു്. എന്നാലും പിൽക്കാലത്തു് ആ ആശയങ്ങൾ അവരെല്ലാം പറഞ്ഞുകേട്ടപ്പോൾ എന്റെ തല കറങ്ങിയില്ല. അന്നു് ഞാൻ ആദ്യമായി അങ്ങിനേയുള്ള അഭിപ്രായങ്ങൾ പുത്തനായി കേൾക്കുകയായിരുന്നു.

ഒന്നോ രണ്ടോ കൊല്ലം മുമ്പ്, ആ ചരിത്രാദ്ധ്യാപകനുമായുണ്ടായ സംഭാഷണം നടന്നിട്ട് മുപ്പതു കൊല്ലങ്ങൾക്ക് ശേഷം ഇതേ ആശയങ്ങൾ തന്നെ ഇതേ വാക്കുകളിൽ തന്നെ കേവലം അപ്രതീക്ഷിതമായി എന്റെ പരിചയക്കാരനായ ഒരു തൊഴിലാളി പറയുന്നതും ഞാൻ കേട്ടു.

ഞങ്ങൾ ഉള്ളിലുറഞ്ഞ് സംസാരിക്കുകയായിരുന്നു. അയാൾ രാഷ്ട്രീയരംഗത്തു് ഒരു വലിയ പ്രമാണിയാണു്—ഒന്നു ചിരിച്ചു റഷ്യക്കാർക്ക് മാത്രം വശമായ ആത്മാർത്ഥതയോടെ അയാൾ എന്നോട്ട് പറഞ്ഞു.

"എന്റെ ചങ്ങാതി, അലേസ്കേയിമേക്സ്മിക്ക്, ഈ ശാസ്ത്രങ്ങൾ, പാണ്ഡിത്യം ആകാശവിമാനം തുടങ്ങിയ എല്ലാംകൊണ്ടെനിക്കെന്തൊണ്ണൊ ലാഭം, വെറും ഒരു ഭാരം, അവയെക്കൊണ്ടൊന്നും എനിക്കൊരു പ്രയോജനവും ഇല്ല. എനിക്ക് വേണ്ടതു് സമാധാനപൂർണ്ണമായ ഒരു ജീവിതമാണു്. എനിക്കു ആഗ്രഹം തോന്നുമ്പോൾ ചുംബിച്ചുകൊണ്ടിരിക്കാൻ ഒരു സ്ത്രീ വേണം. എന്റെ ചുംബനങ്ങൾ സത്യസന്ധതയോടെ ദേഹവും ആത്മാവുംകൊണ്ട് അവർ സ്വീകരിക്കുകയും വേണം, അത്രമാത്രം. ഒരു വലിയ ബുദ്ധിജീവിയേപ്പോലെയാണു് നിങ്ങൾ സംസാരിക്കുന്നതു്. ഇന്നിമേലിൽ നിങ്ങൾ ഞങ്ങളുടെ കൂട്ടത്തിൽപെട്ട ഒരാളല്ല. നിങ്ങളുടെ തലയിൽ വിഷമയമായ ചിന്തകൾ കടന്നുകഴിഞ്ഞിരിക്കുന്നു. ജനങ്ങളേക്കാൾ എത്രയോ പ്രധാനമായ കാര്യങ്ങളായിത്തീർന്നിരിക്കുന്നു നിങ്ങൾക്ക ആശയങ്ങൾ. ജൂതന്മാരെപ്പോലെ മനുഷ്യൻ "ശബാത്തി"നുവേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ടതാണെന്നു് വിശ്വസിക്കുകയാണല്ലേ?

"ജൂതന്മാർ അങ്ങിനെയൊന്നും വിശ്വസിക്കുന്നില്ല"

"അവരുടെ വിശ്വാസം എന്താണെന്നു് ചെകുത്താന്നു് മാത്രം അറിയാം. ആ ക്രൂട്ടരെ മനസ്സിലാക്കാൻ വളരേ വിഷമമാണു്" അയാൾ മറുപടി പറഞ്ഞു അയാൾ തന്റെ സിഗരറ്റു് പുഴയിലേക്കു് വലിച്ചെറിഞ്ഞു, അതു് വെള്ളത്തിൽ വീഴുന്നതു് സൂക്ഷിച്ചുനോക്കി.

അതു് ശരൽക്കാലത്തെ നല്ല നിലാവുള്ള ഒരു രാത്രിയാണു്. ഞങ്ങൾ കരിങ്കല്ലു് കൊണ്ടുള്ള ഒരു ബെഞ്ചിന്മേൽ ഇരിക്കുകയായിരുന്നു. ദിവസം മുഴുവനും വല്ല ലക്ഷ്യവും സാധിക്കേണമെന്ന ആഗ്രഹത്തോടെ വൈകാരിക മണ്ഡലത്തിൽ വലിയ സമരം നടത്തി ഞങ്ങൾ വളരെ തളർന്നിരുന്നു.

"നിങ്ങൾ ഞങ്ങളുടെ ഒപ്പമുണ്ടു്. എന്നാൽ ഞങ്ങളിൽ ഒരാളല്ല." അയാൾ സാവധാനം ചിന്താകുലനായി പറഞ്ഞു. "ബുദ്ധിജീവികൾ—അവർ വെറുതേ മനസ്സു് പുണ്ണാക്കും. നൂറായിരങ്ങളായി അവർ ലഹളകളുമായി, ബന്ധം പുലർത്തി ക്രിസ്തുവിനേപ്പോലെ ബുദ്ധിജീവി ഒരാദർശവാദിയാണു്. മറ്റൊരു ലോകത്തെ ചൂണ്ടിയുംകൊണ്ടു് അയാൾ പ്രതിഷേധ ശബ്ദം മുഴക്കും. ബുദ്ധിജീവികൾ മുഴുവൻ സാങ്കല്പികമായ ഒരു സ്വർഗ്ഗത്തേക്കുറിച്ചു ചിന്തിക്കുന്നു. ഒരാദർശവാദിയും അങ്ങിനെ പ്രതിഷേധിക്കും. ഒന്നിനും കൊള്ളാത്ത തെമ്മാടികൾ അവരോടൊപ്പം പോവുകയും ചെയ്യും. എല്ലാം പകകൊണ്ടാണു്. ജീവിതത്തിൽ അവക്കൊരു സ്ഥാനവും ഇല്ലെന്നു് തോന്നുന്നതുകൊണ്ടു്. തൊഴിലാളികൾ അവർ വിപ്ലവമുണ്ടാക്കാൻ പണിപ്പെടുന്നു. അവക്കാവശ്യം അദ്ധ്വാനത്തിന്റെ ഫലം ശരിയായി ന്യായമായി അവക്കും വീതിച്ചുകിട്ടുകയാണു്. അവക്കു് അധികാരം

കിട്ടുന്നു, എന്ന് വിചാരിക്കുക; അവർ ഒരു ഭരണക്രമം നടപ്പാക്കാൻ തയ്യാറാകുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ. അവർ എല്ലാം തല്ലിത്തകർക്കും. ഓരോ ആളും ശാന്തമായി ഒരു മൂലയിൽ കഴിഞ്ഞുകൂടാൻ, സ്വന്തം പരിശ്രമത്തിൽ കഴിഞ്ഞുകൂടാൻ ശ്രമിക്കും.

"യന്ത്രങ്ങളെക്കുറിച്ചു നിങ്ങൾ പറയുന്നു. സാങ്കേതിക പരിജ്ഞാനത്തെക്കുറിച്ചു പറയുന്നു. അവയെല്ലാം തന്നെ നമ്മുടെ കണ്ണുത്തിനു ചുറ്റും നില്ക്കുന്ന കൂട്ടുകയർ വലിച്ചുമുറുക്കുകയേ ചെയ്യുകയുള്ളൂ. ഇല്ലില്ല, അനാവശ്യമായ അജ്ഞാനത്തിൽനിന്നും നമുക്ക് മോചനം തേടിയേതീരൂ. ഒരു മനുഷ്യനാവശ്യം ശാന്തമായ ജീവിതമാണ്. തൊഴിൽശാലകളും ശാസ്ത്രങ്ങളും നമുക്ക് സമാധാനം പ്രദാനം ചെയ്തിട്ടില്ല. ഒരാൾക്ക് സ്വന്തം ആവശ്യങ്ങൾക്ക് അത്രയൊന്നും സാധനങ്ങളും ആവശ്യമില്ല. ഞാൻ എന്തിനൊരു വലിയ നഗരം പണിയണം? ഒരു ചെറിയ കുടിൽകൊണ്ട് സംതൃപ്തിയടയുവാൻ എനിക്ക് കഴിയുമെങ്കിൽ. ആളുകൾ കൂട്ടത്തോടെ താമസിക്കുമ്പോൾ അവർ, പൈപ്പ് വെള്ളവും, വിദ്യുച്ഛക്തിയും ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും കൂടാതെ തന്നെ ജീവിതം നയിക്കാൻ പറ്റുമോ എന്ന് നോക്കുക-അപ്പോൾ കാണാം ജീവിതം എത്ര സുഗമമാണെന്ന്. നിങ്ങൾ എന്തു പറഞ്ഞാലും തരക്കേടില്ല അനാവശ്യമായ പലതും നാം ഉണ്ടാക്കിയിരിക്കുകയാണ് ഈ എല്ലാ അനാവശ്യങ്ങളും വന്നിട്ടുള്ളതാകട്ടെ ബുദ്ധിജീവികളുടെ പ്രവർത്തനഫലമായിട്ടാണതാനും. അതുകൊണ്ടാണ് ഞാൻ പറയുന്നതു് ബുദ്ധിജീവികൾ വലിയ ദ്രോഹികളാണ് എന്ന്"

നമ്മൾ റഷ്യക്കാരെപ്പോലെ, ആരും ജീവിതത്തെ അത്ര അർത്ഥഹീനമാക്കിതീർക്കുന്നില്ലെന്ന് ഞാൻ അഭിപ്രായപ്പെട്ടു.

"എല്ലാ ജനങ്ങളിലും വെച്ച് സ്വാതന്ത്ര്യബോധമുള്ളവരാണത്രെ നമ്മൾ" ചെറുതായൊന്ന് ചിരിച്ചുകൊണ്ട് എന്റെ സ്നേഹിതൻ പ്രതിവചിച്ചു. "നിങ്ങൾക്ക് ക്രോധം തോന്നരുത്. ഞാൻ പറയുന്നത് ശരിയാണ്, ലക്ഷക്കണക്കായി ആളുകൾ വിശ്വസിക്കുന്നതിതാണ്, എന്നാൽ അവർക്ക് സ്വന്തം ആശയങ്ങൾ വ്യക്തമാക്കാൻ കഴിയുന്നില്ലെന്ന് മാത്രം. ജീവിതം ക്രൂരതൽ ലളിതമായിത്തീരണം, എന്നാൽ ജീവിതത്തിൽ ക്രൂരതൽ സന്തോഷം അനുഭവിക്കാൻ നമുക്ക് സാധിക്കും."

ഈ ആശയം ഒരിക്കലും ടോൾസ്റ്റോയിയുടെ അഭിപ്രായങ്ങൾ മനസ്സിലാക്കിയിരിക്കാൻ ഇടയില്ല. മാത്രമല്ല അയാൾ അരാജകത്വവാദികളുമായി ബന്ധപ്പെട്ടിരിക്കാനും ഇടയില്ല. അയാളുടെ മാനസികമായ വികാസം ഞാൻ ശരിക്കും മനസിലാക്കിയിട്ടുണ്ട്.

ഈ തൊഴിലാളിയുമായുണ്ടായ സംഭാഷണത്തിനു ശേഷം ഞാൻ ചിന്തിച്ചു. "അജ്ഞാനത്തിന്റെ അസഹ്യതയിൽ നിന്നും രക്ഷപെടാനുള്ള ആത്മാർത്ഥമായ ആഗ്രഹം കൊണ്ടു മാത്രമാണ്, കോടിക്കണക്കായ സ്ത്രീകളും പുരുഷന്മാരുമായ റഷ്യക്കാർ വിപ്ലവത്തിന്റെ വേദനകളും കഷ്ടതകളും സഹിക്കാൻ ഒരുങ്ങുന്നതെങ്കിലോ? ഏറ്റവും കൂറഞ്ഞ അജ്ഞാനം, ഏറ്റവും അധികം സുഖം. ആകർഷകമായ ഒരു ആശയം തന്നെയാണത്. ഈ ചിന്ത മറ്റു സാ

ങ്കല്പികമായ ആദർശങ്ങളെപ്പോലെ ആളുകളെ എളുപ്പം ആകർഷിക്കും.

എനിക്ക് ഫെൻറിക്ക് ഇബ്സന്റെ കുറെ വരികളാണ് ഓർമ്മയിൽ വന്നത്.

റൈങ്കോവിന്റെ ഷാപ്പിൽ കച്ചവടം കൊണ്ട് ലഭിച്ചിരുന്ന വരുമാനം വളരെ തുച്ഛമായിരുന്നു. അവിടെ ആളുകളുടെ എണ്ണം വർദ്ധിച്ചു. ചിലവുകൾ വർദ്ധിച്ചു.

"നമ്മൾ എന്തെങ്കിലും ഒരു മാർഗ്ഗം ചിന്തിക്കാതെ ഒക്കുകയില്ല." ആ സ്ത്രീ തന്റെ താടി തലോടിയും കൊണ്ടു പറഞ്ഞു. അയാൾ കുറെ സമ്മതിക്കുന്നതുപോലുള്ള ഒരു പുഞ്ചിരി തൂകി; നെടുതായൊന്നു നിശ്വസിച്ചു.

മനുഷ്യസമുദായത്തിനു വേണ്ടി, ജീവകാലം മുഴുവൻ അദ്ധ്വാനം ചെയ്യാൻ, ശിക്ഷിക്കപ്പെട്ടിരിക്കുന്ന ഒരാളാണ് താനെന്നു അദ്ദേഹം സ്വയം കരുതിയിരിക്കണം. ഈ വിധിയെ തികച്ചും അയാൾ സ്വീകരിച്ചിരുന്നെങ്കിലും, അതിന്റെ ഭാരം അദ്ദേഹത്തെ വിഷമിപ്പിച്ചിരുന്ന സന്ദർഭങ്ങളും ഉണ്ട്.

പലവിധത്തിൽ, പല അവസരങ്ങളിലായി ഞാൻ അയാളോട് ചോദിച്ചു.

"നിങ്ങൾ എന്തിനാണങ്ങിനെ ചെയ്യുന്നത്?"

എന്റെ ചോദ്യത്തിന്റെ അർത്ഥം അയാൾക്കു മനസ്സിലായില്ല. അയാൾ ചോദ്യത്തിനുള്ള ഉത്തരം പറയുക, അയാൾ പുസ്തകങ്ങളിൽനിന്നും മനസ്സിലാക്കിയ തത്വങ്ങൾ ഉദ്ധരിക്കും. അന്യോന്യം ബന്ധമില്ലാതെ ജനങ്ങളുടെ കഷ്ടതകളെക്കുറിച്ചയാൾ അവലാതിപ്പെടും. ജ്ഞാനം വ

ഭിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു ഉൽബോധിപ്പിക്കുകയും.

"പക്ഷെ ആളുകൾക്കു ജ്ഞാനം വേണോ? ജ്ഞാനത്തെയാണോ അവർ ആഗ്രഹിക്കുന്നതു?"

"തീർച്ചയായും. അല്ലാതെ? നിനക്കു അറിവു സമ്പാദിക്കണം. വേണ്ടേ?"

"ഉവ്വ്, എനിക്കു അറിവു സമ്പാദിക്കണമെന്നുണ്ടു്." ഞാൻ ആ ചരിത്രാദ്ധ്യാപകൻ പറഞ്ഞിരുന്ന കാര്യങ്ങൾ ഓർമ്മിച്ചു.

"ആളുകൾക്കാവശ്യം വിസ്മൃതിയാണു്; ആശ്വാസം —ജ്ഞാനമല്ല" പത്തുപതിനേഴു വയസ്സുമാത്രം പ്രായമായ ചെറുപ്പക്കാരുടെ തലയിൽ അങ്ങിനത്തെ ആശയങ്ങൾ കടന്നുകൂടുന്നതു നല്ലതല്ല. അനുഭവങ്ങൾ ആശയങ്ങളുടെ മൂർച്ച കെടുത്തിക്കളയും. ചെറുപ്പക്കാർക്കു അവയെക്കൊണ്ടു ഒരു കാര്യവും നേടാൻ കഴിയുകയില്ല.

ഞാൻ ഭാവിക്കാൻ തുടങ്ങി. എല്ലായിടത്തും കാണുന്നതു ഒരേ കാര്യം തന്നെയാണെന്നു. ആളുകൾ കഥകൾ വായിക്കുന്നതു കുറച്ചു സമയം സ്വന്തം ജീവിതത്തിലെ വിഷമങ്ങൾ മറക്കുവാൻവേണ്ടിയാണു്. കഥയിൽ എത്രത്തോളം സങ്കല്പങ്ങൾ അധികമുണ്ടോ ആളുകൾ അതിനു ഇഷ്ടപ്പെടും. വെറും കെട്ടുകഥകൾ ഉള്ള പുസ്തകങ്ങളാണു ആളുകൾ അധികം ഇഷ്ടപ്പെടുന്നതായികാണുന്നതു്. ഞാൻ ഇരുന്ന ഒരു മൂടൽ മഞ്ഞിൽപ്പെട്ടു തപ്പിത്തടയുകയായിരുന്നു അപ്പോൾ.

ഡെറെക്കോവ് ഒരു അപ്പക്കൂട്ട തുടങ്ങാൻ തീരുമാനിച്ചു. എല്ലാ കച്ചവടത്തിലും ചുരുങ്ങിയതു മുപ്പത്തഞ്ചു ശതമാനമെങ്കിലും ലാഭമുണ്ടാകണമെന്നു, അയാൾ കണക്കുകൂട്ടി തിട്ടപ്പെടുത്തിയിരുന്നതായി ഞാൻ ഓർക്കുന്നു. ഞാൻ അവിടെ ജോലി ചെയ്യണമെന്നു തീരുമാനിച്ചു. അവരുടെ കക്ഷിയിൽപെട്ട ഒരാളെന്ന നിലക്കു മാവും മുട്ടയും വെണ്ണയും മറ്റും മോഷ്ടിക്കപ്പെടാതെ നോക്കേണ്ടതു എന്റെ കടമയായിരുന്നു.

അങ്ങിനെ ഞാൻ വലിയ വൃത്തികെട്ട ആ പ്രവൃത്തിസ്ഥലത്തു നിന്നും ചെറിയതെങ്കിലും വൃത്തിയുള്ള ഒരു പ്രവൃത്തിശാലയിലേക്കു മാറി. അവിടെ എല്ലാം വൃത്തിയിൽ വെക്കേണ്ടതും എന്റെ ചുമതലയായിരുന്നു. നാല്പതു ആളുകളുമായി ഇടപെടേണ്ടതിനു പകരം ഇപ്പോൾ എനിക്കു ഒരാളുമായി മാത്രമേ കാര്യങ്ങൾ നടത്തേണ്ടതുള്ളൂ. ആ പ്രവൃത്തിക്കാരനു ജരവീഴാൻ തുടങ്ങിയ നെറ്റിയാണു്. ചെറിയ ക്രുത്ത താടിരോമവും. ഉരുണ്ട മുഖം. കറുത്ത ചിന്താദ്യോതകമായ കണ്ണുകൾ. അയാളുടെ വായയ്ക്കു് ഒരു പ്രത്യേകതയുണ്ടു്, ഒരു മത്സ്യത്തിന്റെ വായപോലെ ചെറുതാണു്. അയാളുടെ കോട്ടിപ്പിടിച്ച ചുണ്ടുകൾ കണ്ടാൽ ഭാവനയിലെപ്പോഴും അയാൾ ആരേയോ ചുംബിക്കുകയാണെന്നു് തോന്നും. അയാളുടെ കണ്ണുകളിൽ എപ്പോഴും ഒരു പരിഹാസത്തിന്റെ പ്രകാശം വീശുന്നതായി കാണാം.

ഇടക്കയാൾ വല്ലതും അപഹരിക്കാതിരിക്കയില്ല. ഞങ്ങൾ പ്രവൃത്തി ആരംഭിച്ച ആദ്യത്തെ ദിവസംതന്നെ അയാൾ പത്തു മുട്ട, മൂന്നു് റാത്തലിലധികം മാവു്, കുറേ വെണ്ണ ഇവയെല്ലാം മോഷ്ടിച്ചുവെച്ചു.

"അതെന്തിനാണ്?"

"ഓ അതു് എന്റെ പരിചയക്കാരിയായ ഒരു പെൺകുട്ടിക്ക് കൊടുക്കാനാണ്" അയാൾ മമതയോടെ മറുപടിപറഞ്ഞു. നെറ്റി ചുളിച്ചുംകൊണ്ടയാൾ തുടർന്നു:

"അവളൊരു വളരെ നല്ല പെൺകുട്ടിയാണ്"

കക്കുന്നതു് വലിയ കുറ്റമായിട്ടാണു് ലോകം കരുതുന്നതെന്നു് അയാളെ ബോദ്ധ്യപ്പെടുത്താൻ ഞാൻ ശ്രമിച്ചു. എന്നാൽ അയാളെ തൃപ്തിപ്പെടുത്താൻ മാത്രമുള്ള വാചാലത എനിക്കില്ല. അയാളെ ബോദ്ധ്യപ്പെടുത്താൻ ഞാൻ ആഗ്രഹിച്ചിരുന്ന തത്വം എനിക്കു തന്നെ ബോദ്ധ്യമായിരുന്നോ എന്നു് ഞാൻ സംശയിച്ചു. ഏതായാലും ഞാൻ എന്തു പറഞ്ഞിട്ടും കാര്യമുണ്ടായില്ല.

അയാൾ ഒരു വലിയ പെട്ടിപ്പുറത്തു് കിടന്നു. ജനലിൽക്കൂടി ആകാശത്തിൽ നക്ഷത്രങ്ങളെ നോക്കി പിറുപിറുത്തു.

"ഉം എന്നെയാണു് പഠിപ്പിക്കുന്നതു്. അതും ആദ്യത്തെ ദിവസം തന്നെ. എന്നോടാണു് പ്രസംഗം! എനിക്കവന്റെ മൂന്നിരട്ടി വയസ്സുണ്ടു്. നല്ല തമാശ."

നക്ഷത്രങ്ങളെ കുറെ നേരം നോക്കി എണ്ണിയതിനു് ശേഷം അയാൾ ചോദിച്ചു.

"നീ ഇവിടെ വരുന്നതിനു മുമ്പു് എവിടെയാണു് ജോലി ചെയ്തതു്? ഞാൻ നിന്നെ എവിടെയോ കണ്ടിട്ടുണ്ടെന്നു് തോന്നുന്നു. സൈമനോവ് വീട്ടുകാരുടെ അടുത്താണു്, അല്ലേ? അവിടെ അല്ല. ഞാൻ നിന്നെ സ്വപ്നത്തിൽ കണ്ടതായിരിക്കണം."

ഇയ്യാം ദീർഘനേരം കിടന്നുറങ്ങാൻ വലിയ മിടുക്കനാണെന്ന് ഞാൻ കുറച്ചു ദിവസങ്ങൾകൊണ്ടു മനസ്സിലാക്കി. ഏതു സമയത്തും എങ്ങിനെ ഇരുന്നും, നിന്നും കിടന്നും അയാൾക്കു ഉറങ്ങാൻ കഴിയും. അടുപ്പിൽ തീപ്പൊള്ളിവെക്കുന്ന ചട്ടുകത്തിന്മേൽ ചാരിനിന്നുംകൊണ്ട് അയാൾ ഉറങ്ങുന്നതു് കാണാം. ഉറങ്ങുമ്പോൾ അയാളുടെ പുരികങ്ങൾ പൊങ്ങിനില്ക്കും. അയാളുടെ മുഖത്തു് ആശ്ചര്യത്തിന്റേതായ ഒരു ഭാവഭേദം വരുന്നതായും കാണാം. അയാൾ പറയുന്ന കഥകൾ അധികവും ഒളിഞ്ഞുകിടക്കുന്ന നിധികളെക്കുറിച്ചായിരിക്കും. അല്ലെങ്കിൽ സ്വപ്നങ്ങളായിരിക്കും. അയാൾ വിശ്വാസപൂർവ്വം പറഞ്ഞു.

"ഞാൻ ഈ ഭൂമിമുഴുവൻ അകവും പുറവും മനസ്സിലാക്കിയിട്ടുണ്ടു്. മുഴുവൻ ഒരു ബോണ്ടപോലെ നിധികൾ നിറഞ്ഞു് നില്ക്കുകയാണു്. ക്രൂഡ്ക്രൂടെ എനിക്കു നന്നായറിയുന്ന ഏതെങ്കിലും സ്ഥലം ഞാൻ സ്വപ്നം കാണും. ഒരിടത്തു് ഒരു ചെറിയ വീട്ടുണ്ടായിരുന്നു. അതിൽ ഒരു മൂലയിൽ ഒരു വെള്ളിത്തളിക കുഴിച്ചിട്ടുള്ളതായി ഞാൻ സ്വപ്നം കണ്ടു. ഞാൻ ഉടനെ എഴുന്നേറ്റ് ആ സ്ഥലത്തേക്കു ചെന്നു. രാത്രിതന്നെ കുഴിച്ചു നോക്കാൻ. ഞാൻ കുറെ ആഴം കുഴിച്ചു. എന്തുകണ്ടു എന്നാണു് നീ വിചാരിക്കുന്നതു്? കുറെ കരിക്കട്ടയും ഒരു നായയുടെ തലയോട്ടം. ഞാൻ ശരിക്കു സ്ഥലം കണ്ടുപിടിച്ചു. പക്ഷെ പെട്ടെന്നു ജനൽ തുറക്കുന്ന ശബ്ദം കേട്ടു. ഒരു സ്ത്രീ ഉച്ചത്തിൽ നിലവിളിച്ചു. "കള്ളൻ, കള്ളൻ." ഞാൻ ഓടിക്കളഞ്ഞു. അല്ലെങ്കിൽ കുഴപ്പമാകുമല്ലോ. അതൊരു വലിയ തമാശയായിരുന്നു."

"അതൊരു തമാശ ആയിരുന്നു." എന്ന് പലരും പറയുന്നതു് ഞാൻ കേട്ടിട്ടുണ്ടു്. എന്നാൽ ഐവൻ കോസ്മിക്കു് ലൂട്ടോണിൻ ചിരിച്ചില്ല. അയാൾ വെറുതെ തലയിൽ തലോടും. മൂക്കിന്റെ ഭാരം വികസിപ്പിക്കും. പുഞ്ചിരിയുന്നതുപോലെ കണ്ണുകൾ അല്പം ചിമ്മുകയും ചെയ്യും.

അയാളുടെ ഈ സ്വപ്നങ്ങളെക്കുറിച്ചു് കേൾക്കാൻ അത്ര രസം തോന്നിയില്ല. അയാളുടെ സ്വപ്നങ്ങൾ വിരസവും അർത്ഥഹീനവും ആയിരുന്നു. ഈ സ്വപ്നങ്ങളെക്കുറിച്ചു്. വിവരിക്കുന്നതിൽ അയാൾക്കിത്ര സന്തോഷം തോന്നാനെന്താണെന്നു് ഞാൻ ആലോചിച്ചു. മാത്രമല്ല അയാൾക്കു അയാളുടെ ചുറ്റുംനടക്കുന്ന ജീവിതത്തെക്കുറിച്ചു് സംസാരിക്കുന്നതു് ഇഷ്ടമായിരുന്നതും ഇല്ല.

ധനികനായ ഒരു വലിയ ചായക്കച്ചവടക്കാരന്റെ മകൾ അവളുടെ ഇഷ്ടത്തിനെതിരായി വിവാഹം ചെയ്യാൻ നിർബ്ബന്ധിതയായി. ചടങ്ങുകൾ കഴിഞ്ഞ ഉടനെ അവൾ സ്വയം വെടിവെച്ചുമരിച്ചു. നഗരം മുഴുവൻ വലിയ ബഹളമായി. ചെറുപ്പക്കാരായ അഞ്ചുകൾ—ആയിരക്കണക്കായി—ശ്മശാനത്തിലേക്കു ശവമഞ്ചത്തെ അനുഗമിച്ചു. വിദ്യാർത്ഥികൾ ശവക്കല്ലറക്കരികെവെച്ചു് അന്ത്യോപചാരപ്രസംഗങ്ങൾ നടത്തി. ഒടുക്കം പോലീസ് ഇടപെടേണ്ടിവന്നു. ജനക്കൂട്ടത്തെ പിരിച്ചുവിടാൻ. ഞങ്ങളുടെ ചെറിയ പീടികയിൽ എല്ലാവരും ഈ ദാരുണ സംഭവത്തെക്കുറിച്ചു സംസാരിച്ചു. ഷാപ്പിന്റെ പിന്നിലുള്ള മുറിയിൽ അന്നു ധാരാളം വിദ്യാർത്ഥികൾ തിക്കിക്കൂടി. രോഷം സ്ഫുരിക്കുന്ന വാക്കുകൾ വിളിച്ചു പറയുന്നതു് ഞങ്ങൾ താഴെ ഞങ്ങളുടെ മുറിയിൽ വ്യക്തമായികേട്ടു.

"അവർ ആ പെൺകുട്ടിക്കു അവരം ചെറുപ്പമായിരുന്നപ്പോരം വേണ്ട ശിക്ഷണം കൊടുക്കേണ്ടതായിരുന്നു." ലൂട്ടോണിൻ അഭിപ്രായപ്പെട്ടു. അടുത്ത ശ്വാസത്തിൽ തന്നെ അയാരം തുടർന്നു.

"ഒരു കുണ്ടുകുളത്തിൽനിന്നും മീൻ പിടിക്കുന്നതായി ഞാൻ സ്വപ്നംകണ്ടു. പെട്ടന്നതാ ഒരു പോലീസുകാരൻ വരുന്നു. "നില്ലുവിടെ. എന്തധികാരമാണു് നിനക്കു്" അയാരം ഭീഷണിപ്പെടുത്തി, എവിടെ ഓടി രക്ഷപ്പെടാനാണു്. ഞാൻ വെള്ളത്തിൽ തുള്ളി. പെട്ടെന്നു് ഉണർന്നു പോകയും ചെയ്തു.

യാഥാർത്ഥ്യത്തിന്റെ അടുത്തൊന്നുമെത്താത്ത ഈ ഭാവനാശീലമുണ്ടായിട്ടും ഞങ്ങളുടെ ഷാപ്പിൽ അസാധാരണമായി എന്തോ നടക്കുന്നുണ്ടെന്നു് അയാരം മനസ്സിലാക്കാതിരുന്നില്ല. ഷാപ്പിൽ അടിപ്പം വാങ്ങാൻ വരുന്നവർക്കു സാധനങ്ങരം എടുത്തു കൊടുത്തിരുന്നതു, അങ്ങിനെയുള്ള സാധാരണ ജോലികളിൽ ഏർപ്പെടാൻ ഇടയില്ലാത്ത പെൺകുട്ടികളായിരുന്നു. പുസ്തകങ്ങരം വായിക്കുകയും പഠിക്കുകയും ചെയ്യുന്ന പെൺകുട്ടികരം. ഒരുവരം മുതലാളിയുടെ സഹോദരിതന്നെയാണു്. മറെറാരുവരം അവളുടെ ചങ്ങാതിയാണു്. ചുകന്ന കവിളുകളും കാരുണ്യം തുളുമ്പുന്ന കണ്ണുകളും ഉള്ള നല്ല ഉയരമുള്ള ഒരു പെൺകുട്ടി. നിത്യവും വിദ്യാർത്ഥികരംവരും. ഷാപ്പിന്റെ പിന്നിലെ മുറിയിൽ വെച്ചു, വളരെ മണിക്കൂറുകളോളം, ഒച്ചയെടുത്തും പതിഞ്ഞ സ്വരത്തിലും സംസാരിക്കും. മുതലാളി അതിലൊന്നും പങ്കെടുക്കുകയില്ല, അയാളുടെ കീഴ്ജോലിക്കാരനായ ഞാൻ ഒരു മാനേജരുടെ നിലയിൽ കാര്യങ്ങരം നിയന്ത്രിക്കും.

"നീ മുതലാളിയുടെ ബന്ധക്കാരനാണോ?" ലൂട്ടോ ണിൻ ചോദിച്ചു. "അല്ല, അയാൾ നിന്നെ ഭാവിയിലൊ രളിയനായിക്കാണുന്നുണ്ടായിരിക്കും. അല്ലേ? അതു നല്ല തമാശയായിരിക്കുന്നു. ഈ വിദ്യാർത്ഥികൾ എന്തിനാണു് ഇവിടെവന്നു ബഹളം കൂട്ടുന്നതു്. ഈ ചെറുപ്പക്കാരികളെ കണ്ടിട്ടായിരിക്കും. ഓ. അതതുതന്നെയാണു്. വിദ്യാർത്ഥി കൾ അപ്പംതിന്നു തീർക്കാനാണു് വരുന്നതു്. പെൺകുട്ടി കളെ കാണാൻ മാത്രമല്ല."

രാവിലെ അഞ്ചുമണിക്കോ, അതുമണിക്കോ, മിക്കവാ റും ദിവസേന ഒരു പെൺകുട്ടി, ബേക്കറിയുടെ വാതിൽ ക്കൽവരും. കുറിയ, ഏതുവശത്തുനിന്നു നോക്കിയാലും ഉരുട്ടിച്ചെട്ടിയതായിത്തോന്നുന്ന, വണ്ണക്കേടും നിറച്ച ചാക്കു പോലെയുള്ള ഒരു പെണ്ണു്. ഞങ്ങളുടെ ജനലിന്നടുത്തുവ ന്നിരുന്നു, കാൽ ആട്ടിയുംകൊണ്ടു, കോട്ടവായിടുന്നതിന്നിട യ്ക്കു അവൾ വിളിച്ചുകൂവും.

"വന്യാ."

നല്ല ചുരുളൻ തലമുടി, തലയിൽ കെട്ടിയിരിക്കുന്ന ഭംഗിയുള്ള ഉറുമാലിന്നുള്ളിൽക്കൂടി, അവളുടെ കവിളുകളിൽ വീണു കിടക്കും; കാറുനിറച്ച ബലൂണുകളെപ്പോലെ, ചില പ്പോൾ മുടിച്ചുരുളുകൾ കണ്ണുകളിൽ തട്ടുമ്പോൾ, അവൾ തന്റെ ചെറിയ കരങ്ങൾകൊണ്ടു തട്ടിമാറ്റും. ഒരു ചെറി യ ചോരക്കുഞ്ഞിനെപ്പോലെ വിരലുകൾ വിടർത്തിപ്പിടിച്ചാ ണവൾ അങ്ങിനെ ചെയ്യുക. ഞാൻ പലപ്പോഴും ആശ്ചര്യ പ്പെട്ടിട്ടുണ്ടു്: അത്തരം ഒരു പെൺകുട്ടിയോടു് ആരെങ്കി ലും എന്തെങ്കിലും പറയാൻ ഉണ്ടായിരിക്കുമോ എന്നു. ഞാൻ

അടുപ്പുക്കൂട്ടിലെ പ്രവൃത്തിക്കാരനെ വിളിച്ചുണർത്തിയാൽ, അയാൾ അവളോടുചോദിക്കും.

"നോക്കൂ നീയാണൊ?"

"അതെ."

"നല്ലപോലെ ഉറങ്ങിയൊ?

"എന്തുകൊണ്ടുറങ്ങാൻപാടില്ല."

"നീ എന്താണു സ്വപ്നം കണ്ടതു?"

"എനിക്കോർമ്മയില്ല."

നഗരം മുഴുവൻ നിശ്ചലമായിരിക്കും. മുഴുവനും വാസ്തവം. നിരത്തടിച്ചുവാരുന്ന ഒരാളുടെ ഒരു മാച്ചിൽ, നിലത്തുരസുന്ന ശബ്ദം കേൾക്കുന്നുണ്ടു. ആളുകൾ ഞെട്ടിയുണർന്നു ചിലർക്കാൻ തുടങ്ങിയിട്ടുണ്ടു. നല്ല ഇളം ചൂടുള്ള സൂര്യരശ്മികൾ ജനൽകതകുകളിൽ പതിയുന്നുണ്ടു. പകലിന്റെ തുടക്കം കുറിക്കുന്ന ആ മനോഹരനിമിഷം എനിക്കെത്രയും പ്രിയതരമാണു്. രോമം നിറഞ്ഞ തന്റെ കൈ തുറന്നു നില്ക്കുന്ന ജനലിൽക്കൂടി പുറത്തേക്കു നീട്ടി. അയാൾ ആ പെൺകുട്ടിയുടെ തുടകളിൽ പിടിച്ചു തിരുമ്മും. ഈ പരിശോധനയിൽ അവൾക്കു പ്രതിഷേധമില്ല. അവൾ ചിരിക്കുകയുമില്ല. ചെമ്മരിയാടിന്റെരോമംപോലുള്ള അവളുടെ കണ്ണുകൾ കൂടക്കൂടെ തുറക്കുകയും അടക്കുകയും ചെയ്യും.

"പെഷ്യോവ്, മധുരമുള്ളതു വല്ലതും എടുക്കൂ സമയമായി."

ഞാൻ അടുപ്പിൽ നിന്നു ഇരുമ്പുതകിടു് വലിച്ചെടുക്കും. അയാൾ അഞ്ചുപത്തു ബന്നും റൊട്ടിയും മറ്റും വാരിയെടുക്കും. എല്ലാം അവളുടെ മടിയിലേക്കെറിഞ്ഞു കൊടു

ക്കും. അവൾ ചൂടുള്ള ഒരു ബന്നെടുത്തു കൈകളിൽ അ
ങ്ങോട്ടുമിങ്ങോട്ടും മാറിയുംകൊണ്ടു ഒടുക്കം അതിൽ ആത്തി
യോടെ കടിക്കും. വായ പൊള്ളിപ്പോകും. അവൾ വേവ
ലാതിപ്പെട്ടും. പിറുപിറുക്കും.

അവളെ ശൃംഗാരാവേശത്തോടെ വീക്ഷിച്ചുംകൊണ്ടു
ല്യൂട്ടോണിൻ പറയും.

"കുഞ്ഞെ നിന്റെ പാവാട താഴ്ത്തിക്കളയൂ."

അവൾ പോയ്കഴിഞ്ഞാൽ അയാൾ എന്നോടു ഇങ്ങ
പറയും.

"വസന്തകാലത്തെ ഒരു ചെമ്മരിയാട്ടിൻകുട്ടിയെപ്പോ
ലെയാണവൾ. മുഴുവൻ നല്ല ചുരുളൻ തലമുടി. നീ ക
ണ്ടോ അനിയാ എനിക്കതെല്ലാം വലിയ കാര്യമാണു്. എ
നിക്കു മുതിർന്ന സ്ത്രീകളെ ഇഷ്ടമല്ല. പെൺകുട്ടികളെ മാത്ര
മേ എനിക്കു വേണ്ടൂ. ഇതു ഞാൻ പരിചയിച്ച പതിമൂ
ന്നാമത്തെ കുട്ടിയാണു്."

അയാളുടെ ഈ വർണ്ണനകൾ കേട്ടു ഞാൻ സ്വയം ചോ
ദിച്ചുപോകും.

"ഞാനോ? ഞാനും ഇങ്ങിനെതന്നെ ജീവിക്കേണ്ട
തായി വരുമോ?"

റാത്തൽ തൂക്കം വരുന്ന വലിയ വെളുത്ത റൊട്ടികൾ
തയ്യാറാക്കികഴിഞ്ഞാൽ കുറെയെണ്ണം, ഒരു പലകമേൽ നി
രത്തിയെടുത്തു ഞാൻ ഡെറെങ്കോവിന്റെ പഴയ ഷാപ്പി
ലേക്കോടും. ഈ ജോലിചെയ്തുകഴിഞ്ഞാൽ, ഒരു രണ്ടു റാ
ത്തൽ കൊട്ടയിൽ ബന്നും മറവും കുത്തിനിറച്ചു, കുട്ടികളുടെ

DHARMARAM COLLEGE LIBRARY
23649
BANGALORE

പ്രാതൽ സമയം തെറ്റാതെ, വിദ്യാലയത്തിൽ എത്തും. അവിടെയുള്ള ആ വലിയ തീൻമുറിയുടെ വാതിൽക്കൽനിന്നു വിദ്യാർത്ഥികൾക്കു രൊക്കമായും കടമായും ബന്ധം മറവും വിൽക്കും. അവർ ടോൾസ്റ്റോയിയേക്കുറിച്ചും മറവും നടത്തുന്ന വാദപ്രതിവാദങ്ങൾ കഴിയുന്നതും കേട്ടു മനസ്സിലാക്കാൻ ഞാൻ ശ്രമിക്കും. അവരുടെ പ്രൊഫസർമാരിൽ ഒരാൾ, ഗ്രീവ് എന്നു പേരായ ഒരാൾ, ടോൾസ്റ്റോയിയുടെയും അദ്ദേഹം എഴുതിയ പുസ്തകങ്ങളുടെയും ബദ്ധവിരോധിയായിരുന്നു. ചിലപ്പോൾ എന്റെ കൊട്ടയിൽ, അപ്പത്തരങ്ങൾക്കിടയിൽ, വിദ്യാർത്ഥികളിൽ ആരെങ്കിലും മറ്റൊരാൾക്കു രഹസ്യമായെത്തിക്കാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും ചില പുസ്തകങ്ങൾ വെച്ചുതരും. ചിലപ്പോൾ വിദ്യാർത്ഥികൾ മറ്റു പുസ്തകങ്ങളും നോട്ടുകളും എന്റെ കൊട്ടയിൽ നിറച്ചുവെക്കും.

ആഴ്ചയിൽ ഒരു ദിവസം ഞാൻ വളരെ ദൂരത്തേക്കു അപ്പം വിൽക്കുവാൻ പോകും. മനഃശ്ശാസ്ത്രകാരൻ ബെക്ടറേവ് പ്രസംഗിക്കുകയും പരീക്ഷണ പ്രദർശനങ്ങൾ നടത്തുകയും ചെയ്യുന്ന ആതുരാന്തശാലയിലേക്ക് ഒരു ദിവസം ബെക്ടറേവ് വിദ്യാർത്ഥികൾക്കു ഒരു വലിയ ഭ്രാന്തനെ കാണിച്ചുകൊടുത്തു. അയാൾ വെളുത്ത ആസ്പത്രി വസ്ത്രങ്ങൾ ധരിച്ചുംകൊണ്ടു, പ്രസംഗമുറിയുടെ വാതിൽക്കൽ വന്നുനിന്നപ്പോൾ, എനിക്കു ചിരി അടക്കാൻ കഴിഞ്ഞില്ല. എന്റെ അടുത്തുകൂടി അയാൾ മുറിയിൽ പ്രവേശിച്ചു് തെല്ലിട ശങ്കിച്ചുനിന്നു, എന്റെ മുഖത്തു സൂക്ഷിച്ചു നോക്കി. ഞാൻ പിന്നാക്കം മാറിനിന്നു. എനിക്കു തോന്നി, അയാളുടെ കറുത്ത നോട്ടം തുളഞ്ഞുകയറുന്ന നോട്ടം, എന്റെ ഹൃദയ

ത്തിൽ വന്നു തറച്ചുപോയി എന്നു. പ്രസംഗം നടന്നുകൊണ്ടിരിക്കെ ബൈക്കറേവ് ബഹുമാനത്തോടെ ഭ്രാന്തനോടു സംസാരിച്ചു. ഞാൻ ആരും കാണാതെ ഇടക്കിടെ എന്റെ മുഖം തുടച്ചു. വല്ലാത്ത വൃത്തികെട്ട ഒരു പൊടി പടലം എന്റെ മുഖത്തു വന്നടിച്ചുകൂടിയതായി എനിക്കു തോന്നി.

രസം തോന്നാത്ത, പരുക്കൻ സ്വരത്തിൽ ആ ഭ്രാന്തൻ ബൈക്കറേവിനോടു എന്തോ ആവശ്യപ്പെട്ടു. അയാൾ വലിയ അധികാരഭാവത്തിൽ തന്റെ മെലിഞ്ഞ കൈനീട്ടിക്കാണിച്ചു. അപ്പോൾ അയാളുടെ കുപ്പായക്കൈ, കുറെ പിന്നാക്കം നീങ്ങി. അയാളുടെ ദേഹം മുഴുവനും അപ്രകൃതമായി, നീളുകയും വളരുകയും, ചെയ്യുകയാണെന്നു ഞാൻ വിചാരിച്ചു. ആ കറുത്ത കൈ മുറിക്കു വിലങ്ങനെ നീണ്ടുവന്നു എന്റെ കഴുത്തിൽപിടിച്ചു മുറുക്കുവാൻ ഭാവിക്കയാണെന്നു ഞാൻ ഭയപ്പെട്ടു. ആ മെലിഞ്ഞ മുഖത്തു കുഴിയിൽ ആണ്ടു നില്ക്കുന്ന കണ്ണുകളിൽ അധികാരവും ഭീഷണിയും മിന്നിക്കളിച്ചു. പരിഹാസ്യമായ ഒരു തൊപ്പിയുമിട്ടു നിൽക്കുന്ന ഈ മനുഷ്യനെ ഏതാണ്ടു പത്തിരുപതു വിദ്യാർത്ഥികൾ സൂക്ഷിച്ചുനോക്കുകയാണു്. ചിലർ ചിരിക്കുന്നു. എന്നാൽ ഭൂരിപക്ഷം വിദ്യാർത്ഥികളും കാര്യഗൌരവത്തോടെ സംഗതികൾ മനസ്സിലാക്കുകയാണു്. അയാളുടെ ദൃഷ്ടികളുമായി താരതമ്യപ്പെടുത്തിനോക്കിയപ്പോൾ ആ വിദ്യാർത്ഥികളുടെ കണ്ണുകൾ കേവലം സാധാരണമായിത്തോന്നി. അയാളെകാണുമ്പോൾ ഹൃദയത്തിൽ വല്ലാത്ത ഭയം ഊറിനിറയും. അയാൾക്കു മുറവും എന്തോ ഒരു അന്തസ്സുണ്ടായിരുന്നു എന്നു സമ്മതിച്ചേ തീരൂ.

വിദ്യാർത്ഥികൾ നിശ്ശബ്ദത പാലിക്കെ പ്രൊഫസരുടെ ശബ്ദം, വളരെ വ്യക്തമായി കേൾക്കാം. അദ്ദേഹത്തിന്റെ ഓരോ ചോദ്യത്തിനും, ഭ്രാന്തൻ പതുക്കെ മട്ടിൽ ഉത്തരം വിളിച്ചുപറഞ്ഞു. ഭ്രാന്തന്റെ ശബ്ദം തറയുടെ അടിയിൽ നിന്നോ, ചുമരുകളുടെ ഉള്ളിൽനിന്നോ വരുന്നതായിട്ടെ തോന്നുകയുള്ളൂ. ആ ഭ്രാന്തന്റെ ചലനങ്ങൾ ഒരു ആഫ്രിക്കൻ ഷിഷ്യപ്പിന്റെതുപോലെ, വളരെ സാവധാനത്തിലായിരുന്നു.

അന്നു രാത്രി ഞാൻ അയാളെക്കുറിച്ചു ഒരു കവിത എഴുതി. ഞാൻ അയാളെ രാജാധിരാജനെന്നും, ദൈവത്തിന്റെ ചങ്ങാതിയെന്നും, ഉപദേശകനെന്നും പേർ ചൊല്ലി വിവരിച്ചു. വളരെ നാളേക്കു, അയാളുടെ രൂപം എന്റെ ചിന്തയിൽ തങ്ങിനിന്നു. എനിക്കതുകാരണം വല്ലാത്ത വല്ലായ്മ തോന്നുകയും ചെയ്തു.

വൈകുന്നേരം ആറു മണിമുതൽ പിറേറദിവസം ഉച്ചവരെ ഇങ്ങിനെ തിരക്കിട്ടു ജോലി ചെയ്യേണ്ടിയിരുന്നതുകൊണ്ടു ഉച്ചതിരിഞ്ഞാൽ വൈകുന്നേരമാകുന്നതുവരെ മാത്രമെ എനിക്കുറങ്ങാൻ തരപ്പെട്ടിരുന്നുള്ളൂ. അതുകൊണ്ടു വല്ലതും വായിക്കാൻ എനിക്കു സമയംകിട്ടിയില്ല. അപ്പം നെരിപ്പീൽവെച്ചുകഴിഞ്ഞാൽ, വേവുന്നതുവരെയുള്ള ഒഴിവുസമയങ്ങൾ മാത്രം സ്വാധീനമായുണ്ടു്. അപ്പം ഉണ്ടാക്കുന്നതിന്റെ എല്ലാ വിദ്യകളും ഞാൻ പഠിച്ചുകഴിയുന്നതായിക്കണ്ടപ്പോൾ ലൂടോണിൻ, ക്രുതൽ ക്രുതൽ മടിയനാകാൻ തുടങ്ങി. പ്രവൃത്തി മുഴുവനും അയാൾ എന്റെ തലയിൽമറിച്ചു—"എനിക്കു പ്രവൃത്തി ശരിക്കും പഠിക്കാൻ

വേണ്ടി"—വളരെ ഔപചാരികമായ ആശ്ചര്യത്തോടെ അയാൾ പറയും.

"നീ സമർത്ഥനാണ്. ഒന്നു രണ്ടു കൊല്ലങ്ങൾ കൊണ്ടു നീ ഒരു നല്ല പ്രവൃത്തിക്കാരനായിത്തീരും. അതൊരു വലിയ തമാശയുള്ള കാര്യമാണ്. നിന്നെപ്പോലെയുള്ള ഒരു പെറുപ്പക്കാരനെ ആരാണ് ബഹുമാനിക്കാൻപോകുന്നതു; ആരാണ് നിന്റെ കല്പനകൾ അനുസരിക്കാൻ പോകുന്നതു?"

എനിക്കു പുസ്തകങ്ങളെച്ചൊല്ലിയുള്ള പ്രതിപത്തി അയാൾക്കു ഇഷ്ടമായില്ല.

"വായിക്കുന്നതു മതിയാക്കൂ. നല്ലവണ്ണം ഉറങ്ങാൻ നോക്കൂ" അയാൾ മമത ഭാവിച്ചുംകൊണ്ടെന്നെ ഉപദേശിച്ചു. എന്നാൽ ഞാൻ വായിച്ച പുസ്തകങ്ങളിൽ എന്താണ് പറയുന്നതെന്നു അയാൾ ഒരിക്കലും ചോദിക്കുകയുണ്ടായില്ല.

അയാളാണെങ്കിൽ സ്വപ്നങ്ങളിലും നിധികളെക്കുറിച്ചുള്ള ഭാവനകളിലും, ആ കുറിയ പെൺകുട്ടിയിലും തികച്ചും വ്യാപൃതനായിരുന്നു. ആ പെൺകുട്ടി ഇടക്കെല്ലാം രാത്രിയിൽ അടുപ്പുക്കൂട്ടിൽവരും. ഒന്നുകിൽ അയാൾ അവളെ മാവുചാക്കുകൾ അട്ടിവെച്ചിരിക്കുന്ന, മൂറിയിലേക്കു കൂട്ടിക്കൊണ്ടുപോകും. തണുപ്പുള്ള സമയമാണെങ്കിൽ, തന്റെ നെറ്റിയിൽ തടവിയും കൊണ്ടയാൾ എന്നോടപേക്ഷിക്കും. "ഒരരമണിക്കൂർ സമയം വെളിയിൽ പോയി നിൽക്കൂ."

ഞാൻ വെളിയിലേക്കു പോകും. ഈ അനുരാഗപ്രകടനവും, പുസ്തകങ്ങളിൽ വർണ്ണിച്ചുകാണുന്ന അനുരാഗവുംതമ്മിലുള്ള അന്തരത്തെക്കുറിച്ചു ഞാൻ ആശ്ചര്യപ്പെട്ടും.

എന്റെ മുതലാളിയുടെ പെങ്ങൾ ഷാപ്പിന്റെ പിന്നിലുള്ള ഒരു ചെറിയ മുറിയാണുപയോഗിച്ചിരുന്നത്. ഞാൻ കൃത്യമായി അവൾക്ക് സമാവർ ചൂടാക്കിക്കൊടുക്കും. എന്നാൽ കഴിയുന്നതും അവളുടെ സാഹചര്യത്തിൽ പെടാതിരിക്കാൻ ഞാൻ ശ്രദ്ധിച്ചു.

അവൾ എന്നെ അസുഖപ്പെടുത്തി. ഞാൻ അവളെ ആദ്യം കണ്ടുമുട്ടിയപ്പോഴെന്നപോലെ, അവളുടെ നോട്ടം എന്റെ നേരെ തിരിയുമ്പോൾ എനിക്ക് അതസഹനീയമായിത്തോന്നും. ഞാൻ സംശയിച്ചു, ആ നോട്ടത്തിന്റെ അഗാധതയിൽ, ഒരു പുഞ്ചിരി— എന്നെ നോക്കി പരിഹസിക്കുന്ന ഒരു പുഞ്ചിരി— ഒളിഞ്ഞുനിൽക്കുന്നുണ്ടു എന്നു.

എന്റെ കായബലം എന്നെ തീരെ അഴകില്ലാത്ത ആളാക്കി. വലിയ മാവിൻചാക്കുകൾ ഞാൻ നിഷ്പ്രയാസം പൊക്കിയെടുക്കുന്നതു കാണുമ്പോൾ, ലൂട്ടോണിൻ പറയും.

"നിനക്കു മൂന്നാളുകളുടെ ശക്തിയുണ്ടു. ഒരു ക്രൂറൻ കാളയെപ്പോലെ."

അപ്പോഴേക്കും ഞാൻ കുറെ പുസ്തകങ്ങൾ വായിച്ചുകഴിഞ്ഞു. എനിക്കു കവിത വളരെ ഇഷ്ടമായി. ഞാൻ തന്നെ കവിതകൾ കുത്തിക്കുറിക്കുവാനും തുടങ്ങി. സംഭാഷണത്തിൽ കഴിയുന്നതും, ബുക്കിൽനിന്നു പഠിച്ചുവശാകുന്ന വാക്കുകൾ ഉപയോഗിക്കാതിരിക്കാൻ ഞാൻ ശ്രദ്ധിച്ചു. ഞാൻ എന്റെ "സ്വന്തം വാക്കുകൾ"തന്നെ ഉപയോഗിച്ചു. ഈ വാക്കുകൾ പരുക്കനാണെന്നെനിക്കറിയാം. എന്നാൽ ആ വാക്കുകൾ മാത്രമേ എന്റെ ആശയങ്ങൾ പ്രകടമാക്കാൻ

പര്യാപ്തമായി എനിക്കു തോന്നിയുള്ളൂ. ചിലപ്പോൾ എനിക്കപരിചിതമായ എന്തോ ഒന്നിനെക്കുറിച്ചു — എന്താണെന്നു എനിക്കു വ്യക്തമായിപ്പറയുവാൻ കഴിയുകയില്ല — വല്ലാത്ത പ്രതിഷേധം തോന്നിയപോലെ, ഞാൻ വളരെ പരുഷമായി പെരുമാറും.

എന്റെ ഗുരുനാഥന്മാരിൽ ഒരാൾ, ഗണിതശാസ്ത്രം പഠിയ്ക്കുന്ന ഒരു വിദ്യാർത്ഥി, ഇതിനെച്ചൊല്ലി എന്നെ അധിക്ഷേപിച്ചു.

"നീ സംസാരിക്കുന്ന ആ സമ്പ്രദായം! ചെകുത്താന്റെ സമ്പ്രായം!! വാക്കുകളല്ല നീ പറയുന്നതു; ഘനമുള്ള ഇരുമ്പുകട്ടികളാണ് നീ എടുത്തെറിയുന്നതു്."

വളർന്നുവരുന്ന ചെറുപ്പക്കാർക്കു സാധാരണസംഭവിക്കാറുള്ളതുപോലെ, എനിക്കു എന്നെച്ചൊല്ലിത്തന്നെ വലിയ അതൃപ്തിതോന്നി. ഞാൻ പരിഹാസ്യനും, പരുക്കൻ സ്വഭാവക്കാരനും ആണെന്നു തോന്നി. എന്റെ മുഖം അകഷ്കമല്ല. ഉയർന്ന അണ്ണിയെല്ലുകൾ. എന്റെ ശബ്ദമാണെങ്കിൽ, എനിക്കു തന്നെ നിയന്ത്രിക്കാൻ സാദ്ധ്യമല്ല.

എന്റെ മൂത്തലാളിയുടെ സഹോദരി നേരെമറിച്ചു വേഗതയുള്ളവളാണ്. പറക്കുന്ന ഒരു മീവൽ പക്ഷിയെപ്പോലെ വ്യഗ്രത തോന്നിക്കും. എന്നാൽ അവളുടെ പുഷ്ടിയുള്ള ഉരുണ്ട ദേഹത്തിന്റെ ഘനത്തിന്നു നിരക്കാത്തതായിത്തോന്നി അവളുടെ വേഗതയോടുകൂടിയ ചലനങ്ങൾ. അവളുടെ അംഗ്യങ്ങളിലും, നടത്തത്തിലും പരമാർത്ഥമല്ലാത്ത എന്തോ ഒന്നുണ്ട്. കുരുത്തിക്കുട്ടി അവൾ ചിലതൊക്കെ നടിക്കുകയാണ്. അവളുടെ ശബ്ദം ഉല്ലാസപ്രദമാണ്. പ

ലപ്പോഴും അവൾ ചിരിക്കും. എന്നാൽ അവളുടെ തെളിഞ്ഞ ആ ചിരി കേൾക്കുമ്പോൾ എനിക്കു തോന്നാറുള്ളതു്, അവളെ ഞാൻ ആദ്യം കണ്ട ആ പരിതഃസ്ഥിതി, ഞാൻ മറക്കട്ടെ എന്ന ആഗ്രഹത്തോടെ, അവൾ പെരുമാറുകയാണെന്നാണു്. എനിക്കാണെങ്കിൽ അതു മറക്കാൻ വിഷമമായിരുന്നു. അസാധാരണമായിത്തോന്നുന്ന എന്തനുഭവവും ഞാൻ നല്ലപോലെ ഓർമ്മയിൽവെക്കും. അസാധാരണമായതും സാധ്യമാണു്, അതു നിലനിൽക്കുന്നുണ്ടു് എന്നു, അറിയാൻ ഞാൻ കൊതിച്ചു. ചിലപ്പോൾ അവൾ ചോദിക്കും. "നിങ്ങൾ എന്താണു് വായിക്കുന്നതു്" ഞാൻ ചൂരുക്കമായി മറുപടി പറയും. മറിച്ചുണ്ടോട്ടും ഇങ്ങിനെ ചോദിക്കാനുള്ള ആഗ്രഹത്തോടെ:

"ഞാൻ എന്തു വായിച്ചാൽ നിനക്കെന്താണു്."

ഒരു രാത്രി, ലൂട്ടോണിൻ, തൻെറ പ്രേമഭാജനത്തെ താലോലിച്ചുംകൊണ്ടു്, കടിച്ചു മത്തനായ നിലയിൽ എന്നോടു പറഞ്ഞു.

"കുറച്ചുനേരം പുറത്തുപോകൂ. നീ എന്തുകൊണ്ടു മുതലാളിയുടെ സഹോദരിയോടൊപ്പം പോയി കളിക്കുന്നില്ല. ഇതു നല്ല തഞ്ചം ആരെങ്കിലും പാഴാക്കിക്കളയുമോ? എന്തിന്നു, വിദ്യാർത്ഥികൾ....."

അങ്ങിനെ വല്ലതും മേലിൽ പറയുകയാണെങ്കിൽ അയാളുടെ തല ഞാൻ തല്ലിപ്പൊളിക്കുമെന്നു ഞാൻ താക്കീതു ചെയ്തു. ഞാൻ മാവിൻ ചാക്കുകൾവെച്ച സ്ഥലത്തുപോയിരുന്നു. അയാൾ മുറിയിൽനിന്നു ഇങ്ങിനെ പറയുന്നതുകേട്ടു.

"നിനക്കെന്തിന്നു ക്രോധംവരണം. ദിവസം മുഴുവൻ പുസ്തകങ്ങൾ വായിച്ചുകൊണ്ടിരുന്നതിൻെറ ഫലമാണിതു.

തലക്കു കിറുക്കുപിടിച്ച ഒരാളെപ്പോലെയാണ് അവൻ നടക്കുന്നതു."

ചാക്കുകഠം അട്ടിവെച്ചതിന്നിടയിൽനിന്നും എലികഠം ശബ്ദിക്കുകയും ചാടുകയുംചെയ്തു. ആ പെൺകുട്ടി പിറുപിറുക്കുകയും കരയുകയുംചെയ്യുന്നതായിത്തോന്നി. ഞാൻ മുറ്റത്തേക്കിറങ്ങി നടന്നു. നല്ല മഴ, സാവധാനം തീരെ ശബ്ദണ്ടാക്കാതെ പെയ്യുകയാണ്.എന്നാൽ എന്തോ കത്തുന്ന കരിച്ചൽമണം നിറഞ്ഞുനിൽക്കുന്ന വായുമണ്ഡലത്തിന്നു, അതുകൊണ്ടൊരു മാറ്റവും ഉണ്ടായില്ല. എവിടെയോ കാട്ടു തീ ആളിക്കത്തുകയായിരിക്കണം. അപ്പോഠം അല്പ രാത്രികഴിഞ്ഞു വളരെ സമയമായിക്കാണും. അപ്പുക്കുട്ടിന്റെ എതിർവശത്തെ വീട്ടിന്റെ ജനലുകഠം തുറന്നു നിൽക്കുകയായിരുന്നു. മങ്ങിയ വെളിച്ചമുള്ള മുറിയിൽനിന്നും സംഗീതം ഒഴുകിവന്നു.

ല്യൂട്ടോണിന്റെ മടിയിൽ അയാളുടെ ആ പെൺകുട്ടി കിടക്കുകയായിരുന്നതുപോലെ, എന്റെ മടിയിൽ മേറിയ ഡെറെക്കോവ, കിടക്കുന്നതായി ഞാൻ ഭാവിച്ചു. ഇതൊരിക്കലും സംഭവിക്കുകയില്ലെന്നു എനിക്കറിയാം. ആ ചിന്തതന്നെ എന്നെ വല്ലാതെ ഭയപ്പെടുത്തി.

മറ്റേ വീട്ടിൽ നിന്നും പൊങ്ങിവന്ന സംഗീതം അതികഷ്ടകമായിത്തോന്നി. ഞാൻ ജനലിൽക്കൂടി ആ വീട്ടിന്നുള്ളിലേക്കെത്തിനോക്കി. ജനലിൽ തൂക്കിയിരുന്ന തുണിയുടെ ഉള്ളിൽക്കൂടി ചതുരാകൃതിയിലുള്ള ഒരു കഴിയുടെ ഭിത്തികളിൽ, നീലനിറത്തിലുള്ള വെളിച്ചം വീണുകിടക്കുന്നതു ഞാൻ കണ്ടു. അവിടെയുള്ള വിളക്കിന്നടുത്തു ജനലി

ന്നഭിമുഖമായിരുന്ന ഒരു പെൺകുട്ടി എന്തോ എഴുതുകയാണു്. അവൾ ശിരസ്സൊന്നയത്തി. അവളുടെ ചുകന്ന പെന്നിന്റെ മേലെ അറിയാതെ അവൾ തന്റെ നെറ്റിയിൽ വീണുകിടക്കുന്ന മുടിച്ചുരുൾ തള്ളിമാറ്റി. അവളുടെ കണ്ണുകൾ പകുതി അടഞ്ഞുനിൽക്കുകയാണു്. മുഖം ഒരു പുഞ്ചിരിയാൽ പ്രകാശമാനമാണു്. തീരെ ബലപ്പെടാതെ, അവൾ തന്റെ കണ്ണു ലക്ഷോട്ടിലാക്കി, നാവുകൊണ്ടു പേശനനച്ചു, ലക്ഷ്യത്തൊട്ടിച്ചു, സീൽവെച്ചു. പിന്നെ കണ്ണു മേശമേൽ വലിച്ചെറിഞ്ഞു—അതിന്റെ നേരെ വിരൽ ചൂണ്ടി, ഭീഷണിപ്പെടുത്തുന്ന ഭാവത്തിൽ. എന്നാൽ വീണ്ടും അവൾ കണ്ണു കയ്യിലെടുത്തു. പുരികം ചുളിച്ചു ലക്ഷ്യത്തു വലിച്ചുകീറി കണ്ണു വീണ്ടും ഒരാവർത്തിവായിച്ചു, മറ്റൊരു കവറിൽ വീണ്ടും അടക്കംചെയ്തു. മേശക്കരികെ കുനിഞ്ഞിരുന്ന മേൽവിലാസം എഴുതി. പിന്നെ മഷിയാറ്റാൻ, അവൾ കണ്ണു, സമാധാനസൂചകമായി വെള്ളക്കൊടി വീശാറുള്ളതുപോലെ ഉയരത്തിൽ വീശി. കാൽവിരലുകളിൽ പൊങ്ങിനിന്നു തിരിഞ്ഞു തിരിഞ്ഞു, നൃത്തംവെച്ചുകൊണ്ടവൾ എന്റെ ദൃഷ്ടിയിൽനിന്നു മാറി, മുറിയുടെ മൂലയിൽ കട്ടിലിന്റെ അരികിലേക്കു പോയി. വീണ്ടും അവൾ വെളിച്ചത്തു പ്രത്യക്ഷപ്പെട്ടപ്പോൾ അവൾ ബ്ലൌസ്സു ഊരിയിട്ടിരിക്കുകയായിരുന്നു. അവളുടെ ചുമലുകൾ കൊഴുത്തുരുണ്ടിട്ടാണു്. അവൾ വിളക്കുമെടുത്തു വീണ്ടും അപ്രത്യക്ഷയായി. മറ്റാരും കാണുന്നില്ലെന്ന വിശ്വാസത്തോടെ ഒരാൾ കാണിക്കുന്ന ചേഷ്ടകൾ, ദൂരെ നിന്നു നോക്കുന്ന മറ്റൊരാൾക്കു് അതെല്ലാം തികച്ചും ഭ്രാന്തിന്റെ ലക്ഷണമായിത്തോന്നും. മുറത്തു് അങ്ങോട്ടുമിങ്ങോട്ടും ഉലാ

ത്തിക്കൊണ്ടിരിക്കെ, ആ പെൺകുട്ടി അവളുടെ ആ ചെറിയ മുറിയിൽ ഏകാകിയായിരിക്കുമ്പോൾ കാണിച്ച ചേഷ്ടകളെക്കുറിച്ചു ഞാൻ ദീഘമായി ചിന്തിച്ചുപോയി.

പൂഴിയുടെ നിറത്തോടുകൂടിയ പരുക്കൻ തലമുടിയുള്ള ആ വിദ്യാർത്ഥി അവളെ കാണാൻ വരും. അവളോടു വല്ല വിഷയത്തെക്കുറിച്ചും വളരെ പതുക്കെ സംസാരിച്ചുംകൊണ്ടിരിക്കും. അപ്പോൾ അവൾ സ്വയം ഉള്ളിലേക്കു പിൻവാങ്ങുന്നതു കാണാം. സാധാരണയിലും അധികം അവൾ ചെറുതായിപ്പോകുന്നതായിതോന്നും. അവൾ വളരെ ലജ്ജാഭാവിച്ചു മാത്രമേ അയാളുടെ മുഖത്തു നേരെനോക്കുകയുള്ളൂ. അവളുടെ കരങ്ങൾ പിന്നിലോ മേശക്കിടയിലോ ഒളിച്ചുപിടിക്കുകയും ചെയ്യും. എനിക്കാവിദ്യാർത്ഥിയെ തീരെ ഇഷ്ടമായില്ല. ഞാൻ ശക്തിയായവളെ വെറുത്തു.

ല്യൂട്ടോണിന്റെ കാമുകി, തടഞ്ഞു തടഞ്ഞു നടന്നുവന്നു, തന്റെ പുതപ്പിൽ മൂടിപ്പിടിച്ചുംകൊണ്ട് എന്നോടു പറഞ്ഞു.

"അകത്തു പോയ്ക്കോളൂ."

ല്യൂട്ടോണിൻ തന്റെ പ്രേമഭാജനത്തെക്കുറിച്ചു എന്നോടു എത്രയും വാഴ്ത്തിപ്പറഞ്ഞു. അവൾക്കുവേണ്ടിയായിരുന്ന അയാളുടെ ഹൃദയത്തിന്നാശ്വാസം കൊടുക്കാനുള്ള, കഴിവുകളെക്കുറിച്ചു — എനിക്കതാശ്ചര്യമായിതോന്നി. ഞാൻ വിചാരിച്ചു.

"ഞാൻ എങ്ങോട്ടാണു് വഴിതിരിച്ചുപോകുന്നതു്?"

എനിക്കുതോന്നി എന്റെ സമീപത്തു എവിടെയോ, അടുത്ത വഴിത്തിരിവിൽ, നിർഭാഗ്യം എന്നെയും കാത്തിരിക്കുകയാണെന്നു്.

ഞങ്ങളുടെ അപ്പക്കൂട്ട് വളരെ അഭിവൃദ്ധിപ്പെട്ടു. ഡെറെങ്കോവ് ക്രൂട്ടൽ സൗകര്യമുള്ള ഒരു കെട്ടിടം അന്വേഷിച്ചു മറെറാരാളെക്കൂടി അപ്പം ചുട്ടെടുക്കുന്നതിന് നിയമിക്കാൻ അയാൾ തീരുമാനിച്ചു. അതു ഒരു നല്ല കാര്യമാണ്. ഞാൻ വല്ലാതെ അദ്ധ്വാനിക്കേണ്ടിവരുന്നതു തെല്ലൊന്നു കുറഞ്ഞു കിട്ടുമല്ലൊ.

"പുതിയ ഷാപ്പിൽ നീ പ്രധാനജോലിക്കാരനായിരിക്കും" ല്യൂട്ടോണിൻ എന്നോടു വാഗ്ദത്തം ചെയ്തു. "ഞാൻ മുതലാളിയോടു പറയും നിന്റെ ശമ്പളം മാസത്തിൽ പത്തു റൂബിൾ വർദ്ധിപ്പിക്കണമെന്ന്. എന്താ പോരെ?"

എന്നെ പ്രധാനിയാക്കുന്നതിൽ അയാൾക്കുള്ള താല്പര്യം എന്താണെന്നെനിക്കറിയാം. അയാൾക്കു പണിചെയ്യാൻ ഇഷ്ടമല്ല. ഞാൻ യാതൊരിഷ്ടക്കുറവും കാണിക്കാതെ ജോലിചെയ്യും! അദ്ധ്വാനിച്ചു തളരുന്നതു എനിക്കു നല്ലതാണ്. മാനസികമായ അസ്വാസ്ഥ്യങ്ങളിൽനിന്നും മോചനം നേടാൻ അദ്ധ്വാനം എന്നെ സഹായിച്ചു. ലൈംഗികചിന്തകളിൽനിന്നും രക്ഷ നേടാനും അദ്ധ്വാനം നല്ലതാണ്. എന്നാൽ ക്ഷീണംകൊണ്ടു തീരെ വായിക്കാൻ കഴിയാതായിത്തീരുന്നതൊരു കഷ്ടവുമാണ്.

"നീ പുസ്തകം വായന വേണ്ടെന്നു വെച്ചതു വളരെ നല്ല ഒരു കാര്യമാണ്." ല്യൂട്ടോണിൻ പറഞ്ഞു. "ഈ പുസ്തകങ്ങളെല്ലാം എലികൾക്കു തിന്നാൻ പറ്റും. ഒരു ചോദ്യം? നീ ഇപ്പോഴും നല്ല സ്വപ്നങ്ങളൊന്നും കാണുന്നില്ലെ. തീർച്ചയായും കാണുന്നുണ്ടായിരിക്കണം. നീ ഒന്നും പറയുന്നില്ലെന്നേയുള്ളൂ. നല്ല തമാശ. എന്താ സ്വപ്നം

കണ്ടതു പറഞ്ഞാൽ ഒരു ദോഷവും വരാനില്ല. അതുകൊണ്ടാക്കും ഒരു ദ്രോഹവും ഇല്ല.''

അയാൾക്കു എന്നോടെപ്പോഴും ഒരു സൌഹാർദ്ദഭാവമാണു്. എന്നോടു അല്പം ബഹുമാനംതന്നെ ഉള്ളതായി തോന്നി. ഒരുപക്ഷെ അതല്പം ഭയംകൊണ്ടായിരിക്കാം. മുതലാളിക്കു എന്നെ വലിയ കാര്യമാണെന്നയാൾക്കറിയാം. എന്നാൽ അയാൾ ഞാനറിയെ അപ്പവും മറ്റും കട്ടെടുക്കാതിരിക്കയും ഇല്ല.

എന്റെ അമ്മമ്മ അന്തരിച്ചു. അവരുടെ ശവം മറവുചെയ്തു മൂന്നാഴ്ച കഴിഞ്ഞതിനുശേഷമാണു് എനിക്കു വിവരത്തിനു കത്തു കിട്ടിയതു്. എന്റെ ഒരു മച്ചുനൻ അമ്മമ്മയുടെ മരണവാർത്തയെ അറിയിച്ചതായിരുന്നു. അതു ചുരുങ്ങിയ കുറിപ്പിൽ പറഞ്ഞതിതുമാണു്. അമ്മമ്മ ഇരുന്നു നടന്നുകൊണ്ടിരിക്കെ പള്ളിയുടെ മുൻഭാഗത്തുവെച്ചു വഴുതിവീണു. കാൽ ഒടിഞ്ഞു. എട്ടു ദിവസം കഴിഞ്ഞപ്പോൾ അവർ ദിവംഗതയാകുകയും ചെയ്തു. എന്റെ മൂന്നു മച്ചുനന്മാരും—അവർ എല്ലാവരും നല്ല ആരോഗ്യവും ശക്തിയും ഉള്ള ചെറുപ്പക്കാരാണു്. അവരിൽ ഒരാളുടെ കുട്ടികളും, അമ്മമ്മ ഇരുന്നുകൊണ്ടുവരുന്ന, വരുമാനത്തെ മാത്രം ആശ്രയിച്ചു ജീവിക്കുകയായിരുന്നുവെന്നു ഞാൻ പിന്നീടു മനസ്സിലാക്കി. അവർക്കു അമ്മമ്മയെ ചികിത്സിക്കാൻ ഒരു ഡോക്ടറെ വിളിക്കാൻപോലും തോന്നിയില്ല.

എന്റെ മച്ചുനൻ എഴുതുകയാണു്: ''പള്ളിയിൽ പാടൊപ്പാവ് ലോവ്സ്സ് ഭാഗത്തു, നമ്മുടെ മറ്റു ബന്ധുക്കളെയെല്ലാം മറവുചെയ്തിട്ടുള്ള സ്ഥലത്തു, അമ്മമ്മയെ

മറവുചെയ്തു. ഞങ്ങളെല്ലാം ശ്മശാനത്തിൽപോയി. ധാരാളം ഇരപ്പാളികളും അവിടെ ഹാജരായിരുന്നു. അവക്കു അമ്മൂമ്മയെ വലിയ കാര്യമായിരുന്നു. അവരെല്ലാവരും കരഞ്ഞു. അച്ഛനും കരഞ്ഞു. അദ്ദേഹം ഞങ്ങളെയെല്ലാം ആട്ടിയോടിച്ചു. അദ്ദേഹം ശവക്കല്ലറയുടെ അടുത്തു വളരെനേരം ഇരുന്നു, ഏകനായി. ഞങ്ങൾ വൃക്ഷങ്ങൾ മറഞ്ഞുനിന്ന്, അദ്ദേഹത്തെ സൂക്ഷിച്ചുനോക്കി. അദ്ദേഹം വേഗം മരിച്ചുപോകുമെന്നു വിചാരിച്ചങ്ങനെ കരഞ്ഞതായിരിക്കണം."

ഞാൻ കരഞ്ഞില്ല. എന്നാൽ ഇപ്പോഴും അതെനിക്കു നല്ല ഓർമ്മയുണ്ട്—ഒരു തണുപ്പുകാറ്റു എന്നെ തികച്ചും ആവരണം ചെയ്തുകളഞ്ഞതായി എനിക്കു തോന്നി. മുറ്റത്തു വിറകട്ടിമേൽ ഇരിക്കുമ്പോൾ, അന്നുരാത്രി ആരോടെങ്കിലും അമ്മമ്മയെക്കുറിച്ചു കുറെ സംസാരിക്കണമെന്നെനിക്കു തോന്നി. അവർ എത്ര ദയാലുവായിരുന്നു, എത്ര ബുദ്ധിശാലിയായിരുന്നു, എല്ലാവർക്കുംതന്നെ എത്ര നല്ല അമ്മയായിരുന്നു എന്നു എനിക്കു പറയണം. ഈ ആഗ്രഹം വളരെക്കാലം ഞാൻ എന്റെ മനസ്സിൽ പേറി നടന്നു. എന്നാൽ അങ്ങിനെയുള്ള കാര്യങ്ങൾ പറയാൻ പറ്റുന്ന ആരും എനിക്കുണ്ടായിരുന്നില്ല. ഒടുവിൽ ആ ആഗ്രഹം അങ്ങിനെ കെട്ടടങ്ങുകയും ചെയ്തു.

കുറെ കൊല്ലങ്ങൾക്കുശേഷം എ. പി. ചെക്കോവിന്റെ 'ഒരു വണ്ടിക്കാരൻ' എന്ന കഥ വായിച്ചപ്പോൾ, ആ കാലത്തെക്കുറിച്ചുള്ള സ്മരണകൾ വീണ്ടും മനസ്സിൽ കിളുന്നു. വണ്ടിക്കാരന്റെ മകൻ മരിച്ചതിനെക്കുറിച്ചുള്ള ദുഃഖം കുതിരയോടയാൾ വിവരിക്കുകയായിരുന്നു, എനിക്കു പശ്ചാ

ത്താപം തോന്നി, എനിക്കും ഒരു കുതിരയോടോ നായയോടോ എന്റെ ദുഃഖം പറയാനുണ്ടായില്ലല്ലൊ എന്ന്. എലികളോടെങ്കിലും എന്റെ ഹൃദയവ്യഥയെക്കുറിച്ചു പറയാൻ കഴിഞ്ഞില്ലല്ലൊ എന്നു ഞാൻ കുണ്ഠിതപ്പെട്ടു. അപ്പക്കൂട്ടിൽ ധാരാളം എലികൾ ഉണ്ടായിരുന്നു. ഞാനും എലികളും തമ്മിൽവലിയ സൌഹാർദ്ദത്തിലും ആയിരുന്നു.

നിക്കിഫോറിക്ക് എന്ന പോലീസ്സുകാരൻ മാംസഭോജിയായ ഒരു പക്ഷിയെപ്പോലെ എപ്പോഴും എന്റെ പിന്നാലെ നടക്കാൻ തുടങ്ങി. അയാൾ നല്ല ശക്തിയുള്ള ഒരു മനുഷ്യനാണ്. നരച്ച തലമുടി പറ്റെവെട്ടിയിരിക്കും. താടി വളത്തി ഭംഗിയിൽ കത്രിച്ചു വെച്ചിരിക്കും. ക്രിസ്സ്മസ്സിന്നുക്കാൻവെച്ച ഒരു വാത്തിനെയെന്നപോലെ അയാൾ എപ്പോഴും എന്നെ സൂക്ഷിച്ചുനോക്കും.

"നിനക്കു വായിക്കുന്നതു വളരെ ഇഷ്ടമാണല്ലെ. ഞാൻ അങ്ങിനെ പറഞ്ഞുകേട്ടു." അയാൾ സംഭാഷണം ആരംഭിച്ചു. "ശരി, പിന്നെ, നീ എന്തു വിഷയത്തെക്കുറിച്ചുള്ള പുസ്തകങ്ങളാണ് വായിക്കാറുള്ളതു്? ബൈബിളായിരിക്കും. അതോ സന്യാസിമാരുടെ ജീവചരിത്രമാണോ?"

ശരിയാണ് എനിക്കു ബൈബിൾ അറിയാം. ഇതറിഞ്ഞപ്പോൾ നിക്കിഫോറിക്കിന്നാശ്ചര്യം തോന്നി; അല്പം നീരസവും.

"ഊം—നല്ല പുസ്തകങ്ങൾ വായിക്കുന്നതു് നിയമവിധേയം തന്നെയാണ്. ലിയോ ടോൾസ്റ്റോയിയെപ്പറ്റി എന്തുപറയുന്നു? അദ്ദേഹത്തിന്റെ പുസ്തകങ്ങൾ വായിക്കാറുണ്ടോ?"

ഞാൻ ടോംസ്റ്റോയിയുടെ പുസ്തകങ്ങളും വായിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഞാൻ വായിച്ച പുസ്തകങ്ങളും പോലീസ്സുകാരനു താല്പര്യം തോന്നുന്നവയായിരുന്നില്ല.

"അതെയുള്ളൂ—ശരി—അതു സാധാരണ പുസ്തകങ്ങളാണു്. മറവുള്ളവരും എഴുതാവുള്ള തരത്തിലുള്ള പുസ്തകങ്ങളും. എന്നാൽ ആളുകളും എല്ലാം പറയുന്ന അദ്ദേഹത്തിന്റെ മറവു ചില പുസ്തകങ്ങളുണ്ടു്. അദ്ദേഹം പുരോഹിതന്മാരെ എതിർത്തുകൊണ്ടെഴുതിയിട്ടുള്ളവ. അവ വായിക്കേണ്ടതാണു്!"

ഞാൻ പുസ്തകങ്ങളും കല്പിച്ചിൽ അടിച്ചിട്ടുള്ള പകർപ്പുകളും വായിച്ചിട്ടുണ്ടായിരുന്നു. അവയൊന്നും എനിക്കു മെച്ചപ്പെട്ടതായി തോന്നിയില്ല. എന്നാൽ ഈമാതിരി സംഗതികൾ പോലീസ്സുകാരനുമായി ചർച്ച ചെയ്യേണ്ടതല്ലല്ലൊ.

ഇങ്ങനെ തെരുവിൽവെച്ചു ഇടക്കൊക്കെ സംഭാഷണങ്ങൾ നടത്തിയശേഷം ആ പോലീസ്സുകാരൻ എന്നെ അയാളുടെ താമസസ്ഥലത്തേക്കു ക്ഷണിച്ചു.

"എന്റെ പാർപ്പിടത്തിലേക്കു വരൂ. നമുക്കു ഒപ്പം ചായ കഴിക്കാമല്ലൊ."

അയാളുടെ ഉന്നമെന്താണെന്നെനിക്കറിയാം. എന്നാലും എനിക്കയാളുടെ ക്ഷണനം സ്വീകരിക്കണമെന്നു തോന്നി. ഞാൻ എന്റെ ആരംക്കാരുമായാലോചിച്ചു. പോലീസുകാരന്റെ ക്ഷണനം സ്വീകരിക്കാതിരിക്കുന്നതു്, അയാളുടെ സംശയം വർദ്ധിപ്പിക്കുവാനെ ഉതകുകയുള്ളൂ, എന്നു എല്ലാവരും അഭിപ്രായപ്പെട്ടു.

അങ്ങിനെ ഞാൻ, നിക്കിഫോറിക്കിനെ സന്ദർശിച്ചു. അതു ചെറിയ മുറിയുടെ മൂന്നിലൊരുഭാഗം അടുപ്പിൽ തട്ടുണ്ടാക്കാൻ വിനിയോഗിച്ചിരിക്കുകയാണു്. ഒരു വലിയ കട്ടിലുണ്ടു് മറെറാരു ഭാഗത്തു്. നല്ല പുകഞ്ഞ കവറുകളുള്ള തലയണകളും നിരത്തിവെച്ചിട്ടുണ്ടു്. ബാക്കി സ്ഥലത്തും പല സാധനങ്ങളാണു്. ഒരലമാറ, ഒരു മേശ, രണ്ടു കസേല, ചെറിയ ജനലിന്നരികെ ഒരു ബെഞ്ചും. നിക്കോഫോറിക്കു് തന്റെ കുപ്പായത്തിന്റെ കുടുക്കഴിച്ചിട്ടുംകൊണ്ടു് ബഞ്ചിന്മേൽ ഇരുന്നു. ജനൽ മുഴുവനും അയാളുടെ പിൻഭാഗം കൊണ്ടു മറഞ്ഞുനിൽക്കുകയാണു്. ഞാൻ അയാൾക്കഭിമുഖമായി മേശക്കരികെ അയാളുടെ ഭാര്യയുടെ അടുത്തിരുന്നു. നല്ല ഉയന്ന മാറിടമുള്ള, തുടുത്ത കവിളുകളുള്ള, ഏകദേശം ഇരുപതു വയസ്സു പ്രായമുള്ള ഒരു ചെറുപ്പക്കാരിയാണയാളുടെ ഭാര്യ. അസാധാരണമായ ഒരു കൗതുകത്തുളുമ്പുന്ന നോട്ടമാണു്, ആ നീലിച്ച ചാരനിറത്തോടുകൂടിയ കണ്ണുകൾക്കു്. അവർ തന്റെ ചുണ്ടുകൾ അമരെ അടുപ്പിച്ചു വെച്ചിരിക്കുകയാണു്. അവരുടെ ശബ്ദത്തിലും അല്പം പകയുടെ ഒരു ലാഞ്ഛനയുണ്ടു്.

"ഞാൻ അറിയാൻ ഇടയായി." പോലീസ്സുകാരൻ പറഞ്ഞു. "എന്റെ തലതൊട്ട മകൾ സെക്കലെട്ടേയാ, നിന്റെ അപ്പക്കൂടിന്റെ അടുത്തു ചുറ്റിപ്പററിക്കൂടാവുന്നതു്, അവൾ ദുസ്വഭാവിയായ ഒരു കുത്തിച്ചിയാണു്. എല്ലാ സ്ത്രീകളും മോശക്കാരാണു്."

"എല്ലാ സ്ത്രീകളും?" അയാളുടെ ഭാര്യ കടന്നു ചോദിച്ചു.

"ഓരോ സ്ത്രീയും" നിക്കിഫോറിക്കു് വളരെ ഉറപ്പിച്ചുത്തരം പറഞ്ഞു. ഒതുക്കമില്ലാത്ത ഒരു കുതിര തന്റെ ജീ

നി കുലുക്കുംപോലെ അയാൾ തന്റെ ദേഹമൊന്നലച്ചു മെ ഡലുകൾ കുലുക്കി. അയാൾ സാഡറിൽനിന്നും അല്പം ചാ യ അല്പാല്പമായി കുടിച്ചു വളരെ രസം പിടിച്ചപോലെ തുടർന്നു.

"മോശക്കാരികളും ദുസ്വഭാവികളുംതന്നെ. താണത രം വേശ്യകൾ തുടങ്ങി.....അങ്ങേ അറ്റത്തെ രാജ്ഞി കൾവരെ. ഷെബയിലെ രാജ്ഞി രണ്ടായിരം നാഴിക മരു ഭൂമിയിൽക്കൂടി കടന്നുപോയതെന്തിനാണ്. സോളമൻ രാജാ വുമായുള്ള സംസർഗ്ഗത്തിനല്ലെ. എന്തിനു നമ്മുടെ ഏകസാ റിനയായ ഏകത്തെറിനയോ? അവരെ ആളുകൾ "മഹാ ത്മാവായ" എന്നു തുടങ്ങി വിശേഷിക്കും. പക്ഷേ....."

കൊട്ടാരത്തിലെ ഏതോ ഒരു സാധാരണ വേലക്കാ രൻ, ഒരു രാത്രി സാറിനയുമായുണ്ടായ സംസ്സർഗ്ഗം ഹേതു വായി, പട്ടാളത്തിൽ ഏറ്റവും ഉന്നതസ്ഥാനത്തേക്ക, സി പ്പായിയാരംഭിച്ച ഒരു ജനറലായിത്തീർന്ന കഥ, അയാൾ വിസ്തരിച്ചുപറഞ്ഞു. അയാളുടെ ഭാര്യ വളരെ ശ്രദ്ധയോടെ എല്ലാം കേട്ടു, ചുണ്ടുകൾ ഇടക്കിടെ നാവുകൊണ്ടു നനച്ചു, മേശക്കു കീഴെ അവരുടെ കാലുകൾകൊണ്ടു എന്റെ കാ ലിന്മേൽ ക്രൂരക്കുടെ സ്പർശിച്ചു. നിക്കിഫോറിക്ക വളരെ ഹൃദ്യമായി രസം തോന്നിക്കുംവിധം സംസാരിച്ചു. മനസ്സി ലാക്കാൻ കഴിയാത്തവിധം അയാൾ ഒരു പുതിയ വിഷ യത്തിലേക്കു തിരിഞ്ഞു.

"ഉദാഹരണത്തിനു നമ്മുടെ തെരുവിൽ ഒരു വിദ്യാ ർത്ഥിയുണ്ട്. സർവ്വകലാശാലയിൽ ഒന്നാമത്തെ കൊല്ലമാണ്. അവന്റെ പേർ പ്യോറന്യോവ് എന്നാണ്."

അയാളുടെ ഭാഷ്യം ഇടക്കു കടന്നു പറഞ്ഞു ആവേശത്തോടെ.

"സുമുഖനല്ല. പക്ഷെ നല്ല സ്വഭാവമാണ്."

"ആരാണ് നല്ല സ്വഭാവം?"

"മി. പ്ലെറ്റ്നോവ്"

"ഒന്നാമതായി മിസ്റ്റർ എന്നു ചേർത്തു പറയുന്നതു നിർത്തണം. അവൻ പഠിച്ചുകേമനായാൽ മിസ്റ്റർ എന്നു വിളിച്ചാൽ മതി. ഇപ്പോൾ അവൻ വെറും ഒരു വിദ്യാർത്ഥി മാത്രമാണ്. മറേറതു വിദ്യാർത്ഥിയേയുംപോലെ. ആയിരക്കണക്കായ വിദ്യാർത്ഥികളിൽ ഒരുവൻ. രണ്ടാമതു നല്ല സ്വഭാവം എന്നു പറയുന്നതുകൊണ്ടു നീ എന്താണർത്ഥമാക്കുന്നതു?"

"അയാൾ നല്ല രസികനാണ്. ചെറുപ്പവും."

"ഒന്നാമതു, പ്രദർശനസ്ഥലത്തെ വിദൂഷികനും രസികനായിരിക്കും."

"വിദൂഷകന്മാരോ, അവർക്കു ശമ്പളം കൊടുക്കുന്നതു രസികന്മാരായിരിക്കാനാണ്."

"മിണ്ടാതിരിക്കു. രണ്ടാമതു ഏതു പട്ടിയും ആദ്യം നായക്കുട്ടിയായിട്ടുതന്നെയാണാരംഭിക്കുന്നതു."

വിദൂഷകന്മാരോ—അവർ വെറും കുരങ്ങന്മാരാണ്."

"മിണ്ടാതിരിക്കു. ഞാൻ പറഞ്ഞതു മറന്നുപോയോ? ഞാൻ പറഞ്ഞതുകേട്ടില്ലേ?"

"കേട്ടു."

"പിന്നെ."

ഭാര്യ കീഴടങ്ങിയതായിക്കണ്ടപ്പോൾ നിക്കിഫോറിക്ക എന്നോട് പറഞ്ഞു.

"ഈ പ്ലെറന്യോവില്ലെ. അവന്റെ ചരിത്രം രസകരമാണ്. അവനുമായി നീ പരിചയിക്കാൻ ശ്രമിക്കണം."

എന്നെയും പ്ലെറന്യോവിനെയും നിക്കോഫോറിക്ക പലപ്പോഴും ഒറ്റപ്പം കണ്ടിരിക്കാൻ ഇടയുണ്ട്. ഞാൻ പറഞ്ഞു.

"ഞങ്ങൾ പരിചയമുണ്ട്."

"അതയോ? ഹ്മം, ഹ്മം?"

അയാളുടെ സ്വരത്തിൽ അല്പം നിരാശ നിഴലിച്ചതായി തോന്നി. അയാൾ ബഞ്ചിന്മേൽ അല്പംനീങ്ങിയിരുന്നു. മെഡലുകൾ വീണ്ടുമൊന്നു കുലുക്കി. ഞാൻ വളരെ സൂക്ഷിച്ചുംകൊണ്ടാണ് സംസാരിച്ചതു. പ്ലെറന്യോവ് കല്ലച്ചിൽ അടിച്ചു പുറപ്പെടുവിച്ച ഒരു ലഘുലേഖ ഞാൻ കണ്ടിട്ടുണ്ട്.

ആ സ്ത്രീ അവരുടെ കാലുകൾകൊണ്ടു എന്റെ കാലുകളിൽ ഇടക്കിടെ സ്പർശിച്ചു അയാളെ വിറളിപിടിപ്പിക്കാൻ ശ്രമിച്ചു. അയാളാണെങ്കിൽ വലിയ പ്രമാണിത്തം നടിച്ചു, ഒരുമയിൽ, പീലികൾ വിടർത്തിയാട്ടുംപോലെ, വാക്കുകൾ കോരിച്ചൊരിയാൻ തുടങ്ങി എന്നാൽ മേശക്കടിയിൽ കാലുകൾകൊണ്ടോ സ്ത്രീ കാണിച്ച ഗോഷ്ടികളിൽ ശ്രദ്ധിക്കുകയായിരുന്നതുകൊണ്ടു അയാൾ പറയുന്നതു മുഴുൻ ശ്രദ്ധിക്കാൻ എനിക്കു കഴിഞ്ഞില്ല. അയാൾ പെട്ടെന്നു തന്റെ സ്വരം താഴ്ത്തി വിഷയം മാറ്റിപ്പറയാൻ തുടങ്ങിയതു ഞാൻ അറിഞ്ഞില്ല.

"അദൃശ്യമായ ഒരു ചരട്ട്,.....നിനക്കു മനസ്സിലായോ?" അയാൾ പറഞ്ഞു അയാൾ തന്റെ വലിയ കണ്ണുകൾ നല്ലപോലെ തുറന്നു എന്നെ സൂക്ഷിച്ചുനോക്കി. എന്തോ പെട്ടെന്നൊരു ഭയം തോന്നിയതുപോലെ.

"ചക്രവർത്തിതിരുമേനി ഒരു എട്ടുകാലിയാണെന്നു നീ കരുതുകയാണെങ്കിൽ....."

"നിങ്ങൾ എന്തെല്ലാമാണ് പറയുന്നത്?" സ്ത്രീ ഇടയിൽ കടന്നുചോദിച്ചു.

"നീയ്യോ? നീ മിണ്ടാതിരിക്കൂ. പട്ടവിസ്തി. കൂടുതൽ വ്യക്തമാകാൻവേണ്ടിയാണ് ഞാൻ അങ്ങിനെ പറഞ്ഞതു—അല്ലാതെ, അപമാനിക്കാൻ വേണ്ടിയല്ല. സമാവർ വൃത്തിയാക്കൂ."

പൂരികം ചുളിച്ചും കണ്ണുകൾ പകുതി ചിമ്മിയും അയാൾ തുടർന്നു.

"അദൃശ്യമായ ഒരു ചരടു. ഒരു മാറാലപോലെ, എന്നു പറഞ്ഞോളൂ. അതു ചക്രവർത്തിതിരുമേനിയുടെ ഹൃദയത്തിൽനിന്നും വരുന്നതാണ്. സാർ അലക്സാണ്ടർ മൂന്നാമൻ—റഷ്യയുടെ മുഴുവൻ ചക്രവർത്തി—അതു ഇങ്ങോട്ടയച്ചതാണ്. ഏറ്റവും താഴ്ന്ന പദവിയിലുള്ള പട്ടാളക്കാരനിൽ എത്തുകയാണ്. അതു നൂല് എല്ലാറ്റിലും തന്നെ എത്തുന്നുണ്ടു. ആ ചരടിന്റെ അദൃശ്യമായ ശക്തികൊണ്ടു സാമ്രാജ്യത്തിന്റെ ശക്തി, നൂറായിരങ്ങളായി നിലനിർത്തിപ്പോരുന്നു. ആ ഇംഗ്ലീഷു രാജ്ഞി, പോളണ്ടുകാ

രെ കൈക്കുലികൊടുത്തു വശപ്പെടുത്തി, ചില റഷ്യക്കാരെയും വശപ്പെടുത്തി. അവരെല്ലാം ഈ ചരട് കഴിയുന്നിടത്തെല്ലാം തകരാറിലാക്കാൻ ശ്രമിക്കും. എല്ലാം തന്നെ ജനങ്ങൾക്കു വേണ്ടിയാണെന്ന നാട്യത്തോടെ.

അയാൾ മേശക്കു വിലങ്ങനെ എന്റെ നേരെ മുന്നോട്ടാഞ്ഞുംകൊണ്ടു അല്പം ക്രോധംകലർന്ന ഒരു പതിഞ്ഞ സ്വരത്തിൽ ചോദിച്ചു:

"മനസ്സിലായോ? ശരി. ഞാൻ എന്തിനാണിങ്ങിനെ നിന്നോടു സംസാരിക്കുന്നതെന്നു നിനക്കറിയാമോ? നിന്റെ അപ്പക്കുട്ടിലെ ആ പ്രവൃത്തിക്കാരൻ നീ നല്ലവനാണെന്നു പറയുന്നുണ്ടു. നീ സത്യവാനാണു് സ്വാശ്രയത്തിൽ കഴിയുകയാണു് എന്നെല്ലാം ശരി. പിന്നെ ആ അപ്പക്കുട്ടിൽ കുറെ വിദ്യാർത്ഥികൾ പതിവായി വരുന്നുണ്ടു. അവർ രാത്രി മുഴുവൻ ഡെറെങ്കോവ് കുടുംബക്കാരുടെ ആ മുറിയിൽ കഴിക്കുകയാണു്. ഒരാളെ ഉള്ളുവെങ്കിൽ, അതു മനസ്സിലാക്കാം. എന്നാൽ കുറെ വിദ്യാർത്ഥികൾ വരുന്നുണ്ടു. എന്താണിതിന്റെയെല്ലാം അർത്ഥം? ഞാൻ ആ വിദ്യാർത്ഥികൾക്കെതിരായി പറയുകയാണെന്നു ധരിക്കരുതു്. ഇന്നു വിദ്യാർത്ഥിനാളെ അസിസ്റ്റാണ്ടു പ്രോസിക്യൂട്ടർ—വിദ്യാർത്ഥികൾ നല്ലവരാണു്. ഒരു കുറവും മാത്രമുണ്ടു. അവർക്കു ജീവിതത്തിലുള്ള അവരുടെ പങ്കു വഹിക്കാൻ വലിയ തിടുക്കമാണു്. സാറിന്റെ ശത്രുക്കൾ—അവരെ ഇളക്കിവിടുകയും ചെയ്യുന്നു. മറ്റൊരു കാര്യം ഞാൻ നിന്നോടു പറയാം....."

അയാൾ അക്കാര്യം പറയുന്നതിനു മുമ്പായി വാതിൽ തള്ളിത്തുറന്നു, ഒരു വൃദ്ധൻ അകത്തു കടന്നുവന്നു. കൂകുന്ന മൂക്കുള്ള ചെറിയ ഒരു മനുഷ്യൻ. മുടിച്ചുരുളുകൾ നെറ്റി

യിൽ വീഴാതിരിക്കാൻ ഒരു തോൽപട്ട ശിരസ്സിൽ ചുറ്റി ക്കെട്ടിയിട്ടുണ്ട്—അയാളുടെ കയ്യിൽ ഒരു കൂപ്പി നിറയെ വോഡ്കയുണ്ട്. അയാളുടെ പള്ളയിലും ധാരാളം വോ ഡ്ക കടത്തിവിട്ടിട്ടുണ്ടെന്നു വ്യക്തമാണു്.

"ഒരു കൈ കളിക്കാമോ?" അയാൾ ആടിക്കുഴഞ്ഞു കൊണ്ടു ചോദിച്ചു. അയാൾ എന്തെല്ലാമോ, തുരുതുരെ പറഞ്ഞുതുടങ്ങി.

"അമ്മാമാ." നിക്കി ഫോറിക്ക് സ്പഷ്ടമായ നീരസ ത്തോടെ പറഞ്ഞു.

ഞാൻ വേഗം യാത്ര പറഞ്ഞുപിരിഞ്ഞു. ആ സ്ത്രീ എന്നെ അനുഗമിച്ചു വാതിൽക്കൽ നിന്നു, എന്നെ പിടി ച്ചൊന്നു നുള്ളി ഇങ്ങിനെ പറഞ്ഞു:

"ആ മേഘങ്ങളം നോക്കൂ. തീ പോലെ ചുവന്നിരി ക്കുന്നു."

ആകാശം ഒഴിഞ്ഞുകിടക്കുകയാണു്. ഒരു ഭാഗത്തു ഒരു ചെറിയ സ്വർണ്ണനിറമുള്ള മേഘശകലം മാത്രമുണ്ടു്.

എന്റെ ഗുരുനാഥന്മാരോടു തികച്ചും ബഹുമാനത്തോ ടെ ഞാൻ പറയുന്നു, ആ പോലീസ്സുകാരന്റെ വിവരണത്തി ൽനിന്നാണു് ഭരണക്രമത്തിന്റെ ഘടന എനിക്കു ക്രമേണ വ്യക്തമായതു്. എവിടെയോ ഒരു എട്ടുകാലി ഒളിഞ്ഞുനി ൽക്കുകയാണു് ഈ എട്ടുകാലിയിൽനിന്നും,—ജീവിതത്തി ന്റെ എല്ലാ വശങ്ങളേയും ക്രമേണ കുടുക്കിയിണക്കിയുംകൊണ്ടു,—അ ദൃശ്യമായ ഒരു ചരടു നീണ്ടു നീണ്ടു പോകയാണു്. ഏതു ഭാ ഗത്തു തിരിഞ്ഞാലും ആ ചരടിന്റെ കുടുക്കുകളും ചുരുള കളും കാണുന്നുണ്ടെന്നു എനിക്കു തോന്നി.

അന്നു വൈകുന്നേരം വളരെ വൈകിയിട്ടു, മെറിയാ ഡെറെങ്കോവ എന്നെ അവളുടെ മുറിയിലേക്കു വിളിച്ചു. പോലീസ്സുകാരനുമായുണ്ടായ എന്റെ സംഭാഷണം എന്തായിരുന്നു എന്നു എന്നോടു ചോദിക്കാൻ അവളെ ഏൽപിച്ചിരിക്കയാണെന്നു അവൾ പറഞ്ഞു.

ഞാൻ മുഴുവൻ വിശദമായിപറഞ്ഞു.

"എന്റെ ഈശ്വരാ!" അവൾ ആശ്ചര്യപ്പെട്ടു. കെണിയിൽപ്പെട്ട ഒരു മുണ്ടെലിയെപ്പോലെ, അവൾ തല യാട്ടിയുംകൊണ്ടു മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു.

"ല്യൂട്ടോണിൻ നിന്നെ വശപ്പെടുത്താൻ വല്ലപ്പോഴും ശ്രമിക്കാറുണ്ടോ? അയാളുടെ ആ വെപ്പാട്ടി, നിക്കി ഫോറിക്കിന്റെ ഒരു ബന്ധുവാണു്, ഇല്ലെ? അയാളെ പിരിച്ചയക്കാതെ ഒക്കുകയില്ല."

വാതിൽക്കൽനിന്നു ഞാൻ അവളെ സൂക്ഷിച്ചുനോക്കി. വെപ്പാട്ടി എന്ന വാക്കു, അവൾ അത്രയും കാര്യമാത്രപ്രസക്തമായാണുപയോഗിച്ചതു്. അതെനിക്കത്ര പിടിച്ചില്ല. ല്യൂട്ടോണിനെ പിരിച്ചുവിടേണമെന്ന അഭിപ്രായവും എനിക്കു ഹൃദ്യമായില്ല.

"നല്ലപോലെ സൂക്ഷിക്കുന്നതു നന്നു" അവൾ പറഞ്ഞു. അവളുടെ തുടച്ചയായുള്ള ആ നോട്ടത്തിൽ സാധാരണപോലെ എനിക്കു വല്ലാത്ത അസഹ്യത തോന്നി. എന്നിൽ നിന്നും എന്തോ കണ്ടുപിടിക്കാൻ ശ്രമിക്കുംപോലെ അതെനിക്കനുഭവപ്പെട്ടു. എന്താണെന്നെനിക്കു മനസ്സിലായില്ല. അവൾ പെട്ടെന്നു എന്റെ മുമ്പിൽ വന്നു കയ്യുകൾ പിന്നിൽ പിണച്ചുവെച്ചു നിന്നു.

"നിങ്ങൾ എന്താണെപ്പോഴും ഇങ്ങിനെ മൌഢ്യം പൂണ്ടിരിക്കുന്നതു്?"

"എന്റെ അമ്മുമ്മ ഈയ്യിടെയാണു് മരിച്ചുപോയതു്."

ഇതവളെ രസം പിടിപ്പിച്ചതായിത്തോന്നി. അവൾ പുഞ്ചിരിച്ചു, ചോദിച്ചു.

"നിങ്ങൾക്കവരെ വലിയ സ്നേഹമായിരുന്നോ?"

"അതെ."

"ഇനി എന്തെങ്കിലും അറിയാനുണ്ടോ?"

"ഇല്ല."

ഞാൻ പോയി, അന്നു രാത്രി ഞാൻ എഴുതിയ കവിതയിൽ ഈ ആശയം ഉൾക്കൊള്ളുന്ന ഒരു വരിയുണ്ടായിരുന്നു.

"നീ എങ്ങിനെയുള്ളവനാണെന്നു മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തുവാൻ ആഗ്രഹിക്കുന്നുവോ അങ്ങിനെയല്ല, നീ വാസ്തവത്തിൽ."

വിദ്യാർത്ഥികൾ അപ്പുക്കുട്ടിൽ വരുന്നതു കുറയ്ക്കണമെന്നു തീരുമാനിച്ചു. വിദ്യാർത്ഥികളെ ഇടക്കിടെ കാണാൻ കഴിയാത്തതുകൊണ്ടു, ഞാൻ വായിച്ച പുസ്തകങ്ങളിൽ എനിക്കു തോന്നിയ സംശയങ്ങൾ ചോദിച്ചു മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞില്ല. എന്റെ ചോദ്യങ്ങൾ ഞാൻ ഒരു നോട്ടുപുസ്തകത്തിൽ എഴുതിവെച്ചു. എന്നാൽ ഒരു ദിവസം ഞാൻ ക്ഷീണം കൊണ്ടുറങ്ങിപ്പോയപ്പോൾ നോട്ടുപുസ്തകം നിലത്തുവീണു. ല്യൂട്ടോണിൻ അതു വായിച്ചു. എന്നെ വിളിച്ചുണർത്തിയുംകൊണ്ടു അയാൾ ചോദിച്ചു.

"നീ എവിടെ നിന്നാണ് ഇതെല്ലാം പകർത്തിയെടുക്കുന്നത്". "ഗാരിബാൾഡി എന്തുകൊണ്ടു, രാജാവിനെ ഓടിച്ചില്ല." "ആരാണ് ഗാരിബാൾഡി" "രാജാവിനെ ഓടിക്കുകയോ? ആരെങ്കിലും ഇങ്ങിനെയൊരു കാര്യം പറഞ്ഞു കേട്ടിട്ടുണ്ടോ?"

അയാൾ ക്രോധത്തോടെ, പുസ്തകം വലിച്ചെറിഞ്ഞു. അയാൾ മുറിയിൽനിന്നും പോയി. അടുപ്പിൽ തട്ടിനിന്നടുത്തു നിന്നു, അയാൾ പറഞ്ഞു.

"രാജാക്കന്മാരെ, ഓടിക്കണമെന്നാണത്രെ അവന്റെ ആഗ്രഹം. നല്ല തമാശ. അങ്ങിനെയുള്ള കാര്യങ്ങൾ ചിന്തിക്കരുത്. പുസ്തകങ്ങൾ തലയിൽ കയറുന്നതുനോക്കണം. രണ്ടു മൂന്നു കൊല്ലം മുമ്പു, പോലീസ്സുകാർ നിന്നെപ്പോലെയുള്ള പുസ്തകപ്പുഴുക്കളെ നിരത്തിവച്ചിട്ടു മർദ്ദിക്കുന്നതു ഞാൻ കണ്ടു. നിക്കിഫോറിക്ക് ഇപ്പോൾ തന്നെ നിന്നെ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ രാജാക്കന്മാരെയെല്ലാം മറന്നുകളയൂ. നീ ഓടിച്ചുകളയാൻ രാജാക്കന്മാർ പ്രാവുകളൊന്നുമല്ല."

അയാൾ വളരെ മമതയോടെയാണ് സംസാരിച്ചത്. എന്നാൽ ഞാൻ ആഗ്രഹിച്ചതുപോലെ അയാളോടു എനിക്കു മറുപടി പറയാൻ കഴിഞ്ഞില്ല. അയാളുമായി, "ആ പൽക്കരമായ" വിഷയങ്ങളെക്കുറിച്ചു സംസാരിച്ചുപോകരുതെന്നു എനിക്കു മുന്നറിയിപ്പു ലഭിച്ചിരിക്കുകയായിരുന്നു.

നഗരത്തിൽ പലരും വളരെ വളരെ ആവേശത്തോടെ വായിക്കുകയായിരുന്ന എന്തോ ഒരു പുസ്തകം ഉണ്ടു. എല്ലാ ആളുകളും ആ പുസ്തകം വായിക്കുവാൻ ശ്രമിക്കുന്നുണ്ടു. അതിലെ കാര്യങ്ങളെക്കുറിച്ചു തർക്കിക്കുന്നുണ്ടു. മൂഗചികിത്സ

പഠിക്കുന്ന ലാവ്റോവിനോട് ആ പുസ്തകത്തിന്റെ ഒരു പ്രതി കൊണ്ടുവന്നുതരേണമെന്നു ഞാൻ അപേക്ഷിച്ചു. അയാൾ നിസ്സഹായത ഭാവിച്ചു ഇങ്ങിനെ പറഞ്ഞു:

"സാദ്ധ്യമല്ല, ചങ്ങാതി, സാദ്ധ്യമല്ല. അതു ചിന്തിച്ചിട്ടു കാര്യമില്ല. ഏതെങ്കിലും ഒരു ദിവസം അതു വായിക്കാൻ കഴിയുമെന്നു ഞാൻ ആശിക്കുന്നു. ഒരു സ്ഥലത്തുണ്ടു, ഒരു പക്ഷെ നിന്നെ അവിടെ കൊണ്ടുപോകാൻ കഴിഞ്ഞെന്നുവരാം."

ഒരു ദിവസം അർദ്ധരാത്രി ഞാൻ ലാവ് റോവിനോടൊപ്പം കുറെ അകലെയുള്ള ആ സ്ഥലത്തേക്കു പോയി, വയലിൽക്കൂടി. വയലിൽ ആരും ഇല്ല. വിജനം. എന്നാലും ലാവ് റോവ് നിർദ്ദേശിച്ച പ്രകാരം ഞാൻ നല്ല പോലെ സൂക്ഷിച്ചു. ഇടക്കു ചൂളം വിളിക്കുക; പാടുക; വിക്കിപ്പറയുക. ഇങ്ങിനെ കുടിച്ച മത്തനായ ഒരു തൊഴിലാളിയായി ഞാൻ അഭിനയിച്ചു. ആകാശത്തിൽ അവിടവിടെ ഇരുണ്ട മേഘങ്ങൾ നീങ്ങിപ്പോകുന്നുണ്ടു. ചന്ദ്രൻ മേഘങ്ങൾക്കിടയിൽ ഒരു സ്വർണ്ണപ്പന്തുപോലെ അങ്ങിനെ ഉരുണ്ടുപോകുന്നു—വയലിൽ നീണ്ട നിഴലുകൾ പതിഞ്ഞുനിൽക്കുന്നു. പിന്നിൽ നഗരത്തിൽനിന്നുമുള്ള ശബ്ദങ്ങൾ വ്യക്തമായി കേൾക്കുന്നുണ്ടു.

മതവിദ്യാലയത്തിന്നപ്പുറമുള്ള ഒരു തോട്ടത്തിന്റെ വേലിക്കടുത്തു എത്തിയപ്പോൾ എന്റെ സ്നേഹിതൻ അല്പം ശങ്കിച്ചു നിന്നു ശ്രദ്ധിച്ചു..... .....ഞാൻ അയാളോടൊപ്പം എത്താൻ തിരക്കിനടന്നു. ഒച്ചയുണ്ടാക്കാതെ—ഞങ്ങൾ വേലി കടന്നുചാടി, പലതരം ചെടികൾ വളർന്നുകാടുപിടിച്ചുനിൽക്കുന്ന തോട്ടത്തിൽക്കൂടി, വൃക്ഷങ്ങളുടെ

താണുനിൽക്കുന്ന കൊമ്പുകളിൽ ഉരസിയുംകൊണ്ടു മുന്നോട്ടു നീങ്ങി. ഞങ്ങളുടെ ദേഹത്തിൽ വലിയ മഞ്ഞുതുള്ളികൾ വീണു. ഞങ്ങൾ ഒരു വീടിന്റെ അടുത്തെത്തി. പതുക്കെ അടഞ്ഞുനിൽക്കുന്ന ജനാലിൽ മുട്ടി. ജനലിന്റെ കതകു തുറക്കപ്പെട്ടു. നീണ്ടു താടി വളർത്തിയ ഒരു മുഖം വെളിയിൽകണ്ടു്. മുറിയിൽ ഇരുട്ടാണു്. നിശ്ശബ്ദം.

"ആരതു?"

"യാക്കോവിന്റെ സ്നേഹിതന്മാർ"

"ഇതിലെ കയറിപ്പോരൂ"

കട്ടിപിടിച്ചുനിൽക്കുന്ന ആ ഇരുട്ടിലും മുറിയിൽ വേറേയും ആളുകൾ ഉണ്ടെന്നു എനിക്കു മനസ്സിലായി. വസ്ത്രത്തിന്റെ അനക്കം കാലൊച്ച ഇതെല്ലാം കേൾക്കാനുണ്ടു്. ആരോ പതുക്കെ ഒന്നു ചുമച്ചു. തുടർന്നു പതിഞ്ഞ സ്വരത്തിൽ ഒരു സംഭാഷണവും. എന്റെ മുഖത്തുതന്നെ ജ്വാല തട്ടുന്നവിധം ഒരാൾ ഒരു തീപ്പെട്ടിക്കോലുരച്ചു. ചുമരിനു ചുറ്റും ഇരുണ്ട രൂപങ്ങൾ പതിഞ്ഞുനിൽക്കുന്നതായി ഞാൻ കണ്ടു.

"എല്ലാവരും എത്തിയോ?"

"ഉവ്വു്"

"ജനലിന്മേൽ ഒരു തുണിയെടുത്തു തൂക്കിയിട്ടു. കതകിന്നിടയിൽ ക്രമേണ വെളിച്ചം പുറത്തേക്കു കാണരുതു്."

മുഴക്കമുള്ള സ്വരത്തിൽ ആരോ ക്രോധത്തോടെ, ചോദിച്ചു.

"ഇങ്ങിനെ വിജനമായ ഈ വീട്ടിൽ എല്ലാവരും ഒത്തുചേരണമെന്ന ആശയം ആരാണു് കണ്ടുപിടിച്ചതു്?"

"അത്ര ഉച്ചത്തിൽ സംസാരിക്കരുതു്."

ഒരു മൂലയിൽ ആരോ ഒരു ചെറിയ വിളക്കു കത്തിച്ചുവെച്ചു. മുറിയിൽ ഉപകരണങ്ങളൊന്നുമില്ല, ഒന്നരണ്ടു പെട്ടികൾക്കു മേലെ വെച്ച പലകമേൽ, അഞ്ചാളുകൾ വരിയായിരിക്കുകയാണു്. മറെറാരു പെട്ടി കമിഴ്ത്തിവെച്ചു അതിന്മേൽ വിളക്കു എടുത്തുവെച്ചിരിക്കയാണു്. ചുമരിന്നടുത്തു തറയിൽ മൂന്നാളുകൾ ഇരിക്കുന്നുണ്ടു്. ജനൽപടിമേൽ നീണ്ട തലമുടിയുള്ള ഒരു യുവാവാണിരിക്കുന്നതു്. മെലിഞ്ഞുവിളറിയ ദേഹം. ഈ ചെറുപ്പക്കാരനും ഒരു താടിക്കാരനും ഒഴികെ മറെറല്ലാവരെയും എനിക്കറിയാം. താടിക്കാരൻ പ്രസ്താവിച്ചു. പ്ലെക്കനോവിന്റെ "ഞങ്ങളുടെ അഭിപ്രായവ്യത്യാസങ്ങൾ" എന്ന ലഘുലേഖ വായിക്കാം.

ചുമരിന്നടുത്തുനിന്നു ആരോ പിറുപിറുത്തു.

"അതെപ്പോം ഞങ്ങൾക്കറിയാം."

പരമരഹസ്യത്തിന്റേതായ ഈ മുറുപാട്ടുകളിൽ എനിക്കു വലിയ ഉത്സാഹം തോന്നി. ഏറെറവും വ്യാജമായ ഒരു കവിത വായിക്കുന്നതിനേക്കാൾ ആകർഷകമായിരുന്നു ആ അനുഭവം. പള്ളിയിൽ പുണ്യകരമായ ഒരു പ്രാർത്ഥനയിൽ പങ്കെടുക്കുന്നതുപോലെയാണെനിക്കു തോന്നിയതു്. ഞാൻ ക്രിസ്തുമതത്തിന്റെ ആദ്യകാലത്തെ ചരിത്രം ഓർത്തുപോയി. വായനക്കാരന്റെ ശബ്ദം മുറിയിൽ തിങ്ങിനിന്നു. അദ്ദേഹത്തിന്റെ ഓരോ വാക്കും വ്യക്തമായങ്ങിനെ ഉരുണ്ടുകടന്നുപോയി.

വീണ്ടും ആരോ പിറുപിറുത്തു.

"വിഡ്ഢിത്തം."

മുറിയുടെ മൂലയിലുള്ള പ്രതിമകളിൽ ചെമ്പുകൊണ്ടുള്ളവ വളരെ തിളങ്ങിക്കണ്ടു. റോമൻ യോദ്ധാക്കളുടെ ഇരിമ്പുതൊപ്പി എനിക്കോർമ്മവന്നു. പിന്നീടാണെനിക്കു മനസ്സിലായതു് — അതു അടുപ്പിൽ തീ തട്ടാൻ ഉപയോഗിക്കുന്ന കുഴലാണെന്നു.

മുറിയിൽ പലരും ഒപ്പം സംസാരിക്കാൻ തുടങ്ങി. വാദപ്രതിവാദമായി. ഒരു പ്രാസംഗികന്റെ ശബ്ദം മറെറാരാളുടേതിൽനിന്നു തിരിച്ചറിയുന്നതു വിഷമമായിത്തീർന്നു. പിന്നെ എന്റെ തലയുടെ നേരെ മുകളിൽ ജനൽപടിമേൽ നിന്നും ഒരാൾ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

"ആ ലഘുലേഖ വായിക്കാൻ ഭാവമുണ്ടോ? ഇല്ലെ?"

ആ മെലിഞ്ഞ ചെറുപ്പക്കാരനായിരുന്നു അതു്. എല്ലാവരുടെയും ശബ്ദം ഒപ്പം നിലച്ചു. വായനക്കാരന്റെ ശബ്ദം മാത്രമെ കേൾക്കാനുണ്ടായിരുന്നുള്ളു. സിഗരറ്റ് അവിടവിടെ എരിഞ്ഞു. ഇടക്കു ഒരു തീപ്പെട്ടിക്കോൽ കത്തിക്കും. അപ്പോൾ അവിടെ കൂടിയിരുന്നവരുടെ മുഖവും കണ്ണുകളും പ്രകാശിച്ചുകാണുകയും ചെയ്യും.

വായന വളരെനേരം തുടർന്നുപോയി. എനിക്കു അതുവരെയും നേരം ശുദ്ധിച്ചിരുന്ന വലിയ ക്ഷീണം തോന്നി. ലളിതമായ വിശ്വാസം ജനിപ്പിക്കുന്ന വാക്കുകൾ എന്നെ ആവേശം കൊള്ളിച്ചെങ്കിലും.

പിന്നെ പെട്ടന്നു അപ്രതീക്ഷിതമായി ആ വായനക്കാരൻ വായന നിർത്തി. ഉടനെ മുറിയിൽ ക്രോധത്തോടുകൂടിയ അഭിപ്രായപ്രകടനങ്ങൾ മുഴങ്ങി.

"വഞ്ചകൻ"

"അത്ഥമില്ലാത്ത ശബ്ദം."

"നമ്മുടെ ധീരോദാത്തന്മാർ ഒഴുക്കിയ രക്തം, പങ്കിലമാക്കുക!

"ശിക്ഷകാലം നടത്തിക്കഴിഞ്ഞ ശേഷം ജനറൽ ഉല്യനോവ്....."

വീണ്ടും ജനൽപടിയിൽനിന്നും ആ ചെറുപ്പക്കാരൻ ചോദിച്ചു.

"മാന്യരെ, ഈ ശാപവാക്കുകാലം മതിയാക്കി നാം വാദപ്രതിവാദം ആരംഭിച്ചാൽ തരക്കേടുണ്ടോ?"

എനിക്കു വാദപ്രതിവാദം ഇഷ്ടമായില്ല. ഒന്നും മനസ്സിലായില്ല. കുത്തിയിളക്കപ്പെട്ട ചിന്താശകലങ്ങളുടെ തള്ളിത്തെറിക്കലിനോടൊപ്പം എത്താൻ എനിക്കു കഴിയുകയില്ല. മാത്രമല്ല വാദപ്രതിവാദത്തിൽ പങ്കെടുക്കുന്നവരുടെ ധാഷ്ട്യം എന്നെ വിറളി പിടിപ്പിക്കുകയും ചെയ്തു.

മുന്നോട്ടു ചാഞ്ഞുംകൊണ്ടു ജനൽപടിമേൽ ഇരിക്കുകയായിരുന്ന ആ യുവാവു് എന്നോടു പറഞ്ഞു.

"നിങ്ങളാം പെഷ്കോവ് ആണു്. അല്ലെ? അപ്പക്കൂട്ടിൽ ജോലി ചെയ്യുകയാണു്? എന്റെ പേർ ഫെഡൊസെയേവ് എന്നാണു്. നമ്മളാം അന്യോന്യം പരിചയിക്കേണ്ടതാണു്. നോക്കൂ, നമുക്കു ഇവിടെനിന്നും ഒന്നും തന്നെ മനസ്സിലാക്കാനില്ല. ഈ കോലാഹലം കുറെ മണിക്കൂറുകാലം നീണ്ടുപോകും. അതുകൊണ്ടു യാതൊരു ഉപയോഗവും ഉണ്ടായിരിക്കുകയും ഇല്ല. നമുക്കു പുറത്തേക്കു പോകാമോ?"

ഞാൻ ഫെഡൊസെയേവിനെക്കുറിച്ചും അയാളാം സംഘടിപ്പിച്ച ഒരുകൂട്ടം ആളുകളെക്കുറിച്ചും അതിനു മുമ്പുത

ന്നെ കേട്ടിട്ടുണ്ടായിരുന്നു. അയാളുടെ അഗാധമായ ശബ്ദവും വിളറിയ മുഖവും എന്നെ വല്ലാതെ ആകർഷിച്ചു.

ഞങ്ങൾ വയലിന്റെ വിലങ്ങനെ മുറിച്ചുനടക്കുമ്പോൾ അയാൾ എന്റെ ജീവിതത്തെക്കുറിച്ചു ചോദിച്ചു — എനിക്കു തൊഴിലാളികളുടെ ഇടയിൽ പരിചയക്കാരുണ്ടോ, ഞാൻ ഏതെല്ലാം പുസ്തകങ്ങൾ വായിച്ചു, എത്ര സമയം എനിക്കു വിട്ടുതൽ കിട്ടും. ഇങ്ങിനെ പല കാര്യങ്ങളും അയാൾ അന്വേഷിച്ചു. മറ്റു പല കാര്യങ്ങളും പറയുന്നതിന്നിടയിൽ അയാൾ പ്രസ്താവിച്ചു.

"ഞാൻ നിങ്ങളുടെ ഈ അപ്പൂക്കുട്ടിനെക്കുറിച്ചും കേട്ടിട്ടുണ്ട്. നിങ്ങൾ സമയം മുഴുവൻ ഇങ്ങനെ തുലച്ചുകളയുന്നതിൽ എനിക്കാശ്ചര്യം തോന്നുകയാണു്. ഇതുകൊണ്ടെന്താണു് കാര്യം."

ആ ജീവിതംകൊണ്ടു യാതൊരു കാര്യവുമില്ലെന്നു എനിക്കും തോന്നാൻ തുടങ്ങിയിരിക്കയായിരുന്നു. ആ പരമാർത്ഥം ഞാൻ അയാളോടു തുറന്നു പറഞ്ഞു. അയാൾക്കു വലിയ സന്തോഷമായി. അന്യോന്യം വിട്ടുപിരിയുമ്പോൾ അയാൾ എന്റെ കൈപിടിച്ചുകുലുക്കി. ഒരു നല്ല സന്തോഷപ്രദമായ പുഞ്ചിരിയോടെ ഒന്നു രണ്ടു ദിവസങ്ങൾക്കിടയിൽ അയാൾ നഗരം വിട്ടുപോകും. ഒരു മൂന്നാഴ്ചക്കാലത്തേക്കു തിരിച്ചെത്തിയാൽ എവിടെ വെച്ചു എപ്പോൾ വീണ്ടും കണ്ടുമുട്ടാമെന്നു എന്നെ അറിയിക്കുന്നതാണെന്നു അയാൾ എന്നോടു വാഗ്ദത്തം ചെയ്തു.

അപ്പൂക്കുടിൽ കാര്യങ്ങൾ കൂടുതൽ അഭിവൃദ്ധിപ്പെട്ടു. എന്നാൽ എനിക്കാണെങ്കിൽ ദിവസങ്ങൾ കഴിയുംതോറും

ജീവിതം വളരെ വിഷമമായിത്തീർന്നു. ഞങ്ങൾ ഒരു പുതിയ സ്ഥലത്തേക്കു മാറി. എന്റെ കർത്തവ്യങ്ങൾ അതിനനുസരിച്ചു വർദ്ധിക്കുകയും ചെയ്തു. അപ്പുക്കുട്ടിലെ പ്രവൃത്തിക്കു പുറമെ വീടുകളിൽ ചെന്നും, അപ്പവും എത്തിക്കേണ്ടതും എന്റെ ചുമതലയായിരുന്നു. വിദ്യാലയത്തിൽ വിദ്യാർത്ഥികൾക്കും നല്ല കുടുംബങ്ങളിൽനിന്നും വരുന്ന പെൺകുട്ടികൾക്കും ഞാൻ തന്നെയാണു റൊട്ടിയും മറ്റും എത്തിച്ചുതു്. എന്റെ കൊട്ടയിൽനിന്നും ചെന്നു എടുത്തുംകൊണ്ടു ഈ ചെറുപ്പക്കാരികൾ കൊട്ടയിൽ എഴുത്തുകൾ വെക്കും. ചിലപ്പോൾ ഈ കുറിപ്പുകളിൽ വൃത്തികെട്ട പല കാര്യങ്ങളും എഴുതിയിരിക്കും. എന്റെ കൊട്ടക്കു ചുറ്റും ഈ ചെറുപ്പക്കാരികൂട്ടികൾ ഇങ്ങിനെ ചുറ്റിക്കൂടുന്നതു കാണുമ്പോൾ എനിക്കതു വളരെ അസാധാരണമായിത്തോന്നും. അവക്കു ഒരു പക്ഷെ അർത്ഥമറിയാത്ത, അത്രയും വൃത്തികെട്ട വാക്കുകൾ എഴുതാവുള്ളതു ഏതു യുവാവായിരിക്കുമെന്നു ഞാൻ ആലോചിക്കും. "ആശ്വാസത്തിന്റെ വീട്ടുകളെ"ക്കുറിച്ചു ഓർമ്മിച്ചു ഞാൻ സ്വയം ചോദിച്ചുപോകും.

"ഇങ്ങിനെയുള്ള ഇവരുടെ മുറികളിൽ നിന്നായിരിക്കുമോ, അളശ്യമായ ആ ചരടു എല്ലാ സ്ഥലത്തും നീണ്ടെത്തുന്നതു്."

ഒരു ദിവസം ഉയർന്ന മാറിടത്തോടുകൂടിയ അല്പം കറുത്ത ഒരു പെൺകുട്ടി എന്നെ ഹാളിൽ തടുത്തുനിത്തി ഇങ്ങിനെ കുശുകുശുത്തു.

"ഈ കുറിപ്പു നീ കൊണ്ടുപോയിക്കൊടുക്കുമെങ്കിൽ ഞാൻ നിനക്കു പത്തു കൊപ്പെക്കു തരും."

അവളുടെ കറുത്ത കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞു. അവൾ മുണ്ടുകൊണ്ടു കടിച്ചു. അവളുടെ മുഖം നല്ലപോലെ ചുകന്നു. ഞാൻ പണം വാങ്ങാൻ കൂട്ടാക്കിയില്ല. എന്നാൽ കത്തു മേൽവിലാസക്കാരനു കൊടുക്കുകയും ചെയ്തു. ക്ഷയം ബാധിച്ചപോലെയുള്ള ഒരു വിദ്യാർത്ഥിയായിരുന്നു അയാൾ; ഒരു വലിയ കോടതിയിലെ, ന്യായാധിപന്റെ മകൻ. അയാൾ എനിക്കു അമ്പതു കൊപെക്കു തരാൻ ഭാവിച്ചു. ചെമ്പു നാണയങ്ങൾ, വഴിക്കു വഴിയായി, എണ്ണിത്തരാൻനോക്കി. എനിക്കു പണം വേണ്ടെന്നു പറഞ്ഞപ്പോൾ, അയാൾ നാണയങ്ങൾ തന്റെ കീശയിൽ തന്നെ ഇട്ടു. എന്നാൽ അയാളുടെ കൈ വല്ലാതെ വിറച്ചു. ചില തുട്ടുകൾ നിലത്തുവീഴുകയും ചെയ്തു.

നാണയങ്ങൾ തറയിൽ ഉരുണ്ടു പോകുന്നതു അയാൾ സൂക്ഷിച്ചുനോക്കി. അയാൾ രണ്ടു കൈകൊണ്ടു പിടിച്ചു, തിരുമ്മി. ദീർഘമായ ഒരു നെടുവീർപ്പോടെ അയാൾ പ്രസ്താവിച്ചു.

"എന്താണിപ്പോൾ ചെയ്യുക.....ശരി നമസ്കാരം, എനിക്കു ചിലതു ആലോചിച്ചുറക്കാനുണ്ടു."

അയാളുടെ ആലോചനകൾ എവിടെ എത്തി എന്നെനിക്കറിയുകയില്ല. എന്നാൽ ആ യുവതിയുടെ പേരിൽ എനിക്കു വലിയ അനുകമ്പ തോന്നി—വളരെക്കഴിയാതെ അവൾ തീരെ അപ്രത്യക്ഷയായി. ഒരു പതിനഞ്ചു കൊല്ലങ്ങൾക്കു ശേഷം ഞാൻ അവളെ വീണ്ടുംകണ്ടപ്പോൾ അവൾ ക്രിമിയയിൽ ഒരു അദ്ധ്യാപികയായി ജോലി ചെയ്യുകയായിരുന്നു. ജീവിതത്തിൽ നിരാശ തോന്നിയ ഒരാളുടെ തീരാത്ത പകയോടെ അവൾ ഈ ലോകത്തിൽ സകലതി

നെക്കുറിച്ചും പലതും പറഞ്ഞു. അവൾ ക്ഷയം ബാധിച്ചു ബുദ്ധിമുട്ടുകയായിരുന്നു.

അപ്പം വിതരണംചെയ്തു കഴിഞ്ഞാൽ ഞാൻ കുറഞ്ഞൊന്നുറങ്ങും. വീണ്ടും വൈകുന്നേരം അപ്പക്കൂടിൽ ജോലി ചെയ്യും. അർദ്ധരാത്രി ഷാപ്പിൽ വിൽക്കാനുള്ള മധുരപലഹാരങ്ങളും അപ്പോഴാണുണ്ടാക്കുക. ഞങ്ങളുടെ പുതിയ സ്ഥലം നഗരത്തിലെ നാടകശാലക്കടുത്തായിരുന്നു. നാടകം കഴിഞ്ഞാൽ, ആളുകൾ ബന്നു തിന്നാൻ വരും. ആ ജോലിയും കഴിഞ്ഞാൽ രാവിലെ റൊട്ടി ഉണ്ടാക്കുവാനുള്ള മാവു ഞാൻ ശരിപ്പെടുത്തും. പത്തു പതിനഞ്ചു പൗണ്ട് മാവ് അടിച്ചു തയ്യാറാക്കുന്നതു് എളുപ്പമായ ഒരു കാര്യമൊന്നുമല്ല.

രണ്ടു മൂന്നു മണിക്കൂറുകൾ ഞാൻ വീണ്ടും ഉറങ്ങും. പിന്നെ അപ്പം വിൽക്കാൻ പുറപ്പെടും.

ഓരോ ദിവസവും അങ്ങിനെ കടന്നുപോകും.

ഈ കാലമത്രയും തന്നെ "ശരിയായ, ബുദ്ധിപൂർവ്വവും അനശ്വരവും ആയ തത്വങ്ങളുടെ" വിത്തു വിതക്കേണ്ടതായ ആഗ്രഹം എന്നെ ആവേശം കൊള്ളിച്ചു. ഞാൻ പ്രകൃത്യാ ആരും ഇഷ്ടപ്പെടുന്ന മട്ടാണു്. ഭംഗിയിൽ കഥകൾ പറയും. എന്റെ ഭാവനാശക്തി, സ്വന്തം ജീവിതാനുഭവങ്ങളിൽ നിന്നും പുസ്തകങ്ങളിൽനിന്നും ലഭിയ്ക്കുന്ന പരിജ്ഞാനത്തിൽ ക്രമേണയും വളർന്നുവരികയായിരുന്നു. ഏറ്റവും തുച്ഛമായ സാധാരണകാര്യങ്ങളിൽനിന്നു തന്നെ ഞാൻ വളരെ രസകരമായ ഒരു കഥ കെട്ടിയുണ്ടാക്കും. ക്രെസ്റ്റോവ്നിക്കോവ് തൊഴിൽശാലയിലേയും അലാഫുസോ

വ് മില്ലിലേയും തൊഴിലാളികളുമായി ഞാൻ വളരെ പ
രിചയത്തിലായി. പ്രത്യേകിച്ചു ഒരു വൃദ്ധ നെയ്ത്തുകാരനാ
യ നികിതാ ഫെഡ്സ്സോവിനെ എനിക്കു വളരെ ഇഷ്ടമാ
യി. അദ്ദേഹം റഷ്യയിലെ പല നെയ്ത്തു മില്ലുകളിലും
ജോലി ചെയ്തിട്ടുള്ള ആളാണു്.

"അമ്പതും എഴുപതും കൊല്ലങ്ങളായി, ഞാൻ, എന്റെ
പ്രിയപ്പെട്ട അലക്സേയി മേക്സ്സാവിക്ക്, എന്റെ പ്രിയപ്പെട്ട
പുത്രൻ ഓടമെ, ഈ ഭൂമിയിൽ നടക്കാൻ തുടങ്ങിയിട്ട്."
അയാൾ തന്റെ കണ്ണുകളിൽ ഒരു പുഞ്ചിരിയോടെ—ആ
കണ്ണുകൾ എപ്പോഴും ചുകന്നിരിക്കും—പറയും. അദ്ദേഹ
ത്തിനു കണ്ണടയുണ്ടു്, ആ കണ്ണടയുടെ ചില്ലുകൾ ചെമ്പുക
മ്പി കൊണ്ടു ചുറ്റിമുറുക്കി, മൂക്കിൽ നിത്തിയിരിക്കും. മൂ
ക്കിന്റെ തിട്ടയിലും ചെവിയുടെ പിന്നിലും, കമ്പിത്തട്ടി പാ
ടുകൾ പതിഞ്ഞിട്ടുണ്ടു്. മറ്റു നെയ്ത്തുകാർ അയാളെ
"ജർമ്മൻകാരൻ" എന്നാണു് വിളിക്കുക. കാരണം അ
യാൾ താടി ശരിക്കു ക്ഷൌരം ചെയ്തു ചുണ്ടിനു താഴെ മാ
ത്രം അല്പം രോമം വെച്ചിരിക്കും. നല്ല വടിപോലെ നിൽ
ക്കുന്ന മീശയും ഉണ്ടു്. നല്ല വീതിയുള്ള മാറിടമുള്ള അധി
കം ഉയരം ഇല്ലാത്ത ഒരു മനുഷ്യനാണയാൾ. നല്ല സ്വഭാ
വമാണു്.

"എനിക്കു സക്സ്സ് വലിയ ഇഷ്ടമാണു്." തന്റെ
മൊട്ടത്തല ചുമലിൽ തൊടുവിക്കാനെന്നപോലെ ഒരു ഭാഗ
ത്തു ചായ്ച്ചുംകൊണ്ടയാൾ പറയും. "അവർ കുതിരകൾ
ക്കു എന്തെല്ലാം പരിശീലനങ്ങൾ കൊടുത്തിരിക്കുന്നു? ഏ
തായാലും മൃഗങ്ങളല്ലെ. അതു നല്ല രസമാണു്. മൃഗങ്ങളാ
ണു്—എന്നാലും എനിക്കവയെ വലിയ ബഹുമാനമാണു്!

ഞാൻ തന്നെത്താൻ വിചാരിക്കും: അപ്പോൾ മനുഷ്യരെയും ബുദ്ധിശക്തി ഉപയോഗിക്കേണ്ടതെങ്ങിനെയാണെന്നു പഠിപ്പിക്കാൻ കഴിയും. ഈ മൃഗങ്ങളെയില്ലെ—സക്സ്സുകാർ പഞ്ചസാര കൊടുത്തിട്ടാണു് വശപ്പെടുത്തുക. നമുക്കു പഞ്ചസാര എത്ര വേണമെങ്കിലും പീടികയിൽനിന്നു വാങ്ങാമല്ലൊ. നമുക്കു വേണ്ടതു മറ്റൊരു തരം പഞ്ചസാരയാണു്—ആത്മാവിന്നാവശ്യമായ പഞ്ചസാര. ആ പഞ്ചസാരയുടെ പേർ—ദയ എന്നാണു്. അതുകൊണ്ടാണു് യുവാവെ ഞാൻ പറയുന്നതു് ഏതു സംഗതിയും കൈകാര്യം ചെയ്യേണ്ടതു് ദയയോടുകൂടിയാണു്. നമ്മുടെ ഈ ലോകത്തിൽ സാധാരണ നടക്കാറുള്ളതുപോലെ ഭേദ്യം ചെയ്തിട്ടല്ല. ഞാൻ പറയുന്നതു ശരിയല്ലെ?"

അയാളുടെ കാര്യം പറയുകയാണെങ്കിൽ, അയാൾ ദയയോടുകൂടിയല്ല എന്തും ചെയ്യുക. അയാൾ മറ്റുള്ളവരോടു വളരെ പുച്ഛരസത്തോടുകൂടിയാണു് സംസാരിക്കുക. വാഗ്പ്രതിവാദത്തിൽ ഏർപ്പെടുമ്പോൾ, അയാൾ വെട്ടിത്തുറന്നു എതിരാളിയെ അപമാനിക്കുന്ന തരത്തിലുള്ള വാക്കുകളാണു് പ്രയോഗിക്കുക. ഞാൻ അയാളെ ആദ്യം കണ്ടുമുട്ടിയതു ഒരു ചായക്കടയിലാണു്. അയാളുടെ വാക്കുകൾ കേട്ടു വിറളിപിടിച്ച ആളുകൾ അയാളെ ആക്രമിക്കുവാൻ ഭാവിച്ചു—ഒന്നു രണ്ടടി വീണുകഴിഞ്ഞു. ഞാൻ ബഹളത്തിൽ ഇടപെട്ടു, അയാളെ പുറത്തേക്കു വലിച്ചുകൊണ്ടുപോയി.

"നിങ്ങൾക്കു അവരുടെ ഇടികൊണ്ടു വല്ലാതെ വേദനയായോ?" ചാറിക്കൊണ്ടിരിക്കുന്ന മഴയത്തു, ഇരുട്ടിൽ നടന്നുകൊണ്ടിരിക്കെ, ഞാൻ ചോദിച്ചു.

"എനിക്ക വേദനയാകുകയോ? അവക്ക വേദനയാക്ക വാൻ കഴിയുകയില്ല." അയാൾ അലക്ഷ്യഭാവത്തിൽ പറഞ്ഞു.

അങ്ങിനെയാണ് ഞങ്ങളുടെ പരിചയം ആരംഭിച്ചതു്. ആദ്യം അയാൾ വളരെ സാമർത്ഥ്യത്തോടെ, ഫലിതത്തോടെ, എന്നെ പരിഹസിച്ചു. "അല്പശ്യമായ ചരടു്" നമ്മുടെ ജീവിതത്തിൽ, വഹിക്കുന്നപങ്കിനെക്കുറിച്ചു ഞാൻ വിവരിച്ചപ്പോൾ അയാൾ ചിന്താകുലനായി ഇങ്ങിനെ പ്രസ്താവിച്ചു.

"നീയൊരു വിഡ്ഢിയല്ലാ, വിഡ്ഢിയല്ലാ. നി പറയുന്ന ആ സമ്പ്രദായം!"

ഒരു പിതാവിന്റെ വാത്സല്യത്തോടെയായി പിന്നെ അയാളുടെ പെരുമാറ്റം. അയാൾ എന്നെ എന്റെ മുഴുവൻപേരും വിളിക്കുവാൻ തുടങ്ങി.

"നിന്റെ അഭിപ്രായങ്ങൾ—നല്ല അഭിപ്രായങ്ങളാണ്. എന്റെ പ്രിയപ്പെട്ട അലക്സയിമേക്സിമിക്ക്, നല്ല അഭിപ്രായങ്ങളാണ്. പക്ഷെ ആരും ആ അഭിപ്രായങ്ങൾ വിശ്വസിക്കുവാൻ പോകുന്നില്ല. അതുകൊണ്ടു കാര്യമില്ല."

"ഞാൻ പറയുന്നതു നിങ്ങൾ വിശ്വസിക്കുന്നുണ്ടു—ഇല്ലെ?"

"ഞാനോ—ഞാനൊരു തെണ്ടിപ്പട്ടിയാണ്. മുറിയൻ വാലുള്ള പട്ടി. അധികം രോമമുള്ള വാൽ. ഭാര്യ, കുട്ടികൾ, വീടു്, സാമഗ്രികൾ എല്ലാം ഉണ്ടു്. ഓരോ നായക്കും അവന്റെ വാസസ്ഥലം പ്രിയതരമാണ്. നീ പറയുന്നതൊ

ന്നും അവർ വിശ്വസിക്കുകയില്ല. ഞങ്ങൾക്കു പണ്ടൊരു കച്ചവടമുണ്ടായിരുന്നു. മൊറോസോവ് മില്ലിനടുത്തു. മുമ്പിൽ തുള്ളിക്കയറുന്നവൾക്കു തലക്കു നല്ല ഇടി കിട്ടും. ശരി — നിന്റെ തല അങ്ങിനെയല്ല. വേഗം നീ വേഗം മറക്കുകയില്ല.”

ക്രെസ്റ്റോവ്നിക്കോവ് ഫേക്ടറിയിൽ ഒരു ഫിറ്ററായിരുന്ന യാക്കോവ് ഷ്പ്ലോഷ്നിക്കോവുമായി പരിചയിച്ചതിനു ശേഷം അയാളുടെ സംഭാഷണത്തിന്റെ സമ്പ്രദായം മാറി. ഒരു ക്ഷയരോഗിയും വീണവായനക്കാരനും, ബൈബിളിൽ നല്ല വ്യൽപ്പത്തിയുള്ളവനും ആയ യാക്കോവ് ദൈവത്തെ തള്ളിപ്പറയുന്നതു കേട്ടപ്പോൾ, ഗുബ്ട്സോവിനു വലിയ മതിപ്പു തോന്നിയിരിക്കണം. രക്തം പുരണ്ട കഫക്കട്ടകൾ തുപ്പിയുംകൊണ്ടു യാക്കോവ് ആവേശത്തോടെ, ഉത്സാഹത്തോടെ വാദിക്കും.

“ഒന്നാമതു്, എന്നെ ദൈവത്തിന്റെ രൂപത്തിലും മാതൃകയിലുമല്ല സൃഷ്ടിച്ചിട്ടുള്ളതു്. തീച്ചൂയായും അല്ല. ജ്ഞാനമോ? എനിക്കതൊന്നും അറിയുകയില്ല. ശക്തിയോ? എനിക്കൊന്നും ചെയ്യാൻ കഴിയുകയില്ല. സൽസ്വഭാവം! ഞാൻ നല്ലവനൊന്നുമല്ല. അല്പേ അല്ല. രണ്ടാമതു, ഒന്നുകിൽ ദൈവത്തിനു ഞാൻ എത്ര കഷ്ടപ്പെട്ടാണു് ജീവിക്കുന്നതെന്നറിയുകയില്ല. അല്ലെങ്കിൽ അയാൾ അറിയും. പക്ഷെ എന്നെ സഹായിക്കുവാൻ ഒന്നും ചെയ്യുന്നതിനു അയാൾ ശക്തനല്ല. അല്ലെങ്കിൽ സഹായം ചെയ്യാൻ കഴിയുമെങ്കിലും ഒന്നും ചെയ്യാൻ അയാൾ ഉദ്ദേശിക്കുന്നില്ല. മൂന്നാമതു, ദൈവം സർവ്വജ്ഞനല്ല. സർവ്വശക്തനല്ല; ദയാ

ലുവല്ല. ദൈവം ഇല്ല. അതാണ് പരമാത്ഥം. ഇതെല്ലാം വെറും കെട്ടുകഥയാണ്. പക്ഷെ എന്നെ കബളിപ്പിക്കുവാൻ ഇവ'രെക്കൊണ്ടൊന്നും സാദ്ധ്യമല്ല."

ആദ്യം അമ്പരപ്പുകൊണ്ടു റബ്ബ്സോവിന്നു മൂപടിയൊന്നും പറയാൻ കഴിഞ്ഞില്ല. പിന്നെ ക്രോധം പൂണ്ടു വിളറിയ മുഖത്തോടെ, അയാൾ ശാപവാക്കുകൾ പറയാൻ തുടങ്ങി. എന്നാൽ യാക്കോവ്, ബൈബിളിൽനിന്നും, കുറെ വാചകങ്ങൾ ഉദ്ധരിച്ചു. ഇതു കേട്ടപ്പോൾ റബ്ബ്സോവിന്നു പിന്നെ ഒന്നും പറയാൻ തോന്നിയില്ല. അയാൾ ചിന്താഗ്രസ്ഥതയോടെ തലതാഴ്ത്തി.

ഈ വാദപ്രതിവാദത്തിന്റെ സന്ദർഭങ്ങളിൽ, ഷപ്പോഷ്നിക്കോവ്, വല്ലാത്ത ഒരു ഭയങ്കര ഭാവം കൈക്കൊള്ളും. അയാളുടെ ആകൃതി അല്പം ഇരുണ്ടിട്ടാണ്. ഇരുണ്ട തലമുടി ഒരു ജിപ്സിയുടെതുപോലെ ചുരുളനാണ്. ചെന്നായയുടേതുപോലുള്ള അയാളുടെ പല്ലുകൾ ആ നീലച്ചുണ്ടുകൾക്കു പിന്നിൽ തിളങ്ങിനിൽക്കും. അയാളുടെ കറുത്ത കണ്ണുകൾ എതിരാളിയുടെ, കണ്ണുകളിൽ അസഹനീയമായവണ്ണം തുളഞ്ഞുകയറും. ആ നോട്ടം കണ്ടാൽ എനിക്കു ആ ഭ്രാന്തനെ ഓർമ്മവരും.

യാക്കോവിന്റെ പാഠ്പുടത്തിൽനിന്നും തിരിച്ചുവന്നശേഷം റബ്ബ്സോവ് കുണ്ഠിതത്തോടെ എന്നോടു പറഞ്ഞു.

"ആരും ദൈവത്തിന്നെതിരായി ഇതിന്നു മുമ്പു എന്നോടു സംസാരിച്ചില്ല. അങ്ങിനെയുള്ള സംഭാഷണം, ഞാൻ ഇതുവരെ കേട്ടിട്ടില്ല. ഞാൻ പലതും കേട്ടിട്ടുണ്ട്. എന്നാൽ ഇങ്ങിനെ ഒന്നും ഇതുവരെ കേട്ടിട്ടില്ല. അവൻ

വളരെയൊന്നും, ഇനി ജീവിച്ചിരിക്കയില്ല. അതു വലിയ ഒരു പോരായ്മയായിപ്പോയി. അവൻ ചൂടുപിടിച്ചു വെള്ളത്തുകഴിഞ്ഞിരിക്കുന്നു. എന്നാലും എനിക്കു വളരെ രസം തോന്നി. സഹോദരാ—ഉച്ചു് അതു വളരെ രസകരമായിരുന്നു. അയാൾക്ക് വളരെ വേഗത്തിൽ യാക്കോവിനെ, ഇഷ്ടമായി. ആ ക്ഷയരോഗിയുടെ വാക്കുകൾ അയാളുടെ ഉള്ളിൽ ഒരു വല്ലാത്ത ആവേശം തട്ടിയുണർത്തി. അയാൾ ക്രൂടക്രൂടെ ചുകന്ന കണ്ണുകൾ തുവർത്താൻ കൈപൊക്കി.

"അ.....ങ്ങ്ടി.....നെയോ" അയാൾ ചിരിച്ചു പറയും. "ദൈവത്തിന്റെ കഥ കഴിഞ്ഞു സാറിന്റെ കാര്യം പറയുകയാണെങ്കിൽ, ചങ്ങാതി, എനിക്കു ചില അഭിപ്രായങ്ങളെല്ലാമുണ്ടു്. സാറിനെക്കുറിച്ചെനിക്കാക്ഷേപമില്ല. സാറല്ല കഴപ്പുക്കാരൻ—മുതലാളികളാണു്. ഏതു സാറിന്റെ കീഴിലും, കഴിഞ്ഞുകൂടാൻ എനിക്കു സാധിക്കും—മൈവൻ ഗ്രോസ്നി വിശേഷിച്ചും. സാർ ചക്രവർത്തി, അങ്ങു സിംഹാസനത്തിലിരുന്നു ഭരിച്ചോളൂ. അതങ്ങേക്കു വലിയ ഇഷ്ടമാണെങ്കിൽ. ഒരുകാര്യം മാത്രം. എന്റെ മുതലാളിയെ സൌകര്യംപോലെ നേരിടാൻ എന്നെ അനുവദിച്ചേക്കണം. അതാണു് കാര്യം. ഈ നിലപാടു് അങ്ങു സ്വീകരിക്കുകയാണെങ്കിൽ ഞാൻ തിരുമേനിയെ, പൊന്നിൻ ചങ്ങലകൾകൊണ്ടു സിംഹാസനത്തോടു കെട്ടിയിടും.

"വിശ്വാകന്ന രാജാവു്" എന്ന ലഘുലേഖ വായിച്ചതിനു ശേഷം അയാൾ പ്രസ്താവിച്ചു.

"അതൊക്കെ പരമാർത്ഥമാണു്. തീച്ചു്."

ഒരു കല്ലച്ചു് ലഘുലേഖ കണ്ടപ്പോൾ അയാൾ ചോദിച്ചു.

"അതാരാണ് എഴുതിയത്. അതു വളരെ വ്യക്തമാണ്. പരമാത്മാവുമാണ്. അതെഴുതിയ ആളോട് എന്റെ നന്ദി പറയണം."

റബ്ബി സോവിന്റെ ജ്ഞാനോദ്ധ കലശലാണ്. ഷപ്പോഷ് നിക്കോവിന്റെ നിരീശ്വരവാദത്തെ അദ്ദേഹം അങ്ങേ,അറ്റത്തെ ശ്രദ്ധയോടെ കേട്ടുനിൽക്കും. ഞാൻ പുസ്തകങ്ങളെക്കുറിച്ചു പറയുമ്പോൾ അയാൾ എത്ര മണിക്കൂർവേണമെങ്കിലും, ശ്രദ്ധിച്ചുകേൾക്കും. വലിയ സന്തോഷത്തോടെ, തല പിറകോട്ടു മറച്ചു ഉള്ളുതുറന്നു ചിരിച്ചും കൊണ്ടയാൾ പ്രഖ്യാപിക്കും.

"വളരെ ചാതുര്യമുള്ള ഒരു സാധനം! മനുഷ്യന്റെ മനസ്സ്. അതു വളരെ കഴിവുള്ള ഒരു സാധനം തന്നെയാണ്."

എപ്പോഴും ചെങ്കണ്ണായതുകൊണ്ട് അയാൾക്ക് വായിക്കാൻ ഒക്കുകയില്ല. എന്നാൽ അദ്ദേഹത്തിന്നു പല വിഷയങ്ങളിലും, നല്ല അറിവുണ്ട്. ചിലപ്പോൾ അദ്ദേഹം പറയുന്ന ചില കാര്യങ്ങൾ എന്നെ ആശ്ചര്യപ്പെടുത്താറുണ്ട്.

"ജർമ്മനിയിൽ ആശാരികളുടെ ഇടയിൽ വളരെ ബുദ്ധിമാനായ, ഒരാളുണ്ട്. രാജാവു തന്നെയും, അയാളുടെ അഭിപ്രായങ്ങൾ ആരായാറുണ്ടത്രെ."

ചില ചോദ്യങ്ങൾ ചോദിച്ചതിന്നു ശേഷം എനിക്കു മനസ്സിലായി അദ്ദേഹം ബൈബലിനെയാണ് ഉദ്ദേശിക്കുന്നതെന്നു.

"നിങ്ങൾ അദ്ദേഹത്തെക്കുറിച്ചു എങ്ങിനെയാണറിയാൻ ഇടയായതു്?"

"എനിക്കറിയാം." അയാൾ ഒരു നാട്യത്തോടെ, ശിരസ്സിൽ തലോടിയും കൊണ്ടു മറുപടി പറഞ്ഞു.

ഷപ്പോഷ്നിക്കോവിന്നു, ജീവിതത്തിന്റെ ബഹളത്തിലും, തുലാമാലകളിലും വലിയ താല്പര്യമൊന്നും ഉണ്ടായിരുന്നില്ല. അയാൾ ദൈവത്തെ ഇല്ലായ്മ ചെയ്യുന്നതിലും, പൌരോഹിത്യത്തെ എതിർക്കുന്നതിലും മാത്രം തല്പരനായിരുന്നു. എപ്പോഴിനേക്കാളും അയാൾ അച്ഛന്മാരെയാണു് വെറുത്തതു്.

ഒരു ദിവസം കുബ്ട്സോവ്, വളരെ താല്പര്യത്തോടെ ചോദിച്ചു.

"യാക്കോവ് നീ എന്തിനാണു് മറ്റൊന്നും ചെയ്യാൻ കൂട്ടാക്കാതെ ഇങ്ങിനെ ദൈവത്തെ അധിക്ഷേപിച്ചുനടക്കുന്നതു്?"

ഇതു കേട്ടപ്പോൾ യാക്കോവ് പൊട്ടിക്കരഞ്ഞു.

"ശരി ഇതിൽ എനിക്കെന്താണൊരു തടസ്ഥം? ഏകദേശം ഇരുപതു കൊല്ലത്തോളം ഞാൻ ദൈവത്തിൽ വിശ്വസിച്ചു. അദ്ദേഹത്തെ ഭയന്നുംകൊണ്ടു ജീവിച്ചു. കഷ്ടപ്പെട്ടു—ഒന്നും ചോദ്യം ചെയ്യപ്പെടാൻ പാടില്ലല്ലോ. എല്ലാം സ്വർഗ്ഗത്തിന്റെ നിർദ്ദേശങ്ങളാണല്ലൊ. ഞാൻ, ആരോ എന്നെ ചങ്ങലക്കിട്ടതുപോലെയാണു് ജീവിച്ചതു്. ഞാൻ ബൈബിൾ സൂക്ഷിച്ചുവായിച്ചു. അതു വെറും കെട്ടുകഥകളാണെന്നു എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു—വെറും കെട്ടുകഥ. .....നികിതാ....."

"അദൃശ്യമായ ചരട്" വെട്ടിമുറിക്കാനെന്നപോലെ, കൈ വീശിയുംകൊണ്ട്, അയാൾ കണ്ണുനീർ ഒഴുക്കി ആവലാതിപ്പെട്ടു. "ഞാൻ പ്രായമെത്താതെ മരിക്കാൻപോകയാണു്. ഈ കഷ്ടപ്പാടുകൾ കാരണമായിട്ടു—"

എനിക്കു മറ്റു പരിചയക്കാരുണ്ടായി. എല്ലാം നല്ല രസികന്മാരാണു്. സെമ്യനോവിന്റെ അപ്പക്കൂട്ടിൽ എന്റെ പഴയ ചങ്ങാതികളെക്കാണാൻ ഞാൻ ഇടക്കുപോകും. അവക്കെല്ലാം എന്നെക്കാണുന്നതു വലിയ കാര്യമാണു്. ഞാൻ പറയുന്നതു കേൾക്കാനും. ക്രുഖ്ട്സോവ് താമസിച്ചിരുന്ന സ്ഥലത്തുനിന്നു യാക്കോവിന്റെ പാപ്പിടത്തിലേക്കെത്താൻ അഞ്ചുനാഴിക നടക്കണം. അതുകൊണ്ടു ഞാൻ വളരെ, വിരളമായെ അവരെ കാണാറുള്ളൂ. അവർ എന്നെ വന്നുകാണുക എന്നു പ്രശ്നം തന്നെയില്ല. അവരെ സ്വീകരിച്ചിരുത്താൻ എനിക്കു സ്വന്തമായൊരു സ്ഥലമുണ്ടോ? മാത്രമല്ല അപ്പക്കൂട്ടിൽ പുതുതായി ജോലിക്കു ചേർന്നാശാം—പട്ടാളത്തിൽ നിന്നും പിരിഞ്ഞുവന്ന ഒരാശാം—ഒരു പോലീസ്സുകാരന്റെ ചങ്ങാതിയാണു്. ഞങ്ങളുടെ പുതിയ സ്ഥലം പോലീസ്സാപ്പീസിന്റെ പിൻവശത്താണു്. പോലീസുകാർ അവരുടെ ഉദ്യോഗസ്ഥനു റൊട്ടി വാങ്ങാനും, അവക്കാവശ്യമായ ബന്നും മറ്റും വാങ്ങാനും, ഇടക്കിടെ മതിൽ ചാടിക്കടന്നു ഷോപ്പിൽ വന്നുകയറും. ഞാൻ കഴിയുന്നതും, ആളുകളുടെ ദൃഷ്ടിയിൽപ്പെടാതെ, സൂക്ഷിക്കേണ്ടതാണെന്നു പ്രത്യേകം നിർദ്ദേശവും ഉണ്ടായിരുന്നു.

എന്റെ അത്യദ്ധ്വാനം കൊണ്ടും കാര്യമില്ലെന്നു എനിക്കു ബോദ്ധ്യമായിത്തുടങ്ങി. പ്രായോഗികമായ യാതൊരു പരിഗണനകളും കൂടാതെ, ആളുകൾ പണപ്പെട്ടിയിൽ

നിന്നും യാതൊരു കണക്കുമില്ലാതെ, പണം എടുത്തുകൊണ്ടു പോകും. ഒടുവിൽ മാവുവാങ്ങാൻ കാശില്ലാതെ വിഷമിക്കും. ഡെറെങ്കോവ്, തന്റെ താടിപിടിച്ചു വലിച്ചുപറയും.

"നമ്മൾ പൊളിഞ്ഞുപോകും തീച്ച്."

അദ്ദേഹത്തിന്റെ ജീവിതം വിഷമമായി തോന്നിത്തുടങ്ങി. വായാടിയായ നാസ്ത്യ—ഗർഭിണിയായിരുന്നു. അയാളെ തൊട്ടതിനൊക്കെ അവൾ ശകാരിക്കാൻ തുടങ്ങി. അവളുടെ പച്ചക്കണ്ണുകൾ, ലോകത്തെ മുഴുവൻ, അവളെ പിശുക്കനായിത്തോന്നി.

അവൾ കാണാത്തതുപോലെ നേരെ നടന്നു അയാളുടെ പിരടിയിൽ തട്ടും. അയാൾ കുറക്കാരനെപ്പോലെ പച്ചച്ചിരിയുമായി വഴിമാറിക്കൊടുക്കും. അവൾ കടന്നുപോയാൽ അവളെനോക്കി അയാൾ നെടുവീർപ്പിടുകയും ചെയ്യും.

ചിലപ്പോൾ അയാൾ എന്നോട് ആവലാതിപ്പെട്ടും.

"ഇതെല്ലാം തന്നെയുണ്ടല്ലോ—വെറും ബാലിശമായ കാര്യങ്ങളാണ്. ഓരോ ആളും അവനവന്നു കിട്ടുന്നതെല്ലാം തട്ടിയെടുക്കുകയാണ്. ഇതിന്റെയെല്ലാം അർത്ഥം എന്താണ്? ഞാൻ കുറെ—അഞ്ചാറു—കാലുറകൾ വാങ്ങി. അവനതന്നെ എല്ലാം കാണാതാകയും ചെയ്തു.

അതു വളരെ തമാശയായി. ആ കാലുറകളുടെ കാര്യം. ഞാൻ ചിരിച്ചില്ല. ഈ സാധുമനുഷ്യൻ തന്റെ കച്ചവടം തുടർന്നുപോകാൻ എത്ര വിഷമിക്കുന്നുണ്ടെന്നു എനിക്കു മനസ്സിലായി. അദ്ദേഹത്തിന്റെ സഹായം സ്വീകരിക്കുന്നവരെല്ലാംതന്നെ, എത്ര ഉദാസീനമായിട്ടാണ് അദ്ദേഹത്തിന്റെ പരിശ്രമങ്ങളെ വീക്ഷിക്കുന്നതെന്നും, ഞാൻ മനസ്സി

ലാക്കി. തീരെ ആലോചനയില്ലാതെ, അവർ കച്ചവടം നശിപ്പിക്കുകയായിരുന്നു. താൻ സഹായം ചെയ്തുകൊടുത്ത ആരിൽനിന്നും, ഡെറെക്കോവ് യാതൊരു ഉപകാരസ്മരണയും പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ അവരിൽ നിന്നെല്ലാം കൂടുതൽ ശ്രദ്ധയും വകതിരിവും, അദ്ദേഹത്തിന്റെ പരിശ്രമങ്ങളിൽ പതിയേണ്ടതായിരുന്നു. അദ്ദേഹത്തിന്റെ കുടുംബം തകരുകയാണ്. അച്ഛൻ മതപരമായ മനഃക്ലേശങ്ങളിൽപ്പെട്ട സകലതിൽനിന്നും പിൻവാങ്ങിക്കഴിയുകയാണ്. അനുജൻ കള്ളുകുടിയും സ്ത്രീസേവയുമായി സമയം പോക്കുന്നു. സഹോദരിയാണെങ്കിൽ അവിടെ ഒരപരിചിതയെപ്പോലെ പെരുമാറും. അവർക്കു ആ വിദ്യാർത്ഥിയുമായി അസുഖകരമായ ചില അനുരാഗബന്ധങ്ങളുണ്ടെന്നുള്ളതു്. പലപ്പോഴും അവളുടെ കണ്ണുകൾ കരഞ്ഞുവീർത്തനിലയിൽ ഞാൻ കണ്ടിട്ടുണ്ട്. ആ വിദ്യാർത്ഥിയോടു് എനിക്കു വല്ലാത്ത വെറുപ്പു തോന്നി.

എനിക്കു മെറിയാ ഡെറെക്കോവയോടു് അനുരാഗമുണ്ടെന്നു ഞാൻ സംശയിച്ചു. നഡ്യേഴ്ഡാ ഷെർബെറോവ എന്ന ഞങ്ങളുടെ അപ്പുക്കുട്ടിലെ വേലക്കാരിയേയും എനിക്കു പഥ്യമായിരുന്നു. നല്ല ചുകന്ന കണ്ണുകളും, എപ്പോഴും ഒരു പുഞ്ചിരി തങ്ങി നിൽക്കുന്ന ചുണ്ടുകളും, ആയിരുന്നു അവർക്കു. ക്രമേണ എന്തോ ഒരാകർഷമായ ചുറുപാടുകളിൽ ഞാൻ കഴിഞ്ഞുകൂടുകയാണെന്നെനിക്കനുഭവപ്പെട്ടു. എന്റെ പ്രായം, എന്റെ സ്വഭാവം, കഴിഞ്ഞുമറിഞ്ഞ എന്റെ ജീവിതം, ഇവയെല്ലാം തന്നെ ഒരു സ്ത്രീയുടെ സാഹചര്യം എനിക്കൊഴിക്കാൻ പാടില്ലാതെയാക്കി. സ്ത്രീഹൃദയത്തിന്റെ വാത്സല്യത്തിനുവേണ്ടി ഞാൻ കൊ

തിച്ചു, ഒന്നുമില്ലെങ്കിൽ സൌഹാർട്ടപൂർവ്വമായ, ഒരു താല്പര്യമെങ്കിലും, എനിക്കാവശ്യമാണ്. എന്റെ കാര്യങ്ങൾ തുറന്നുപറയാൻ പറ്റുന്ന ഒരു സുഹൃത്തു് എനിക്കു വേണം. എന്റെ മനസ്സിൽ തിങ്ങിനിൽക്കുകയായിരുന്ന, ചിട്ടയും, ബന്ധവുമില്ലാത്ത, എന്റെ ചിന്തകൾക്ക് ഒരു രൂപം കൊടുക്കാൻ, ഒരു സ്ത്രീ ഹൃദയത്തിന്റെ സഹായം അത്യാവശ്യമായിത്തീർന്നു.

എനിക്കടുത്ത സ്നേഹിതന്മാർ ആരും ഇല്ല. നന്നാക്കാൻ കഴിയുന്ന "അസംസ്കൃതപദാർത്ഥമായി" എന്നെ അംഗീകരിച്ചിരുന്ന, ആ സുഹൃത്തുക്കളിൽ—എനിക്കു വലിയ താല്പര്യമൊന്നും തോന്നിയില്ല. അവർ എന്നിൽ അവരെച്ചൊല്ലി വലിയ വിശ്വാസം ജനിപ്പിച്ചതും ഇല്ല. അവർ സാധാരണയായി ചിന്തിക്കാവുള്ള വിഷയങ്ങൾക്കു പുറമെ, വല്ലതിനെക്കുറിച്ചും ഞാൻ അവരോടു പറയാൻ തുടങ്ങിയാൽ അവർ തടയും.

"അതല്ലാം പോകട്ടെ."

ഗ്രിഫ്ഫെറന്യോവിനെ അറസ്റ്റു ചെയ്ത സെൻറ് പീറേർസ്ബർഗിലെ, ജയിലിലേക്കു കൊണ്ടുപോയി. ഒരു ദിവസം നന്നെ കാലത്തു റോഡിൽവെച്ചു കണ്ടുമുട്ടിയപ്പോൾ നിക്കിഫോറിക്കാണ് ഈ വിവരം എന്നോടു പറഞ്ഞതു്. അയാൾ ചവിട്ടു പാതയിൽക്കൂടി സാവധാനം നടക്കുകയായിരുന്നു. അയാളുടെ എല്ലാ മെഡലുകളും മാറ്റിത്തിളങ്ങുന്നുണ്ടു്. അയാൾ കവാത്തുകഴിഞ്ഞുവരുന്നതായിരിക്കണം. ആ പോലീസ്സുകാരൻ വളരെ ചിന്താകുലനായി കാണപ്പെട്ടു. ഞങ്ങൾ ഒപ്പം എത്തിയപ്പോൾ അയാൾ കയ്യുയർത്തി ഒര

ക്ഷരം പറയാതെ മുന്നോട്ട കടന്നുപോയി. പിന്നെ പെട്ട ന്നുനിന്നു പിറകോട്ട തിരിഞ്ഞുനോക്കി ഇങ്ങിനെ പറഞ്ഞു.

"ഗ്രറി അലക്സാണ്ട്ടോവിക്കിനെ ഇന്നലെ രാത്രി അ റസ്റ്റു ചെയ്തിരിക്കുന്നു."

അയാൾ നിരത്തിൽ അങ്ങോട്ടമിങ്ങോട്ടും കണ്ണോടിച്ചു നിസ്സഹായത ഭാവിച്ചു കൈവീശി വളരെ പതിഞ്ഞസ്വര ത്തിൽ തുടർന്നു:

"അവൻ നശിച്ചു. സാധുക്കുട്ടി."

ഒരു കണ്ണുനീർ തുള്ളിപോലെ എന്തോ അയാളുടെ കൺകോണിൽ പ്രത്യക്ഷപ്പെട്ടു.

പ്രൊറന്യോവ് അറസ്റ്റ്ചെയ്യപ്പെടാൻ പോകയാണെ ന്നു പ്രതീക്ഷിച്ചതാണു്. എനിക്കതറിയാം. പോലീസ്സു കാരൻ അതിനെക്കുറിച്ചു എനിക്കു മുന്നറിയിപ്പു് തന്നിട്ട ണ്ടു്. അയാളുടെ ക്രൂട്ടുകെട്ടു വിട്ടുകളയാൻ എന്നെ ഉപദേ ശിച്ചിട്ടും ഉണ്ടു്. ഈ സംഗതി റുഖ്ട്സോവിനേയും, അ റിയിക്കാൻ അയാളെന്നെ ഏല്പിച്ചു. എന്നോടെന്നപോ ലെ പോലീസ്സുകാരനു റുഖ്ട്സോവിനേയും വലിയ കാര്യ മായിരുന്നു.

നിലത്തുനോക്കി നിക്കിഫോറിക്കു് എന്നോടു ചോ ദിച്ചു:

"നീ എന്തുകൊണ്ടു ഇടക്കൊന്നു വീട്ടിൽ വരുന്നില്ല."

അന്നു ഞാൻ അയാളുടെ വീട്ടിൽ പോയി. അയാൾ ഉണ്ണാനിട്ടെയുള്ളു. കിടക്കയിൽ ഇരുന്നു—അയാൾ മദ്യം കു ടിക്കുകയാണു്. അയാളുടെ ഭാര്യ ജനലിന്നടുത്തു കുനിഞ്ഞി രുന്നു അയാളുടെ കാൽസ്രായി തുന്നി ശരിപ്പെടുത്തുക യാണു്.

അയാൾ തന്റെ മാറത്തു തിങ്ങിനിൽക്കുന്ന രോമങ്ങളിൽ മാന്തിയും കൊണ്ടു പറഞ്ഞു.

"ഉവ്വ്, അതങ്ങിനെയാണ്" അയാൾ എന്നെ സൂക്ഷിച്ചുനോക്കി.

"അവർ അവനെ പിടിച്ചു. അവന്റെ കയ്യിൽ ചക്രവത്തിക്കെതിരായ ലഘുലേഖകൾ തയ്യാറാക്കുന്ന മഷി ഒരു കുപ്പി നിറയെ ഉണ്ടായിരുന്നുവത്രെ"

നിലത്തു കാൽകുത്തുപ്പി അയാൾ ഭാര്യയോടു മുരണ്ടു.

"ആ കാൽക്കുപ്പായം ഇങ്ങോട്ടു തരൂ."

"ഇതാ തീർന്നുപോയി." അവർ തലയുയർത്താതെ മറുപടി പറഞ്ഞു.

"അവർക്കു യൂറിയെക്കുറിച്ചു വലിയ ദുഃഖം തോന്നിയിരിക്കുമല്ലോ." തന്റെ ഭാര്യയെ കൺകോണുകൊണ്ടു ചൂണ്ടിക്കാണിച്ചയാൾ എന്നോടു പറഞ്ഞു. ഇന്നലെ മുഴുവൻ അവൾ കരഞ്ഞു കഴിച്ചുകൂട്ടി. എനിക്കും അങ്ങനെ തോന്നാതെയല്ല. പക്ഷെ—ഒരു വിദ്യാർത്ഥിക്കു ചക്രവർത്തിക്കെതിരായി എന്തു ചെയ്യാൻ കഴിയുമെന്നു അവൻ ഓർമ്മിക്കേണ്ടതായിരുന്നില്ലെ?"

അയാൾ വസ്ത്രം ധരിച്ചുംകൊണ്ടു പറഞ്ഞു.

"ഞാൻ വേഗം വരാം..... ...നീ വേഗം സമാവർ തിളപ്പിക്കൂ."

അയാളുടെ ഭാര്യ അനങ്ങാതെ അങ്ങിനെ ഇരുന്നു. ജനലിൽക്കൂടി ലക്ഷ്യമില്ലാതെ പുറത്തേക്കു നോക്കി. അയാൾ പുറത്തിറങ്ങി വാതിൽ പിന്നോക്കം അടക്കേണ്ട താമസം—ആ സ്ത്രീ അയാളെ ഉദ്ദേശിച്ചു മുഷ്ടിചുരുട്ടി ഓങ്ങി. പല്ലുമരക്കടിച്ചു വലിയ പകയോടെ അവർ ശപിച്ചു.

"കിഴവൻ ചെകുത്താൻ! ഊ!"

അവരുടെ മുഖം കണ്ണുനീർ വീണു നനഞ്ഞിരുന്നു. ഇടതു കണ്ണു നീലിച്ചിരുണ്ടു അടഞ്ഞുനിൽക്കുകയാണു്. അവർ എഴുന്നേറ്റു, അടുപ്പിന്നടുത്തേക്കു നടന്നു. സമാവറിന്നടുത്തു കുനിഞ്ഞുനിന്നു അവർ പറഞ്ഞു.

"ഞാൻ ഇയാളെ പറഞ്ഞിക്കാതിരിക്കയില്ല. പറഞ്ഞിക്കും. രാത്രി ചെന്നായ നിലവിളിക്കുംപോലെ അയാൾ നിലവിളിക്കേണ്ടിവരും. അയാൾ പറയുന്ന ഒരൊറ്റവാക്കും നീ വിശ്വസിക്കരുതു്. നിന്നെ പിടിക്കുവാനാണു് അയാൾ നോക്കുന്നതു്. അയാൾ പറയുന്നതെല്ലാം കളവാണു്. അയാൾക്കു് ഒരുനുകമ്പയുമില്ല ഒരാളോടും. അയാൾ ഇരപിടിക്കാൻ നടക്കുകയാണു്. നിന്നെപ്പറ്റി എല്ലാ വിവരങ്ങളും അയാൾ പറിയും. അങ്ങിനെയുള്ള പ്രവൃത്തികൾ ചെയ്യുകയാണു് അയാളുടെ ഉപജീവനമാർഗ്ഗം—മനുഷ്യനെ നായാട്ടു."

ആ സ്ത്രീ എന്റെ അടുത്തുവന്നുനിന്നു. ഒരു യാചകൻ ധർമ്മത്തിന്നു ചോദിക്കുന്നതുപോലെ വളരെ ദയനീയമായവർ ഇങ്ങിനെ പറഞ്ഞു.

"നിനക്കെന്നോടല്പം സ്നേഹം കാണിക്കാൻപാടില്ലേ?"

ഈ സ്ത്രീയെ എനിക്കിഷ്ടമായിരുന്നില്ല. എന്നാൽ അവരുടെ ആ നോട്ടം വളരെ ദയനീയമായിത്തോന്നി. ഞാൻ അവരുടെ മുഖത്തിൽ കൈവെച്ചു. അവരുടെ തലമുടിയിൽ സ്പർശിച്ചു. തലമുടി അല്പവും മാർദ്ദവമില്ലായിരുന്നു.

"അയാൾ ഇപ്പോൾ ആരെയാണു് പിന്തുടരുന്നതു്?"

"റിബ്നോർയാഡ്സ്കായിൽ ഒരു വീട്ടിൽ താമസിക്കുന്ന ചിലരെ."

"അവരുടെ പേരെന്താണു്."

ചിരിച്ചുംകൊണ്ടവർ എന്നോടു ചോദിച്ചു:

"നീ എന്താണു് എന്നോടു ചോദിച്ചതെന്നു ഞാൻ അയാളോടു പറഞ്ഞാലോ? അതാ അയാൾ വരുന്നു. അയാളാണു് സാധുശ്രീയെ കഷ്ടത്തിലാക്കിയതു്."

ആ സ്ത്രീ പെട്ടെന്നു പിൻവാങ്ങി അടുപ്പിന്നടുത്തുപോയിനിന്നു.

നിക്ക്ഫോറിക്കു് റൊട്ടിയും ജാമും വോഡ്കയും വാങ്ങിച്ചുകൊണ്ടു് വന്നിരിക്കയാണു്. ഞങ്ങൾ ചായ കഴിക്കാൻ ഇരുന്നു. പോലീസ്സുകാരന്റെ ഭാര്യ എന്നെ അടുത്തിരുന്നു കൂടുതൽ സ്നേഹം നടിച്ചു, എന്നെ മുഖത്തുനിന്നു കണ്ണുപറിക്കാതെ എനിക്കു സാധനങ്ങൾ വിളമ്പിത്തന്നു. ഭർത്താവു് എന്റെ നന്മക്കുവേണ്ടി പലതും ഉപദേശിച്ചു.

"അതു എല്ലാ ആളുകളുടേയും ഹൃദയത്തിലുണ്ടു്, അവരുടെ അസ്ഥിയിലും മജ്ജയിലും ഉണ്ടു്. അദൃശ്യമായ ആ ചരടു് അതു വലിച്ചുപൊട്ടിക്കുവാൻ നോക്കു സാദ്ധ്യമല്ല. സാർ ജനങ്ങൾക്കാരാണു്—അദ്ദേഹം പ്രത്യക്ഷദൈവമാണു്." പെട്ടെന്നയാൾ ചോദിച്ചു.

"പിന്നെ, നീ ധാരാളം, പുസ്തകങ്ങൾ വായിച്ചിട്ടുണ്ടു്. വല്ലപ്പോഴും സുവിശേഷങ്ങൾ വായിച്ചിട്ടുണ്ടോ? ശരി, നീ എന്തു പറയുന്നു? അതെല്ലാം പരമാർത്ഥമാണോ? സുവിശേഷങ്ങളിൽ എഴുതിയിട്ടുള്ളതു?"

"എനിക്കറിയുകയില്ല."

എന്റെ അഭിപ്രായത്തിൽ കുറെ അനാവശ്യമായ കാര്യങ്ങളും സുവിശേഷങ്ങളിൽ എഴുതിയിട്ടുണ്ട്. കുറെ അധികം. ഉദാഹരണത്തിനു യാചകന്മാരെപ്പറ്റി പറഞ്ഞതു നോക്കുക. "ദരിദ്രർ ഭാഗ്യവാന്മാരാണ്." ദാരിദ്ര്യത്തിൽ എന്തൊരു ഭാഗ്യമാണുള്ളതു്. അതൊരു പിഴച്ച ചിന്താഗതിയാണു്. അതെല്ലാം മുഴുവനും ഒന്നു ചിന്തിച്ചുനോക്കൂ. വ്യക്തമാകാത്ത പലതും കാണും. വായനക്കാരൻ തിരിച്ചറിഞ്ഞുകൊള്ളണം. ദരിദ്രന്മാരുണ്ടു്; കഷ്ടപ്പെടുന്നവരുണ്ടു, ഒരാൾ ദരിദ്രനായാൽ അതിലെന്തൊരു നന്മയാണുള്ളതു്? ഒരാൾ ദരിദ്രനാകുക എന്നു പറഞ്ഞാൽ—അയാൾ തീരെ നിർഭാഗ്യവാനാണെന്നർത്ഥം. അങ്ങിനെയാണു് ആ പ്രശ്നം വീക്ഷിക്കേണ്ടതു്. അങ്ങിനെ നോക്കുന്നതല്ലെ നല്ലതു്?"

"എന്തുകൊണ്ടു?"

അയാൾ കുറച്ചുനേരം എന്റെ മുഖത്തു സൂക്ഷിച്ചുനോക്കി, വീണ്ടും ഗൌരവത്തോടെ വ്യക്തതയോടെ സംസാരിക്കാൻ തുടങ്ങി. പ്രത്യക്ഷത്തിൽ ഈ പ്രശ്നം വേണ്ടത്ര ശ്രദ്ധയെ ആകർഷിച്ചുകഴിഞ്ഞിട്ടുള്ളതാണു്.

"സുവിശേഷങ്ങളിൽ കണക്കിലധികം, അനാകർഷകമായ യെക്കുറിച്ചു പുകഴ്ത്തിയിട്ടുണ്ടു്. അനാകർഷകമായ, ദോഷകരമായ ഒരു കാര്യമാണു്. അങ്ങിനെയാണു് ഞാൻ കരുതുന്നതു്. ഭയ കാണിക്കുക എന്നു പറഞ്ഞാൽ ഒരു തരത്തിലും, ഉപയോഗമില്ലാത്ത ആളുകൾക്കു വേണ്ടി വലിയ സംഖ്യകൾ ചിലവാക്കുക എന്നാണർത്ഥം. അതും ദ്രോഹികളായ ആളുകൾക്കു വേണ്ടി. അനാഥമന്ദിരങ്ങൾ, തടവുകൾ, ഭ്രാന്താലയങ്ങൾ, എല്ലാം. ശക്തിയുള്ള ആളുകളെയാണു് വാസ്ത

വത്തിൽ സഹായിക്കേണ്ടതു്. ആരോഗ്യമുള്ള ആളുകളെ, അവരുടെ ശക്തി പാഴായിപ്പോകാതിരിക്കാൻ വേണ്ടി. എന്നാൽ അങ്ങനെയല്ല കാണുന്നതു്. നാം സഹായിക്കുന്നതു് ബലഹീനരെയാണു്. ബലഹീനരെ അങ്ങിനെ ശക്തരാക്കാൻ കഴിയുമെന്നാണു് ഭാവം. ഇതിൻറെയെല്ലാം ഫലമോ, ശക്തിയുള്ളവരുടെ ശക്തി നശിക്കുന്നു. ബലഹീനന്മാർ അവരെ കീഴടക്കുകയും ചെയ്യുന്നു. അതെ—അതാണു് പ്രശ്നം. പല പ്രശ്നങ്ങളേയും നാം—പുനഃപരിശോധന ചെയ്യേണ്ടതുണ്ടു്. പല തെറ്റുകളും നാം തിരുത്തേണ്ടതുണ്ടു്. സംഗതികൾ തികച്ചും നമ്മുടെ തലച്ചോറിൽ കയറേണ്ടതുണ്ടു്. ജീവിതം സുവിശേഷങ്ങളിൽ പറഞ്ഞിട്ടുള്ള സമ്പ്രദായത്തിൽ നിന്നും വളരെ അകന്നുപോയിട്ടു കാലം കുറച്ചായി. ജീവിതം, ഇപ്പോൾ അതു സ്വന്തമായ ഒരു പന്ഥാവിൽ കൂടി കടന്നുപോകയാണു്. ഈ പ്പെറന്യോവിൻറെ കാര്യം തന്നെ എടുക്കുക. എന്തു കാരണത്താലാണു് അവനെ അറസ്റ്റു ചെയ്തതു്? എന്തുകൊണ്ടാണെന്നാണു് വിചാരിക്കുന്നതു്! അനേകമവ കാരണമായിട്ടതന്നെ. നാം യാചകന്മാർക്കു ധർമ്മം കൊടുക്കുന്നു. വിദ്യാർത്ഥികളെക്കുറിച്ചു അല്പവും ചിന്തിക്കുന്നില്ല. അവർ എന്തോ അയിക്കൊള്ളട്ടെ. ഇതിലെല്ലാം എന്തൊരു യുക്തിയാണുള്ളതു്."

ഇത്തരം ആശയങ്ങൾ മുമ്പും ഞാൻ പറഞ്ഞുകേട്ടിട്ടുണ്ടു്. നാം വിചാരിക്കുന്നതിലും, അധികം ഈ അഭിപ്രായങ്ങൾക്കു് പ്രചാരമുണ്ടു്. എന്നാൽ ഇങ്ങിനെ വെട്ടിത്തുറന്നു കാര്യം പറഞ്ഞുകേൾക്കുന്നതാദ്യമായിട്ടാണു്. ഒരേഴ കൊല്ലങ്ങൾക്കു ശേഷം നീഷേയുടെ തത്വശാസ്ത്രം മനസ്സി

ലാക്കാൻ ഇടയായപ്പോൾ, ആ പോലീസ്സുകാരന്റെ ചിന്താഗതിയുടെ യുക്തിയെന്താണെന്നു എനിക്കു വ്യക്തമായി. ക്ലുത്തിൽ പറയട്ടെ — യഥാർത്ഥ ജീവിതത്തിൽ അനുഭവിച്ചിട്ടില്ലാത്ത, യാതൊന്നും പുസ്തകത്തിൽ ഞാൻ വായിച്ചിട്ടില്ല.

ആ "നരനായാട്ടുകാരൻ" അങ്ങിനെ സംസാരം തുടർന്നു. അയാൾ, ചായപ്പാത്രത്തിന്മേൽ ഇടക്കിടെ താളംപിടിച്ചു. അയാളുടെ മെലിഞ്ഞ മുഖത്തു ഒരു ക്രോധഭാവമുണ്ട്. എന്നാൽ വെറുപ്പ് എന്നോടായിരുന്നില്ലെന്നുമാത്രം. നന്നായി തുടച്ചുമിനുക്കിയ, സമാവറിൽ ഒരു കണ്ണാടിയിലെന്നപോലെ, നോക്കി, അയാൾ കോപം ഭാവിക്കുകയാണു്.

"നിങ്ങൾ പോകേണ്ട സമയമായല്ലൊ" അയാളുടെ ഭാര്യ രണ്ടു പ്രാവശ്യം ഓർമ്മിപ്പിച്ചു. മറുപടിയൊന്നും പറയാതെ അയാൾ വാക്കുകൾ കോർത്തു കോർത്തു തന്റെ ചിന്തകൾ കൊണ്ടു മാലകൾ ഉണ്ടാക്കി. ഒടുവിൽ പൊട്ടന്നു, അയാളുടെ സംഭാഷണം, വേറൊരു വഴിക്കു തിരിഞ്ഞു.

"നീ ബുദ്ധിയില്ലാത്തവനല്ല, കുട്ടി–അക്ഷരജ്ഞാനവും, ഉണ്ടു്. ആ അച്ചുക്കൂട്ടിലെ ജോലി നിനക്കു യോജിച്ചതാണോ? സാർ ചക്രവർത്തിയുടെ സാമ്രാജ്യത്തിന്നുവേണ്ടി മറെറാരുതരം, ജോലി ചെയ്യാമെങ്കിൽ, നിനക്കു അവിടെനിന്നു കിട്ടുന്നതിലും, അധികം പ്രതിഫലം കിട്ടാൻ എളുപ്പമാണു്."

ഞാൻ അയാളുടെ സംസാരം ശ്രദ്ധിച്ചു. എന്നാൽ എന്റെ മനസ്സിനെ, അലട്ടിയതു് കഴിയുന്നതുംവേഗം, റിബ്നോർയാഡ്സ്കായിലെ ആളുകൾക്കു നിക്കോഫോറിക്കി

ന്റെ കുതന്ത്രങ്ങളെക്കുറിച്ചു എങ്ങിനെ അറിയിക്കാൻ കഴിയുമെന്നതായിരുന്നു? അവിടെ ആ വീട്ടിൽ, സർജേയി സൊമോവ്, എന്നൊരാൾ ഉണ്ടായിരുന്നു. അടുത്തകാലത്തു നാടുകടത്തിയേടത്തുനിന്നും തിരിച്ചുവന്നതാണ്. അദ്ദേഹത്തെപ്പറ്റി ഞാൻ ധാരാളം കേട്ടിട്ടുണ്ട്. വളരെ പ്രധാനമായ കാര്യങ്ങളും.

"ബുദ്ധിശക്തിയുള്ളവരെല്ലാം ഒപ്പം കഴിയേണ്ടതാണ്. തേനീച്ചകൾ ഒരു കൂട്ടിൽ. കടന്നലുകൾ അവയുടെ കൂട്ടിലും. സാർ ചക്രവർത്തിയുടെ സാമ്രാജ്യം.. ....."

"ക്ലോക്കിൽ നോക്കൂ—ഇപ്പോൾ തന്നെ ഒമ്പതു മണിയായിക്കഴിഞ്ഞു." ആ സ്ത്രീ കടന്നു പറഞ്ഞു.

"പെകുത്താൻ."

നിക്കിഫോറിക്ക് ചാടി എഴുന്നേറ്റു, കുപ്പായത്തിന്റെ കുടുക്കുകൾ ഇട്ടു ശരിപ്പെടുത്തി.

"ഓ—ശരി—ഞാൻ ഒരു വണ്ടി പിടിക്കാം. നമസ്തേ. ചങ്ങാതി—ഇടക്കെല്ലാം ഇങ്ങോട്ടു വരൂ."

അവിടം വിട്ടപ്പോൾ ഞാൻ തീരുമാനിച്ചു—മേലാൽ ഒരിക്കലും നിക്കിഫോറിക്കിന്റെ വീട്ടിൽ പോകയില്ലെന്നു. അയാൾ രസികനാണ്. എന്നാൽ അയാളെ കണ്ടാൽ അറപ്പു തോന്നും. അനുകമ്പ ചെയ്യുന്ന കെട്ടുതികളെക്കുറിച്ചുള്ള അയാളുടെ സംസാരം എന്നെ വല്ലാതെ വ്യാകുലപ്പെടുത്തി. ആ വാക്കുകൾ എന്റെ മനസ്സിൽ പതിഞ്ഞു—എനിക്കതു മറക്കാൻ കഴിഞ്ഞില്ല. ആ വാക്കുകളിൽ ചില പരമാർത്ഥങ്ങൾ ഉണ്ട്. എന്നാൽ ആ ആശയങ്ങൾ ഒരു പോലീസ്സുകാരൻ ഉന്നയിക്കുന്നതായിക്കണ്ടപ്പോൾ എനിക്കു തീരെ ഹൃദ്യമായില്ല.

ഈ തത്വങ്ങളെക്കുറിച്ചുള്ള വാദപ്രതിവാദങ്ങൾ പുത്തനല്ല. അങ്ങിനെയുള്ള വാങ്ങൾ എന്റെ മനസ്സിനെ വല്ലാതെ, വേദനിപ്പിച്ചു.

ഒരു "ടോൾസ്റ്റോയി ആശയക്കാരൻ" നഗരത്തിൽ വന്നു. ഞാൻ അങ്ങിനെയൊരാളെ ആദ്യം കണ്ടതാണ്. അയാൾ നീണ്ടു, മെലിഞ്ഞു, അല്പം കറുത്തു, ആടിന്റെ താടിപോലുള്ള താടിയും, കാറ്റടിയുടേതുപോലുള്ള ചുണ്ടുകളും, ഉള്ള ഒരാളായിരുന്നു. അല്പം ക്ഷീണമുള്ളതുകൊണ്ട് അയാൾ എപ്പോഴും നിലത്തു നോക്കുന്നതായിത്തോന്നും. എന്നാൽ ഇടക്കിടെ അയാൾ തന്റെ പകുതിയും കഷണ്ടിയായ ശിരസ്സു പിന്നോക്കം പൊക്കിപ്പിടിക്കും; അയാളുടെ കറുത്ത കണ്ണുകളുടെ പ്രകാശം നമ്മുടെ ഹൃദയത്തിൽ അപ്പോൾ തുളഞ്ഞുകയറും. ആ തുളച്ചുകയറുന്ന നോട്ടത്തിൽ, ഒരു പക പതച്ചുപൊങ്ങുന്നതായിക്കാണാം. ഈ വാദപ്രതിവാദം നടന്നതു, സർവ്വകലാശാലയിലെ പ്രൊഫസർമാരുടെ മുറിയിൽവെച്ചായിരുന്നു. കുറെ ചെറുപ്പക്കാർ ഹാജരായി. ക്ലൂട്ടത്തിൽ മെലിഞ്ഞ ഒരു അപ്പൂപ്പനും. കറുത്ത പട്ടുകൊണ്ടുള്ള വസ്ത്രങ്ങൾ ധരിച്ച സൌകുമാര്യമുള്ള അയാളുടെ കണ്ണുകളിൽ കളിയാടിയിരുന്ന പുഞ്ചിരി അയാളുടെ രൂപം ക്ലൂടുതൽ ആകർഷകമാക്കി.

ടോൾസ്റ്റോയിയുടെ അനുയായി, സുവിശേഷത്തിൽ വിസ്തരിച്ചിട്ടുള്ള തത്വങ്ങളെക്കുറിച്ചു, ചർച്ചചെയ്തു. അവ എന്നേക്കും പരമാർത്ഥമാണെന്നയാൾ വാദിച്ചു. അയാളുടെ ശബ്ദം തീരെ ആകർഷകമല്ല; വാചകങ്ങൾ ചെറുതാണ്. എന്നാൽ അയാളുടെ വാക്കുകൾക്കു, ഒരു വല്ലാത്ത ശക്തിയുണ്ട്.

വീണ്ടും വീണ്ടും രോമം നിറഞ്ഞ അയാളുടെ കൈ കൊണ്ടു എന്തോ വെട്ടിമുറിക്കുന്നതുപോലെ, അയാൾ വിലങ്ങനെ വീശി. വലതുകരം കൂപ്പായത്തിന്റെ കീശയിൽ തിരുകിവെച്ചിരിക്കുകയായിരുന്നു.

"ഒരു നടനാണു്." ആരോ ഒരാൾ ഒരു മൂലയിൽനിന്നു്, ഞാൻ ഇരിക്കുന്നിടത്തുനിന്നും വളരെ അകലെ നിന്നല്ലാതെ, പറഞ്ഞു.

"ഉവ്വ്. അയാൾ വല്ലാതെ അഭിനയിക്കുന്നുണ്ടു്."

ഇതിനു കുറച്ചു മുമ്പു്, ഞാൻ ഒരു പുസ്തകം വായിച്ചിട്ടുണ്ടായിരുന്നു. ഡ്രേപ്പർ എഴുതിയതാണെന്നാണു് എന്റെ ഓർമ്മ. കേത്തോലിക്കു് മതം ശാസ്ത്രീയ പുരോഗതിക്കെതിരായി നടത്തിയിരുന്ന സമരത്തെക്കുറിച്ചു്. ഈ യാൾ അക്രോട്ടത്തിൽ പെടുമെന്നു ഞാൻ വിചാരിച്ചു. സ്നേഹത്തിന്റെ ശക്തികൊണ്ടു് മോചനം നേടാമെന്നു് അയാൾ വിശ്വസിച്ചു.

അയാൾ ഒരു വെളുത്ത ഷർട്ടാണു് ധരിച്ചിട്ടുള്ളതു്. തൊള്ളയുള്ള കൈ ഉള്ള ഷർട്ടു്. ഷർട്ടിന്റെ മീതെ ചാര നിറത്തിലുള്ള മറെറാരു കൂപ്പായം ധരിച്ചിട്ടുണ്ടു്. വസ്ത്രധാരണത്തിന്റെ സമ്പ്രദായംകൊണ്ടും അയാൾ മറുള്ളവരിൽ നിന്നും ഭിന്നനായിരുന്നു. തന്റെ പ്രസംഗം ഉപസംഹരിച്ചുംകൊണ്ടു് അയാൾ പറഞ്ഞു.

"അതുകൊണ്ടു് ഞാൻ ചോദിക്കുന്നു: നിങ്ങൾ ക്രിസ്തുവിന്റെ മാർഗ്ഗം പിൻതുടരുന്നോ? അല്ലാ ഡാർവിനെ പിന്തുടരുന്നോ?" മൂലയിൽ കൂട്ടമായിരിക്കുന്ന ചെറുപ്പക്കാരെ ലക്ഷ്യം വെച്ചുകൊണ്ടു് ഒരു കല്ലെറിയുംപോലെയാണു് ഈ

ചോദ്യം അയാം ചോദിച്ചതു്. ആ യുവാക്കളുടെയും യുവതികളുടെയും കണ്ണുകളിൽ ഭയവും ആനന്ദവും പ്രകടമായി. ആ ടോംസ്റ്റോയി കക്ഷിക്കാരന്റെ പ്രസംഗം എല്ലാവരേയും സ്തംഭിപ്പിച്ചു. എല്ലാവരുടെയും ശിരസ്സ് ആലോചനകൊണ്ടു കുനിഞ്ഞു. ആരും ഒന്നും സംസാരിച്ചില്ല. മുറിയാകെ വിശദമായൊന്നു വീക്ഷിച്ചു അയാം ഗൌരവത്തോടെ പറഞ്ഞു.

"ഈ രണ്ടു അന്യോന്യവിരുദ്ധമായ ആശയങ്ങളെ കൂട്ടി ഇണക്കാൻ യൂറ്റോപ്പരിഷക്കാക്ക് മാത്രമെ സാധിക്കുകയുള്ളൂ. അങ്ങിനെ ചെയ്യാൻ ശ്രമിച്ചു പരാജയം അടഞ്ഞ അവർ ലജ്ജയില്ലാതെ കളവു പറയുകയാണു്. മറ്റുള്ളവരെ കളവു പറഞ്ഞു കബളിപ്പിക്കുകയാണു്."

ആ ചെറിയ അച്ഛൻ എഴുന്നേറ്റു. തന്റെ കുപ്പായക്കൈ ഭംഗിയിൽ പുറകോട്ടു തള്ളിനീക്കി, ആകർഷകമാം വണ്ണം പുഞ്ചിരിച്ചു. നല്ല വാചാലതയോടെ അയാം പ്രസംഗിക്കാൻ തുടങ്ങി.

"യൂറ്റോപ്പരിഷക്കാരെപ്പറ്റിയുള്ള തെറ്റായ അഭിപ്രായം നിങ്ങളും വെച്ചുപുലർത്തുകയാണു്. ഈ അഭിപ്രായം വളരെ പരുഷമാണു്. തീരെ തെറ്റാണു്." യൂറ്റോപ്പരിഷക്കാർ യൂദന്മാരുടെ ശരിയായ സംരക്ഷകന്മാരാണെന്നു്, അയാം വാദിക്കുന്നതുകണ്ടപ്പോൾ ഞാൻ ആശ്ചര്യപ്പെട്ടുപോയി. അയാം പറഞ്ഞു "അവർ എപ്പോഴും അവരുടെ ശത്രുക്കൾക്കെതിരായി യൂദന്മാരെ പിൻതുടർന്നു.".....

"ഉദാഹരണത്തിനു് ഫ്ളേവായസ്സ് ജോസഫിന്റെ പുസ്തകം നോക്കുക."

ടോംസ്റ്റായി കക്ഷിക്കാരൻ ചാടിയെഴുന്നേറ്റു. ജോസഫിന്റെ ആശയങ്ങളെ ശക്തിയോടെ ചോദ്യം ചെയ്തു, അയാളം ആംഗ്യങ്ങളം കാണിച്ചു വിളിച്ചുപറഞ്ഞു:

"ഇപ്പോഴും ജനങ്ങളം സ്വന്തം സുഹൃത്തുക്കൾക്കെതിരായി ശത്രുക്കളെ പിൻതുടരുന്നുണ്ട്. ജനങ്ങളം അവരുടെ സ്വന്തം ഇഷ്ടപ്രകാരം പ്രവൃത്തിക്കുകയല്ല. അവരെ നിർബന്ധപൂർവ്വം തെളിച്ചു നടത്തുകയാണ്. നിങ്ങളുടെ ജോസഫ് എനിക്കാരാണ്?"

പാതിരിയും വാഗ്മികളും അവിടെ ഉന്നയിക്കപ്പെട്ട വാദമുഖങ്ങളെ പിച്ചിച്ചീന്തി.

"സത്യം സ്നേഹമാണ്" ടോംസ്റ്റോയി കക്ഷിക്കാരൻ വാദിച്ചു. അയാളുടെ കണ്ണുകളിലാകട്ടെ, ചകയും പുച്ഛവും നിറഞ്ഞു കാണുകയും ചെയ്തു.

എനിക്ക വാക്കുകളം കേട്ടു മത്തുപിടിച്ചു. എനിക്ക വയുടെ അത്ഥമൊന്നും മനസ്സിലായില്ല. കാലിന്നടിയിൽ ഈ ശബ്ദകോലാഹലത്തിൽ നിലം നീങ്ങിപ്പോകുന്നതായി എനിക്ക തോന്നി. ഞാൻ നിരാശയോടെ വിണ്ടും വീണ്ടും ചിന്തിച്ചു. എന്നെപ്പോലെ ഭ്രമിയിൽ ആരെങ്കിലും അത്ര ബുദ്ധിശൂന്യനുണ്ടായിരിക്കുമോ എന്നു ഞാൻ ആശ്ചര്യപ്പെട്ടു.

തന്റെ ചുകന്ന കവിളുകളിൽ നിന്ന് വിയർപ്പുതുള്ളികളം തുടച്ചു ടോംസ്റ്റോയി കക്ഷിക്കാരൻ ക്രോധത്തോടെ വിളിച്ചു പറഞ്ഞു.

"സുവിശേഷങ്ങളം തള്ളിക്കളയൂ. സുവിശേഷങ്ങളം മറന്നുകളയൂ. എന്നാൽ നിങ്ങളം കളവുപറയുകയില്ല. ക്രിസ്തുവിനെ ഒന്നുകൂടി കുരിശിലേറ്റണം. അതു കൂടുതൽ സത്യസന്ധമായിരിക്കും".

ഒരു ചോദ്യം എന്റെ മനസ്സിൽ മുഴച്ചുനിന്നു. ഇതെന്താണു്? ജീവിതം സുഖത്തിനുവേണ്ടിയുള്ള ഒരു സമരമാണെങ്കിൽ, സ്നേഹവും അനുകമ്പയും ഈ സമരത്തിന്റെമുമ്പിൽ കായ്മായ തടസ്ഥങ്ങളായിരിക്കുകയില്ലെ?

ഞാൻ ആ ടോംസ്റ്റോയി കക്ഷിക്കാരന്റെ പേർ കണ്ടുപിടിച്ചു. ക്ലോപ്സ്റ്റി. അയാളുടെ താമസസ്ഥലവും ഞാൻ കണ്ടുപിടിച്ചു. പിറ്റെദിവസം വൈകുന്നേരം ഞാൻ അയാളെ സന്ദർശിച്ചു. അയാം ഒരു ഉഗാണ്ടൻ പ്രഭുവിന്റെ രണ്ടു പെൺമക്കൾ താമസിക്കുകയായിരുന്ന ഒരു വീട്ടിൽ ക്രൂടിയിരിക്കുകയാണു്. അയാം അവരോടൊപ്പം തോട്ടത്തിൽ ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ ഒരു മേശക്കരികെ ഇരിക്കുകയാണു്. വെളുത്ത വസ്ത്രമാണു ധരിച്ചിട്ടുള്ളതു്. തുറന്നിട്ട ഷർട്ടിന്നുള്ളിൽ രോമംനിറഞ്ഞ മാറിടം വ്യക്തമായി കാണാം. വീടും കുടിയും ഇല്ലാത്ത ഒരു പ്രവാചകനെക്കുറിച്ചുള്ള എന്റെ സങ്കല്പത്തിന്നുപറ്റിയ മാതൃകയായിരുന്നു അയാം.

ഒരു വെള്ളിക്കരണ്ടികൊണ്ടയാം മുമ്പിലുള്ള ഒരു കിണ്ണത്തിൽ നിന്നും പഴച്ചാറും പാലും കോരിക്കുടിക്കുകയായിരുന്നു. വലിയ ഇഷ്ടത്തോടെ അയാം ഭക്ഷണം കഴിച്ചു. ഓരോ കരണ്ടിയും കോരിക്കുടിച്ച ഉടനെ അയാം മീശമേൽ പറ്റിനില്ക്കുന്ന പാലിന്റെ തുള്ളികൾ തടവി മാറ്റും. ആ സഹോദരികളിൽ ഒരുവൾ മേശക്കരികെ അയാംക്കു വിളമ്പിക്കൊടുക്കാൻ തയ്യാറായി നില്ക്കുന്നുണ്ടു്. മറെറ സ്ത്രീ മരത്തിൽ ചാരിനിന്നു ഭുജങ്ങൾ മാറത്തു പിണച്ചു വെച്ചു് ആകാശത്തിൽ നോക്കി ആലോചനയിൽ മുഴുകിയിരിക്കുന്നു. രണ്ടുയുവതികളും ഉയർന്നിറമുള്ള നേരിയ വസ്ത്രമാണു് ധരി

ച്ചിട്ടുള്ളതു്. രണ്ടുപേക്കും വലിയ സാമ്യമുണ്ടു്. തിരിച്ചറി
യുന്നതുതന്നെ വിഷമമാണു്.

അയാൾ ഇഷ്ടത്തോടെ ഭയയോടെ എന്നോടു സംസാ
രിച്ചു. സ്നേഹത്തിന്റെ സൃഷ്ടിപരമായ കഴിവുകളെക്കുറിച്ചു്
മനുഷ്യനെ വിശ്വശക്തിയുമായി ക്രട്ടിയിണക്കുന്ന ഏകശ
ക്തിയായി ഓരോ ആളും ആത്മാവിൽ അങ്ങിനെയുള്ള സ്നേ
ഹം വളത്തി കൊണ്ടുവരേണ്ടതിനെക്കുറിച്ചു്, അയാൾ എ
ന്നോടു പറഞ്ഞു. ജീവിതത്തിൽ ഉടനീളം വ്യാപിച്ചു നി
ല്ക്കുന്ന സ്നേഹത്തെക്കുറിച്ചയാൾ എടുത്തുപറഞ്ഞു.

മനുഷ്യനു് അന്യോന്യം ബന്ധപ്പെടാനുള്ള ഒരൊറ
കണ്ണിയാണു് സ്നേഹം! സ്നേഹമില്ലാതെ ജീവിതത്തെ മന
സ്സിലാക്കാൻ കഴിയുകയില്ല. ജീവിതത്തിൽറെ നിയമം സ
മരമാണെന്നു പറയുന്നവർ—ആത്മാവില്ലാത്തവരാണു്. നാ
ശത്തിലേക്കു കുതിക്കുന്നവരാണു്. തീയെ കെടുത്താൻ തീ
പറകയില്ല. തിന്മയെ ജയിക്കാൻ തിന്മക്കു ശക്തിയില്ല.
പിന്നീടു് ആ രണ്ടു യുവതികളും തോട്ടത്തിൽക്രടി കൈകോ
ർത്തുപിടിച്ചു വീട്ടിന്നഭിമുഖമായി നടന്നുപോകുമ്പോൾ അവ
രെ ഒന്നുനോക്കി അയാൾ എന്നോടുചോദിച്ചു. "നീ ആ
രാണു്"

ഞാൻ എന്നെക്കുറിച്ചു് അയാളോടു് സംസാരിച്ചപ്പോ
ൾ അയാൾ മേശമേൽ വിരലുകൾകൊണ്ടു് താളംപിടിച്ചു. മ
നുഷ്യൻ എങ്ങിനെ എവിടെയും മനുഷ്യനായിത്തന്നെ നി
ലകൊള്ളുന്നു; എന്നയാൾ എനിക്കു് വിവരിച്ചുതന്നു. മനു
ഷ്യൻ തന്റെ പദവിയെ നന്നാക്കാനല്ല ശ്രമിക്കേണ്ടതു്.
സ്വന്തം ആത്മാവിനെ മനുഷ്യസ്നേഹത്തിന്റെ സ്വാധീന
ത്തിൽ പെടുത്തുകയാണു് വേണ്ടതെന്നു് അയാൾ പറഞ്ഞു.

"ഒരു മനുഷ്യൻ എത്ര താഴ്ന്ന പദവിയിൽ നില കൊള്ളുന്നുവോ അത്രക്കും അയാൾ ജീവിതയാഥാർത്ഥ്യത്തിനു നേരെ നിൽക്കും. ജീവിതത്തിന്റെ പുണ്യകരമായ ജ്ഞാനം നേടും."

പുണ്യകരമായ ഈ ജ്ഞാനം അയാൾക്ക് കൈവന്നിരിക്കുമോ എന്ന് എനിക്ക് സംശയം തോന്നിയെങ്കിലും ഞാൻ ഒന്നും പറഞ്ഞില്ല. അയാൾക്ക് എല്ലാം മടുത്തിരിക്കുകയാണെന്ന് എനിക്ക് ബോദ്ധ്യമായി. അയാൾ ഒരു നിരോധം എന്നപോലെ എന്നെ ഒന്നു നോക്കി, കോട്ടുവായിട്ടും കൊണ്ട് കരങ്ങൾ തലക്കുപിന്നിൽ കോർത്തുപിടിച്ചു കാലുകൾ നീട്ടിവെച്ചു, കൺപോളകൾ താഴ്ത്തി പകുതിയും ഉറങ്ങിക്കഴിഞ്ഞപോലെ ഇങ്ങിനെ പറഞ്ഞു:

"സ്നേഹത്തിനു കീഴടങ്ങുക.....
ജീവിതത്തിന്റെ നിയമം....."

പെട്ടെന്നു ഞെട്ടി അയാൾ, കൈപൊക്കി—വായുവിൽ എന്തോ മുറുകെപിടിക്കാൻ ഭാവിക്കുന്നതുപോലെ. പിന്നെ എന്നെ സൂക്ഷിച്ചുനോക്കി. എന്തോ കണ്ടു ഭയപ്പെട്ടമട്ടിൽ എന്നോടു പറഞ്ഞു.

"എന്താത്?? എന്നെ മാപ്പാക്കണം. എനിക്ക് വല്ലാത്ത ക്ഷീണം തോന്നുന്നു."

അയാൾ വീണ്ടും കണ്ണടച്ചു. വല്ലാത്ത വേദന അനുഭവിക്കുന്നതുപോലെ അയാൾ പല്ലുകൾ പുറത്തു കാണിച്ചും കൊണ്ട് അമരെ കടിച്ചു. താഴത്തെ ചുണ്ട് അയാൾ താഴ്ത്തി മീശ വെറുതെയൊന്ന് പ്രകാശിപ്പിക്കാനെന്നപോലെ മേൽച്ചുണ്ട് കുറഞ്ഞൊന്നുയർത്തി.

അയാളോടൊരു എതിർമനോഭാവം തോന്നി ഞാൻ അവിടം വിട്ടു. അയാളുടെ ആത്മാർത്ഥതയിൽ എനിക്ക് അവ്യക്തമായ സംശയങ്ങൾ ഉദിക്കുകയും ചെയ്തു.

കുറച്ചു ദിവസങ്ങൾക്കുശേഷം എനിക്ക് പരിചയമുണ്ടായിരുന്ന സാഹിത്യകലാശാലയിലെ ഒരദ്ധ്യാപകന് അപ്പം കൊടുക്കാൻ ചെന്നപ്പോൾ (അവിവാഹിതനും കുടിയനും ആയ ഒരാളാണദ്ദേഹം) ഞാൻ ക്ലോപ് സ്റ്റോക്കിയെ അവിടെ കണ്ടുമുട്ടി. തലേദിവസം രാത്രി അയാൾ തീരെ ഉറങ്ങിയിട്ടില്ലെന്ന് വ്യക്തമാണ്. അയാളുടെ മുഖം വിളറിയിരിക്കുന്നു. കണ്ണുകൾ ചുവന്നിട്ടുണ്ട്. കൺപോളകൾ വീങ്ങിയിട്ടുമുണ്ട്. അദ്ധ്യാപകൻ കുടിച്ചു മത്തനായി ഒരു ചെറിയ ടൌസർ മാത്രം ധരിച്ചു നിലത്തിരിക്കുകയാണ്. കയ്യിൽ ഒരു സിഗററ്റു പിടിച്ചിട്ടുണ്ട്. മുറിയിൽ ഉപകരണങ്ങളും വസ്ത്രങ്ങളും ബീറിന്റെ കുപ്പികളും അങ്ങിങ്ങായി ചിതറിക്കിടക്കുകയാണ്. മൂപ്പോട്ടും പിമ്പോട്ടും ആടിയുംകൊണ്ട്, അയാൾ അലറി.

"മാ—പ്പാ—ക്കണം."

ക്ലോപ്സ്റ്റോക്ക് വിളിച്ചുപറഞ്ഞു, ക്രോധത്തോടെ, പരുഷഭാവത്തിൽ.

"യാതൊരു മാപ്പും ഇല്ല. നാം ഒന്നുകിൽ സ്നേഹത്തിൽക്കൂടി നശിക്കും. അല്ലെങ്കിൽ സ്നേഹത്തിനുവേണ്ടിയുള്ള സമരത്തിൽ നശിക്കും. ഏതുവിധത്തിലും നമുക്ക് നാശമാണ്."

അയാൾ എന്നെ ചുമലിൽ പിടിച്ചുവലിച്ചു അദ്ധ്യാപകന്റെ അടുത്തേക്കു കൊണ്ടുപോയി.

"നോക്ക്, ഇവനോട് ചോദിക്ക, ഇവനെന്താണ് വേണ്ടതെന്ന്. അവന് മനുഷ്യസമുദായത്തെ സ്നേഹിക്കണമെന്നുണ്ടോ?"

അദ്ധ്യാപകൻ എന്റെ നേരെ നോക്കി കണ്ണിൽ വെള്ളം നിറച്ചു. അയാൾ പറഞ്ഞു.

"അവൻ അപ്പുക്കുട്ടിൽ നിന്നു വരുന്നതാണ്. ഞാൻ അവന്ന് പണം കൊടുക്കാനുണ്ട്."

അയാൾ കീശയിൽ കയ്യിട്ടു. ഒരു താക്കോൽ പുറത്തേക്കെടുത്തു എന്റെ നേരെനീട്ടി ഇങ്ങനെ പറഞ്ഞു:

"ഇതാ അവിടെയുള്ളതു മുഴുവൻ എടുത്തോളൂ."

എന്നാൽ ടോംസ്റ്റോയി കക്ഷിക്കാരൻ താക്കോൽ വാങ്ങി എന്നോട് ദൂരെ പോകാൻ ആംഗ്യം കാണിച്ചു.

"പോ പുറത്തു, നിന്റെ പണം പിന്നീടൊരവസരത്തിൽ എടുക്കാം."

ഞാൻ കൊണ്ടുചെന്ന അപ്പം അയാൾ ഒരു മൂലയിലേക്ക് വലിച്ചെറിഞ്ഞു.

അയാൾക്കെന്നെ മനസ്സിലായിട്ടില്ല. അതു നന്നായി. സ്നേഹത്തിൽക്കൂടി നശിക്കുന്നതിനെക്കുറിച്ചുള്ള അയാളുടെ സംസാരം എന്റെ മനസ്സിൽ നന്നായി പതിഞ്ഞു. എനിക്കയാളോട് വലിയ ക്രോധം തോന്നി.

അയാൾ താമസിച്ചിരുന്ന ആ വീട്ടിലെ ഒരു യുവതിയോട് അയാൾ സ്നേഹപ്രകടനം നടത്തുകയുണ്ടായി എന്നു പിന്നീട് ഞാൻ അറിഞ്ഞു. അതെ ദിവസം തന്നെ മറെറ യുവതിയോടും അയാൾ പ്രേമാർത്ഥനചെയ്തുവത്രെ. സഹോ

ദരികം അന്യോന്യം ഹൃദയംതുറന്നു സംസാരിച്ചു. അവർക്ക് അയാളോടു തോന്നിയ സന്തോഷം ഈർഷ്യയായി മാറി. അവർ വേലക്കാരനെ അയച്ചു അയാളോടു വീടുവിട്ടു പോകാൻ ആവശ്യപ്പെട്ടു. അയാൾ ആ നഗരംവിട്ടു പോകയും ചെയ്തു.

സ്നേഹത്തിനേറെയും അനുകമ്പയുടേയും പ്രശ്നം അവരുടെ ജീവിതത്തിലുള്ള സ്ഥാനം—കുഴഞ്ഞു മറിഞ്ഞ സമാധാനം കെടുത്തുന്ന ഒരു പ്രശ്നമാണത്—ഈ പ്രശ്നത്തെ ജീവിതത്തിൽ വളരെ നേരത്തെ ഞാൻ അഭിമുഖീകരിക്കാൻ തുടങ്ങിയിട്ടുണ്ട്—ആദ്യം അവ്യക്തമെങ്കിലും വളരെ ശക്തിയോടെ ഇടഞ്ഞുനില്ക്കുന്ന ഒരു മാനസികസമരത്തിന്റെ രൂപത്തിൽ. പിന്നീട് വ്യക്തമായ ഈ പ്രശ്നത്തിനു പരിഹാരം കാണേണ്ടതിന്റെ ആവശ്യകത അനുഭവപ്പെട്ടു തുടങ്ങി.

"സ്നേഹത്തിന്റെ പ്രാധാന്യം എന്താണു?"

ഞാൻ വായിച്ച പുസ്തകങ്ങളിലെല്ലാംതന്നെ ക്രിസ്തുമതാദർശങ്ങളും, മനുഷ്യസ്നേഹത്തിന്റെ ആശയങ്ങളും, മനുഷ്യസമുദായത്തോടു് അനുകമ്പ കാണിക്കേണ്ടതിന്റെ ആവശ്യകത, ഇവയെക്കുറിച്ചെല്ലാം ധാരാളമായി പ്രതിപാദിച്ചു കണ്ടിട്ടുണ്ടു്. ഇക്കാലത്തു് ഞാൻ പരിചയിക്കാൻ ഇടയായിട്ടുള്ള എല്ലാ നല്ല സ്ത്രീകളും പുരുഷന്മാരും ഇതേ ആശയങ്ങളംതന്നെ പുറപ്പെടുവിക്കുന്നതായും കണ്ടിട്ടുണ്ടു്.

എനിക്ക് പുറമെ യഥാർത്ഥ ജീവിതത്തിൽ ഞാൻ കാണുകയും പരിചയിക്കുകയും ചെയ്ത കാര്യങ്ങളും, ഏതുവശം നോക്കിയാലും, അനുകമ്പക്ക് നിരക്കാത്തവയായിരുന്നു. അവസാനമില്ലാത്ത ശത്രുതയുടെയും ക്രൂരതയുടെയും ഒരു പരമ്പ

രയായിട്ടാണ്, പലതും കയ്പറഞ്ഞാൻ ഇടതടവില്ലാതെ നട ക്കുന്ന നീചമായ സമരത്തിന്റെ പ്രകടനമായിട്ടാണ്, ജീവി തം എനിക്ക് തോന്നിയതു്. എന്നെ സംബന്ധിച്ചാണെ കിൽ, എനിക്ക് പുസ്തകങ്ങളും ധാരാളം കിട്ടണമെന്നേ ആഗ്ര ഹമുണ്ടായിരുന്നുള്ളൂ. മറ്റെല്ലാംതന്നെ, എനിക്ക് വിലപി ടിച്ചതായി തോന്നിയില്ല.

വെളിയിൽ, ഞങ്ങളുടെ ഗേറ്റിന്നടുത്തു് കേവലം ഒരു മണിക്കൂർ നേരം ഇരുന്നു നോക്കിയാൽമതി എനിക്കു കാ ണാൻ കഴിയും എല്ലാ ആളുകളും, വണ്ടിക്കാർ, വേലക്കാർ, ഉദ്യോഗസ്ഥന്മാർ കച്ചവടക്കാർ എല്ലാം, എന്നിൽനിന്നു ഭിന്നമായ, ഞാൻ ഇഷ്ടപ്പെട്ടിരുന്ന എല്ലാ ആളുകളിൽനിന്നു ഭിന്നമായ, ഒരു ജീവിതമാണ് നയിക്കുന്നതെന്നു്. അവക്കു മറ്റുപല ഇഷ്ടങ്ങളാണുള്ളതു്. മറ്റുപല ലക്ഷ്യങ്ങളാണുള്ള തു്. എനിക്കു ബഹുമാനം തോന്നിയ ആളുകളും—എന്റെ വിശ്വാസം അർഹിച്ചിരുന്ന ആളുകളും—അവർ അസാധാര ണമാംവണ്ണം തീരെ അന്യനാട്ടുകാരായിത്തോന്നി. ഏകാ കികളായിതോന്നി. ഭ്രഷ്പക്ഷവും അനഭിലഷണീയരായ വി ദേശികളായിത്തോന്നി. കാപട്യത്തിൽ ക്രൂടിയും വൃത്തികേ ടിൽ ക്രൂടിയും ജീവിതമെന്നു പറയുന്ന ആ പുറന്തോടു തെ കെട്ടിയുയർത്താൻ ശ്രമിക്കുന്ന അപരിചിതരായി തോ ന്നി. എന്റെ കണ്ണിൽ ഇങ്ങിനെയുള്ള ജീവിതം തീരെ ബു ദ്ധിശൂന്യമാണ്. മാതൃമല്ല ടയെക്കുറിച്ചും സ്നേഹത്തെ ക്കുറിച്ചും പ്രസംഗിച്ചുനടക്കുന്ന ആളുകളെല്ലാം തന്നെ വെ റുതെ അങ്ങിനെ വായാടിത്തം കാണിക്കുക മാത്രമാണ്. പ്ര വർത്തിക്കാനുള്ള ഘട്ടമെത്തുമ്പോൾ അവരെല്ലാംതന്നെ, ഭ്രഷ് പക്ഷത്തിന്റെ വൃത്തികേടിനു മുറിയാതെ കീഴടങ്ങിക്കൊടു

ക്കുകയാണ്. എല്ലാം വലിയ വിഷമംപിടിച്ച പ്രശ്നങ്ങളം.

ഒരുദിവസം ലാവ്റോവ്, മൃഗചികിത്സ പഠിക്കുന്ന വിദ്യാർത്ഥി, നീർ വീങ്ങി മഞ്ഞനിറമായി, ശ്വാസംകഴിക്കാൻ വിഷമിച്ചുംകൊണ്ടു പറഞ്ഞു: "ഞാളുകൾക്കു മാറ്റപ്പു് തോന്നുന്നതുവരെ ക്രൂരത എല്ലാ രംഗങ്ങളിലും വർദ്ധിക്കണം. ഭൂമിയിൽ എല്ലാ ജീവികളും അപ്പോൾ ക്രൂരത വെടുക്കും. ഈ ഹേമന്തത്തെ എല്ലാവരും ശപിച്ചിട്ടുള്ളതുപോലെ. എന്നാൽ ക്രൂരതയേയും അവർ ശപിക്കും."

അക്കൊല്ലം ഹേമന്തം വളരെ നേരത്തെ വന്നുകളഞ്ഞു. മഴ, വല്ലാത്ത തണുപ്പു്, എങ്ങും പലവിധ രോഗങ്ങളം— ആത്മഹത്യകളം. ഒടുവിൽ ലാവ്റോവും, രോഗംകൊണ്ടു മരിക്കാൻ കാത്തുനില്ക്കാതെ, വിഷം കുടിച്ചു ആത്മഹത്യ ചെയ്തു. "മൃഗചികിത്സക്കാരൻ— മൃഗങ്ങൾക്കു പല മരുന്നുകളം കൊടുത്തു— കൊടുത്തു് ഒടുക്കം അവനും ഒരു മൃഗത്തെപ്പോലെത്തന്നെ മരിച്ചു." ലാവ്റോവിന്റെകൂടെ താമസിച്ചിരുന്ന തുന്നൽക്കാരൻ മെഡ്നിക്കോവ് പ്രസ്താവിച്ചു. മെലിഞ്ഞ ഒരു വൃദ്ധൻ, ഒരു ഭക്തൻ, ദൈവമാതാവിനെക്കുറിച്ചുള്ള സ്തുതികളെല്ലാം അയാൾക്കു ഹൃദിസ്ഥമാണ്. മെഡ്നിക്കോവ് കൃത്യമായി തന്റെ മക്കളെ ശിക്ഷിക്കും. പതിനേഴവയസ്സായ ഒരു പെൺകുട്ടിയും പതിനൊന്നു വയസ്സായ ഒരാൺകുട്ടിയും. കുട്ടികളെ അയാൾ മൂന്നു പട്ടയുള്ള കൊരടാവുകൊണ്ടാണ് അടിക്കുക. ഭാര്യയെ മീൻകാലിന്നു പിന്നിൽ ഒരു മുളവടി കൊണ്ടും അടിക്കും. അയാൾ പലപ്പോഴും ആവലാതിപ്പെട്ടു. "ന്യായാധിപൻ എന്നെ താക്കീതുചെയ്തു. എന്റെ ഈ സമ്പ്രദായം ചൈനക്കാരിൽ നിന്നും ഞാ

ൻ കണ്ടുപഠിച്ചതാണതെ. ഞാൻ ജീവിതത്തിൽ ഒരു ചൈനക്കാരനേയും കണ്ടിട്ടില്ല. ഒരു ചൂണ്ടുപലകയിൽ ചൈനക്കാരന്റെ ഒരു ചിത്രം കണ്ടതേയുള്ളൂ."

മെഡ്നിക്കോവിന്റെ ഷാപ്പിലുള്ള ഒരു കുട്ടി, യാതൊരുല്ലാസഭാവവും ഇല്ലാത്ത "ഡുക്കായുടെ ഭർത്താവ്" "എന്ന വികടപ്പേരിൽ അറിയപ്പെട്ടിരുന്ന, ഒരു വട്ടക്കാലനായ കുട്ടി, തന്റെ മുതലാളിയെക്കുറിച്ച് പറഞ്ഞതിങ്ങനെയാണ്.

"പ്രകൃത്യാ സാധുശീലമുള്ള മതഭക്തന്മാരുണ്ടല്ലോ. അവരെ പേടിക്കണം. തെമ്മാടികളില്ലെ, അവർ എന്തുമാതിരിക്കാരാണെന്നറിയാമല്ലോ. അവരിൽനിന്നും ഒഴിഞ്ഞുപോകാൻ അവസരം ലഭിക്കുകയും ചെയ്യും. എന്നാൽ ഈ സാധു പ്രകൃതിക്കാർ, അവർ, നിശ്ശബ്ദമായി, പച്ചപ്പുല്ലിന്മേൽ കൂടി പാമ്പിഴഞ്ഞു കയറുംപോലെ ഇഴഞ്ഞുവന്നു, ഓർക്കാപ്പുറത്തു വ്യഥയെത്തിന്നുതന്നെ പെട്ടെന്നാഞ്ഞു കടിച്ചുകളയും. ഇത്തരക്കാരെയാണ് എനിക്ക് വലിയ ഭയം. ഈ സാധുക്കൾ.

"ഡുക്കായുടെ ഭർത്താവ്" സാധു പ്രകൃതിക്കാരനാണ്. മെഡ്നിക്കോവിനോട് മറ്റു പ്രവൃത്തിക്കാരുടെ കുറങ്ങളം പറഞ്ഞുകൊടുക്കുന്ന സ്വന്തക്കാരനാണ്. എന്നാൽ അയാൾ പറയുന്നതു സത്യമായിരിക്കും.

ചിലപ്പോൾ എനിക്കുതോന്നാറുണ്ട് ഈ സാധുക്കൾ കൽപ്പായൽപോലെ ജീവിതത്തിന്റെ വ്യഥയത്തിൽ പറ്റിനിന്ന് തടിച്ചുകൊഴുക്കുകയാണെന്ന്--ജീവിതത്തിന്റെ ഇഴകൾ അവർ അഴിച്ചുവിട്ടും, കൂടുതൽ മാർദ്ദവമാക്കും. കൂടുതൽ ഫലഭ്രയിഷ്ഠവുമാക്കും. എന്നാൽ അവരുടെ ആധിക്യ

വും, നീചതപത്തിന്നോടൊത്തു ജീവിക്കാനുള്ള അവരുടെ കഴിവും വഴതിക്കളിക്കുന്ന അവരുടെ ചാപല്യവും തുടച്ചയായുള്ള അവരുടെ ആവലാതികളും മനസ്സിലാകുമ്പോൾ എനിക്ക് അനുഭവപ്പെട്ടും. ഞാൻ ഒരുക്കൂട്ടം പോത്തുകളുടെ ഇടയിൽപ്പെട്ടുപോയ ഒരു സാധുക്കുതിരയാണെന്ന്.

ഇത്തരം ചിന്തകളാണ് പോലീസുകാരന്റെ വീട്ടിൽ നിന്നും തിരിച്ചുവരുമ്പോൾ എന്റെ മനസ്സിൽ തിങ്ങി നിന്നതു്.

ഒരു കാറ്റ് ചെറുതായനങ്ങുന്നുണ്ട്, തെരുവിലെ വിളക്കുകളുടെ തീനാളങ്ങൾ കുറഞ്ഞൊന്നു ചലിപ്പിച്ചും കൊണ്ട് ഇളകിക്കൊണ്ടിരുന്ന ആകാശം, പൊടിനിറഞ്ഞു കിടക്കുന്ന ഭൂമിക്കുമീതെ, മഴത്തുള്ളികൾ അല്പാല്പമായി വിതറുകയാണെന്നും തോന്നി. നനഞ്ഞുവീർത്ത ഒരു വേശ്യ, കുടിച്ചു മത്തനായ ഒരു പുരുഷനെ വലിച്ചിഴച്ചുംകൊണ്ട് എന്റെ മുമ്പിൽ, തെരുവിൽക്കൂടി പോകുന്നുണ്ട്. വിങ്ങിക്കരഞ്ഞുകൊണ്ട അയാൾ എന്തോ പിറുപിറുത്തു. ആ സ്ത്രീ ക്ഷീണം ഭാവിച്ചു പറഞ്ഞു.

"ഇതൊക്കെ വിധിയാണ്."

"അതാണു ശരി" ഞാൻ വിചാരിച്ചു. "എന്റെയും നില അതുതന്നെയാണ്. എന്നെയും ആരോ അങ്ങിനെ വലിച്ചുകൊണ്ടു പോകയാണ്. വൃത്തികെട്ട സ്ഥലങ്ങളിൽ തള്ളിയിടപ്പെട്ടും. നീചതപത്തേയും ദുഃഖത്തേയും നേരിടാൻ നിർബന്ധിക്കപ്പെട്ടും, പലതരത്തിലുള്ള സ്ത്രീകളുമായും പുരുഷന്മാരുമായും പെരുമാറാൻ ശാസിക്കപ്പെട്ടും, ഞാൻ അങ്ങിനെ നീങ്ങുകയാണ്. എനിക്കും വല്ലാത്ത ക്ഷീണം ബാധിച്ചിട്ടുണ്ട്.

ഒരുപക്ഷേ ഇതെ വാക്കുകളിൽ എന്റെ ചിന്തകൾ ചിത്രീകരിക്കാൻ പറ്റിയില്ലെന്നുവരാം. എന്നാൽ ആ നിമിഷ സന്ദർഭത്തിൽ, എനിക്കു തോന്നിയ ചിന്തകളുടെ ചുരുക്കം അതായിരുന്നു. അപ്പോഴാണു് എനിക്കു ആത്മാവിൽ തോന്നിയ ക്ഷീണം ആദ്യമായനുഭവപ്പെട്ടതു്. അന്നു മുതൽക്കു എന്റെ മനസ്സിടിവു് വർദ്ധിച്ചു. അകലെനിന്നു നോക്കുന്ന ഒരാളുടെ ദൃഷ്ടിയോടെ, ഞാൻ എന്നെ വീക്ഷിക്കാൻ തുടങ്ങി; യാതൊരനുകമ്പയുമില്ലാത്ത എതിർ മനോഭാവത്തോടുകൂടിയ മറെറാരാളുടെ വീക്ഷണത്തോടെ.

എല്ലാ മനുഷ്യരുടേയും ഹൃദയത്തിൽ, അവ്യവസ്ഥിതമായ ഇങ്ങിനെയുള്ള വൈരുദ്ധ്യങ്ങൾ അലതല്ലുന്നുണ്ടായിരിക്കണമെന്നു ഞാൻ മനസ്സിലാക്കി. വാക്കും പ്രവൃത്തിയും തമ്മിലുള്ള വൈരുദ്ധ്യം മാത്രമല്ല. വികാരങ്ങൾ തമ്മിലുള്ള വൈരുദ്ധ്യവും. വികാരങ്ങളുടെ വൈരുദ്ധ്യമാണു് എന്നെ അപ്പോൾ വല്ലാതെ അലട്ടിയിരുന്നതു്. എന്റെ ആത്മാവിലും ഈ നാടകം നടക്കുന്നതായി ഞാൻ കണ്ടു–അതാണു് ഏറെറവും മോശമായതു്. ഞാൻ എല്ലാ വശത്തേക്കും വലിച്ചിഴക്കപ്പെട്ടുകയാണു്. സ്ത്രീകളുടെ പേരിലും പുസ്തകങ്ങളുടെ പേരിലും എനിക്കു മമത തോന്നുകയാണു്. തൊഴിലാളികളുടെപേരിലും ഉല്ലാസശാലികളായിക്കഴിയുന്ന വിദ്യാർത്ഥികളുടെപേരിലും. എന്നാൽ ഈ താല്പര്യങ്ങൾ തൃപ്തിപ്പെടുത്തുവാൻ, എനിക്കവസരം ലഭിച്ചില്ല. ഞാൻ ഒന്നിൽനിന്നു, മറെറാന്നിലേക്കു നീക്കപ്പെട്ടു. പുറത്തിരിയുന്ന ഒരു പമ്പരത്തെപ്പോലെ–അജ്ഞാതമായ ഒരു ഹസ്തം അദൃശ്യമാണെങ്കിലും, ബലിഷ്ഠമായ ഒരു ഹസ്തം, അദ്ദ

ശമ്യായ ഒരു കൊരടാവുകൊണ്ട്, എന്നെ മുന്നോട്ട, മുന്നോട്ട് അടിച്ചുതള്ളുന്നതായെനിക്കു തോന്നി.

യാക്കോവ് ഷപ്പോഷ് നിക്കോവിനെ ആസ്പത്രിയിലേക്കു കൊണ്ടുപോയിട്ടുണ്ടെന്നു അറിഞ്ഞു ഞാൻ, അദ്ദേഹത്തെ കാണാൻ ആസ്പത്രിയിൽ ചെന്നു. എന്നാൽ കൊഴുത്തു തടിച്ച, കണ്ണടവെച്ച, മത്സ്യത്തിന്റെ മുഖം പോലെയുള്ള വായയുള്ള, തലയിൽ വെളുത്ത ഉറുമാൽ ചെവി മടക്കിക്കെട്ടിയ ഒരു സ്ത്രീ എന്നോടലക്ഷ്യമായി ഇങ്ങിനെ പറഞ്ഞു:

"അദ്ദേഹം മരിച്ചുപോയി."

ഞാൻ തിരികെ വരാതെ അവിടെത്തന്നെ ഒന്നും മിണ്ടാതെ അവരുടെ വഴി തടസ്ഥപ്പെടുത്തിനില്ക്കുന്നതായികണ്ടപ്പോൾ, അവൾക്കു ക്രോധം വന്നു. അവർ എന്നെ ശാസിച്ചു!

"ശരി, പിന്നെ എന്തുവേണം."

എനിക്കും ക്രോധം വന്നു. ഞാൻ പറഞ്ഞു.

"നിങ്ങൾ ബുദ്ധിയില്ലാത്ത ഒരു വിഡ്ഢിയാണ്."

"നിക്കോലായി ഇവനെ പിടിച്ചു പുറത്താക്കൂ."

നിക്കോലായി തുണിക്കഷണങ്ങൾ കൊണ്ട് ഏതോ ചില ഇരുമ്പു കവചികൾ തുടച്ചു വെടിപ്പാക്കുകയായിരുന്നു. പിറുപിറുത്തുകൊണ്ടയാൾ ഇരുമ്പു കവചികളിൽ ഒന്നെടുത്ത് എന്റെ പുറത്തു് ആഞ്ഞൊന്നടിച്ചു. ഞാൻ അയാളെ ശക്തിയിൽ എടുത്തു പൊക്കി വാതിലിന്നു വെളിയിൽ കൊണ്ടു വന്നു, ആസ്പത്രിയിൽ കയറിപ്പോകുന്ന പടവുകൾക്കു താഴെ ഒരു ചളിക്കുണ്ടിൽ ഇരുത്തി. അയാൾ ഒരു ത

രത്തിലും എതിർത്തില്ല. ഒന്നു രണ്ടു നിമിഷങ്ങളോളം അയാൾ അവിടെത്തന്നെ ഇരുന്നു. ഒന്നും മിണ്ടാതെ എന്നെ തുറിച്ചുനോക്കിയും കൊണ്ട്. പിന്നെ എഴുന്നേറ്റു നിന്ന് അയാൾ പറഞ്ഞു:

"ഹ്.....ന്റെ മോൻ"

ഞാൻ ഡെർഴാമിൽപാക്കിൽ ചെന്നു. അവിടെ മഹാകവി സ്മാരകത്തിന്നടുത്തിരുന്നു. വൃത്തികെട്ട പരിഹാസ്യമായ വല്ലതും ചെയ്യേണ്ടമെന്നു എനിക്കതിയായ ആഗ്രഹം തോന്നി. ആളുകൾ എന്നാൽ എന്നെ ആക്രമിക്കും. അപ്പോൾ എനിക്കു അതു കാരണം പറഞ്ഞു അവരെ തിരിഞ്ഞെതിർക്കുകയും ചെയ്യാമല്ലൊ എന്നു ഞാൻ ആശിച്ചു. അതു പ്രവൃത്തി ദിവസമായിരുന്നില്ലെങ്കിലും പാർക്കിൽ ആരും ഉണ്ടായിരുന്നില്ല. നിരത്തിന്മേലും പരിസരത്തിലും ഒരു ജീവിയേയും കാണാനില്ല. കാറ്റടിച്ചു, കരിയിലകൾ പറക്കുന്നുണ്ട്. വിളക്കുകാലിൽ പതിച്ചിരുന്ന ഒരു പരസ്യക്കടലാസ്സ് ഇളകുന്നുണ്ട്.

ഇരുട്ടു വർദ്ധിച്ചു. വായുവിനു തണുപ്പു കൂടി. ആകാശം ഇരുണ്ടു നീലിമ വർദ്ധിച്ചു. കവിയുടെ പ്രതിമ എന്റെ സമീപത്തു് ഒരു വലിയ പിച്ചളകൊണ്ടുള്ള ബിംബം പോലെ തലയുയർത്തിനിന്നു. പ്രതിമയുടെ നേരെ നോക്കിക്കൊണ്ടിരിക്കെ എനിക്കു തോന്നി. "ഇവിടെ ഈ ഭൂമിയിൽ ഒരു മനുഷ്യൻ ജീവിച്ചിരുന്നു—യാക്കോവു്—ഏകാകിയായ ഒരു മനുഷ്യൻ. തന്റെ സകല ശക്തികളും ഉപയോഗിച്ചു്, ദൈവത്തോടു് പോരടിച്ച ഒരു മനുഷ്യൻ. അയാളും സാധാരണ ആളെപ്പോലെ തന്നെ. അതോർത്തപ്പോൾ എനി

ക്ക് വലിയ ഒരപമാനം തോന്നി. സഹിക്കാൻ വിഷമമുള്ള ഒരു ചിരി എന്നിൽ അങ്കുരിച്ചു.

അതു നിക്കോലായിയാണെങ്കിൽ ഒരു മഠയനാണ്. അവൻ എന്നോടെതിർക്കേണ്ടതായിരുന്നു. അല്ലെങ്കിൽ പോലീസ്സിനെ വരുത്തി എന്നെ ജയിലിലേക്കയക്കേണ്ടതായിരുന്നു.

ഞാൻ റബ്സ്റ്റോവിനെ കാണാൻപോയി. ഒരു ചെറിയ വിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ തന്റെ ഇട്ടങ്ങിയ മുറിയിൽ, മേശക്കരികെ കുനിഞ്ഞിരുന്നു, അയാൾ തന്റെ കുപ്പായം തുന്നി ശരിപ്പെടുത്തുകയായിരുന്നു.

"യാക്കോവ് മരിച്ചുപോയി"

വൃദ്ധൻ സൂചി പിടിച്ചിരിക്കെതന്നെ തന്റെ കൈയുയർത്തി. അദ്ദേഹം കുരിശുവരക്കാൻ ഭാവിച്ചതായിരിക്കണം. എന്നാൽ പെട്ടെന്നാ ഉദ്യമത്തിൽനിന്നും പിൻവാങ്ങി. തുടർന്നു എന്തോ ഒന്നിൽ കുടുങ്ങി. അദ്ദേഹം സാവധാനം, വൃത്തികെട്ട ഒരു ശാപവാക്കുച്ചരിച്ചു.

കുറച്ചു കഴിഞ്ഞപ്പോൾ അദ്ദേഹം പതുക്കെ പറഞ്ഞു.

"അങ്ങിനെ പറഞ്ഞാൽ, നമ്മളെല്ലാവരും തന്നെ തക്കസമയത്തു മരിക്കും. അതുകൊണ്ടെല്ലാമുള്ള ഒരു ഉത്കണ്ഠമാണത്. അതെ, അങ്ങിനെയാണു കാര്യത്തിന്റെ നില്പ്. യാക്കോവ്—അവൻ മരിച്ചുപോയി. ശരി—ഇവിടെ ഒരു ചെമ്പോട്ടി ഉണ്ടായിരുന്നു. അയാളും മരിച്ചുപോയി. ഇക്കഴിഞ്ഞ ഞായറാഴ്ച. പോലീസ്സുകാരൻ അയാളെ പിടിച്ചു. തുരിപരിചയപ്പെടുത്തിയിട്ടാണു ഞാൻ അയാളെ അ

റിയാൻ ഇടയായതു്. ആ ചെമ്പുപണിക്കാരൻ നല്ല സമ ത്ഥനായിരുന്നു. വിദ്യാത്ഥികളുമായി വലിയ അടുപ്പത്തി ലായിരുന്നു. ആ വിദ്യാത്ഥികളില്ലെ അവരെല്ലാം ചേന്നു ഒരു ബഹളം ഉണ്ടാക്കുകയാണതെ. നീ അതേപ്പററി കേ ട്ടോ? നോക്കു, ഈ കൂപ്പായം ഒന്നു തുന്നിത്തരു. എനി ക്കു ശരിക്കു കാണുന്നില്ല."

അയാളം കീറിയ ആ കൂപ്പായം എന്റെ കയ്യിൽ ത ന്നു. സൂചിയും നൂലും തന്നു. ഇടക്കിടെ മുമ്മൂം കൈ ര ണ്ടും പിന്നിൽ പിണച്ചുവെച്ചും മുറിയിൽ അങ്ങോട്ടും ഇ ങ്ങോട്ടും നടന്നും അദ്ദേഹം പിറുപിറുത്തു.

"ഇടക്കിവിടെ, ഇടക്കവിടെ, ഒരു തീനാളം കത്തി ഉ യരുന്നു. പിന്നെ—ചെകുത്താൻ അതു ഊതിക്കെടുത്തുന്നു. വീണ്ടും അതു തന്നെ ആവത്തിക്കുന്നു. ഭാഗ്യംകെട്ട ഒരു നഗരമാണിതു്. പുഴയിൽ വെള്ളം ഉറച്ചു കട്ടിയാകുന്നതി ന്നു മുമ്പു എന്റെ കഥയും കഴിയും."

അയാളം പെട്ടെന്നു നിന്നു. തന്റെ പൂമൊട്ടയിൽ ചൊറിഞ്ഞുംകൊണ്ടു് അയാളം ചോദിച്ചു.

"ഞാൻ പോകുന്നു—എവിടേക്കു്. ഞാൻ കാണാ ത്ത സ്ഥലം എവിടേയും ഇല്ല. ഒരൊറ്റ സ്ഥലവും ഇല്ല. അതെ—ഞാൻ ധാരാളം ചുററിനടന്നിട്ടുണ്ടു്. അങ്ങിനെ പരവശനായിത്തീരുകയും ചെയ്തു. അതാണെനിക്കുണ്ടായ സന്ദാദ്യം."

അദ്ദേഹം കാക്കിച്ചുരുട്ടി. ഇങ്ങിനെ തുടന്നു.

"ജീവിതം—നശിച്ച ജീവിതം..... ജീവി ക്കുക. പണിയെടുക്കുക; കഷ്ടപ്പെടുക എന്നിട്ടെന്തു്? ഒരു നേട്ടവും ഇല്ല. ആത്മാവിന്നുമില്ല ദേഹത്തിന്നുമില്ല."

അദ്ദേഹം തെല്ലിട ഒന്നും പറഞ്ഞില്ല. പിന്നെ വാതിലിന്നടുത്തു ഒരു മൂലയിൽപോയി എന്തോ ശ്രദ്ധിക്കുന്നതുപോലെ നിന്നു. പിന്നെ പെട്ടെന്ന് അദ്ദേഹം മുറിയിൽ വിലങ്ങനെ നടന്നു. എന്റെ അരികിൽ, മേശയുടെ വക്കിൽ ചാരിയിരുന്നു.

"ഞാൻ പറയുന്നതിതാണ്. എന്റെ പ്രിയപ്പെട്ട അലക്സെയിമെക്സിമിക്ക്, യാക്കോവ് ദൈവത്തിന്റെ പേരിൽ തന്റെ വ്യവഹാരം അങ്ങിനെ നശിപ്പിച്ചതു് വെറുതെയാണ്. ദൈവം ആരെയും നന്നാക്കുകയില്ല, സാറിനെപ്പോലും. ഞാൻ അവരെയെല്ലാം തള്ളിപ്പറഞ്ഞാലും കാര്യമിതാണ്, ആളുകൾ സ്വന്തംപേരിൽ അമർഷം തോന്നി, നശിച്ച സ്വന്തം ജീവിതത്തെ നോക്കി "ഇല്ല" എന്നുറപ്പിച്ചുപറയണം. അതാണ് കാര്യം. എന്തെ? ഞാൻ ഒരു വൃദ്ധനാണ്. വളരെ വൈകിപ്പോയി ഞാൻ പിറക്കുമ്പോൾ — ഞാൻ തികച്ചും അന്ധനാകാൻ ഇനി വളരെയൊന്നും വേണ്ടിവരില്ല. അതു വലിയ കഷ്ടമാണ് സഹോദരാ. ശരി ആ കുപ്പായം തുന്നി ശരിയാക്കിയോ? വളരെ ഉപകാരം നമുക്ക് ഷാപ്പിൽപോയി അല്പം ചായ കഴിക്കാം."

ഷാപ്പിലേക്കു പോകുമ്പോൾ തടഞ്ഞുവീണ് താങ്ങായി എന്റെ ചുമലിൽ പിടിച്ചുംകൊണ്ട്, അദ്ദേഹം തുടർന്നു.

"എന്റെ ഈ വാക്കുകൾ പ്രത്യേകം ശ്രദ്ധിക്കണം ജനങ്ങളുടെ ക്ഷമക്കൊരതിരുണ്ട്. ഏതെങ്കിലും ഒരു നാൾ അതിന്നൊരതിരുകാണും. അവർ രോഷാകുലരാകും. അവർ എല്ലാം നശിപ്പിക്കാൻ തുടങ്ങും. എല്ലാം അവർ തകർത്തുതരിപ്പണമാക്കും. ജനങ്ങളുടെ ക്ഷമക്കൊരതിരുണ്ട്."

ഞങ്ങൾ ചായക്കടയിൽ എത്തിയില്ല. ഒരുക്കൂട്ടം കടൽ പ്രവർത്തിക്കാർ, ഒരു വേശ്യാലയം ആക്രമിക്കുകയായിരുന്നു. ആൽഫ്സോവ് മില്ലിലെ തൊഴിലാളികൾ ഈ ആക്രമത്തെ ചെറുത്തുനിൽക്കുകയാണ്.

"എല്ലാ ഒഴിവുദിവസവും ഇവിടെ ഇങ്ങിനെ അടിപിടികൾ നടക്കും. തന്റെ കണ്ണട കയ്യിൽഎടുത്തു റുബട്സോവ് അഭിപ്രായപ്പെട്ടു. ചെറുത്തുനില്ക്കുന്നവരുടെ കൂട്ടത്തിൽ സ്വന്തം ചങ്ങാതികളും ഉള്ളതായികണ്ടപ്പോൾ അയാൾ അവരുടെ പക്ഷം ചേർന്നു എല്ലാവരെയും പ്രോത്സാഹിപ്പിച്ചു.

"വിടല്ലെ, നെയ്ത്തുകാരെ, ആ തവളകളെ ചതച്ചു കൊല്ലണം....."

അദ്ദേഹത്തിന്റെ ആവേശം വളരെ അസാധാരണമായിരുന്നു. സമർത്ഥനായ ആ വൃദ്ധൻ, അടിപിടി കൂടിക്കൊണ്ടിരുന്ന തോണിക്കാരുടെ ഇടയിൽ, കടന്നുകയറുന്നതു കണ്ടപ്പോൾ എനിക്കു കൌതുകം തോന്നി. അദ്ദേഹം എതിരാളികളുടെ ഇടി തട്ടുന്നു. വളരെ വേഗത്തിൽ ചുമൽ കൊണ്ടു് ഇടവും വലവും തള്ളി അയാൾ ആളുകളെ നിലം പൊത്തിച്ചു. ആളുകൾ വലിയ ഉത്സാഹത്തോടെയാണ് ബഹളം കൂട്ടുന്നതു്. കായ്മായ പകയൊന്നും തോന്നാതെ ഒരു തമാശയെന്നോണം. സ്വരൂപിച്ചുനില്ക്കുന്ന ചൈതന്യം ചിലവാക്കാനെന്നപോലെ. കൂത്ത കൂറേ ദേഹങ്ങൾ കൊണ്ടുള്ള ആ മതിൽ, മിൽ തൊഴിലാളികൾ പിന്നോക്കം തള്ളിമാറ്റി. ആ വലിയ ഗേറ്റ് ഞെരുങ്ങാൻ തുടങ്ങി. സന്തോഷപ്രദമായ വിളികൾ ചുറ്റും മുഴങ്ങി.

"ആ പൂമൊട്ടത്തലയനെ പിടിക്കിൻ." ആക്രമികളിൽ രണ്ടുപേർ തട്ടിൻപുറത്തുകയറി, അകഷ്ടകമായ സ്വരത്തിൽ പാട്ടുപാടി. പോലീസുകാരന്റെ വിസിൽവിളി അകലെ മുഴങ്ങി. ഇരുട്ടിൽ അയാളുടെ പിച്ചളക്കുടുക്കുകൾ മിന്നി. അയാളുടെ കാലിൽ തട്ടി ചളി നാലുപാടും ചിതറി.

തട്ടിൻപുറത്തുനിന്നുമുള്ള രാഗാലാപം തുടർന്നു.

"കീഴടങ്ങരുത്. വീണുകിടക്കുന്ന ഒരു ആളെ അങ്ങനെ അടിക്കുകയോ?."

"വലിയച്ഛാ അതാ സൂക്ഷിച്ചോളൂ."

ഒടുവിൽ കുബ്ട്സോവിനെയും എന്നെയും നാലഞ്ചു ആളുകളോടൊപ്പം—ശത്രുക്കളും മിത്രങ്ങളും ആയ നാലഞ്ചു ആളുകളോടൊപ്പം—പോലീസ്സ് സ്റ്റേഷനിലേക്കു കൊണ്ടുപോയി. ആ ഹേമന്തരാവിന്റെ പ്രശാന്തതയിൽ ആ ഗാനത്തിന്റെ ആഹ്വാനം ഞങ്ങളുടെ പിറകിൽനിന്നും ഒഴുകിവന്നു.

"വോൾഗയുടെ കരയിൽ ജനിച്ചിട്ടുള്ള ആളുകളെ ജയിക്കാൻ സാദ്ധ്യമല്ലാ." ചോരതുപ്പി പരുക്കേറ്റ മൂക്കിൽക്രുദ്ധി ചീറ്റി കുബ്ട്സോവ് വളരെ ആവേശത്തോടെ പ്രഖ്യാപിച്ചു. എന്റെ ചെവിയിൽ അയാൾ ഇങ്ങനെ മന്ത്രിച്ചു.

"നീ ഇതിൽ കുടുങ്ങരുത്—തഞ്ചം നോക്കി മാറിക്കളയൂ. നീ എന്തിന്നു വേണ്ടി ലോക്കപ്പിൽ അടയ്ക്കപ്പെടണം?"

ഒരു വശത്തെ തെരുവിലേക്കു ഞാൻ പെട്ടെന്നൊരോട്ടം. ഒരു മെലിഞ്ഞ തോണിക്കാരൻ എന്റെ മാതൃക സ്വീകരിച്ചു. ഞങ്ങൾ ഒരു വേലി ചാടിക്കടന്നു. തുടർന്നു മ

റെറാരു വേലിയും പിന്നിട്ടു. സ്നേഹിക്കാൻകൊള്ളുന്ന സമ ത്ഥനായ എന്റെ സ്നേഹിതൻ നിക്കിറാ രുബ്ട്സോവു മായി ഞാൻ എന്നേക്കുമായി അവിടെ വെച്ചു പിരിഞ്ഞു.

എന്റെ ജീവിതം ക്രൂരതൽ ക്രൂരതൽ ശൂന്യമായി. വി ദ്യാർത്ഥികളുടെ ഇടയിൽ ഇളക്കം ആരംഭിച്ചു. എനിക്കതി ന്റെ അർത്ഥം മനസ്സിലായില്ല, അതിന്റെ കാരണങ്ങളും ലക്ഷ്യങ്ങളും വ്യക്തമായില്ല. അതിന്റെ പിന്നിലുണ്ടായി രുന്ന രഹസ്യാത്മകമായ സമരം എനിക്കു കാണുവാൻ കഴി ഞ്ഞില്ല. സ്വന്തകലാശാലയിൽ ചേർന്നു പഠിക്കാൻ സാധി ക്കുമെങ്കിൽ, എന്തു ദുരിതവും സഹിക്കാമെന്നു എനിക്കു തോന്നി. ആരെങ്കിലും എന്നോട് ഇങ്ങിനെ പറയുന്നു എ ന്നു വിചാരിക്കുക.

"നിനക്കു പഠിക്കാം–എന്നാൽ അങ്ങിനെ വേണമെ ങ്കിൽ എല്ലാ ഞായറാഴ്ചയും നിന്നെ നിക്കോലാ യെവ്സ്ത്രാ സ്റ്റോയറിൽവെച്ചു നിത്യം ഭേദ്യം ചെയ്യും"–ഈ നിർദ്ദേശം ഞാൻ തീർച്ചയായും സ്വീകരിക്കും.

സെമ്യനോവിന്റെ അപ്പുക്കുട്ടിൽ ചെന്നപ്പോൾ എ നിക്കു മനസ്സിലായി, അവിടെയുള്ള തൊഴിലാളികൾ സ്വന്ത കലാശാലയിലേക്കു, പോകാൻ ഒരുങ്ങുകയാണെന്ന്, വി ദ്യാർത്ഥികളെ അടിക്കാൻ "നാം ഘനമുള്ള വല്ലതും കൂടെ കൊണ്ടുപോകണം" അപ്പുക്കുട്ടിലെ തൊഴിലാളികൾ, ഉല്ലാ സംനിറഞ്ഞ പകയോടെ പ്രസ്താവിച്ചു.

ഞാൻ അവരെ അവരുടെ ഉദ്യമത്തിൽനിന്നും വിരമി പ്പിക്കാൻ ശ്രമിച്ചു. എന്നാൽ പെട്ടെന്നു എനിക്കു ബോ ദ്ധ്യമായി, വിദ്യാർത്ഥികളുടെ പക്ഷംപിടിച്ചു സംസാരിക്കാൻ എനിക്കു യാതൊരു കാരണവും ഇല്ലെന്നു.

ഞാൻ ഓമ്മിക്കുന്നു, കരം കരണ്ടതിനുന്ന ഒരു വല്ലാത്ത വേദനയോടുകൂടിയാണു് ഞാൻ ആ സ്ഥലംവിട്ടു പോയതു്.

രാത്രി വളരെ വൈകുന്നതു വരെ, ഞാൻ കാവേരി നദിയുടെ കരയിൽ ചിന്താഗ്രസ്തനായിരുന്നു. ഞാൻ പുഴയിലെ വെള്ളത്തിൽ കല്ലുകളം എറിഞ്ഞും, ഒരേ വിഷയത്തെക്കുറിച്ചു, ഒരേവാചകത്തിൽ ഇങ്ങിനെ ചിന്തിച്ചു.

"ഞാൻ എന്തു ചെയ്യും"

ഈ ശൂന്യതയിൽ നിന്നും രക്ഷനേടണം, ഞാൻ വീണ വായിക്കാൻ പഠിച്ചു. രാത്രി ഞാൻ വീണവായിക്കും. കാവൽക്കാരനും എല്ലാ അയൽകാരും ഒരു ശല്യമായി ഞാൻ. എനിക്കു് സംഗീതം ഇഷ്ടമാണു്. ഈ പുതിയ പ്രവർത്തനത്തിൽ ഞാൻ തികച്ചും സന്തോഷം ദർശിച്ചു. ഒരു രാത്രി ഞാൻ പാഠങ്ങളം നോക്കിക്കൊണ്ടിരിക്കെ ഷാപ്പിൽ നിന്നും തെല്ലിട വെളിയിലേക്കു പോയി. എന്റെ ഗുരുനാഥൻ അയാളം നാടകശാലയിലെ ഗായകസംഘത്തിൽ ഒരാളായിരുന്നു— ഞാൻ പണം സൂക്ഷിക്കാനുണ്ടായിരുന്ന മേശയുടെ വലിപ്പു തുറന്നു. ഞാൻ വലിപ്പു പൂട്ടാൻ വിട്ടുപോയിരുന്നു. ഞാൻ തിരികെ വന്നപ്പോൾ അയാൾ തന്റെ കീശയിൽ പണം കുത്തിത്തിരുകുന്നതായി കണ്ടു. അയാൾ തന്റെ ശിരസ്സു് മുന്നോട്ടു നീട്ടി. എന്നെ കണ്ടമാത്രയിൽ തന്റെ മുഖം എന്റെ പ്രഹരമേൽക്കാൻ കാണിച്ചുതരുന്നതുപോലെ, ശാന്തമായയാൾ പറഞ്ഞു:

"ശരി—എന്നെ പ്രഹരിച്ചോളൂ"

അയാളുടെ മുണ്ടുകൾ വിറക്കുന്നുണ്ടായിരുന്നു. ഒരു നിറവുമില്ലാത്ത അയാളുടെ കണ്ണുകളിൽനിന്നു വലിയ കണ്ണുനീർ തുള്ളികൾ ഇറ്റിറ്റു വീണു.

അയാളെ ആശ്ലേഷിക്കാൻ എനിക്കു കലശലായ ആഗ്രഹം തോന്നി. അങ്ങിനെ ചെയ്യാതിരിക്കാൻ വേണ്ടി ഞാൻ തറയിൽ അമർന്നു ഇരുന്നുകളഞ്ഞു. ഞാൻ അയാളോടു് പണം തിരികെ മേശവലിപ്പിൽ വെക്കാൻ പറഞ്ഞു. അയാൾ കീശയിൽനിന്നു പണം പുറത്തേക്കെടുത്തു് നേരെ വാതിൽക്കലേക്കു നടക്കാൻ ഭാവിച്ചു; എന്നാൽ പെട്ടെന്നു നിന്നു, വളരെ ഒച്ചയെടുത്തു്, ഭയംതോന്നിക്കുന്ന വിധത്തിൽ ഇങ്ങിനെ പറഞ്ഞു:

"എനിക്കു പത്തു റൂബിൾ തരണം"

ഞാൻ അയാൾക്കു പത്തു റൂബിൾ കൊടുത്തു. അന്നു മുതൽക്കു ഞാൻ എന്റെ സംഗീത പാഠങ്ങൾ നിറുത്തുകയും ചെയ്തു.

ഡിസമ്പറായപ്പോൾ ഞാൻ ആത്മഹത്യചെയ്യാൻ തീരുമാനിച്ചു. ഞാൻ എന്റെ ഒരു കഥയിൽ ഈ തീരുമാനത്തിന്റെ പശ്ചാത്തലം വിവരിക്കാൻ പിന്നീടു് ശ്രമിച്ചിട്ടുണ്ടു്. എന്നാൽ ആ ശ്രമം വേണ്ടത്ര വിജയപ്രദമായി എന്നെനിക്കു തോന്നുന്നില്ല. ആ കഥ ആകർഷകമല്ല, ഹൃദ്യത അതിന്നില്ല. ആന്തരസത്തയുടെ ഈ അഭാവമാണു് ആ കഥയുടെ ഏറ്റവും നല്ല ലക്ഷണം. കാരണം സംഗതികൾ സത്യസന്ധമായി വെട്ടിത്തുറന്നു പറഞ്ഞിരിക്കുകയാണു്. ആ കഥയുടെ വ്യാഖ്യാനം എന്നെ സ്പർശിക്കുന്നില്ല. അതുകൊണ്ടു് ആ കഥതന്നെ എന്നെക്കുറിച്ചാണെന്നു തോ

ന്നുകയില്ല. ആ കഥയുടെ സാഹിത്യപരമായ മൂല്യത്തെ മാറ്റിവെച്ചാൽ, അതു് എന്നെ വളരെ സന്തോഷിപ്പിച്ചിട്ടുണ്ടു്—സ്വയം ജയിക്കുന്നതിന്റെ ഒരു മാതൃകയായിട്ടു്.

* * * *

ഞാൻ നാലു തിരയുള്ള ഒരു കൈത്തോക്കു് വാങ്ങി. എന്റെ നെഞ്ചിലേക്കു ഒരു തിര നേരെ ഒഴിക്കുകയും ചെയ്തു. തിര നേരെ ഹൃദയം തുളക്കട്ടെ എന്നായിരുന്നു, എന്റെ ആഗ്രഹം. എന്നാൽ അതു എന്റെ ശ്വാസകോശത്തിനു മുറിവേല്പിക്കുക മാത്രമെ ചെയ്തുള്ളൂ. ഒരു മാസം കഴിഞ്ഞപ്പോൾ എനിക്കു എന്നെക്കുറിച്ചുതന്നെ വലിയ ലജ്ജ തോന്നി. ഞാൻ വീണ്ടും അപ്പുക്കുട്ടിലെ ജോലിയിൽ തിരികെചെന്നു ചേരുകയും ചെയ്തു.

ഞാൻ വളരെക്കാലം ആ ജോലി തുടർന്നില്ല. മാർച്ചു് മാസം അവസാനത്തിൽ, ഒരുദിവസം വൈകുന്നേരം അപ്പുക്കുട്ടിൽനിന്നും തിരിച്ചുവന്നപ്പോൾ, ഷാപ്പിന്റെ പിന്നുറത്തെ മുറിയിൽ, ജനലിന്നരികെ 'കൊക്കോൾ' ഇരിക്കുന്നതായിക്കണ്ടു. ഒരു തടിച്ച സിഗരറാണു് അയാൾ വലിക്കുന്നതു്. അയാളുടെ ചുറ്റും തങ്ങിനില്ക്കുന്ന പുകനോക്കി അയാൾ ചിന്താഗ്രസ്തനായിരിക്കുകയാണു്.

"കുറച്ചുസമയം സംസാരിക്കാൻ തരപ്പെട്ടുമോ" അഭിവാദ്യങ്ങൾക്കൊന്നും കാത്തുനില്ക്കാതെ അയാൾ കടന്നുചോദിച്ചു.

"ഇരുപതു് മിനിട്ടു്"

"ഇരിക്കൂ എനിക്കു ചിലതു കാര്യമായി സംസാരിക്കാനുണ്ടു്."

എല്ലായ്പോഴുമെന്നപോലെ അയാൾ തടിച്ചുതുണ്ടികൊണ്ടുള്ള തന്റെ കോട്ട് ധരിച്ചിരിക്കയാണു്.

വീതിയുള്ള മാറിൽ അയാളുടെ ഭംഗിയുള്ള താടിരോമം ചിതറി നില്ക്കുകയാണു്. അയാളുടെ ഘനമുള്ള ചെരുപ്പിൽ നിന്നും, താറിന്റെ മണം വമിക്കുന്നുണ്ടു്.

അയാൾ ശാന്തമായങ്ങിനെ സംഭാഷണം ആരംഭിച്ചു. "എന്റെ സ്ഥലത്തുവരാൻ തയ്യാറാണോ? ഞാൻ ക്രാസ്സ്നോവിഡോവ് ഗ്രാമത്തിലാണു് താമസം. വോൾഗയുടെ കരയിൽ 45 നാഴിക താഴോട്ടു്. എനിക്കവിടെ ഒരു ഷാപ്പുണ്ടു്. ഷാപ്പിലെ പ്രവൃത്തിയിൽ എന്നെ സഹായിക്കണം. അധികം സമയം നീ ജോലിചെയ്യേണ്ടതില്ല. എന്റെ വകയായി ഒരു നല്ല ഗ്രന്ഥശേഖരമുണ്ടു്. കുറെ വല്ലതും പഠിക്കുന്നതിൽ എനിക്കു നിന്നെ സഹായിക്കാൻ കഴിയും. ഇതു് സമ്മതമാണോ?

"അതെ"

"വെള്ളിയാഴ്ച രാവിലെ അതുമണിക്കു, കർബെറോവ് ജട്ടിയിൽ എത്തണം. ക്രാസ്സ്നോവിഡോവോവിൽ നിന്നും വരുന്ന ബോട്ടേതാണെന്നു ചോദിക്കുക. ഉടമസ്ഥൻ വാസിലി പാങ്കോവാണു്. ചോദിക്കേണ്ടതായി വരില്ല. നീ എത്തുന്നതിനു മുമ്പായിത്തന്നെ ഞാൻ അവിടെ ഹാജരായിരിക്കും. ശരി, നമസ്കാരം."

എഴുന്നേറ്റു അയാൾ എന്റെ നേരെ കൈനീട്ടി. ഉള്ളിലെ കീശയിൽ നിന്നും ഒരു വലിയ വെള്ളിയുറയുള്ള വാച്ചു് അയാൾ പുറത്തേക്കെടുത്തു് പറഞ്ഞു.

"നാമിപ്പോൾ ആറുമിനിട്ടുകൾ മാത്രമേ സംസാരിച്ചിട്ടുള്ളൂ. അതെ എന്റെ പേരു് റോമാസ്സു് എന്നാണു് — മൈക്കേലോ എന്റെനോവിക്കു്"

അയാൾ തിരിഞ്ഞുനോക്കാതെ സ്ഥലംവിട്ടു. തന്റെ ശക്തിയുള്ളദേഹം, ഘനത്തിൽ സാവധാനം ചലിപ്പിച്ചും കൊണ്ടയാൾ നടന്നുപോയി.

രണ്ടു ദിവസങ്ങൾക്കു ശേഷം ഞാൻ ക്രാസ്സുനോഡൊാവോവിലേക്കു പുറപ്പെട്ടു.

വോൾഗ, അപ്പോൾ മാത്രമെ തികച്ചും സ്വതന്ത്രയായിക്കഴിഞ്ഞിരുന്നുള്ളൂ. ചാരനിറത്തിലുള്ള മഞ്ഞുകട്ടകൾ കലക്കവെള്ളത്തിൽ താഴോട്ടൊഴുകുന്നുണ്ടു്. ഞങ്ങളുടെ ബോട്ടു് ആ മഞ്ഞുകട്ടകളെ വേഗം വേഗം പിന്നിട്ടുപോയി. മഞ്ഞുകട്ടകൾ ബോട്ടിന്റെ പാർശ്വങ്ങളിൽ വന്നടിച്ചു. ചിലപ്പോൾ ബോട്ടിന്നു തട്ടി ചില ശകലങ്ങൾ ദൂരെ തെറിച്ചുവീണു. ശരിയായി കാറുവീശുകയാണു്. തീരങ്ങൾ കരയിൽ അങ്ങോളം അടിച്ചുകയറുന്നുണ്ടു്. നീലനിറത്തിലുള്ള ഐസ്കട്ടകളിൽ തട്ടി, സൂര്യരശ്മി മനോഹരമായി പ്രതിബിംബിച്ചു. ബോട്ടിൽ നിറയെ പെട്ടികളും പീപ്പകളും ചാക്കുകളും കയറ്റിയിട്ടുണ്ടു്. കയറുപായ നിവർത്തിയിരിക്കുകയാണു്. പാങ്കോവാണു് അമരക്കാരൻ, — അയാൾ ഒരു ചെറുപ്പക്കാരൻ കൃഷിക്കാരനാണു്. വേഷം കണ്ടാൽ അല്പമൊരു നാട്യമുള്ളതായിത്തോന്നും. അയാളുടെ തവിട്ടുനിറമുള്ള തോൽകുപ്പായത്തിന്മേൽ, മാറത്തു ചില ചിത്രപ്പണികൾ ചെയ്തിരിക്കുകയാണു്.

പാങ്കോവിന്റെ മുഖം ശാന്തമാണു്. കണ്ണുകൾ നിർജ്ജീവമാണു്. അയാൾ വളരെ മിതഭാഷിയാണു്. ഒരു കൂ

ഷിക്കാരന്റെ മട്ടില്ല. കൊമ്പത്തു ഒരു ഭാഗത്തു പാങ്കോവിന്റെ ക്രൂലിക്കാരനായ, കൃഷ്ണൻ ഇരിക്കുന്നുണ്ടു. കീറിയ ഒരു കോട്ടു ധരിച്ചിട്ടാണു്. വൃത്തികെട്ടവേഷം. അരപ്പട്ട ഒരു കയറിന്റെ കഷണമാണു്. പാതിരിയുടെ പഴയ ഒരു തൊപ്പിയാണു് തലയിൽ ധരിച്ചിട്ടുള്ളതു. കൃഷ്ണന്റെ മുഖത്തു ചതവുകളും പോറുകളും ധാരാളമുണ്ടു. ഐസിൻ കട്ടകളിന്മേൽ തുഴകൊണ്ടു തള്ളി അയാളം നിന്നാപൂർവ്വം അധിക്ഷേപിക്കും.

"ഹോ ദൂരെ—നിങ്ങളെല്ലാം എവിടെ പോകുന്നെന്നാണു് ഭാവം?" കാറ്റുപായക്കു താഴെ അട്ടിവെച്ചിട്ടുള്ള പെട്ടികളുടെ മീതെ ഞാനും റോമസ്സും ഇരുന്നു. ശാന്തമായയാളം പറഞ്ഞു:

"കൃഷിക്കാൾക്കു എന്നെ ഇഷ്ടമല്ല. വിശേഷിച്ചും പണക്കാൾക്കു—അതുകൊണ്ടു നിനക്കും ഈ അപ്രീതിയിൽ ഒരു പങ്കു ലഭിക്കാതിരിക്കയില്ല."

കൃഷ്ണൻ തുഴ കൊമ്പത്തു വിലങ്ങനെവെച്ചു തന്റെ കലകളുള്ള മുഖം ഞങ്ങളുടെ നേരെ തിരിച്ചു, വലിയ സന്തോഷത്തോടെ ഞങ്ങളോടു പറഞ്ഞു:

"പാതിരിയില്ലെ, ആനേറണിക്കു്, അയാളാണു് നിങ്ങളെ ഏറ്റവും അധികം വെറുക്കുന്നതു്."

"അതങ്ങിനെതന്നെയാണു്." പാങ്കോവു് സമ്മതിച്ചു.

"തൊണ്ടയിൽ തറച്ചേറ്റ ഒരെല്ലിൻ കഷണംപോലെയാണു് നിങ്ങൾ അയാൾക്കു "—വസൂരിക്കലയുള്ള പട്ടി!

"പക്ഷെ എനിക്കു ധാരാളം സ്നേഹിതന്മാരും ഉണ്ടു."

കോക്കോൾ തുടർന്നു.

കാറിനു വല്ലാത്ത തണുപ്പ്. മാഘ് മാസത്തെ പ്രകാശവാനായ സൂര്യൻ വേണ്ടത്ര ഊഷ്മാവ് പ്രദാനം ചെയ്യുന്നില്ല. ഇലകളെ കൊഴിഞ്ഞു കരുത്തുനിൽക്കുന്ന വൃക്ഷങ്ങളും, പുഴക്കരയിൽ, കാറ്റിങ്ങിനെ ഉലയുകയാണ്. അങ്ങിങ്ങായി, കുറിക്കാട്ടുകളുടെ തണലിൽ, വില്ലീസ് പോലെ തിളങ്ങുന്ന മഞ്ഞിൽ ശകലങ്ങളും തങ്ങിനിൽക്കുന്നുണ്ട്. പുഴയിൽ അവിടവിടെ മഞ്ഞിൻകട്ടകളും പൊങ്ങിങ്ങിക്കാണാം—മൈതാനത്തു ചെമ്മരിയാട്ടുകളും മേഞ്ഞുനിൽക്കുന്നതുപോലെ. എല്ലാം വെറും സ്വപ്നമാണെന്നെനിക്കു തോന്നി.

തന്റെ കുഴലിൽ പുകയില നിറച്ചു കൃഷ്ണൻ വേദാന്തം പറയാൻ തുടങ്ങി.

"നിങ്ങളുടെ അയാളുടെ ഭാര്യയൊന്നുമല്ലല്ലോ—ആ പാതിരിയുടെ—അയാളുടെ പണി അയാളെ നോക്കട്ടെ അല്ലെ? —എല്ലാ ജീവജാലങ്ങളേയും സ്നേഹിക്കുക, വേദപുസ്തകങ്ങളിൽ പറയുംപോലെ."

"നിങ്ങളുടെ മുഖത്തിങ്ങിനെ മുറിയേൽപിച്ചതാരാണ്?" റോമസ്സ് ചിരി അടക്കിയുംകൊണ്ടു ചോദിച്ചു.

"ആരുമല്ല. കാര്യമായി. ദുസ്വഭാവികളായ ചിലർ, കട്ടനടക്കുകയായിരിക്കണം അവരുടെ ജോലി" കൃഷ്ണൻ വലിയ പുച്ഛഭാവത്തിൽ പറഞ്ഞു. പിന്നെ വലിയ അഭിമാനത്തോടെ അയാൾ തുടർന്നു.

"ഒരിക്കൽ കുറെ പട്ടാളക്കാർ ചേർന്നെന്നെ അടിച്ചു. പീരങ്കിപ്പടയിലെ ചിലർ. ആ അടി ഒരടിയായിരുന്നു. ഞാൻ ജീവനോടെ അവശേഷിച്ചതെങ്ങിനെയാണെന്നു എനിക്കാശ്ചര്യം തോന്നുകയാണ്."

"അവർ എന്തിനാണ് നിങ്ങളെ ആക്രമിച്ചത്?" പാങ്കോവ് ചോദിച്ചു.

"എപ്പോൾ ഇന്നലെയോ..... അല്ല പട്ടാളക്കാരോ?..... "

"ഉം—ഇന്നലെ"

"ഇതു കേട്ടാൽ തോന്നും അവർ എന്തിനാണ് നമ്മുടെനേരെ തിരിയുന്നതെന്നു നമുക്കു മനസ്സിലാകുമെന്ന്. നമ്മുടെ ആളുകളില്ലെ? ഒരു തരം ആളുകളാണ്. ചെറിയ സംഗതികൾക്കുപോലും അവർ തിരിഞ്ഞുകുത്തും. മുഷ്ടിചുരുട്ടി ഇടിക്കുകയാണ് അവരുടെ ജോലി എന്നു തോന്നും."

"എനിക്കു തോന്നുന്നതു" റോമസ്സ് പറഞ്ഞു. "നിങ്ങളുടെ നാക്കിന്റെ നീളം കൊണ്ടാണ്, അവർ നിങ്ങളെ അടിക്കുന്നതെന്നാണ്—നിങ്ങൾ പറയുന്ന വാക്കുകളെക്കുറിച്ചു നിങ്ങൾ അല്പവും ചിന്തിക്കാറില്ല."

"അതങ്ങിനെയെ വരികയുള്ളൂ. എനിക്കെല്ലാം അറിയണം. അതെന്റെ ഒരു ശീലമാണ്. ആളുകളോടു ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരിക്കും. വല്ലതും പുതിയ വിവരങ്ങൾ കേൾക്കുന്നതു എനിക്കൊരു വലിയ രസമാണ്."

ബോട്ടിന്റെ മുൻതല, ഒരു വലിയ ഐസ് കട്ടയിൽ ചെന്നടിച്ചു. മറ്റൊരു വലിയ കഷണം ബോട്ടിന്റെ പാർശ്വത്തിലും വന്നടിച്ചു. കൃഷ്ണൻ തെല്ലിട നിന്നൊന്നാടി. തുഴമേൽ മുറുകെ പിടിച്ചു പാങ്കോവ് അയാളെ ഗുണദോഷിച്ചു.

"നിന്റെ ജോലി. നല്ലപോലെ ശ്രദ്ധിക്കൂ. സ്റ്റീപൻ"

"എന്നാൽ എന്നെക്കൊണ്ടു സംസാരിപ്പിക്കാതിരിക്കണം." കൃഷ്ണൻ ഐസിൻ കട്ടയിൽ അടിച്ചുകൊണ്ടു മറുപടി പറഞ്ഞു. "ജോലി ചെയ്യുകയും നിങ്ങളോടു സംസാരിക്കുകയും, ഇതു രണ്ടും എന്നെക്കൊണ്ടൊപ്പംചെയ്യാൻ സാദ്ധ്യമല്ല."

അവർ രസം പിടിപ്പിക്കുന്ന ഒരു വാക്കത്തിൽ ഏർപ്പെട്ടു. റോമാസ്സ് എന്റെ നേരെ തിരിഞ്ഞു ഇങ്ങിനെ പറഞ്ഞു.

"യൂക്രെയിനിൽ, എന്റെ നാട്ടിലേക്കാൾ നല്ല നിലമാണു ഇവിടങ്ങളിൽ. എന്നാൽ അവിടത്തെ ജനങ്ങൾ കൂടുതൽ നല്ലവരാണു്. കഴിവുള്ളവരാണു്. ബുദ്ധിമാന്മാരാണു്."

ഞാൻ അങ്ങേ അറ്റത്തെ വിശ്വാസത്തോടെ, അയാളുടെ വാക്കുകൾ ശ്രദ്ധിച്ചു. എനിക്കയാളുടെ ശാന്തമായ മട്ടു വളരെ ഇഷ്ടമായി—അയാളുടെ സംഭാഷണത്തിന്റെ സമ്പ്രദായവും. ലളിതമായ വാക്കുകൾ, എന്നാൽ വളരെ ശക്തിയുണ്ടു്. എനിക്കു തോന്നി അയാൾ ധാരാളം വായിച്ചറിവുള്ള ആളാണെന്നു്. മാത്രമല്ല സ്വന്തം സഹജീവികളെ അയാൾ സ്വന്തം മാനദണ്ഡം വെച്ചു തരം തിരിച്ചിരിക്കയാണു്. ഞാൻ ആത്മഹത്യ ചെയ്യാൻ ശ്രമിച്ചതെന്തിനാണെന്നു അയാൾ ചോദിച്ചില്ലെന്നതിൽ എനിക്കു വലിയ സന്തോഷം തോന്നി. അയാളുടെ സ്ഥാനത്തു വേറൊരാളായിരുന്നെങ്കിൽ ഇതിനു മുമ്പുതന്നെ എന്നോടാ ചോദ്യം ചോദിച്ചിരിക്കുമായിരുന്നു. ആ ചോദ്യം കേട്ടു കേട്ടു എനിക്കു മടുത്തുകഴിഞ്ഞു. ആ ചോദ്യത്തിനുത്തരം പറയുന്നതെളുപ്പവുമല്ല. ഞാൻ ആത്മഹത്യചെയ്യാൻ ശ്രമിച്ച

തെന്തിനാണെന്നു ചെകുത്താന്നു മാത്രമെ അറിയുകയുള്ളൂ. കോക്കോം ചോദിക്കുകയാണെങ്കിൽ, ഞാൻ എന്തെങ്കിലും വിഡ്ഢിത്തം പറയും. ഏതായാലും എനിക്കപ്പോൾ, ആ വിഷയത്തെക്കുറിച്ചു ചിന്തിക്കുന്നതിഷ്ടമായില്ല. വോംഗ വളരെ ഭംഗിയുണ്ട്. ആകർഷകമായ പ്രകാശത്തോടെ അങ്ങിനെ ഒഴുകുകയാണു്.

ഞങ്ങളുടെ ബോട്ടു കരയ്ക്കു പറ്റിയുംകൊണ്ടാണു് മുന്നോട്ടു പോകുന്നതു്. ഇടത്തുവശത്തു പുഴയുടെ മുഴുവൻ ഭാഗവും നീണ്ടു കിടക്കുകയാണു്. അക്കരയിലെ പൂഴിപ്രദേശത്തിൽ തള്ളിനിന്നുകൊണ്ടു പൂഴിക്കപ്പുറമുള്ള കുറിക്കാട്ടുകളിൽ വെള്ളമടിച്ചുകയറുംവണ്ണം പുഴയിൽ വേലിയേറ്റം കയറുന്നതായി ഞാൻ ഭാവനയിൽ കണ്ടു. എല്ലാ ആരുവികളിലും, തോട്ടുകളിലും വെള്ളം നിറഞ്ഞുനിൽക്കുന്ന കാഴ്ച ഞാൻ സ്മരിച്ചു.

സൂര്യൻ കീഴോട്ടുനോക്കി പുഞ്ചിരി തൂകുകയാണു്. സൂര്യപ്രകാശത്തിൽ മഞ്ഞനിറത്തിലുള്ള കൊക്കുള്ള കാക്കകൾ നീലിച്ച കറുപ്പായിത്തോന്നുകയാണു്. തുറന്നു നിൽക്കുന്ന തീരപ്രദേശത്തു നല്ല പച്ചനിറത്തിലുള്ള പുല്ലു് സൂര്യനെ തലയുയർത്തിനോക്കുകയാണെന്നു തോന്നി. എന്റെ കാലും കയ്യും മരവിച്ചു. എന്നാൽ എന്റെ ഹൃദയത്തിൽ എനിക്കു ശാന്തമായ ആഹ്ലാദം തോന്നി. പ്രകാശമാനമായ പ്രതീക്ഷകളുടെ ഇളംതളിരുകൾ പൊട്ടിവരുന്നതായിത്തോന്നി. വസന്തകാലത്തു ഈ ലോകം, വളരെ ആഹ്ലാദപ്രദമായ ഒരു സ്ഥലം തന്നെയാണു്.

ഉച്ചസമയത്തു ഞങ്ങൾ ക്രാസ്നോവിഡോവിൽ എത്തി. ഉയർന്നപാറയുടെ കുന്നുപോലെയുള്ള പുഴക്കരയിൽ, നീ

ലഗോപുരത്തോടുകൂടിയ ഒരു പള്ളിയുണ്ട്. പള്ളിയുടെ തൊട്ട്, കുന്നിന്റെ പാശ്ചത്തിലായി, നല്ല വെടിപ്പിൽ പണിതിട്ടുള്ള കൃഷിക്കാരുടെ വീടുകൾ വരിയായി നിൽക്കുന്നു. സാധാരണമട്ടിലുള്ള കെട്ടിടങ്ങളാണു. എന്നാൽ കാണാൻ വളരെ കൗതുകമുണ്ടുതാനും.

ഈ ഗ്രാമത്തെ ഞാൻ പലപ്പോഴും കൌതുകത്തോടെ വീക്ഷിച്ചിട്ടുണ്ട് — വോൾഗയിൽ തീ ബോട്ടിൽ ജോലിചെയ്തിരുന്നപ്പോൾ.

കൃഷ്ണനും, ഞാനും, ബോട്ടിൽനിന്നും സാധനങ്ങൾ ഇറക്കാൻ തുടങ്ങി. ഒരു ഭാഗത്തുനിന്നു ചാക്കുകൾ പൊക്കി നീട്ടിയുംകൊണ്ടു റോമാസ്സ് എന്നോടഭിപ്രായപ്പെട്ടു.

"നെഞ്ചിൽ വേദനയൊന്നുമില്ലല്ലൊ"

"തീരെയില്ല"

അയാളുടെ സാമർത്ഥ്യത്തോടുകൂടിയ ആ ചോദ്യം എന്റെ മനസ്സിൽ കൊണ്ടു. അവിടങ്ങളിലെ കൃഷിക്കാർ ഞാൻ ആത്മഹത്യ ചെയ്യാൻ ശ്രമിച്ച കഥ അറിയരുതെന്നു എനിക്കു നിർബ്ബന്ധമുണ്ടായിരുന്നു.

"അതെ, നിനക്കു നല്ല ശക്തിയുണ്ടു. നീ എപ്പോഴും ഇരിക്കുന്ന ജോലിയിൽ ആവശ്യമായതിലും കൂടുതൽ." കൃഷ്ണിൻ ഇടയിൽ കടന്നു പറഞ്ഞു. നീ ഏതു പ്രദേശക്കാരനാണു് ചങ്ങാതി? നിഴിനിനഖഗറോഡ് അല്ലെ? അപ്പോൾ ബോട്ടുകളിൽ ജോലി ചെയ്തിട്ടുണ്ടു്. അല്ലെങ്കിൽ, കടൽകാക്കകൾ ഇന്നെങ്ങോട്ടാണു് പറക്കുകയെന്നു നിനക്കു പറയാൻ കഴിയുകയില്ല."

നീണ്ടു മെലിഞ്ഞ, പരുത്തിനൂലുകൊണ്ടുണ്ടാക്കിയ കാൽകുപ്പായവും ഷർട്ടും ധരിച്ച, ചുരുളൻ താടിരോമവും ചുകന്ന തലമുടിയും ഉള്ള, ഒരു കൃഷിക്കാരൻ കുന്നിൻ ചരിവിൽ കൂടി ഇറങ്ങി പുഴക്കരയിലേക്കു വന്നു. ചെരിപ്പിടാത്ത അയാളുടെ കാലുകൾ തട്ടി, അവിടവിടെയുള്ള വെള്ളച്ചാലുകളുടെ രജതവർണ്ണമായ പ്രകാശം നന്നായി ഇളകിക്കളിച്ചു.

കരയിൽ എത്തിയ ഉടനെ അയാൾ വ്യക്തമായി, സൌഹാർദ്ദപൂർവ്വം പറഞ്ഞു:

"സ്പാസ്തം."

അയാൾ ഞങ്ങൾ ജോലി ചെയ്യുന്നതുനോക്കി. കുനിഞ്ഞുനിന്നു രണ്ടു തടിച്ച തണ്ടുകൾ എടുത്തു തോണിയുടെ വക്കിന്മേൽ ചാരിവെച്ചു. പിന്നെ ബോട്ടിൽ ചാടിക്കയറി അയാൾ കല്പിച്ചു.

"പീപ്പകൾ എടുക്കാൻ തയ്യാറാക്കിക്കൊള്ളൂ. ഏ, ചെറുപ്പക്കാരാ, ഇവിടെ വന്നു സഹായിക്കൂ."

അയാൾ നല്ല സുന്ദരനാണ്. പ്രത്യക്ഷത്തിൽ ശക്തനുമാണ്. ഇളം നീലനിറമുള്ള കണ്ണുകൾ. നല്ല പ്രകാശമുണ്ട്. ചുവന്നു തുടുത്ത കവിളുകൾ, നീണ്ട വലിയ നാസികയുമാണ്.

"നിങ്ങൾക്കു ജലദോഷം പിടിക്കും. ഇസോട്ട്." റോമാസ്സ് അയാളെ ഗുണദോഷിച്ചു.

"ആക്ക്? എനിക്കോ? ആ പേടി വേണ്ടാ"

ഞങ്ങൾ ഒരു മണ്ണെണ്ണപ്പീപ്പ കരയിലേക്ക് തള്ളിയിട്ടു.

ഇസോട്ട് എന്നെ ആപാദചൂഡം വീക്ഷിച്ചുകൊണ്ടു ചോദിച്ചു.

"പീടികയിൽ ജോലി ചെയ്യാൻ വന്നതാണോ?"

"അയാളുമായി ഗുസ്തിപിടിക്കുന്നോ?" കുങ്കുഷ്കിൻ ചോദിച്ചു.

"നിനക്കു വീണ്ടും നല്ല പ്രഹരം കിട്ടി അല്ലെ?"

"ശരി, അത്തരക്കാരുമായി പിന്നെ എങ്ങിനെ പെരുമാറും."

"എത്തരക്കാർ?"

"തല തല്ലിപ്പൊളിക്കുന്ന ആളുകളുമായി."

"ഹൂ" ഇസോട്ട് വെറുപ്പോടെമൂളി. പിന്നെ റോമാസ്സിനെ നോക്കി ഇങ്ങിനെ തുടർന്നു. "വണ്ടികൾ ഇതാ ഇപ്പോൾ എത്തും. നിങ്ങൾ പുഴയിൽക്കൂടി വരുന്നതു ഞാൻ ദൂരെ നിന്നു കണ്ടു. നിങ്ങൾ എത്തിയ സമയം നന്നായി. അനേറണിക്കു, നിങ്ങൾ വീട്ടിലേക്കു പൊയ്ക്കോളൂ. ഇവിടെയുള്ള സാധനങ്ങൾ ഞാൻ നോക്കിക്കൊള്ളാം."

റോമാസ്സിനോടുള്ള അയാളുടെ പെരുമാറ്റം വളരെ സൌഹാർദ്ദപൂർണ്ണമായിരുന്നു. ഒരു രക്ഷിതാവിന്റെ ഭാവം. എന്നാൽ റോമാസ്സിനു തീച്ചയായും ഒരു പത്തുവയസ്സധികം കാണും.

അരമണിക്കൂർ കഴിഞ്ഞപ്പോൾ ഞാൻ ഗ്രാമത്തിലെ ഒരു വീട്ടിൽ പ്രവേശിച്ചു. പുതുതായി പണിത ഒരു വീട്ടിൽ. മുറി നല്ല വൃത്തിയും ഭംഗിയും ഉണ്ടു്. മുറിയിൽ, ഒരു കഷ്കവനിത ഉത്സാഹപൂർവ്വം പെരുമാറുന്നുണ്ടു്. ഭക്ഷണത്തിനുള്ള ഏർപ്പാടുകൾ ചെയ്യുകയാണു്. കോക്കോൾ

ഒരു തുറന്ന തോൽപെട്ടിയിൽനിന്നും പുസ്തകങ്ങളും എടുത്തു അലമാറയിൽ നിരത്തിവെക്കുകയായിരുന്നു.

"നിങ്ങളുടെ മുറി തട്ടിൻപുറത്താണ്." അയാൾ പറഞ്ഞു.

എന്റെ മുറിയുടെ ജനലിൽക്കൂടി നോക്കിയാൽ ഗ്രാമത്തിന്റെ ഒരു ഭാഗം മുഴുവൻ കാണാം. കുറിക്കോട്ടുകുന്നിറഞ്ഞ ഒരു നീർചാലാണ് ഒരു ഭാഗം. ചാലിന്റെ അപ്പുറത്തു് തോട്ടങ്ങളും, വയലുകളും ചക്രവാളത്തിന്റെ അതിത്തിയോളം നീണ്ടുപോകുന്നുണ്ടു്. ഒരു വീട്ടിന്റെ മേൽപുരയിൽ നീലവസ്ത്രം ധരിച്ച കൃഷിക്കാരൻ, കൈയ്യിൽ ഒരു മഴുപിടിച്ചിരിക്കുന്നുണ്ടു്. കൈകൊണ്ടു കണ്ണിനു മറപിടിച്ചു അയാൾ വോൾഗയിലേയ്ക്കു സൂക്ഷിച്ചുനോക്കുകയാണു്. വണ്ടികൾനീങ്ങുന്ന ശബ്ദം. ഒരു ഭാഗത്തു് ഒരു പശു ഒച്ചയോടെ കരഞ്ഞു. വെള്ളം ഇളകുന്ന മമ്മത വായുവിൽ തിങ്ങിനിന്നു. മുഴുവൻ കറുപ്പു വസ്ത്രം ധരിച്ചു്, ഒരു സ്ത്രീ ഗെയ്റ്റ് കടന്നുവന്നു. അവർ പിന്നോക്കം തിരിഞ്ഞുനോക്കി ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

"നിങ്ങൾ നശിച്ചുപോകട്ടെ."

അവരുടെ ശബ്ദം കേട്ടപ്പോൾ കല്ലും മണ്ണും കോരിയിട്ടു്, ഒരു വെള്ളച്ചാലിൽ അണ കെട്ടിക്കളിക്കുകയായിരുന്ന രണ്ടു ചെറിയ കുട്ടികൾ ചാടി എഴുന്നേറ്റു് ഓടിക്കളഞ്ഞു. ആ വൃദ്ധ ഒരു മരക്ഷണം എടുത്തു് അതിന്മേൽ കാർക്കിച്ചുതുപ്പി വെള്ളത്തിലേക്കു വലിച്ചെറിഞ്ഞു. പിന്നെ അവർ കുട്ടികൾ കെട്ടിയുണ്ടാക്കിയ അണക്കെട്ടിന്മേൽ ചവിട്ടി

നടന്നു് അതു തകർത്തു. അവർ വോൾഗയുടെ നേരെ നടന്നു.

ഇവിടെ എന്തുതരത്തിലുള്ള ഒരു ജീവിതമായിരിക്കും എന്നെ കാത്തിരിക്കുന്നതെന്നു് ഞാൻ ആശ്ചര്യപ്പെട്ടു.

എന്നെ ഭക്ഷണംകഴിക്കാൻ വിളിച്ചു. താഴെ ഇസോട്ടു് മേശക്കരികെ മുമ്പിൽ കാലുകൾ നീട്ടിവെച്ചിരിക്കുന്നതു ഞാൻ കണ്ടു. അയാളുടെ കാലിൽ പാദരക്ഷയൊന്നുമില്ല. നീലിച്ചു ചീവന്ന കാലടികൾ. അയാൾ റോമാസുമായി സംസാരിക്കുകയാണു്. ഞാൻ അകത്തുകടന്നപ്പോൾ അയാൾ സംഭാഷണം നിർത്തി.

"ശരി, എന്തുപറഞ്ഞു പറഞ്ഞോളൂ." റോമാസ് ആവശ്യപ്പെട്ടു. "അതുമതി. അപ്പോൾ അങ്ങിനെ തീരുമാനിച്ചു അല്ലേ. നമുക്കു സ്വന്തമായെങ്കിലും കായ്ക്കുന്നതു നടത്താം. നിങ്ങൾ വെളിയിലേക്കു പോകുമ്പോൾ എപ്പോഴും ഒരു കൈത്തോക്കു് കരുതണം. അല്ലെങ്കിൽ നല്ല ഘനമുള്ള വടി. ബാറിനോവു് അടുത്തുള്ളപ്പോൾ ക്രൂരതയായി സംസാരിക്കരുതു്. അയാളും കുടുംബവും, അവരുടെ നാക്കു വച്ചാതെ നീണ്ടതാണു്. പെണ്ണുങ്ങളെപ്പോലെ. എടോ ചെറുപ്പക്കാരാ, നിനക്കു മീൻപിടുത്തം ഇഷ്ടമാണോ?

"അല്ല"

ചെറുതായി പഴത്തോട്ടമുടമകളായ കൃഷിക്കാരെ സംഘടിപ്പിക്കേണ്ടതു കായ്ത്തൊഴിലിനെക്കുറിച്ചു് റോമാസ് സംസാരിച്ചു. വലിയ കച്ചവടക്കാരുടെ പിടിയിൽ നിന്നും അവരെ മോചിപ്പിക്കേണ്ടതിനെക്കുറിച്ചു്. ഇസോട്ടു് ശ്രദ്ധയോടെ എല്ലാം കേട്ടു. ഒടുക്കം അയാൾ പറഞ്ഞു.

"ആ കടവയറന്മാർ നിങ്ങൾക്കു യാതൊരു സമാധാനവും തരികയില്ല."

"നമുക്കു നോക്കാം"

"എന്റെ ഈ വാക്കുകൾ നിങ്ങൾ ഓർമ്മയിൽ വെച്ചോളൂ."

ഈസോട്ടിനെനോക്കി ഞാൻ ചിന്തിച്ചു.

"കറോനിനും ഡ്യാറോപ്പാട്സ്സിയും ഇങ്ങിനെയുള്ള കൃഷിക്കാരുടെ ഇടയിൽനിന്നുമാണ് തങ്ങളുടെ കഥകളിലേക്കുള്ള കഥാപാത്രങ്ങളെ തിരഞ്ഞെടുക്കുന്നത്."

വാസ്തവത്തിൽ കായ്ഗൌരവമുള്ള വല്ലതുമായി ഞാൻ ഇവിടെ ബന്ധപ്പെടാൻ തുടങ്ങിയിരിക്കയാണോ? വല്ലതും ചിലതു ചെയ്യുന്ന ആളുകളോടൊപ്പമാണോ ഞാൻ ഇനി ജീവിക്കാൻ പോകുന്നത്?

ഭക്ഷണം മതിയാക്കി ഈസോട്ട് പറഞ്ഞു.

"ഒന്നിലും തിരക്കുകൂട്ടരുത്. മൈക്കേലോ ആൻറനോവിക്ക്. നല്ല കാര്യങ്ങളൊന്നും വളരെ വേഗത്തിൽ സംഭവിക്കുകയില്ല. ക്ഷമയോടെ മുന്നോട്ട് നീങ്ങേണ്ടതാവശ്യമാണ്." അയാൾ പോയതിനുശേഷം റോമാസ് ചിന്താഗ്രസ്തനായിങ്ങിനെ പറഞ്ഞു.

"നല്ല സമർത്ഥനാണ്, സത്യസന്ധനും. നിർഭാഗ്യത്തിനു് അക്ഷരജ്ഞാനംപോലുമില്ല. വായിക്കാൻ അറിയുകയില്ല. എന്നാലും പഠിക്കാൻ ശ്രമിക്കുന്നുണ്ട്. അയാളെ നീ സഹായിക്കണം."

വൈകുന്നേരമാകുന്നതുവരെ ഷാപ്പിലുള്ള സാധനങ്ങളുടെ വില തിട്ടപ്പെടുത്തുന്നതിൽ ഞങ്ങൾ വ്യാപൃതരായിക്കഴിച്ചു. അദ്ദേഹം എന്നോട് പറഞ്ഞു:

"ഇവിടെയുള്ള മറവു രണ്ടു പീടികക്കാരേക്കാൾ താണ വിലക്കു ഞാൻ സാധനങ്ങൾ വില്ക്കും. അതു അവർക്ക് ഇഷ്ടമല്ല. അവർ കഴിയുന്ന സകല വിദ്യകളും എനിക്കെതിരായി പ്രയോഗിക്കും. ഇപ്പോൾ അവർ എന്നെ അടിക്കുവാൻ തക്കംനോക്കുകയാണു്. കച്ചവടത്തിലുള്ള താല്പര്യം കൊണ്ടൊന്നുമല്ല, ഞാൻ ഇവിടെ താമസിക്കുന്നതു്. കച്ചവടത്തിൽ കിട്ടുന്ന ലാഭം വിചാരിച്ചിട്ടുമല്ല. മറവു കാരണങ്ങൾ കൊണ്ടാണു്. അവിടെയുള്ള നിങ്ങളുടെ അപ്പുക്കുടില്ലേ, അതിന്റെ അടിസ്ഥാനത്തിലുള്ള ഒരേർപ്പാടാണു് ഈ കച്ചവടം."

അങ്ങിനെയായിരിക്കണമെന്നു ഞാൻ ഊഹിച്ചിട്ടുണ്ടെന്നു മറുപടി പറഞ്ഞതു.

"അതെ, ശരിയാണു്. ആളുകളെ എങ്ങിനെയെങ്കിലും കാര്യങ്ങൾ പഠിപ്പിക്കണം. അങ്ങിനെയല്ലേ?"

പീടിക അടച്ചുപൂട്ടിയിരിക്കയായിരുന്നു. ഒരു വിളക്കുമായി ഞങ്ങൾ ഓരോ അലമാരയിലും പരിശോധിച്ചു. വെളിയിൽ ആരോ ഞങ്ങൾ നീങ്ങുന്നതിനൊപ്പിച്ചു അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നുണ്ടായിരുന്നു. സൂക്ഷിച്ചുംകൊണ്ടുള്ള കാലൊച്ച ശരിക്കും കേൾക്കാം—ചുമരിൽക്കൂടി നടന്നു പോകുന്നതായിട്ടു്.

"നോക്കൂ, അതാരാണെന്നറിയാമോ? അതു മിഗൻ ആണു്. ഏകാകി. സ്വത്തില്ല, ആരുംക്കാരില്ല. അവൻ പകവെച്ചുനടക്കുന്ന ഒരു മൃഗമാണു്. ആക്കും ദ്രോഹംചെയ്യുന്നതു വലിയ ഇഷ്ടമാണു്. സുന്ദരിയായ സ്ത്രീ കൊഞ്ചാനും മയങ്ങാനും ആഗ്രഹിക്കുന്നതുപോലെ. അവനുമായി സംസാരിക്കുമ്പോൾ സൂക്ഷിക്കണം. അവനോടു സംസാരിക്കുമ്പോൾ മാത്രമല്ല."

പിന്നീട്, അകത്തെ മുറിയിൽ, അട്ടപ്പിന്നെതിരെ പുറമിട്ടിരുന്ന, കഴൽ വലിച്ചു പുകച്ചുരുൾ താടിരോമത്തിന്മേൽ ഊതി, ലളിതമായ വാക്കുകളെക്കൊണ്ടു അദ്ദേഹം തന്റെ ആശയങ്ങൾക്കു രൂപംകൊടുത്തു. എത്ര അലസമായിട്ടാണു് ഞാൻ എന്റെ യൌവനം പാഴാക്കിക്കളയുന്നതെന്നു അയാൾ ശ്രദ്ധിച്ചിരിക്കണം.

"നീ ധാരാളം കഴിവുകൾ ഉള്ളവനാണു്. സ്ഥിരോത്സാഹിയുമാണു്. നിന്റെ ആദർശങ്ങൾ പ്രശംസാർഹമാണു്. നീ പഠിക്കണം. ജനങ്ങൾക്കും നിനക്കും ഇടയിൽ വലിയ അകലിച്ചു വലിച്ചുവെക്കുന്ന പുസ്തകങ്ങളല്ല വായിച്ചു മനസ്സിലാക്കേണ്ടതു്. ഒരു വൃദ്ധൻ ഒരിക്കൽ ഇങ്ങിനെ പറഞ്ഞു: "പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ജ്ഞാനം മുഴുവൻ വരുന്നതു മനുഷ്യനിൽ നിന്നാണു്. ജനങ്ങളിൽ നിന്നും ലഭിക്കുന്ന ജ്ഞാനം പുസ്തകത്തിൽനിന്നും ലഭിക്കുന്ന ജ്ഞാനത്തേക്കാൾ വിലപിടിച്ചതാണു്. ആ പരിജ്ഞാനം കയ്പേറിയതായിരിക്കും. എന്നാൽ അങ്ങിനെ സിദ്ധിക്കുന്ന പരിശീലനം സ്ഥായിയായിനില്ക്കും."

പിന്നെ റോമാസ് കർഷകരെ ഉണർത്തിവിടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു പിന്നീടു പറഞ്ഞു. ധാരാളം കേട്ടുപരിചയമുള്ള ഈ ആശയത്തിനു ക്രമേണ പ്രാധാന്യമുള്ളതായി എനിക്കപ്പോൾ അനുഭവപ്പെട്ടു.

നഗരത്തിലുള്ള വിദ്യാർത്ഥികൾ ജനങ്ങളെ സ്നേഹിക്കേണ്ടതിനെക്കുറിച്ചു ധാരാളം സംസാരിക്കാറുണ്ടു്. ശരി, ഞാൻ അവരോടു പറയും. ഇല്ല, അതു സാദ്ധ്യമല്ല എന്നു. നിങ്ങൾക്കു ജനങ്ങളെ സ്നേഹിക്കാൻ സാദ്ധ്യമല്ല. അതു വെറും പറച്ചിൽ മാത്രമാണു്. അങ്ങിനെയുള്ള സ്നേഹത്തെക്കുറിച്ചുള്ള വാക്കുകൾ.

എന്നെ സൂക്ഷിച്ചുനോക്കി അയാൾ ചിരിച്ചു. അയാൾ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടു തുടർന്നു:

"സ്നേഹം — എന്നുപറഞ്ഞാൽ യോജിക്കുക, ഭാക്ഷിണ്യം കാണിക്കുക, കണ്ടില്ലെന്നുവെക്കുക, പൊറുക്കുക എന്നെല്ലാം അർത്ഥമാണ്. ഒരു സ്ത്രീയെ സ്നേഹിക്കുമ്പോൾ ഇതെല്ലാം ശരിയാണ്. എന്നാലോ ജനങ്ങളെ സ്നേഹിക്കണമെന്നു പറയുമ്പോഴോ? ജനങ്ങളുടെ അജ്ഞതയെ, കണ്ടില്ലെന്നുവെക്കാൻ സാധ്യമാണോ? അവരുടെ വ്യാമോഹങ്ങളുമായി യോജിക്കാൻ പറ്റുമോ? അവരുടെ അല്പത്തം ശരിവെക്കുകയും അവരുടെ മൃഗീയസ്വഭാവം മാപ്പാക്കുകയും ചെയ്യാൻ കഴിയുമോ? ഇതൊക്കെ സാധ്യമാണോ?"

"അല്ല"

"അതാണ് കാര്യം. നഗരത്തിലുള്ള നിന്റെ ചങ്ങാതികൾക്കു നെക്രാസോവിന്റെ കൃതികൾ നോക്കി വളരെ മുന്നോട്ടുപോകാനൊന്നും സാധ്യമല്ല. കൃഷിക്കാരോടു ശരിക്കു കാര്യങ്ങൾ പറയണം. "നോക്കൂ. സഹോദരാ, നിങ്ങൾ അത്ര മോശക്കാരനൊന്നുമല്ല. എന്നാൽ കാര്യം പറയുകയാണെങ്കിൽ, നിങ്ങൾ നയിക്കുന്ന ജീവിതം നല്ലതല്ല. നിങ്ങളുടെ ജീവിതം സുഖകരവും കൂടുതൽ നല്ലതും ആക്കുന്നതിനു എന്തുചെയ്യണമെന്നു നിങ്ങൾക്കറിയുകയില്ല. ഒരു മൃഗത്തിനു അതിന്റെ ജീവിതം നന്നാക്കുന്നതിനുള്ള മാർഗ്ഗം അറിയാം. നിങ്ങൾക്കു നിങ്ങളുടെ ജീവിതത്തെക്കുറിച്ചറിയുന്നതിലും വെടിപ്പായറിയാം. നിങ്ങൾ രക്ഷനേടുന്നതിലും ഭംഗിയായി അതു അതിന്റെ രക്ഷാമാർഗ്ഗം കണ്ടുപിടിക്കുന്നു. എന്നാലും നിങ്ങൾ കൃഷിക്കാരാണല്ലോ. നിങ്ങൾ എല്ലാറ്റിന്റേയും ഉറവിടമാണ്. പ്രഭുക്കന്മാരും, പാതിരിമാരും,

പണ്ഡിതന്മാരും, സാർചക്രവർത്തിമാരും എല്ലാം പുരാതന കാലത്തു കൃഷിക്കാരായിരുന്നു. മനസ്സിലായോ? ശരി. അപ്പോൾ ചവിട്ടിയമർത്തപ്പെടാതെ ജീവിക്കുവാൻ പഠിക്കണം. അതാണാവശ്യം."

അയാൾ അടുക്കളയിൽ കടന്നു, വെപ്പുകാരിയോടു സമാവറിൽ വെള്ളം തിളപ്പിക്കാൻ പറഞ്ഞു. തിരികെവന്നു അയാൾ തന്റെ പുസ്തകങ്ങൾ എനിക്കു കാണിച്ചുതന്നു. പുസ്തകങ്ങളിൽ അധികവും ശാസ്ത്രഗ്രന്ഥങ്ങളാണു്. ബെക്കറിൻ, ലെൻ, ലെക്കി, ലബ്ബോക്ക്, ടെയ്ലർ, സ്പെൻസർ, ഡാർവിൻ മുതലായ ഗ്രന്ഥകാരന്മാരുടെ പുസ്തകങ്ങൾ അവിടെ ഉണ്ടായിരുന്നു. പിസറേവ്, ഡോബ്രോ, ല്യൂബോവ്, ഷെൻനിഷെ, വിങ്കസ്കി, പുഷ്കിൻ ഗോൺക്കാറോവ് എന്നീ റഷ്യൻ ഗ്രന്ഥകാരന്മാരുടെ പുസ്തകങ്ങളും അയാൾ ശേഖരിച്ചിട്ടുണ്ടു്.

പുസ്തകത്തിന്റെ ഭംഗിയുള്ള ചട്ടകളിൽ അയാൾ സാവധാനം തലോടി—കുറെ പൂച്ചക്കുട്ടികളെ വാത്സല്യപൂർവ്വം തലോടുന്നതുപോലെ. വലിയ വികാരാവേശത്തോടെ അദ്ദേഹം പറഞ്ഞു:

"നല്ല പുസ്തകങ്ങൾ. ഈ പുസ്തകം കിട്ടാൻ വളരെ വിഷമമാണു്. നിരോധിക്കപ്പെട്ടപ്പോൾ കത്തിച്ചുകളയേണ്ടതാണെന്നു നിർദ്ദേശിച്ചിരിക്കയാണു് ഭരണക്രമം എന്നാൽ എന്തുതാണെന്നു ശരിക്കു മനസ്സിലാകണമെങ്കിൽ ഈ പുസ്തകം വായിക്കണം."

ഹോബ്സിന്റെ 'ലെവിയാതൻ' എന്ന പുസ്തകം അദ്ദേഹം എനിക്കെടുത്തുതന്നു.

"ഇതും ഭരണകൂടത്തെക്കുറിച്ചുള്ളതാണ്. എന്നാൽ അത്ര ഗാഢനമല്ല. വായിക്കാൻ രസംകൂട്ടും." രസംപിടിപ്പിക്കുന്നതെന്നുപറഞ്ഞ ആ പുസ്തകം മെക്കിയവെല്ലിയുടെ ഇൻ പ്രിൻസിപ്പെ എന്ന പുസ്തകമായിരുന്നു.

ചായ കഴിച്ചുകൊണ്ടിരിക്കെ അയാൾ അയാളുടെ ചരിത്രം എനിക്കു പറഞ്ഞുതന്നു.

ഒരിരുമ്പുപണിക്കാരനായ ചെർനിഗോവിന്റെ മകനാണദ്ദേഹം. കീവ് റെയിൽവേ സ്റ്റേഷനിൽ തീവണ്ടിയന്ത്രങ്ങൾക്കു എണ്ണയിടുന്ന ജോലിയിലാണയാൾ ചേർന്നത്. അവിടെവെച്ചു വിപ്ലവകാരികളുമായി പരിചയമായി. തൊഴിലാളികളുടെ ഒരു അദ്ധ്യയനസംഘത്തെ സംഘടിപ്പിച്ചു. പിന്നെ അയാളെ അറസ്റ്റു ചെയ്തു. ഏതാണ്ടു രണ്ടുകൊല്ലം ജയിലിൽ കിടന്നു. യാക്കട്സ്ക് പ്രദേശത്തു പത്തു കൊല്ലത്തോളം നാടുകടത്തപ്പെടുകയും ചെയ്തു.

"യാക്കട്സ്കിൽ, കഴിച്ചുകൂട്ടുമ്പോൾ എനിക്കു തോന്നി, അവിടത്തന്നെ ജീവിതം അവസാനിച്ചു പോകുമെന്നു. അവിടത്തെ കുളിർകാലം! തലച്ചോർ മരവിച്ചുപോകുന്ന തണുപ്പാണ്. ഏതായാലും അവിടെ തലച്ചോർകൊണ്ടാവശ്യമൊന്നും ഇല്ല. പിന്നീടാണെനിക്കു മനസ്സിലായതു്, അവിടങ്ങളിൽ ധാരാളം റഷ്യക്കാരുണ്ടെന്നു, പല കോളനികളിലായിട്ടു. അകലെയകലെയാണെങ്കിലും. മാത്രമല്ല കൂടുതൽ തടവുകാർ വന്നുകൊണ്ടിരുന്നതുകൊണ്ടു നാം ഏകാകികളാണെന്നു തോന്നുകയുമില്ല. നല്ല ഭയയുള്ള ആളുകൾ. അവിടെ ഒരു വിദ്യാർത്ഥിയുണ്ടായിരുന്നു. വ്ളാഡിമീർ കൊറൊലെങ്കോ. അയാളുടെ ശിക്ഷാവധി കഴിഞ്ഞതു എന്നെ വിട്ടയച്ചു ഉടനെയാണ്. ഞങ്ങൾ കുറച്ചുകാലം വലിയ ച

ങ്ങാതികളായിരുന്നു. പിന്നീട് തെറ്റിദ്ധാരണയായി. ഞങ്ങളം തമ്മിൽ പല സാധമ്മ്യങ്ങളും ഉണ്ടായിരുന്നു. സാധമ്മ്യങ്ങളം അടിസ്ഥാനമാക്കിയുള്ള സ്നേഹം വളരെ നീണ്ടുനില്ക്കുകയില്ലെന്നു തോന്നുന്നു. അയാളം ആത്മാർത്ഥതയുള്ളവനാണ്. സ്ഥിരോത്സാഹിയാണ്. ഏതു ജോലിയിലും ചതുരനുമാണ്. പ്രതിമകൾക്കു ചായംകൊടുക്കാൻപോലും അയാളം ശ്രമിച്ചുനോക്കിയിട്ടുണ്ട്. എനിക്കതിഷ്ടമായില്ല. ഇപ്പോളം അയാളം സാഹിത്യപരമായ ചില മാസികകളിൽ എഴുതുകയാണ്. നന്നായി എഴുതുന്നുണ്ടെന്നാണ് കേട്ടതു്."

റോമാസ്സ് ഇങ്ങിനെ വളരെനേരം സംസാരിച്ചു—അർദ്ധരാത്രിയാകുന്നതുവരെ. എന്റെ സ്ഥാനം അയാളോടൊപ്പമാണെന്നു ഞാൻ മനസ്സിലാക്കണമെന്നയാളം ആഗ്രഹിക്കുന്നതായിത്തോന്നി. സൌഹാർദ്ദപൂർണ്ണമായ സാഹചര്യത്തിന്റെ ആനന്ദം എനിക്കതിനുമുമ്പു അനുഭവപ്പെട്ടിരുന്നില്ല. ആത്മഹത്യചെയ്യാൻ ഞാൻ ശ്രമം നടത്തിയതിനുശേഷം എനിക്കെന്നെക്കുറിച്ചുള്ള മതിപ്പു വളരെ കുറഞ്ഞുപോയിരുന്നു. ഞാൻ കാമ്പൂറമില്ലാത്ത, ഒന്നിനും കൊള്ളാത്ത ഒരു ജീവിയായി സ്വയം കരുതി. എന്തോ ഒരു കുറ്റബോധം എന്നെ വിഷമിപ്പിച്ചു. ജീവിച്ചിരിക്കുന്നതിൽ എനിക്കു ലജ്ജതോന്നി. ഇതു റോമസ്സിനു മനസ്സിലായിരിക്കണം. അതുകൊണ്ടു സാമർത്ഥ്യത്തോടെ തന്റെ ജീവിതകഥ എന്നോടു തുറന്നുപറഞ്ഞു. അയാളം എന്നിൽ ആത്മവിശ്വാസം ഉദ്ദീപിപ്പിച്ചു. ആ ദിവസം ഒരിക്കലും എനിക്കു മറക്കാൻ വയ്യ.

ഞായറാഴ്ച പള്ളിയിൽനിന്നും ആളുകളം ഇറങ്ങാൻ തുടങ്ങി. ഞങ്ങളം പീടിക തുറന്നു കച്ചവടം ആരംഭിച്ചു. ഞങ്ങളുടെ പീടികക്കുമുമ്പിൽ ആളുകളം തടിച്ചുകൂടി. ആദ്യം

എത്തിയതു് മെറ്റ്‌വീ ബാറിനോവാണു്. സൌന്ദര്യമുള്ള, സ്ത്രീയുടേതുപോലുള്ള മുഖത്തു ഒരു മലച്ച ഭാവവുമായി, വൃത്തികെട്ട ചപ്രത്തലമുടിയുമായി, അയാൾ കയറിവന്നു.

"നഗരത്തിൽ എന്താണു് വിശേഷമുള്ളതു്?" റോമാസ്സിനെ അഭിവാദ്യംചെയ്തുകൊണ്ടയാൾ ചോദിച്ചു. മറുപടിക്കു കാത്തുനില്ക്കാതെ, അയാൾ അപ്പോൾ അവിടെ വന്നുചേർന്ന കുകുഷ്കിനോടു വിളിച്ചുപറഞ്ഞു:

"സ്റ്റീപ്പൻ, നിന്റെ പൂച്ചകൾ ഒരു പൂവൻകോഴിയെ ക്രൂടി പിടിച്ചു."

തുടർന്നയാൾ, ഗവണർകാസാനിൽനിന്നും, സെൻറ് പീറേർസ്ബർഗ്ഗിലേക്കു സാറിനെ കാണാൻപോയതായി അറിയിച്ചു. എല്ലാതോത്തരിക്കാരെയും കാക്കസസ്സ് പ്രദേശത്തിൽനിന്നും, തുർക്കിസ്ഥാനിലേക്കയക്കാൻ കല്പിക്കണമെന്നപേക്ഷിക്കാൻ.

അയാൾ ഗവർണ്ണരെ മുകതകണ്ടും പുകഴ്ത്തി.

"സമർത്ഥനായ ഒരു മനുഷ്യൻ. തന്റെ ജോലി ശരിക്കും ചെയ്യാൻ കഴിയും."

"ഇതെല്ലാം നിങ്ങൾ വെറുതെ കെട്ടിപ്പറയുകയാണു്." റൊമാസ്സ് അയാളോടു ശാന്തമായിപ്പറഞ്ഞു.

"ഞാനോ? എന്തിന്നു?"

"അതെനിക്കറിയുകയില്ല."

"അതെ, അതെന്റെണിക്ക്, നിങ്ങൾ ആരെയും വിശ്വസിക്കുകയില്ല." ബാറിനോവ് പ്രതിഷേധപൂർവ്വം തലയാട്ടിയുംകൊണ്ടു പ്രസ്താവിച്ചു. "എനിക്കു തോത്തരിക്കാരോടു അനുകമ്പ തോന്നുകയാണു്. കാക്കസസ്സിൽ ജീവിക്കാൻ കുറ്റൽ പരിശീലനം വേണം."

DHARMARAM COLLEGE LIBRARY, BANGALORE. 23647

ഒരു മെലിഞ്ഞ ആളം, അയാളെക്കാൾ തടിച്ച മ റൊരാളുടെ കോട്ട് ധരിച്ചുംകൊണ്ട് കയറിവന്നു. ഒരു വ ല്ലാത്ത ഞരമ്പുവലി കാരണം അയാളുടെ പ്രകൃതം വല്ലാതാ യിരിക്കുന്നു. ഉരുണ്ട ചുണ്ടുകളം ഏട്ടുമല്ലാത്തവിധം വിടർന്നു നില്ക്കുകയാണ്. അയാളുടെ ഇടത്തു കണ്ണു ക്രടക്കുടെ ചി മ്മിക്കൊണ്ടിരുന്നു. അപ്പോഴെല്ലാം ആ കണ്ണിന്റെ പുരി കം വിറകൊള്ളുകയും ചെയ്യു.

"ഇതാ മിഗൻ." ബാറിനോവ് പുച്ഛരസത്തിൽ പറ ഞ്ഞു: "ഇന്നലെ രാത്രി നീ എന്താണ് മോഷ്ടിച്ചത്.?"

"നിന്റെ പണം" മിഗൻ വ്യക്തമായ സ്വരത്തിൽ മറുപടി പറഞ്ഞു. അയാളം റോമാസ്സിനെ നോക്കി തൊ പ്പിയെടുത്തു ബഹുമാനം പ്രദർശിപ്പിച്ചു.

ഞങ്ങളുടെ പീടികയെടുപ്പിന്റെ ഉടമ അപ്പോളം അ വിടെ വന്നു. പാങ്കോവ്. ഒരു ഷർട്ട് ധരിച്ചു, കഴുത്തിൽ ഒരുരുമാൽ ചുറ്റിക്കെട്ടി, കാലിൽ നല്ല ചെരിപ്പുകളം ധരി ച്ചു, മാറിൽ ഒരു വെള്ളിച്ചങ്ങല ചുറ്റിതൂക്കിയിട്ടുകൊണ്ട് മിഗനേ ആപാദചൂഡം നോക്കി. അയാളം ഭീഷണിപ്പെ ടുത്തി:

"ഇനി നീ എന്റെ പച്ചക്കറിത്തോട്ടത്തിൽ കടന്നുവ ന്നാൽ കാണിച്ചുതരാം. നിന്റെ തലമണ്ട ഞാൻ ഉടക്കും. ചെകുത്താനെ."

"ഇതു സാധാരണ പറയാറുള്ളതാണല്ലൊ." മിഗൻ ശാന്തമായി മറുപടി പറഞ്ഞു. ഒരു നെടുവീർപ്പോടെ അ യാളം തുടർന്നു: "ആരുടെയെങ്കിലും തലയോട്ടുകാനില്ലെ ങ്കിൽ നിങ്ങളംക്കു ജീവിതത്തിൽ രസം തോന്നുകയില്ല."

പാങ്കോവ് അയാളെ നോക്കി ക്രോധത്തോടെ ഒച്ച യെടുക്കാൻ തുടങ്ങി. എന്നാൽ മിഗൻ ഇങ്ങിനെ തുടർന്നു:

"എനിക്കു വയസ്സായെന്നു ആരാണു പറഞ്ഞതു്? നാ ല്പത്താറു ഒരു വയസ്സാണോ?"

"കഴിഞ്ഞ ക്രിസ്തുമസ്സിനു നിങ്ങൾക്കു അമ്പത്തിമൂന്നു വയസ്സായിരുന്നു." ബാറിനോവ് തട്ടിക്കയറി. "നിങ്ങൾ തന്നെയാണു പറഞ്ഞതു് നിങ്ങൾക്കു അമ്പത്തിമൂന്നു വയ സ്സായെന്നു. ഇപ്പോൾ കളവു പറയുന്നതെന്തിനാണു്?"

അപ്പോൾ സൂസ്ലോവ് കടയിൽ വന്നു. നല്ല താടി രോമമുള്ള ഗൌരവഭാവത്തോടുകൂടിയ ഒരു വൃദ്ധൻ. പിന്നെ ഈസോട്ടും കുറെ മീൻ പിടുത്തക്കാരും. എല്ലാവരും കൂടി ഏകദേശം പത്താളുകൾ. കൊക്കോൾ പീടികയുടെ വാതിൽ ക്കൽ പുകവലിച്ചുംകൊണ്ടു കൃഷിക്കാർ പറയുന്ന വാക്കുകൾ ശ്രദ്ധിച്ചു നിശ്ശബ്ദമായിരിക്കുകയാണു്. മറ്റു കൃഷിക്കാരെ ല്ലാം പീടികയുടെ മുമ്പിലുള്ള കൽപടവിന്മേലും ഇരുവശ ത്തുമായിട്ടിരുന്ന ബെഞ്ചുകളിന്മേലും സ്ഥലം പിടിച്ചു.

അതു തണുപ്പുള്ള ഒരു ദിവസമാണു്. നീലാകാശ ത്തിൽക്കൂടി മേഘങ്ങൾ വേഗതയോടെ കടന്നുപോകുന്നുണ്ടു. വെളിച്ചത്തിന്റേയും നിഴലിന്റേയും ശകലങ്ങൾ മങ്ങിയും തിളങ്ങിയും കളിച്ചു. ചിലപ്പോൾ കണ്ണഞ്ചിക്കുന്ന ശക്തി യുള്ള പ്രകാശം. ഉടനെ വിഷ്വീസ്സിന്റെ മാർദ്ദവംപോലെ കണ്ണിന്നിമ്പം ജനിപ്പിക്കുന്ന വെളിച്ചം. നിരത്തിൽക്കൂടി ഭംഗി യിൽ വസ്ത്രം ധരിച്ച പെൺകിടാങ്ങൾ, വോഗ്യയുടെ കട യിലേക്കു നടന്നുപോകയാണു്. വെള്ളം കെട്ടിനിൽക്കുന്ന സ്ഥലത്തെത്തുമ്പോൾ അവർ പാവാട പൊക്കിച്ചുരുട്ടിപ്പിടി

ക്കും. അപ്പോഴും നല്ല കട്ടിയുള്ള തോൽകൊണ്ടുള്ള അവരുടെ ചെരിപ്പു വെളിക്കു കാണും. ചുമലിൽ, ചൂണ്ടൽപ്പുറയുമായി ആൺകുട്ടികൾ ഓടിപ്പോകയാണു്. സാവധാനം നടന്നുപോകുന്ന കഷ്കർ ഞങ്ങളുടെ പീടികയുടെ മുമ്പിൽ ഇരിക്കുന്ന ആളുകളെ അർത്ഥഗർഭമായി നോക്കി, തൊപ്പികൾ പൊക്കി അഭിവാദ്യം ചെയ്യും.

മിഗനും കൃഷ്ണിനും തീരുമാനം കാണാൻ കഴിയാത്ത ആ പ്രശ്നത്തെക്കുറിച്ചു ഒരു വാദപ്രതിവാദത്തിൽ ഏർപ്പെട്ടു. പ്രഭുക്കന്മാരോ, കച്ചവടക്കാരോ ആരാണു് കൂടുതൽ ശക്തിയിൽ അടിക്കുക എന്നതിനെക്കുറിച്ചു മിഗൻ പ്രഭുക്കന്മാരുടെ പക്ഷം പിടിച്ചുവാദിച്ചു. അയാളുടെ മണിച്ചുമലുള്ള സ്വരം കൃഷ്ണിന്റെ ശബ്ദത്തെ കീഴടക്കിക്കളഞ്ഞു.

"മിസ്റ്റർ ഫിങ്കറോവിന്റെ അച്ഛൻ, നെപ്പോളിയൻ ബോണോപ്പാർട്ടിന്റെ മീശ പിടിച്ചുവലിച്ചു. മിസ്റ്റർ ഫിങ്കറോവിന്നാണെങ്കിൽ, ആരായാലും രണ്ടുപേരെ ഒപ്പം കോളറിന്നു പിടിച്ചുകറാൻ കഴിയും; രണ്ടു പേരുടേയും തലപിടിച്ചു കൂട്ടിമുട്ടിക്കാൻ കഴിയും. അതാണു് കഥ. അപ്പോൾ രണ്ടുപേരും മരത്തടിപോലെ മറിഞ്ഞുവീഴുകയും ചെയ്യും."

"ഒരാളെ മറിച്ചിടുവാൻ അനുമതി." കൃഷ്ണിൻ സമ്മതിച്ചു. എന്നാൽ അയാൾ തുടർന്നു: "ശരി ഏതു നിലക്കും ഒരു കച്ചവടക്കാരനാണു ഒരു പ്രഭുവിനേക്കാൾ അധികം തിന്നുന്നതു്."

മേലെ ചവിട്ടുകല്ലിന്മേൽ ഇരിക്കുകയായിരുന്ന വൃദ്ധനായ, കാണാൻ കൌതുകമുള്ള സൂസ്ലോവ് പിറുപിറുത്തു.

"കൃഷിക്കാർ-അവരുടെ നിലനിൽപ്പിന്നിളക്കം തട്ടുകയാണു്. മൈക്കലോ ആന്റെറ്റോവിച്ച്, പ്രഭുക്കന്മാരു

ടെ കീഴിലായിരിക്കുമ്പോൾ ആൾക്കും അലസരായിരിക്കാൻ ഒ ക്കുകയില്ല. ഓരോ ആൾക്കും അതാതാളുടെ ജോലി ചെയ്യാ നുണ്ടായിരിക്കും."

"അടിമത്തം വീണ്ടും നടപ്പാക്കണമെന്നു നിങ്ങൾ എന്തുകൊണ്ടൊരു ഹരജി അയച്ചുപേക്ഷിക്കുന്നില്ല" ഇസോ ട്ട് കടന്നുചോദിച്ചു. റോമാസ്സ് നിശ്ശബ്ദമായയാളെ ഒന്നു നോക്കി. റോമാസ്സ് കൂഴൽ അഴിയിന്മേൽ തട്ടി പൊടികള ഞ്ഞു.

അയാൾ സംസാരിക്കട്ടെ എന്നു കരുതി ഞാൻ കാത്തിരുന്നു. കൃഷിക്കാർ ഇങ്ങിനെ അന്യോന്യം ബന്ധമില്ലാത്ത കാര്യങ്ങളെക്കുറിച്ചു സംസാരിക്കുന്നതു ശ്രദ്ധിച്ചു, കൊക്കോൾ എന്തു പറയുമെന്നു ഞാൻ ഊഹിക്കുവാൻ ശ്രമിച്ചു. സംഭാഷണത്തിൽ ചേരാൻ പറ്റുന്ന സന്ദർഭങ്ങൾ അയാൾ പാഴാക്കുകയാണെന്നു ഞാൻ കണ്ടു. അയാൾ ഗൗരവപൂർവ്വം നിശ്ശബ്ദത പാലിക്കുകയായിരുന്നു. ഒരു പ്രതിമയെപ്പോലെ നിശ്ശബ്ദനായിരുന്നു, കാറ്റിന്റെ ശക്തി കാരണം വെള്ളത്തിൽ അലകൾ പൊങ്ങുന്നതും, ആകാശത്തിൽ മേഘങ്ങൾ ഇളകിച്ചലിക്കുന്നതും, നോക്കിയിരിക്കുകയാണയാൾ. പുഴയിൽ ഒരു സ്റ്റീം ബോട്ടിൽനിന്നും ചൂളംവിളി മുഴങ്ങി. കുന്നിൻചരിവിൽനിന്നും പെൺകുട്ടികൾ വീണമീട്ടിയുംകൊണ്ടു പാടുന്നതായികേട്ടു. ഏവലിട്ടും ചെയ്തെടുത്തും കൂടിച്ചുമത്തനായ ഒരാൾ നിരത്തിന്റെ അങ്ങേ അറ്റത്തുനിന്നും നടന്നുവന്നു. അയാൾ മുഷ്ടിചുരുട്ടിയേങ്ങിയും കാലുകൾ പതറിയും മുന്നോട്ടുനീങ്ങി. അയാൾ ഇടക്കിടെ ചളിക്കുണ്ടുകളിൽ മറിഞ്ഞുവീണു. കൃഷിക്കാർ പതിഞ്ഞ സ്വരത്തിലാണ് സംസാരിച്ചതു്. അവരുടെ വാക്കുകളിൽ ഒരു

നിരാശാബോധം വ്യക്തമായിരുന്നു. എന്റെ മനസ്സിലും വിഷാദം തങ്ങിനിന്നു. മഴ പെയ്തേക്കുമോ എന്നു ഞാൻ ഭയപ്പെട്ടു. എന്റെ മനസ്സ് നഗരത്തിലെ, ബഹളങ്ങളെക്കുറിച്ചോർത്തു. പല തല തരത്തിലുള്ള ശബ്ദങ്ങളും, വേഗത്തിൽ കടന്നുപോകുന്ന ധാരാളം ആളുകളും–തിരക്കിട്ടുകൊണ്ടുള്ള സംഭാഷണം ചിന്തയെ ഉദ്ദീപിപ്പിക്കുന്ന വാക്കുകളും–ഇവയെല്ലാം എന്റെ ഓർമ്മയിൽവന്നു.

ചായ കഴിക്കുമ്പോൾ, കൃഷിക്കാരുമായി, കൊക്കോൾ സംസാരിച്ചുതെപ്പോഴായിരുന്നു എന്നു ഞാൻ ചോദിച്ചു.

"സംസാരിച്ചതോ? എന്തിനെപ്പറ്റി?"

ഞാൻ ക്ഷുഭിതൽ വിശദീകരിച്ചു. വേണ്ടത്ര ശ്രദ്ധയോടെ അയാൾ കേൾക്കാൻ മിനക്കെട്ടില്ലെങ്കിലും, അയാൾ പറഞ്ഞു:

"ശരി, അങ്ങിനെയുള്ള കാര്യങ്ങളെക്കുറിച്ചു, നിരത്തിമേൽവെച്ചു ഞാൻ അവരോട് സംസാരിക്കുകയാണെങ്കിൽ, എന്നെ വീണ്ടും യാങ്കട്സ്കുകളുടെ കൂടെ താമസിക്കാനായി നാട്ടുകടത്തും."

അയാൾ കഴലിൽ പുകയില നിറച്ചു കത്തിച്ചു. അയാൾക്കു ചുറ്റും പുകച്ചുരുളുകൾ നിറയുംവണ്ണം വലിച്ചൂതി. പിന്നെ അയാൾ സാവധാനം ആകർഷകമാംവണ്ണം സംസാരിക്കാൻ തുടങ്ങി. അയാൾ പറഞ്ഞു കൃഷിക്കാരൻ വളരെ സംശയാലുവാണെന്നു. കൃഷിക്കാരൻ സ്വയം വിശ്വസിക്കുന്നില്ല. എല്ലാറ്റിനും ഉപരിയായി അപരിചിതരെ വിശ്വസിക്കുന്നില്ല. അവനു സ്വാതന്ത്ര്യം കിട്ടിയിട്ടു കഷ്ടിച്ചു മുപ്പതു കൊല്ലങ്ങളായിട്ടില്ല. ഇപ്പോൾ നാല്പതു വയസ്സുള്ള

കൃഷിക്കാരെല്ലാംതന്നെ അടിമകളായിട്ടാണ് ജനിച്ചത്. അതവക്ക് നന്നായോർമ്മയുണ്ട്. ഈ സ്വാതന്ത്ര്യം എന്നാൽ എന്താണെന്നു മനസ്സിലാക്കുന്നതു വിഷമമാണ്. വെറുതെ ആലോചിക്കുകയാണെങ്കിൽ സ്വാതന്ത്ര്യം എന്നു പറഞ്ഞാൽ, ഇതാണർത്ഥം: "ഞാൻ എനിക്കു തോന്നിയപോലെ ജീവിക്കും." എന്നാൽ, ഏതു ഭാഗത്തു തിരിഞ്ഞാലും ഉദ്യോഗസ്ഥന്മാരും അധികാരസ്ഥന്മാരും നിൽക്കുന്നതു കാണാം. തോന്നിയപോലെ ജീവിക്കുന്നതിനെ അവരെല്ലാം തടസ്ഥപ്പെടുത്തുന്നതായിക്കാണാം. സാർചക്രവർത്തി കൃഷിക്കാരെ പ്രഭുക്കന്മാരിൽനിന്നും വേർപെടുത്തിയെടുത്തു. അതുകൊണ്ടു ഇപ്പോഴും മുഴുവൻ കഷ്ടകെട്ടനതയുടേയും ഉടമ സാർ ചക്രവർത്തിയാണെന്നു തോന്നും. എന്നാൽപ്പിന്നെ ഈ സ്വാതന്ത്ര്യം എന്നാൽ എന്താണ്. ഒരു കാലം വരുമായിരിക്കാം. തികച്ചും അപ്രതീക്ഷിതമായി, സ്വാതന്ത്ര്യം എന്നാൽ എന്താണെന്നു സാർ ചക്രവർത്തി വ്യക്തമാക്കുന്ന ഒരു വസരം വരുമായിരിക്കാം. അദ്ദേഹം കച്ചവട സ്ഥലങ്ങളും കുപ്പലുകളും കച്ചവടക്കാരിൽനിന്നും കൈവശപ്പെടുത്തുമായിരിക്കാം. കൃഷിക്കാരൻ സാറിന്റെ ആളാണ്. കുറെ യജമാനന്മാരുടെ അടിമയാകുന്നതു കൃഷിക്കാരനിഷ്ടമല്ല. ഒരാറ യജമാനനെ ഉള്ളൂ എന്നു വരുന്നതു കുറെ ഭേദമല്ലേ? സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥത്തിലുള്ള വ്യാഖ്യാനം ഏതെങ്കിലും ഒരു ദിവസം സാർ വ്യക്തമാക്കുമെന്നു കൃഷിക്കാരൻ വിശ്വസിക്കുകയാണ്. അപ്പോൾ ഓരോ ആളും അയാൾക്കു വേണ്ടതെല്ലാം കരസ്ഥമാക്കും. ഓരോ ആളും ആ ദിവസം സമാഗതമാകാൻ ആഗ്രഹിക്കുന്നു. എന്നാലും ആ ദിവസത്തെ എല്ലാവർക്കും ഭയമാണ്. വിഭവങ്ങൾ പുനർവിഭജ

നം ചെയ്യപ്പെടുന്ന ആ സുദിനം വരുമ്പോൾ താനില്ലാതെ പോയാലോ എന്നു എല്ലാവരും ഭയപ്പെട്ടുകഴിയുകയാണ്. ഓരോ ആൾക്കും സ്വന്തം കഴിവുകളെക്കുറിച്ചു വിശ്വാസമില്ല. ഓരോ ആൾക്കും പലതും വേണം; എല്ലാം നാലുപാടും ഉണ്ടുതാനും. എന്നാൽ അവയെല്ലാം എങ്ങിനെ എടുക്കും? ഒരേ സാധനമാണ് എല്ലാവർക്കും ആവശ്യം.....ഏതു ഭാഗത്തു തിരിഞ്ഞാലും ശരി, ഉദ്യോഗസ്ഥന്മാർ, എവിടെയും ഉദ്യോഗസ്ഥന്മാർ. കൃഷിക്കാക്കെതിരാണവർ; സാർ ചക്രവർത്തിക്കും. എന്നാൽ ഉദ്യോഗസ്ഥന്മാരെക്കൂടാതെ വല്ലതും നടക്കുമോ? ഇല്ല. അവരില്ലാഞ്ഞാൽ ആളകം അന്യോന്യം കഴുത്തിന്നു പിടിക്കും."

വസന്തകാലത്തെ ആ കാറ്റിൽ ഞങ്ങളുടെ ജനൽകതകുകളിൽ ശക്തിയായ മഴയുടെ ചീറ്റൽ വന്നലക്കുകയാണ്. പുറമെ ഈ വിശ്വം മുഴുവൻ ഇരുണ്ടടഞ്ഞുനിൽക്കുന്നു. എന്റെ ഹൃദയത്തിലും ഒരു തരം മരവിപ്പ് തിങ്ങിനിൽക്കുന്നു. അയാളുടെ പതിഞ്ഞ ശാന്തമായ സ്വരം ചിന്താഗ്രസ്ഥമായങ്ങിനെ തുടർന്നു:

"സാർ ചക്രവർത്തിയുടെ അധികാരം കൈപ്പറ്റാൻ അല്പാല്പമായെങ്കിലും പഠിക്കേണ്ടതാണെന്നു കൃഷിക്കാരനെ ബോദ്ധ്യപ്പെടുത്തണം. അവരുടെ ഇടയിൽ നിന്നു തന്നെ ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കാനുള്ള അധികാരം ജനങ്ങൾക്കുണ്ടെന്നു, കൃഷിക്കാരനെ ബോദ്ധ്യപ്പെടുത്തണം. ഗവർണ്ണരേയും സാർ ചക്രവർത്തിയെപ്പോലും ജനങ്ങൾ തിരഞ്ഞെടുക്കണം എന്നവനു ബോദ്ധ്യമാകണം."

"അങ്ങിനെ ബോദ്ധ്യം വരാൻ ഒരു നൂറു കൊല്ലം പിടിക്കും."

വൈകുന്നേരം അയാൾ പുറമെ എവിടെയോ പോയി. പതിനൊന്നു മണിയാകാറായപ്പോൾ, ഞങ്ങളുടെ വീട്ടിന്നു വളരെ അടുത്തുവെച്ചു, ഒരു വെടിപൊട്ടുന്ന ശബ്ദം കേട്ടു. ഞാൻ ഇരുട്ടിൽ മഴയത്തു ചാടിഇറങ്ങിയപ്പോൾ മൈക്കേൽ ആന്റണോവിക്ക് ഗേറ്റിന്നടുത്തേക്കു വരുന്നതു ഞാൻ കണ്ടു. വഴിയിലുള്ള വെള്ളക്കുണ്ടുകളിൽ വീഴാതിരിക്കാൻ ശ്രദ്ധിച്ചുകൊണ്ടാണയാൾ നടക്കുന്നതു.

"നീ പുറത്തു വന്നതെന്തിനാണു്. വെടിയുടെ ഒച്ച കേട്ടിട്ടാണോ? അതു ഞാനാണു് പൊട്ടിച്ചതു്"

"എന്തു പറ്റി?"

"നിരത്തിന്മേൽവെച്ചു, ചില അപ്പുകൾ വടികളുമായി എന്നെ ആക്രമിച്ചു. ഞാൻ അവരോടു പറഞ്ഞു, വെറുതെ തകരാറൊന്നും വേണ്ടാ, ഞാൻ വെടിവെക്കും എന്നു. ഫലമുണ്ടായില്ല. അതുകൊണ്ടു ഞാൻ ആകാശത്തേക്കു ഒരു വെടി പൊട്ടിച്ചു. വായുവിന്നു അപായത്തൊന്നും പറ്റാനില്ലല്ലോ."

അയാൾ മുമ്പുറത്തെ മുറിയിൽകയറി നനഞ്ഞ വസ്ത്രം പിഴിഞ്ഞു. താടിരോമത്തിലുള്ള വെള്ളം കുടഞ്ഞുകളഞ്ഞു. അയാൾ തലയാട്ടി. കുതിരയെപ്പോലെ മൂക്കു ചീറ്റി.

"എന്റെ ഈ ചെരിപ്പുകൾക്കു ഭാരം വീണിരിക്കുന്നു. ഇതു ഉടനെ മാറ്റണം. ഒരു കൈത്തോക്കു് വെടിപ്പാക്കാൻ നിനക്കറിയാമോ? തുരുമ്പുപിടിക്കുന്നതിന്നു മുമ്പു നീ ആ ഒരു സഹായം ചെയ്യണം. കുറെ മണ്ണെണ്ണ എടുത്തൊഴിച്ചോളൂ."

എനിക്കയാളുടെ ക്രൂസലില്ലാത്ത ആ ഗൌരവഭാവം വളരെ ഇഷ്ടമായി. അയാളുടെ കണ്ണുകളിൽ തെളിഞ്ഞുകണ്ട ആ വാശി എന്നെ ആകർഷിച്ചു. ഞങ്ങളം അകത്തേക്കു പോയി കണ്ണാടിയുടെ മുമ്പിൽനിന്നു താടിരോമം ചീകി ശരിപ്പെടുത്തി. അയാളം എന്നെ താക്കീതു ചെയ്തു:

"പുറത്തിറങ്ങി നടക്കുമ്പോളം പ്രത്യേകം സൂക്ഷിക്കണം. പ്രത്യേകിച്ചും വൈകുന്നേരം. ഒഴിവു ദിവസങ്ങളിലും. എനിക്കും സംശയം അവർക്കു നിന്നെയും അടിക്കണമെന്നുണ്ടെന്നാണു്. കയ്യിൽ വടിയുമെടുത്തു നടക്കരുതു. പോക്കിരികളംക്കു, അതു കണ്ടാൽ വലിയ ഇറയാണു്. അതു കണ്ടാൽ അവർ വിചാരിക്കും നീ ഭയപ്പെട്ടു നടക്കുകയാണെന്നു. പേടിക്കാൻ വാസ്തവത്തിൽ ഒന്നും ഇല്ല. അവരെല്ലാം ഭീരുക്കളാണു്."

എനിക്കു ആഹ്ലാദപ്രദമായിത്തോന്നിയ ഒരു ജീവിതരീതിയാണപ്പോളം ആരംഭിച്ചതു്. ഓരോ ദിവസവും പുതുതും പ്രധാനവുമായ വല്ലതും സംഭവിക്കും. ഞാൻ പ്രകൃതിശാസ്ത്രത്തെക്കുറിച്ചുള്ള പുസ്തകങ്ങളം ആത്തിയോടെ വായിച്ചു. റോമാസ്സ് എന്നെ ഉപദേശിച്ചു."

"അതാണു് നീ ആദ്യമായി പഠിക്കേണ്ടതു. ഏറ്റവും നന്നായി പഠിക്കേണ്ടതു, മേക്സിമിക്ക്. മനുഷ്യന്റെ ഏറ്റവും നല്ല യുക്തിബോധം ഈ ശാസ്ത്രത്തിൽ പ്രയോഗിച്ചിരിക്കുകയാണു്."

ആഴ്ചയിൽ മൂന്നു ദിവസങ്ങളം, വൈകുന്നേരം, ഞാൻ ഇസോട്ടിനെ എഴുതാനും വായിക്കാനും പഠിപ്പിക്കും. അയാംക്കു ആദ്യം എന്നെ വലിയ സംശയമായിരുന്നു. എ

ന്റെ നിർദ്ദേശങ്ങളും അയാൾ കാര്യമായെടുക്കുകയില്ല. കുറച്ചു പാഠങ്ങളും കഴിഞ്ഞപ്പോൾ അയാൾ ആത്മാർത്ഥതയോടെ പറഞ്ഞു.

"നിനക്കിതെല്ലാം വശമാണ് ചങ്ങാതീ, നീയൊരു ദ്ധ്യാപകനാകേണ്ടതാണ്." പെട്ടന്നയാൾ അഭിപ്രായപ്പെട്ടു.

"നോക്കൂ, നീ നല്ല ശക്തനാണ്. നമുക്കു ഒന്നു പിടിച്ചുനോക്കാം."

ഞങ്ങളാ അടുക്കളയിൽ നിന്നും ഒരു വടിയെടുത്തുകൊണ്ടു വന്നു. നിലത്തിരുന്ന കാലടികൾ അന്യോന്യം ഒട്ടിച്ചുവെച്ചു, രണ്ടാളും രണ്ടു കൈകൾ കൊണ്ടും വടിക്കുപിടിച്ചു ശക്തിയിൽ പിന്നോക്കം വലിച്ചു. കുറെ സമയത്തേക്കു ആരും ജയിച്ചില്ല. ഒരാൾ മറെറ ആളെ നിലത്തുനിന്നും വലിച്ചുപൊക്കാൻ നോക്കി. കൊക്കോളാ ചിരിച്ചു ഞങ്ങളെ പ്രോത്സാഹിപ്പിച്ചു.

"നോക്കൂ, നോക്കൂ, വലി, വലി"

ഒടുവിൽ ഇസോട്ട എന്നെ വലിച്ചുപൊക്കി. ഇതു അയാൾക്കു എന്നോടു കൂടുതൽ സ്നേഹം ജനിക്കാൻ സംഗതിയാക്കി.

"സാരമില്ല." അയാൾ എന്നെ സമാധാനിപ്പിച്ചു. "നിനക്കു നല്ല ശക്തിയുണ്ട്. നിനക്കു മത്സ്യം പിടിക്കുന്നതിഷ്ടമല്ലാത്തതു വലിയ കഷ്ടം തന്നെ. അല്ലെങ്കിൽ നിനക്കും എന്നോടൊപ്പം വോംഗയിൽവന്നു മത്സ്യം പിടിക്കാമായിരുന്നു. അതുവാസ്തവത്തിൽ സത്യമാണ്, രാത്രി വോംഗയുടെ കരക്കുനിന്നു മത്സ്യം പിടിക്കുന്നതു"

അയാൾ പഠിപ്പിൽ നന്നായി ശ്രദ്ധിച്ചു. നല്ല അഭിവൃദ്ധി കാണുകയുംചെയ്തു. തന്റെ അറിവു് വർദ്ധിച്ചതായിക

ണ്ടപ്പോൾ അയാൾ സന്തോഷിച്ചു. ചിലപ്പോൾ പഠിച്ചും കൊണ്ടിരിക്കെ, അയാൾ പെട്ടെന്ന് ചാടി എഴുന്നേറ്റ് അലമാരിയിൽ നിന്നും ഏതെങ്കിലും ഒരു പുസ്തകം എടുക്കും. പുരികം ഉയർത്തി വളരെ വിഷമിച്ചു പറയുന്നതുപോലുള്ള ഒരു സ്വരത്തിൽ അയാൾ രണ്ടുമൂന്നു വരികൾ ഉറക്കെ വായിക്കും. പിന്നെ അല്പം ലജ്ജിച്ചു, വിശ്വാസം വന്നിട്ടില്ലാത്തപോലെ എന്നോട്ട് ആശ്ചര്യപൂർവ്വം പ്രസ്താവിക്കും.

"എനിക്ക് വായിക്കാൻ അറിയാം. ഇങ്ങിനെ ഒരു കാര്യം നീ മുമ്പ് കേട്ടിട്ടുണ്ടോ?" അയാൾ തുടർന്ന് കുറച്ചുവരികൾ വായിക്കും. എന്നിട്ട് വീണ്ടും ചോദിക്കും.

"അതെങ്ങിനെ? നിനക്കിഷ്ടമായോ?" കുറേ പ്രാവശ്യം വളരെ പതിഞ്ഞ സ്വരത്തിൽ അയാൾ സംശയിച്ചു സംശയിച്ചെന്നോട്ട് ചോദിച്ചു.

"സഹോദരാ, നീ ഇതെനിക്കു വിവരിച്ചുതരുമോ? ഇതെങ്ങിനെയാണ് സംഭവിക്കുന്നതെന്ന്? ഒരാൾ ഈ ചിലവരയും കുറിയും തെല്ലിട നോക്കുന്നു. അവ വാക്കുകളാക്കി അയാൾ ഉച്ചരിക്കുന്നു. എനിക്കീവാക്കുകൾ അറിയാം. നമ്മുടെ സ്വന്തം വാക്കുകൾ, നാം സാധാരണ ഉപയോഗിക്കാറുള്ള വാക്കുകൾ—എന്നാൽ എനിക്കെങ്ങിനെയാണാവാക്കുകൾ മനസ്സിലാകുന്നത്? ആരും എനിക്കാവാക്കുകൾ എന്റെ ചെവിയിൽ മന്ത്രിച്ചുതരുന്നില്ല. അത് ചിത്രമാണെങ്കിൽ അത് മനസ്സിലാക്കാം. എന്നാൽ ഇത് ആരുടെയോ ചിന്തകൾ അപ്പടി കടലാസ്സിൽ അച്ചടിച്ചുവെച്ചതുപോലെയാണിരിക്കുന്നത്. ഇതെങ്ങിനെ സംഭവിക്കുന്നു."

ഞാൻ അയാളോട് എന്തുത്തരം പറയാനാണ് "എനിക്കറിയുകയില്ല." എന്ന് എന്റെ സമാധാനം കേട്ടപ്പോൾ അയാൾക്ക് കുണ്ഠിതം തോന്നി

"ജാലവിദ്യാ" അയാൾ നെടുവീർപ്പിട്ടുംകൊണ്ട് പറഞ്ഞു. അയാൾ അച്ചടിച്ച പേജു വെളിച്ചത്തു നീട്ടിപിടിക്കും. അയാളിൽ ആഹ്ലാദപ്രദമായ സുവ്യക്തമായ, കുട്ടിത്തം നിറഞ്ഞ ഒരു ഭാവമാണ് ഉണ്ടായിരുന്നത്. പുസ്തകങ്ങളിൽ വിവരിച്ചുകാണാറുള്ള ആ മാതൃകാ കൃഷിക്കാരന്റെ ചിത്രമാണ് എനിക്കയാളെ കാണുമ്പോൾ ഓർമ്മവരിക. സാധാരണ എല്ലാ മീൻപിടുത്തക്കാരേയും പോലെ, അയാൾ പോംഗയേ സ്നേഹിച്ചു; ഒരു കവിയേപ്പോലെ രാത്രിയിലെ നിശ്ശബ്ദതയേയും വിജനതയേയും ചിന്തോദ്ദീപകമായ ജീവിതത്തേയും സ്നേഹിച്ചു.

നക്ഷത്രങ്ങളെ നോക്കിയുംകൊണ്ടയാൾ എന്നോട് ചോദിച്ചു.

"ഈ ഭ്രമിയിലേപ്പോലെ അവിടെ നക്ഷത്രങ്ങളിലും ജീവജാലങ്ങൾ ഉണ്ടായിരിക്കാൻ ഇടയുണ്ടെന്ന് കൊക്കോൾ പറയുന്നു. അതു് ശരിയാണെന്നു് നീ വിചാരിക്കുന്നുണ്ടോ? ആർക്കെങ്കിലും നക്ഷത്രങ്ങളിലേ ആളുകളോട് കൊടിവീശി കാണിച്ചു സംസാരിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ, അവർ എങ്ങിനെ ജീവിതം നയിക്കുന്നു എന്നു ചോദിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ. തീർച്ചയായും നമ്മെക്കാൾ ഭേദപ്പെട്ട ജീവിതമായിരിക്കും അവരുടേതു്. കൂടുതൽ സന്തോഷപ്രദമായതു്."

അയാളുടെ ജീവിതത്തിൽ അയാൾ സംതൃപ്തനാണ്. അയാൾക്ക് അമ്മയച്ഛന്മാർ ഇല്ല; കല്യാണം കഴിച്ചിട്ടില്ല.

സ്വതന്ത്രമായ ജീവിതമാണ്. സമാധാനപൂർണ്ണമായി, അയാൾ ഇഷ്ടപ്പെട്ടുകൊണ്ടു ചെയ്യാവുന്ന ഒരു ജോലിയുണ്ട്. മീൻപിടുത്തം. എന്നാൽ അയാൾക്കു തന്റെ ഗ്രാമത്തിലെ ആളുകളെ ഇഷ്ടമല്ല. അയാൾ എന്നെ താക്കീതുചെയ്തു.

"നീ അവരുടെ വഴക്കൻ വാക്കുകൾ വിശ്വസിക്കരുത്. അവർ വലിയ ചതിയന്മാരാണ്. അവരെ നീ വിശ്വസിക്കരുത്. ഇന്നു അവർ നിന്നോടു ഒരു തരത്തിൽപറയും. നാളെ മറെറാരുവിധത്തിലും. അവരിൽ ആരും തന്നെ സ്ഥിരതയുള്ളവരായില്ല. പൊതുനന്മയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള എന്തും അവരുടെ കണ്ണിൽ വലിയ ഭാരമാണ്. ഗ്രാമത്തിലെ കുടവയറന്മാരെപ്പററി, അയാളുടെ ശാന്തസ്വഭാവത്തിനു തീരെ നിരക്കാത്ത പകയോടുകൂടിയാണ് അയാൾ സംസാരിക്കുക.

"അവർ മറവുള്ളവരെക്കാൾ ധനികരായിത്തീർന്നതെങ്ങിനെയാണ്! അവർ വലിയ വിരുതന്മാരായതുകൊണ്ടുതന്നെ. അവർ വലിയ വിരുതന്മാരാണെങ്കിലെന്താ. നശിക്കട്ടെ സകലതും. എന്നാൽ അവർ ഒരുകാര്യം ഓർമ്മിക്കട്ടെ. കൃഷിക്കാരെല്ലാം അന്യോന്യം കലഹിക്കാതെ ഒററക്കെട്ടായി നിൽക്കട്ടെ. എന്നാൽ കൃഷിക്കാരുടെ ശക്തി വർദ്ധിക്കും. പ്രമാണികൾ, ഗ്രാമത്തിൽ കക്ഷിവഴക്കുണ്ടാക്കും. ആളിക്കത്തുന്ന തീയ്യിൽ, മരത്തടി വലിച്ചിടുംപോലെ. അതാണവർ ചെയ്യുന്നതു്. കൃഷിക്കാർ സ്വയം ശത്രുക്കളായി മാറുകയാണ്. നശിച്ച ഒരു ക്രൂട്ടർ! കൊക്കോളിനെ അവർ എങ്ങിനെയെല്ലാം ദ്രോഹിക്കുന്നു എന്നു കണ്ടില്ലെ?"

അയാൾ സുമുഖനാണ്, ശക്തനാണ്. സ്ത്രീകൾക്കെല്ലാം അയാളെ വലിയ കാര്യമാണ്. അവർ അയാൾക്കു ഒരിക്കലും സൈ്വരം കൊടുക്കുകയില്ല.

"അവർ എന്നെ ചീത്തയാക്കുന്നുണ്ട്. അതു പരമാ
ത്ഥമാണ്." അയാൾ സമ്മതിച്ചു. "അവരുടെ ഭർത്താക്ക
ന്മാർക്കു ഇഷ്ടമല്ല. ഞാനും ഒരു ഭർത്താവാണെങ്കിൽ, എ
നിക്കും അതിഷ്ടമാകയില്ല. ഞാൻ ചോദിക്കുന്നതു സ്ത്രീ
കളോടു ഇഷ്ടത്തോടെ പെരുമാറാതിരിക്കുന്നതെങ്ങിനെയാ
ണെന്നാണ്. സ്ത്രീയില്ലെ, അവർ നിങ്ങളുടെ രണ്ടാമത്തെ
ആത്മാവാണ്. അവർ നയിക്കുന്ന ജീവിതമോ തമാശയി
ല്ല, ഭയമുമില്ല. ഒരു കുതിരയെപ്പോലെ കഠിനാദ്ധ്വാനം
ചെയ്യണം. സ്ത്രീയുടെ ജീവിതമായി. ഭർത്താക്കന്മാർക്കാണെ
ങ്കിൽ ഭാര്യമാരോടു സ്നേഹപ്രകടനം നടത്താൻ സമയമില്ല.
ഞാൻ വായുവെപ്പോലെ സ്വതന്ത്രനാണ്. സ്ത്രീകളിൽ അ
ധികംപേരും വിവാഹം കഴിഞ്ഞു ഒരു കൊല്ലം കഴിയുന്നതി
ന്നുമുമ്പു ഭർത്താക്കന്മാരുടെ അടികൊള്ളേണ്ടിവരുന്നുണ്ട്. അ
തെ, ഞാൻ അവരെ കുറെ കളിപ്പിക്കും. അതു ഞാൻ
സമ്മതിക്കുന്നു. ഞാൻ അവരോടു ഒരു കാര്യംമാത്രം ഉപ
ദേശിക്കും. "നിങ്ങൾ അന്യോന്യം വെറുക്കരുതു്. നിങ്ങ
ളെല്ലാവരേയും ഞാൻ ശ്രദ്ധിച്ചുകൊള്ളാം. അന്യോന്യം അ
സൂയ പാടില്ല. നിങ്ങളെല്ലാവരും എനിക്കൊരുപോലെയാ
ണ്. നിങ്ങൾ എല്ലാവരോടും എനിക്കനുകമ്പയുണ്ട്."

അല്പം ലജ്ജ ഭാവിച്ചു അയാൾ തുടർന്നു:

"ഞാൻ കുലീനയായ ഒരു സ്ത്രീയുമായി പരിചയം ചെയ്തു.
ഒരു പ്രാവശ്യം അവർ നഗരത്തിൽനിന്നും വന്നതായിരുന്നു.
വേനൽക്കാലം സുഖവാസത്തിനു നാട്ടിൻപുറത്തു ഒരു വീ
ടെടുത്തു പാർക്കുകയായിരുന്നു. വളരെ സുമുഖിയാണ്, പാ
ലുപോലത്തെ വെള്ളനിറം. മുടി നല്ല പട്ടുപോലെയുണ്ട്.
കണ്ണുകൾ നല്ല നീലംപോലെ നീലയാണ്. ഭയയോടുകൂടി

യ നോട്ടം. ഞാൻ അവക്ക് മത്സ്യം വിൽക്കും. അവിടെ ചെന്നാൽ അവരുടെ മുഖത്തുനിന്നും കണ്ണുമറിക്കാൻ കഴിയുകയില്ല. "നിനക്കു എന്തു പറ്റി" അവർ ഒരു ദിവസം എന്നോടു ചോദിച്ചു. "അതു നിങ്ങൾക്കു തന്നെ അറിയാമല്ലോ." ഞാൻ മറുപടി പറഞ്ഞു. "ശരി" അവർ അനുകൂലിച്ചു. "എന്നാൽ അങ്ങിനെ നടക്കട്ടെ. ഇന്നു രാത്രി ഞാൻ നിന്റെ അടുത്തുവരും. നീ എന്നെ കാത്തിരിക്കണം." അവർ വന്നു. അവക്ക് കൊതുകിന്റെ ശല്യം മാത്രമെ ഒരാക്ഷേപമുണ്ടായിരുന്നുള്ളു. കൊതുക്കൾ അവരെ വല്ലാതെ കടിച്ചുകളഞ്ഞു: ഞങ്ങൾക്കു രണ്ടുപേർക്കും സൌകര്യപ്പെട്ട മറ്റു സ്ഥലമില്ല. "എനിക്കിതു സഹിക്കാൻ വയ്യ." അവർ പറഞ്ഞു. "എത്ര കഠിനമായാണു കൊതുക്കൾ കടിക്കുന്നതു?" അവക്ക് കരച്ചിൽ വന്നു. പിറ്റെ ദിവസം അവരുടെ ഭർത്താവും നാട്ടിൻപുറത്തേക്കു വന്നു. ഒരു ന്യായാധിപനോ മറ്റോ ആണു. അതെ. കുലീനകളെന്നു പറയുന്ന സ്ത്രീകളുടെ കാര്യമൊക്കെ അങ്ങിനെയാണു്. ഇസ്സോട്ട് നല്ല രസംപിടിച്ചു ഒരു പരിഭവഭാവത്തിൽ തുടർന്നു. "അവർ കൊതുക്കളെ അവരുടെ ജീവിതം തുലക്കാൻ അനുവദിക്കുന്നു."

അയാൾ കൃഷ്ണിനെ വാഴ്ത്തിപ്പറഞ്ഞു.

"നീ അയാളെ പ്രത്യേകം ശ്രദ്ധിക്കണം. മനഃസ്സാക്ഷിയുള്ള മനുഷ്യനാണയാൾ. ഒരു നല്ല മനുഷ്യൻ. ആളുകൾക്കയാളെ ഇഷ്ടമല്ല. ആളുകൾക്കു തെറ്റുപറ്റുകയാണു്. അയാൾ ഒരു വായാടിയാണു്. ആർക്കാണു് ഒരു കുറവും കുറവും ഇല്ലാത്തതു്?"

കൃഷ്ണിന്നു സ്വന്തമായി നിലമില്ല. അയാൾ പാങ്കോവിന്റെ കണ്ടത്തിൽ കൂലിവേല ചെയ്തു. അയാളുടെ ഭാര്യ

യും ക്രമിപ്രവൃത്തിക്കു പോകും. ആ സ്ത്രീ കടിക്കും. ആകൃതി ചെറുതാണു്. എന്നാൽ വളരെ ശക്തിയും ചുറുചുറുക്കും ഉണ്ടു. വേഗം ക്രോധം വരും. അവർ അവരുടെ വീട്ടു കൊല്ലന്റെ വാടകക്കു കൊടുത്തിരിക്കയാണു്. അവർ ഒരു ചെറിയ വീട്ടിൽ താമസമാക്കിയിരിക്കയാണു്. കൃഷ്ണനു വാത്തകളറിയാൻ വലിയ കൊതിയാണു്. ഒരു കഥയും അറിയാൻ പറഞ്ഞിയില്ലെങ്കിൽ വല്ലതും സ്വന്തമായി കെട്ടിച്ചമയ്ക്കും. എല്ലാം ഒരേമാതിരിയിൽ ആയിരിക്കുകയും ചെയ്യും.

"നിങ്ങൾ കേട്ടോ മൈക്കേലോ ആൻറണോവിക്കു്? ടിങ്കോവിലെ ആ പോലീസ്സുകാരൻ സന്യാസിക്കാൻ തീർച്ചയാക്കിയിരിക്കുന്നുവത്രെ. അയാൾ ജോലി രാജിവെച്ചിരിക്കുന്നു: "ഇനിയും എനിക്കു കൃഷിക്കാരെ അധിക്ഷേപിക്കുവാൻ സാദ്ധ്യമല്ല." അയാൾ പറയുകയാണു്. "ഞാൻ വേണ്ടതു ഉപയുക്തം ചെയ്തുകഴിഞ്ഞു." എന്നെല്ലാം!"

കൊക്കോൾ വലിയ ഗൌരവത്തോടെ പറഞ്ഞു.

"കാര്യങ്ങൾ ഇങ്ങിനെ തുടർന്നുപോകയാണെങ്കിൽ എല്ലാ ഉദ്യോഗസ്ഥന്മാരും ഇങ്ങിനെ രാജിവെച്ചുപോകും."

ചീകാതെയിട്ടിരുന്ന മുടിയിൽനിന്നും വൈക്കോൽതുണ്ടുകളും, കോഴിത്തൂവലിന്റെ ശകലങ്ങളും പെറുക്കിയെടുത്തുംകൊണ്ടു കൃഷ്ണൻ ഈ അഭിപ്രായത്തെ ഒന്നു പരിശോധിച്ചു.

"എല്ലാവരും വിട്ടുകളയുമെന്നു ഞാൻ വിചാരിക്കുന്നില്ല. മനഃസ്സാക്ഷിയുള്ളവരെല്ലാം വിട്ടുപോകും. അവർക്കു ജോലിയിൽ തുടർന്നുപോകാൻ സാദ്ധ്യമല്ല. നിങ്ങൾ മനഃസ്സാക്ഷിയിൽ വിശ്വസിക്കുന്നില്ല അല്ലെ ആൻറണോവിക്കു്. നിങ്ങൾ വിശ്വസിക്കുന്നില്ലെന്നെനിക്കറിയാം. എ

ന്നാലും ഞാൻ പറയുന്നു. ആൾക്കും മനഃസ്സാക്ഷിയില്ലാതെ ജീവിക്കാൻ സാദ്ധ്യമല്ല. അയാൾ എത്ര സമർത്ഥനായിരുന്നാലും. ഒരിടത്തു ഒരു സ്ത്രീയുണ്ടായിരുന്നു ....."

അയാൾ വളരെ വളരെ സമർത്ഥയായ ഒരു നിലമുടമയുടെ കഥ ആരംഭിച്ചു.

"അവർ വളരെ ക്രൂരയും കടുപ്പക്കാരിയുമായിരുന്നു. ഗവണ്ണർ തന്നെയും, അവരെ അങ്ങോട്ടു ചെന്നു കാണണം. അമ്മേ, നിങ്ങൾക്കു എന്റെ സഹായം ഉറപ്പിക്കാം." ഗവണ്ണർ പറഞ്ഞു. "നിങ്ങളുടെ ക്രൂരതകളെക്കുറിച്ചുള്ള വാർത്തകൾ സെൻറ് പീറ്റർസ് ബർഗ്ഗിലും എത്തിയിട്ടുണ്ടത്രെ." അവർ ഗവണ്ണർക്കു കുറച്ചു വീഞ്ഞു പകർന്നുകൊടുത്തു. എന്നാൽ അവൾ അയാളോടു പറഞ്ഞു. "നിങ്ങൾ അനങ്ങാതെ വീട്ടിൽ പോയ്ക്കോളൂ. എനിക്കെന്റെ സ്വഭാവം മാറ്റാൻ സാദ്ധ്യമല്ല." അങ്ങിനെ മൂന്നു കൊല്ലം കഴിഞ്ഞു. ഒരു മാസം പെട്ടന്നൊരു ദിവസം ആ സ്ത്രീ തന്റെ കുടിയാന്മാരെയെല്ലാം വിളിച്ചുവരുത്തി.

"നോക്കൂ" ആ സ്ത്രീ പറഞ്ഞു. "എന്റെ നിലമെല്ലാം നിങ്ങൾ എടുത്തോളൂ. ഞാൻ പോകുന്നു. നിങ്ങൾ എന്നെ മാറ്റിക്കണം."

"ഒരു സന്ന്യാസിമഠത്തിലേക്കായിരിക്കണം....." കൊക്കോൾ ഇടയിൽ കടന്നുപറഞ്ഞു.

കൃഷ്ണൻ അയാളുടെ മുഖത്തു തന്നെ സൂക്ഷിച്ചുനോക്കി ആ അഭിപ്രായം ശരിവെച്ചു.

"അതു ശരിയാണ്. സന്ന്യാസിമഠത്തിന്റെ അധിപയാകാൻ. അപ്പോൾ നിങ്ങളും ഈ സ്ത്രീയെക്കുറിച്ചു കേട്ടിരിക്കണം."

"ഇല്ല. ഞാൻ ഒരിക്കലും അങ്ങിനെ ഒരു സംഭവത്തെക്കുറിച്ചു കേട്ടിട്ടില്ല."

"എന്നാൽ നിങ്ങൾക്കീ കാര്യം എങ്ങിനെ മനസ്സിലായി."

"എനിക്കു നിങ്ങളെ ശരിക്കറിയുന്നതുകൊണ്ട്."

തലയാട്ടി ആ സഞ്ചാരക്കാരൻ പിറുപിറുത്തു.

"നിങ്ങൾ ആർ പറയുന്നതും വിശ്വസിക്കുകയില്ല. ഒരിക്കലും"

അങ്ങിനെയാണെപ്പോഴും അയാളുടെ കഥകൾ. മോശക്കാരായ ക്രൂരന്മാരായ അയാളുടെ കഥാപാത്രങ്ങളെല്ലാം ഒടുവിൽ, ദുഷ്കൃത്യങ്ങൾ ചെയ്തു മടുത്തു പ്രായശ്ചിത്തരാകും. അല്ലെങ്കിൽ സന്യാസിമഠങ്ങളിൽ പോയിച്ചേരും. അഴുക്കുസാധനങ്ങൾ തൊട്ടിയിലേക്കു ഇട്ടുകളയുന്നതുപോലെ.

വളരെ അപ്രതീക്ഷിതമായ അസാധാരണമായ ആശയങ്ങൾ അയാളുടെ തലയിൽ കിളുന്നുവരും. പെട്ടെന്നു പുരികം ചുളിച്ചുംകൊണ്ടു, അയാൾ പ്രഖ്യാപിക്കും.

"നമ്മൾ താത്തരിക്കാരെ കീഴടക്കരുതായിരുന്നു. താത്തരിക്കാർ നമ്മെക്കാൾ വളരെ നല്ല ആളുകളാണ്."

ഇപ്പറയുന്നതാകട്ടെ ആരും താത്തരിക്കാരെക്കുറിച്ചു ഒന്നും പ്രസ്താവിക്കാത്ത അവസരത്തിലായിരിക്കുകയും ചെയ്യും. പഴം കൃഷി ചെയ്യുണ്ടാക്കുന്ന കൃഷിക്കാരുടെ കാര്യമായിരിക്കും മറവുള്ളവർ അപ്പോൾ സംസാരിക്കുന്നത്.

അല്ലെങ്കിൽ റൊമാസ്സ് സൈബീരിയയെക്കുറിച്ചും സൈബീരിയയിലെ ധനികരായ കൃഷിക്കാരെക്കുറിച്ചും സംസാരിക്കുമ്പോൾ, കുങ്കുഷ്കിൻ പെട്ടെന്നിങ്ങനെ ചിന്താകുലനായഭിപ്രായപ്പെടുന്നതു കേൾക്കാം.

"ആരും ഒരു രണ്ടു മൂന്നു കൊല്ലം അയില പിടിച്ചില്ലെങ്കിൽ, കടലിൽ മുഴുവൻ അയിലകൾ നിറഞ്ഞു പ്ലേഗു മായിപ്പോകും. അയില എത്ര വേഗം പെറുപെരുകുന്നു.'

"അതൊരാശ്ചര്യം തന്നെയാണു്."

ഗ്രാമത്തിൽ അയാളെ ഒന്നിനും കൊള്ളാത്ത ഒരാളായിട്ടാണു് കരുതിയതു്. അയാളുടെ കഥകളും അസാധാരണമായ അഭിപ്രായങ്ങളും കൃഷിക്കാരെ വിറളിപിടിപ്പിച്ചു. അവർ അയാളെ ശപിക്കുകയും പരിഹസിക്കുകയും ചെയ്തെങ്കിലും, അവരെല്ലാം ശ്രദ്ധയോടെ അയാളുടെ സംഭാഷണം ശ്രദ്ധിക്കും. അയാളുടെ ഭാവനയുടെ ചിറകുവിരുത്തൽ എന്തോ പരമാർത്ഥം കണ്ടുപിടിക്കാൻ സഹായിക്കുമെന്നു അവർ പ്രതീക്ഷിച്ചിരിക്കണം.

"കാറു സഞ്ചി." സാമാന്യം വലിയ ആളുകളെല്ലാം അങ്ങിനെയാണയാളെ വിളിച്ചതു്. പാക്കോവു് മാത്രം ഔരവപൂർവ്വം ഇങ്ങിനെ ഉൗന്നിപ്പറയും.

"സ്റ്റീപ്പനോ— അവൻ ഗ്രന്ഥാർത്ഥം വെച്ചുകൊണ്ടെ സംസാരിക്കുകയുള്ളു."

കുഷ്കിൻ നല്ല പടുതാമുള്ള ഒരു തൊഴിലാളിയായിരുന്നു. തേനീച്ചകളെക്കുറിച്ചു സകലതും അറിയാം. സ്ത്രീകൾക്കു കോഴിവളർത്തൽ പഠിപ്പിച്ചുകൊടുക്കും. നന്നായി ആശാരിപ്പണിയെടുക്കും. അയാൾ ഏറ്റെടുക്കുന്ന ഏതു ജോലിയും ഭംഗിയായി നടക്കുമെന്നുറപ്പിക്കാം. അയാൾ മടിച്ചുമടിച്ചും വളരെ സാവധാനമായും മാത്രമേ ജോലിചെയ്യുകയുള്ളു. അയാൾക്കു് പൂച്ചകളെ ഇഷ്ടമാണു്. ഒരു പത്തെണ്ണത്തിനെ വളർത്തുകയും ചെയ്യുന്നുണ്ടു്. നന്നായവയെ തീറ്റിപ്പോറ്റും. ഇടക്കു കാക്കമുതലായ പക്ഷികളെക്കൊ

ന്നു പൂച്ചകൾക്കു തിന്നാൻ കൊടുക്കും. അങ്ങിനെ പക്ഷികളുടെ മാംസം പൂച്ചകൾക്കിഷ്ടമായി. ഇതു ഗ്രാമീണരുടെ അപ്രീതിക്കു കാരണമാക്കി. കാരണം ഈ പൂച്ചകൾ അയൽപക്കത്തെ കോഴികളേയും വാത്തുകളേയും പിടിച്ചുതിന്നാൻ തുടങ്ങി. സ്ത്രീകൾ സ്റ്റീപ്പന്റെ പൂച്ചകളെ എറിഞ്ഞകറ്റി. അയൽപക്കക്കാർ അയാളോടു പൂച്ചകളുടെ ചെയ്തികളെക്കുറിച്ചാവലാതിപ്പെട്ടു. ഇതൊന്നും അയാളെ ബോധാറാക്കിയില്ല.

"വിഡ്ഢികൾ! പൂച്ചകൾ സാധാരണ നായാട്ടുമൃഗങ്ങളാണ്. നായ്ക്കളേക്കാൾ ശൌര്യം കുറ്റും. അവയ്ക്കു പക്ഷികളെ പിടിക്കാൻ നല്ല പരിശീലനം ലഭിച്ചു കഴിഞ്ഞാൽ, പൂച്ചകളെ നൂറുകണക്കായി വളർത്തി വില്ക്കാൻ കഴിയും. അതിന്റെ അർത്ഥം കീശയിൽ ധാരാളം പണം വരും എന്നല്ലേ? വിഡ്ഢികൾ!"

മുമ്പു അയാൾ എഴുതാനും വായിക്കാനും പഠിച്ചിട്ടുണ്ടായിരുന്നുവത്രെ. എന്നാൽ ഇപ്പോൾ അക്ഷരമൊന്നും ഓർമ്മയില്ല. വീണ്ടും പഠിക്കാൻ ആഗ്രഹിച്ചതും ഇല്ല. സ്വാഭാവികമായി അല്പം ബുദ്ധിക്രമ്മതയുള്ളതുകൊണ്ടു മറ്റുള്ളവരേക്കാൾ കൊക്കോളിന്റെ സംസാരം അയാൾക്കു എളുപ്പം മനസ്സിലാകാറുണ്ട്.

കയ്പുള്ള മരുന്നുകുടിക്കാൻ നിർബന്ധിതനായ ഒരു ചെറിയ കുട്ടിയെപ്പോലെ, മുഖം ചുളിച്ചുംകൊണ്ടയാൾ പറയും. "അപ്പോൾ മൈവർ ഗ്രോസ്നി, ചെറുപ്പക്കാരുടെ ശത്രുവായിരുന്നില്ല."

കുകുഷ്കിൻ, ഇസോട്ട്, പാങ്കോവ് ഇവരെല്ലാം വൈകുന്നേരം ഞങ്ങളുടെ സ്ഥലത്തുവന്നു ചിലപ്പോൾ വളരെ വൈ

കുന്നതുവരെ ഇരിക്കും—ഈ ബ്രഹ്മാണ്ഡത്തിന്റെ ഘടനയെക്കുറിച്ചും വിദേശങ്ങളിലെ ജീവിതത്തെക്കുറിച്ചും ജനങ്ങളുടെ വിപ്ലവപരമായ പ്രവർത്തനങ്ങളെക്കുറിച്ചും, കൊക്കോം സംസാരിക്കുന്നതു കേൾക്കാൻ. പാങ്കോവിനു പ്രഞ്ചുവിപ്ലവത്തെക്കുറിച്ചു പറഞ്ഞുകേൾക്കുന്നതു വളരെ ഇഷ്ടമാണു്.

"അതു ജീവിതത്തിലെ യഥാർത്ഥമായ ഒരു വഴിത്തിരിവായിരുന്നു. അയാളം ആനുകൂല്യം പ്രദർശിപ്പിച്ചു.

രണ്ടു കൊല്ലങ്ങൾക്കു മുമ്പു, പാങ്കോവ് അയാളുടെ അച്ഛന്റെ വകയായ സ്വത്തിൽ തന്റെ ഓഹരിക്കുവശ്യപ്പെട്ടു. (കഴുത്തിനു വലിയ മുഴയുള്ള തുറിച്ച കണ്ണുകളോടുകൂടിയ ഒരു ധനികൻ കൃഷിക്കാരനായിരുന്നു പാങ്കോവിന്റെ അച്ഛൻ) അയാളം തന്റെ ഓഹരി വാങ്ങി. പാങ്കോവ് ഇസോട്ടിന്റെ ഒരു മരുമകളെ സ്നേഹിച്ചു വിവാഹം ചെയ്തു, സ്വതന്ത്രമായ ജീവിതം ആരംഭിച്ചു. അയാളം ഭാര്യയെ വലിയ ചിട്ടകളോടെ നിയന്ത്രിച്ചു. എന്നാൽ അവളെ നഗരത്തിലെ പെണ്ണുങ്ങളുടെ പരിഷ്കാരത്തോടെയാണയാളം നടത്തിയതു്. പാങ്കോവിന്റെ അച്ഛൻ ഇങ്ങിനെയുള്ള ധിക്കാരത്തെച്ചൊല്ലി മകനെ ശപിച്ചു. മകന്റെ പുതിയവീട്ടിനു മുമ്പിൽക്കൂടി കടന്നുപോകുമ്പോഴെല്ലാം അയാളം വെറുപ്പോടെ കാർക്കിച്ചു തുപ്പി. ഗ്രാമത്തിലെ എല്ലാ പണക്കാരുടേയും എതിർപ്പിനെ വകവെക്കാതെയാണു്, പാങ്കോവ് തന്റെ വീടു് റോമാസ്സിനു വാടകയ്ക്കു കൊടുത്തതു്. കച്ചവടാർത്ഥം ഒരു മുറിയുംകൂടി എടുത്തുകൊടുത്തു. അവരെല്ലാം ഇക്കാരണത്താൽ പാങ്കോവിനെ വെറുത്തു. എന്നാൽ ഈ വൈമുഖ്യത്തെ പാങ്കോവതു കാര്യമാക്കിയില്ല. അവരെക്കുറിച്ചു പാങ്കോവെപ്പോഴും പുച്ഛത്തോടുകൂടി സംസാരി

ക്കും. അവരോട് പരുഷമായും എതിർഭാവത്തിലും പെരുമാറും. അയാളം ഗ്രാമത്തിലെ ജീവിതംതന്നെ വെറുത്തു.

"എനിക്ക വല്ല വ്യാപാരവും വശമായിരുന്നെങ്കിൽ ഞാൻ നഗരത്തിലേക്ക താമസം മാറുമായിരുന്നു." എന്ന യാളം പറയും.

അയാൾക്ക നല്ല ദേഹപുഷ്ടിയുണ്ട്. എപ്പോഴും വൃത്തിയായി വസ്ത്രം ധരിച്ചിരിക്കും. വലിയ പദസ്ഥനായി പെരുമാറും. തന്റെ അന്തസ്സു മറന്നു കളിക്കുകയും ഇല്ല. അയാൾക്ക സംശയപൂർണ്ണമായ ഒരു വീക്ഷണഗതിയാണ്.

"ഈ ജാതി ഒരേർപ്പാടിന്നു പോകാൻ നിങ്ങളെ എന്താണ് പ്രേരിപ്പിക്കുന്നതു? നിങ്ങളുടെ വികാരങ്ങളോ നിങ്ങളുടെ ബുദ്ധിശക്തിയോ?"

അയാൾ റോമാസ്സിനോട് ചോദിച്ചു.

"ഏതാണെന്നാണ് നിങ്ങൾ വിചാരിക്കുന്നതു?"

"എനിക്കറിയുകയില്ല. നിങ്ങൾ പറയൂ."

"ഏതാണ് നല്ലതെന്നാണ് നിങ്ങൾക്ക തോന്നുന്നതു?"

"എനിക്കറിയുകയില്ല. ഏതാണെന്നാണ് നിങ്ങൾക്ക തോന്നുന്നതു."

കൊക്കോൾ വിട്ടില്ല. ഒടുവിൽ പാങ്കോവിനെക്കൊണ്ടയാൾ പറയിക്കുക തന്നെ ചെയ്തു.

"നിങ്ങളുടെ ബുദ്ധിശക്തിതന്നെയാണ്. അതാണ് ശരിയായ വഴി. ലാഭമില്ലാത്ത കാര്യത്തിൽ ബുദ്ധി ഇറങ്ങിച്ചെല്ലുകയില്ല. ലാഭമുള്ള കാര്യം തീച്ചയായും നല്ലതുതന്നെയാണ്. എന്നാൽ വികാരങ്ങൾക്കധീനനായി പ്രവൃത്തി

ക്കുകയാണെങ്കിൽ, ഞാൻ ചെന്നു ചാടുന്ന കുഴപ്പങ്ങളും— ഹൗ. ഞാൻ പാതിരിയുടെ വീട്ടിന്നു തീ വെക്കാതിരിക്കയില്ല. തീച്ച്. അയാൾക്കു ആവശ്യമില്ലാത്ത സംഗതികളിൽ തലയിടരുതെന്നു ഞാൻ അയാളെ പഠിപ്പിച്ചുകൊടുക്കാതിരിക്കയില്ല."

മഹാ കുടിലബുദ്ധിയായ ആ പാതിരി, പാങ്കോവും അയാളുടെ പിതാവും തമ്മിലുള്ള തക്കത്തിൽ ഇടപെട്ടു. പാങ്കോവയാളെ കലശലായി വെറുത്തു.

എന്നോട്ടു പാങ്കോവിന്നാദ്യം ഒരു തരം എതിർപ്പായിരുന്നു. ചിലപ്പോൾ അയാൾ എന്നോട്ടു കയർക്കും. കുറച്ചു കഴിഞ്ഞതുപോലെ അയാൾ അങ്ങിനെ ചെയ്യുന്നതു നിർത്തി. എന്നാലും അയാളുടെ എന്നോട്ടുള്ള മനോഭാവത്തിൽ ഒരു വിശ്വാസമില്ലായ്മ പ്രകടമായി. ഞാനും അയാളോട്ടു അങ്ങിനെതന്നെയാണു പെരുമാറിയതെന്നു സമ്മതിക്കാതെ തരമില്ല.

ആ പ്രവൃത്തിയുള്ള മുറിയിൽ വൈകുന്നേരം ഞാൻ ചിലവാക്കാറുള്ള ആ സായാഹ്നങ്ങളും എനിക്കു ഒരിക്കലും മറക്കാൻ വയ്യ. മരത്തടികൊണ്ടുള്ള ചുമരുകളും, തട്ടിയടച്ച ജനലുകളും, ആണു ആ മുറിക്ക്. ഒരു മൂലയിൽ മേശപ്പുറത്തു ഒരു വിളക്കു കത്തിച്ചുവെക്കും. വിളക്കിന്നു പിന്നിൽ നിന്നു, ഒരു വലിയ മനുഷ്യൻ, നീണ്ട വലിയ താടിരോമവും ഉയർന്ന നെറ്റിത്തടവുമുള്ള ഒരു മനുഷ്യൻ, ഇരുന്നു പറയും.

"ജീവിതത്തിൽ ഏറ്റവും പ്രധാനമായ കാര്യം, മനുഷ്യൻ മൃഗത്തിൽ നിന്നും അകന്നു കൂടുതൽ കൂടുതൽ മുന്നോട്ടു പോയിക്കൊണ്ടിരിക്കണമെന്നുള്ളതാണു"

മൂന്നു കഷ്ടകർമ്മങ്ങളും ശ്രദ്ധയോടെ കേൾക്കും. തുറന്ന കണ്ണുകളോടുകൂടി. ബുദ്ധിശക്തി സ്മരിക്കുന്ന ഭാവത്തോടെ ഇസോട്ടിന്റെ ഇരിപ്പുകണ്ടാൽ തോന്നും മറന്നാൽപ്പോലും കേൾക്കാൻ കഴിയാത്ത അകലെനിന്നും വരുന്ന എന്തോ ഒരു ശബ്ദം അയാൾ ശ്രദ്ധിച്ചുകേൾക്കുകയാണെന്നു. കൊതുകുത്തി വിഷമിക്കുന്ന ഒരാളെപ്പോലെ കൃഷ്ണൻ തിരിഞ്ഞും മറിഞ്ഞും ഇരിക്കും. പാക്കോവു് തന്റെ കുറിയ ഭംഗിയുള്ള മീശ പിരിച്ചു ശാന്തമായി എന്തോ ഒരാശയത്തെ പിൻതുടരുന്നതുപോലെ അഭിപ്രായപ്പെട്ടു.

"അപ്പോൾ അളുകൾ വസ്ത്രങ്ങളായി വേർതിരിയേണ്ടതിന്റെ ആവശ്യം ഉണ്ടായിരുന്നു."

പാക്കോവിലുള്ള ഒരു സ്വഭാവം എനിക്കു വളരെ ഇഷ്ടമായി. അയാൾ ഒരിക്കലും അയാളുടെ പ്രവൃത്തിക്കാരനായ കൃഷ്ണനോടു പരുഷമായി പെരുമാറിയില്ല. ആ സ്വപ്നാടനക്കാരന്റെ കഥകൾ അയാൾ എപ്പോഴും ക്ഷമയോടെ ശ്രദ്ധിച്ചുകേൾക്കും.

വൈകുന്നേരത്തെ ആ സംഭാഷണങ്ങൾക്കു ശേഷം, ഞാൻ തട്ടിൻപുറത്തു എന്റെ മുറിയിലേക്കു പോകും: തുറന്നുകിടക്കുന്ന ജനലിന്നരികെ കുറെനേരം ഇരിക്കും: ഉറങ്ങിക്കിടക്കുന്ന ആ ഗ്രാമത്തെയും, ശാന്തത കളിയാടുന്ന വയലുകളെയും ഞാൻ കുറെ നേരം അങ്ങിനെ വീക്ഷിക്കും. രാത്രിയുടെ കട്ടിക്കുടിയ ഇരുട്ടിനെ കീറിയുംകൊണ്ടു, മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളെയും—അവ എന്നിൽ നിന്നു എത്ര അകലത്താണു്, അത്രക്കും അവ ഭൂമിയോടു തൊട്ടുകിടക്കുകയാണെന്നു ഞാൻ ഭാവിച്ചു—ശാന്തഗംഭീരമായ ആ നിശ്ശബ്ദതയിൽ എന്റെ ഹൃദയം ചുരുങ്ങിപ്പോകുന്നതായെനിക്കുതോ

ന്നി. എന്റെ ചിന്തകൾ അനന്തമായ ആയിരക്കണക്കായ ഗ്രാമങ്ങൾ നിറഞ്ഞുനില്ക്കുന്ന ഭൂപ്രദേശത്തേക്ക്, ഒഴുകിപ്പോകുന്നതായിത്തോന്നും. എങ്ങു നോക്കിയാലും നിശ്ചലതയും നിശ്ശബ്ദതയും.

ഇരുണ്ട ആ ശൂന്യത എന്നെ ആശ്ലേഷിക്കും. ഒരായിരം ആടുകളെപ്പോലെ അതെന്റെ ആത്മാവിൽ ഒട്ടിപ്പിടിക്കും. ക്രമേണ എനിക്കുറക്കംവരും. എന്റെ വൃദ്ധയത്തിൽ അവ്യക്തമായ ഒരസ്വസ്ഥത വ്യാപിക്കും. ഞാൻ അത്രക്കും ചെറിയ അപ്രധാനിയായ ജീവിയാണല്ലൊ, ഈ ഭൂമുഖത്തെന്നു ഞാൻ വ്യഥനിക്കും.

ഗ്രാമത്തിലെ ജീവിതം തീരെ ആനന്ദപ്രദമല്ലാത്ത ഒരേർപ്പാടായി എനിക്കു തോന്നി. ഗ്രാമീണ ജീവിതം നഗരത്തിലെ ജീവിതത്തേക്കാൾ ആരോഗ്യപ്രദമാണ്, സൌഹാർദ്ദപൂർണ്ണമാണ്, എന്നു ഞാൻ പല പ്രാവശ്യം പറഞ്ഞുകേട്ടിട്ടുണ്ട്. എന്നാൽ, കൃഷിക്കാരെല്ലാം തന്നെ, അവസാനമില്ലാതെ അധ്വാനം ചെയ്തു കഷ്ടപ്പെടുകയാണെന്നു ഞാൻ കണ്ടു. വളരെപേർ രോഗികളാണ്–മറ്റനേകം പേർ അത്യധ്വാനംകൊണ്ടു ഉപജീവനമാർഗ്ഗം തേടാൻ കഴിയാതെ അത്രക്കും അവശരായിക്കഴിഞ്ഞിരിക്കയാണ്. ഗ്രാമീണരുടെ കൂടിലിൽ പ്രസന്നമായ ഒരു മുഖം കാണുന്നതു വളരെ ദുർല്ലഭമായിരിക്കും. നഗരത്തിലെ തൊഴിലാളികളും കൈവേലക്കാരും, അത്രതന്നെ അധ്വാനിക്കാറുണ്ടെങ്കിലും അവർക്കു കൂടുതൽ ഉല്ലാസപ്രദമായ ഒരു ജീവിതമാണ്–ഗ്രാമീണരെപ്പോലെ അവർ തങ്ങളുടെ വിഷമംനിറഞ്ഞ ജീവിതത്തെക്കുറിച്ചുവലാതിപ്പെടാറില്ല. കൃഷിക്കാരന്റെ ജീവിതം അത്ര എളുപ്പമാണെന്നു എനിക്കു തോന്നിയില്ല. വിള

നിലത്തിന്റെ പേരിൽ അങ്ങേ അറ്റത്തെ, അദ്ധ്വാനത്തിന്റെതായ ശ്രദ്ധ അയാൾ ചെലുത്തണം; തന്റെ സഹജീവികളുമായുള്ള ഇടപാടുകളിൽ അതീവ സാമർത്ഥ്യം പ്രകടിപ്പിക്കുകയും വേണം. ഇങ്ങിനെയുള്ള, മനസ്സിനെ പട്ടിണിയാക്കുന്ന, ഈ ജീവിതത്തിൽ വൃഥ്യമായി ഒന്നുംതന്നെ ഇല്ലതാനും. എനിക്കു മനസ്സിലായി, ഗ്രാമീണരെല്ലാംതന്നെ കാറ്റു നഷ്ടപ്പെട്ട ഞാളകളെപ്പോലെ ജീവിതത്തിൽക്കൂടി തപ്പിത്തടഞ്ഞു കടന്നുപോകുകയായിരുന്നു. അവരെല്ലാം എങ്ങിനെയൊ ഭയപ്പെട്ടു; ഓരോ ആൾക്കും മറ്റുള്ളവരെ അവിശ്വാസമാണ്. അവരിൽ ചെന്നായയുടെ അംശങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. പാക്കോവിനെയും കൊക്കോളിനെയും മറ്റു "നമ്മുടെ ആളുകളെയും" അവരെല്ലാം ഇഷ്ടപ്പെടാൻ കൂട്ടാക്കാത്തതെന്താണെന്നും ഞാൻ ആശ്ചര്യപ്പെട്ടു. അവരാകട്ടെ യുക്തിപൂർവ്വമായ ഒരു ജീവിതം കെട്ടിപ്പടുക്കാൻ പരിശ്രമിക്കുകയായിരുന്നു.

നഗരത്തിലാണ് കൂടുതൽ സൌകര്യങ്ങൾ ഉള്ളതെന്നു എനിക്കു ബോദ്ധ്യമായി. അവിടെ ആൾക്കും സുഖേച്ഛ വർദ്ധിക്കും. എന്തും അറിയാനുള്ള ആഗ്രഹം ഉണ്ടായിരിക്കും. ഉദ്ദേശങ്ങളും പ്രശ്നങ്ങളുമെല്ലാം ആസങ്കീർണ്ണമായിരിക്കും. ഇങ്ങനെയുള്ള ചിന്തകൾ മനസ്സിൽ കടന്നുകൂടിയിരുന്ന എല്ലാ രാത്രിയിലും, നഗരത്തിലെ രണ്ടാളുകളെക്കുറിച്ചു ഞാൻ ഓർത്തുപോകും.

"എഫ് കാലുഗിൻ, സെന്റ്, നെബൽ. വാച്ചും ക്ലോക്കും ഉണ്ടാക്കും. ഡാക്ടർമാരുടെ ഉപകരണങ്ങൾ, തുന്നൽ യന്ത്രങ്ങൾ, പാട്ടുപെട്ടികൾ മുതലായ എല്ലാം റിപ്പേർ ചെയ്തു കൊടുക്കുകയും ചെയ്യും."

ഒരു ചെറിയ പീടികയുടെ പൊടിനിറഞ്ഞ ജനലു കൾക്കിടയിൽ, ഇടുങ്ങിയ വാതിലിന്മേൽ തുങ്ങിനില്ക്കുന്ന ചൂണ്ടിപ്പലകയിൽ എഴുതിവെച്ചിരുന്നതാണീവാചകം. ഒരു ജനലിന്റെ പിന്നിൽ എഫ് കാലുഗിൻ ഇരിക്കുന്നുണ്ട്. തടിച്ച വട്ടമുഖമുള്ള, എപ്പോഴും പുഞ്ചിരിതൂകിക്കഴിയുന്ന, ഒരു മനുഷ്യൻ. പൂമൊട്ടയായ അയാളുടെ ശിരസ്സിൽ ഒരു ചെറിയ മുഴയുണ്ട്-ഒരു കണ്ണിന്മേൽ എപ്പോഴും ഭ്രതകണ്ണാടി പിടിപ്പിച്ചുനിത്തിയിരിക്കും. ചിലപ്പോൾ ഒരു ചവണകൊണ്ട്, ഒരു വാച്ചിന്റെ ഉള്ളിൽ പല പണിത്തരങ്ങളും ചെയ്തുകൊണ്ടിരിക്കെ അയാൾ പാടാൻതുടങ്ങും. അപ്പോൾ അയാളുടെ മീശക്കുതാഴെ വായ വൃത്തത്തിൽ പൊളിച്ചുനിത്തും. —മറെറ ജനലിന്നടുത്തിരിക്കുന്നതു്, നെബൽ ആണു്. മെലിഞ്ഞുകറുത്ത ഒരു മനുഷ്യൻ. പുരുളനായി തുറിച്ചുനില്ക്കുന്ന തലമുടി, ക്രുത്ത താടിരോമം, വലിയ വളഞ്ഞ കൊക്കുപോലെയുള്ള മൂക്ക്, വലിയ ഉരുണ്ട കണ്ണുകൾ. ഇവയെല്ലാമായുള്ള അയാളുടെ ആകൃതിക്കു അല്പം ആസുരത്തം കൂട്ടും. അയാളും എപ്പോഴും ജോലിചെയ്യുകയായിരിക്കും. വാച്ചിനുള്ളിലുള്ള പലതരം സാമഗ്രികളും അഴിച്ചെടുക്കും, ക്രുട്ടിയിണക്കും. ഇടക്കിടെ ഒച്ചയെടുത്തു അയാൾ "ട ട ടാ, ട ട ടാ," എന്നിങ്ങനെ പാടും.

അവരുടെ പിൻഭാഗത്തായി യാതൊരു ചിട്ടയും ഒതുക്കവുമില്ലാതെ, ചക്രങ്ങൾ, പാട്ടപെട്ടിയുടെ ഭാഗങ്ങൾ, സ്പ്രിങ്ങുകൾ, ഉപയോഗിക്കുന്ന ഗ്ലോബുകൾ മുതലായ പലതരം സാധനങ്ങൾ ചിതറിയും ക്രുട്ടിവെച്ചും ഇട്ടിരിക്കുകയാണു്. അലമാരിയുടെ തട്ടുകളിൽ ലോഹം കൊണ്ടുള്ള പല ആകൃതിയിലുള്ള സാധനങ്ങൾ നിരത്തിവെച്ചിട്ടുണ്ടു്.

ചുമരുകളിന്മേൽ വരിവരിയായി ക്ലോക്കുകൾ തൂക്കിയിരിക്കുകയാണു്. ഏതു നേരം വേണമെങ്കിലും അവർ ജോലി ചെയ്യുന്നതും നോക്കി എനിക്കവിടെ നില്ക്കാമെന്നുണ്ടു്. എന്നാൽ ഞാൻ ജലിന്നട്ടത്തുനില്ക്കുമ്പോൾ അവർക്കു വെളിച്ചംതടയുന്നതുകൊണ്ടു് ആ വാച്ചു നന്നാക്കുന്നവർ എന്നെ നോക്കി കൈവീശി സ്ഥലം വിട്ടുപോകാൻ ആവശ്യപ്പെട്ടും. അവിടം വിടുമ്പോൾ ഞാൻ ഓർമ്മിക്കും:

"എന്തൊരു ഭാഗ്യമാണു്. ഇഷ്ടപ്പെട്ടുന്ന ജോലി, ഇഷ്ടംപോലെ ചെയ്യാൻ സാധിക്കുക."

എനിക്കീ ക്ലോക്കു നിർമ്മാതാക്കളെ വലിയ ബഹുമാനമായിരുന്നു—അവർക്കു എല്ലാ യന്ത്രങ്ങളെയും സ്പർശിക്കുന്ന രഹസ്യങ്ങളും വശമായിരിക്കും; ഈ ഭൂമിയിലുള്ള ഏതു തരം യന്ത്രവും നന്നാക്കാൻ അവർക്കു കഴിയും എന്നെല്ലാം ഞാൻ ആത്മാർത്ഥമായി വിശ്വസിച്ചു. ഇവരാണു് യഥാർത്ഥ മനുഷ്യർ.

എന്നാൽ ഗ്രാമത്തിലെ ജീവിതം, അതെനിക്കിഷ്ടമായില്ല. എനിക്കീ കർഷകരെ മനസ്സിലാക്കാൻ വലിയ വിഷമം തോന്നി. സ്ത്രീകളെ വിശേഷിച്ചും. അവർ സുഖമില്ലെന്നുപറഞ്ഞു ആവലാതിപ്പെട്ടും. നെഞ്ഞത്തു ഒരു വിലക്കം, മാറിന്നുള്ളിലൊരു ഘനം, വയറ്റിൽ ഒരു കുടുക്കം ഇങ്ങനെ പലേ രോഗങ്ങളെക്കുറിച്ചാണവരുടെ ആവലാതികൾ. ഞായറാഴ്ചയോ മറ്റേതെങ്കിലും ഒഴിവുദിവസമോ വൊർഗയുടെ കരയിലോ, വീടുകൾക്കു മുമ്പിലുള്ള ബെഞ്ചുകളിന്മേലോ ഇരുന്നുംകൊണ്ടു് അവരെല്ലാം ഇങ്ങനെയുള്ള രോഗലക്ഷണങ്ങളെക്കുറിച്ചു ധാരാളം ചർച്ചകൾ നടത്തും. കൃഷിക്കാരെല്ലാം വളരെ വേഗം ശ്രദ്ധിപിടിക്കുന്നവരാണു്. ചെറിയ

സംഗതികൾക്കുപോലും ശാപവാക്കുകൾ പറയും. പുതിയ തിനു പന്ത്രണ്ടു കൊപ്പെക്കു മാത്രം വില നില്ക്കുന്ന, കീറൽ വീണ, ഒരു മൺഭരണിക്കുവേണ്ടി, മൂന്നു കുടുംബക്കാർ വടിയുമായി അന്യോന്യം ആക്രമിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. അടിപിടി അവസാനിച്ചപ്പോൾ ഒരു കിഴവിയുടെ കൈ പൊട്ടിയിരിക്കുന്നു. ഒരു ചെറുപ്പക്കാരന്റെ തല കീറിയിരിക്കുന്നു. ഒരാഴ്ചയെങ്കിലും തുടർച്ചയായി ഇങ്ങനെയുള്ള കലഹങ്ങൾ ഇല്ലാതെ കടന്നുപോകാറില്ല.

ചെറുപ്പക്കാർ യുവതികളോടു പലതരം വികൃതികൾ കാണിച്ചു, കേവലം അശ്ലീലമായവിധത്തിലാണു പെരുമാറുക. വയലിന്റെ മദ്ധ്യത്തിൽ ഒരു പെൺകുട്ടിയെ കണ്ടുകിട്ടിയാൽ അവളുടെ പാവാടപൊക്കി തലയിൽ ഒളുക്കിപ്പിടിച്ചു വരിഞ്ഞുകെട്ടും. "അവളെ ഒരു പുഷ്പമാക്കുക" എന്നാണു് അവർ ആ ഏർപ്പാടിനു പറയുന്ന പേരു്. അരക്കുതാഴെ മുഴുവൻ നഗ്നയായി നിൽപ്പൊട്ടുന്ന ആ പെൺകുട്ടികൾ നിലവിളിക്കുകയും ചീത്തപറയുകയും ചെയ്യും. എന്നാൽ ഈ തമാശ അവർക്കും ഇഷ്ടമല്ലാതെയില്ല. ചെറുപ്പക്കാരുടെ പിടിയിൽനിന്നും രക്ഷപ്പെടാൻ അവർക്കു വലിയ തിടുക്കമൊന്നുമുള്ളതായി തോന്നുകയില്ല. പള്ളിയിൽ പ്രാർത്ഥനയുടെ സമയത്തു യുവാക്കൾ പെൺകുട്ടികളുടെ നിതംബത്തിൽ നുള്ളിക്കളിക്കും. അതിനുവേണ്ടി മാത്രമാണു് അവർ പള്ളിയിൽ വരുന്നതെന്നു വ്യക്തമാണു്. ഞായറാഴ്ച പാതിരി പ്രസംഗപീഠത്തിൽ നിന്നുകൊണ്ടു അവരെ ഗുണദോഷിക്കും.

"മൃഗങ്ങൾ! ഈ അശ്ലീലപ്രവർത്തനങ്ങൾക്കു വേറെ ഇടമില്ലല്ലോ നിങ്ങൾക്കു!"

"യുക്രേനിൽ," റോമാസ്സ എന്നോട് പറഞ്ഞു. "ജനങ്ങളം മതത്തിൽ കൂടുതൽ പ്രതിപത്തിയുള്ളവരാണ്. ഇവിടെ ദൈവവിശ്വാസത്തിന്റെ പിന്നിൽ ഭയത്തിന്റെയും അത്യാഗ്രഹത്തിന്റെയും ഏറ്റവും മൃഗീയമായ ലക്ഷണങ്ങളാണ് കാണുക. ആത്മാർത്ഥമായ ഭക്തിയുടേയും, ദൈവത്തിന്റെ ശക്തിയിലും ഉള്ള വിശ്വാസത്തിന്റെയും യാതൊരു കണികയും, ഈ ആളുകളിൽ കാണുകയില്ല. അതൊരു നല്ല കാര്യമായിരിക്കാം. ഒരുപക്ഷെ അവർക്കുള്ള മതപരമായ അജ്ഞത ഇല്ലാതാക്കാൻ ഈ സ്ഥിതി സഹായകമാകുമായിരിക്കാം. ഈ മതഭ്രാന്തുണ്ടല്ലോ, അതൊരു വല്ലാത്ത മനോരോഗമാണ് എനിക്കറിയാം."

ഈ പ്രദേശത്തു യുവാക്കൾ വലിയ ഭള്ളുകൾ പറയും. എന്നാൽ, അവർ ഭീരുക്കളാണ്. രാത്രി വഴിയിൽ തടഞ്ഞു നിത്തി അവർ മൂന്നു പ്രാവശ്യം എന്നെ അടിക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ, അവർക്കെന്നെ അടിക്കാൻ സാധിച്ചില്ല. ഒരു പ്രാവശ്യം മാത്രം അവരുടെ വടി എന്റെ കാലിന്നു തട്ടുകയുണ്ടായി. ഇങ്ങനെയുള്ള സംഭവങ്ങളെക്കുറിച്ചു ഞാൻ റോമാസ്സിനോട് ഒന്നും പറയാറില്ല. ആ അടികാരണം ഞാൻ മുടന്തു നടക്കുന്നതയാം കണ്ട്, അയാം കാരണം ഊഹിച്ചു.

"ഒരു സല്ക്കാരം ലഭിച്ചു ഇല്ലെ. ഞാൻ നിന്നോടെപ്പോഴും പറയാറില്ലെ ശ്രദ്ധിക്കണമെന്ന്"

രാത്രിയായിക്കഴിഞ്ഞാൽ ഗ്രാമത്തിൽ പുറത്തിനടക്കരുതെന്നയാം എന്നോട് താക്കീതുചെയ്തിരുന്നെങ്കിലും, ഞാൻ ഇടക്കെല്ലാം പിൻഭാഗത്തുള്ള പച്ചക്കറിത്തോട്ടത്തിൽ കൂടി വെളിയിൽ ഇറങ്ങി, വോംഗയുടെ കരയിലേക്കു പോകും;

അവിടെ മരച്ചുവട്ടിൽ ഇരുന്നു, അക്കരയുള്ള മൈതാനം ആവരണംചെയ്യുനില്ക്കുന്ന രാത്രിയുടെ എല്ലാം നിഴലിച്ചുകാണുന്ന ആ മൂടുപടത്തെ നോക്കും. സാവധാനം ആകർഷകമായി വോൾഗ എന്റെ കൺമുമ്പിൽ ഇഴഞ്ഞുപോകും. പ്രകാശം വർദ്ധിക്കും. എനിക്കു ചന്ദ്രനെ വലിയ ഇഷ്ടമായിരുന്നില്ല. ചന്ദ്രനെ സംബന്ധിച്ചിടത്തോളം എന്തോ അമംഗളമായി ചിലതുണ്ട്. ചന്ദ്രൻ നിർജ്ജീവമാണ്, ചന്ദ്രനിൽ ജീവജാലങ്ങൾ ഉണ്ടായിരിക്കാനിടയില്ലെന്നു മനസ്സിലായപ്പോൾ എനിക്കു സമാധാനമായി. ഈ കണ്ടുപിടുത്തത്തിനു മുമ്പു ഞാൻ വിശ്വസിച്ചിരുന്നതു ചന്ദ്രനിൽ ചെന്നുകൊണ്ടുള്ള ആളുകൾ താമസിക്കുകയാണെന്നായിരുന്നു. ത്രികോണാകൃതിയിലുള്ള ഈ ആളുകൾ പള്ളിയിലെ മണിനാദംപോലെ, ലോഹം മുട്ടിയാലുണ്ടാകുന്ന ശബ്ദവുമായി നടക്കുകയായിരിക്കുമെന്നു ഞാൻ ഭാവിച്ചു. ചന്ദ്രനിലുള്ള എല്ലാം തന്നെ ചെമ്പുകൊണ്ടുള്ളതാണ്. എല്ലാം, ചെടികളും മൃഗങ്ങളും, ഭ്രമിക്കാപല്ലുരമായ കിലുക്കങ്ങൾ പുറപ്പെടുവിക്കുകയാണ്. ചന്ദ്രൻ ആകാശത്തിൽ തീരെ അപ്രധാനിയാണെന്നറിഞ്ഞതു ഒരു വലിയ കായ്മയായിരുന്നു. എന്റെ ദൃഷ്ടിയിൽ ഏതെങ്കിലും ഒരു കൊള്ളിമീൻ ചന്ദ്രനുമായി ക്രൂടിമുട്ടി, ചന്ദ്രനെ ഒരു വെറും പ്രകാശമാക്കി ചിതറി ഭ്രമിക്കു സ്വന്തമായ ഒരു വെളിച്ചം പ്രദാനം ചെയ്യുകിൽ എത്ര നന്നായിരുന്നു എന്നു ഞാൻ ആശിച്ചു.

നിലാവിന്റെ കരയിട്ടുനില്ക്കുന്ന നദീതീരത്തു തിരകൾ വന്നലച്ചു. അങ്ങകലത്തുനിന്നും പുറപ്പെട്ട പുഴക്കരയുടെ നിഴലിൽ വിലയം പ്രാപിക്കുന്ന തിരകൾ നോക്കിനിന്ന എനിക്കു മനസ്സിൽ പുതിയ ഒരു ഉത്സാഹം ഊറിവ

ന്നു. എന്റെ കാഴ്ചപ്പാടിന്നു കൂടുതൽ വ്യക്തത ഉണ്ടായി. വാക്കിൽ പ്രകടമാക്കാൻ കഴിയാത്ത ചിന്തകൾ യാതൊരു പ്രയാസവും തോന്നാതെ എന്റെ മനസ്സിൽ കിളുന്നു. പകലത്തെ എന്റെ ജീവിതവുമായി ഒരുതരത്തിലും ബന്ധം തോന്നാത്ത ചിന്തകൾ. വെള്ളം ഒഴുകിപ്പോയതു തീരെ നിശ്ശബ്ദമായിട്ടാണു്. ആ വീതിയുള്ള ഇരുണ്ട പുഴയിൽക്കൂടി ഇടക്കു ഒരു തീബോട്ടു മേലോട്ടോ കീഴോട്ടോ നീങ്ങുന്നതു കാണാം. അതുളിക്കുത്തുന്ന തുഴവലുകളുള്ള അസാധാരണമായ ഒരു പക്ഷി അതിന്റെ വലിയ ചിറകുകൾ അടിച്ചുണ്ടാകുന്ന ശബ്ദംപോലെ ബോട്ടിന്റെ ചലനത്തിൽ ഒരു ശബ്ദം പുറപ്പെടും. ഇടക്കു വെള്ളത്തിന്മീതെ മുകന്ന രശ്മികൾ പായിച്ചുംകൊണ്ടു, അക്കരയിൽ മൈതാനത്തു ഒരു വെളിച്ചം പതിഞ്ഞു നില്ക്കും. അതു ഒരു മുക്കുവന്റെ ചൂട്ടു മാത്രമാണു്. എന്നാൽ ആ വെളിച്ചംകണ്ടാൽ ആകാശത്തു നിന്നു പൊട്ടിവീണ ഒരു നക്ഷത്രം, പുഴയിൽക്കൂടി തീകൊണ്ടുണ്ടാക്കിയ ഒരു പുഷ്പംപോലെ കടന്നു പോകയാണെന്നേ തോന്നുകയുള്ളൂ.

പുസ്തകത്തിൽ വായിച്ച പല കാര്യങ്ങളും അസാധാരണമായ ഒരു ഭാവനയായി രൂപംകൊള്ളും. അന്യാദൃശമായ സൌന്ദര്യത്തോടുകൂടിയ അനേകം രംഗങ്ങൾ കണ്ണിൻ മുമ്പിൽ കടന്നുപോകും. എനിക്കു തോന്നും, ഞാൻ അർദ്ധരാത്രിയിലെ വായുമണ്ഡലത്തിൽ, പറന്നു പോകയാണു്, പുഴയുടെ ഒഴുക്കുനോക്കി ഒരുമിച്ചു പോകയാണു് എന്നു്.

ഒരുപക്ഷേ ഇസോട്ടു എന്നെ ഇവിടെവന്നു കണ്ടെന്നു വരും. രാത്രിയിൽ അയാൾക്കു ഉയരം കൂടുന്നതായി തോന്നും. അയാൾ കൂടുതൽ ഉല്ലാസശാലിയായിത്തീരും.

"നീ വീണ്ടും വെളിയിൽ ഇറങ്ങിയിരിക്കയാണല്ലേ?" അയാൾ ചോദിക്കും. അയാൾ എന്റെ അരികിൽ വന്നിരുന്ന നീണ്ട ആലോചനാപൂർണ്ണമായ, നിശ്ശബ്ദതയിൽ ലയിക്കും; പുഴയിൽ നോക്കി തന്റെ പട്ടുപോലെ മാർദ്ദവമായ താടിരോമത്തിൽ തലോടും.

ചിലപ്പോൾ അയാൾ ഉച്ചത്തിൽ തന്റെ സ്വപ്നത്തിനു രൂപംകൊടുക്കും.

"എനിക്കും കുറെ അറിവ് സംഭരിക്കാൻ സാധിച്ചെന്നു വരും. ഞാനും പലതരം പുസ്തകങ്ങളും വായിക്കും; എന്നാൽ ഞാനും എല്ലാപുഴകളുടേയും ഭംഗി ആസ്വദിക്കും, ഞാൻ കാണുന്ന എല്ലാംതന്നെ എനിക്കു മനസ്സിലാകയും ചെയ്യും. ഞാൻ മറ്റുള്ളവരെ പഠിപ്പിക്കും. ഉവ്വ്, ഞാൻ പഠിപ്പിക്കും. ഹൃദയംതുറന്നു പറയാൻ കഴിയുന്നതു വളരെ സന്തോഷപ്രദമായ ഒരു കാര്യമാണ് സഹോദരാ. സ്ത്രീകൾപോലും, സ്ത്രീകളിൽ ചിലരെങ്കിലും നാം ഹൃദയംതുറന്നു സംസാരിക്കുകയാണെങ്കിൽ എല്ലാം മനസ്സിലാക്കും. ഇയ്യിടെ എന്നോടൊപ്പം എന്റെ തോണിയിൽ ഒരു സ്ത്രീയും ഉണ്ടായിരുന്നു. നാം മരിച്ചു കഴിഞ്ഞാൽ നമുക്കു എന്തു സംഭവിക്കുമെന്നു അവൾക്കറിയണം. "എനിക്കു നരകത്തിൽ വിശ്വാസമില്ല" അവൾ പറഞ്ഞു "സ്വർഗ്ഗത്തിലും" ഈ അഭിപ്രായത്തെക്കുറിച്ചു നീ എന്തു പറയുന്നു. സ്ത്രീകളും സഹോദരാ, അവരും....."

അയാൾ നിർത്തി, വാക്കുകൾ തിരഞ്ഞു പിന്നീടു തുടർന്നു.

"ഉവ്വ് അവരും ജീവിക്കുന്ന ആത്മാക്കൾ തന്നെയാണ്"

ഇസോട്ട് ഒരു രാത്രിഞ്ചരനാണ്. അയാൾക്കു നല്ല സൌന്ദര്യബോധമുണ്ട്. സൌന്ദര്യത്തെക്കുറിച്ചു വളരെ ആകർഷകമായി സംസാരിക്കും. സ്വപ്നസഞ്ചാരിയായ ഒരു കുട്ടിയുടെ മനോഹരമായ വാക്കുകൾ അയാൾ പ്രയോഗിക്കും. അയാൾക്കു ദൈവത്തിൽ വിശ്വാസമുണ്ട്. എന്നാൽ ദൈവത്തെ ഭയമില്ല. പള്ളിയിൽനിന്നും പഠിയുന്ന ഭാവനതന്നെയാണ് അദ്ദേഹത്തിനു ദൈവത്തെക്കുറിച്ച്.

അയാളുടെ ദൃഷ്ടിയിൽ ദൈവം വലിയ സുന്ദരനായ ഒരു കിഴവനാണ്. ഈ ഭൂമിയുടെ ബുദ്ധിമാനും ദയാലുവുമായ യജമാനൻ. ദൈവത്തിനു അനീതിയെ ജയിക്കാൻ കഴിയാത്തതു, അദ്ദേഹത്തിനു എല്ലാകാര്യങ്ങൾക്കും അങ്ങിനെ സമയം കിട്ടാത്തതുകൊണ്ടാണ്. നമ്മൾ എത്ര മനുഷ്യരുണ്ട് അദ്ദേഹത്തിനു ശ്രദ്ധിക്കാൻ. എന്നാലും അദ്ദേഹം സംഗതികൾ ശരിക്കു കൈകാര്യം ചെയ്യും. തീർച്ച. നാം സമയംവരാൻ കാത്തിരിക്കണമെന്നേയുള്ളു. ക്രിസ്തുദേവൻ, എനിക്കു മനസ്സിലാകാത്തതു അതു മാത്രമാണ്. ക്രിസ്തുദേവന്റെ കഥയുടെ പ്രസക്തി എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. ദൈവം ഉണ്ടു എല്ലാറ്റിനും. ഇല്ലേ? ശരി, എന്നെ സംബന്ധിച്ചേടത്തോളം അത്രമതി. എന്നാൽ ദൈവത്തിനു പുറമെ മറ്റൊരാളും ഉണ്ടത്രെ, ദൈവപുത്രൻ— എന്നാണു അവർ പറയുന്നതു. ഇനി അഥവാ അയാൾ ദൈവത്തിന്റെ മകനാണെങ്കിലെന്താ? ദൈവം മരിച്ചുകഴിഞ്ഞിട്ടില്ലല്ലോ, മരിച്ചിട്ടില്ലെന്നെനിക്കറിയാം. ഇതാണയാളുടെ അഭിപ്രായം.

അധികവും ഇസോട്ട എന്റെ അരികിൽ നിശ്ശബ്ദമായി ഇരിക്കുകയാണു് പതിവു്—ചിന്താഗ്രസ്ഥനായിട്ടു്. ഇടക്കു മാത്രം അയാൾ ഒരു നെടുവീർപ്പിട്ടു ഇങ്ങിനെ പറയും.

"അതെ—അതാണു് കായ്മ്മ"

"എന്തു്"

"ഒന്നുമില്ല ഞാൻ എന്നോടുതന്നെ സംസാരിക്കുകയായിരുന്നു"

അയാൾ വീണ്ടും നെടുവീർപ്പിടും—അകലെ ദൃഷ്ടികൾ പായിച്ചുംകൊണ്ടു.

"അതൊരു വലിയ കായ്മ്മാണു്—ജീവിതം."

ആ അഭിപ്രായത്തോടു ഞാൻ യോജിച്ചു.

"അതെ ജീവിതം നല്ലതാണു്."

നിഴൽ പതിഞ്ഞുനില്ക്കുന്ന വില്ലീസുപോലെയുള്ള വെള്ളം ഞങ്ങളുടെ മുമ്പിൽക്കൂടി അങ്ങിനെ ഉരുണ്ടൊഴുകിപ്പോയി. മേലെ ആകാശഗംഗയും കമാനമിട്ടു നില്ക്കുകയാണു്. കറുത്ത ആകാശത്തിൽ സ്വർണ്ണനിറമുള്ള മിന്നിത്തിളങ്ങുന്ന വാനമ്പാടികളെപ്പോലെ, വലിയ നക്ഷത്രങ്ങൾ തൂങ്ങിനില്ക്കുകയാണു്. ജീവിതത്തിലെ രഹസ്യമായ കാര്യങ്ങളെക്കുറിച്ചു വൃദ്ധയും വലിയ അഹംഭാവത്തോടെ, സാവധാനം പാടുകയാണു്.

അകലെ മൈതാനത്തിന്നു മീതെ, ചുകന്ന മേഘമാലക്കിടയിൽ ചില രശ്മികൾ തുളഞ്ഞുവരും. ഉടനെ സൂര്യൻ, ആകാശത്തിൽ തന്റെ മയിൽപീലികൾ വിടർത്തുകയായി.

"ഒരു വലിയ ആശ്ചര്യം സംഭവം—ഈ സൂര്യൻ!" ഇ സോട്ട വലിയ സന്തോഷത്തോടെ പ്രസ്താവിച്ചു.

ആപ്പിൾ മരങ്ങൾ പൂത്തുനില്ക്കുകയായിരുന്നു. ഗ്രാമം മുഴുവൻ പാടലവർണ്ണമായ മേഘങ്ങൾ കൂടപിടിച്ചുനില്ക്കുകയാണു്. വളത്തിന്റെയും താറിന്റെയും മണത്തെ അതിജീവിക്കുന്ന ഒരു ശക്തിയുള്ള വാസന എങ്ങും വ്യാപിച്ചു. വീടുകൾക്കും വയലിനും ഇടയിൽ, പുഷ്പങ്ങളണിഞ്ഞു നൂറു കണക്കായ വൃക്ഷങ്ങൾ വരിവരിയായി നില്ക്കുകയാണു്. നിലാവുള്ള രാത്രികളിൽ, മന്ദമാരുതൻ വീശിപ്പോയാൽ പൂത്തുനില്ക്കുന്ന വൃക്ഷക്കൊമ്പുകൾ ചെറിയ ഒരു മർമ്മരവുമായി ഉറഞ്ഞാലാടാൻ തുടങ്ങിയാൽ, നീലിച്ച സ്വർണ്ണനിറം തിരളുന്ന, തിരമാലകൾ ആ ഗ്രാമത്തിൻമീതെ ഉരുണ്ടുരുണ്ടു കടന്നുപോകയാണെന്നു തോന്നും. രാപ്പാടിപ്പക്ഷി അക്ഷീണം ആവേശപൂർവ്വം പാടും. പകൽ മുഴുവൻ മൈനപ്പക്ഷികൾ സന്തോഷപ്രദമായ ശബ്ദങ്ങൾ പുറപ്പെടുവിക്കും. അദൃശ്യനായ വാനംപാടി, ഭൂമിയുടെ ഉപരിതലത്തിൽ, അനന്തമായ ശ്രുതിമധുരമായ ഗാനങ്ങൾ ഉതിർക്കും.

ഒഴിവു ദിവസങ്ങളിൽ വൈകുന്നേരം, പെൺകുട്ടികളും യുവതികളും പക്ഷികളെപ്പോലെ ആടിയും പാടിയും തെരുവിൽ അങ്ങോട്ടും ഇങ്ങോട്ടും നടക്കും. പുഞ്ചിരിയുടെ പ്രകാശത്തിൽ അവരുടെ കണ്ണുകൾ സ്നേഹാർദ്രമായിത്തീരും. ഇസോട്ടും അവരെ നോക്കി, മാടകമായി പുഞ്ചിരി തൂകും. ഇസോട്ടിന്റെ ദേഹം ചടച്ചു കണ്ണുകൾ കുണ്ടിൽ ആണ്ടുപോയി. അയാളുടെ മുഖത്തിന്റെ വടിവിനു കൂടുതൽ ആകർഷകത്വം തോന്നി. ഒരു സന്ന്യാസിയുടെ ഭാവം അയാളിൽ പ്രത്യക്ഷപ്പെട്ടു. അയാൾ പകൽ മുഴുവൻ കിടന്നാ

ങ്ങും. ഗ്രാമത്തിൽ വൈകുന്നേരം മാത്രമേ ഇറങ്ങിനടക്കുകയുള്ളൂ. അതും വളരെ ചിന്താഗ്രസ്ഥനായിട്ടാണ്. കൃഷ്ണിൻ അയാളെ പരിഹസിച്ചുലോസരപ്പെടുത്തും. സൌഹാർദ്ദഭാവത്തിൽ— ലജ്ജ നടിച്ചുകൊണ്ട് അയാൾ മറുപടി പറയും.

"ഒന്നു മിണ്ടാതിരിക്കുമോ. മനുഷ്യൻ പിന്നെ, എന്തു ചെയ്യാനാണ്."

വലിയ സന്തോഷത്തോടെ അയാൾ പ്രഖ്യാപിച്ചു.

"ഹാ ജീവിതം മാധുര്യമാണ്. ആലോചിച്ചുനോക്കൂ, സ്നേഹപൂർണ്ണമായ എല്ലാ ഭയാവായ്പിനും അവിടെ സ്ഥാനമുണ്ട്—അന്യോന്യം സമാശ്വസിപ്പിക്കാൻ കഴിവുള്ള നല്ല വാക്കുകളെല്ലാം ഇവിടെ പ്രസക്തമാണ്. ചിലവാക്കുകൾ മരിക്കുന്നതുവരെ മറക്കാൻ വയ്യ. മരണത്തിൽ നിന്നും ഉയിർത്തെഴുന്നേല്ക്കുമ്പോഴോ, ആ വാക്കുകളായിരിക്കും ആദ്യം ഓർമ്മയിൽ വരുന്നത്."

"സൂക്ഷിച്ചോളൂ! ആ ഭർത്താക്കന്മാർ നിങ്ങളെ ചതിച്ചുവിടാതിരിക്കയില്ല."

വാത്സല്യപൂർവ്വം പുഞ്ചിരിച്ചുകൊണ്ടാണ് അയാളെ താക്കീതു ചെയ്തു.

"ശരിയാണു, അതിനു മതിയായ കാരണവും ഉണ്ട്." ഇസോട്ട സമ്മതിച്ചു.

എല്ലാ രാത്രിയും രാപ്പാടിയുടെ പാട്ടുകൾക്കിടയിൽ തന്നെ മിഗന്റെ ഒച്ചയുള്ള ആവേശംകൊള്ളിക്കുന്ന സ്വരം തോട്ടത്തിൽ നിന്നോ, വയലിൽ നിന്നോ, പുഴക്കരയിൽ നിന്നോ മുഴങ്ങിക്കേൾക്കാം. അയാൾ വളരെ ആകർഷകമാ

യ തരത്തിൽ പാട്ടാ! അതുകാരണം കൃഷിക്കാർതന്നെയും അയാളുടെ പല പാതകങ്ങളും മാപ്പാക്കാൻ തയ്യാറാകും.

ശനിയാഴ്ച വൈകുന്നേരം ഞങ്ങളുടെ പീടികയുടെ മുമ്പിൽ ക്രുദ്ധതൽ ക്രുദ്ധതൽ ഗ്രാമീണർ തടിച്ചുകൂടാൻ തുടങ്ങി. ക്രുദ്ധത്തിൽ വൃദ്ധനായ സുസ്ലോവ്, ണാറിനോവ്, ഇരുമ്പുപ്രവൃത്തിക്കാരൻ ക്രോട്ടോവ് മിഗൻ ഇവരെല്ലാം തീർച്ചയായും ഉണ്ടായിരിക്കും. അവർ കാര്യമായി സംസാരിച്ചുകൊണ്ടു ചുറ്റും ഇരിക്കും. ഒരാൾ വിട്ടുപോകുമ്പോൾ മറെറാരാൾ വന്നുകൂട്ടും. അങ്ങിനെ അർദ്ധരാത്രിവരെ സമ്മേളനം തുടർന്നുപോകും. ചിലപ്പോൾ വല്ല കുടിയനും ബഹളം കൂട്ടും. അധികവും അങ്ങിനെ കഴപ്പുമുണ്ടാക്കുന്നതു ഒറ്റക്കണ്ണനായ, ഇടതുകയ്യിന്റെ രണ്ടുവിരൽ നഷ്ടപ്പെട്ട പട്ടാളത്തിൽനിന്നും പിരിഞ്ഞുവന്ന കോസ്റ്റിൻ ആയിരിക്കും. അയാൾ ഷാപ്പിന്നഭിമുഖമായി വരും. കപ്പായത്തിന്റെ കൈചുരുട്ടിവെച്ചു കയ്യോങ്ങി ഒരു വല്ലാത്ത പരുക്കൻ സ്വരത്തിൽ അയാൾ വിളിച്ചുപറയും.

"കൊക്കോൾ, ക്രൂരമായ ഒരു രാഷ്ട്രം! തുക്കിമതം! നമുക്കിതൊന്നറിയണം. നിങ്ങൾ എന്തുകൊണ്ടു പള്ളിയിൽ പോകുന്നില്ല? എന്തുകൊണ്ട്? അവിശ്വാസിയായ കഴപ്പുക്കാരൻ! അതാണെനിക്കറിയേണ്ടതു്. നിങ്ങൾ എന്തുമതിരി മനുഷ്യനാണെന്നു്?"

ആളുകൾ പരിഹസിക്കാൻ തുടങ്ങും. "മിഷ്ക്കാ നിങ്ങളുടെ വിരലുകൾ എന്തിനാണു മുറിച്ചുകളഞ്ഞതു്. നിങ്ങൾക്കു തുക്കികളെ ഭയമായതുകൊണ്ടാണോ?"

അതു കേൾക്കേണ്ടതാമസം, അയാൾ ബഹളക്കൊരുങ്ങും. എന്നാൽ കൃഷിക്കാർ അയാളെ കടന്നുപിടിച്ചു ക്ര

ക്കിവിളിച്ചു കുന്നിൻചരിവിൽക്കൂടി താഴോട്ടു തള്ളും. അയാൾ താഴോട്ടുരുണ്ടുരുണ്ടു പോകുമ്പോൾ നിലവിളിക്കും.

"കൊല്ലുന്നേ ഒന്നോടിവരണേ"

കുറച്ചുകഴിഞ്ഞാൽ അയാൾ വീണ്ടും കയറിവരും. ആപാദചൂഡം പൊടിപുരണ്ടും വൃത്തിയില്ലാതെയും. അയാൾ കൊക്കോളിനോട് ഒരു ഗ്ലാസ്സ് വൊഡ്കക്ക് എന്താണു വിലയെന്നു ചോദിക്കും.

"എന്തിന്നു?"

"സൽക്കാരത്തിന്നു" കോസ്റ്റിൻ മറുപടി പറയും. കൃഷിക്കാരെല്ലാം ഒപ്പം പൊട്ടിച്ചിരിക്കും.

ഒരൊഴിവുദിവസം രാവിലെ വെപ്പുകാരി അട്ടപ്പിൽ തീപിടിപ്പിച്ചു. അവർ മുറ്റത്തിറങ്ങിപ്പോയിരിക്കയായിരുന്നു. ഞാൻ പീടികയിൽ എന്തോ ജോലി നോക്കുകയുമായിരുന്നു. അപ്പോൾ വീട്ടിന്നുള്ളിൽ ഒരു ശക്തിയുള്ള കാറ്റുവീശി. പീടിക ആകമാനംകിടന്നു വിറച്ചു. അലമാരയിൽ നിന്നും, കൽക്കണ്ടിയിട്ട ടിന്നുകൾ താഴെ മറിഞ്ഞുവീണു. കുപ്പികൾ പൊളിഞ്ഞു. തറയിൽ പലതും മറിഞ്ഞുവീണു. ഞാൻ ഉള്ളിലെ മുറിയിലേക്കോടി അട്ടക്കളയിൽനിന്നും ഇരുണ്ട പുകച്ചുരുൾ പൊങ്ങുകയാണു്. പുകച്ചുരുളിന്നു പിന്നിൽ എന്തോ പൊട്ടിത്തെറിക്കുന്നുണ്ടു്. ശബ്ദം പുറപ്പെട്ടുവിക്കുന്നുണ്ടു്. കൊക്കോൾ എന്റെ ചുമലിൽ പിടിച്ചു.

"നിൽക്കു"

പൂമുഖത്തുനിന്നു വെപ്പുകാരി നിലവിളിക്കുകയായിരുന്നു.

"ഒരു വിസ്റ്റി സ്ത്രീ!"

റോമാസ്സു പുകയെ ക്രൂസാതെ ഓടിച്ചെന്നു അടുക്കള യിൽ ശബ്ദമുണ്ടാക്കി. അയാൾ ഉച്ചത്തിൽ ശപിച്ചു. പിന്നെ ഇങ്ങനെ വിളിച്ചു പറഞ്ഞു.

"നിലവിളി നിർത്തുക. കുറെ വെള്ളം കൊണ്ടുവാ."

തറയിൽ മരക്ഷൈണങ്ങൾ പുകഞ്ഞു ചിതറി കിടക്കുകയാണു്. ഇഷ്ടികക്ഷൈണങ്ങളും. അടുപ്പിന്റെ ഇരുണ്ട വായ ഒഴിഞ്ഞുനില്ക്കുകയാണു്. ഞാൻ വെള്ളംവെച്ചിരുന്ന സ്ഥലത്തേയ്ക്കു തുപ്പിത്തടഞ്ഞു ചെന്നു. ഒരു പാത്രത്തിലെ വെള്ളം മുഴുവൻ തറയിൽ ഒഴിച്ചു. പിന്നെ ഞാൻ കത്തിയെരിയുന്ന മരക്ഷൈണങ്ങൾ അടുപ്പിലേക്കെടുത്തിട്ടു.

"സൂക്ഷിക്കണം" കൊക്കോം എന്നോടുപദേശിച്ചു. അയാൾ വെപ്പുകാരിയെ കൈക്കുപിടിച്ചു അകത്തേക്കു കൊണ്ടുവരികയായിരുന്നു. അയാൾ ആ സ്ത്രീയെ മുറിയിലേക്കു തള്ളിയുംകൊണ്ടു കല്പിച്ചു.

"പോയി പീടിക പൂട്ടു" അയാൾ എന്നോടു പറഞ്ഞു.

"സൂക്ഷിക്കണം മേസ്സിമിക്കു ഇനിയും പൊട്ടിത്തെറിയുണ്ടായേക്കും."

നിലത്തു കുത്തിയിരുന്നു അയാൾ തറയിൽ ചിതറിക്കിടക്കുന്ന മരക്ഷൈണങ്ങൾ പരിശോധിച്ചു. പിന്നെ അയാൾ അടുപ്പിന്നടുത്തു ചെന്നു, ഞാൻ അടുപ്പിൽ വീണ്ടും കൊണ്ടുപോയിട്ട മരക്ഷൈണങ്ങൾ എടുത്തു മാറ്റി.

"നിങ്ങൾ എന്താണു ചെയ്യുന്നതു?"

"ഇതാ, ഇതു നോക്കു"

അയാൾ കാണിച്ച വിറകുകൊള്ളി അസാധാരണമാം വണ്ണം ചിതറിയിരിക്കയാണ്. ക്രൂതൽ സൂക്ഷിച്ചു നോക്കിയപ്പോൾ എനിക്കു മനസ്സിലായി അതിൽ തമരുവെച്ചു ഒരു തുളയുണ്ടാക്കിയിട്ടുണ്ടെന്ന്. അവിടം കരിപിടിച്ചിരിക്കുകയുമായിരുന്നു.

"ഇതു കണ്ടോ? ആരോ ചെകുത്താൻ ഇതിൽ വെടിമരുന്നു നിറച്ചുവെച്ചതാണ്. വിസ്മിക്കാം! ഒരു രാത്രൽ വെടിമരുന്നുകൊണ്ടു് എന്തു ദ്രോഹം ചെയ്യാനാണ്." വിറകുകൊള്ളി ദൂരെ എറിഞ്ഞു, കൈകഴുകി അയാൾ തുടർന്നു:

"ആക്സിന്യാ പുറത്തുപോയപ്പോളായതു് നന്നായി– അല്ലെങ്കിൽ അവർക്കു വല്ല ആപത്തും പിണയുമായിരുന്നു."

പുക ഒഴിഞ്ഞു. അലമാരിയിൽ വെച്ചിരുന്ന പിഞ്ഞാണങ്ങളും പൊളിഞ്ഞുതകർന്നിരിക്കയാണ്. ജനൽ കതകുകളുടെ കണ്ണാടിച്ചില്ലുകളും തകർന്നിരിക്കുന്നു. അടുപ്പിന്റെ വായക്കുവെച്ച ഇഷ്ടികകളും തെറിച്ചുപോയിരിക്കുന്നു.

കൊക്കോളിന്റെ മുഖഭാവം എനിക്കത്ര പിടിച്ചില്ല. ഈ കുയുക്തി അയാളെ ഈറപിടിപ്പിച്ചിട്ടില്ലെന്നു നാട്യമാണയാൾക്ക്.

വെളിയിൽ കുട്ടികൾ നാലുപാടും ഓടുന്നുണ്ടു്. ആരോ വിളിച്ചുപറഞ്ഞു.

"തീ, തീ, കൊക്കോളിന്റെ തീ പിടിച്ചിരിക്കുന്നു."

ഒരു സ്ത്രീ നിലവിളിച്ചു. ആക്സിന്യാ മുറിയിൽനിന്നു പരിഭ്രമത്തോടെ പറഞ്ഞു.

"മൈക്കേലോ എന്റെറണിക്കു, അവരെല്ലാം ഷാപ്പിലേക്കു തുള്ളിക്കയറുകയാണ്."

"മിണ്ടല്ലെ, ഇതാ ഞാൻ എത്തിപ്പോയി." അയാൾ നനഞ്ഞ താടി തുവർത്തിയുംകൊണ്ടു പറഞ്ഞു.

ജനലുകളിൽക്കൂടി പേടിച്ചും കോപം പൂണ്ടും ഉള്ള ഭാവത്തോടെ ആളുകൾ എത്തിനോക്കി. ശ്വാസം മുട്ടിക്കുന്ന പുകയിൽക്കൂടി അവർ എത്തിനോക്കാൻ തന്നെ വിഷമിച്ചു. ആരോ ഒരാൾ ബേജാറോടുകൂടി വിളിച്ചുപറഞ്ഞു.

"അവരെ ഈ ഗ്രാമത്തിൽ നിന്നും ഓടിക്കണം. ഈ ബഹളത്തിനെല്ലാം ഒരുതിരില്ലേ?"

ചുകന്ന തലമുടിയുള്ള ഒരു ചെറിയ ആൾ ജനലിൽക്കൂടി അകത്തേക്കു കടക്കാൻ ശ്രമിച്ചു. ഓരോ പ്രാവശ്യവും കയറാൻ ശ്രമിക്കുന്നതിനു മുമ്പു അയാൾ എന്തോ അവ്യക്തമായി പുലമ്പുന്നുണ്ടു. എന്നാൽ അയാൾക്കു ഉള്ളിലേക്കു കയറാൻ സാദ്ധ്യമായില്ല. അയാൾ വലതു കയ്യിൽ ഒരു മഴു പിടിച്ചിരിക്കുന്നു. ഇടതുകൈകൊണ്ടു ജനലിൽപിടിച്ചു കയറാൻ ശ്രമിക്കുമ്പോഴെല്ലാം അയാൾക്കു പിടുത്തം കിട്ടാതെ പോയി.

റോമസ്സ് കയ്യിൽ വിറകുകൊള്ളിയുമായി അയാളോടു ചോദിച്ചു.

"എന്തു ചെയ്യാനാണ് ഭാവം?"

"തീ കെടുത്താൻ."

"ഇവിടെ തീയൊന്നുമില്ല."

ആ കൃഷിക്കാരൻ മിഴിച്ചുനിന്നു. അയാൾ പിൻവാങ്ങി. റൊമാസ്സ് പീടികയുടെ മുൻഭാഗത്തേക്കു ചെന്നു. വിറകുകൊള്ളി കാണിച്ചു അയാൾ ജനക്കൂട്ടത്തോടു പറഞ്ഞു.

"നിങ്ങളിൽ ഒരാൾ ഇതിൽ വെടിമരുന്നുനിറച്ചു ഞങ്ങളുടെ വിറകിന്നുള്ളിൽ ഒളിപ്പിച്ചുവെച്ചു. എന്നാൽ കാ

ര്യമായ ദ്രോഹം എന്തെങ്കിലും ചെയ്യാൻ മാത്രം മരുന്നുവെക്കാൻ പഠിയില്ല."

കൊക്കോളിന്റെ പിന്നിൽ നിന്ന ഞാൻ ജനക്കൂട്ടത്തെ നോക്കി. മഴുവുമായി വന്ന ആ കൃഷിക്കാരൻ, അല്പം ഭയത്തോടുകൂടി അടുത്തുനില്ക്കുന്ന ആളോട് പറയുകയാണ്.

"അയാൾ ആ വടി എന്റെ നേരെ ഓങ്ങിയതു കണ്ടില്ലെ?"

പട്ടാളക്കാരനായ കോസ്റ്റിൻ അല്പം കടിച്ചു മത്തനായിരുന്നു. അയാൾ പറഞ്ഞു.

"അവനെ അടിച്ചോടിക്കു. അവിശ്വാസി. അവനെ കോടതിയിൽ ഹാജരാക്കണം."

ജനക്കൂട്ടത്തിൽ അധികം ആളുകളും ഒന്നും പറഞ്ഞില്ല. അവൻ റോമാസ്സ് പറയുന്നതു എന്താണെന്നു ശ്രദ്ധിച്ചുകേൾക്കുക മാത്രം ചെയ്തു.

"ഒരു വീട്ടു പൊളിച്ചുവീഴ്ത്താൻ ധാരാളം വെടിമരുന്നു വേണം. ശരി, നിങ്ങൾ എന്തുകൊണ്ടു തിരികെ പോകുന്നില്ല?"

ആരോ വിളിച്ചുപറഞ്ഞു.

"പോലീസുകാരനെവിടെ?"

"പോലീസുകാരെ വിളിക്കു."

കൃഷിക്കാർ സാവധാനം മനമില്ലാമനസ്സോടെ പിരിഞ്ഞുപോയി. അവർക്കു വല്ലാത്ത നിരാശയുള്ളതായി തോന്നി.

ഞങ്ങൾ അകത്തേക്കു പോയി. ആക്സിന്യാ ചായ ഒഴിച്ചു. ആ സ്ത്രീ ഇതുക്കും ശാന്തതയും സൌഹാർദ്ദവും

ഒരിക്കലും പ്രകടിപ്പിക്കുകയുണ്ടായിട്ടില്ല. റോമാസ്സിന്റെ നേരെ അനുഭാവപൂർവ്വം നോക്കി അവർ പറഞ്ഞു!

"നിങ്ങൾ ഇതിനെക്കുറിച്ചെല്ലാം ആലോചിച്ചു, ഹരജി അയക്കാത്തതുകൊണ്ടാണ്. അവർക്ക് നിങ്ങളെ എന്തു ദ്രോഹവും ചെയ്യാമെന്ന നിലയാണ്."

"നിങ്ങൾക്ക് ഇക്കാര്യത്തിൽ അല്പവും ക്രോധം തോന്നുന്നില്ലെ?"

ഞാൻ ചോദിച്ചു.

"നിസ്സാരസംഗതികളെ ചൊല്ലിയെല്ലാം ക്രോധം ഭാവിക്കാൻ എനിക്കു സമയമില്ല."

ഞാൻ ചിന്തിച്ചു: എല്ലാ ആളുകളും ഇങ്ങിനെ അക്ഷോഭ്യരായി അവരവരുടെ ജോലി നോക്കിയിരുന്നെങ്കിൽ!

അദ്ദേഹം കാസാനിൽനിന്നു എനിക്കുവേണ്ടി എന്തെല്ലാം പുസ്തകങ്ങളാണ് കൊണ്ടുവരേണ്ടതെന്നു ചോദിച്ചു, അടുത്ത കുറച്ചു ദിവസങ്ങൾക്കിടയിൽ അയാൾ അങ്ങോട്ടു പോകാൻ ഏർപ്പാടു ചെയ്യുകയായിരുന്നു.

എനിക്കിടക്കെല്ലാം തോന്നാറുണ്ടു, ഈ മനുഷ്യനു ആത്മാവുണ്ടായിരിക്കേണ്ട സ്ഥാനത്തു, ഒരു ഘടികാരംപോലെ ജീവിതം മുഴവനും കൃത്യമായി പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു യന്ത്രമാണുള്ളതെന്നു. ഞാൻ അയാളുടെ രക്ഷയിലാണു; എനിക്കയാളെ വലിയ ബഹുമാനമാണു, എന്നാൽ ഇടക്കെങ്കിലും അയാൾക്കു ക്രോധം ജനിച്ചുകണ്ടാൽ തരക്കേടില്ലായിരുന്നു എന്നു ഞാൻ ആഗ്രഹിച്ചു. എന്നോടായാലും മറ്റാരോടായാലും ബാഹളം കൂട്ടി നിലത്തു ചവിട്ടി അയാൾ ക്രോധം പ്രകടിപ്പിക്കേണ്ടതായിരുന്നു. അയാൾ ഒരിക്കലും ക്രോധത്തിനു കീഴ്പെടുകയില്ല. വിഡ്ഢിത്തം

കണ്ടാൽ, ഉറ്റസ്നേഹിതൻ കണ്ടാൽ, അദ്ദേഹം പതിയെടുത്ത് അഭിപ്രായപ്രകടനം നടത്തും. അധികവും ലളിതമായ ചില വാക്കുകൾ.

ഒരിക്കൽ അയാൾ സുസ്ലോവിനോട് ചോദിച്ചു.

"നിങ്ങൾ എന്തിനാണ് മനസ്സിൽ ഒന്നുവെച്ചു പുറമെ മറെറാന്നു ഭാവിക്കുന്നത്? അതും നിങ്ങളെപ്പോലുള്ള ഒരു വൃദ്ധൻ."

വൃദ്ധനായ ആ കൃഷിക്കാരന്റെ കവിളുകളും നെറ്റിയും ചുമന്നു. അയാളുടെ നരച്ച താടിരോമം തന്നെയും ചുകന്നുപോകുന്നതായിത്തോന്നി.

അതുകൊണ്ട് നിങ്ങൾക്കു യാതൊരു നന്മയും വരാനില്ല. ആളുകൾക്കു നിങ്ങളെക്കുറിച്ചുള്ള ബഹുമാനം കുറഞ്ഞുപോകും.

സുസ്ലോവിന്റെ തല താണു.

"അതു ശരിയാണ്. അതുകൊണ്ട് കാര്യമൊന്നുമില്ല."

സുസ്ലോവ് ഇസ്സോട്ടിനോട് പറഞ്ഞു.

"അയാളൊരു നല്ല നേതാവാകാൻ പറ്റിയ ആളാണ്. ഇത്തരം ആളുകളെ ഉദ്യോഗസ്ഥന്മാരായി നിയമിച്ചിരുന്നെങ്കിൽ!"

തന്റെ അഭാവത്തിൽ കാര്യങ്ങൾ എങ്ങിനെയാണ് നടത്തേണ്ടതെന്നു റോമാസ്സ് മുഴുക്കെയായി എനിക്കു വിവരിച്ചുതന്നു. അയാൾ അന്നു കാലത്തെ പൊട്ടിത്തെറിയുടെ കാര്യം തീരെ അങ്ങു വിസ്മരിച്ചു. ഒരു ഈച്ചയുടെ കടി മറന്നുപോകുംപോലെ അയാളെ ഭീഷണിപ്പെടുത്താൻ നടന്ന ആ പരിശ്രമം അയാൾ തീരെ മറന്നു.

പാങ്കോവ് അകത്തുവന്നു. അടുപ്പിൽ പരിശോധിച്ചു എന്നോടു ചോദിച്ചു.

"പേടിച്ചു പോയോ?"

"എന്തിന്നു?"

"അതു യുദ്ധമാണു"

"കുറച്ചു ചായ കഴിക്കുന്നോ?"

"എന്റെ ഭായ്യ എന്നെ കാത്തിരിക്കുകയായിരിക്കും"

"നിങ്ങളം എവിടെ പോയിരുന്നു?"

"മീൻ പിടിക്കാൻ പോയി.....ഇസോട്ടിനോടൊപ്പം."

അയാളം സ്ഥലംവിട്ടു. അടുക്കളയിൽക്കൂടി കടന്നുപോകുമ്പോൾ അയാളം ആലോചനാപൂർവ്വം വീണ്ടും ആവർത്തിച്ചു.

"ഇതു യുദ്ധമാണു."

കൊക്കോളുമായി സംസാരിക്കുമ്പോൾ പാങ്കോവു് അധികം വാക്കുകളം പറയുകയില്ല. പ്രധാനപ്പെട്ട കുഴപ്പംപിടിച്ച എല്ലാ കാര്യങ്ങളും അവർ തമ്മിൽ പറഞ്ഞുതീർത്തിട്ടുള്ളതുപോലെയാണു് പാങ്കോവിന്റെ ഭാവം. റോമാസ്സ് ഐവൻ ഗ്രോസ്നിയുടെ ഭരണത്തെക്കുറിച്ചു പറഞ്ഞപ്പോൾം, ഇസോട്ട പറഞ്ഞതിങ്ങിനെയാണു്.

"ഒരു വല്ലാത്ത ദ്രോഹി"

"ഒരു കശാപ്പുകാരൻ!" കുക്കുഷ്കിൻ തുടർന്നു. എന്നാൽ പാങ്കോവ് വിശ്വാസപൂർവ്വം പ്രഖ്യാപിച്ചു.

"അദ്ദേഹം വേണ്ടത്ര വിവേകം കാണിച്ചില്ല. അദ്ദേഹം വലിയ രാജകുമാരന്മാരെ കൊന്നതുകൊണ്ടാണു്? അവരുടെ സ്ഥാനത്തു അദ്ദേഹം അനേകം പ്രഭുക്കന്മാരെ

അവരോധിക്കുകയും ചെയ്തിട്ടില്ലെ? ക്രൂരനായ അദ്ദേഹം പുറമെനിന്നും കുറെപേരെ കൊണ്ടുവന്നു. വിദേശികളെ. അതിലൊന്നും യാതൊരത്ഥവും ഇല്ല. ചെറിയ ഒരു ഭ്രൂവുടമ, വലിയ ഭ്രൂവുടമയേക്കാൾ മോശമാണു്. ഒരു ഈച്ച ഒരു ചെന്നായയല്ലല്ലൊ. ഈച്ചയെ തോക്കെടുത്തു വെടിവെച്ചു കൊല്ലുവാൻ കഴിയുമോ? എന്നാൽ ഈച്ചക്കു ചെന്നായയെക്കാൾ സൈര്യം കൊടുക്കാൻ കഴിയും.

കൃഷ്ണിൻ ഒരു പാത്രത്തിൽ നനഞ്ഞ കളിമണ്ണുമായി പ്രത്യക്ഷപ്പെട്ടു. അടുപ്പിന്റെ ഇഷ്ടികയും ശരിപ്പെടുത്തി അയാൾ പറഞ്ഞു.

"ആ വിഡ്ഢികൾ എന്തെല്ലാം പ്രയോഗിച്ചുനോക്കുകയാണു്. അവരുടെ തലയിലെ പേനെടുത്തു നീക്കാൻപോലും അവക്കു സാദ്ധ്യമല്ലതാനും. എന്നാൽ ഒരാളെ കൊല്ലാനാണെങ്കിൽ, അവർ പതിനെട്ടടവും പ്രയോഗിച്ചുനോക്കും. അധികം ചരക്കുകൾ ശേഖരിച്ചു വെക്കേണ്ടതില്ല. ആറെറണിക്ക്, കഴിയുന്നതും അധികം പ്രാവശ്യം ഞങ്ങാടിക്കുപോയി കുറച്ചു കുറച്ചു സാധനങ്ങൾ കൊണ്ടുവരുന്നതായിരിക്കും നല്ലതു്. ഒക്കാപ്പുറത്തു അവർ പീടികക്കു തന്നെ തീ വെക്കും. എന്തെങ്കിലും കാര്യമായ ദ്രോഹം അവർ ചെയ്യാതിരിക്കയില്ല. നിങ്ങൾ 'ആ സാധനം' ഏല്പെട്ടത്താൻ ഒരുങ്ങിയിട്ടുള്ളതുകൊണ്ടു വിശേഷിച്ചും."

'ആ സാധനം' എന്നാണു് പഴം വളത്തിയുണ്ടാക്കുന്നവരുടെ സഹകരണസംഘത്തിനു, ഗ്രാമത്തിലെ ധനികന്മാർ പറഞ്ഞിരുന്ന പേരു്. അപ്പോഴേക്കും, പാങ്കോവ്, സുസ്ലോവ് മറെറാരണ്ടുമൂന്നു കാര്യവിവരമുള്ള കൃഷിക്കാർ ഇവരുടെയെല്ലാം സഹായത്തോടുകൂടി കൊക്കോൾ, സംഘത്തി

ന്റെ കാര്യം ശരിപ്പെട്ടുത്തികഴിഞ്ഞിരുന്നു — ഗ്രാമത്തിലെ ഭ്രരിപക്ഷം വീട്ടുകാരും, റോമാസ്സിനെ ഇഷ്ടപ്പെട്ടുകഴിഞ്ഞു. ഞങ്ങളുടെ പീടികയിൽ കച്ചവടം വർദ്ധിച്ചു.

ഒന്നിനും കൊള്ളാത്തവരെന്നു കരുതപ്പെട്ടിരുന്ന ബാറിനോവും മിഗനും കൂടി കൊക്കോളിനു വേണ്ടി പല കാര്യങ്ങളും ചെയ്തു.

മിഗൻ എന്നെ ആകഷ്ടിച്ചു. അയാളുടെ മനോഹരമായ, വ്യസനം തോന്നിക്കുന്ന പാട്ടുകൾ എന്റെ ഹൃദയത്തിൽ പതിഞ്ഞു. മിഗൻ പാടുമ്പോൾ, കണ്ണടക്കും. അയാളുടെ മുഖത്തെ ഞരമ്പുവലി പെട്ടെന്നു നില്ക്കും.

ഇരുട്ടുള്ള രാത്രികളിൽ, ചന്ദ്രനില്ലാത്തപ്പോൾ ആകാശത്തിൽ മേഘങ്ങൾ മൂടിനില്ക്കുമ്പോഴാണ് അയാൾക്കു ഏറ്റവും ഉത്സാഹം തോന്നുക. ചിലപ്പോൾ വൈകുന്നേരം അയാൾ എന്റെ ചെവിയിൽ മന്ത്രിക്കും.

"വോൾഗയുടെ കരയിലേക്കു വരുന്നോ?"

വോൾഗയുടെ കരയിൽ മിഗൻ മത്സ്യം പിടിക്കാനുള്ള ഒരുക്കങ്ങൾ ചെയ്യും: അയാൾ തന്റെ തോണിയുടെ അമരത്തിരുന്നു, കാലുകൾ വെള്ളത്തിൽ ഞാത്തിയിട്ടു. വളരെ പതിഞ്ഞ സ്വരത്തിൽ അയാൾ പറയും.

"വലിയ ആളുകൾ എന്നോട് തെറ്റായി പെരുമാറിയാൽ അതെനിക്കു സഹിക്കാൻ കഴിയും. വലിയ ഒരാൾ, ഏതായാലും വലിയ ആളല്ലെ. എനിക്കറിയാത്ത എന്തെല്ലാം അയാൾക്കു വശമായിരിക്കും.? എന്നാൽ എന്നെപ്പോലെയുള്ള കൃഷിക്കാർ, എന്നെ ശകാരിക്കാൻ പുറപ്പെട്ടാൽ ഞാനെങ്ങിനെ സഹിക്കും? ഞങ്ങൾതമ്മിൽ എന്താണ് വ്യത്യാസം? അവർ അവരുടെ പണം കൂടിയും കണ

ക്കിൽ എണ്ണമായിരിക്കാം. ഞാൻ കൊച്ചെക്കുകളായിട്ടും. മറെറന്തു വ്യത്യാസമാണു് ഞങ്ങൾ തമ്മിലുള്ളതു്.

മിഗന്റെറ മുഖത്തു എപ്പോഴും ആ ഞരമ്പുവലി കാണാം. അയാളുടെ പുരികവും വിറച്ചുകൊണ്ടിരിക്കും. അയാളുടെ വിരലുകൾകൊണ്ടു ചൂണ്ടലുകൾ ശരിപ്പെടുത്തും. അയാൾ സാവധാനം ഇങ്ങിനെ പറയും.

"അവർ എന്നെ ഒരു കള്ളനെന്നു വിളിക്കുന്നു. അതു ശരിയാണു്. ഞാൻ കക്കുന്നുണ്ടു്. എല്ലാവരും കട്ടിട്ടല്ലേ ജീവിക്കുന്നതു. എല്ലാവരും മറുള്ളവരെ കഴിയുന്നതു ഞെക്കിപ്പിഴിയുന്നില്ലേ? അങ്ങിനെയാണു് ജീവിതം തുടർന്നുപോകുന്നതു്. ദൈവം അദ്ദേഹം നമ്മെ സ്നേഹിക്കുന്നില്ല. ചെകുത്താനാണെങ്കിൽ തന്നിഷ്ടമാണു്."

കറുപ്പുനിറമുള്ള പുഴ ഞങ്ങളുടെ അടുത്തുകൂടി അങ്ങിനെ ഇഴഞ്ഞുപോയി. തലയ്ക്കുമീതെ കറുത്ത മേഘങ്ങളും. ഇരുട്ടിൽ മറുകര കാണാൻ സാദ്ധ്യമല്ല. പുഴക്കുമീതെ ചെറിയ ഓളങ്ങൾ സൂക്ഷിച്ചു സൂക്ഷിച്ചു നീങ്ങുകയാണു്. ഓളങ്ങൾ എന്റെറ കാലിൽവന്നു അലയ്ക്കുന്നുണ്ടു. ഇരുട്ടിന്റെറ പിൻഭാഗത്തേയ്ക്കു എന്നെ വലിച്ചിഴക്കാൻ ശ്രമിക്കുന്നതുപോലെ.

"അതുകൂടാതെ കഴിയുമോ?" മിഗൻ ചോദിച്ചു. ഒരു നെടുവീർപ്പോടെ.

കിഴക്കാംതൂക്കായ മറെറക്കരയിൽ നിന്നും ഒരു നായ കുരച്ചു. ഒരു സ്വപ്നം കാണുമ്പോലെ ഞാൻ സ്വയം ചോദിച്ചുപോയി.

"മിഗൻ ജീവിതം നയിക്കുന്നതുപോലെ ജീവിക്കുക-എന്തിനുവേണ്ടി"

പുഴയിൽ തികച്ചും നിശ്ശബ്ദതയാണു്. ഇരുട്ടു്, വല്ലാത്തഭയം തോന്നിക്കുന്ന ഇരുട്ടു്. ആ ഇരുട്ടിനു അവസാനമില്ല.

"അവർ കൊക്കോളിനെ കൊന്നുകളയും; നിന്നേയും." മിഗൻ പിറുപിറുത്തു. പെട്ടെന്നായാം പതിഞ്ഞസ്വരത്തിൽ പാടാൻ തുടങ്ങി.

അയാളുടെ കൺപോള താഴ്ന്നു. അയാളുടെ സ്വരം പൊങ്ങി. എന്നാൽ ക്രൂരതൽ വ്യസനകരമാകയും ചെയ്തു. ചൂണ്ടൽ ചരടു ശരിപ്പെടുത്തുന്നതിൽ അദ്ദേഹത്തിന്റെ ശ്രദ്ധ കുറഞ്ഞു.

എനിക്കു അസാധാരണമായ ഒരനുഭവമുണ്ടായി. ഇരുണ്ട ആ ജലശേഖരത്തിന്റെ ചലനത്തിൽ കടുങ്ങി ഭ്രമിതന്നെ ഇടിഞ്ഞുപൊളിഞ്ഞു വീഴുകയാണു്. ഞാൻ വഴുതിവഴുതി ഭ്രമിയുടെ ഉപരിതലത്തിൽ നിന്നും ഇരുട്ടിന്റെ അഗാധതയിലേക്കു മറിഞ്ഞുവീഴുകയാണു്. അവിടെയാണു് സൂര്യനും മുങ്ങിച്ചുത്തു കിടക്കുന്നതു്.

പെട്ടെന്നു തുടങ്ങിയപോലെ തന്നെ, പെട്ടെന്നു പാട്ടു നിന്നു. മിഗൻ തോണി കരയിൽ നിന്നും തള്ളിനീക്കി, അതിൽ കയറി, ഒരു ശബ്ദവുമുണ്ടാക്കാതെ, ഇരുളിൽ പുഴയിൽ അപ്രത്യക്ഷമായി—ഞാൻ അയാം പോയഭാഗത്തേക്കു തന്നെ നോക്കിനിന്നു. ഞാൻ ആശ്ചര്യപ്പെട്ടു:

"ഇങ്ങിനെയുള്ള ആളുകൾ എന്തിനാണു് ജീവിക്കുന്നതു്?"

എന്റെ മറ്റൊരു സ്നേഹിതനായിരുന്ന ബാറിനോവു്. പരിതമില്ലാത്ത ഒരു മനുഷ്യൻ, സൊള്ളനും മടിയനും. ആരാന്റെ കുറ്റംപറഞ്ഞു നടക്കുന്ന ഒരു തെണ്ടി. അയാം

മോസ്കോവിൽ താമസിച്ചിട്ടുണ്ട്. മോസ്കോവിനെക്കുറിച്ചു അയാൾ വലിയ അത്ഭുതിയോടുകൂടിയാണ് സംസാരിക്കുക.

"ചെകുത്താന്റെ നഗരമാണത്. വല്ലാത്ത ബഹളം. പള്ളികൾ— അതെ പതിനായിരത്തോളം പള്ളികളുണ്ട്. ആളുകളോ എല്ലാം ചതിയന്മാരാണ്.... ... ... എല്ലാവരിൽനിന്നും പൊരിപിടിച്ചിരിക്കുന്നു. കുതിരകളെപ്പോലെ. സത്യമായും പൊരിപിടിച്ചു നടക്കുകയാണ്— കച്ചവടക്കാരും, പട്ടാളക്കാരും നഗരവാസികളെല്ലാം തന്നെ. അവരെല്ലാം പൊരിഞ്ഞുംകൊണ്ടു നഗരത്തിലാകമാനം നടക്കുകയാണ്. ഒരു കുഴപ്പം മാത്രമുണ്ട്. അവിടെ സാർ ചക്രവർത്തിയുടെ തോക്കുണ്ട്, ഏറ്റവും വലിയ തോക്ക്. മഹാനായ പീറ്റർ ചക്രവർത്തിതന്നെയാണ് ആ തോക്ക് അവിടെ വെച്ചിട്ടുള്ളത്. ലഹളക്കാർക്കെതിരായി വെടിവെക്കാൻ. ഒരു സ്ത്രീ അനുരാഗം കാരണമായി, ഒരു ലഹള ഉണ്ടാക്കി. ആ സ്ത്രീ ചക്രവർത്തിയോടൊപ്പം ഏഴുകൊല്ലം താമസിച്ചു. പിന്നെ ചക്രവർത്തി അവളെ വിട്ടുകളഞ്ഞു. മൂന്നു കുട്ടികളേയും. ആ സ്ത്രീക്കു ക്രോധം വന്നു. അവർ ലഹളക്കൊരുങ്ങി. പീറ്റർ ലഹളക്കെതിരായി തോക്കിൽനിന്നു ഒരൊറ്റപ്രാവശ്യം ഉണ്ടയെഴിച്ചു, ഒമ്പതിനായിരത്തിമുന്നൂറിയെട്ടാളുകൾ ചത്തു വീണു. ചക്രവർത്തിതന്നെയും ഭയപ്പെട്ടുപോയി. മെത്രാപ്പോലീത്താ ഫിലാറെറ്റിനോട് അദ്ദേഹം പറഞ്ഞു. "ഇതിന്റെ വായ അടച്ചു മുദ്രവെക്കണം. ചെകുത്താന്റെ ഈ കളിക്കോപ്പിനു." അങ്ങിനെ അതിനു മുദ്രവെച്ചിരിക്കുകയാണ്."

ഇതെല്ലാം വിഡ്ഢിത്തമാണെന്നു ഞാൻ അയാളോടു പറഞ്ഞപ്പോൾ മിഗനു എന്നോട് നീരസം തോന്നി.

"എൻറീശപരാ, നിൻെറ ഒരു മനസ്ഥിതി. ഞാൻ ഈ വസ്തുതയെല്ലാം ശേഖരിച്ചതു പഠിച്ച ഒരാളിൽ നിന്നാണു്. എന്നിട്ടു നീ പറയുന്നു....."

അയാൾ കീവിലും പോയിട്ടുണ്ടു്. സന്യാസികളെ സന്ദർശിക്കാൻ. ഈ അനുഭവത്തെക്കുറിച്ചു അയാൾ പറഞ്ഞതിങ്ങിനെയാണു്.

"ആ നഗരമില്ലെ, ഇവിടെ നമ്മുടെ ഈ ഗ്രാമത്തെപ്പോലെയാണു്, ഒരു കുന്നിന്മേൽ, അടുത്തു ഒരു നദിയും ഒഴുകുന്നുണ്ടു്. ആ നദിയുടെ പേരെന്താണെന്നു ഞാൻ മറന്നുപോയി. വോൾഗയോടു താരതമ്യപ്പെടുത്തിയാൽ അതൊരു ചളിക്കുണ്ടു മാത്രമാണു്. അതൊരു കുഴഞ്ഞുമറിഞ്ഞു കിടക്കുന്ന പ്രദേശമാണു്. എല്ലാ തെരുവുകളും വളഞ്ഞു തിരിഞ്ഞുംകൊണ്ടാണു്. എല്ലാം കുന്നിലേക്കു നയിക്കുന്നു. ആളുകളോ—എല്ലാം കൊക്കോൾമാരാണു്. എന്നാൽ മൈക്കോലെ ആൻെറാനോവിക്കിനെപ്പോലെയല്ല. അവർ മറെറാരു വർഗ്ഗത്തിൽ പെടുന്നവരാണു്. പകുതി പോളണ്ടും പകുതി താത്തരിയും. അവർ സംസാരിക്കുകയല്ല, നൊടിയുകയാണു്. വൃത്തികെട്ട ക്രൂട്ടർ. ഒരിക്കലും മുടി ചീകുകയില്ല. അവർ തവളയെ തിന്നും. അവിടെ ഒരു തവള പത്തുറാത്തൽ തൂക്കമുണ്ടായിരിക്കും. അവർ വണ്ടിവലിപ്പാനും കന്നുപൂട്ടാനും കാളകളെയാണുപയോഗിക്കുക. അവിടെ നല്ല ഒന്നാംതരം കാളകളെക്കാണാം. ഏറെറവും ചെറുതു നമ്മുടെ കാളകളുടെ നാലിരട്ടി ഉണ്ടായിരിക്കും. ഓരോന്നും എമ്പത്തിമൂന്നു പൂഡ് തൂക്കമുണ്ടായിരിക്കും. അവിടെ അമ്പത്തേഴായിരം പാതിരികളുണ്ടു്. എഴുപത്തിമൂന്നു മെത്രാന്മാരും. ഇപ്പോഴെന്തു പറയുന്നു. ഇതിനെല്ലാറെറിനും നിനക്കെ

തിരെന്തു പറയാനുണ്ട്. ഇതെല്ലാം ഞാൻ കണ്ടതാണ്. എന്റെ സ്വന്തം കണ്ണുകൊണ്ടു കണ്ടതാണ്. നീ വല്ല പ്പോഴും കീവിൽ പോയിട്ടുണ്ടോ? ഇല്ല. ശരി—സഹോദരാ—എന്നാൽ ഞാൻ ശരിക്കു പറയാം—അതാണ് പ്രധാന കാര്യം."

അദ്ദേഹത്തിന്റെ സംഖ്യകൾ എടുത്തുപറയുന്നതിഷ്ടമാണ്. ക്രൂട്ടാനും പെരുക്കാനും അയാൾ എന്നിൽനിന്നു പഠിച്ചു. ഹരിക്കാൻ അയാൾക്കു സാദ്ധ്യമല്ല. ഒരു വടിക്കഷണം കൊണ്ടു അയാൾ പൂഴിയിൽ വലിയ അക്കങ്ങൾ എഴുതി വളരെ ഉത്സാഹത്തോടെ ക്രൂട്ടും. തെറ്റുപറ്റിയാൽ യാതൊരു വല്ലായ്മയും തോന്നുകയുമില്ല. ഉത്തരം ശരിയായിക്കണ്ടാൽ അയാൾ അക്കങ്ങൾ വഴിക്കുവഴിയായി നോക്കി ഒരു കുട്ടിയെപ്പോലെ, ആശ്ചര്യം പ്രകടിപ്പിക്കും.

"ഇങ്ങിനെ ഒരു വലിയ സംഖ്യ! അതു പറയാൻതന്നെ വിഷമമാണ്."

ചന്തം കുറഞ്ഞ കീറൻ വസ്ത്രങ്ങൾ ധരിച്ചു, മുടി ചീകാതെ നടക്കുന്ന ഒരാളാണ് ബാറിനോവ്. എന്നാൽ അയാളുടെ മുഖം സാമാന്യം സൌന്ദര്യമുള്ളതാണ്. ആ ചുരുളൻ താടിരോമവും ഒരു ചെറിയ കുട്ടിയുടേതുപോലെ പുഞ്ചിരിയിടുന്ന കണ്ണുകളും, ആ മുഖത്തിനു ഭംഗി ക്രൂട്ടുണ്ട്. കൂടുകൂടുന്നാൽ അയാൾക്കും തമ്മിൽ പല സംഗതിയിലും, സാമ്യം കാണും. ഒരുപക്ഷെ ഈ സാമ്യം കാരണമായിരിക്കാം, രണ്ടു പേരും അന്യോന്യം ഞെട്ടുപ്പു കാണിക്കുകയില്ല!

ബാറിനോവ് രണ്ടു പ്രാവശ്യം കാസ്പിയൻ തീരത്തേക്കു പോയിട്ടുണ്ട്—മത്സ്യത്തൊഴിലാളിയായിട്ട്. അതിനെക്കുറിച്ചയാൾ പറഞ്ഞു.

"കടലില്ലെ സഹോദരാ—അതിനെപ്പോലെയൊരു സാധനം ഈ ഭൂമിയിൽ ഇല്ല. മനുഷ്യൻ അതിന്റെ മുമ്പിൽ വെറുമൊരു പാറയാണു്. നീ കടലിനെ ഒന്നു നോക്കുക, നീ ആരാണു്? അവിടെ ജീവിതം എത്ര മധുരമാണു്. കടലിൽ പലതരത്തിലും, ആളുകൾ കൂടിച്ചേരുന്നു. വലിയ ആളുകൾ പോലും. അവരും ഞങ്ങളെപ്പോലെ തന്നെ ജോലിചെയ്യും. ഒരു വെപ്പുകാരി ഉണ്ടായിരുന്ന കൂട്ടത്തിൽ. ഒരു വക്കീലിന്റെയോ മറേറാ വെപ്പാട്ടി ആയിരുന്നു. ഇനി ആരെക്കെയാണു് വേണ്ടതു്, അവർക്കു കടലിലെ ജീവിതം വളരെ ഇഷ്ടമായി—അവർ തന്റെ കാമുകനോടു പറഞ്ഞു. "നിങ്ങൾ നല്ല ആളാണു്. എന്നാലും നമുക്കു പിരിയാം." ഒരു പ്രാവശ്യം കടലിൽ ഇറങ്ങിയിട്ടുള്ള ആളുകൾക്കു തിരികെ വരാതെ കഴികയില്ല. കടലോ എത്ര വിസ്തീർണ്ണമായ പ്രദേശം. ആകാശത്തെപ്പോലെയാണു് യാതൊരു തിക്കും തിരക്കുമില്ല. ഞാനും തിരികെ പോകും അവിടെ താമസിക്കാൻ. എനിക്കു ചുറുമുള്ള ആളുകളെ ഇഷ്ടമല്ല. അതാണു് വിഷമം. ഞാൻ ഒരു മഹർഷിയായി ജീവിക്കേണ്ടവനാണു്; എവിടെയെങ്കിലും ഒരാശ്രമത്തിൽ—നല്ല ഒരു ആശ്രമം കാണാനില്ല—എന്തു ചെയ്യും."

അയാൾ ഉടമയില്ലാത്ത ഒരു നായയെപ്പോലെ ഗ്രാമത്തിൽ ചുററിനടക്കും. കൃഷിക്കാർക്കു അയാളെ പുച്ഛമാണു്. എന്നാൽ അവരെല്ലാം അയാളുടെ കഥകൾ ഇഷ്ടത്തോടെ കേൾക്കും. മിഗന്റെ പാട്ടുകൾ കേൾക്കുമ്പോലെ.

"സാമർത്ഥ്യത്തോടെ കളവു പറയും. രസമുണ്ടു" ഒന്നും വിശ്വസിക്കാൻ കൂട്ടാക്കാത്ത പാങ്കോവ് പോലും, അയാളുടെ ചില കഥകൾ ശരിയാണെന്നു കരുതും. പാങ്കോവ് ഒരു ദിവസം കൊക്കോളിനോടു പറഞ്ഞു.

"ബാറിനോവ് പറയുന്നതു, പുസ്തകങ്ങളിൽ, ഗ്രോസ്നിയെക്കുറിച്ചു പറയുന്നതെല്ലാം സത്യമല്ലെന്നാണു്. പലതും മറച്ചുവെച്ചിരിക്കയാണു്. ഗ്രോസ്നി എപ്പോഴും മനുഷ്യനല്ലത്രെ. എന്നാണു് ബാറിനോവ് പറയുന്നതു്. ഇടക്കയാൾ ഒരു കഴുകനായി മാറും. അതുകൊണ്ടാണത്രെ നമ്മുടെ നാണയങ്ങളിന്മേൽ, കഴുകന്റെ രൂപം അടിക്കുന്നതു്. അയാളോടുള്ള ബഹുമാനം പ്രദർശിപ്പിക്കാൻ"

എനിക്കു മനസ്സിലായി—അതും പതിനാറാമത്തെ തവണ. ആളുകൾക്കു് അസാധാരണമായ, അസംഭാവ്യമായ, കെട്ടിയുണ്ടാക്കപ്പെട്ടുന്ന കഥകൾ കേൾക്കുന്നതിലാണു് അധികം ഇഷ്ടം—ജീവിതത്തെ സ്പർശിക്കുന്ന യാഥാർത്ഥമായ വ്യാഖ്യാനങ്ങളെക്കാൾ.

ഞാൻ ഇതിനെക്കുറിച്ചു കൊക്കോളിനോടു പറഞ്ഞപ്പോൾ അയാൾ ചിരിച്ചു മറുപടി പറഞ്ഞു.

"ആ ശീലം ക്രമേണ ഇല്ലാതാകും. പ്രധാനം ആളുകൾ ചിന്തിക്കാൻ പഠിക്കണമെന്നുള്ളതാണു്. എന്നാൽ അവർ സ്വയം പരമാർത്ഥം അറിഞ്ഞുകൊള്ളും. ബാറിനോവിന്റെയും കൃഷ്ണന്റെയും ഭാവനയുടെ കാര്യമില്ലെ. നീ അവരെ ശരിക്കും മനസ്സിലാക്കണം. അവർ കലാകാരന്മാരാണു്. കണ്ടുപിടുത്തക്കാർ. യേശുക്രിസ്തുവും, അങ്ങിനെയൊരു കണ്ടുപിടുത്തക്കാരനായിരുന്നു. യേശുക്രിസ്തുവിന്റെ ചില കണ്ടുപിടുത്തങ്ങൾ നന്നായിരുന്നു എന്നു നീയും സമ്മതിക്കും."

ഇവരെല്ലാം വളരെ ദുർല്ലഭമായിട്ടു മാത്രമെ, ഈശ്വരനെക്കുറിച്ചു സംസാരിക്കാറുള്ളു. ഇതെന്നെ ആശ്ചര്യപ്പെടു

ത്തി. വൃദ്ധനായ സുസ്ലോവ് മാത്രം പലപ്പോഴും, വലിയ വിശ്വാസത്തോടുകൂടി, അഭിപ്രായപ്പെട്ടും.

"എല്ലാം ഈശ്വരേച്ഛയാണു്."

ഈ വാക്കുകളിൽ ഒരു നിരാശാബോധം വ്യക്തമായിരുന്നു.

ഈ രണ്ടുകളുടെ ഇടയിലുള്ള ജീവിതം ഞാൻ ഇഷ്ടപ്പെട്ടു. വൈകുന്നേരത്തെ അവരുമായുള്ള സംഭാഷണങ്ങളിൽ നിന്നു ഞാൻ പലതും പഠിച്ചു. റോമാസ്സ് ഉന്നയിച്ച ഓരോ പ്രശ്നവും, ഒരു വലിയ വൃക്ഷമെന്നപോലെ, അതിന്റെ വേരുകൾ ജീവിതത്തിന്റെ എല്ലാ തുറകളിലും, തുളച്ചുകയറി, ഈ വേരുകൾ മറെറാന്നിന്റെ വേരുകളുമായി കെട്ടുപിണഞ്ഞു. ശാഖകളെല്ലാം ചിന്തയുടെ പുഷ്പങ്ങൾ വഹിച്ചു. മനസ്സിൽ പതിയുന്ന വാക്കുകളാകുന്ന പച്ചയിലകളും ഇടതൂർന്നു നില്ക്കുകയുമാണു്. ഞാൻ എല്ലാം കൊണ്ടും പുരോഗമിക്കുകയാണെന്നു ഞാൻ വിശ്വസിച്ചു. ഞാൻ ആത്മവിശ്വാസത്തോടെ സംസാരിച്ചു. ഒന്നിലധികം പ്രാവശ്യം കൊക്കോൾ ചിരിച്ചുംകൊണ്ടു എന്നെ പുകഴ്ത്തി.

"നീ നല്ലപോലെ പഠിക്കുന്നുണ്ടു, മേക്സിമിക്ക്."

ഈ കുറച്ചുവാക്കുകൾ പറഞ്ഞതിനു ഞാൻ അദ്ദേഹത്തോടു എത്ര കടപ്പെട്ടിരിക്കുന്നു.

ചിലപ്പോൾ പാക്കോവ് അയാളുടെ ഭാര്യയേയും, കൂടെ കൊണ്ടുവരും. ശാന്തമായ മുഖഭാവത്തോടുകൂടിയ ഒരു സ്ത്രീയാണവർ. നഗരത്തിലെ സ്ത്രീകളെപ്പോലെ വസ്ത്രം ധരിക്കും. ബുദ്ധിസൂചകമായ നീലക്കണ്ണുകളാണവർക്കു–അവർ

നിശ്ശബ്ദമായി മുറിയിൽ ഒരു മൂലയിലിരിക്കും. വിനയത്തോടെ ചുണ്ടുകൾ പൂട്ടിയിരിക്കും. കുറെക്കഴിഞ്ഞാൽ അവരുടെ ചുണ്ടുകൾ വിടരും. കണ്ണുകൾ വികസിക്കും; ആശ്ചര്യസ്തബ്ധയായതുപോലെ–അപ്പോൾ ഏതെങ്കിലും അഭിപ്രായം കേട്ട അവർ പൊട്ടിച്ചിരിക്കും, പരിഭ്രമിച്ചു കൈകൾ കൊണ്ടു മുഖം പൊത്തിക്കളയും. റോമാസ്സിനെ നോക്കി കണ്ണു ചിമ്മി പാങ്കോവ് അഭിപ്രായം പറയും.

"അവർക്കു എല്ലാം മനസ്സിലാകുന്നുണ്ട്."

കൊക്കോളിനെ കാണാൻ ചില സന്ദർശകന്മാർ വരും. അയാൾ അവരെ തട്ടിൻപുറത്തേക്കു കൂട്ടികൊണ്ടുപോയി ദീർഘനേരം സംസാരിക്കും.

ആക്സിന്യാ അവർക്കു തിന്നാനും കുടിക്കാനും കൊടുക്കും. അവർ അവിടെത്തന്നെ ഉറങ്ങും. അവർ അവിടെ വന്നിട്ടുണ്ടെന്നു കാര്യം എനിക്കും ആക്സിന്യക്കും മാത്രമെ അറിയുകയുള്ളൂ.

ആക്സിന്യാക്ക് റോമാസ്സിനെ വലിയ കാര്യമാണു്. അവർ അയാളെ ആരാധിക്കും. ഈ സന്ദർശകന്മാരെ, ഇസോട്ടും, പാങ്കോവും, രാത്രിയിൽ, തോണിയിൽ കൊണ്ടുപോയി, സ്റ്റീം ബോട്ടിൽ കയറ്റും. അല്ലെങ്കിൽ ലോബ്യാഷ്സ്കിയിലെ ബോട്ടുജട്ടിയിൽ കൊണ്ടുപോയിറക്കും. കുന്നിന്മേൽ നിന്നു, തോണി പുഴയിൽക്കൂടി ഇഴഞ്ഞുപോകുന്നതു, ഞാൻ നോക്കും. അവർ തോണിയിൽനിന്നു ലാന്തർ വീശിക്കാണിച്ചു സ്റ്റീം ബോട്ട് നിർത്താൻ ശ്രമിക്കുന്നതുകാണം. ഇങ്ങിനെ നോക്കിനിൽക്കെ രഹസ്യമായ, മഹത്തായ, ഒരു പ്രസ്ഥാനത്തിൽ ഞാനും ഒരു പങ്കാളിയായിക്കഴിഞ്ഞിരിക്കുകയാണെന്നെനിക്കു അഭിമാനം തോന്നും.

മറിയ ഡൊറെങ്കോവ നഗരത്തിൽനിന്നും, വന്ന. എ
ന്നെ എപ്പോഴും അമ്പരപ്പിച്ചിരുന്ന ആ ഭാവം അവളുടെ
നോട്ടത്തിൽ അപ്പോഴും ഉള്ളതായി തോന്നിയില്ല—താൻ സു
ന്ദരിയാണെന്ന ബോധത്തിൽ സന്തുഷ്ടി തോന്നിയ ഒരു
പെൺകുട്ടിയുടെ നോട്ടം മാത്രമായിരുന്ന അവളുടേതു്. വ
ലിയ താടിയുള്ള അവളുടെ ഭർത്താവിന്റെ സ്നേഹപ്രകടന
ത്തിൽ അവൾ അഭിമാനം കൊള്ളുകയായിരുന്നു. അയാൾ
അവളോടു സംസാരിച്ചതു് മറ്റുള്ളവരോടു സംസാരിച്ചിരു
ന്നതുപോലെ തന്നെയാണു്. എന്നാൽ ആ സ്ത്രീ ഉള്ള
പ്പോൾ അയാൾ താടി ക്രമത്തിലധികം തടവും. അയാളുടെ ക
ണ്ണുകളിൽ, ഒരു പ്രത്യേകമായ പ്രകാശം പ്രത്യക്ഷപ്പെടും.
അവളുടെ ശബ്ദം അത്യാഹ്ലാദപൂർണ്ണമായിരിക്കും. അവളുടെ വ
സ്ത്രം ഇളംനീല നിറമാണു്. ഭംഗിയുള്ള അവളുടെ മുടി
യിൽ അവൾ ഇളംനീലയായ ഒരു നാട കെട്ടിയിട്ടുണ്ടു്. കു
ട്ടികളുടേതുപോലുള്ള അവളുടെ കരങ്ങൾ അനങ്ങാതെ നി
ല്ക്കുകയില്ല. എന്തോ തിരഞ്ഞുപിടിക്കാൻ ശ്രമിക്കുന്നതു
പോലെ അവളുടെ കരങ്ങൾ ചലിച്ചുംകൊണ്ടിരിക്കും. അ
വൾ പതിഞ്ഞ സ്വരത്തിൽ ഒരു രാഗം ആലാപിക്കും. ഒരു
ഉറുമാൽകൊണ്ടു്, അവളുടെ ഭംഗിയുള്ള മുഖത്തു വീശിക്കൊ
ണ്ടിരിക്കും. എന്നിൽ ഒരസ്വാസ്ഥ്യം—എതിർപ്പും, കണ്ടി
തവും കലർന്ന ഒരസ്വാസ്ഥ്യം, ഇളക്കിവിടുന്ന എന്തോ ഒ
ന്നു അവളിൽ ഉണ്ടായിരുന്നു. അവളെ കഴിയുന്നതും, കാ
ണാതെ കഴിക്കാൻ ഞാൻ ശ്രമിച്ചു.

ജൂലായി മദ്ധ്യത്തിൽ ഇസോട്ട അപ്രത്യക്ഷനായി.
അയാൾ മുങ്ങിച്ചത്തിരിക്കണമെന്നു അവളുകൾ വിശ്വസിച്ചു.
പുഴക്കരയിൽ കുറെ താഴെ, അയാളുടെ തോണി ഒരുഭാഗം

ചതഞ്ഞും ഭാരംവീണും വന്നടിഞ്ഞതായി കണ്ടപ്പോൾ ആളുകളുടെ ഈ വിശ്വാസം സ്വീകരിക്കപ്പെട്ടു. ഇസോട്ട തോണിയിൽ ഇരുന്നു ഉറങ്ങിപ്പോയിരിക്കണമെന്നും, ഒഴുക്കിൽപ്പെട്ട അയാളുടെ തോണി വലിയ ഒരു വഞ്ചിയുമായി ചെന്നിടിച്ചു കേടുപറ്റിയതായിരിക്കണമെന്നും ആളുകൾ ഊഹിച്ചു.

അപ്പോൾ റോമാസ്സ് കസ്താനിലായിരുന്നു. വൈകുന്നേരം കൃഷ്ണന്റെ ഷാപ്പിൽ വന്നു. അയാൾ ദുഃഖത്തോടെ ചാക്കുകൾ അട്ടിവെച്ചതിന്റെ മീതെ കുറെ നേരം തറയിൽ നോക്കി മിണ്ടാതിരുന്നു. ഒടുവിൽ ഇങ്ങനെ ചോദിച്ചു.

"കൊക്കോൾ തിരികെ വരുന്നതെപ്പോഴാണു്?"

"എനിക്കു നിശ്ചയമില്ല."

അയാൾ പരിക്കുപറ്റിയ തന്റെ കവിളുകളിൽ തലോടി, അശ്ലീലമായ ശാപവാക്കുകൾ പറഞ്ഞു, ഒരു എല്ലിൻകഷണം കണ്ടത്തിൽപ്പെട്ട വിഷമിക്കുന്നതുപോലെ.

"എന്താണു് കാര്യം"

അയാൾ എന്റെ മുഖത്തുനോക്കി. ചുണ്ടുകൾ കടിച്ചു. അയാളുടെ കണ്ണുകൾ ചുവന്നിരുന്നു. താടി വിറക്കുന്നുണ്ടായിരുന്നു. അയാൾക്കു് ഒരൊറ്റ വാക്കുപോലും, പറയാൻ കഴിഞ്ഞില്ല. ഞാൻ അത്യുൽശങ്കയോടെ അയാൾ എന്തുപറയുമെന്നോർത്തു നിന്നു. എനിക്കു മനസ്സിലായി. അയാൾ പറയാൻ പോകുന്നതു നല്ല വാർത്തയല്ല എന്നു. ഒടുവിൽ വാതിൽക്കലേക്കു ഒരു നോട്ടം പായിച്ചുംകൊണ്ടു വിക്കി വിക്കി അയാൾ സംഗതി പെട്ടന്നങ്ങു പറഞ്ഞു തീർത്തു.

"ഞാൻ പുഴയിൽക്കൂടി താഴോട്ടു തുഴഞ്ഞുപോയി, മിഗ നോടൊപ്പം. ഞങ്ങടം ഇസോട്ടിന്റെ തോണി പരിശോധിച്ചു. തോണിയുടെ അടിത്തട്ടിലെ, ചോരയില്ലെ—അതു ഒരു മഴകൊണ്ടു വെട്ടിയുണ്ടായതാണ്. മനസ്സിലായോ? മഴകൊണ്ടു—ഇസോട്ടിനെ ആരോ കൊലപ്പെടുത്തിയതാണ്. തീർച്ച."

ശിരസ്സ് പിന്നോക്കം ചരിച്ചു അയാടം വഴിക്കുവഴിയായി ആട്ടശീലമായ പല ശാപവാക്കുകടം പറഞ്ഞു. ഇടക്കു വിങ്ങിക്കരയുകയും ചെയ്തു. പിന്നെ അയാടം മൌനംപൂണ്ടു, ക്രൂക്കുടെ കൂടിശ്ശ വരച്ചു. അയാളെ അങ്ങിനെ കാണുന്നതു വളരെ, വേദനാജനകമായിത്തോന്നി. അയാളുടെ ദേഹമാസകലം വിറച്ചു. കോപവും താപവും കൊണ്ടയാടംക്കു ശ്വാസംമുട്ടുകയായിരുന്നു. അയാടംക്കു കരയേണമെന്നുണ്ടായിരുന്നു. എന്നാൽ അയാടം കരഞ്ഞില്ല. കരയേണ്ടതെങ്ങിനെയാണെന്നയാടംക്കറിയാത്തതുകൊണ്ടായിരിക്കാം. വീണ്ടും അയാടം ശിരസ്സു പിന്നാക്കം ചായ്ച്ചു. ചാടി എഴുന്നേറ്റു, സ്ഥലംവിട്ടു.

പിറ്റെദിവസം വൈകുന്നേരം, പുഴയിൽ കുളിക്കുകയായിരുന്ന കുറെ ചെറിയ കുട്ടികടം ഇസോട്ടിനെ കണ്ടു. ഗ്രാമത്തിന്റെ കുറെ അപ്പുറത്തു പൊളിഞ്ഞ ഒരു വലിയ വഞ്ചിയുണ്ടായിരുന്നു. പകുതി പുഴയിലും പകുതി ചരൽ നിറഞ്ഞ കരയിലുമായിക്കിടക്കുന്ന ഒരു വഞ്ചി. വഞ്ചിയുടെ ആ മരത്തിന്നു കീഴെ പൊട്ടിയ ചുക്കാനും തങ്ങി ഇസോട്ടിന്റെ നീണ്ട ദേഹം കിടക്കുകയാണ്. മുഖം താഴോട്ടായി കവിഞ്ഞു വീണിരിക്കുന്നു. തലയോട്ട തകർന്നിരിക്കുന്നു—പൊള്ളയാണ്. തലച്ചോർ വെള്ളത്തിൽ ഒഴുകിപ്പോയതാണ്.

ഇസോട്ടിനെ പിന്നിൽനിന്നും മഴകൊണ്ടു വെട്ടിയതാണു്. ശിരസ്സിന്റെ പിൻഭാഗം പിളർന്നുപോയി, വെള്ളത്തിന്റെ ഒലിച്ചിലിൽ അയാളുടെ ദേഹം ഇളകിക്കളിച്ചു. കാലുകളും കരയുടെ ഭാഗത്തും കൈകളും വിടത്തിയ നിലയിലും കാണപ്പെട്ടു. അയാൾ വെള്ളത്തിൽ നിന്നും കയറാൻ ഒരു ശ്രമം നടത്തിയതാണോ?

ഒരു ക്ലബ്ബം കൃഷിക്കാർ—ഒരു പത്തിരുപതു പേർ പുഴക്കരയിൽ തടിച്ചുകൂടി—ദുഃഖിതരായി വിചാരവ്യഗ്രത ഭാവിച്ചും കൊണ്ടു്. അവരെല്ലാം ഗ്രാമത്തിലെ ധനികരായ ആളുകാരായിരുന്നു. ദരിദ്രരായ കൃഷിക്കാർ വയലിൽ നിന്നും ജോലി മതിയാക്കി തിരികെ എത്തിയിരുന്നില്ല. പോലീസ്സുകാരൻ വടിയും വീശിക്കൊണ്ടു അവിടെ നടക്കുന്നുണ്ടു്. അയാൾ തുമ്മി മൂക്കു തന്റെ കുപ്പായക്കീശയിൽ തുടച്ചു. തടിയനായ കച്ചവടക്കാരനായ കുസ്മിൻ, കാലുകൾ പാത്തിവെച്ചു, കൂടവയർ മുമ്പോട്ടുതള്ളി നിൽക്കുകയാണു്. അയാൾ ഇടക്കിടെ എന്നെയും കൃഷ്ണിനെയും മാറിമാറി നോക്കി. അയാളുടെ പുരികങ്ങളും ഗൗരവപൂർവ്വം ചുളിഞ്ഞിട്ടുണ്ടെങ്കിലും, കണ്ണിൽ യാതൊരു പ്രകാശവും ഇല്ല. വാസൂരിക്കലയുള്ള ആ മുഖം ബലഹീനതയുടേയും പരിഭ്രമത്തിന്റെയും കണ്ണാടിയായിരുന്നു.

"ഇതൊരു ദ്രോഹം പിടിച്ച ജോലിയാണു." കരയിൽ കൂടി അങ്ങോട്ടുമിങ്ങോട്ടും, വേച്ചു വേച്ചു നടന്നു പോലീസ്സുകാരൻ അവലാതിപ്പെട്ടു." ഇതൊരു നിഷ്ക്കരുണമായ കൃത്യമാണു""

അയാളുടെ മകന്റെ ഭാര്യ, ആ തടിച്ച സ്ത്രീ, പുഴക്കരയിൽ ഒരു കല്ലിന്മേൽ ഇരുന്നു; വെള്ളത്തിൽ നോക്കി വിറ

ക്കുന്ന വിരലുകൾകൊണ്ട് കുരിശു വരച്ചു. അവളുടെ വായ വിറക്കുകയാണ്. ചുകന്നതടിച്ച അവളുടെ കീഴ്ചുണ്ട് ഒരു നായയുടേതുപോലെ തൂങ്ങിനില്ക്കുകയാണ്. വൃത്തികെട്ട അവളുടെ മഞ്ഞനിറത്തിലുള്ള പല്ലുകൾ വെളിക്കു കാണാം. കുട്ടികൾ കുന്നിൻ ചരിവിൽക്കൂടി ഇറങ്ങിവന്നു. പലനിറത്തിലുള്ള പാവാടകൾ ധരിച്ച പെൺകുട്ടികളും ഇറങ്ങിവന്നു. തുടർന്നു മണ്ണപുരണ്ട വസ്ത്രങ്ങളണിഞ്ഞ ആണുങ്ങളും സ്ഥലത്തെത്തി--ആ ജനക്കൂട്ടത്തിന്റെ ഇടയിൽ സൂക്ഷിച്ചു കൊണ്ടുള്ള ഒരു മമ്മരം പരന്നു.

"അവൻ ഒരു വലിയ ശല്യമാണ്."

"ആര്, അയാളോ?"

"കൃഷ്ണൻ--ഒരു ശല്യമാണ്."

"ഒരാളെ കൊലപ്പെടുത്തിയിരിക്കുന്നു-കാര്യമില്ലാതെ."

"ഇപ്പോട്ട ഒരിക്കലും, ആക്കും ഒരുപദ്രവം ചെയ്തിട്ടില്ല."

"ഒരിക്കലും ആരേയും ഉപദ്രവിച്ചിട്ടില്ല"? കൃഷ്ണൻ ക്രോധത്തോടെ ചോദിച്ചു. "പിന്നെ നിങ്ങൾ എന്തിനാണവനെ കൊലപ്പെടുത്തിയതെന്നാണ് ഞാൻ ചോദിക്കുന്നതു്, പുലയാടി മക്കളെ?"

പെട്ടന്നു ഒരു സ്ത്രീ, അപസ്മാരം, ഇളകിയപോലെ പൊട്ടിച്ചിരിച്ചു. അവളുടെ പരുഷമായ കരച്ചിൽ ജനക്കൂട്ടത്തെ ഒരു കൊരടാവുകൊണ്ടു് അടിക്കുംപോലെ ശല്യപ്പെടുത്തി. കൃഷിക്കാർ മുഖത്തോടു മുഖം നോക്കി, ശകാരിച്ചു, ശപിച്ചു, അലറി. കൃഷ്ണൻ ആ കച്ചവടക്കാരന്റെ അടുത്തോടിച്ചെന്നു, അയാളുടെ ചെള്ളക്കു നല്ല ഒരു ഇടി വെച്ചുകൊടുത്തു.

"കൊള്ളാ മുഗമേ"

മുഷ്ടി ചുരുട്ടി ജനക്കൂട്ടത്തിന്നിടയിൽ ഒരു വഴിയുണ്ടാക്കി അയാൾ എന്നോടു ശാസിച്ചു.

"ദൂരെ പോക്കു, ഇപ്പോൾ ഇവിടെ ഒരു അടിനടക്കാൻ പോകയാണ്."

അതോ ഒരാൾ കൃഷ്ണനെ അടിച്ചു. അയാളുടെ ചുണ്ടു മുറിഞ്ഞു ചോര ഒലിച്ചു. എന്നാൽ അയാളുടെ മുഖത്തു സംതൃപ്തിയുടെ പ്രകാശം വ്യക്തമായിക്കണ്ടു.

"ഞാൻ കുസ്തിന്നു ഇടിവെച്ചു കൊടുക്കുന്നതു നീ കണ്ടോ?"

ജനക്കൂട്ടത്തിന്റെ നേരെതിരിഞ്ഞുനോക്കി ബാറിനോവ് ഞങ്ങളുടെ അടുത്തേക്കോടിവന്നു. അയാളുകാം വഞ്ചിയുടെ അടുത്തു തടിച്ചുകൂടി നില്ക്കുകയായിരുന്നു. പോലീസ്സുകാരന്റെ ശബ്ദം എല്ലാറ്റിന്നും മീതെ ഉയർന്നുകേട്ടു.

"എന്നാൽ അതു തെളിയിക്കു."

"ഞാൻ ഈ സ്ഥലംവിട്ടു പോകുന്നു"

ഞങ്ങൾ കുന്നുകയറിപ്പോകുമ്പോൾ ബാറിനോവ് എന്നോടു പറഞ്ഞു. വല്ലാത്ത ഉഷ്ണം. ശ്വസിക്കാൻതന്നെ വിഷമം. സൂര്യൻ അസ്തമിക്കുകയായിരുന്നു. ചുകന്ന നീലിച്ച മേഘങ്ങൾക്കു പിന്നിൽ —സൂര്യൻ ഞങ്ങൾക്കു ചുറ്റുമുള്ള കുറിക്കാട്ടുകളിന്മേൽ, പ്രകാശം ചൊരിഞ്ഞു. എങ്ങോ ഇടിയുടെ ഞരക്കം കേട്ടു.

ഇസോട്ടിന്റെ ശവശരീരം എന്റെ കണ്ണിന്നു മുമ്പിൽ നീന്തിക്കളിക്കുന്നതായി തോന്നി. വെള്ളം ഇളകുന്നതിന്നനുസരിച്ചു അയാളുടെ ശരീരം ഇളകി. പൊള്ളയായ അ

യാളുടെ ശിരസ്സിലെ രോമം കുത്തനെ നില്ക്കുകയാണു്. അയാളുടെ ശബ്ദവും അസ്വാഭാവികരമായ സംസാരവും ഞാൻ ഓർത്തു.

"എല്ലാവരിലും ഒരു കുട്ടിയുടെ ചില സ്വഭാവങ്ങൾ ഉണ്ടു്. അവിടം തുടങ്ങിയാണു് നാം പ്രവൃത്തിക്കേണ്ടതു്. മൃതിന്റെ ആളുടെ ഹൃദയത്തിലുള്ള കുട്ടിത്തം തൊട്ടു. കൊക്കോളിനെ ഉദാഹരണമായെടുക്കുക. അയാളെ ഇരുമ്പുകൊണ്ടാണു് സൃഷ്ടിച്ചതെന്നു തോന്നും. എന്നാൽ അയാൾക്കു് ഒരു ചെറിയ കുട്ടിയുടെ ആത്മാവാണുള്ളതു്.

കൃഷ്ണിന്റെ എന്റെ പാശ്ചത്തിൽ നടന്നു: അയാൾ കൽപ്പനമായി ഇങ്ങിനെ പറഞ്ഞു.

"നമ്മെ എല്ലാവരേയും അവർ ഇങ്ങിനെ ശരിപ്പെടുത്തും. സ്വർഗ്ഗസ്ഥനായ ദൈവം—അതെല്ലാം വിസ്മിത്തമാണു്."

രണ്ടു മൂന്നു ദിവസം കഴിഞ്ഞിട്ടാണു് കൊക്കോൾ തിരിച്ചെത്തിയതു്. രാത്രി വളരെ വൈകിയിട്ടുണ്ടു്. അയാൾക്കു് എന്തോ ഒന്നിനെച്ചൊല്ലി വലിയ സന്തോഷമുണ്ടായിരുന്നു. കണ്ടുമുട്ടിയപ്പോൾ വലിയ വാത്സല്യത്തോടെ കൂടിയാണു് അഭിവാദ്യം ചെയ്തതും. ഞാൻ വാതിൽ തുറന്നു. അയാൾ അകത്തു കടന്നപ്പോൾ എന്റെ ചുമലിൽ തട്ടിയുംകൊണ്ടയാൾ പറഞ്ഞു.

"നീ വേണ്ടത്ര ഉറങ്ങുന്നില്ല; മേക്സിമിക്കു്."

"ഇസോട്ടിനെ കൊലപ്പെടുത്തിയിരിക്കുന്നു."

"എന്തു്?"

അയാളുടെ കവിളത്തു പേശികൾ കെട്ടുപിണഞ്ഞു. അയാളുടെ താടിരോമം വിറച്ചു. തലയിൽനിന്നു തൊപ്പി

യെടുത്തു മാറാൻ അയാൾ മറന്നുപോയി. മുറിയുടെ മദ്ധ്യത്തിൽ സ്തംഭിച്ചു നിന്ന അയാൾ ശക്തിയായി തലയാട്ടി. അയാളുടെ കണ്ണുകൾ പകുതി അടഞ്ഞു.

"അതെ കൊലയാളി ആരാണെന്നറിയുകയില്ല, അതെ, അങ്ങനെയാണല്ലോ."

അയാൾ സാവധാനം ജനലിന്നടുത്തേക്കു നടന്നു, ക്ഷീണത്തോടെ അവിടെ കാലുകൾ നീട്ടിയിരുന്നു.

"ഞാൻ അയാളെ താക്കീതു ചെയ്തിരുന്നു..... അധികാരസ്ഥന്മാർ സ്ഥലത്തെങ്ങാനും ഉണ്ടായിരുന്നോ?."

"ഇന്നലെ വന്നു."

"എന്നിട്ടോ—എന്തുണ്ടായി?"

അയാൾ ചോദിച്ചു. സ്വന്തം ചോദ്യത്തിന്നു ഇങ്ങനെ അയാൾതന്നെ ഉത്തരം പറഞ്ഞു.

"എന്തുണ്ടാകാനാണ്? ഒന്നുമില്ല."

പോലീസ്സുദ്യോഗസ്ഥൻ സാധാരണപോലെ കുസ്മിനിൽ വന്നതും ആ കച്ചവടക്കാരനെ അടിച്ചതിന്നു, കുകുഷ്കിനെ തടവിലിടാൻ കല്പിച്ചതും ഞാൻ പറഞ്ഞു.

"അതെ അതിനൊക്കെ ആർക്കു എന്തുപറയാൻ കഴിയും?"

ഞാൻ സമാവർ കൂടാക്കാൻ അടുക്കളയിലേക്കു പോയി.

ചായ കഴിക്കുമ്പോൾ റോമാസ്സ് തുടർന്നു.

"ഇതു വളരെ കഷ്ടമാണ്. ഏറ്റവും നല്ല ആളുകളെ ഈ ക്രൂരർ ഇങ്ങിനെ കൊന്നുകളയുകയാണ്. ഒരാൾ എത്ര നല്ലവനാണോ, അത്രമേൽ അയാളെ, ഇവർ വെറു

ക്കുകയാണ്. നല്ല ആളുകളെക്കൊണ്ട് ഇവക്കൊരുപയോഗവുമില്ല. നല്ല ആളുകൾ ഇവരുടെ മാർഗ്ഗത്തിൽ തടസ്ഥമാണ്. എന്നെ സൈബീരിയയിലേക്ക് കൊണ്ടുപോയപ്പോൾ ഞാൻ ഒരു തടവുപുള്ളിയെ കാണുകയുണ്ടായി. ഒരു കള്ളൻ. അയാൾ എന്നോട് പറഞ്ഞു. —അവർ അഞ്ചു കള്ളന്മാരുണ്ടായിരുന്നു. ഒരു തസ്കരസംഘം. ഒരു ദിവസം സംഘത്തിൽ ഒരാൾ അഭിപ്രായപ്പെട്ടു. "ഈ ജോലി വിട്ടുകളയാം ചങ്ങാതിമാരെ. എന്താണ് ഇതുകൊണ്ടൊരു കാര്യം. എന്തായിട്ടും നമ്മൾ ധനികരായിത്തീരുന്നില്ലല്ലോ?" ഇങ്ങനെ പറഞ്ഞ ഒറ്റ കാരണം കൊണ്ടാണയാൾ കൂടിച്ചു മത്തനായി കിടന്നുറങ്ങുമ്പോൾ, അവർ അവനെ ഞെക്കിക്കൊന്നുകളഞ്ഞതു്. ആ തടവുപുള്ളി അയാൾ കൊലപ്പെട്ടുത്തിയ ആളെ വ്രാന്നോളം പുകഴ്ത്തി.

"അതിന്നു ശേഷം ഞാൻ മൂന്നുപേരെ ശരിപ്പെട്ടുത്തിയിട്ടുണ്ട്. അതിൽ എനിക്കു കുണ്ഠിതം തോന്നുന്നില്ല." അയാൾ പറഞ്ഞു. "എന്നാൽ ഞങ്ങളുടെ ആ സഖാവിനെപ്പോലും ഞാൻ ഇപ്പോഴും പശ്ചാത്തപിക്കുകയാണ്. ഒരു നല്ല സഖാവായിരുന്നു അയാൾ. സമർത്ഥനാണ്. എപ്പോഴും ഉല്ലാസ ശീലനാണ്, ശുദ്ധനാണ്." നിങ്ങൾ എന്തിനാണയാളെ കൊലപ്പെട്ടുത്തിയതു്" ഞാൻ ചോദിച്ചു. "നിങ്ങളുടെ രഹസ്യങ്ങൾ വെളിക്കു പറഞ്ഞുകളയുമെന്നു ഭയന്നിട്ടാണോ?" അതു കേട്ടപ്പോൾ ആ തടവുപുള്ളിക്കു ക്രോധം വന്നു. "ഞങ്ങളുടെ സഖാവോ?" അയാൾ മറുപടി പറഞ്ഞു. "അയാൾ ഒരിക്കലും ഞങ്ങളെ വഞ്ചിക്കുകയില്ല. എന്തു കൊടുത്താലും എത്ര പണം സമ്മാനം കൊടുത്താലും ഞങ്ങളെ അയാൾ തോൽപിക്കുകയില്ല. എന്നാൽ

അയാൾ അങ്ങിനെ പറഞ്ഞതിന്നു ശേഷം ഞങ്ങൾക്കു എന്തോ ഒരു വല്ലായ്മ. അയാൾ ഒപ്പമുണ്ടായിരിക്കുമ്പോൾ ഞങ്ങളെല്ലാം പാപികളായിരിക്കുക, അയാൾ ഒരു സന്യാസിയും! ഇതു പൊരുത്തപ്പെടുകയില്ലെന്നു ഞങ്ങൾക്കു തോന്നി."

കൊക്കോൾ എഴുന്നേറ്റു അങ്ങോട്ടുമിങ്ങോട്ടും നടന്നു പിന്നിൽ കൈകെട്ടി—വായിൽ കഴൽ തിരുകിവെച്ചു. കാലോളമെത്തുന്ന ഒരു താത്തരിക്കുപ്പായമിട്ട, ഒരു വെളുത്ത മനുഷ്യൻ—ചെരിപ്പില്ലാതെ അയാൾ അങ്ങിനെ നടന്നു. ശാന്തമായി, ചിന്താഗ്രസ്ഥനായി അയാൾ സംഭാഷണം തുടർന്നു.

"ഇങ്ങിനെയുള്ള സംഭവങ്ങൾ പലപ്പോഴായുണ്ടായിട്ടുണ്ട്—" സന്യാസിമാരെക്കുറിച്ചുള്ള ഈ ഭയം കാരണം എത്രയോ നല്ല ആളുകളെ ഇങ്ങിനെ കൊന്നുകളയാൻ ഇടയായിട്ടുണ്ട്! നല്ലവരുമായി കൈകാര്യം ചെയ്യുമ്പോൾ രണ്ടിലൊരു കാര്യം നടക്കും. ഒന്നുകിൽ ആ നല്ലവനെപ്പൊക്കി മട്ടുപ്പാതോന്നിയാൽ, അയാളെ എങ്ങിനെയെങ്കിലും, കൊന്നുകളയും അല്ലെങ്കിൽ മറ്റുള്ളവർ കുറെ പട്ടികളെപ്പോലെ, അയാളുടെ മുമ്പിൽ വീണുവണങ്ങി, അയാളുടെ ഓരോ വാക്കും അപ്പടി വിഴുങ്ങും. എന്നാൽ അയാളിൽനിന്നും വല്ലതും പഠിക്കാൻ ശ്രമിക്കുന്നതിനെക്കുറിച്ചാണെങ്കിൽ, അയാളുടെ ജീവിതചര്യകൾ അനുകരിക്കുന്നതിനെക്കുറിച്ചാണെങ്കിൽ—അതു വേറൊരു കാര്യമാണ്. അതെങ്ങിനെ സാധിക്കാമെന്നു അവക്കറിയുകയില്ല. അല്ലെങ്കിൽ അവക്കു അതിന്നാഗ്രഹമില്ല—"

തണുത്തുകഴിഞ്ഞ ചായ കയ്യിലെടുത്തു അയാൾ തുടർന്നു.

"ആലോചിച്ചുനോക്കിയാൽ അതു സാദ്ധ്യമാണ്. ഇവിടെ ജനങ്ങൾ അങ്ങേ അറ്റത്തെ പരിശ്രമം നടത്തി, എങ്ങിനെയെല്ലാമോ, ഉള്ള ഒരു ജീവിതം, കെട്ടിപ്പടുത്തിരിക്കയാണ്. അവർ ജീവിതവുമായി ഇണങ്ങിക്കഴിഞ്ഞിരിക്കുന്നു. കുറെക്കഴിയുമ്പോൾ ആരെങ്കിലും, ഒരാൾ പ്രതിഷേധിക്കുന്നു. ആ ജീവിതം ശരിയല്ലെന്നു പ്രഖ്യാപിക്കുന്നു. ശരിയല്ലെ? എന്തുകൊണ്ടല്ല? നമ്മുടെ മുഴുവൻ കഴിവുകളും, ഈ ജീവിതത്തിനു വേണ്ടി നാം വിനിയോഗിക്കുകയാണ്. എന്നിട്ടും ശരിയല്ലെന്നു പറയുക! നിന്നെ ചെകുത്താൻ പിടിക്കട്ടെ—എല്ലാവരും ചേർന്നു ആ ഗുരുനാഥനെ, സന്യാസിയെ ആക്രമിക്കുന്നു—നോക്കൂ—ഞങ്ങളെ ഞങ്ങളുടെ പാട്ടിനു വിട്ടേക്കണം. എന്നാൽ, 'നിങ്ങളുടെ ജീവിതം ശരിയല്ല.' എന്നു പറയുന്നവരുടെ പക്ഷത്തിലാണ് സത്യമിരിക്കുന്നതു്. ജീവിതം നന്മയിലേക്കു പുരോഗമിക്കുന്നുണ്ടെങ്കിൽ, അതു അങ്ങിനെയുള്ളവരുടെ പരിശ്രമം കൊണ്ടാണ്."

പുസ്തകങ്ങൾ നിരത്തിവെച്ചിരുന്ന അലമാരിയുടെ നേരെ ചൂണ്ടിയും കൊണ്ടദ്ദേഹം തുടർന്നു.

"അവരുടെ പരിശ്രമങ്ങൾ വിശേഷിച്ചും എനിക്കൊരു പുസ്തകം എഴുതാൻ കഴിഞ്ഞിരുന്നെങ്കിൽ! എന്നാൽ ഞാനൊരു എഴുത്തുകാരനല്ല. എന്റെ ചിന്തകൾക്കത്ര ഭംഗി പോരാ."

അയാൾ മേശക്കരികെ രണ്ടുകയ്യിലും ശിരസ്സു താങ്ങി ഇരുന്നു.

"ഇസോട്ടിന്റെ അഭാവം എങ്ങിനെ വേദനിപ്പിക്കുന്നു."

കുറെനേരം നിശ്ശബ്ദമായിരുന്നശേഷം അയാൾ പറഞ്ഞു. "ശരി, നമ്മൾ കിടക്കുകയല്ലെ?" ഞാൻ തട്ടിൻപുറത്തു കയറിപ്പോയി, ജനലിന്നരികെ ഇരുന്നു. ഒരു മിന്നൽ പിണർ, വയലിന്നു മീതെ, ആകാശം പകുതിയും പ്രകാശിപ്പിച്ചു കടന്നുപോയി. ഓരോ പ്രാവശ്യം വെളിച്ചം കീറുമ്പോഴും, ഭ്രാന്തൻ പെട്ടന്നു ഭയന്നു വിറക്കും. നായ്ക്കൾ നാലുപാടും കുരക്കുകയും ഓരിയിടുകയും ചെയ്യും. നായ്ക്കളുടെ ഈ രാഗവും, ഇല്ലായിരുന്നെങ്കിൽ, ആ പ്രദേശം ഒരു വെറും മരുഭൂമിയാണെന്നേ അപ്പോൾ തോന്നുകയുള്ളൂ. അങ്ങകലെ ഇടിമുഴക്കം കേട്ടു. ജനലിൽക്കൂടി അസഹനീയമായ ചൂടു അകത്തേക്കു വമിച്ചു.

കുറിക്കാട്ടുകൾക്കു കീഴെ പുഴക്കരയിൽ ഇസോട്ട നീണ്ടുനിവർന്നു കിടക്കുന്നതു വീണ്ടും എന്റെ കൺമുമ്പിൽ വന്നു. നീലിമവ്യാപിച്ച അയാളുടെ മുഖം ആകാശത്തേക്കു തിരിഞ്ഞുനില്ക്കുന്നു. എന്നാൽ ആ പളുങ്കു കണ്ണുകൾ അന്തർമുഖമായിട്ടെ വ്യാപരിക്കുന്നുള്ളൂ. ചുകന്ന സപ്പണ്ണനിറം പൂണ്ട ആ താടി ചിക്കുപിടിച്ചിരിക്കുന്നു. വായ അശ്ചയ്യം കൊണ്ടെന്നപോലെ തുറന്നുനില്ക്കുകയും ചെയ്യുന്നു. അയാളുടെ വാക്കുകൾ ഞാൻ ഓർത്തു.

"ഭയ മെക്സിമിക്ക്, സൌഹാർദ്ദം—അതാണ് പ്രധാനകായ്യം. അതുകൊണ്ടാണ് ഞാൻ, പുനരുത്ഥാന ദിവസത്തെ അത്രക്കും ഇഷ്ടപ്പെടുന്നതു്. ഒഴിവുദിവസങ്ങളിൽ ഏറ്റവും സൌഹാർദ്ദപൂർണ്ണമായ ദിവസമാണതു്."

അയാളുടെ നീലക്കാൽസ്രായി, വൈകുന്നേരത്തെ വെയിൽതട്ടി ഉണങ്ങിയിരിക്കുന്നു. കാൽകുപ്പായം, വോംഗ

നടി കഴുകി വൃത്തിയാക്കിയ ആ നീലിച്ച കാലുകളിൽ ഒട്ടി നിൽക്കുന്നു. അയാളുടെ മുഖത്തിന്നു ചുറ്റും ഈച്ചകൾ മൂളിപ്പറക്കുകയാണു്. അയാളുടെ ദേഹത്തിൽ നിന്നും അരോചകമായ ഒരു മണം പുറപ്പെട്ടുന്നുണ്ടു്.

ഏണിപ്പടിമേൽ, ഘനമുള്ള കാലൊച്ച കേട്ടു. ഉയരം കുറഞ്ഞ വാതിലിൽ ക്രൂടി തല കുനിച്ചുപിടിച്ചു റോമാസ്സ് തട്ടിൻപുറത്തേക്കു കയറിവന്നു. അയാൾ എന്റെ കട്ടിലിൽ വന്നിരുന്നു, ഒരു കൈകൊണ്ടു തന്റെ താടി ഉഴിഞ്ഞു.

"ഞാൻ ഇതിന്നു മുമ്പു തന്നെ, നിന്നോടു പറയാൻ ഉദ്ദേശിച്ചു. ഞാൻ വിവാഹിതനാകുകയാണു്."

"ഇവിടെ ഒരു സ്ത്രീക്കു ജീവിതം അത്ര സുഗമമായിരിക്കുകയില്ല."

അയാൾ എന്നെ സൂക്ഷിച്ചുനോക്കി. ഇനിയും എന്തെല്ലാം അഭിപ്രായങ്ങളാണു് ഞാൻ പുറപ്പെടുവിക്കാൻ പോകുന്നതെന്നാശ്ചര്യപ്പെടുന്നതു പോലെ—ക്രൂരതലായിപ്പറയാൻ എനിക്കൊന്നും തോന്നിയില്ല. ഇടിമിന്നലിന്റെ പ്രകാശം മുറിയിൽ നിറഞ്ഞു.

"ഞാൻ മാഷാ ഡെറങ്കോവയെയാണു് വിവാഹം ചെയ്യുന്നതു്."

എനിക്കു പുഞ്ചിരി ഒതുക്കാൻ കഴിഞ്ഞില്ല. ഈ യുവതിയെ ആരെങ്കിലും മാഷ എന്നു വിളിക്കുമെന്നു എനിക്കൊരിക്കലും തോന്നിയിരുന്നില്ല. തമാശയുണ്ടു്, ഒന്നുകിൽ അവളുടെ അച്ഛൻ അല്ലെങ്കിൽ സഹോദരന്മാർ, ഞാൻ അറിഞ്ഞതേടത്തോളം വല്ലപ്പോഴും അവളെ ആ പേർ ചൊല്ലി, മാഷ എന്നു പറഞ്ഞു, വിളിക്കുന്നതു ഞാൻ കേട്ടിട്ടില്ല.

"നീ എന്താണ് വിചാരിച്ചതു?"

"ഒന്നുമില്ല"

"എനിക്കവളെക്കാൾ കൂടുതൽ വയസ്സായിപ്പോയെന്നു വിചാരിച്ചിട്ടാണോ?"

"അല്ല, അല്ല."

"അവൾ പറഞ്ഞു നിനക്കവളോട് അനുരാഗം തോന്നിയിരുന്നു എന്നു"

"അതു ശരിയാണു."

"ഇപ്പോൾ ആ സ്നേഹം നീ വിസ്മരിച്ചിരിക്കും."

"ഉവ്വ്–ഇപ്പോൾ എനിക്കങ്ങിനെ സ്നേഹം തോന്നുന്നില്ല."

താടി തടവിക്കൊണ്ടിരുന്ന കൈ താഴ്ത്തി അയാൾ ശാന്തമായിപ്പറഞ്ഞു.

"നിന്റെ ഈ പ്രായത്തിൽ, ആക്കും അങ്ങിനെ ചിലഭ്രമങ്ങൾ തോന്നും. എന്റെ പ്രായത്തിൽ, ഇതൊരു വെറും ഭ്രമമല്ല.....എന്റെ പ്രായത്തിൽ, പ്രണയം വ്യാജയേയും ആത്മാവിനേയും കീഴടക്കും; പിന്നെ മറെറാന്നിനെക്കുറിച്ചു ചിന്തിക്കാൻ കഴിയാത്തത്ര ശക്തിയോടെ കീഴടക്കും."

ഏങ്കോണിച്ച ഒരു ചിരിചിരിച്ചുകൊണ്ടയാൾ തുടർന്നു.

"ആക്ടിയമിലെ യുദ്ധത്തിൽ ആന്റെണി ഓക്ടേവിയാനസ്സിനോട് തോറ്റുപോയതു അയാൾ തന്റെ കടൽപടയെ പിന്നിൽ വിട്ടുംകൊണ്ടു ക്ലിയോപാട്രായെ പിൻതുടർന്നു, തന്റെ കപ്പൽ ഓടിച്ചു പോയതുകൊണ്ടാണു. ആ

സ്ത്രീ ഭയപ്പെട്ട രക്ഷപെടുകയും ചെയ്യ. മനസ്സിലായോ. പ്രണയം മനുഷ്യനെ എന്തിനെല്ലാം പ്രേരിപ്പിക്കുമെന്നു."

അയാൾ എഴുന്നേറ്റു നിന്നു അല്പം പിന്നോക്കം മാറി ഞാൻ ഇങ്ങിനെ ആവർത്തിച്ചു—സ്വന്തം ഇഷ്ടത്തിനെതിരായി എന്തോ പ്രവർത്തിക്കുന്നതു പോലെ—

"ശരി ഏതായാലും—ഞാൻ വിവാഹം ചെയ്യുകയാണു."

"എപ്പോൾ?"

"ശരൽക്കാലത്തു—ആപ്പിൾപഴം ശേഖരിച്ചു കഴിഞ്ഞാൽ."

അയാൾ താഴോട്ടിറങ്ങിപ്പോയി. വാതിൽ കടക്കുമ്പോൾ അയാൾ ആവശ്യത്തിലും അധികം തലകുനിച്ചു. വിരിപ്പിൽ പോയി കിടന്നപ്പോൾ ഞാൻ ആലോചിച്ചു, ശരൽക്കാലമാകുമ്പോഴേക്കും ഞാൻ സ്ഥലംവിട്ടു പോയാലോ എന്നു. അയാൾ എന്തിനാണു് ആന്റെറണിയുടെ കഥയെല്ലാം എന്നോടു പറഞ്ഞതു്? എനിക്കതിഷ്ടമായില്ല.

ആപ്പിൾ പഴം പെറുക്കാനുള്ള കാലം ആരംഭിക്കാൻ പോകയാണു്. അക്കൊല്ലം പഴങ്ങൾ അത്ര അധികം ഉണ്ടായിരുന്നു: കൊമ്പുകൾ ഭാരംകൊണ്ടു ചാഞ്ഞുനിൽക്കുകയായിരുന്നു. പഴത്തോട്ടങ്ങളിൽ കുട്ടികൾ ചാടിക്കളിച്ചു; കാറ്റത്താടി വീഴുന്ന ചുകപ്പും മഞ്ഞയുമായ പഴങ്ങൾ പെറുക്കിത്തിന്നു തോട്ടത്തിലെങ്ങും ഒരു ഹൃദ്യമായ വാസന വ്യാപിച്ചു.

ആഗസ്റ്റ് ആദ്യത്തിൽ റോമാസ്സ് കാസാനിലേക്കുപോയി. ഒരു തോണി നിറയെ ചരക്കുകളും മറെറാരു തോണി

യിൽ ഒഴിഞ്ഞ കൊട്ടകളും, നിറച്ച അയാൾ തിരിച്ചെത്തി —ഒരു ദിവസം രാവിലെ ഏഴു മണിക്ക അയാൾ മേക്കഴുകി, വസ്ത്രം മാറി ചായക്കടിരുന്നു.....

അയാൾ പറഞ്ഞു:

"രാത്രി പുഴയിൽ നല്ല ഉല്ലാസമാണ്."

അത്രയും പറഞ്ഞു പെട്ടെന്നു അയാൾ ചോദിച്ചു.

"പൂകയുടെ മണം ഇല്ലെ?"

അതെ സമയം തന്നെ മുറത്തു നിന്നും ആക്സിന്യാ നിലവിളിച്ചു "തീ"

ഞങ്ങൾ പുറത്തേക്കോടി. പച്ചക്കറിതോട്ടത്തിന്റെ ഭാഗത്തു ഷെഡ്ഡിനു തീ പിടിച്ചിരിക്കുന്നു. ഈ ഷെഡ്ഡിലാണു, ഞങ്ങൾ മണ്ണെണ്ണയും, താറും മറ്റെണ്ണത്തരങ്ങളും വെച്ചിരുന്നതു്. ഒരു നിമിഷനേരം ഞങ്ങൾ സ്തംഭിച്ചുനിന്നു. ഒന്നും വ്യക്തമാകാത്തപോലെ മഞ്ഞനാക്കുകൾ പോലുള്ള തീനാളം—വെയിലിന്റെ പ്രകാശത്തിൽ അല്പം മങ്ങി–ചുമരിന്മേൽക്കൂടി മേൽപ്പുരയിലേക്കു ഇഴഞ്ഞുകയറുകയാണ്. ആക്സിന്യാ ഒരു തൊട്ടിയിൽ വെള്ളം കൊണ്ടുവന്നു. കൊക്കോൾ വെള്ളം ആളിക്കത്തുന്ന തീയ്യിലേക്ക് ആഞ്ഞൊഴിച്ചു അയാൾ പറഞ്ഞു:

"ഇതുകൊണ്ടൊന്നും പ്രയോജനമില്ല. പീപ്പകൾ വലിച്ചു പുറത്തുകൊണ്ടുവരാൻ നോക്കുക. ആക്സിന്യാ, വേഗം ഷാപ്പിലേക്കോടൂ."

ഞാൻ വേഗം താർ നിറച്ച ഒരു പീപ്പ വലിച്ചു പുറത്തുകൊണ്ടുവന്നു–മുറത്തുകൂടി തള്ളി, തെരുവിൽ കൊണ്ടുപോയി വെച്ചു. വീണ്ടും ഞാൻ ഒരു മണ്ണെണ്ണപീപ്പയും പുറ

ത്തുകൊണ്ടുവന്നു. എന്നാൽ അതുരുട്ടിക്കൊണ്ടുപോയപ്പോൾ എനിക്കു മനസ്സിലായി, പീപ്പയുടെ മൂടി തുറന്നുപോയിട്ടുണ്ടു. മണ്ണെണ്ണ തറയിൽ ഒഴുകുന്നുണ്ടു് ഞാൻ മൂടിക്കു തിരഞ്ഞുനോക്കി. തീ അണങ്ങാതെ നിൽക്കുകയല്ല. തീ പലക കൊണ്ടുള്ള മുമരിന്റെ വിള്ളലിൽ ക്രൂടി അകത്തേക്കെത്തിനോക്കുകയാണു്.

മേൽപുര ഞെരിയാൻ തുടങ്ങി. ഒരു മൂളിച്ചയുടെ ശബ്ദം എന്റെ ചെവിയിൽ വന്നലച്ചു. പകുതി ഒഴിഞ്ഞ പീപ്പയുമായി പുറത്തെത്തിയപ്പോൾ ഞാൻ കണ്ടതു ഗ്രാമത്തിന്റെ നാലു ഭാഗത്തുനിന്നും സ്ത്രീകളും കുട്ടികളും നിലവിളിച്ചും കുവിയും ഓടിയടുക്കുന്നതാണു്. കൊക്കോളും ആക്സിനുയും ഷാപ്പിൽനിന്നും ചരക്കുകൾ പുറത്തു കൊണ്ടുവന്നു, എല്ലാം അടുത്തുള്ള ചാലിൽ കൂട്ടിവെക്കുകയാണു്. നിരത്തിന്റെ മദ്ധ്യത്തിൽ കറുത്തവസ്ത്രം ധരിച്ച ഒരു വൃദ്ധ സ്ത്രീ നില്ക്കുന്നുണ്ടു. അവർ മുഷ്ടിചുരുട്ടി ഓങ്ങിയും കൊണ്ടു വിളിച്ചു പറഞ്ഞു:

"ആ ചെകുത്താന്മാർ"

ഞാൻ വീണ്ടും ഷെഡ്ഡിൽ കയറിയപ്പോൾ അവിടമെല്ലാം. പുകകൊണ്ടു നിറഞ്ഞിരിക്കുകയാണു് പുകയുടെ മദ്ധ്യത്തിൽ എന്തോ ഞെരിയുകയും ഒച്ചയിടുകയും ചെയ്യുന്നുണ്ടു്. മോന്തായത്തിൽനിന്നും തീയ്യിന്റെ ചുകന്ന നാടകം താഴോട്ടോടിക്കളിച്ചു. മുമരുകൾ കത്തിയെരിഞ്ഞു. പുകകൊണ്ടു ശ്വാസംമുട്ടിയും കണ്ണുകാണാതെയും, ഞാൻ എങ്ങിനെയെങ്കിലും ഒരു പീപ്പ ഉരുട്ടി വാതിൽക്കലെത്തി. എന്നാൽ പീപ്പ പുറത്തേക്കു നീങ്ങുന്നില്ല. മോന്തായത്തിൽനിന്നും തീപ്പൊരികൾ എന്റെ മേൽ വീണു. എന്റെ മുഖത്തും ക

യിന്മേലും പൊള്ളലേറ്റു ഞാൻ സഹായത്തിന്നഭ്യർത്ഥിച്ചു. കൊക്കോം ഓടിവന്നു–എന്നെ മുറ്റത്തേക്കു വലിച്ചുകൊണ്ടുപോയി.

"ഓടിക്കളയു ഇപ്പോം അത് പൊട്ടിത്തെറിക്കും."

അയാം വീട്ടിന്നുള്ളിലേക്കു ചാടിക്കയറി. ഞാനും അയാളെ പിന്തുടർന്നു. തട്ടിൻപുറത്തു കയറി എന്റെ പുസ്തകം രക്ഷപ്പെടുത്താൻ ഞാൻ ജനലിൽക്കൂടി പുസ്തകം പുറത്തേക്കു വലിച്ചെറിഞ്ഞു. അപ്പോഴാം മുറിയിൽ തൊപ്പികം നിറച്ചു ഒരു പെട്ടി കണ്ടു. അതു ജനലിൽക്കൂടി വലിച്ചെറിയാൻ ഞാൻ ശ്രമിച്ചു. എന്നാൽ ജനലിന്നു വേണ്ടത്ര വീതിയില്ല. ഞാൻ ഘനമുള്ള ഒരു സാധനമെടുത്തു് ജനൽ തല്ലിത്തകർക്കാൻ ശ്രമിച്ചു. അപ്പോഴാം പെട്ടെന്നു ഒരു വലിയ ശബ്ദം. മേൽപുരയിൽ എന്തോ തെറിച്ചുവീണു. മണ്ണെണ്ണപീപ്പ പൊട്ടിത്തെറിച്ചതാണു്. മേൽപുരക്കു് തീ പിടിച്ചു. എന്റെ ജനലിന്നു മുമ്പിൽ ക്കൂടി തീനാളത്തിന്റെ ഒരു കൂത്തിയൊഴുക്കുണ്ടായി. തീ ജനലിന്നുള്ളിൽക്കൂടി എത്തിനോക്കുവാൻ തുടങ്ങി. ചൂടു സഹിക്കാൻ വയ്യാതായി. ഞാൻ കോണിപ്പടിയുടെ അടുത്തേക്കോടി. എന്നാൽ വാതിലിൽക്കൂടി പുക തള്ളിക്കയറുകയാണു്. കോണിയുടെ പടവുകളിൽക്കൂടി തീയുടെ ചുകന്ന സ്പ്പുങ്ങം മേലോട്ടു കയറിവരികയാണു്. ഇരുമ്പിന്റെ പല്ലുകംകൊണ്ടു മരത്തിന്മേൽ കടിച്ചുവലിക്കുംപോലെ, വീട്ടിന്റെ മുൻവാതിൽക്കൽ ഒരു ശബ്ദം കേട്ടു. എനിക്കു ബോധമില്ലാതായിപോകയാണോ എന്നു തോന്നി. പുകകൊണ്ടു കണ്ണുകാണാതെ ശ്വാസം മുട്ടി അനങ്ങാതെ അങ്ങിനെ എത്ര നീണ്ട നിമിഷങ്ങം നിന്നു എന്നെനിക്കു നിശ്ചയമില്ല. പുളിനാരങ്ങയു

ടെ നിറമുള്ള ചുകന്ന താടിയുള്ള ഒരാൾ കോണിപ്പടിയുടെ അടുത്തുള്ള ജനലിൽ കൂടി ഒന്നു എത്തിനോക്കി. ഒന്നു കൊഞ്ഞനംകാട്ടി അപ്രത്യക്ഷനാകുകയും ചെയ്തു. അടുത്ത നിമിഷം രക്തംപോലെ ചുകന്ന തീനാളങ്ങൾ മുറിയിലേക്കു കടന്നുവന്നു.

ഞാനിപ്പോഴും ഓർക്കുന്നു, എന്റെ തലമുടി മുഴുവനും വരുത്തു പൊരിയുന്ന ഒരു ശബ്ദം കേട്ടതായെനിക്കപ്പോൾ തോന്നി. ആ ശബ്ദമല്ലാതെ മറ്റു യാതൊരു ശബ്ദവും ഞാൻ കേട്ടില്ല. എന്റെ മനസ്സിൽ ഞാനുറപ്പിച്ചു. എന്റെ അവസാനം എത്തിക്കഴിഞ്ഞു എന്നു. എന്റെ കാലടികൾ ഈയക്കട്ടിപോലെ തണുത്തു് മരവിച്ചു. കണ്ണുകൾ കുത്തിപ്പുറിച്ചു നൊന്തു. കൈപ്പടങ്ങൾവെച്ചു കണ്ണിനെ തീജ്വാലയിൽ നിന്നും രക്ഷിക്കാൻ ഞാൻ ശ്രമിച്ചു.

ആത്മരക്ഷതേടാനുള്ള ജീവികളുടെ ഏകമാർഗ്ഗം എന്താണെന്നെന്നെ ഓർമ്മിപ്പിച്ചു. മുറിയിലുണ്ടായിരുന്ന മാർട്ടവമുള്ള എല്ലാവസ്തുക്കളും ഞാൻ വാരിയെടുത്തു. എന്റെ വിരിപ്പു്, തലയണ, ഒരു കെട്ടുപായ. റോമാസ്സിന്റെ ആട്ടിൻതോലുകൊണ്ടുള്ള കുപ്പായം എടുത്തു് ഞാൻ തലയും ചുമലും മറച്ചുകെട്ടി. ഞാൻ ജനലിൽക്കൂടി താഴത്തേക്കു ചാടി.

ബോധം വന്നു കണ്ണുതുറന്നപ്പോൾ നീർച്ചാലിന്റെ വക്കത്തുചെന്നു വീണനിലയിലാണു് ഞാനുള്ളതു്. റോമാസ്സ് എന്റെ അരികത്തു കുത്തിയിരുന്നു ഇങ്ങിനെ വിളിച്ചു പറയുകയാണു്:

"ഒന്നും പറഞ്ഞിട്ടില്ലല്ലോ"

ഞാൻ എഴുന്നേറ്റു നിന്നു. തല കറങ്ങുന്നു. ഞാൻ കത്തിനശിക്കുന്ന ഞങ്ങളുടെ വീടിന്റെ നേരെ നോക്കി. വീടിന്മേൽ അടിതൊട്ടു മുടിവരെ, ചുകന്ന പ്രകാശിക്കുന്ന കൊടിക്കൂറകളും തുക്കിയപോലെ തീ കത്തിയെരിയുകയാണു്. നായയുടെ നാക്കുപോലെയുള്ള ചുകന്ന തീ നാളങ്ങളും കെട്ടിടത്തിന്റെ മുമ്പുകളും നക്കി വെടിപ്പാക്കുകയാണു്. ജനലുകളും കവുത്ത പുക തേട്ടിപ്പുറത്തു തള്ളുകയാണു്. മേൽപ്പുരയിൽ മഞ്ഞുനിറത്തിലുള്ള പൂഷ്പങ്ങളുംപോലെ തീ ഇഴഞ്ഞു കളിക്കുകയുമാണു്.

"ശരി ഒന്നും പറ്റിയിട്ടില്ലല്ലൊ?"

കൊക്കോളും വീണ്ടും ഉച്ചത്തിൽ ചോദിച്ചു. കരിപുരണ്ടു, വിയർപ്പുനീർ ഒലിച്ചുതാഴ്ന്ന അയാളുടെ മുഖത്തു ഞാൻ നോക്കി. അയാളും കണ്ണുനീരൊഴുക്കുകയാണെന്നു തോന്നി. അദ്ദേഹം പരിഭ്രമത്തോടെ കണ്ണുകളും ചിമ്മിത്തുറന്നു. അയാളുടെ താടിരോമത്തിൽ പായയോലയുടെ ശകലങ്ങളും കുടുങ്ങി നിൽക്കുന്നുണ്ടു്. പുനരുജ്ജീവകമായ ഒരാഹ്ലാദം എന്നെ അധീനപ്പെടുത്തുന്നതായിത്തോന്നി. എന്നെ തികച്ചും കീഴടക്കിയ ഒരു വികാരാവേശം! അപ്പോളും എന്റെ ഇടത്തെ കാലിൽ കുത്തിക്കീറുന്നപോലെയൊരു വല്ലാത്ത വേദന തോന്നി. ഞാൻ വീണ്ടും മറിഞ്ഞുവീണു. ഞാൻ കൊക്കോളിനോടു പറഞ്ഞു:

"എന്റെ കാലു ഏണിപ്പടിയിൽനിന്നും തെറിച്ചുപോയിട്ടുണ്ടു്"

അയാളും എന്നെ പിടിച്ചു ശക്തിയിലൊന്നു കുലുക്കി. അസഹനീയമായ ഒരു വേദനയെന്റെ കരളിൽക്കൂടി പാഞ്ഞുകയറി. കുറച്ചു നിമിഷങ്ങൾക്കു ശേഷം അല്പം മുടന്തു

കൊണ്ടു വലിയ സംതൃപ്തിയോടെ, ഞങ്ങൾക്കു രക്ഷപ്പെട്ടത്താൻ കഴിഞ്ഞ സാധനങ്ങൾ, നീക്കംചെയ്യുന്നതിൽ ഞാൻ എന്നാൽ കഴിയുന്ന സഹായങ്ങൾ ചെയ്തു. റോമാസ്സ് വലിയ സന്തോഷത്തോടെ, തന്റെ കുഴൽ, പല്ലിന്നിടയിൽ ഇറുക്കിപ്പിടിച്ചു ഇങ്ങിനെ പറഞ്ഞു:

"ഞാൻ തീർച്ചയാക്കിയതാണ്. മണ്ണെണ്ണ പീപ്പ പൊട്ടിത്തെറിച്ചു മേൽപ്പുരക്കു തീ പിടിച്ചപ്പോൾ നീ, തീയ്യിൽപ്പെട്ടു മരിച്ചുപോകുമെന്നു. തീ ഒരു നിരയായി ഉയർന്നു പോയി. അറ്റത്തു ഒരു കുമിളിന്റെ കുടപോലെ വിടർന്നു. വീടു മുഴുവനും പെട്ടെന്നു തീ പിടിച്ചു ..... മേക്സിമിക് നമസ്കാരം"

സാധാരണപോലെ അദ്ദേഹം വീണ്ടും ശാന്തത അവലംബിച്ചു. സാധനങ്ങൾ കൃത്യമായി അടുക്കിവെക്കുന്നതിൽ വ്യാപൃതനായി. അയാളെപ്പോലെതന്നെ വികൃതവേഷയായി നില്ക്കുന്ന ആക്സിന്യയോടു അയാൾ ആജ്ഞാപിച്ചു:

"ഇവിടെ ഇതിന്നു കാവൽ നിൽക്കൂ. ഞാൻ പോയി തീയ്യിനോടു ഒരു സമരം നടത്തട്ടെ."

നീർച്ചാലിന്റെ മീതെ, പുകച്ചുരുളിൽ കുടുങ്ങി കടലാസ്സു കഷണങ്ങൾ പറന്നുകളിക്കുകയാണ്.

"ഹോ" റോമാസ്സ് പറഞ്ഞു: "പുസ്തകങ്ങൾ— എന്റെ പ്രിയപ്പെട്ട പുസ്തകങ്ങളായിരുന്ന അവയെല്ലാം"

അപ്പോഴേക്കും നാലു വീടുകൾക്കു തീപിടിച്ചു കഴിഞ്ഞു. ശാന്തമായ അന്തരീക്ഷമാണ്. അതുകൊണ്ടു സാവധാനത്തിൽ മാത്രമെ തീ വ്യാപിക്കുന്നുള്ളു. തിരക്കുകൂടാ

തെ ഇടവും വലവും തീ പടൻപിടിക്കുന്നേയുള്ളു. മനമല്ലാ മനസ്സോടെ, മേൽപുരകളുടെ വാരികളിൽ തീ ഒട്ടിച്ചിടിച്ചു കയറുകയാണു്. മിന്നുന്ന ചണച്ചീർപ്പുകൾകൊണ്ടു മേൽപ്പുര വാൻ കയറുകയാണു്. തീയുടെ വിരലുകൾ, വാരിക്കെട്ടു വലിച്ചു ചുറ്റിത്തിരിച്ചു വലിച്ചു വീഴ്ത്തുകയാണു്. പുകനിറഞ്ഞു നില്ക്കുന്ന വായുവിൽ, തീയുടെ ഇരമ്പം മുഴങ്ങിക്കേട്ടു. കത്തിയെരിയുന്ന മരക്ഷണങ്ങൾ വരുത്തുപൊട്ടിത്തെറിക്കുന്ന ശബ്ദവും അലക്കുന്നുണ്ടു്. തെരുവിലും മുറ്റത്തും സ്വർണ്ണനിറത്തിലുള്ള തീക്കനൽ പുകയുടേതായ ആ മേഘക്കൂട്ടത്തിൽ നിന്നും വഷ്ടിച്ചുകൊണ്ടിരുന്നു. ജനങ്ങൾ അവരവരുടെ വീടിനേയും സാധനങ്ങളേയും ചൊല്ലി ബേജാറായി, അങ്ങുമിങ്ങും ഓടി. കരയുന്നതുപോലുള്ള ഈ വിളിതുടരുകയാണു്:

"വെള്ളം"

വെള്ളം വളരെ അകലെ നിന്നും കൊണ്ടുവരണം. കുന്നിറങ്ങിച്ചെന്നു വോംഗയിൽ നിന്നും കോരിക്കൊണ്ടു വരണം. റോമാസ്സ് ഒരാളുടെ കൂപ്പായത്തിൽ പിടിച്ചും, മറെറാരാളെ ചുമലിൽ പിടിച്ചും ഗ്രാമീണരെ മുഴുവനും ഒരു സംഘമാക്കി നിത്തി, അവരെ രണ്ടു ഭാഗമാക്കിത്തിരിച്ചു, ഓരോ വിഭാഗത്തെ എരിയുന്ന തീയ്യിന്റെ രണ്ടുഭാഗത്തും അണിനിരത്തി. വേലികളും തീക്കട്ടുന്നു നില്ക്കുന്ന ചെറുപുരകളും വലിച്ചു നീക്കാൻവേണ്ടി അവരെല്ലാം അയാളുടെ കല്പനകൾ അനുസരിച്ചു. തെരുവിലുള്ള മുഴുവൻ വീടുകളും തിന്നു ചാമ്പലാക്കാനുള്ള തീയ്യിന്റെ ഗംഭീര ശ്രമത്തിന്നെതിരായി, ശരിക്കുള്ള ഒരു സമരംതന്നെ ആരംഭിച്ചു. എന്നാൽ അവർ ആ സമരത്തിൽ പങ്കാളികളായതു ആ സമ

രം അവരുടെ സ്വന്തം കായ്മല്ലെന്ന ഭാവത്തിലാണ്. സൂക്ഷിച്ചു സൂക്ഷിച്ചും ജയിക്കുമെന്നുള്ള പ്രതീക്ഷയില്ലാതെയുമാണ് അവർ പരിശ്രമങ്ങൾ തുടർന്നത്.

സന്തോഷവും പരിഭ്രമവും തുളുമ്പുന്ന എന്റെ അപ്പോഴത്തെ നിലയിൽ, എനിക്കു ജീവിതത്തിൽ അതിനു മുമ്പൊരിക്കലും തോന്നിയിട്ടില്ലാത്ത ശക്തിയും ആവേശവും അനുഭവപ്പെട്ടു.

തെരുവിന്റെ ഒരറ്റത്തു ഒരു ക്രൂരം ആളുകൾ തടിച്ചുകൂടി നിൽക്കുന്നതു ഞാൻ കണ്ടു—ഗ്രാമത്തിലെ ധനികവിഭാഗം. അവരുടെ മദ്ധ്യത്തിൽ കസ്തിനും പോലീസ്സുദ്യോഗസ്ഥനും ഉണ്ടു. അവർ അവിടെ നിന്നു പലതും വിളിച്ചുപറയുകയും ആംഗ്യം കാണിക്കുകയും വടികൾ വീശുകയും ചെയ്തു. തീ കെടുത്താൻ വേണ്ടി ഒരു ചെറുവിരൽപോലും ഇളക്കാൻ മിനക്കെടാത്ത മടിയന്മാരായ വെറും കാണികൾ. വയലിൽനിന്നും ആളുകൾ കുതിരപ്പുറത്തു അതിശീഘ്രം ഓടിച്ചുംകൊണ്ടു അവിടെ എത്തി. സ്ത്രീകൾ നിലവിളിച്ചു; ചെറുപ്പക്കാർ അങ്ങോട്ടും ഇങ്ങോട്ടും ഓടി.

മറ്റൊരു ഭാഗത്തു ഒരൊറ്റപ്പുരക്കു തീപ്പിടിച്ചു. കന്നുകാലികളെ പൂട്ടുന്ന ഒരു ഷെഡ്ഡ്. ഘനമുള്ള വാരികൾകൊണ്ടു കെട്ടിയുണ്ടാക്കിയ ഒരു ക്രൂരൻ പുര. കഴിയുന്ന വേഗം അതു പൊളിച്ചു നീക്കണം. അതിന്റെ മേൽ ഭാഗത്തു പ്രകാശമുള്ള നാടകം പ്രത്യക്ഷപ്പെട്ടുകഴിഞ്ഞിരിക്കുന്നു. കൃഷിക്കാർ, തുണികൾ വെട്ടിയിടാൻ ശ്രമിച്ചു. എന്നാൽ തീപ്പൊരിയും കനലും അവരുടെ മേൽ വീഴാൻ തുടങ്ങി. അവർ അവരുടെ കുപ്പായത്തിൽ തീപ്പിടിച്ച ഭാഗങ്ങൾ പിടിച്ചു തിരുമ്മി ഒരു ഭാഗത്തേക്കു വാങ്ങിനിന്നു.

"ഭീരുക്കളായിപ്പോകരുത്" കൊക്കോം വിളിച്ചുപറഞ്ഞു. ആ ശകാരം ഫലിച്ചില്ല. അയാൾ ആരോ ഒരാളുടെ തൊപ്പി വലിച്ചെടുത്തു എന്റെ ശിരസ്സിൽ വെച്ചു.

"നീ ആ ഭാഗത്തു നിന്നും തുടങ്ങൂ. ഞാൻ ഈ ഭാഗം നോക്കിക്കൊള്ളാം."

ഞാൻ ഒരു തുണ്ട് വെട്ടിയിട്ടു. രണ്ടാമത്തേതും. ഷെഡ്ഡിന്റെ ഒരു ഭാഗം ഉലഞ്ഞു. ഞാൻ അതിന്റെ പാർശ്വത്തിൽ പിടിച്ചുവലിച്ചു. കൊക്കോം എന്റെ കാലുകളിൽ പിടിച്ചുവലിച്ചു. ഷെഡ്ഡിന്റെ ഒരു പാർശ്വം പൊളിഞ്ഞുവീണു. ഞാൻ അതിന്റെ ഉള്ളിൽ മിക്കവാറും മൂടിപ്പോയി. കൃഷിക്കാർ വേഗത്തിൽ, എല്ലാം വലിച്ചു തെരുവിൽ കൊണ്ടുപോയിട്ടു.

"എവിടെയെങ്കിലും പൊള്ളലേറ്റു പോയോ?" റോമാസ്സ് ചോദിച്ചു.

എന്നെച്ചൊല്ലിയുള്ള ആദ്ദേഹത്തിന്റെ ഉൽക്കണ്ഠ എനിക്കു കൂടുതൽ ശക്തിയും വേഗതയും പ്രദാനം ചെയ്തു. എനിക്കേറ്റവും പ്രിയപ്പെട്ട ഈ മനുഷ്യന്റെ ദൃഷ്ടിയിൽ ഞാൻ സാമാന്യനല്ലെന്നു തെളിയിച്ചു കൊടുക്കേണ്ടതാണെന്നെനിക്കു വാശി തോന്നി. അയാളുടെ നല്ല അഭിപ്രായം നേടാൻ വേണ്ടിമാത്രം ഞാൻ ഒരു ഭ്രാന്തനെപ്പോലെ അത്യദ്ധ്വാനം ചെയ്തു.

തലക്കു മീതെ അപ്പോഴും പുസ്തകങ്ങളുടെ ഏടുകൾ പ്രാവുകളെപോലെ പുകയിൽ പറന്നു കളിക്കുകയായിരുന്നു.

വലതു ഭാഗത്തു തീയ്യിന്റെ ആക്രമണം നിലച്ചു. ഇടതു ഭാഗത്താണെങ്കിൽ തീ കൂടുതൽ സ്ഥലത്തേക്കു കടന്നു

പിടിക്കുകയാണു് ചെയ്തതു. പത്തു വീടുകൾ അപ്പോൾ തന്നെ അഗ്നിക്കിരയായിക്കഴിഞ്ഞു. കുറച്ചാളുകളെ വലതു വശത്തു വീണ്ടും തീയിന്റെ ആക്രമണമുണ്ടാകയാണെങ്കിൽ വേണ്ടതു ചെയ്യാൻ നിർത്തി, റോമാസ്സ് ബാക്കിയുള്ള തന്റെ ആളുകളെ ഏറ്റവും ആപൽക്കരമായ മറുഭാഗത്തേക്കു നയിച്ചു. ഞങ്ങൾ ആ ധനികരായ കൃഷിക്കാർ നില്ക്കുകയായിരുന്ന ഭാഗത്തുകൂടി കടന്നുപോയപ്പോൾ അവരിൽ ഒരാൾ ഇങ്ങിനെ പറയുന്നതു ഞാൻ കേട്ടു.

"തീ വെച്ചതാണു്"

കുസ്മിൻ ഇതിനു മറുപടി പറഞ്ഞു.

"അവന്റെ പാപ്പിടം അവിടെയാണു് പരിശോധിക്കേണ്ടതു്."

ഈ വാക്കുകൾ എന്റെ മനസ്സിൽ നല്ലപോലെ പതിഞ്ഞു.

സന്തോഷസമ്മിശ്രമായ പരിഭ്രമം തോന്നുമ്പോൾ ആൾക്കു ശക്തി വർദ്ധിക്കും. എന്റെ അപ്പോഴത്തെ ആ മനഃസ്ഥിതിയിൽ ഞാൻ ക്ഷീണമെന്തെന്നറിയാതെ കഠിനാദ്ധ്വാനം ചെയ്തു. ഒടുവിൽ ഞാൻ തളർന്നു പരവശനായിപ്പോയി. ഞാൻ നിലത്തിരുന്നു. ചൂടുള്ള എന്തിന്മേലോ ചാഞ്ഞുകിടന്നുപോയി. റോമാസ്സ് ഒരു തൊട്ടി വെള്ളം എന്റെ മേൽ ഒഴിച്ചു. കൃഷിക്കാർ എന്റെ ചുറ്റും തടിച്ചുകൂടി, ബഹുമാനപുരസ്സരം അഭിപ്രായപ്പെട്ടു.

"ഈ കുട്ടി നല്ല ശക്തനാണു്."

"അവൻ കഷ്ടകാലത്തു വിട്ടുകളയുന്ന മട്ടല്ല."

ഞാൻ റോമാസ്സിന്റെ കണങ്കാലിൽ തല ചായ്ച്ചുംകൊണ്ടു കരഞ്ഞുപോയി. അദ്ദേഹം എന്റെ നനഞ്ഞ തലമുടി പിന്നാക്കം മാടിവെച്ചു എന്നെ സമാധാനിപ്പിച്ചു.

"ഇനി വിശ്രമിക്കൂ. നീ വേണ്ടത്ര അദ്ധ്വാനിച്ചു കഴിഞ്ഞിട്ടുണ്ട്."

കുറച്ചിനും ബാറിനോവും രണ്ടാളും കരിപുരണ്ടിരിക്കുന്നു, എന്നെ അവർ ചാലിന്റെ അടുത്തേക്കു കൂട്ടിക്കൊണ്ടുപോയി. അവർ എന്നെ സമാശ്വസിപ്പിച്ചു.

"അതൊക്കെ ശരിപ്പെട്ടിരിക്കുന്നു സഹോദരാ—എല്ലാം കഴിഞ്ഞു."

ഞാൻ അങ്ങിനെ കിടക്കുകയായിരുന്നു. വേഗം ക്ഷീണം തീർത്തെഴുന്നേല്ക്കാൻ ആഗ്രഹിച്ചുംകൊണ്ടു. അപ്പോൾ അഞ്ചു പത്തു് ധനികരായ കൃഷിക്കാർ ഞങ്ങളുടെ വീട്ടിന്റെ നേരെ അടുക്കുന്നതു ഞാൻ കണ്ടു. പോലീസ്സുദ്യോഗസ്ഥനാണു് മുമ്പിൽ നടക്കുന്നതു. അയാളുടെ പിന്നാലെ രണ്ടു പോലീസുകാർ റോമാസ്സിന്റെ കൈക്കുപിടിച്ചു നടത്തിക്കൊണ്ടു വരികയുമാണു്. റോമാസ്സിന്റെ തലയിൽ തൊപ്പിയില്ല. അദ്ദേഹത്തിന്റെ നനഞ്ഞ ഷർട്ടിന്റെ ഒരു കൈ കീറിയിരിക്കുന്നു. പല്ലിന്നിടയിൽ അദ്ദേഹം സിഗരറ്റുകുഴൽ ഇറുക്കിവെച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ മുഖത്തു ഗൌരവഭാവമാണു്. പട്ടാളക്കാരനായ കോസ്റ്റിൻ ഒരുവടി വീശിയുംകൊണ്ടു ബഹളം കൂട്ടി.

"അവനെ തീയ്യിൽ വലിച്ചെറിയൂ—അവിശ്വാസി"

"മുറി ചവിട്ടിത്തുറക്കുക" ആരോ ആവശ്യപ്പെട്ടു.

"പൂട്ട തല്ലിപ്പൊളിച്ചോളൂ, താക്കോൽ കാണാനില്ല." റോമാസ്സ് ഉച്ചത്തിൽ പറഞ്ഞു.

ഞാൻ ചാടിയെഴുന്നേറ്റു. ഒരു വടി കയ്യിലെടുത്തു റോമാസ്സിന്റെ അടുത്തുചെന്നു നിന്നു. പോലീസ്സുകാർ പിൻ വാങ്ങി. പോലീസ്സുദ്യോഗസ്ഥൻ, അല്പം ഭയപ്പെട്ടപോലുള്ള സ്വരത്തിൽ വിളിച്ചുപറഞ്ഞു.

"വിശ്വാസികളെ പൂട്ട പൊളിക്കാൻപാടില്ല. അതു നിയമത്തിന്നെതിരാണ്."

കുസ്മിൻ എന്റെ നേരെ ചൂണ്ടിക്കൊണ്ടു, ഗർജ്ജിച്ചു. "അതാ മറ്റൊരുത്തനാണതു്. അവനാരാണു്. എനിക്കതൊന്നറിയണം."

"പരിഭ്രമിക്കരുതു, മേക്ക്സിമിക്ക്," റോമാസ്സ് എന്നെ ധൈര്യപ്പെടുത്തി. "അവർ വിശ്വസിക്കുന്നതു ഞാൻ നമ്മുടെ സാധനങ്ങളെല്ലാം എന്റെ മുറിയിലേക്കു നീക്കം ചെയ്ത ശേഷം, പീടികക്കു തീ വെച്ചതാണെന്നാണു്."

"നിങ്ങൾ രണ്ടു പേരും ചേർന്നാണങ്ങിനെ ചെയ്തതു"

"പൂട്ട തല്ലിപ്പൊളിക്കൂ"

"വിശ്വാസികളെ....."

"ഞങ്ങളതിനുത്തരം പറഞ്ഞുകൊള്ളാം. നിങ്ങൾ പറയേണ്ടതില്ല."

"ഞങ്ങൾ ഉത്തരം പറയും." റോമാസ്സ് എന്നോടു മന്ത്രിച്ചു. "എന്റെ പുറത്തോടുപുറം ചേർന്നു നിൽക്കുക. അവർക്കു പിന്നിൽ നിന്നും അടിക്കാൻ കഴിയരുതു്."

അവർ പൂട്ട തല്ലിപ്പൊളിച്ചു. ഒട്ടനേകം കൃഷിക്കാർ മുറിയിൽ തള്ളിക്കയറി. ഉടനെ വെളിയിലേക്കിറങ്ങുകയും

ചെയ്തു. അതിന്നിടയിൽ ഞാൻ എന്റെ വടി റോമാസ്സിന്റെ കയ്യിൽ കൊടുത്തു. ഞാൻ വേറൊരു വടി കരസ്ഥമാക്കുകയും ചെയ്തു.

"അവിടെ ഒന്നും ഇല്ല."

"ഒന്നുമില്ല?"

"കൃത്രിമം പറഞ്ഞുണ്ടാക്കി! നശിച്ചുപോകട്ടെ"

ആരോ സാവധാനം പറഞ്ഞു.

"നമുക്കു തെറ്റുപറ്റി."

എന്നാൽ പലരും അതിന്നു മറുപടി പറഞ്ഞു. കൂടിച്ചേർന്നു മത്തരായതുപോലെ ക്രോധിച്ചുംകൊണ്ടു.

"തെറ്റുപറ്റി? എന്താണാപറഞ്ഞതിന്നർത്ഥം?"

"അവരെ തീയ്യിൽ എറിയണം"

"കഴപ്പുക്കാർ!"

"അവരുടെ ഒരു സഹകരണസംഘം!"

"കള്ളന്മാർ. അവർ മുഴുക്കെ കള്ളന്മാരാണു്."

"മിണ്ടാതിരിക്കു" ഈ ബഹളത്തിന്നിടയിൽ റോമാസ്സ് വിളിച്ചു പറഞ്ഞു. "നിങ്ങൾതന്നെ വന്നു നോക്കിയില്ലേ. മുറിയിൽ ഒന്നും ഇല്ല. നിങ്ങൾക്കിനിയും എന്താണു് വേണ്ടതു്. എല്ലാം കത്തി നശിച്ചു. ഞങ്ങൾക്കു രക്ഷപ്പെടുത്താൻ കഴിഞ്ഞതെല്ലാം ഇതാ ഇവിടെ വെച്ചിട്ടുണ്ടു്. അതു നിങ്ങൾക്കു നോക്കാം. എന്റെ സ്വന്തം ചരക്കുകൾ കത്തിച്ചു നശിപ്പിച്ചു എനിക്കെന്തൊണ്ടു് കിട്ടാനുള്ളതു്?"

"ഇൻഷൂറൻസ് പണം"

വീണ്ടും അഞ്ചുപത്തുപേർ ഒപ്പം ബഹളംകൂട്ടി.

"നിങ്ങളം എന്താണ് കാത്തിരിക്കുന്നത്."

"നമ്മളം വേണ്ടത്ര ക്ഷമിച്ചു."

എന്റെ കാൽമുട്ടുകളം ഇടറി. ഒരു നിമിഷനേരത്തേക്കു എല്ലാം ഇരുണ്ടുപോകുന്നതായിത്തോന്നി. ഇളം ചുകപ്പായ മൂടൽമഞ്ഞിൽക്കൂടി, ഒരുകൂട്ടം കാട്ടാളന്മാരുടെ മുഖങ്ങളം—പലതും വിളിച്ചുപറയുന്ന ഭാവങ്ങളോടുകൂടിയ വികൃതമായ മുഖങ്ങളം—ആണ് ഞാൻ കണ്ടത്. അവരെ ആംശ്ലേടിക്കാനുള്ള എന്റെ ആഗ്രഹത്തെ ജയിക്കാൻ ഞാൻ വളരെ വിഷമിച്ചു. അവർ ചുറ്റം ഞങ്ങളെ വലയം ചെയ്തുകൊണ്ടു ചാടി നടക്കുകയാണ്; വിളിച്ചു പറയുകയാണ്:

"അവരുടെ കയ്യിൽ വടിയുണ്ട്"

"വടിയോ"

"ഇവർ എന്റെ തോടി ക്ഷൌരംചെയ്യാൻ പോകയാണ്." കൊക്കോം പരിഹസിച്ചു. അയാളുടെ സ്വരം കേട്ടപ്പോം അയാം പൂഞ്ചിരികൊള്ളുന്നുവെന്നു ഞാൻ മനസ്സിലാക്കി. "നിനക്കും ഇവരുടെ കയ്യേറ്റം സഹിക്കേണ്ടിവരും. മേക്സിമിക്, ഞാൻ അതിൽ വ്യസനിക്കുന്നു. പരിഭ്രമിക്കരുത്. ഉറച്ചു നിൽക്കുക."

"നോക്കൂ ആ ചെറുപ്പക്കാരന്റെ കയ്യിൽ ഒരു മഴവാണുള്ളതു."

അതു പരമാത്ഥവുമായിരുന്നു. എന്റെ അരപ്പട്ടയിൽ ആശാരിയുടെ ഒരു മഴ തിരുകിവെച്ചിട്ടുണ്ടായിരുന്നു. ഷെഫ്ഡിന്റെ തുണ വെട്ടാൻ ഉപയോഗിച്ച മഴ. ഞാൻ അതു മറന്നുപോയതാണ്.

"അവർ ഭയപ്പെട്ടു തുടങ്ങി." റോമാസ്സ് മന്ത്രിച്ചു. "അവർ കുഴപ്പമുണ്ടാക്കുകയാണെങ്കിൽ, മഴ നീ ഉപയോഗിക്കരുതെന്നു മാത്രം."

എന്നിക്കു തീരെ പരിചയമില്ലാത്ത ഒരു കൃഷിക്കാരൻ, അല്പം മുടന്തനായ തീരെ അപ്രധാനിയായ ഒരു ചെറിയ മനുഷ്യൻ, കഴിയുന്നത്ര ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

"ദൂരെ മാറിനിന്നു കല്ലെടുത്തെറിയുക. അവരറിയട്ടെ അതിന്റെ രസം."

അവൻ ഒരു കല്ലെടുത്തു എന്നെ ലക്ഷ്യം വെച്ചുംകൊണ്ടു ശക്തിയിൽ എറിഞ്ഞു. അതെന്റെ വയറത്തു കൊണ്ടു. ഞാൻ പകരം ചെയ്യാൻ ഭാവിക്കുമ്പോഴേക്കും, കുഷ്മിൻ ചാലിന്റെ അങ്ങേ അറ്റത്തു നിന്നും ചാടി വന്നു; അവനെ പിടിക്കുടി. രണ്ടുപേരും കെട്ടിമറിഞ്ഞു ചാലിലേക്കു വീണു, അപ്പോഴേക്കും പാങ്കോവും എത്തി, ബാറിനോവും കൊല്ലനും മറ്റു പത്തുപന്ത്രണ്ടുകൃഷിക്കാരും ഓടിവന്നു. ഉടനെ കുസ്മിൻ "മാനത്തോടെ" പിൻവാങ്ങി.

"നിങ്ങളും ബുദ്ധിമാനല്ലെ, മൈക്കേലോ അതെന്റെറാണോവിക്ക് നിങ്ങൾക്കു കാര്യം മനസ്സിലാകുമല്ലോ. തീപ്പിടിച്ചു. കൃഷിക്കാർക്കു ഭ്രാന്താകാൻ വേറെ വല്ലതും വേണോ?"

"പുഴക്കരയിലേക്കു വരൂ. മേക്സിമിക്ക്. നമുക്കു ചായക്കടയിൽ നിന്നും അല്പം ചായകുഴിക്കാം." വായിൽ നിന്നും കുഴലെടുത്തു കീശയിലിട്ടു, റോമാസ്സ് അഭിപ്രായപ്പെട്ടു. അദ്ദേഹം നീർചാലിന്റെ പാശ്ചത്തിൽക്കുടി, സാവധാനം തന്റെ കയ്യിലുള്ള വടികുത്തി നടന്നു. കുസ്മിൻ എന്തോ കടന്നു പറയാൻ ഭാവിച്ചപ്പോൾ അയാളെ തിരിഞ്ഞു നോക്കുകപോലും ചെയ്യാതെ അദ്ദേഹം ശകാരിച്ചു.

"കഴുത—ഫോ ദൂരെ"

ഞങ്ങളുടെ പീടിക നിന്ന സ്ഥലത്തു തിളങ്ങിനില്ക്കുന്ന കനൽക്കട്ടകളുടെ കുറെ സുവർണ്ണക്രമ്പാരങ്ങളാണുള്ളതു്. കനൽക്കട്ടകൾക്കിടയിൽ അടുക്കളയിലെ അടുപ്പ് യാതൊരു നവും തട്ടാതെ അങ്ങിനെ നില്ക്കുന്നുണ്ടു്. അടുപ്പിൽനിന്നും ഇളം നീലനിറത്തിലുള്ള പുക ചൂടുപിടിച്ചു നിൽക്കുന്ന ചുറുമുള്ള വായുവിലേക്കു വമിച്ചു ചേരുകയാണു്. ഒരു ഇരുമ്പുകട്ടിലിന്റെ കത്തിച്ചുകുന്ന അഴികൾ, ഒരു എട്ടുകാലി വലപോലെ, തൂറിച്ചു നിൽക്കുകയാണു്. ഗേറ്റിന്റെ കരി പിടിച്ച കാലുകൾ ആ രംഗത്തു എല്ലാറ്റിന്നും കാവൽ നില്ക്കുകയാണെന്നു തോന്നി. ഒരു കാലിന്നു അപ്പോഴും പുകയുന്ന കനൽകട്ടകളുടേതായ ഒരു തലപ്പാവുണ്ടു്. തീനാളങ്ങളാകുന്ന തൂവൽ പിടിപ്പിച്ച ഒരു തലപ്പാവു്.

"പുസ്തകങ്ങളെല്ലാം പോയി" കൊക്കോൾ ഒരു നെടുവീർപ്പോടെ പറഞ്ഞു. "വലിയ കഷ്ടമായിപ്പോയി"

കയ്യിൽ വടികളുമായി ചെറുപ്പക്കാർ കനലും മറ്റവശിഷ്ടങ്ങളും മുറ്റത്തുനിന്നും ചളികെട്ടിനില്ക്കുന്ന തെരുവിലേക്കു തട്ടിയിടുകയാണു്. അപ്പോൾ കനൽ 'ശ്ശു' എന്ന ശബ്ദമുണ്ടാക്കിയുംകൊണ്ടു കെട്ടുപോകും—വെളുത്ത പുക വമിച്ചുംകൊണ്ടു. നീലക്കണ്ണുകളും വെളുത്ത തലമുടിയുമുള്ള അഞ്ചുവയസ്സായ ഒരു കുട്ടി, കറുത്ത ഒരു ചളിസ്ഥലത്തിരുന്ന ഒരു മരക്ഷണംകൊണ്ടു പൊളിഞ്ഞ ഒരു തൊട്ടിക്കുടിച്ചു കളിക്കുകയാണു്. എന്നിട്ടു ആ താളം ആസ്വദിക്കുകയാണു്. തീപ്പിടുത്തംകൊണ്ടു നാശനഷ്ടങ്ങൾ പറ്റിയ ആളുകൾ അവശേഷിച്ചുനില്ക്കുന്ന സാധനങ്ങൾ ശേഖരിച്ചു. കര

ഞെരുക്കൊണ്ടിരിക്കുന്ന സ്ത്രീകളും, കത്തിയെരിഞ്ഞ സാധനങ്ങളെച്ചൊല്ലി അന്യോന്യം കലഹിച്ചു.

തോട്ടത്തിൽ വൃക്ഷങ്ങളും നിശ്ചലമായി നിന്നു. അവിടവിടെയായി ഇലകളും, ചൂടേറ്റു ചുരുണ്ടു പോയിട്ടുണ്ട്. അതുകൊണ്ടു ചുകന്ന കവിളുകളുള്ള പഴങ്ങളുടെ സമൃദ്ധി ദൃഷ്ടിയിൽ എളുപ്പം പെടും.

ഞങ്ങളും പുഴയിൽ ഇറങ്ങിക്കുളിച്ചു. പിന്നെ പുഴക്കരയിലുള്ള ചായക്കടയിലിരുന്നു ചായകഴിച്ചു.

"ഏതായാലും, അപ്പുപ്പിളിന്റെകാര്യം പറയുകയാണെങ്കിൽ, കടവയറന്മാർ ആ സമരത്തിൽ പരായമടഞ്ഞിരിക്കുന്നു." റോമാസ്സ് ഒടുവിൽ അഭിപ്രായം പറഞ്ഞു.

പാങ്കോവ് ചായക്കടയിൽ കടന്നുവന്നു. അയാളും വളരെ ചിന്താഗ്രസ്ഥനായി കാണപ്പെട്ടു. സാധാരണയിലും കവിഞ്ഞ ഒരു ശാന്തത.

"ശരി, നിങ്ങളും എന്തു പറയുന്നു. വല്ലായ്മയുണ്ടോ?" കൊക്കോളും ചോദിച്ചു.

പാങ്കോവ് ചുമലൊന്നുയർത്തി മറുപടി പറഞ്ഞു. "വീട്ടു ഇൻഷൂർ ചെയ്തിരുന്നു."

നിശ്ശബ്ദത. ഞങ്ങളും അപരിചിതരെപ്പോലെ അന്യോന്യം നോക്കിയങ്ങിനെ ഇരുന്നു.

"നിങ്ങളും ഇനിയെന്താണു ചെയ്യാൻ ഭാവം? മൈക്കേലോ അതൊന്റെറണിക്ക്"

"ഞാൻ ഇനിയും ഒന്നും തീരുമാനിച്ചിട്ടില്ല."

"നിങ്ങളും ഈ സ്ഥലം വിടേണ്ടി വരും."

"നോക്കാം"

"എനിക്കൊരു പദ്ധതിയുണ്ട്" പാങ്കോവ് പറഞ്ഞു. "പുറത്തെവിടെയെങ്കിലും പോയിരുന്നു നമുക്കതിനെക്കുറിച്ചു സംസാരിക്കാം"

അവർ സ്ഥലംവിട്ടു. വാതിൽക്കൽ എത്തിയപ്പോഴും പാങ്കോവ് അല്പം സംശയിച്ചു നിന്നു, എന്നെ നേരെ തിരിഞ്ഞുനോക്കി ഇങ്ങിനെ പറഞ്ഞു.

"എടോ ചെറുപ്പക്കാരാ, നീ ഒരു ഭീരുവല്ല. നിനക്കിവിടെത്തന്നെ താമസിക്കാം. ആളുകൾക്കു നിന്നെ ഭയമായിരിക്കും." ഞാനും ചായപ്പീടികയിൽനിന്നും ഇറങ്ങി.

പുഴക്കരയിൽ കുറിക്കാടിന്റെ തണലിൽ, വെള്ളത്തിൽ നോക്കിയുംകൊണ്ടു, ഞാൻ കിടന്നു.

സൂര്യൻ നല്ലവണ്ണം പടിഞ്ഞാറു താണുകഴിഞ്ഞിരുന്നെങ്കിലും വല്ലാത്ത ചൂടതോന്നി. ഈ ഗ്രാമത്തിലെ എന്റെ ജീവിതം മുഴുവൻ എന്റെ കണ്ണിനു മുമ്പിൽ തെളിഞ്ഞു കണ്ടു. പുഴയുടെ വീതിയുള്ള കടലാസ്സിൽ എണ്ണച്ചായത്തിൽ എഴുതിയപോലെ. എന്റെ ഹൃദയത്തിനു ഘനം തോന്നി. എന്നാൽ വളരെ വേഗം ക്ഷീണം എന്റെ മനശ്ശക്തിയെ ജയിച്ചു. ഞാൻ ഉറങ്ങിപ്പോയി.

"എഴുന്നേൽക്കൂ" ഉറക്കിൽ ആരോ വിളിക്കുന്നതു ഞാൻ കേട്ടു. ആരോ എന്നെ പിടിച്ചു കുലുക്കി എന്നെ എങ്ങോ വലിച്ചുകൊണ്ടുപോകാൻ ശ്രമിക്കുകയാണെന്നു ഞാൻ വിചാരിച്ചു.

"നീ ചത്തുപോയോ? എഴുന്നേൽക്കൂ"

പുഴക്കരെ,... .....മെതാനത്തിനു മീതെ, ചന്ദ്രൻ തുങ്ങിനില്ക്കുകയായിരുന്നു. ചന്ദ്രനു രക്തവർണ്ണത്തി

ലുള്ള ഒരു വണ്ടിച്ചക്രത്തിന്റെ വലിപ്പമുണ്ട്. എന്റെ അടുത്തു മുട്ടുകുത്തിയിരുന്ന ബാറിനോവ് എന്റെ ചുമലിന്നു പിടിച്ചു കുലുക്കി വിളിക്കുകയാണു്.

"വേഗം വരൂ. കൊക്കോൾ നിന്നെ തിരഞ്ഞു നടക്കുകയാണു്. അയാൾ വല്ലാതെ ബേജാറായിരിക്കുന്നു."

എന്നോടൊപ്പം കുന്നിന്മേലേക്കു കയറിപ്പോകെ, അയാൾ പിറുപിറുത്തു.

"ഈ സമ്പ്രദായം നിനക്കു പറഞ്ഞിയതല്ല. എവിടെയെങ്കിലും വീണുറങ്ങിക്കളയുക. ആരെങ്കിലും നിന്നെ കണ്ടുംകൊണ്ടു മേലോട്ടു കയറിപ്പോകുന്നു എന്നു വിചാരിക്കുക. അയാളുടെ "കാലിന്നുതട്ടി" ഒരു വലിയ കല്ലു നിന്റെ തലയിൽ വന്നു വീഴുകയില്ലേ? അവർ അങ്ങിനെ ചെയ്യുകയില്ലെ? അവർ ഒന്നും പകുതിക്കു നിറുത്തുകയില്ല."

ആരോ കാട്ടുകാക്കിടയിൽക്കൂടി വേഗം കടന്നുപോയി. ചെടികളുടെ കൊമ്പുകൾ ഇളകുന്നതു ഞാൻ കണ്ടു.

"അവനെ കണ്ടോ?" മിഗന്റെ ശബ്ദമാണതു്.

"യാതൊരാപത്തും പിണഞ്ഞിട്ടില്ല." ബാറിനോവ് വിളിച്ചുപറഞ്ഞു.

കുറച്ചുദൂരം ഞങ്ങൾ ഒന്നും മിണ്ടാതെ നടന്നുപോയി. പിന്നെ ബാറിനോവ് ദീർഘശ്വാസം വിട്ടുംകൊണ്ടു പറഞ്ഞു.

"വീണ്ടും ഒളിനായാട്ടു നടത്തുകയാണു്, മത്സ്യത്തിന്നും —മിഗന്നും ജീവിതം വിഷമമായിത്തീരുകയാണു്."

ഞാൻ തിരികെ ചെന്നപ്പോൾ റോമാസ്സ് എന്നെ കൗതുകമായി നിരീക്ഷിച്ചു.

"നീ ഇങ്ങനെ അശ്രദ്ധ കാണിച്ചാലോ, നീ അടികൊടുക്കിട്ടു പിടിക്കാൻ നടക്കുകയാണോ?"

പിന്നീട് ബാറിനോവ് സ്ഥലംവിട്ടപ്പോൾ അയാൾ ശാന്തമായും ദുഃഖത്തോടെയും പ്രസ്താവിച്ചു.

"പാങ്കോവ് നിനക്കു ഒരു ജോലി തരാമെന്നു പറയുന്നുണ്ട്. അയാൾ ഒരു പീടിക തുറക്കാൻ വിചാരിക്കുകയാണു്. നീ സഹീകരിക്കണമെന്നു, ഞാൻ പറയുന്നില്ല. എന്നെ സംബന്ധിച്ചാണെങ്കിൽ അവശേഷിച്ചിട്ടുള്ളതെല്ലാം ഞാൻ അയാൾക്കു വിറ്റിരിക്കുന്നു. വ്യാട്കായിലേക്കു മാറുകയാണു്. ഞാൻ അവിടെ സ്ഥാനമുറപ്പിച്ച ഉടനെ നിനക്കു വിവരം അറിയിക്കുന്നതാണു്. അപ്പോൾ നിനക്കെന്നോടൊപ്പം ചേരാം. എന്തു പറയുന്നു."

"ആലോചിച്ചു പറയാം."

"നല്ലതു"

അദ്ദേഹം തറയിൽ നീണ്ടുനിവർന്നുകിടന്നു. പിന്നെ അനക്കമില്ല. ഞാൻ ജനലിന്നടുത്തിരുന്നു വോൾഗായിലേക്കു നോക്കി. വെള്ളത്തിൽ പതിഞ്ഞുനിൽക്കുന്ന പ്രകാശം തീപ്പിടിത്തമുണ്ടായപ്പോഴത്തെ ജ്വാലപോലെയുണ്ടു. അങ്ങേക്കരക്കടുത്തുകൂടി ഒരു സ്റ്റീം ബോട്ടു കടന്നുപോയി. പാമരങ്ങളിന്മേലുള്ള മൂന്നു റാന്തലുകളും, ഇരുട്ടു കീറി നക്ഷത്രങ്ങളെ ഉരസിയും കൊണ്ടു മുന്നോട്ടു നീങ്ങുന്നതായിത്തോന്നി.

"കൃഷിക്കാരുടെ നേരെ ക്രോധം ഭാവിക്കുകയാണോ?" ഉറക്കം തൂങ്ങിയുംകൊണ്ടു റോമാസ്സ് ചോദിച്ചു. "അതുകൊണ്ടു കാര്യമില്ല. അവർ വിഡ്ഢികളാണു്. പക വിഡ്ഢിത്തത്തിന്റെ മറെറാരു രൂപം മാത്രമാണു്."

അങ്ങിനെയുള്ള വാക്കുകളൊന്നും എന്നെ സമാശ്വസിപ്പിച്ചില്ല. എന്റെ വെറുപ്പിന്നു പരിഹാരമായില്ല; എന്റെ വേദനയെ മാച്ചുകളഞ്ഞതില്ല.

വീണ്ടും ഞാൻ ആ കൃഷിക്കാരൻ വിളിച്ചുപറഞ്ഞ വാക്കുകൾ ഓർമ്മിച്ചു.

"അകലെ മാറിനിന്നു, അവരെ കല്ലെടുത്തെറിയൂ."

മറ്റുകളെയെല്ലാം മറ്റുകളായാൻ എനിക്കപ്പോൾ തീരെ വശമായിരുന്നു. ഇതു വാസ്തവമാണ്. ഈ ആളുകളിൽ ഓരോരുത്തരേയും പ്രത്യേകം പ്രത്യേകമായെടുത്താൽ അവരിൽ ആരിലും തന്നെ യാതൊരു കുടിലതയും കാണുകയില്ല. ആക്ഷം ഒരു വകയും കാണുകയില്ല. യഥാർത്ഥത്തിൽ അവരെല്ലാം നല്ലവരാണ്. അവരിൽ ആരെയും ഒരു ചെറിയ കുട്ടിയെന്നപോലെ ചിരിപ്പിക്കാൻ കഴിയും. അവരോരോ ആളും അവരോട് പറയുന്ന ഏതു കഥയും വിശ്വസിക്കും. ജ്ഞാനം സംഭരിക്കാനുള്ള, സുഖം തേടാനുള്ള പരിശ്രമത്തെക്കുറിച്ചുള്ള കഥകൾ, മഹത്തരമായ കൃത്യങ്ങളെക്കുറിച്ചുള്ള കഥകൾ, അവർ അപ്പടി വിശ്വസിക്കും. സുഖകരമായ ഒരു ജീവിതത്തെക്കുറിച്ചുള്ള മധുരസ്വപ്നങ്ങളെ പ്രോത്സാഹിപ്പിക്കുന്ന എന്തും, അവർ വിശ്വസിക്കും

എന്നാൽ അവരെല്ലാം ഒപ്പം ചേർന്നാൽ— ഗ്രാമത്തിൽ വെച്ചു ചേരുന്ന വല്ല യോഗത്തിലോ, ചായക്കടയിലോ, പുഴക്കരയിലോ, ഒന്നിച്ചുചേർന്നാൽ—അവർ സ്വന്തം സ്വന്തമായുള്ള നല്ല ഗുണങ്ങളെല്ലാം പാടെ വിസ്മരിക്കും. അവർ പാതിരികളെപ്പോലെ അപ്പോൾ കള്ളത്തരത്തിന്റെയും കപടനാട്യത്തിന്റെയും വസ്ത്രങ്ങളണിഞ്ഞുനിൽക്കും. അപ്പോൾ അവർ ഗ്രാമത്തിലെ പ്രമാണികളുടെ അടിമകളെപ്പോലെ പെരുമാറും. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ അവരെക്കാണുമ്പോൾ ആക്ഷം അറപ്പുതോന്നും. അവർ പെട്ടെന്നു പകയ്ക്കു വശംവദരായിത്തീരും. പല്ലിളിച്ചും ശൗ

ര്യം പ്രകടിപ്പിച്ചും അവർ ചെന്നായ്ക്കളെപ്പോലെ, അന്യോന്യം കടിച്ചുകയറും. അന്യോന്യം ഇടിക്കാൻ തയ്യാറെടുക്കും; ചെറിയ സംഗതികൾക്കു വേണ്ടിയും അന്യോന്യം അടിക്കും. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ അവർ ഭയങ്കരന്മാരാണു്. അപ്പോൾ തലേദിവസം ഭക്ത്യാദരപുരസ്സരം പ്രാർത്ഥനക്കു ചെന്ന പള്ളിപോലും പൊളിച്ചുനിരത്താൻ അവക്കു വൈമനസ്യം തോന്നുകയില്ല. അവരുടെ ഇടയിൽ കവികളുണ്ടു്. കഥ പറയാൻ വശമുള്ളവരുണ്ടു്. അവരെ ആരും അപ്പോൾ ഇഷ്ടപ്പെടുകയില്ല. അവരെ നോക്കി ഗ്രാമീണരെല്ലാം പരിഹസിച്ചു ചിരിക്കും.

ഈ ആളുകളുടെ ഇടയിൽ ജീവിതം തുടർന്നുപോകാൻ എന്നാൽ സാദ്ധ്യമല്ല. സാദ്ധ്യമല്ലതന്നെ. ഞങ്ങൾ അന്യോന്യം വിട്ടുപിരിഞ്ഞദിവസം ഞാൻ റോമാസ്സിനോടു എന്റെ വിചാരങ്ങൾ മുഴുവൻ തുറന്നു പറഞ്ഞു.

"പാകതയെത്താത്ത തീരുമാനങ്ങൾ" അയാൾ വിമർശനബുദ്ധ്യാ മറുപടി പറഞ്ഞു.

"ശരി, എന്നാൽ, ഞാൻ എന്തു ചെയ്യണം. അതെനിക്കു ശരിയാണെന്നു തോന്നുന്നുണ്ടെങ്കിൽ."

"തെറ്റായ തീരുമാനം. തീരെ അടിസ്ഥാനമില്ലാത്ത തീരുമാനം."

അയാൾ ദീർഘമായൊന്നോടു സംസാരിച്ചു. ഭയയോടെ, ക്ഷമയോടെ. എനിക്കു തെറ്റു പറ്റിയിരിക്കയാണെന്നു ബോദ്ധ്യപ്പെടുത്താൻ അയാൾ ശ്രമിച്ചു.

"കുറ്റം പറയാൻ അങ്ങിനെ തിടുക്കം കൂട്ടരുതു്. കുറ്റപ്പെടുത്തുന്നതെളുപ്പമാണു്. കാര്യങ്ങൾ അങ്ങിനെ മന

സ്സിൽ തട്ടിക്കരുത്. ഇതോർമ്മിക്കുക. എല്ലാം സ്വന്തം കണ്ണുകൊണ്ടുതന്നെ കാണാൻ ശ്രമിക്കുക. സ്വന്തം കൈകൊണ്ടു തൊട്ടറിയുവാൻ ശ്രമിക്കുക. ഒന്നിനെയും ഭയപ്പെടരുത്. കുറ്റപ്പെടുത്താൻ അക്ഷമ കാണിക്കരുത്. നമസ്കാരം സ്നേഹിതാ, നാം വീണ്ടും ഒപ്പം ചേരുമെന്നാശിക്കാം."

പതിനഞ്ചു കൊല്ലം കഴിഞ്ഞാണ് ഞങ്ങൾ വീണ്ടും കണ്ടുമുട്ടിയത്. സീഡ്‌ലിറ്റ്സിൽവെച്ച്. റോമാസ്സ് പത്തുകൊല്ലത്തേക്കു നാടുകടത്തപ്പെട്ട. "നരോഡ്നെയോ പ്രാവോ" എന്ന പാർട്ടിയിൽ പ്രവർത്തനം നടത്തിയതിനെച്ചൊല്ലി.

റോമാസ്സ് ക്രാസ്സ്നോവിഡോവ് വിട്ടുപോയപ്പോൾ, എന്റെ മനസ്സിനു വല്ലാത്തൊരു ക്ഷീണം ബാധിച്ചു. യജമാനനെ കാണാതെ അലയുന്ന ഒരു നായക്കുട്ടിയെപ്പോലെ ഞാൻ ഗ്രാമം മുഴുവൻ ചുറ്റിനടന്നു. ബാറിനോവിനോടൊപ്പം, ധനികരായ കൃഷിക്കാരുടെ വേലക്കാരനായി ഞാൻ നാട്ടിൻപുറം മുഴുവൻ ചുറ്റി. കുറ്റമെതിച്ചും ഉരുളക്കിഴങ്ങു കിളച്ചും, പഴത്തോട്ടങ്ങൾ വൃത്തിയാക്കിയും മറ്റും ജോലികൾ ചെയ്തും ഞാൻ ബാറിനോവിനോടൊപ്പമാണ് താമസിച്ചത്.

"അലക്സെയി മേക്സിമിക്ക്" ബാറിനോവ് ഒരു രാത്രി ഒരു മഴപെയ്തുകൊണ്ടിരിക്കെ എന്നോടു ചോദിച്ചു. "നമുക്കു നാളെ കടലിലേക്കു പോകാം. എന്താ? നമ്മൾ എന്തിനു ഇങ്ങിനെ കഴിച്ചുകൂട്ടണം. നമ്മെപ്പോലെയുള്ളവരെ ഇവിടെയുള്ള ആളുകൾക്കിഷ്ടമല്ല. എപ്പോഴാണ് എങ്ങിനെയാണവർ നമ്മെ ദ്രോഹിക്കുകയെന്നു പറയാൻ വയ്യ. അവർ കൂടിച്ചു മത്തരായിക്കഴിഞ്ഞാൽ എന്തുതന്നെ ചെയ്യുകയില്ല?"

ബാറിനോവ് ഈ അഭിപ്രായം പണ്ടും പറയാറുണ്ട്. അയാളും വലിയ നിരാശയിലായിരുന്നു. അയാളുടെ കൈകൾ— ഒരു കുരങ്ങിന്റെ കൈകൾപോലെ നിണ്ട കൈകൾ —ഇരുവശത്തും തൂക്കിയിട്ട്, കാട്ടിൽ വഴിതെറ്റി വിഷമിക്കുന്ന ഒരാളെപ്പോലെ, അയാൾ ചുറ്റും നോക്കിനടക്കും.

ജനലിന്മേൽ മഴവന്നലച്ചു. നീർച്ചാലിൽ ഒഴുകുന്ന വെള്ളം ഞങ്ങളുടെ പാർപ്പിടത്തിന്റെ ഒരു മൂല അരിച്ചു തുടങ്ങി. വേനൽക്കാലത്തിന്റെ അവസാനഘട്ടത്തിലെ മിന്നൽപിണരുകൾ, ആകാശത്തിൽ ഒരു മങ്ങിയ പ്രകാശം വീശി. ബാറിനോവ് വീണ്ടും സാവധാനം എന്നോട് ചോദിച്ചു

"നമുക്കു നാളെത്തന്നെ പുറപ്പെടുകയല്ലെ?"

ഞങ്ങൾ പുറപ്പെടുകയും ചെയ്തു.

* * * * * * *

ശരൽക്കാലത്തു രാത്രി വോൾഗയിൽ കൂടി യാത്രചെയ്യുന്നതു് പറഞ്ഞറിയിക്കാൻ കഴിയാത്തതു്, ആഹ്ലാദപ്രദമാണു്. ഞാൻ അമരത്തിന്നടുത്തു അമരക്കാരന്റെ സമീപത്താണിരുന്നതു്. അയാൾ വലിയ തലയുള്ള ഒരു പരുക്കൻമനുഷ്യനാണു്. കാൽ മുകളിലേക്കു നീട്ടി ചുക്കാൻപിടിച്ചു ഇടവും വലവും നീക്കിക്കൊണ്ടിരിക്കെ അയാൾ ഒച്ചയെടുക്കുകയായിരുന്നു.

"ഊ.....പ്പ്.....ഊ.....പ്പ്."

കരകാണാനില്ലാത്ത, താറുപോലെ കറുത്ത വെള്ളം ബോട്ടിന്റെ പാർശ്വത്തിൽ ഉരസിപിന്നാക്കം തള്ളിപ്പോകയാണു്. പുഴക്കുമീതെ ആകാശത്തിൽ ശരന്മേഘ

ങ്ങൾ തുങ്ങിനില്ക്കുകയാണ്. സാവധാനം നീങ്ങിക്കൊണ്ടിരുന്ന ഇരുട്ടല്ലാതെ മറെറാന്നും നിലനില്ക്കുന്നതായിത്തോന്നിയില്ല. ഇരുട്ട്. ഇരുകരകളേയും മായ്ച്ചുകളഞ്ഞപോലെയുണ്ട്. ഭൂമി മുഴുവനുംതന്നെ ഇരുട്ടിൽ അലിഞ്ഞുചേന്നിരിക്കയാണ്, പുകയും വെള്ളവുമായി മാറിയിരിക്കയാണ്; അറേറമില്ലാതെ, തടസ്ഥമില്ലാതെ ശാന്തമായ ശൂന്യമായ സൂര്യനോ ചന്ദ്രനോ നക്ഷത്രമോ ഇല്ലാത്ത എതോ പ്രദേശത്തേക്കൊഴുകിപ്പോകയാണ്.

പുരോഭാഗത്തു തണുപ്പിലും ഇരുട്ടിലും സ്റ്റീംബോട്ടിന്റെ ചലനം കേൾക്കാനുണ്ട്. ബോട്ടിനെ മുന്നോട്ടുവലിക്കുന്ന ശക്തിയെ അതു സ്വയം തടയാൻ ശ്രമിക്കുകയാണെന്നു തോന്നും. മൂന്നു വിളക്കുകൾ—രണ്ടെണ്ണം ജലവിതാനത്തിന്നു തൊട്ടും ഒന്നു വളരെ ഉയരത്തിലും—നീങ്ങുന്നതു മാത്രമെ ബോട്ടിന്റെ പ്രയാണത്തെ സൂചിപ്പിക്കുവാനുള്ളു. മേഘങ്ങൾക്കു തൊട്ടു താഴെ കുറെ സമീപത്തായി നാലു വിളക്കുകൾ നീങ്ങുന്നുണ്ട്. അവയിലൊന്നു ഞങ്ങളുടെ വഞ്ചിയിൽ തന്നെയുള്ള പാമരത്തിന്മേൽ തുങ്ങിനില്ക്കുന്ന ശരലാന്തർ ആണ്.

തണുത്ത എണ്ണപുരണ്ട ഒരു നീർപോളക്കുള്ളിൽ, ഞാൻ ഒളിഞ്ഞുക്രൂടിയതായെനിക്കനുഭവപ്പെട്ടു. കുമിള സാവധാനം കീഴോഴുകിനിന്നുനിന്നുകൊണ്ടിരുന്ന ഒരു മാഗ്ത്തിൽക്കൂടി വഴുതിപ്പോകയാണ്. ഉള്ളിൽപെട്ടുപോയ ഒരീച്ചയെപ്പോലെ, ഞാൻ ഒപ്പം നീങ്ങുകയുമാണ്. എല്ലാ ചലനവും ക്രമേണ ഇല്ലാതാവുകയാണ്. ചലനം തീരെ നിലക്കുന്ന ആ നിമിഷം അടുത്തടുത്തു വരികയാണ്. അപ്പോഴും ബോട്ടിന്റെ ശബ്ദം കേൾക്കുകയില്ല. കൊഴുപ്പായ വെള്ളത്തിൽ

തുഴപ്പുലകയുടെ ഇളക്കം ഇല്ലാതാകും. എല്ലാ ശബ്ദവും ഒരു വൃക്ഷത്തിന്റെ ഇലകളും കൊഴിഞ്ഞുവീഴുംപോലെ നിന്നു പോകും. വെറും ചോക്കുകൊണ്ടെഴുതിയ വാചകങ്ങളും മാഞ്ഞുപോകുംപോലെ. ഞാനാകട്ടെ നിശ്ചലതയുടേയും നിശ്ശബ്ദതയുടേയും ഗാഢാശ്ലേഷത്തിൽ കുടുങ്ങിക്കിടക്കുകയും ചെയ്തു.

ചുക്കാൻ പിടിച്ചു അങ്ങോട്ടുമിങ്ങോട്ടും നീങ്ങിക്കളിക്കുന്ന വൃത്തികെട്ട അട്ടിൻതോൽ കുപ്പായവും വൃത്തികെട്ട തൊപ്പിയും ധരിച്ച ആ വലിയ മനുഷ്യനും അപ്പോൾ അനങ്ങാതെ നിൽക്കും; ആ മാന്ത്രികശക്തിക്കധീനനായി എന്നേക്കുമായി നിൽക്കും. അയാൾ പിന്നെ "ഊ.....പ്പ്.....ഊ.....ർ" എന്നു പറഞ്ഞും കൊണ്ടിരിക്കുകയില്ല.

ഞാൻ അയാളോടു ചോദിച്ചു: "നിങ്ങളുടെ പേരെന്താണു്?" "നിങ്ങൾക്കതറിയേണ്ട കാര്യമെന്താണു്?" അയാൾ അശ്രദ്ധമായി മറുപടി പറഞ്ഞു.

അയാൾ ഒരു കരടിയെപ്പോലെ, ലക്ഷണം കെട്ട ഒരു പ്രകൃതമാണു്. തലേദിവസം വൈകുന്നേരം കാസാനിൽനിന്നും വഞ്ചിയിൽ കയറുമ്പോൾ, സായന്തന സൂര്യന്റെ മങ്ങിയ വെളിച്ചത്തിൽ, ഞാൻ അയാളുടെ മുഖം പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടായിരുന്നു. ആ മുഖത്തു കണ്ണുകളില്ലാ, മുഖം മുഴുവനും രോമം കൊണ്ടു മൂടിയിരിക്കുകയാണു്, എന്നേ തോന്നുകയുള്ളൂ. അമരത്തിന്നടുത്തു വന്നിരിക്കുമ്പോൾ, അയാൾ ഒരു കുപ്പി വോഡ്ക, മരത്തിന്റെ ഒരു തവിയിൽ ഒഴിച്ചു അതു മുഴുവൻ വെള്ളം കുടിക്കുംപോലെ, കുടിച്ചു തീർത്തു; ഒപ്പം ഒരു അപ്പിയും പഴം തിന്നുകയും ചെയ്തു. പി

ന്നെ വഞ്ചി നീങ്ങാൻ തുടങ്ങിയപ്പോൾ അയാൾ ചുക്കാൻ തലപിടിച്ചു, ചുകന്ന തളികപോലെ നിൽക്കുന്ന സൂര്യനെ ഒന്നു നോക്കി, തല പിന്നാക്കം ചരിച്ചു, ഗൌരവപൂർവ്വം ഇങ്ങിനെ ഉച്ചരിച്ചു:

"ഈശ്വരകാരുണ്യം."

ഞങ്ങളുടെ വഞ്ചി, നിഴിനിനവഗറോഡിൽ നിന്നും ആസ്റ്റ്ടഖാറിലേക്കു പോകുന്ന, ഒരു തീബോട്ടു വലിച്ചുകൊണ്ടു പോകുകയായിരുന്ന നാലു വഞ്ചികളിൽ, ഒന്നാണു്. വഞ്ചിയിലെ ചരക്കുകൾ ഇരുമ്പുതകിടുകൾ, പഞ്ചസാര, വള്ളിക്കൊട്ടകൾ ഇതെല്ലാം നിഴിനിനവഗറോഡിലെ ചന്തയിൽനിന്നു പേർസ്യയിലേക്കു കയറ്റുകയാണു്. ബാറിനോവ്, എന്തോ ആലോചിച്ചു ഇങ്ങിനെ പറഞ്ഞു.

"തോക്കാണു്, തീച്ചു്. ഇഴെവ്സ്കു് തൊഴിൽ ശാലയിൽ നിന്നും കയറ്റിയതായിരിക്കണം"

എന്നാൽ അമരക്കാരൻ, ബാറിനോവിന്റെ വാരിയെല്ലിന്മേൽ മുഷ്ടിചുരുട്ടിവെച്ചു ചോദിച്ചു.

"നിനക്കതിലെന്താണു് കാര്യം."

"ഞാൻ വെറുതെ ആലോചിച്ചു....."

"നിന്റെ ചെകിടടിച്ചു നിരത്തണോ?"

ബോട്ടിൽ കയറിപ്പോകാനുള്ള കാശില്ലാത്തതുകൊണ്ടു, ഞങ്ങളും വഞ്ചിയിൽ "സൌജന്യ"മായി കയറിയിരിക്കയാണു്. ഞങ്ങളും ചെയ്യേണ്ടതായ ജോലികളും ഞങ്ങൾ കൃത്യമായി ചെയ്തിരുന്നെങ്കിലും, വഞ്ചിയിൽ എല്ലാവരും ഞങ്ങളെ ഇരുപ്പാളികളായിട്ടാണു് കണക്കാക്കിയതു്.

"ജനങ്ങളെപ്പററി സംസാരിക്കുന്നു" ബാറിനോവ് പറഞ്ഞു. "ജീവിതം— അതു വളരെ ലളിതമാണു്. അഗ്രസ്ഥാനത്തെത്താൻ കഴിയുന്നവർ സവാരിചെയ്യുന്നു. അല്ലെങ്കിലോ സവാരി ചെയ്യപ്പെടുന്നു."

വല്ലാത്ത ഇരുട്ടായിരുന്നതുകൊണ്ടു് എനിക്കു മററു വഞ്ചികളെ കാണാൻ കഴിഞ്ഞില്ല. തലപ്പത്തു വിളക്കുകൾ തൂക്കിയിരുന്നതുകൊണ്ടു പാമരങ്ങൾ മാത്രം അവിടെ ഉണ്ടെന്നു തോന്നി. മേഘങ്ങൾക്കു എണ്ണയുടെ മണമുണ്ടോ എന്നൊരു സംശയം.

അമരക്കാരന്റെ നിശ്ശബ്ദത എന്നെ വല്ലാതെ അലട്ടി. തണ്ടേലൻ എന്നെ അയാൾക്കു വേണ്ട സഹായം ചെയ്യാനുള്ള നിർദ്ദേശത്തോടെ, അമരക്കാരന്റെ അടുത്തയച്ചതായിരുന്നു. മുമ്പിലുള്ള വെളിച്ചം ഒരു വളവിലേക്കു നീങ്ങുന്നതായിക്കാണുമ്പോൾ, അയാൾ ശാന്തമായി വിളിച്ചുപറയും.

"ഹീ, ഇതാ പിടിക്കു"

ഞാൻ ചാടി എഴുന്നേററു ചുക്കാൻ പിടിക്കുന്നതിൽ അയാളെ സഹായിക്കും.

"മതി" അയാൾ പിറുപിറുക്കും.

ഞാൻ വീണ്ടും തട്ടിൽ ഇരിക്കും, അയാളുമായി സംഭാഷണത്തിൽ ഏർപ്പെട്ടുവാനുള്ള എന്റെ സകല പരിശ്രമങ്ങളും പരാജയപ്പെട്ടു. എന്തു പറഞ്ഞാലും അയാൾ ഒരേ ചോദ്യം ചോദിക്കും.

"അതിൽ നിനക്കെന്തു കാര്യം?"

അയാൾ എന്തൊന്നിനെക്കുറിച്ചാണിങ്ങിനെ ആലോചിക്കുന്നതു്. കാമയുടെ മഞ്ഞനിറമുള്ള വെള്ളം വോൾഗ

യുടെ ഇരുമ്പു നാടയുമായി ക്രൂദ്ധിച്ചേരുന്ന സഥലത്തെത്തിയ പ്പോൾ അയാൾ മുഖം വടക്കോട്ടു തിരിച്ചു പിറുപിറുത്തു.

"ചണ്ടി."

"ആരു?"

മറുപടിയില്ല.

അങ്ങകലെ, എവിടെയോ അററമില്ലാത്ത, ആ പര ന്ന പ്രദേശത്തു നായ്ക്കൾ കുരക്കുകയും ഓരിയിടുകയും ചെയ്യു കയായിരുന്നു. ഇരുട്ടിനാൽ നശിപ്പിക്കപ്പെടാത്തതായി ഇ നിയും ജീവന്റെ അവശിഷ്ടങ്ങൾ ബാക്കി നില്ക്കുന്നുണ്ടെന്ന തിനുള്ള ഒരു തെളിവെന്നപോലെ എത്താൻ കഴിയാത്ത തുയും അകലത്തുനിന്നാണു് ആ ശബ്ദം കേൾക്കുന്നതു്. അ തു കേൾക്കണമെന്നു് അയാൾക്കു് ആഗ്രഹവും ഇല്ല.

"ഒരുപകാരത്തിനും കൊള്ളാത്ത നായ്ക്കൾ—ഇവിടെ ഇങ്ങിനെ ചുററിപ്പററിക്കളിക്കുകയാണു്." അമരക്കാരൻ പെട്ടെന്നു പ്രഖ്യാപിച്ചു.

"എവിടെയെന്നാണു് നിങ്ങൾ പറഞ്ഞതു? ഇവിടെ യോ?"

"എല്ലായിടത്തും. എന്റെ നാട്ടിലാണു് ശരിയായ നായ്ക്കളുള്ളതു്."

"നിങ്ങളുടെ നാടെവിടെയാണു്?"

"വോളോഗ്ഡാ."

ചാക്കു കീറിത്തുറക്കുമ്പോൾ ഉരുളക്കിഴങ്ങുകൾ നാലു പാടും ചിതറിവീഴുംപോലെ, അയാൾ സംസാരിക്കാൻ തു ടങ്ങി.

"നിന്റെ കൂടെയുള്ള അയാൾ ആരാണ്? നിന്റെ അമ്മാമനാണോ? അയാൾ ഒരു വിഡ്ഢിയാണ്, ഞാൻ മനസ്സിലാക്കിയിടത്തോളം. എനിക്ക് ഒരമ്മാമനുണ്ട്. അയാൾ വളരെ സമർത്ഥനാണ്. ക്രൂരനാണ്. ധനികനും. ഒരു മദ്യഷാപ്പുണ്ട്. സിനേഹർസ്സിൽ."

അയാൾ സാവധാനത്തിലാണ് ഓരോ വാക്കും പറഞ്ഞത്. വളരെയൊരു പരിശ്രമം നടത്തിയുംകൊണ്ടെന്നപോലെ. വീണ്ടും മിണ്ടാതിരുന്ന അയാൾ മുന്നോട്ടു നോക്കി. ഇരുട്ടിന്റെ വലയിൽക്കൂടി ഒരു സ്വർണ്ണനിറത്തിലുള്ള എട്ടുകാലി കടന്നുപോകുന്നതുപോലെ മുന്നോട്ടു നീങ്ങുന്ന വഞ്ചിയുടെ പാമരത്തിന്മേൽ തൂങ്ങിനിൽക്കുന്ന, വിളക്കിന്റെ നേരെ, നോക്കി അയാൾ അങ്ങിനെ ഇരുന്നു. ഇരുട്ടിൽ അയാളുടെ കണ്ണുകൾ കാണാൻ എനിക്കു കഴിഞ്ഞില്ല.

"ഒന്നുപിടിക്കൂ.....നിനക്കു വായിക്കാൻ വശമുണ്ടോ? നിനക്കറിയാമോ, ആരാണ് നിയമങ്ങൾ എഴുതുന്നതെന്ന്?"

എന്റെ ഉത്തരം കേൾക്കാൻ കാത്തുനിൽക്കാതെ, അയാൾ തുടർന്നു.

"ആളുകൾ പലതും പറയുന്നു. ചിലർ പറയുന്നതു സാർ ചക്രവർത്തിയാണ് നിയമമുണ്ടാക്കുന്നതെന്നാണ്. മറ്റു ചിലർ പറയുന്നതു് മൈത്രാപ്പോലീത്തയാണ്, സെനറ്റാണ്, എന്നു. ആരാണ് അതെഴുതുന്നതെന്നു മനസ്സിലാക്കാൻ കഴിഞ്ഞെങ്കിൽ, എനിക്കയാളെ ഒന്നു കാണണം. ഞാനയാളോടു പറയും ആരുടെ നേരേയും ഒരു വിരൽ പൂണ്ടാൻ പാടില്ലാത്ത നിയമങ്ങൾ നിങ്ങൾ എഴുതണം. നിയമം ഇരുമ്പുപോലെ കട്ടിയായിരിക്കേണ്ടതാണ്. പൂട്ടുംതാ

ക്കോലും പോലെ. എന്റെ ഹൃദയം പൂട്ടിയിട്ടുകളയുക. അവിടെ നിന്നുക. എന്നാൽ എനിക്കു എന്നെച്ചൊല്ലിയുള്ള ഉത്തരവാദിത്വങ്ങളും ഏൽക്കാൻ കഴിയും. എന്നാൽ ഇങ്ങിനെയാണെങ്കിൽ, എനിക്കൊന്നും ഏൽക്കാൽ കഴിയുകയില്ല. തീച്ചയായും ഏൽക്കാൻ കഴിയുകയില്ല.

അയാൾ തന്നോടു തന്നെ പറയുകയാണു്, സ്വരം താഴ്ത്തി തീരെ ബന്ധപ്പെടാത്ത കാര്യങ്ങൾ. ഇടക്കു അയാൾ മുഷ്ടി ചുരുട്ടി ചുക്കാന്റെ പിടിക്കിടിക്കുകയും ചെയ്യുന്നുണ്ടു്.

സ്റ്റീം ബോട്ടിൽ നിന്നും എന്തോ ഉച്ചഭാഷിണിയിൽ വിളിച്ചുപറയുന്നുണ്ടു്. നായ്ക്കളുടെ കൂരയും ഓരിയുമെന്നപോലെ തന്നെ ആ മനുഷ്യശബ്ദവും അസ്ഥാനത്താണെന്നു തോന്നി. ആ സ്വരവും കൂടവയറനായ രാത്രി വിഴുങ്ങിക്കഴിഞ്ഞു. ബോട്ടിലെ മൂന്നു വിളക്കുകളുടെ പ്രതിബിംബം കറുത്ത വെള്ളത്തിന്മേൽക്കൂടി ഇരുട്ടിനെ ഒരു തരത്തിലും നീക്കം ചെയ്യാൻ സമർത്ഥമാകാതെ തലക്കുമീതെ ഇഴഞ്ഞുപോയി. പുഴയിലെ കുത്തിയൊലിക്കുന്ന ചുഴിവെള്ളംപോലെ, ആകാശത്തിൽ വ്യത്തികെട്ട കട്ടിക്രുടിയ മേഘങ്ങൾ സഞ്ചരിക്കുകയാണു്. ഞങ്ങൾ ഇരുട്ടിന്റെ ശൂന്യതയിലേക്കു, കൂടുതൽ കൂടുതൽ താഴോട്ടു വഴുതിവീഴുകയായിരുന്നു.

അമരക്കാരൻ വെറുപ്പോടെ ആവലാതിപ്പെട്ടു.

"അവർ എന്നെ എവിടെക്കാണെത്തിക്കുന്നതു്? എന്റെ ഹൃദയം കൂടുങ്ങിമുറുങ്ങിയിരിക്കുകയാണു്."

അലക്ഷ്യഭാവം എന്നെ പിടികൂടി. അലക്ഷ്യഭാവവും തണുപ്പും നിരാശബോധവും. എനിക്കുറങ്ങണം. മറ്റൊന്നും വേണ്ടെന്നു തോന്നിയില്ല.

സൂക്ഷിച്ചു സൂക്ഷിച്ചു, മേഘങ്ങൾക്കിടയിൽക്കൂടി തുര ന്നുതള്ളിയുംകൊണ്ടു, പ്രഭാതം ഇഴഞ്ഞുകയറി. സൂര്യപ്രകാ ശമില്ലാത്ത ചെമ്മണ്ണിന്റെനിറമായി, ശക്തിയില്ലാത്ത ആ ഉഷസ്സ് വെള്ളത്തിന്മീതെ ഒരു ചാരനിറം കലർത്തി—ആ മ ങ്ങിയ വെളിച്ചത്തിൽ, പുഴയുടെ കരകൾ ദൃശ്യമായി. പുഴ ക്കാൻ തുടങ്ങിയ ഇലകളോടുകൂടിയ കുറ്റിക്കാടുകളും, കറു ത്ത കൊമ്പുകളും തുരുമ്പുപിടിച്ച ഇരുമ്പുപോലെയുള്ള ഞാ ടിയും ഉള്ള പീഢന മരങ്ങളും ദൃഷ്ടിഗോചരമായി. ഒരു വരി ഗ്രാമീണ ഗൃഹങ്ങളും കല്ലുകൊണ്ടു കൊത്തിവെച്ചപോലുള്ള ഒരു കൃഷിക്കാരന്റെ രൂപവും കാണപ്പെട്ടു. ഒരു കടൽകാ ക്ക അതിന്റെ നീണ്ട ചിറകുകൾ അടിച്ചും ശബ്ദമുണ്ടാക്കി യുംകൊണ്ടു പറന്നുപോയി.

അമരക്കാരനും എനിക്കും വിട്ടുതൽ കിട്ടി. ഞാൻ താപ്പായി കൊണ്ടുള്ള തമ്പിനുള്ളിൽ കടന്നു കിടന്നുറങ്ങി. എന്നാൽ വളരെക്കഴിയുന്നതിനു മുമ്പു—അങ്ങിനെയാണെ നിക്കു തോന്നിയതു—ഉച്ചത്തിലുള്ള ക്രക്കുവിളിയും ശക്തി യോടുകൂടിയ കാലൊച്ചയും കേട്ടു ഞാൻ ഞെട്ടിയുണർന്നു. ത മ്പിനുള്ളിൽനിന്നും നോക്കിയപ്പോൾ, മൂന്നു പ്രവൃത്തിക്കാർ ചേർന്നു അമരക്കാരനെ പിടിച്ചു വഞ്ചിയുടെ പാർശ്വത്തോടമ ർത്തുന്നതു ഞാൻ കണ്ടു. അവരെല്ലാം ഒപ്പം വിളിച്ചുപറയു കയായിരുന്നു.

"അതിട്ടുകളയൂ; പെട്ടെന്നാ."

"ദൈവം നമ്മെ രക്ഷിക്കട്ടെ. അതു മാറും."

"നീ അതു ഭാരമേൽക്കേണ്ട."

അയാൾ കൈപിണച്ചുകെട്ടി, സ്വന്തം ചുമലിൽ ന ഖം തറപ്പിച്ചുമാന്തിയുംകൊണ്ടു, ഒരു കാലിന്നടിയിൽ എ

ന്തോ ഒരു കെട്ട ചവിട്ടിപ്പിടിച്ചുംകൊണ്ടു നിൽക്കുകയാണു്. അയാൾ യാതൊരെതിർപ്പും കാണിച്ചില്ല. അയാൾ വഴിക്കു വഴിയായി പ്രവൃത്തിക്കാരെ മാറി മാറി നോക്കിയുംകൊണ്ടു പേക്ഷിച്ചു.

"ഞാൻ പോകട്ടെ. ഈ പാപത്തിൽനിന്നും രക്ഷപ്പെടട്ടെ."

അയാളുടെ കാലിന്നു ചെരിപ്പില്ല, തലയിൽ തൊപ്പിയില്ല, ഷർട്ടും കാൽക്കുപ്പായവും മാത്രമേ ധരിച്ചിട്ടുള്ളൂ. അയാളുടെ തള്ളിനിൽക്കുന്ന നെറ്റിത്തടത്തിൽ, കറുത്ത ചീകാത്ത തലമുടി വീണുകിടക്കുകയാണു്, ചെറിയ രക്തവർണ്ണമായ മൂക്കനെലിയുടെതുപോലെയുള്ള അയാളുടെ കണ്ണുകൾ മുടിയിഴകൾക്കു ചോടെ പരിഭ്രമത്തോടെ, അപേക്ഷാഭാവത്തിൽ ചുഴന്നു കളിക്കുകയാണു്.

"നീ മുങ്ങിച്ചാവുപോകും." പ്രവൃത്തിക്കാർ പറഞ്ഞു.

"ഞാനൊ, ഇല്ല. ഞാൻ പോകട്ടെ. സഹോദരന്മാരെ. ഞാൻ പോകുന്നില്ലെങ്കിൽ, ഞാൻ അവനെ കൊല്ലും. നാം സിമ്പിർസ്കിൽ എത്തിയാൽ ഞാൻ....."

"അങ്ങിനെ പറയാതിരിക്കു."

"സഹോദരന്മാരെ."

അയാൾ മുട്ടുകുത്തിയിരുന്നു—രണ്ടു വശത്തും കൈകൾ വിടത്തിപ്പിടിച്ചുംകൊണ്ടു. അയാളെ കുരിശിന്മേൽത്തറച്ചപോലെയുണ്ടു. വീണ്ടും അയാൾ അപേക്ഷിച്ചു.

"ഞാൻ പോകട്ടെ. പാപത്തിൽനിന്നു രക്ഷപ്പെടട്ടെ."

അയാളുടെ ദയനീയമായ സ്വരം മനസ്സിന്നു തട്ടും. വിടത്തിവെച്ചിരുന്ന അയാളുടെ ചുക്കാൻ പോലെ തോന്നുന്ന

ഭുജങ്ങം വിറച്ചു. കരടിയുടേതുപോലുള്ള അയാളുടെ മുഖവും ചിക്കു പിടിച്ച ആ താടിരോമങ്ങംക്കിടയിൽകിടന്നു വിറക്കുകയാണു്. കറുത്ത രണ്ടുണ്ടകംപോലെയുള്ള അയാളുടെ ആ മൂക്കനെലിക്കണ്ണുകം കൺകുഴിയിൽനിന്നു മുന്നോട്ടു തള്ളിനിൽക്കുകയാണു്. അദൃശ്യമായ ഏതോ ഹസ്തം അയാളുടെ കഴുത്തിന്നു പിടിച്ചു അയാളെ ഞെക്കിക്കൊല്ലുവാൻ ഭാവിക്കുന്നതുപോലെയാണയാളുടെ പരിഭ്രമം.

പ്രവൃത്തിക്കാർ അയാളുടെ മുമ്പിൽനിന്നും പിൻവാങ്ങി. അയാം വിഷമിച്ചെഴുന്നേറ്റുനിന്നു. തന്റെ ഭാണ്ഡം കയ്യിലെടുത്തു.

"ഞാൻ നന്ദി പറയുന്നു" അയാം പറഞ്ഞു. അയാം മേൽത്തട്ടിൽ കൂടി നടന്നു, വെള്ളത്തിലേക്കു ചാടി. അയാംക്കു അത്രയും ചുറുചുറുക്കുണ്ടായിരിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. ഞാനും വഞ്ചിയുടെ വക്കിന്നടുത്തേക്കു ചെന്നു. പെട്ടെന്നു തന്റെ നനഞ്ഞ ശിരസ്സിൽ ആ ഭാണ്ഡം ഒരു തൊപ്പിപോലെ കയറ്റിവെച്ചു, കരയെ അഭിമുഖമാക്കി നീന്തുകയാണു്. കരയിലെ കുറ്റിക്കാട്ടുകം അയാളെ സ്വാഗതം ചെയ്യുകൊണ്ടു, പഴുത്ത ഇലകം വെള്ളത്തിൽ പൊഴിച്ചുംകൊണ്ടു, ശിരസ്സു നമിക്കുന്നതായി തോന്നി.

പ്രവൃത്തിക്കാർ അഭിപ്രായപ്പെട്ടു.

"അവൻ സ്വയം ജയിച്ചിരിക്കുന്നു"

ഞാൻ ചോദിച്ചു.

"അയാംക്കു തല തെറ്റിയതാണോ?

"തല തെറ്റാനോ. ഒരിക്കലുമില്ല. അയാം തന്റെ ആത്മാവിനെ രക്ഷിക്കുകയാണു്,"

പെട്ടെന്നാ ആഴം കുറഞ്ഞ സ്ഥലത്തെത്തിക്കഴിഞ്ഞു. നെഞ്ചിന്നു താഴെ വെള്ളത്തിൽ, അയാൾ സ്വല്പനേരംനിന്നു, തന്റെ ഭാണ്ഡം തലക്കുമീതെ വീശി. വഞ്ചിയിലെ പ്രവൃത്തിക്കാർ വിളിച്ചുപറഞ്ഞു.

"നമസ്കാരം"

ആരോ ചോദിച്ചു.

"പാസ്സ് പോർട്ട് കയ്യിലില്ലാതെ അവനെന്തു ചെയ്യും."

ചെമ്പുതലയനായ, കവക്കാലനായ ഒരു പ്രവൃത്തിക്കാരൻ വളരെ രസംപിടിച്ച മട്ടിൽ എന്നോടു വിശദീകരിച്ചു.

"അവന്നു സിമ്പർസ്കിൽ ഒരമ്മാവനുണ്ടു. അയാൾ അവന്റെ സകല മുതലുകളും തട്ടിയെടുത്തുകളഞ്ഞു. അതുകൊണ്ടു അവൻ അമ്മാമനെ കൊലപ്പെടുത്താൻ തീരുമാനിച്ചു. എന്നാൽ ഇപ്പോൾ പാവത്തിൽനിന്നും അവൻ രക്ഷപ്പെട്ടിരിക്കയാണു്. ഓടിപ്പോയിരിക്കുകയാണു്. പരുക്കൻ മട്ടുകാരനാണു്. എന്നാൽ നല്ല ഹൃദയമാണു്. ഒരു നല്ല വനാണവൻ."

അപ്പോഴേക്കും കുറെ മുമ്പോട്ടു, പുഴയുടെ കരയിൽ പൂഴിയിൽക്കൂടി, ആ "നല്ലവൻ" നടന്നുപോകുകയായിരുന്നു. വളരെക്കഴിയാതെ അയാൾ കുറിക്കാട്ടുകൾക്കിടയിൽ അപ്രത്യക്ഷനാകയും ചെയ്തു.

വഞ്ചിയിലെ പ്രവൃത്തിക്കാർ നല്ല ആളുകളായിരുന്നു. അവരെല്ലാംതന്നെ എന്നെപ്പോലെ വോൾഗയുടെ കരയിൽ വളർന്നവരാണു്. വൈകുന്നേരമായപ്പോഴേക്കും ഞാൻ അവരുടെയെല്ലാം ചങ്ങാതിയായിക്കഴിഞ്ഞു. എന്നാൽ പിറെ

ദിവസം ആളുകളെല്ലാം അല്പം സംശയത്തോടെയാണ് എന്നെ വീക്ഷിക്കുന്നതെന്നു എനിക്കു മനസ്സിലായി. സ്വപ്ന ലോകസഞ്ചാരിയായ ബാറിനോവ് ഈ പ്രവൃത്തിക്കാരോടു വല്ല കഥയും പറഞ്ഞിരിക്കണമെന്നു ഞാനാഗ്രഹിച്ചു.

"നിങ്ങൾ ഇവരോടു വല്ലതും പറഞ്ഞുകളഞ്ഞോ?"

തല ചൊറിഞ്ഞും കൊണ്ടു ബാറിനോവ് കുറേസമ്മതം ചെയ്തു. പരുങ്ങിക്കൊണ്ടാണെങ്കിലും, സ്ത്രീയുടേതുപോലുള്ള ആ കണ്ണുകളിൽ, ഒരു പുഞ്ചിരിയോടുകൂടി അയാൾ പറഞ്ഞു.

"ശരി— ചിലതൊക്കെ പറഞ്ഞു."

"ഒന്നും പറഞ്ഞുപോകരുതെന്നു ഞാൻ നിങ്ങളോടു ആവശ്യപ്പെട്ടിരുന്നില്ലെ?"

"ശരി, ഞാൻ കാര്യമായൊന്നും പറഞ്ഞില്ല. ഒരു കഥമാത്രം. ശീട്ടുകളിക്കണമെന്നു എല്ലാവർക്കും ആഗ്രഹമുണ്ടായിരുന്നു. എന്നാൽ ശീട്ടു പെട്ടി കാണാനില്ല. ആ മരക്കാരന്റേതായിരുന്നു ആ ശീട്ടു. അപ്പോൾ ഒന്നും ചെയ്യാനില്ലാത്തതുകൊണ്ടു ഞാൻ കുറച്ചു സംസാരിച്ചു....."

കുറെ ചോദ്യങ്ങൾ ചോദിച്ചപ്പോൾ, സമയം പോക്കാൻവേണ്ടി മാത്രം, ബാറിനോവ് ഒരു രസകരമായ കഥ കെട്ടിപ്പറഞ്ഞു എന്നെനിക്കു മനസ്സിലായി. കൊക്കോളം ഞാനും പുരാണങ്ങളിലെ വീരന്മാരെപ്പോലെ, കയ്യിൽ മഴുവുമായി, ഒരു കൂട്ടം ഗ്രാമീണരെ നേരിട്ടു നിന്നതായി അയാൾ അവർക്കു വിവരിച്ചുകൊടുത്തിരിക്കുകയായിരുന്നു.

അയാളോടു കോപിച്ചിട്ടു കാര്യമില്ല. അയാൾക്കു യാഥാർത്ഥ്യത്തിന്റെ അതിർത്തിക്കപ്പുറമാണ് സകല സത്യങ്ങ

DHARMARAM COLLEGE LIBRARY 23649

ളും. ഞങ്ങൾ ജോലിയന്വേഷിച്ചു നടക്കുകയായിരുന്നപ്പോൾ ഒരു ദിവസം നീർച്ചാലിന്റെ പാശ്ചത്തിരുന്നു വിശ്രമിക്കുകയായിരുന്നു. അപ്പോൾ അയാൾ വളരെ വാത്സല്യപൂർവ്വം വിശ്വാസപൂർവ്വം ഇങ്ങിനെ പറഞ്ഞു.

"സത്യം—നിന്റെ സത്യം നീ തന്നെ തിരഞ്ഞെടുക്കണം. നിന്റെ ഹൃദയം തൃപ്തിപ്പെടണമെങ്കിൽ—നോക്കൂ. ഈ ചാലിന്നപ്പുറത്തു ഒരു ആട്ടിൻക്കൂട്ടം മേഞ്ഞുനടക്കുകയാണു്. ഒരു നായയും ഒരിടയനും. ശരി അതുകൊണ്ടെന്താണു് കാര്യം. എനിക്കോ നിനക്കോ അതുകൊണ്ടു വല്ല ലാഭവും ഉണ്ടോ? നമ്മുടെ ഹൃദയം സംതൃപ്തമാക്കാൻ. ഇല്ല ചങ്ങാതി ഇല്ല. കാര്യങ്ങൾ ശരിക്കുള്ളതുപോലെ തന്നെ കാണണം. മോശക്കാരില്ലെ? അവരും പരമാർത്ഥികളാണു്. നല്ലവരോ? നല്ലവർ എവിടെയാണുള്ളതു്? നല്ലവരെ ഇനിയും കണ്ടെത്തേണ്ടതായിരിക്കുന്നേയുള്ളൂ. മനസ്സിലായോ?"

ഞങ്ങൾ സിനുവർസ്സിൽ എത്തിയപ്പോൾ വഞ്ചിയിലെ പ്രവൃത്തിക്കാർ ഞങ്ങളോടു വഞ്ചിയിൽനിന്നും ഇറങ്ങണമെന്നാവശ്യപ്പെട്ടു.

"നിങ്ങളെപ്പോലുള്ള ആളുകളെ ഞങ്ങൾക്കാവശ്യമില്ല" അവർ പ്രഖ്യാപിച്ചു.

അവർ ഞങ്ങളെ കരയിലേക്കു തുഴഞ്ഞുകൊണ്ടുപോയി ജട്ടിയിൽ ഇറക്കി. ഞങ്ങൾ വസ്ത്രം ആററിയും കൊണ്ടു പുഴക്കരയിൽ കുറെ നേരം ഇരുന്നു. ഞങ്ങൾ രണ്ടു പേർക്കുമായി അകെ മുപ്പത്തേഴു കൊപെക്കുകളാണു് കയ്യിലുണ്ടായിരുന്നതു്.

ഞങ്ങൾ ഒരു ചായക്കടയിൽ കയറി ചായ കഴിച്ചു.

"ഇനി എന്താണ് ഭാവം?"

ബാറിനോവ് സംശയലേശം ക്കടാതെ മറുപടി പറഞ്ഞു.


"ഭാവമോ, മുന്നോട്ട പോകുക."

ഞങ്ങളം യാത്രക്കാർ കയറുന്ന ഒരു ബോട്ടിൽ, കള്ളു "ഉത്താരി"കളായി ചേന്ന സമാരവരെ എത്തി. സമാരയിൽനിന്ന ഞങ്ങളം ഒരു വഞ്ചിയിൽ പ്രവൃത്തിക്കാരായിക്കൂടി. അങ്ങിനെ ഏഴ ദിവസം കൊണ്ട കാര്യമായ സംഭവങ്ങളൊന്നമില്ലാതെ, ഞങ്ങളം കാസ്പിയൻകരയിൽ എത്തി. അവിടെ ഞങ്ങളംക്ക മീൻപിടുത്തക്കാരുടെ ഒരു സംഘത്തിൽ ജോലികിട്ടി. കബാൻകൽബായിയിലെ വൃത്തികെട്ട കാൽമക്ക് മീൻപിടുത്തക്കാരോടൊപ്പം ഞങ്ങളം ജോലിക്കു ചേന്ന.

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date



DC Library
00023649
LS G68